# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

**2017 മാർച്ച് 13, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 12

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

2017 മാർച്ച് 13, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

125/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 28
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 61

**II അടിയന്തരപ്രമേയം**

മിഷേൽ ഷാജിയുടെ ദുരൂഹ മരണം
(അവതരണാനുമതി നിഷേധിച്ചു) .. 328

**III ശ്രദ്ധ ക്ഷണിക്കൽ**

1. കായിക മേഖലയുടെ വികസനം–
ശ്രീ. റ്റി. വി. രാജേഷ് .. 338
2. കുടിവെള്ളക്ഷാമം–
ശ്രീ. മോൻസ് ജോസഫ് .. 344

**IV സബ്മിഷൻ**

1. മലയോര വികസന ഏജൻസി–
ശ്രീ. കെ. സി. ജോസഫ് .. 352
2. വെരിഫിക്കേഷൻ ഫീ ഒഴിവാക്കൽ–
ശ്രീ. കെ. എം. ഷാജി .. 353
3. ഫിലിംസിറ്റി–
ശ്രീ. പി. ഉണ്ണി .. 355
4. എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം–
ശ്രീമതി ഗീതാ ഗോപി .. 356
5. പട്ടയ വിതരണം–
ശ്രീ. അടൂർ പ്രകാശ് .. 357

പേജ്

6. കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ—

ശ്രീ. കോവൂർ കുഞ്ഞുമോൻ .. 358

7. ധനകാര്യ കമ്മീഷൻ ശിപാർശകൾ—

ശ്രീ. വി. ഡി. സതീശൻ .. 360

8. അവയവ കച്ചവടം തടയൽ—

ശ്രീ. പി. കെ. ശശി .. 361

9. യൂണിവേഴ്സിറ്റികളിലെ ലൈബ്രേറിയൻ നിയമനം—

ശ്രീ. ഐ. ബി. സതീഷ് .. 365

10. ഭവനശ്രീ വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ—

ശ്രീ. എ. എം. ആരിഫ് .. 366

**V ഗവൺമെന്റ് പ്രമേയം**

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി നിലനിർത്തൽ—

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) .. 368

**VI റിപ്പോർട്ട് സമർപ്പണം**

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. 371

**VII നിയമനിർമ്മാണകാര്യം**

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും .. 371

(i) 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ .. 371

(ii) 2016-ലെ ഏറ്റവും കുറഞ്ഞകൂലി (കേരള ഭേദഗതി) ബിൽ .. 385

2. 2017-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും .. 392

*പേജ്*

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(iii) 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ .. 432

(iv) 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ .. 443

**VIII റൂളിംഗ്**

9-3-2017-ന് മുഖ്യമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ .. 445

**അനുബന്ധം** .. 447

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 13, തിങ്കൾ*

| വാല്യം 165] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 12 |
|---|---|---|

നിയമസഭ 2017 മാർച്ച് മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *271

### പച്ചക്കറി വിപണനം

1. (*271) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേരള ഓർഗാനിക് പച്ചക്കറി' എന്ന ലേബലിൽ കൃഷി വകുപ്പ് പച്ചക്കറി വിപണനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) 'സേഫ് റ്റു ഈറ്റ് 'എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന പച്ചക്കറികൾ വിശേഷ ദിവസങ്ങൾ കൂടാതെ എല്ലാ ദിവസങ്ങളിലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്. കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷി മുറകൾ (good agricultural practices) പാലിച്ചുകൊണ്ട് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട 407 ക്ലസ്റ്ററുകളിൽനിന്നുള്ള ഉല്പന്നങ്ങൾ സംസ്ഥാന കൃഷി വകുപ്പ് 'കേരള ഓർഗാനിക് ' എന്ന ലേബലിൽ ഈ വരുന്ന വിഷുവിന് വിപണനം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

(ബി) വിശേഷ ദിവസങ്ങൾ കൂടാതെ എല്ലാ ദിവസങ്ങളിലും 'സേഫ് റ്റു ഈറ്റ് 'പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറികൾ വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

'കേരള ഓർഗാനിക് ' എന്ന ബ്രാൻഡ് നെയിമിന്റെ ലോഗോ പ്രകാശനം ഇന്ന് വൈകുന്നേരം 6 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭാ ലോഞ്ചിൽ വച്ച് നിർവ്വഹിക്കാൻ പോവുകയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ആവശ്യത്തിലധികം പച്ചക്കറികൾ ഉല്പാദിപ്പിക്കപ്പെടുകയാണെങ്കിൽ അത് ക്രമീകരിക്കുന്നതിന് എല്ലാ ജില്ലകളിലും ശീതീകരണ സംവിധാനങ്ങളും സംസ്കരണ സംവിധാനങ്ങളും അടങ്ങിയ സംസ്കരണശാലകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; പഴം-പച്ചക്കറി-കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ സംസ്കരിക്കുന്നതിന് ആവശ്യമായ പരിശീലന കേന്ദ്രം ആരംഭിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളത്തിൽ ആവശ്യത്തിന് പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിലും ഉല്പാദിപ്പിച്ച പച്ചക്കറി പലപ്പോഴും വിപണന കേന്ദ്രങ്ങളിൽ എത്തിച്ചേരാതെ നശിച്ചുപോവുകയോ അല്ലെങ്കിൽ വില കിട്ടാതിരിക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ട്. ഇത് ഒഴിവാക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പും അതിന്റെ മാർക്കറ്റിംഗ് ഡിപ്പാർട്ടുമെന്റും വിവിധ യൂണിവേഴ്സിറ്റി അടക്കമുള്ള പ്രസ്ഥാനങ്ങളുമായി ചേർന്നുകൊണ്ട് ഓരോ പ്രദേശത്തും ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി എത്രയാണ്, ഏത് സീസണിൽ ഉല്പാദിപ്പിക്കപ്പെടുന്നു തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് 52 ആഴ്ചയുടെ ഒരു പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഷെഡ്യൂൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്താനും കൂടുതലായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ശീതീകരണ സംവിധാനത്തിലൂടെ സംഭരിക്കാനും വിതരണം ചെയ്യാനും ആവശ്യമായിട്ടുള്ള cool chain system അടുത്ത വർഷം മുതൽ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർ, മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കർഷകരിൽനിന്നും പച്ചക്കറി ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ മേഖലയിൽ കൂടുതൽ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, മട്ടുപ്പാവുകൃഷി ചെയ്യുന്നവർ അവരുടെ ആവശ്യങ്ങൾക്കുവേണ്ടി കൃഷി ചെയ്യാനാണ് കൃഷി വകുപ്പ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. എന്നാൽ പല വീടുകൾ ചേർന്ന് ഒരു ഗ്രൂപ്പായി മട്ടുപ്പാവുകൃഷി ചെയ്യുകയാണെങ്കിൽ അവരെ പ്രത്യേക ക്ലസ്റ്ററുകളായി പരിഗണിച്ച് ക്ലസ്റ്റർ രൂപീകരിക്കാനുള്ള അവസരം

കൃഷി വകുപ്പ് നൽകുകയും അവർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി കൃഷി വകുപ്പിന്റെ ഓർഗാനിക് ഷോപ്പുകളിലോ ഇക്കോ ഷോപ്പുകളിലോ അല്ലെങ്കിൽ ക്ലസ്റ്ററുകളുടെ ഷോപ്പുകളിലോ വിൽപ്പന നടത്താനാവശ്യമായ മാർക്കറ്റിംഗ് സംവിധാനം കൃഷി വകുപ്പ് ഒരുക്കിക്കൊടുക്കുന്നതായിരിക്കും.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, മലയാളികളുടെ ബോധമണ്ഡലത്തിലേയ്ക്ക് വിഷരഹിത ഭക്ഷണത്തിന്റെ ആവശ്യകത പതിയെയാണെങ്കിലും അതിശക്തമായി കടന്നുവരികയാണ്. രോഗങ്ങൾ വരാതെ മനുഷ്യശരീരത്തെ സംരക്ഷിക്കുന്ന തരത്തിലേയ്ക്ക് മുന്നോട്ടുകൊണ്ടുപോകാൻ ഇതിനാൽ നമുക്ക് സാധിക്കും. ഇന്ന് പച്ചക്കറികൾ തന്നെ രോഗവാഹകരായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അത് സംബന്ധിച്ച് വ്യക്തമാക്കാമോ; പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ സംസ്ഥാനത്തുതന്നെ സ്വയംപര്യാപ്തമായ രീതിയിൽ പച്ചക്കറി ഉല്പാദിപ്പിക്കുക എന്നതാണ് ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള വിഷലിപ്തമായ പച്ചക്കറികളുടെ ഉപയോഗം കുറയ്ക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിന് ആവശ്യമായ വിഷരഹിതമായ, 'സേഫ് റ്റു ഈറ്റ്' എന്ന രീതിയിലുള്ള പച്ചക്കറി പൂർണ്ണമായും ഇവിടെ ഉല്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് 50,000 ഹെക്ടർ പ്രദേശത്ത് 5 കൊല്ലംകൊണ്ട് വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കിയത്. ഈ വർഷം 10,000 ഹെക്ടർ സ്ഥലത്ത് 406 ക്ലസ്റ്ററുകളിലൂടെ വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിച്ച് ജി.എ.പി. സർട്ടിഫിക്കേഷൻ നടത്തി. ജി.എ.പി. സർട്ടിഫിക്കേഷൻ എന്നത് കൃത്യമായി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിശോധനകളാണ്. വിത്ത് ഇടുന്നതു മുതലുള്ള പരിശോധനകൾ നടത്തി, കൃഷി ഓഫീസർമാർ ഫീൽഡ് വിസിറ്റ് നടത്തി അവരുടെ ഡയറിയിൽ അതിന്റെ ഓരോ ഘട്ടങ്ങളും കുറിച്ചെടുത്തതിനുശേഷം എ.ഡി.എ.മാർ പരിശോധിക്കും. പിന്നീട് ജില്ലാതലത്തിലുള്ള ഓഫീസർ അതിന് സർട്ടിഫിക്കേഷൻ കൊടുക്കുന്ന രീതിയാണ്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ വിഷമില്ല എന്ന് പൂർണ്ണമായും ലബോറട്ടറികളിൽ തന്നെ സാമ്പിൾ ടെസ്റ്റ് നടത്തിയതിനുശേഷമാണ് ഇത് ബ്രാൻഡ് ചെയ്ത് മാർക്കറ്റിലേയ്ക്ക് എത്തുന്നത്. അതിന്റെ ഭാഗമായിട്ടാണ് ആദ്യഘട്ടമെന്ന നിലയിൽ ഞങ്ങളുടെ ഓർഗാനിക്ക് ഷോപ്പുകളിലൂടെ ഇത് വിതരണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്ക് വിഷരഹിതമായ പച്ചക്കറി വിതരണം ചെയ്യുന്നൊരു സംവിധാനം സർക്കാർ

ഏറ്റെടുക്കുകയാണ്. എന്നാൽ പൂർണ്ണമായും സർക്കാരിനുതന്നെ ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമല്ലാത്തതുകൊണ്ട് സ്വകാര്യ സ്ഥാപനങ്ങളും ഈ രീതിയിലുള്ള പച്ചക്കറി ഉല്പാദിപ്പിക്കുകയാണെങ്കിൽ അവർക്കും ജി.എ.പി. സർട്ടിഫിക്കേഷൻ കൊടുത്ത് പച്ചക്കറി വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. രാജൻ: സർ, കാർഷിക മേഖലയുടെ ഏറ്റവും മഹനീയമായ പാരമ്പര്യം കേരളത്തിന്റെ മണ്ണിൽനിന്ന് ഉണ്ടാക്കിയിട്ടുള്ള സ്വാഭാവികമായ വിത്തുകളുടെ രംഗപ്രവേശമാണ്. രോഗപ്രതിരോധശേഷി ഉൾപ്പെടെ ആ വിത്തിനങ്ങൾ കേരളത്തിന്റെ മണ്ണിന് വലിയ പ്രാധാന്യവും നേട്ടങ്ങളും ഉണ്ടാക്കിത്തന്നിട്ടുണ്ട്. അതിനുശേഷം കേരളത്തിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി തന്നെ നെൽവിത്തുകളിൽ മാത്രം 154 ഇനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പലതരം അത്യുല്പാദനശേഷിയുള്ള വിത്തുകൾ എന്ന് പരസ്യം ചെയ്ത് മൾട്ടിനാഷണൽ കമ്പനികൾ വ്യാപകമായി പ്രചരിപ്പിക്കുകയാണ്. ഇത് ഉപയോഗിക്കപ്പെടുന്നതോടുകൂടി മണ്ണ് യഥാർത്ഥത്തിൽ മലിനപ്പെടുകയാണ്. മണ്ണിന്റെ സ്വന്തമായ പ്രതിരോധശേഷി നഷ്ടപ്പെടുന്നു എന്നതാണ് പ്രശ്നം എല്ലാ മേഖലയിലും കൃഷി രംഗത്ത് ശ്രദ്ധേയമായി ഇടപെടുന്ന ഈ സർക്കാർ ഗുണനിലവാരമുള്ള വിത്തുകൾ കർഷകന് എത്തിക്കുന്ന തരത്തിൽ ഒരു ഇടപെടൽ നടത്തി വ്യാജകമ്പനികൾ ഇറക്കുന്ന വിത്തുകളെ നിയന്ത്രിക്കാനും നല്ല വിത്തുകൾ കർഷകന് കിട്ടാനുമുള്ള ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; അത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. കേരളത്തിൽ വിത്തിന്റെ കാര്യത്തിൽ കൃഷിക്കാരെ സംബന്ധിച്ച് 'വിത്തുഗുണം പത്തുഗുണം' എന്നാണ് പറയുന്നത്. എന്നാൽ പലപ്പോഴും കൃഷിക്കാർക്കുള്ള ഏറ്റവും വലിയ പരാതി ഗുണനിലവാരമുള്ള വിത്തുകൾ വിശ്വാസയോഗ്യമായ രീതിയിൽ കിട്ടുന്നില്ല എന്നുള്ളതാണ്. കേരളത്തിലും ഇന്ത്യയിലും നിലവിലുള്ള സീഡ് ആക്ട് 1966, സീഡ് റൂൾസ് 1968 എന്നിവ പ്രകാരം കർശനമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ 8-12-2016-ൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ യോഗം ചേരുകയും കേരളത്തിൽ ഇപ്പോൾ ഗുണനിലവാരമില്ലാത്ത വിത്തുകൾ വിതരണം ചെയ്യുന്ന ഏജൻസികൾക്കുമേൽ കർശനനിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയുമാണ്. 6 മാസത്തിനുള്ളിൽ ആക്ടും റൂളും പ്രകാരമുള്ള ലൈസൻസ് എടുത്തില്ലെങ്കിൽ വിത്ത് വിതരണം നടത്താനുള്ള ഈ ഏജൻസികളുടെ ലൈസൻസ് റദ്ദാക്കുന്നതാണ്. ഇവിടെ വി.എഫ്.പി.സി.കെ. ആണ് വിത്ത് ഉൽപ്പാദിപ്പിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനം അതുപോലെ സീഡ് അതോറിറ്റി, നാഷണൽ സീഡ് കോർപ്പറേഷൻ എന്നീ

സ്ഥാപനങ്ങളുമുണ്ട്. ഇതിൽ സീഡ് അതോറിറ്റിയ്ക്ക് പുറമേ വി.എഫ്.പി.സി.കെ. ഏറ്റവും ഗുണനിലവാരമുള്ള വിത്തുകൾ പായ്ക്ക് ചെയ്ത് വിൽപ്പന നടത്താനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വരുന്ന വർഷം മുതൽ വി.എഫ്. പി.സി.കെ.-യുടെ കീഴിലുള്ള വാഴക്കുളത്തുള്ള പരീക്ഷണശാലയിൽ നിന്നും ഒരു വർഷം രണ്ട് കോടി പച്ചക്കറി നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഏറ്റവും ആധുനിക യന്ത്രസംവിധാനം അവിടെ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ പല മൾട്ടിനാഷണൽ കമ്പനികളും പല രീതിയിലുള്ള ഹൈബ്രിഡ് വിത്തുകൾ എന്ന പേരിൽ വിൽപ്പന നടത്തുകയാണ്. ഇതൊന്നും സംസ്ഥാന ഗവൺമെന്റ് സീഡ് ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തു ചെയ്യുന്നതല്ല. 6 മാസത്തിനകം ലൈസൻസ് എടുക്കാത്ത ഒരു വിത്ത് കമ്പനികളെയും ഇവിടെ പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല. കൃഷി വകുപ്പിന്റെ കീഴിലും യൂണിവേഴ്സിറ്റികളുടെ കീഴിലും ഉള്ള അക്രെഡിറ്റഡ് സ്ഥാപനങ്ങൾ അല്ലാതെ ഗവൺമെന്റ് അറിയാതെ, കൃഷി വകുപ്പ് അറിയാതെ നിയമപ്രകാരം ഒരു വിത്തും വിൽപ്പന നടത്താൻ അധികാരമില്ല. ആ നിയമം കർശനമായി പാലിച്ചുകൊണ്ട് കൃഷിക്കാർക്ക് ഗുണനിലവാരമുള്ള വിത്തുകൾ ലഭ്യമാകുമെന്ന് ഉറപ്പാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, അമൂൽ മോഡലിൽ ജൈവ പച്ചക്കറികളുടെ സംഭരണ-വിതരണ ശൃംഖല സൃഷ്ടിച്ചുകൊണ്ട് കൃഷിക്കാർക്ക് ന്യായമായ വിലയും ഉപഭോക്താക്കൾക്ക് ഗുണനിലവാരവുമുള്ള പച്ചക്കറികൾ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളത്തിൽ പച്ചക്കറിയുടെ ഉല്പാദനം 52 ആഴ്ചയുടെ പ്രൊഡക്ഷനും മാർക്കറ്റിംഗ് സംവിധാനവും വരുമ്പോൾ, ഇത് ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ടുള്ളതാണ്. എ ഗ്രേഡ് ക്ലസ്റ്ററുകളും സാധാരണ ക്ലസ്റ്ററുകളുമൊക്കെ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ആ ക്ലസ്റ്ററുകൾ പലതും പ്രവർത്തനയോഗ്യമല്ലാത്തതിനാൽ എല്ലാ പഞ്ചായത്തുകളിലും ഓരോ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കാനും അവിടെയെല്ലാം വിഷരഹിതമായ പച്ചക്കറികൾ എത്തിക്കുന്നതിന് അമൂൽ മോഡലിൽ കൃഷിക്കാരുടെ ക്ലസ്റ്ററുകൾ വ്യാപകമായി രൂപീകരിക്കാനും അത് കേന്ദ്രീകരിച്ച് സംഭരിക്കാനും വിതരണം ചെയ്യാനുമാവശ്യമായ കാര്യങ്ങൾ സർക്കാർ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. അത് കൃഷി വകുപ്പ് മാത്രമല്ല, നിരവധി സന്നദ്ധ സംഘടനകൾ, കർഷകരുടെ കൂട്ടായ്മകൾ എല്ലാം ചേർന്നുകൊണ്ടുള്ള ഒരു സംവിധാനം ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും കൃഷി വകുപ്പിന്റെ ക്ലസ്റ്ററുകൾ വഴി കൃഷിക്കാരിൽ നിന്നും 10 ശതമാനം അധികവിലയ്ക്ക് പച്ചക്കറി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയുടെ 30 ശതമാനം വിലകുറച്ചുകൊടുത്ത് കഴിഞ്ഞ ഓണക്കാലത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഒരു മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയത് വളരെ വിജയകരമായിരുന്നു. ആ രീതിയിൽ

കുറച്ചുകൂടി ഓർഗനൈസ്ഡ് ആയ അമുൽ മോഡലിൽ കൃഷിക്കാരുടെ സംഘടന ഉണ്ടാക്കി പച്ചക്കറികളുടെ ഉല്പാദനവും മാർക്കറ്റിംഗും ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്താനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, 2012-13 സാമ്പത്തിക വർഷം കൃഷി വകുപ്പ് കൂടുതൽ പച്ചക്കറി വികസനത്തിനായി ഒരു ബൃഹദ്പദ്ധതി തയ്യാറാക്കുകയുണ്ടായി. 2015-16-ൽ ഏതാണ്ട് 64 കോടി രൂപയാണ് ഇതിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത്. അതിന്റെ 86 ശതമാനവും ചെലവഴിച്ചതായിട്ടാണ് കാണുന്നത്. 2016-17 സാമ്പത്തിക വർഷം ഈ സർക്കാർ വന്നതിനുശേഷം ഏതാണ്ട് 68 കോടി ചില്വാനം രൂപയാണ് അതിനുവേണ്ടി വകയിരുത്തിയത്. നാളിതുവരെ എന്തെങ്കിലും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പദ്ധതിയുടെ പ്ലാൻ വിഹിതം ചെലവഴിച്ചതുമായി ബന്ധപ്പെട്ട് നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഇതുവരെ 68 ശതമാനം പ്ലാൻ ഫണ്ട് ചെലവഴിച്ചുവെന്ന റിപ്പോർട്ടാണ് കൃഷി വകുപ്പിൽനിന്നും ലഭിച്ചിരിക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പച്ചക്കറി ഉൽപ്പാദനത്തിനുവേണ്ടി ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ചതും നിരവധി പ്രവർത്തനങ്ങൾ അതിനായി നടത്തിയതും ശരിയായ കാര്യമാണ്. ആ പ്രവർത്തനങ്ങൾ തന്നെയാണ് ഞങ്ങൾ കൂടുതൽ ശക്തമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നത്. അതു മാത്രമല്ല, ഇത്തവണ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനായി കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്തമായി 85 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കെല്ലാം കേന്ദ്ര ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്ന പണത്തിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തിക്കൊണ്ടിരിക്കുന്നു എന്നതാണ് ഇതിൽ പ്രധാനപ്പെട്ട മറ്റൊരു കാര്യം. കൃഷിക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യം കൊടുക്കുന്നതിനെ പറ്റിയല്ല, ഇൻഫ്രാസ്ട്രക്ചർ ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് പണം ചെലവഴിക്കണമെന്നാണ് ആർ.കെ.വി.വൈ. ഇപ്പോൾ തന്നിരിക്കുന്ന നിർദ്ദേശം. അത് നമുക്ക് വലിയ ദോഷമുണ്ടാക്കുന്ന കാര്യമാണ്. കാരണം, കൃഷിക്കാർക്ക് കിട്ടേണ്ട പല സബ്സിഡികളും കൊടുക്കാൻ പറ്റാത്ത സാഹചര്യമുണ്ട്. പച്ചക്കറി കൃഷിക്കാർക്ക് ആ പദ്ധതി പ്രകാരം 15000 രൂപ ഹെക്ടറിന് കൊടുക്കുന്നുണ്ട്, ഓർഗാനിക് കൃഷിക്കുവേണ്ടി 3000 രൂപ അഡീഷണലായി കൊടുക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് നടത്തിയ പദ്ധതികളും പ്രവർത്തനങ്ങളുമൊന്നും മോശമാണെന്ന അഭിപ്രായമല്ല ഞാൻ പറയുന്നത്, എന്നാൽ അതിനേക്കാൾ കൂടുതലായി കുറച്ചുകൂടി ഓർഗനൈസ്ഡായി കാര്യങ്ങൾ ചെയ്യുന്നതിന് ഞങ്ങൾ ശ്രമിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 5 കൊല്ലം കൊണ്ട് പൂർണ്ണമായും കേരളത്തെ സ്വയംപര്യാപ്തമാക്കാൻ കഴിയുമെന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, പച്ചക്കറി കൃഷിയെ പ്രോൽസാഹിപ്പിക്കാൻ ഗവൺമെന്റ് നടത്തുന്ന നടപടി ഏറ്റവും ശ്ലാഘനീയമാണ്. അതിനുവേണ്ടി ഒരുപാട് കാശ് ചെലവഴിക്കുന്നതിന്റെ കണക്കൊക്കെ ഇവിടെ മന്ത്രി വിശദീകരിച്ചു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യം പറയാനുള്ളത്, കാലാകാലങ്ങളായി തുടർച്ചയായി കൃഷിചെയ്യുന്ന കർഷകർക്ക് നെൽകൃഷിയായാലും പച്ചക്കറി കൃഷിയായാലും കൃഷിഭവനിൽനിന്നും ഒരു സഹായവും കൊടുക്കുന്നില്ല. പുതുതായി എടുക്കുന്ന ക്ലസ്റ്ററുകൾക്കോ, കുടുംബശ്രീയോ, അല്ലെങ്കിൽ ഒഴിച്ചിട്ട ഭൂമിയെടുക്കുന്നവർക്കോ മാത്രമേ കൃഷിഭവനിൽ നിന്നും സഹായം കൊടുക്കുന്നുള്ളൂ. എല്ലാകാലവും കൃഷിയെടുക്കുന്ന കൃഷിക്കാർക്കുകൂടി ധനസഹായം നൽകാൻ ഈ ഗവൺമെന്റ്, പ്രത്യേകിച്ച് കൃഷി വകുപ്പ് തയ്യാറാകുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷിക്കാർക്കല്ലാതെ ആർക്കാണ് സഹായം കൊടുക്കാൻ കഴിയുക? പരമ്പരാഗതമായി കൃഷി ചെയ്യുന്ന ആൾക്കാർക്ക് ലഭ്യമാകുന്ന രീതിയിലാണ് കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും വിഭാവന ചെയ്തിരിക്കുന്നത്. ഏതെങ്കിലും തരത്തിൽ അതിനുവിരുദ്ധമായി പരമ്പരാഗതമായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന കൃഷിക്കാർക്ക് സഹായം ലഭിക്കുന്നില്ലെങ്കിൽ അത് പ്രത്യേകം പരിശോധിക്കുന്നതായിരിക്കും.

പൊതുവേ കേരളത്തിൽ കുടുംബശ്രീയാണെങ്കിലും കോൺട്രാക്ട് അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്തിരിക്കുന്നവർക്കെല്ലാം അതിന്റെ സാങ്കേതികത്വം നോക്കാതെ ആവശ്യമായ സബ്സിഡി കൊടുക്കാനാവശ്യമായ ഉത്തരവുകൾ ഇതിനകം ഇറക്കിയിട്ടുണ്ട്. അക്കാര്യത്തിൽ ഒരു പ്രശ്നവുമുണ്ടാകുകയില്ല. ഈ വർഷം ഞങ്ങൾ ഇത്തരം കൃഷിക്കാർക്കുവേണ്ടി കൂടുതൽ പണം, പ്രത്യേകിച്ച് പച്ചക്കറി കൃഷിക്കാർക്കുവേണ്ടി പലിശരഹിത വായ്പ ലഭിക്കുന്നതിനായി വട്ടവട, കാന്തല്ലൂർ മേഖലയിൽ 464 ജെ.എൽ.ജി. ഗ്രൂപ്പുകളുണ്ടാക്കുകയും കേരള ഗ്രാമീൺ ബാങ്കുമായി ഉണ്ടാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അവർക്ക് 15000 രൂപ മുതൽ മൂന്ന് ലക്ഷം രൂപവരെ പലിശരഹിതവായ്പ ഗ്രാമീൺ ബാങ്ക് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കി കഴിഞ്ഞു. അവർ കൃത്യമായി 4 ശതമാനം പലിശ അടയ്ക്കുകയാണെങ്കിൽ, ആ 4 ശതമാനം പലിശ കൃഷി വകുപ്പ് അവർക്കുവേണ്ടി കൊടുക്കുന്നതുവഴി പൂർണ്ണമായും പലിശരഹിതവായ്പ ലഭിക്കുന്നതിനുള്ള പരിപാടി വട്ടവട, കാന്തല്ലൂർ മേഖലയിൽ ആരംഭിച്ചതുപോലെ കേരളത്തിലെമ്പാടും ആരംഭിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് തയ്യാറാകും.

ശ്രീ. സി. എഫ്. തോമസ്: സർ, ജൈവ പച്ചക്കറി, ജൈവ സംസ്ഥാനം ഇതിനൊക്കെ അതിശക്തമായി പ്രവർത്തിക്കുകയും കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് ഈ സർക്കാർ വീണ്ടും തുടരുകയുമാണ്. പക്ഷേ പ്രായോഗികമായി പച്ചക്കറി കൃഷി ചെയ്യുന്ന കേന്ദ്രങ്ങളിൽ ജൈവകീടനാശിനികളും ജൈവവളങ്ങളും വേണ്ടിടത്തോളം ഫലപ്രദമല്ല. ആവശ്യത്തിന് ജൈവ കീടനാശിനികൾ കിട്ടുന്നില്ല, ഫലപ്രദമായും പൂർണ്ണമായുമുള്ള കീടനാശിനികളില്ല എന്നുള്ള പരാതി കൃഷിക്കാർക്കുണ്ട്. ജൈവകീടനാശിനികളും ജൈവ വളങ്ങളും അവർക്ക് സമയത്ത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. ഇപ്പോൾ ആളുകൾ ജൈവകൃഷിയിലേയ്ക്ക് വന്നപ്പോൾ പ്രധാനപ്പെട്ട പ്രശ്നം ഗുണമേന്മയുള്ള ജൈവ വളങ്ങളും ജൈവ കീടനാശിനികളും കിട്ടുന്നില്ല എന്നതാണ്. ഈ കുറവ് പരിഹരിക്കുന്നതിന് ഇന്ന് വൈകിട്ട് കേരള ഓർഗാനിക് ഫാമിംഗിന്റെ ഭാഗമായി ഒരു പരിപാടി ഇവിടെ സംഘടിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് സെൻട്രൽ ഗവൺമെന്റിന്റെ റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനമാണ് കേന്ദ്ര അടിസ്ഥാനത്തിൽ ഓർഗാനിക് ഫാമിംഗിന്റെ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള വി.എഫ്.പി.സി.കെ.-യാണ് അതിന്റെ അക്രെഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിരിക്കുന്നത്. പൂർണ്ണമായും ഗുണനിലവാരം ഉറപ്പുവരുത്തി 14 തരത്തിലുള്ള ജൈവ വളങ്ങളും ജൈവ കീടനാശിനികളും വി.എഫ്.പി.സി.കെ. തന്നെ നേരിട്ട് ബ്രാന്റ് ചെയ്തിട്ടുള്ള കീടനാശിനികളും ജൈവ വളങ്ങളും ഇപ്പോൾ പുറത്തിറക്കാൻ പോകുകയാണ്. അതിനുപുറമേ യൂണിവേഴ്സിറ്റികളുടെ കെ.വി.കെ. (കൃഷി വിജ്ഞാന കേന്ദ്രങ്ങൾ), സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ചെറിയ ക്ലസ്റ്ററുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയ്ക്കെല്ലാം പ്രത്യേകമായി പരിശീലനം കൊടുത്തുകൊണ്ട് ഗുണമേന്മയുള്ള ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഉല്പാദിപ്പിക്കുകയും സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ലബോറട്ടറികളിലൂടെ ബയോ കൺട്രോൾ ഏജന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. ബയോ കൺട്രോൾ ഏജന്റ്സിന്റെ ശാസ്ത്രീയമായ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പരിശീലനങ്ങൾ ഇപ്പോൾ രണ്ട് കെ.വി.കെ.-കൾക്ക് നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതമായ നിലയിൽ നല്ല ഉല്പന്നങ്ങൾ ഉണ്ടാക്കി കൃഷിക്കാർക്ക് എത്തിക്കാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കേരള ഗവൺമെന്റും അങ്ങും പ്രത്യേകം താൽപ്പര്യമെടുത്ത് ജൈവകൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിലേറെ മുന്നോട്ട് വരികയും അത് ജനങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നത്തെ കാലാവസ്ഥ അതിന് പ്രതികൂലമായി നിൽക്കുകയാണ്. വലിയതോതിൽ കൃഷി ചെയ്യുന്ന മേഖലകളിലൊക്കെ തന്നെ വരൾച്ച തടസ്സമായി നിന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ വ്യാപകമായി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ജലസേചന സൗകര്യത്തിനുള്ള സംവിധാനമൊരുക്കുന്നതിൽ ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുക്കുമോ? ഇല്ലെങ്കിൽ ജനങ്ങൾ കൃഷിയിൽ നിന്ന് പുറകോട്ട് പോകുന്ന ഒരു സാഹചര്യം വരാനാണ് സാധ്യത.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, വെള്ളത്തിന്റെ ലഭ്യത ഇപ്പോൾ വളരെ പ്രധാനപ്പെട്ട പ്രശ്നമായി കൃഷിക്കാരും നാട്ടുകാരും തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഹരിത കേരളം മിഷൻ തന്നെ ഈ രീതിയിലാണ് മുന്നോട്ടുപോകുന്നത്. അതിന് പ്രധാനപ്പെട്ട ഒരു പ്രവർത്തന മേഖല എന്നു പറയുന്നത് ജലത്തിന്റേയും മണ്ണിന്റേയും സംരക്ഷണമാണ്, അതുവഴി കൃഷിയെ പ്രോൽസാഹിപ്പിക്കുക എന്നുള്ളതാണ്.

സസ്റ്റെയിനബിളായ ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്ന ഒരു മാർഗ്ഗമെന്നു പറയുന്നത് കൃഷി മാത്രമാണ്. വെറുതെ കൃഷിയെ പ്രോൽസാഹിപ്പിക്കുക എന്നുള്ളതല്ല, കൃഷിയുടെ അടിസ്ഥാനപരമായ ജലം ലഭ്യമാക്കാനുള്ള സംവിധാനങ്ങളുംകൂടി ഒരുക്കിക്കൊണ്ടാണ് ഇത് ചെയ്യുന്നത്. പതിനായിരം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുമ്പോൾ ഞങ്ങൾ പ്രതീക്ഷിക്കുന്നത് ഒരു ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ്. പക്ഷേ ഇത്തവണത്തെ drought-ന്റെ ഫലമായി ഒരു ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിയുമോ എന്ന സംശയമാണ് ഉദ്യോഗസ്ഥർ പ്രകടിപ്പിക്കുന്നത്. കാരണം ഉൽപ്പാദനം കുറയുകയാണ്, പച്ചക്കറിയുടെ ഉല്പാദനം ഒരു ഏക്കറിൽ നിന്നും 20 ടൺ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നത് പത്തോ പന്ത്രണ്ടോ ടണ്ണായി കുറയുകയാണ്. അതുകൊണ്ട് drought നമുക്ക് ഒരു പാഠമാണ്, നമ്മുടെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുവേണ്ടി ശക്തമായ ഇടപെടലാണ് ഹരിത കേരളം പരിപാടിയിലൂടെ ഗവൺമെന്റ് ലക്ഷ്യമാക്കുന്നത്. അത് നടപ്പിലാക്കുന്നതോടുകൂടി പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനുള്ള ജലത്തിന്റെ ലഭ്യതയും ജല സ്രോതസ്സുകളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പച്ചക്കറി ഉല്പാദനം 30-35 ശതമാനമായിരുന്നത് 50-55 ശതമാനമായി വർദ്ധിപ്പിക്കുന്നതിനും ഹോർട്ടികോർപ്പ് വഴി ജനങ്ങൾക്ക് പച്ചക്കറികൾ ന്യായമായ വിലയ്ക്ക് നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നപ്പോൾ പറഞ്ഞത് 10 മുതൽ 30 ശതമാനം വരെ വില കുറച്ച് പച്ചക്കറികൾ ജനങ്ങൾക്ക് നൽകുമെന്നാണ്. ഇപ്പോൾ ഹോർട്ടികോർപ്പിൽ 10 മുതൽ 50 ശതമാനം വരെ വിലക്കൂടുതൽ ആണ്. പല ഔട്ട്ലെറ്റുകളും ഇന്ന് അടച്ചുപൂട്ടുകയാണ്. തിരുവനന്തപുരം ജില്ലയിൽത്തന്നെ 15-ഓളം ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഹോർട്ടികോർപ്പ് സാധാരണക്കാരായ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ അതിന്റെ പ്രവർത്തനം കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാക്കേണ്ട ഒരു സാമ്പത്തിക സഹായവും നേടിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ 73.5 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചു. ജൈവ കൃഷിയിലൂടെ കൃഷി പ്രോൽസാഹിപ്പിച്ചാൽ മാത്രമേ ഹോർട്ടികോർപ്പിൽ നിന്നും ആളുകൾക്ക് സൗജന്യ നിരക്കിൽ പച്ചക്കറി വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകാനുള്ള ഫണ്ടുകൾക്ക് പ്രോജക്ടുകൾ കൊടുക്കുന്നില്ല. അത് സമയബന്ധിതമായി കൊടുത്ത് കൃഷിക്കാരെയും സാധാരണക്കാരായ ജനങ്ങളെയും വിലക്കയറ്റത്തിൽ നിന്ന് സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഹോർട്ടികോർപ്പിൽ ഏറ്റവുമധികം അഴിമതി നടന്നത്. കേരളത്തിലെ പച്ചക്കറി ഉൽപ്പന്നങ്ങൾ എടുക്കാതെ തമിഴ്നാട്ടിൽ നിന്നും പച്ചക്കറി കൊണ്ടുവന്ന് വിഷ പച്ചക്കറി ഏറ്റവുമധികം വിറ്റഴിച്ചതിന് അതിന്റെ എം.ഡി.-യെ പുറത്താക്കിയതും

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിച്ചു എന്ന് ബഹുമാന്യനായ അംഗം പറയുന്നത് ശരിയാണ്.......(ബഹളം)..... ഞാൻ പ്രകോപിപ്പിക്കാൻ പറഞ്ഞതല്ല. ശ്രീ. വി. ഡി. സതീശൻ, സത്യം പറയുമ്പോൾ അങ്ങ് പ്രകോപിതനാകേണ്ട കാര്യമെന്താണ്? ഞാൻ നുണയൊന്നും പറഞ്ഞില്ല, ഇവിടെ ഞാൻ പറഞ്ഞതെല്ലാം വസ്തുതയാണ്. ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ 50 ശതമാനം വിലക്കൂടുതലാണെന്ന് അദ്ദേഹം പറഞ്ഞത് അടിസ്ഥാനരഹിതമാണ്. ഇനി 50 ശതമാനം വിലക്കൂടുതൽ ഉണ്ടെങ്കിൽ സർക്കാർ അത് കർശനമായി പരിശോധിക്കും. ബഹുമാനപ്പെട്ട വി. ഡി. സതീശൻ, അങ്ങ് അഴിമതിക്കെതിരെ ശക്തമായ നിലപാട് എടുക്കുന്ന ആളാണ്, ഞാൻ പറഞ്ഞ കാര്യം വസ്തുത മാത്രമാണ്.

മി. സ്പീക്കർ: പ്ലീസ്.....ഇരിക്കൂ.......ചോദ്യോത്തരവേളയിൽ ചോദ്യം മാത്രം ചോദിച്ചാൽ മതി. ഈ സ്റ്റേറ്റ്മെന്റ് വരുമ്പോഴാണ് മറുപടി പറയേണ്ടി വരുന്നത്. അദ്ദേഹം ആദ്യം ഒരു പ്രസ്താവന ഇറക്കി, അതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിലകുറച്ചു കൊടുത്തു, ഈ ഗവൺമെന്റിന്റെ കാലത്ത് വില കൂട്ടികൊടുത്തു എന്നു പറഞ്ഞപ്പോൾ ഞാൻ വസ്തുത പറഞ്ഞതാണ്. അതിൽ വിഷമിക്കേണ്ട കാര്യമെന്താണ്? ഞാൻ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ....

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ... പ്ലീസ്.......പ്ലീസ്.......ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറയുകയാണ്, അദ്ദേഹത്തിനോട് ചോദിച്ച ചോദ്യത്തിന് മറുപടി പറയട്ടെ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഗൗരവമായ ഒരു കാര്യമുണ്ട്. കേന്ദ്രഗവൺമെന്റിന്റെ പദ്ധതികൾ വേണ്ട സമയത്ത് എത്തിക്കുന്നില്ല എന്നു പറയുന്നത് തെറ്റാണ്. കേന്ദ്രഗവൺമെന്റിന്റെ പദ്ധതികൾ അവിടെ നിന്ന് ലഭ്യമാക്കുന്നതിനുവേണ്ടി രണ്ട് ഉദ്യോഗസ്ഥരെ സ്ഥിരമായി ഡൽഹിയിൽ നിയോഗിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. മാത്രമല്ല, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെയും നാഷണൽ ഹോർട്ടിക്കൾച്ചർ മിഷന്റെയും പദ്ധതികൾ കൃത്യമായി ലഭ്യമാക്കുന്നതിനുവേണ്ടി അവരുടെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള എല്ലാ പരിപാടികളും എല്ലാ പ്രോജക്ടുകളും സമർപ്പിച്ചു കഴിഞ്ഞു. അങ്ങേയ്ക്ക് ആരാണ് ഇത് പറഞ്ഞുതന്നതെന്ന് എനിക്കറിയില്ല, അങ്ങ് പറഞ്ഞതുപോലെ ഏതെങ്കിലും സ്റ്റാളുകളിൽ ഗവൺമെന്റിന്റെ തീരുമാനത്തിന് വിരുദ്ധമായി വിലകൂട്ടി വിൽക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് കർശനമായി പരിശോധിക്കും. മാത്രമല്ല, ഹോർട്ടികോർപ്പിന്റെ ഒരു ഔട്ട്ലെറ്റും അടച്ചുപൂട്ടാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. ഏതെങ്കിലും സ്ഥലത്ത് സ്റ്റാൾ അടച്ചുപൂട്ടിയെന്ന് അങ്ങ് എഴുതിത്തരികയാണെങ്കിൽ അത് തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. അതിനുപുറമേ അങ്ങേയ്ക്ക് ഹോർട്ടികോർപ്പിന്റെ പുതിയ സ്റ്റാൾ ആവശ്യമുണ്ടെങ്കിൽ അതും അനുവദിച്ചു തരുന്നതായിരിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധയിൽപ്പെടുത്താനുള്ളത് ജി. എം. സീഡ്സിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി എന്നതാണ്. തമിഴ്നാട്ടിലും, കർണ്ണാടകയിലുമൊക്കെ അതിന്റെ ട്രയൽ റൺ നടക്കുകയാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന വിളകൾ കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുമ്പോൾ അത് നമുക്ക് എങ്ങനെ തടയാൻ സാധിക്കും; അതിനുള്ള സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ജി. എം. സീഡ്സിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം രേഖപ്പെടുത്തണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. അതിനുവേണ്ടി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഒരു സയന്റിസ്റ്റും അഗ്രിക്കൾച്ചർ ഡയറക്ടറും പ്രൊഡക്ഷൻ കമ്മീഷണർ അടക്കമുള്ള കൃഷി വകുപ്പിന്റെ ഒരു ടീമും അവിടേയ്ക്ക് പോകുകയുണ്ടായി. ജി.എം. സീഡ്സിന്റെ, പ്രത്യേകിച്ച് കടുക് ഉൾപ്പെടെയുള്ളവയുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. മാത്രവുമല്ല, പല സംസ്ഥാനങ്ങളും ജി.എം. സീഡ്സ് ഉപയോഗിച്ചുകൊണ്ടുള്ള ഉൽപ്പന്നങ്ങളുണ്ടാക്കുന്നുണ്ടെങ്കിൽ അത് സംസ്ഥാനത്ത് വരാതിരിക്കുന്നതിനുവേണ്ടി ലബോറട്ടറികൾ സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അത് പ്രായോഗികമായി പൂർണ്ണമായി നടപ്പിലാകുമോ എന്നെനിക്കറിയില്ല. പക്ഷേ ഗവൺമെന്റ് ആലോചിക്കുന്നത് ജി.എം. സീഡ്സ് ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച് വിൽപ്പനയ്ക്ക് വരുന്ന പച്ചക്കറികൾ, അത് വിഷലിപ്തമായ പച്ചക്കറികൾപോലെ പ്രധാനപ്പെട്ടൊരു വിഷയമാണ്, അത് വരാതിരിക്കാനാവശ്യമായ മുൻകരുതൽ എങ്ങനെ എടുക്കണമെന്നതിനെപ്പറ്റി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധന്മാരുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

**നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതി**

2 (*272) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനും പദ്ധതി പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഉൽപ്പാദന മേഖല, നഗരാസൂത്രണം, വിവിധ തലത്തിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്ക് പ്രസ്തുത പദ്ധതി എത്രത്തോളം ഊന്നൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) നവകേരളത്തിനായി ജനകീയാസൂത്രണം എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-1-2017-ൽ തൃശ്ശൂരിൽ നിർവ്വഹിച്ചിട്ടുണ്ട്. വർദ്ധിച്ച ജനപങ്കാളിത്തത്തോടെയുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങളും അതുവഴി ഒരു നവകേരള സൃഷ്ടിയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(ബി&സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്നതുമാണ് ഇതിന്റെ പ്രധാന ഉദ്ദേശം. ഉൽപ്പാദന മേഖല, നഗരാസൂത്രണം, വിവിധ തലങ്ങളിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയായിരിക്കും നവകേരളത്തിനായി ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുക. വാർഷിക പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ താമസിയാതെ പുറത്തിറങ്ങുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പുരോഗതിക്കൊപ്പം സാമൂഹ്യനീതി, സുരക്ഷ, വിനോദം, വിശ്രമം, ജീവിതനിലവാരം തുടങ്ങിയ വികസനത്തിന്റെയും അഭിവൃദ്ധിയുടെയും സമഗ്രതയിലേയ്ക്ക് കേരളത്തെ ഉയർത്തുകയാണ് 13-ാം പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പാദന മേഖല, നഗരാസൂത്രണം, വിവിധതലങ്ങളിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതലാസൂത്രണം, യുവജനപങ്കാളിത്തം എന്നീ മേഖലകൾക്ക് പ്രാമുഖ്യം നൽകുമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ ഇതിന് നേതൃത്വം നൽകേണ്ടത് ഭരണഘടനാ സ്ഥാപനമായ ജില്ലാ പ്ലാനിംഗ് സമിതികളാണ്.

ഇതിന്റെ സെക്രട്ടറി എന്നുള്ള നിലയിൽ പൊതുവായിട്ടുള്ള ഏകോപനം ജില്ലാ കളക്ടർമാരുടെ ചുമതലയാണ്. ഇക്കാര്യത്തിൽ കളക്ടർമാരെ സഹായിക്കുന്നതിനോ ആ സംവിധാനം സമഗ്രമാക്കുന്നതിനോ പ്രത്യേകമായ എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഡി.പി.സി.-കൾ ശക്തമായി പ്രവർത്തിച്ചാൽ മാത്രമേ തദ്ദേശസ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വഹണം ഫലപ്രദമായി നടക്കുകയുള്ളൂ. കഴിഞ്ഞ കുറച്ച് കാലമായി ജില്ലാ കളക്ടർമാർ ഈ രംഗത്തുനിന്ന് മാറി നിൽക്കുന്നു എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും നിർബന്ധമായും ജില്ലാ കളക്ടർമാർ ഡി.പി.സി. യോഗങ്ങളിൽ പങ്കെടുക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു. അതിനുശേഷം ജില്ലാ കളക്ടർമാർ യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്, വ്യക്തമായിട്ടുള്ള മോണിറ്ററിംഗും നടത്തുന്നുണ്ട്. കളക്ടർമാരുടെ ഭരണഘടനാപരമായ ചുമതലയാണ് ഡി.പി.സി. യോഗങ്ങളിൽ പങ്കെടുക്കുക എന്നുള്ളത്. ഇക്കാര്യം അവരെ ബോധ്യപ്പെടുത്താനും സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് നഗരസഭകളിലായാലും പഞ്ചായത്തുകളിലായാലും പ്രധാനപ്പെട്ട ചുമതലകളിലെല്ലാം ഉദ്യോഗസ്ഥരുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ ചില നഗരസഭകളിൽ സെക്രട്ടറിമാരില്ലാതെ താഴെത്തലങ്ങളിലേയ്ക്ക് ചാർജ്ജ് കൈമാറുന്ന രീതിയിൽ, മുനിസിപ്പൽ എഞ്ചിനീയർക്കുവരെ ചാർജ്ജ് നൽകിയ സ്ഥലങ്ങൾ എന്റെ അറിവിലുണ്ട്; കീ പോസ്റ്റുകളിലുള്ള ഉദ്യോഗസ്ഥരെ സമ്പൂർണ്ണമായി നൽകുന്നതിന് ഗവൺമെന്റ് പ്രത്യേക താല്പര്യം കാണിക്കുമോ; നഗരസഭകളിലായാലും പഞ്ചായത്തുകളിലായാലും ഇത്തരത്തിലുള്ള ഉദ്യോഗസ്ഥ വിന്യാസത്തിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, 28 മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനും പുതിയതായി രൂപീകരിച്ചതോടെ ഒരുപാട് തസ്തികകൾ ക്രിയേറ്റ് ചെയ്യപ്പെടേണ്ടതുണ്ടായിരുന്നു. അത് കഴിഞ്ഞ കാലയളവിൽ ക്രിയേറ്റ് ചെയ്യാൻ സാധിച്ചിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഏകദേശം 1494 തസ്തികകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി സൃഷ്ടിച്ചത്. 30-ഓളം സെക്രട്ടറിമാരുടെ ഒഴിവുകളുണ്ടായിരുന്നു. ഇതിൽ 19 പുതിയ സെക്രട്ടറിമാരെ പി.എസ്.സി. മുഖേന നിയമിച്ചു കഴിഞ്ഞു. ബാക്കിയുള്ള സെക്രട്ടറിമാരുടെ നിയമനം എത്രയും പെട്ടെന്ന് നടത്തുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, 13-ാം പദ്ധതി ഒരു നവകേരള സൃഷ്ടിക്കായി രണ്ടാം ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി മിഷനുകളുടെ പ്രവർത്തനം വളരെ നല്ല രീതിയിൽ എല്ലായിടത്തും നടക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. എന്റെ മണ്ഡലത്തിൽ വിവിധ വകുപ്പുകൾ ചേർന്നുള്ള ഒരു വലിയ പദ്ധതിയുണ്ട്; അതിന്റെ എല്ലാ പ്രാരംഭ നടപടികളും പൂർത്തിയായി. പുലമൺ തോടിന്റെ നവീകരണവുമായി ബന്ധപ്പെട്ട്

ചില ആളുകൾ, അവർക്ക് സ്ഥലം നൽകിയാൽ കൃഷി ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. അത്തരത്തിൽ ചെറിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. നവകേരള പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണ പദ്ധതിയിൽ ജലം കൂടുതൽ വന്ന് വീടുകളിലേയ്ക്ക് കിണർ റീ ചാർജ്ജ് ചെയ്യുന്ന സ്ഥിതി വരെ എത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികളെ ഒരു പദ്ധതിയായി നടപ്പാക്കാൻ, ഒരു രൂപം നൽകാൻ, ഫണ്ട് അലോട്ടുമെന്റ് എങ്ങനെയാണ് വരുന്നത്; അത് എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, സർക്കാരിന്റെ ഫണ്ടുകൊണ്ട് മാത്രം നമുക്ക് എല്ലാ പദ്ധതികളും പൂർത്തിയാക്കാനോ പ്രവർത്തനക്ഷമമാക്കാനോ കഴിയില്ല. എന്നാൽ വിവിധ സർക്കാർ പദ്ധതികളിൽ വിനിയോഗിക്കുന്ന പണം സംയോജിപ്പിച്ചു കൊണ്ട് ഈ ലക്ഷ്യം പൂർത്തീകരിക്കാൻ നമുക്ക് കഴിയും. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം (എം.ജി.എൻ.ആർ.ഇ.ജി.എസ്.)-ന്റെ പദ്ധതികളെ ഹരിത കേരളം പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഏതാണ്ട് 2000 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം എം.ജി.എൻ. ആർ. ഇ. ജി. എസ്.-ന് ലഭിക്കുക എന്നാണ് കരുതുന്നത്. അതിൽ 800 കോടി രൂപ അസറ്റ് ക്രിയേഷൻ, സാധന സാമഗ്രികൾ വാങ്ങുന്നതിലേയ്ക്ക് മാത്രമായിട്ടായിരിക്കും ലഭിക്കുക. ഈ തുക പ്രയോജനപ്പെടുത്തി ഹരിത കേരളം പദ്ധതി ഉൾപ്പെടെ ജലസംരക്ഷണ പദ്ധതികളും വാട്ടർ ഷെഡ് മാനേജ്മെന്റ് പ്രോഗ്രാമുകളും വെൽ റീച്ചാർജിംഗ് പദ്ധതികളും പൂർത്തിയാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

ശ്രീ. ജോർജ് എം. തോമസ്: സർ, ഈ പദ്ധതിയിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം ഹരിത കേരളം തന്നെയാണ്. ഹരിത കേരളത്തിൽ നാം അനുഭവിക്കുന്ന പ്രധാനപ്പെട്ടൊരു ബുദ്ധിമുട്ട് പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലെ അറവുശാലകൾ തള്ളുന്ന മാലിന്യമാണ്. ഞങ്ങളുടെ പ്രദേശത്ത് പഞ്ചായത്ത് അവ കളക്ട് ചെയ്ത് ദൂരെ എവിടെയെങ്കിലും കൊണ്ടുപോകാൻ ഏജൻസികളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ആ ഏജൻസികൾ വയനാട് ചുരം, മുത്തങ്ങ ഫോറസ്റ്റ് തുടങ്ങിയ സ്ഥലങ്ങളിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. സംസ്കരിക്കുന്ന യാതൊരു പരിപാടിയും ഇപ്പോഴില്ല. അറവുശാലകളിലെ മാലിന്യം വർദ്ധിക്കുന്നതിന് അറവുശാലകളുടെ ഉടമകളെക്കൊണ്ട് അത് കാര്യമായി പ്രോസസ് ചെയ്യാനുള്ള നടപടിയെടുപ്പിക്കാൻ കഴിയുമോ; ലൈസൻസ് വ്യവസ്ഥകളും ശിക്ഷയും നല്ലനിലയിൽ ഉയർത്തിയാൽ മാത്രമേ ഇതിന് കഴിയുകയുള്ളൂ. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ആധുനിക അറവുശാലകൾ ഉണ്ടായാൽ മാത്രമേ ഈ പ്രശ്നത്തെ യഥാവിധി അഡ്രസ്സ് ചെയ്യാൻ കഴിയുകയുള്ളൂ. ഇപ്പോഴുള്ള പല അറവുശാലകളും പ്രാകൃതമായിട്ടുള്ള രീതിയാണ് തുടരുന്നത്. അതുകൊണ്ടാണ് അവയിൽ നിന്നുള്ള മാലിന്യങ്ങൾ മറ്റു പല സ്ഥലത്തും തള്ളേണ്ടിവരുന്നത്. അറവുശാലയിൽത്തന്നെ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനവും കൂടി ഒരുക്കുക എന്നുള്ളതാണ് ആധുനിക അറവുശാലയുടെ കൺസെപ്റ്റ് എന്ന്

പറയുന്നത് . ഈ രീതിയിലുള്ള ആധുനിക അറവുശാലകൾ (സ്ലോട്ടർ ഹൗസുകൾ) എല്ലാ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാനങ്ങളിലും ഉണ്ടാവേണ്ടതുണ്ട്. ആത്യന്തികമായി ഒരു ബ്ലോക്കിൽ ഒരു അറവുശാല എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനാണ് തദ്ദേശസ്ഥാപനങ്ങൾ അവയുടെ പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. വരുന്ന അഞ്ചു വർഷത്തിനുള്ളിൽ ഇത് പൂർത്തിയാക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷ.

ശ്രീ. ഐ. ബി. സതീഷ്: സർ, പ്രഖ്യാപിക്കപ്പെട്ട മിഷനുകളുടെ സാക്ഷാത്ക്കാരത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകോപനവും സംയോജനവും സാധ്യമാകുന്ന തരത്തിൽ കൃത്യമായ മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, മാർഗ്ഗരേഖ തയ്യാറായിവരികയാണ്. അതിന്റെ അവസാനത്തെ മിനുക്കുപണിയിലാണ്. എത്രയുംപെട്ടെന്ന് മാർഗ്ഗരേഖകൾ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഏറ്റവും കുറവ് പദ്ധതി വിഹിതം ചെലവഴിക്കുന്ന വർഷങ്ങളിൽ ഒന്നായിരിക്കും ഈ വർഷമെന്നാണ് കരുതപ്പെടുന്നത്. അതിന് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നഷ്ടപ്പെട്ട മാസങ്ങളെക്കുറിച്ചും മറ്റും ഒരുപാട് കാര്യങ്ങൾ അദ്ദേഹമിവിടെ സൂചിപ്പിച്ചു. അതുമാത്രമല്ല ഇവിടെ ഏറ്റവും പ്രധാനമായ കാര്യം, നിർമ്മാണ മേഖലയിൽ ടാർ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശം, ഇംപ്ലിമെന്റിംഗ് ഓഫീസറായ എ. ഇ. പ്രോജക്ടിൽ നിന്നും പണമെടുത്ത് സെക്രട്ടറിയുടെ പേരിൽ നിക്ഷേപിച്ച്, സെക്രട്ടറി ആ പണമെടുത്ത് ഐ.ഒ.സി.യിൽ നിന്നും ടാർ വാങ്ങി വീണ്ടും ആ ടാർ എ.ഇ.-ക്ക് കൊടുത്ത് ആ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. ആയതിനാൽ ഇന്ന് പഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു പരിധിവരെ നിശ്ചലമായിരിക്കുകയാണ്. ടാർ ലഭ്യമല്ലാത്ത സാഹചര്യംകൂടി വന്നിരിക്കുകയാണ്. പദ്ധതി വിഹിതം ചെലവഴിക്കുന്ന കാര്യത്തിൽ ഇത്തരം പ്രതിസന്ധികളെല്ലാം ഉണ്ടെന്ന് മനസ്സിലാക്കി ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരമാവധി ഒഴിവാക്കിക്കൊണ്ട് കാര്യങ്ങൾ ലഘൂകരിച്ച് പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടാർ വാങ്ങുന്ന പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഇത് കാലാകാലങ്ങളായി തുടർന്നുവരുന്ന ഒരു പ്രക്രിയയായിരുന്നു. പൊതുമേഖലാ സ്ഥാപനമായ സിഡ്കോ ടാർ ഉണ്ടാക്കുന്നില്ല. ഔദ്യോഗികമായിട്ടുള്ള ഏജൻസിയും അവർക്കില്ല. അവർ ഐ.ഒ.സി.-യിൽ നിന്നും വാങ്ങുന്ന ടാറാണ് തദ്ദേശ സ്ഥാപനങ്ങൾ എടുക്കുന്നത്.

പലപ്പോഴും ആവശ്യത്തിനുള്ള ടാർ പല സ്ഥലങ്ങളിലും ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളത് ഒരു പ്രശ്നമായിരുന്നു. വ്യക്തമായിട്ടുള്ള ബില്ലോ കണക്കോ ഒന്നും ആരും സൂക്ഷിക്കുമായിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് വൻ അഴിതി പല കേന്ദ്രങ്ങളിൽ നിന്നും ചൂണ്ടിക്കാണിച്ചതിന്റെ പശ്ചാത്തലത്തിലാണ് സിഡ്കോ ഉണ്ടാക്കാത്ത ഒരു ഉല്പന്നം അവരിൽനിന്നും എടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചത്. അവർ ഒഫിഷ്യലായി അതിന്റെ ആതറൈസ്ഡ് ഏജൻസി എടുത്താൽ അവരിൽ നിന്നെടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. റോഡിന്റെ പ്രവർത്തനങ്ങൾ ടാർ കിട്ടിയില്ല എന്നതിന്റെ പശ്ചാത്തലത്തിൽ മാത്രം ഇല്ലാതാകുന്നില്ല. ഇതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ ഗവൺമെന്റ് ആവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. സെക്രട്ടറി/എ.ഇ./ബന്ധപ്പെട്ട കോൺട്രാക്ടർ, അവർക്ക് ഐ.ഒ.സി.-യിൽ നിന്നും നേരിട്ട് ടാർ വാങ്ങാൻ നിലവിൽ ഉത്തരവ് നൽകിക്കഴിഞ്ഞു. ഏതെങ്കിലും ഒരാൾക്കുമാത്രമല്ല നൽകിയിട്ടുള്ളത്. ഇവർക്ക് ആർക്കുവേണമെങ്കിലും ഐ.ഒ.സി.-യിൽ നിന്നും ടാർ വാങ്ങാവുന്നതാണ്. അഴിമതി തടയുക എന്നുള്ള സദുദ്ദേശത്തോടു കൂടിയാണ് ഇത്തരമൊരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ടാർ കിട്ടാത്തതിനാൽ റോഡ് പ്രവൃത്തി നടക്കാത്തതുകൊണ്ട് ആ റോഡ് നഷ്ടപ്പെട്ടുപ്പോകുമെന്നുള്ള ഭയം വേണ്ട. സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്യാനുള്ള എല്ലാ സഹായ സഹകരണങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലെ പ്രോജക്ടുകൾ ഈ വർഷം പൂർത്തീകരിച്ചില്ലെങ്കിലും പൂർണ്ണമായും അടുത്ത വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, പദ്ധതികളുടെ കാലാവധി നീട്ടിക്കൊടുക്കുന്ന കാര്യം സന്തോഷകരമാണ്. നേരത്തെ ജനകീയാസൂത്രണം തുടങ്ങിയ കാലത്ത് ജനകീയ കമ്മിറ്റികളുടെ നിർവ്വഹണം കൂടിയുണ്ടായിരുന്നു. ജനകീയ കമ്മിറ്റികൾ നിർവ്വഹണം നടത്തിയതുകൊണ്ട് ഒരു ലക്ഷം രൂപ അനുവദിച്ചത് ഒന്നേകാൽ ലക്ഷത്തിനും ഒന്നര ലക്ഷത്തിനുമുള്ള പണികൾ തീർത്തിരുന്നു. പിന്നീട് ഉദ്യോഗസ്ഥർ സഹകരിക്കാത്തതുകൊണ്ട് ജനകീയ കമ്മിറ്റികൾ എടുക്കുന്ന പണികൾക്ക് സമയത്തിന് ബിൽ കൊടുക്കാതെയും മറ്റും പ്രശ്നങ്ങളുണ്ടാക്കി കരാർ ഏറ്റെടുത്ത ജനകീയ കമ്മിറ്റികളെ ഹരാസ് ചെയ്ത് അവരെ ഇതിൽനിന്നും പിന്തിരിപ്പിച്ച സംഭവങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെയൊരു ഹരാസ്മെന്റ് വരാത്ത നിലയിൽ കമ്മിറ്റികൾക്ക് കരാർ ഏറ്റെടുക്കാനുള്ള അവസരം സൃഷ്ടിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, കേരളത്തിൽ ജനകീയാസൂത്രണം തുടങ്ങിയ കാലത്ത് ഏറ്റവുമധികം ശ്രദ്ധയാകർഷിച്ച ഒരു കാര്യമായിരുന്ന ജനകീയ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണം. അക്കാര്യത്തിൽ നിരവധി മാതൃകകൾ സംസ്ഥാനത്ത് ചൂണ്ടിക്കാണിക്കാൻ കഴിയും. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പിൽക്കാലത്ത് അതിൽ വലിയ മാറ്റമുണ്ടായി. ജനകീയ സമിതികളെ നിരുത്സാഹപ്പെടുത്താൻ ബോധപൂർവ്വമുള്ള നീക്കങ്ങൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായി. അതുകൊണ്ട് ആദ്യത്തെപ്പോലെ ഫലപ്രദമായി അത്തരത്തിലുള്ള ഇടപെടലുകൾ വിജയിക്കാത്ത സാഹചര്യവും ഉളവായിരുന്നു. തീർച്ചയായും രണ്ടാം ജനകീയാസൂത്രണ സംരംഭം ആരംഭിക്കുന്ന ഈ ഘട്ടത്തിൽ ജനകീയ സമിതികൾ നല്ല സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് മുന്നോട്ടുവന്നാൽ അവർക്ക് എല്ലാ സഹായവും പ്രോത്സാഹനവും നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ : സർ, ബഹുമാനപ്പെട്ട മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇവിടെ സൂചിപ്പിച്ചത് പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അത് സ്പിൽ ഓവറായി അടുത്ത വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യുമെന്നാണ്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത് അങ്ങനെയാണെങ്കിൽ കട്ടിംഗ് വരില്ലേ; 70 ശതമാനം 65 ശതമാനം എക്സ്പെന്റിച്ചർ ആയിട്ടില്ലെങ്കിൽ ആ പഞ്ചായത്തിന് 30 ശതമാനം കുറച്ചായിരിക്കുമോ കൊടുക്കുന്നത്; അല്ലാതെ സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്യുന്ന ഫുൾ എമൗണ്ടും കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകുമോ? രണ്ടാമതായി, 44 പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും ഉൾക്കൊള്ളുന്ന മലപ്പുറം ലോക്സഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് കാരണം പെരുമാറ്റച്ചട്ടം വന്നതുകൊണ്ട് കഴിഞ്ഞ ഡി.പി.സി. കൂടാനോ പദ്ധതിയിൽ ഭേദഗതി വരുത്താനോ സാധിച്ചിട്ടില്ല. 3 മുനിസിപ്പാലിറ്റികളും 42 പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഉൾക്കൊള്ളുന്ന മലപ്പുറം ജില്ലയിൽ പദ്ധതി നിർവ്വഹണം നടത്താൻ പറ്റാത്ത ഒരു സാഹചര്യം വന്നിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ പഞ്ചായത്തുകൾക്ക് 50 ശതമാനംപോലും പണം ചെലവഴിക്കാൻ സാധിക്കുകയില്ല. 41 ശതമാനത്തോളം പണം പഞ്ചായത്തുകൾ ചെലവഴിച്ചിരിക്കുകയാണ്. ഇനിയങ്ങോട്ട് പണം ചെലവഴിക്കാനുള്ള സാഹചര്യമില്ലാത്ത അവസ്ഥയാണ്. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 70 ശതമാനം എന്നുള്ള നിബന്ധന ഉണ്ടാവുകയില്ല. മുഴുവൻ പണവും ക്യാരിഓവർ ചെയ്യാൻ അനുവദിക്കും. അതിന്റെ നിർവ്വഹണം തുടങ്ങിയിരിക്കണം എന്നതുമാത്രമാണ് നിബന്ധന. മുഴുവൻ പണവും ക്യാരിഓവർ ചെയ്യാം.

ഡോ. കെ. ടി. ജലീൽ : സർ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം വന്നതുകൊണ്ട് മലപ്പുറം പാർലമെന്റ് നിയോജകമണ്ഡലത്തിലുളവായിട്ടുള്ള പ്രശ്നം ഗവൺമെന്റ് പ്രത്യേക കേസ്സായി എടുത്ത് ആ കാര്യത്തിൽ ഒരു തീർപ്പുണ്ടാക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, ജനകീയാസൂത്രണം രണ്ടാംഘട്ടം തിരിച്ചുവരുന്നതിൽ ഏറെ അഭിമാനിക്കുന്നു. മൂന്നുമാസം കൂടുമ്പോൾ ഓരോ ത്രിതല പഞ്ചായത്തുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാനും മോണിറ്ററിംഗ് നടത്താനും അവസാനം മാർച്ച് മാസമാകുമ്പോൾ അർദ്ധരാത്രിവരെ ബിൽ എഴുതിക്കൊടുക്കുന്ന രീതിയിലും ചെലവഴിക്കാതെ വരുമ്പോൾ ഫണ്ട് വെട്ടിക്കുറയ്ക്കുന്ന രീതിയിലും മാറ്റമുണ്ടാക്കാനാവശ്യമായ തീരുമാനമുണ്ടാകുമോ ?

ഡോ. കെ. ടി. ജലീൽ : സർ, തീർച്ചയായും 13-ാം പഞ്ചവത്സര പദ്ധതിയുടെ ആവിഷ്കരണവുമായി ബന്ധപ്പെട്ട് സുപ്രധാനമായി എടുക്കുന്ന തീരുമാനം അതുതന്നെയാകും. ആദ്യപാദത്തിൽ 30 ശതമാനം എക്സ്പെന്റിച്ചറും രണ്ടാം പാദത്തിൽ 30 ശതമാനം എക്സ്പെന്റിച്ചറുമാകണം. അവസാന മാസമായ മാർച്ച് മാസത്തിൽ ഒരു കാരണവശാലും 15 ശതമാനത്തിൽ കൂടുതൽ എക്സ്പെന്റിച്ചർ പോകാൻ അനുവദിക്കില്ല. സമയബന്ധിതമായി പാദാടിസ്ഥാനത്തിൽ എക്സ്പെന്റിച്ചറാകണമെന്നുള്ള നിഷ്കർഷതയാണ് രണ്ടാം ജനകീയാസൂത്രണത്തിന്റെ ആവിഷ്കരണവും അതിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് സുപ്രധാനമായി ഗവൺമെന്റ് എടുത്തിരിക്കുന്ന ഒരു തീരുമാനം.

ശ്രീ. അനിൽ അക്കര: സർ, കേരളത്തിലെ പഞ്ചായത്തുകളെയും ജനകീയാസൂത്രണ പ്രസ്ഥാനത്തെയും ശക്തിപ്പെടുത്താൻ പുതിയ മിഷന്റെ പദ്ധതികൾ ഉപകാരപ്പെടുമെന്ന് വിശ്വസിക്കുന്നു. അതിന് പഞ്ചായത്തുകളിലും നഗരസഭകളിലുമൊക്കെത്തന്നെ സജീവമായ ചർച്ചകൾ ഉണ്ടാവണം. പല നഗരസഭകളും പഞ്ചായത്തുകളും സ്റ്റാറ്റ്യൂട്ടറി യോഗങ്ങൾ പോലും ചേരുന്നില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് 'ലൈഫ്'. ഇ.എം.എസ്. പാർപ്പിട പദ്ധതി കഴിഞ്ഞ കാലത്ത് നടപ്പിലാക്കുമ്പോൾ, 2008-09 സാമ്പത്തിക വർഷത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ലോണെടുത്തത്. 10 വർഷമാണ് അതിന്റെ തിരിച്ചടവ് കാലാവധി. 2018-19 കാലയളവുവരെ പഞ്ചായത്തുകൾക്ക് ലോൺ നിൽക്കുകയാണ്. 12000 കോടി രൂപ ഉണ്ടായാൽ മാത്രമേ നാല് ലക്ഷം വീടുകൾക്ക് ധനസഹായം കൊടുക്കാൻ കഴിയുകയുള്ളൂ. ഫ്ലാറ്റുകൾ നിർമ്മിക്കാനാണെങ്കിൽ 40000 കോടി രൂപ ആവശ്യമായി വരും. അതോടനുബന്ധിച്ച് റോഡ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഒരുക്കാൻ 20000 കോടി രൂപ വേണം. മൊത്തത്തിൽ ആവശ്യമായേക്കാവുന്ന 60000 കോടി രൂപ എങ്ങനെയാണ് സർക്കാർ കണ്ടെത്തുക?

ഡോ. കെ. ടി ജലീൽ: 'ലൈഫ് ' പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ധനസമാഹരണം ഏതൊക്കെ വഴിയിലൂടെ വേണമെന്നത് സംബന്ധിച്ച് 'ലൈഫ് മിഷൻ' ആലോചിച്ചുവരുന്നു. അക്കാര്യത്തിൽ ഒരു തീർപ്പ് ഉടനെതന്നെ ഉണ്ടാക്കി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കുന്നതാണ്.

## മാരി ടൈം ബോർഡ്

3 (*273) ശ്രീ. പി. കെ അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിലുള്ള കാലതാമസം വിശദമാക്കാമോ;

(ബി) മാരിടൈം ബോർഡുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര വകുപ്പ് എന്തെല്ലാം സംശയങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളുടെ മാതൃകയിൽ കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മറ്റ് നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ): സർ,

(എ) തുറമുഖ വകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള സ്റ്റേറ്റ് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള കേരള മാരിടൈം ബോർഡ് ബിൽ, 2014 കേരള നിയമസഭ 17-12-2014-ൽ പാസ്സാക്കി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചെങ്കിലും ബില്ലിലെ ചില ന്യൂനതകൾ ചൂണ്ടിക്കാട്ടി, അവ ഒഴിവാക്കി, പുതിയ ബിൽ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ടു. എന്നാൽ ബിൽ ഔദ്യോഗികമായി സംസ്ഥാനത്തിന് മടക്കി നൽകിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് പുതിയ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി ടി ബിൽ ഉടൻതന്നെ തിരികെ ലഭ്യമാക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മാരിടൈം ബോർഡ് ബില്ലിലെ 57-ഉം 58-ഉം ഖണ്ഡങ്ങൾ 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിനും 26, 27, 29, 31, 32, 33, 37, 49, 50 എന്നീ ഖണ്ഡങ്ങൾ 1962-ലെ കസ്റ്റംസ് ആക്ടിന്റെയും 2009-ലെ കസ്റ്റംസ് ഏര്യാ റെഗുലേഷൻസിലെയും വിവിധ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയം ബിൽ മടക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ന്യൂനതകൾ പരിഹരിച്ച് പുതിയ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) മറ്റ് നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇല്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പുതിയ മാരിടൈം ബോർഡ് രൂപീകരിക്കുന്നതു കൊണ്ട് തുറമുഖ വകുപ്പിനും ഡിപ്പാർട്ട്മെന്റിനും മത്സ്യത്തൊഴിലാളികൾക്കും നിലവിലുള്ളതിനെക്കാൾ കൂടുതലായി എന്തെല്ലാം പ്രയോജനങ്ങൾ ലഭ്യമാകും എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സംസ്ഥാനത്തെ മുഴുവൻ ചെറുകിട തുറമുഖങ്ങളെയും പുനരുജ്ജീവിപ്പിക്കുക, ഇന്ത്യൻ തുറമുഖ ചട്ടങ്ങളനുസരിച്ച് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കാര്യങ്ങൾ നിർവ്വഹിക്കുക, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗതവകുപ്പിന്റെയും നിയമനങ്ങൾ നടപ്പിലാക്കുക, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനം നൽകുക, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കുക തുടങ്ങിയവയാണ് മാരിടൈം ബോർഡ് രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എത്ര സംസ്ഥാനങ്ങൾ ഇതിനകം ഈ നിയമം പാസ്സാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, അഞ്ച് സംസ്ഥാനങ്ങളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, ചെറുകിട തുറമുഖങ്ങളെയും മത്സ്യമേഖലയെയും കേരളത്തിലെ കപ്പൽ ഗതാഗതത്തെയുമെല്ലാം പുരോഗതിയിലേയ്ക്ക് നയിക്കുന്ന നിയമസഭ പാസ്സാക്കിയ വളരെ പ്രധാനപ്പെട്ട ബില്ലാണ് മാരിടൈം ബോർഡ് ബിൽ. ചെറിയ ന്യൂനതകൾ മാത്രം ചൂണ്ടിക്കാട്ടി ഇപ്പോൾ മൂന്ന്, നാല് വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. കപ്പൽ ഗതാഗതത്തിനും മത്സ്യമേഖലയ്ക്കും പുതിയ ഉണർവ്വുണ്ടാക്കുന്ന ഈ ബിൽ കാലതാമസം ഒഴിവാക്കി, ന്യൂനതകൾ പരിഹരിച്ച് നടപ്പിലാക്കുന്നതിന് മറ്റെന്തെങ്കിലും തടസ്സമുണ്ടോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ ബിൽ തിരിച്ചുകിട്ടുകയോ അതിനാവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. തിരിച്ചുകിട്ടിയാലുടൻ ഈ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടെ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമസഭയിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാൻ സാധിക്കും.

ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടിക്കുവേണ്ടി ശ്രീ. സി. മമ്മൂട്ടി : സർ, വളരെ സുപ്രധാനമായ കർത്തവ്യം നിർവ്വഹിക്കേണ്ട ഒരു ബോർഡാണിത്. ഇന്ത്യയിലെ നാലഞ്ച് സംസ്ഥാനങ്ങൾ ഇത് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് മാത്രം ഇത് നടപ്പാക്കാൻ എന്ത് തടസ്സമാണുള്ളത്; നമ്മെ സംബന്ധിച്ചിടത്തോളം കൂടുതൽ സമ്പന്നമായ കടലോര മേഖലയിൽ ഈ ബോർഡുമായി ബന്ധപ്പെട്ട് വികസനപരമായി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. 2014-ൽ കൊണ്ടുവന്ന ബിൽ 2017 ആയിട്ടും സംസ്ഥാനത്ത് നടപ്പാക്കാൻ തടസ്സമായി നിൽക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, അതത് സംസ്ഥാനങ്ങൾ കൊണ്ടുവരുന്ന ബിൽ ആ സംസ്ഥാനങ്ങളിലെ പ്രത്യേകതകൾ കൂടി കണക്കിലെടുത്താണ് കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനം ഏറ്റവും കൂടുതൽ തീരദേശമുള്ളതും തുറമുഖ വികസന സാദ്ധ്യതകളുള്ളതുമായതിനാൽ അതിനാധാരമായ രൂപത്തിലുള്ളതാണ് ബില്ലിലെ നിർദ്ദേശങ്ങൾ. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ കഴിയുന്നത്ര വേഗത്തിൽ കേന്ദ്രത്തിൽനിന്നും ബിൽ തിരിച്ചയയ്ക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തീരദേശ സുരക്ഷ എന്നത് അതീവ ഗൗരവമുള്ള പ്രശ്നമാണ്. ഇന്ത്യൻ നേവിയുടെയും തീരദേശ സംരക്ഷണ സേനയുടെയും പ്രാതിനിധ്യമുള്ള ബില്ലായിരുന്നു 2014-ൽ ഈ നിയമസഭ പാസ്സാക്കിയത്. എന്നാൽ ചില ന്യൂനതകൾ കാരണം ഇതുവരെ അത് ബഹുമാനപ്പെട്ട രാഷ്ട്രപതി ഒപ്പിടുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇത്രയും കാലമായിട്ടും ആഭ്യന്തര വകുപ്പിൽ നിന്നും ബിൽ തിരികെ ലഭിച്ചിട്ടുമില്ല. ഇത്രയും പ്രധാനപ്പെട്ട ബിൽ തിരികെ ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അതുപോലെ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തി വളരെ പെട്ടെന്ന് പോകുന്ന ഒരു കപ്പൽ സർവ്വീസ് ആരംഭിക്കുമെന്ന് കേട്ടിരുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; മാരിടൈം ബിൽ വരാത്തതുകൊണ്ടാണോ അതിനനുമതി ലഭിക്കാത്തത്?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കപ്പൽ സർവ്വീസ് ആരംഭിക്കുന്നതും ബില്ലും തമ്മിൽ ബന്ധമില്ല. ബിൽ അടിയന്തരമായി തിരിച്ചയയ്ക്കണമെന്ന് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുകയാണ്. കാലതാമസം ഇല്ലാതെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയ കപ്പൽ ഗതാഗതത്തിന്റെ പരിശോധന നടക്കുകയാണ്. അതിനായി കേന്ദ്ര ഏജൻസിയിൽ നിന്നുള്ള ലൈസൻസ് ലഭിച്ചുകഴിഞ്ഞാൽ അടിയന്തരമായി നടപ്പിലാക്കുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി ഒരു തീരദേശ പട്ടണമാണ്. അവിടെയുള്ള 'തലായി' ഹാർബറിന്റെ പണി ഇതുവരെ പൂർത്തിയായിട്ടില്ല, ഉദ്ഘാടനവും ചെയ്യപ്പെട്ടിട്ടില്ല. അതുപോലെ ഈ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനവും കഴിഞ്ഞിട്ടില്ല. തുറമുഖ വകുപ്പിന്റെ പല സ്ഥലങ്ങളും പല സ്വകാര്യ വ്യക്തികളും കയ്യേറിയിട്ടുണ്ട്. ഇത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുറമുഖ വകുപ്പിന്റെ ചില സ്ഥലങ്ങൾ തലശ്ശേരി പൈതൃക പദ്ധതിക്ക് ആവശ്യമാണ്, അത്തരം പദ്ധതിക്ക് ഭൂമി വിട്ടുതരാൻ സാധിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ അവിടെ മുനിസിപ്പൽ ചെയർമാൻ ഉൾപ്പെടെയുള്ളവർ ചില പരാതികൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ ചില സ്ഥലങ്ങൾ കയ്യേറിയിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ ഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച വകുപ്പുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ നൽകുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ പിന്നീട് നടത്തുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി തുടങ്ങിയിട്ട് ഒരുപാട് കാലമായി. ഇപ്പോൾ പണി ഏറെക്കുറെ സ്തംഭിച്ചിരിക്കുകയാണ്. സ്തംഭനത്തിന് എന്താണ് കാരണം; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കും?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഈ ചോദ്യവുമായി നേരിട്ട് ബന്ധമുള്ളതല്ല. മാരിടൈം ബോർഡാണ് ചോദ്യം, എങ്കിലും ബഹുമാനപ്പെട്ട അംഗം ഉത്ക്കണ്ഠ രേഖപ്പെടുത്തിയതുപോലെ സ്തംഭനാവസ്ഥയൊന്നും വിഴിഞ്ഞം തുറമുഖത്ത് ഉണ്ടായിട്ടില്ല.

ശ്രീ. കെ. ദാസൻ: സർ, കടലിൽ വച്ച് അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ തത്സമയം രക്ഷിക്കാനാവശ്യമായ നടപടിയുടെ ഭാഗമായി കോസ്റ്റ് ഗാർഡ്, തീരദേശസേന, കസ്റ്റംസ്, നേവി ഇതിന്റെ സംയുക്തമായ സംവിധാനമുണ്ടാക്കി, ഒരു മറൈൻ ഷിപ്പിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് ആലോചിക്കുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ സുരക്ഷാസന്നാഹങ്ങൾക്കുവേണ്ടി മേൽപ്പറഞ്ഞ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നുണ്ട്. കുറച്ച് ദിവസങ്ങൾക്കു മുമ്പ് ഇതിന്റെ അധികാരികളുമായി ചർച്ച നടത്തിയിട്ടുണ്ട്. അത്യാവശ്യമായി ഇതിന്റെ യൂണിറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളിൽ അത് സ്ഥാപിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**റോഡ് സുരക്ഷാ അതോറിറ്റി**

4 (*274) ശ്രീ. വി. ജോയി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പുതിയ പദ്ധതികൾക്ക് അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്;

(സി) അതോറിറ്റിയുടെ ഫണ്ട് സ്രോതസ്സ് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ വകുപ്പുകളുമായി ചേർന്നാണ് റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ നിലവിലുള്ള ചില വ്യവസ്ഥകൾ പ്രകാരം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട റോഡ് അറ്റകുറ്റപ്പണി, മേൽപ്പാല നിർമ്മാണം തുടങ്ങിയ അത്യാവശ്യ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ,

(എ) കേരള റോഡ് സുരക്ഷാ അതോറിറ്റി അതിന്റെ പ്രവർത്തനങ്ങൾ റോഡ് സുരക്ഷാ അതോറിറ്റി യോഗങ്ങളിൽവച്ച് അവലോകനം ചെയ്യാറുണ്ട്. ഓരോ യോഗത്തിലും മുൻയോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ നടപ്പിലാക്കൽ വിലയിരുത്താറുണ്ട്. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടനുസരിച്ച് അതോറിറ്റി കുറഞ്ഞത് വർഷത്തിൽ രണ്ട് തവണ യോഗം ചേരാറുണ്ട്.

(ബി) 1. പോലീസ് വകുപ്പിന് CRPF പള്ളിപ്പുറം ജംഗ്ഷനിൽ സോളാർ ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുവാൻ 12,11,680 രൂപ നൽകിയിട്ടുണ്ട്.

2. 'റോഡ് സേഫ്റ്റി എഡ്യൂക്കേഷൻ ത്രൂ സ്കൂൾ - ഫെയ്സ് 2' എന്ന പദ്ധതിക്കായി NATPAC-ന് ഒരു കോടി രൂപ അനുവദിച്ചു.

3. എഫ്.എം. റേഡിയോ വഴി റോഡ് സുരക്ഷാ ബോധവത്കരണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിനായി 1,39,33,601 രൂപ അനുവദിച്ചു.

4. പാല-ഈരാറ്റുപേട്ട റോഡിൽ കടുവാമൂഴിയിലും കൊച്ചിടപ്പള്ളിയിലും റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി KSTP-യ്ക്ക് 145 ലക്ഷം രൂപ അനുവദിച്ചു.

5. 2016-17-ലെ ശബരിമല സെയ്ഫ്സോൺ പ്രോജക്ടിനായി മോട്ടോർ വാഹന വകുപ്പിന് 71,46,400 രൂപ അനുവദിച്ചു.

6. നെടുമങ്ങാട്, വെമ്പായം, പോത്തൻകോട്, മാർക്കറ്റ് ജംഗ്ഷൻ, പഴകുറ്റി എന്നിവിടങ്ങളിലെ ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ പോലീസ് വകുപ്പിന് 42,77,321 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

7. ഗവൺമെന്റ് സ്കൂളുകളിൽ ഇരുപത് പുതിയ സ്മാർട്ട് ട്രാഫിക് ക്ലാസ്സ്റൂം സ്ഥാപിക്കുന്നതിനായി പോലീസ് വകുപ്പിന് 88,00,000 രൂപ അനുവദിച്ചു.

8. പൂജപ്പുര ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനും പൂജപ്പുര ബയോടെക്നോളജി റോഡിൽ വാണിംഗ് ബ്ലിങ്കേഴ്സ് സ്ഥാപിക്കുന്നതിനുമായി പോലീസ് വകുപ്പിന് 13,92,087 രൂപ അനുവദിച്ചു.

9. വയനാട് ടൗൺ പരിസരത്തും സ്കൂൾ മേഖലകളിലും തെർമോ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് അടയാളപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പിന് 3,66,038 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

10. ദേശീയപാത 66-ലെ തളിക്കുളം-പത്താംകല്ല് റോഡിലെ ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന് 12.4 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

11. ദേശീയപാത 66-ലെ കൃഷ്ണപുരം-പുതിയകാവ് റോഡിൽ ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന് 65 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

12. റോഡ് സേഫ്റ്റി ഫർണിച്ചറിനും തെർമോ പ്ലാസ്റ്റിക് പെയിന്റിംഗിനും ദേശീയപാത 966-ൽ 77/000 മുതൽ 79/000 വരെ വരുന്ന ഭാഗത്തെ റോഡ് സേഫ്റ്റി പ്രവർത്തനങ്ങൾക്കുമായി പൊതുമരാമത്ത് വകുപ്പിന് 3,45,000 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

13. ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം "ഓട്ടോബാൻ 2017"-ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള ദേശീയ സെമിനാറിന് 6,43,000 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

14. കിറ്റിക്ലബ്ബ് എന്ന സ്ഥാപനത്തിന് 14 റവന്യൂ ജില്ലകളിൽ പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കുമായി റോഡ് സുരക്ഷാവബോധം വളർത്തുന്നതിനായി 6.3 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

15. റോഡ് സുരക്ഷാ വാരാചരണം 2017-ന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന് 33,00,000 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

16. റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിനായി ഓൾ ഇന്ത്യാ റേഡിയോ എഫ്.എം. സ്റ്റേഷന് 64,26,872 രൂപ അനുവദിക്കാൻ തീരുമാനിച്ചു.

17. കരമന-പ്രാവച്ചമ്പലം റോഡിലെ റോഡ് സുരക്ഷാ നടപടികൾ ശക്തിപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പിന് 25 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

18. പ്രീ-ലേണേഴ്സ് പരിശീലനം, ട്രാൻസ്പോർട്ട് വാഹന ഡ്രൈവർമാർക്കുള്ള പരിശീലനം, ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകർക്കായുള്ള പരിശീലനം, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് വഴി സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന റോഡ് സുരക്ഷാ പരിശീലനം തുടങ്ങിയവയ്ക്കായി മോട്ടോർ വാഹന വകുപ്പിന് 15 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചു.

(സി) മോട്ടോർ വാഹന/പോലീസ് വകുപ്പുകൾ പിഴയായി ഈടാക്കുന്ന തുകയുടെ 50 ശതമാനവും ഒറ്റത്തവണ വാഹന സെസ്സിൽ നിന്നും ഈടാക്കുന്ന തുകയും ചേർന്നതാണ് റോഡ് സേഫ്റ്റി ഫണ്ട്. ഈ തുക നേരിട്ട് റോഡ് സേഫ്റ്റി ഫണ്ടിലേയ്ക്കെത്തുന്നില്ല. റീ അപ്രോപ്രിയേഷൻ മുഖേന ബഡ്ജറ്റ് വിഹിതമായാണ് വകയിരുത്തപ്പെടുന്നത്.

മേൽപ്പറഞ്ഞ തുകയിൽ ഇതുവരെ റോഡ് സുരക്ഷാ അതോറിറ്റിക്ക് 173,12,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കുടിശ്ശികയായിട്ടുള്ള 308 കോടി രൂപ നൽകാനുണ്ട്.

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിന്റെ വകുപ്പ് 11 അനുസരിച്ച് സർക്കാർ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും ഇൻഡ്യാ ഗവൺമെന്റ് നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും പൊതുസ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ഉള്ള സംഭാവനകളും റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 28-ാം വകുപ്പിൻകീഴിൽ ശേഖരിച്ച രാജിയാകൽ ഫീസും ഫണ്ടിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള തുകകളൊന്നും നിലവിൽ റോഡ് സേഫ്റ്റി ഫണ്ടിലേയ്ക്ക് വകയിരുത്തപ്പെട്ടിട്ടില്ല.

(ഡി) മോട്ടോർ വാഹനം, ആഭ്യന്തരം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം, ധനകാര്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും NATPAC മുതലായ അനുബന്ധ നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഇ) ഉണ്ട്.

(എഫ്) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് അനുസരിച്ച് പുതിയ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കാൻ വ്യവസ്ഥയില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് വകയിരുത്തുന്നത് പൊതുമരാമത്ത് വകുപ്പിനാണ്. ഇതുസംബന്ധിച്ച് നിയമഭേദഗതി വരുത്തേണ്ടതുണ്ട്.

ശ്രീ. വി. ജോയി: സർ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ടാണ് അങ്ങിവിടെ വച്ചിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, 'റോഡ് സേഫ്റ്റി എഡ്യൂക്കേഷൻ ത്രൂ സ്കൂൾ - ഫെയ്സ് 2' എന്നത് ഏറ്റവും നല്ല പദ്ധതിയായി മാറിയിട്ടുണ്ട്. എൻ.എച്ച്. റോഡ് ആയാലും എം.സി. റോഡ് ആയാലും സ്ഥിരമായി റോഡ് അപകടങ്ങൾ ഉണ്ടാകുന്ന ധാരാളം സ്ഥലങ്ങളുണ്ട്. ഈ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; ട്രാഫിക് സുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ വളരെ ആർഭാടത്തോടുകൂടി സ്ഥാപിക്കാറുണ്ട്. പക്ഷേ കുറച്ച് കഴിയുമ്പോൾ അതിന്റെ പ്രവർത്തനം നടക്കുന്നില്ല. അത്തരം കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് അതിലൂടെ കുറ്റകൃത്യങ്ങൾ കണ്ടെത്തി ശിക്ഷിക്കുന്ന നടപടിയാണ് ഇപ്പോൾ നിലവിലുള്ളത്. അത്തരം ക്യാമറകൾക്ക് ചിലപ്പോൾ കേടുപാടുകൾ സംഭവിക്കാറുണ്ട്. അങ്ങനെ കേട് വരുമ്പോൾ അതാരും ശ്രദ്ധിക്കപ്പെടാതെ പോകുന്നുവെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം ശരിയാണ്. ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. അതിന്റെ സ്പെസിഫിക്കേഷൻ തയ്യാറാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടിയെടുത്തുവരികയാണ്. ട്രാഫിക് നിയമലംഘനം കണ്ടുപിടിക്കാനുള്ള ക്യാമറകൾ കെൽട്രോൺ, എയർടെൽ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് സ്ഥാപിച്ചിട്ടുള്ളത്. അറ്റകുറ്റപ്പണികൾ നടത്താനുള്ള ഉത്തരവാദിത്വം അവർക്കുണ്ടെങ്കിലും ഇതുപോലുള്ള ചില ന്യൂനതകളുമുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, ട്രാഫിക് രജിസ്ട്രേഷൻ സെൻസസ്സിന്റെ ഭാഗമായി പുതിയ ജോയിന്റ് ആർ.ടി. ഓഫീസുകൾ അനുവദിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. സെൻസസ്സിന്റെ ഭാഗമായി, ഇന്നത്തെ നിലയിൽ കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥലമാണ് വർക്കല. പ്രസ്തുത സ്ഥലം ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഇപ്പോഴത്തെ ബജറ്റ് പ്രസംഗത്തിൽ ആർ.ടി. ഓഫീസുകളില്ലാത്ത താലൂക്ക് ആസ്ഥാനങ്ങളിൽ ആർ.ടി. ഓഫീസുകൾ സ്ഥാപിക്കുന്നതാണെന്ന് പൊതുവേ പറയുകയും അവയുടെ എണ്ണം ആറായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വരുന്ന നമ്പറിന്റെ ബാഹുല്യം കണക്കിലെടുത്ത് ശാസ്ത്രീയമായ വിന്യാസമാണ് നടത്താൻ കഴിയുക. വർക്കല അതിൽപ്പെടുകയാണെങ്കിൽ തീർച്ചയായും മുൻഗണന നൽകുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, വാഹനാപകടങ്ങൾ വൻതോതിൽ വർദ്ധിച്ചു വരികയും ആളുകളുടെ വിലപ്പെട്ട ജീവൻ അപഹരിക്കപ്പെടുകയും ചെയ്യുന്ന പ്രവണത കൂടിവരികയാണ്. ഈ സാഹചര്യത്തിൽ സമഗ്ര പഠനം നടത്തി നിയമനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ അനിവാര്യമാണെങ്കിൽ അതിന് വകുപ്പ് പ്രത്യേകമായി മുൻകയ്യെടുക്കേണ്ടതുണ്ട്. ഏഷ്യയിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിനിൽ സർവ്വേയും പഠനവും നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ആളുകൾ വാഹനാപകടങ്ങളിൽ മരിക്കുന്ന പ്രദേശം വൈപ്പിനാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ജനങ്ങൾക്കിടയിൽ അതിശക്തമായ പ്രതിഷേധം വളർന്നുവരികയും വിദഗ്ദ്ധരുടെ പ്രത്യേക യോഗം വിളിച്ചുചേർത്ത് ഒരു സമഗ്രപദ്ധതി തയ്യാറാക്കുകയും 'ഇ-യാത്രാപദ്ധതി' എന്ന പേരിൽ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. പരമാവധി അപകടങ്ങൾ ഒഴിവാക്കാൻ കഴിയത്തക്കവിധത്തിൽ കണ്ടുകൊണ്ടായിരുന്നു ആ പദ്ധതി സമർപ്പിച്ചിരുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് അറിയാവുന്നതുമാണ്. ഞാറയ്ക്കൽ ബസ് സ്റ്റോപ്പിൽവച്ച് രണ്ട് കുട്ടികളുടെ മാതാവായ കവിത എന്ന സ്ത്രീ ഇന്നലെ വാഹനാപകടത്തിൽ മരണപ്പെടുകയുണ്ടായി. ഇന്നലെ ഞാൻ ആ വീട്ടിൽ പോയിരുന്നു. ഒരു പ്രത്യേക പ്രദേശത്തിന്റെ, മരണങ്ങളിലേയ്ക്ക് വഴിവെയ്ക്കുന്ന ആപത്കരമായൊരു സ്ഥിതിവിശേഷം,... ദുരന്തം ഒഴിവാക്കാൻ സമർപ്പിച്ച പ്രസ്തുത പദ്ധതി നിർദ്ദേശം സംബന്ധിച്ച് എന്താണ് ഗവൺമെന്റ് കണക്കാക്കുന്നത്; പ്രസ്തുത പദ്ധതിക്ക് അനുവാദം നൽകാമെന്ന് ആറേഴ് മാസങ്ങൾക്കുമുമ്പ് പറയുകയുണ്ടായി. പക്ഷേ പ്രത്യക്ഷത്തിൽ വേറെയൊന്നും കണ്ടില്ല. ഞാൻ ഇക്കാര്യം അങ്ങയോട് പലപ്രാവശ്യം ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്റെ മണ്ഡലത്തിൽ ഇന്നലെയും കൂടി ഒരു മരണമുണ്ടായ സാഹചര്യത്തിലാണ് ഞാൻ ഇക്കാര്യങ്ങൾ വിശദമായി പറഞ്ഞത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മളെയെല്ലാം ഉത്കണ്ഠപ്പെടുത്തുന്ന വിധത്തിൽ റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന വസ്തുത അംഗീകരിക്കാതിരിക്കാൻ സാധിക്കുന്നില്ല. പക്ഷേ അതിന് നിരവധി കാരണങ്ങളുണ്ട്. അതൊന്നും ഈ ചെറിയ സമയത്തിനിടയിൽ ഇവിടെ വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ മോട്ടോർ വാഹന വകുപ്പ് ഈ അപകടങ്ങൾ കർശനമായി നിയന്ത്രിക്കുന്നതിനാവശ്യമായ പരിശോധനകളും ശിക്ഷാനടപടികളും സ്വീകരിച്ചുവരികയാണ്. 2016-ൽ നടത്തിയ പരിശോധനയുടെ ഭാഗമായി 4,18,896 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാലും അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് ഈയൊരു ഉത്തരത്തിൽ നമുക്ക് ആശ്വസിക്കാൻ കഴിയുന്നതല്ല.

ബഹുമാനപ്പെട്ട അംഗം വൈപ്പിൻ മണ്ഡലവുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാനിനെക്കുറിച്ചാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. റോഡ് സുരക്ഷാ അതോറിറ്റി യുടെ പരിഗണനയ്ക്ക് വന്ന ഒരു പദ്ധതിക്കും അനുവാദം നൽകാതെ മാറ്റിവച്ചിട്ടില്ല. ദൗർഭാഗ്യവശാൽ, വൈപ്പിനിലെ പ്രസ്തുത പ്രോജക്ട് നിർദ്ദേശം റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ല. പ്രസ്തുത പദ്ധതി എന്തുകൊണ്ടാണ് വരാത്തതെന്ന് അന്വേഷിച്ച് അടുത്ത യോഗത്തിൽത്തന്നെ അത് പരിശോധിച്ച് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ച്, എം.സി. റോഡിൽ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന റിഫ്ലക്ടറുകളൊക്കെ നശിച്ച അവസ്ഥയിലാണുള്ളത്. അത് മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഭാരം കയറ്റിയ വലിയ വാഹനങ്ങൾ റോഡിന്റെ വശങ്ങളിൽ അനധികൃതമായി പാർക്ക് ചെയ്യുന്നതുവഴി പ്രത്യേകിച്ച് രാത്രി കാലങ്ങളിൽ നിരവധി അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അനധികൃത പാർക്കിംഗ്മൂലം രണ്ടുദിവസം മുമ്പ് എന്റെ മണ്ഡലത്തിൽ ഇത്തരത്തിൽ ഒരു വാഹനത്തിൽ ബൈക്ക് ഇടിച്ച് രണ്ടുപേർ മരിക്കുന്ന സാഹചര്യമുണ്ടായി. ഇത്തരത്തിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, അനധികൃത പാർക്കിംഗാണ് അപകടങ്ങൾ വർദ്ധിക്കുന്നതിനൊരു പ്രധാന കാരണം. റോഡ് സൈഡിൽ പ്രത്യേകിച്ചും നാഷണൽ ഹൈവേയുടെ ഓരങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് കുറ്റകരമാക്കിക്കൊണ്ടുള്ള നിയമം കേന്ദ്രസർക്കാർ പാസ്സാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കർശനമായ നടപടി സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജലസംരക്ഷണവും പരിപാലനവും

5 (*275) ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ ജലദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ജലസംരക്ഷണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശീയമായ കൂട്ടായ്മകളിലൂടെ ജലസംരക്ഷണവും പരിപാലനവും നടത്തുന്നതിന് ഊന്നൽ നൽകുമോയെന്ന് അറിയിക്കുമോ;

(സി) വാട്ടർ ബജറ്റിംഗിനും ഓഡിറ്റിനും ഊന്നൽ നൽകി ജലവിഭവ പരിപാലന പദ്ധതി കാര്യക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകുമോയെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ജലസംരക്ഷണത്തിനും മഴവെള്ളം സംഭരിക്കുന്നതിനും ഭൂഗർഭജലം പരിപോഷിപ്പിക്കുന്നതിനുമായി തദ്ദേശഭരണസ്ഥാപനങ്ങൾ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പുതിയ കുളങ്ങൾ, തടയണകൾ മഴവെള്ള സംഭരണികൾ തുടങ്ങിയവയുടെ നിർമ്മാണം, പുനരുദ്ധാരണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കിണറുകളിൽ മേൽക്കൂര മഴവെള്ള റീച്ചാർജിംഗ്, ഉറവിടത്തിൽ തന്നെ മഴവെള്ളം ഭൂഗർഭജലമായി മാറ്റാനുതകുന്ന പ്രവൃത്തികളായ കോണ്ടൂർ ബണ്ടിംഗ്, കോണ്ടൂർ ട്രെൻഞ്ചിംഗ്, മഴക്കുഴികൾ, തെങ്ങിനും കമുകിനും തടംതുറക്കൽ മുതലായ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ജലസംഭരണ പരിപാലന പ്രവർത്തനങ്ങളിൽ തദ്ദേശീയമായ കൂട്ടായ്മകളെയും സന്നദ്ധസംഘടനകളെയും ഉൾപ്പെടുത്തിവരുന്നുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകളെയും സംഭരണികളെയും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

**തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ**

6 (*276) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തെ വർദ്ധിച്ച പദ്ധതി ചെലവുകൾ പദ്ധതികളുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ പദ്ധതി പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; ഈ സാമ്പത്തിക വർഷം നാളിതുവരെയുള്ള പദ്ധതിച്ചെലവ് എത്ര ശതമാനമാണ്?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഇല്ല.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി തുക ചെലവഴിക്കുന്നതിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

2016-17 വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾക്ക് ഡി.പി.സി. അംഗീകാരം ലഭിക്കാൻ വൈകിയിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം എല്ലാ ദിവസവും മോണിറ്റർ ചെയ്തു വരുന്നു. ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നടത്തുന്ന മേഖലാതല അവലോകന യോഗങ്ങളിലും സംസ്ഥാനതല അവലോകന യോഗങ്ങളിലും പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സാമ്പത്തിക വർഷാരംഭത്തിൽ നിയമസഭാ തെരഞ്ഞെടുപ്പു നടന്നതും നവംബർ 2016 മുതൽ നോട്ടു നിരോധനംമൂലമുണ്ടായ പൊതു സാമ്പത്തിക പ്രതിസന്ധിയും വികസന പ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ സൃഷ്ടിച്ചു. വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും റിവ്യൂ നടത്തി ആവശ്യമായ നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) 6-3-2017 വരെ ഗ്രാമപഞ്ചായത്തുകൾ 30.63% തുകയും ജില്ലാ പഞ്ചായത്തുകൾ 24.34% തുകയും ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ മുനിസിപ്പാലിറ്റികളുടെ പദ്ധതി ചെലവ് 25.98%-ഉം കോർപ്പറേഷനുകളുടേത് 15.58%-ഉം ആണ്. ബ്ലോക്ക് പഞ്ചായത്തുകൾ നാളിതുവരെയായി 32.27% പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

7 (*277) ശ്രീ. ഡി. കെ. മുരളി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായുള്ള കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തത് കാരണം തൊഴിലാളികൾ നേരിടുന്ന പ്രയാസം കണക്കിലെടുത്ത് ഫണ്ട് നേടിയെടുക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ അനുമതിയില്ലാത്തത് ഈ പദ്ധതിയുടെ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ;

(സി) അർഹരായവർക്ക് പ്രതിവർഷം നൂറ് തൊഴിൽദിനം നൽകാൻ സാധ്യമാകാതെ പോകുന്നതിന്റെ മുഖ്യകാരണങ്ങൾ അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽനിന്നും അവിദഗദ്ധ കായിക വേതനമായി 1386.70 കോടി രൂപ ആറ് ഘട്ടങ്ങളിലായി (3-1-2017) വരെ അനുവദിച്ചിട്ടുണ്ട്. 18-1-2017-ൽ അടുത്ത ഗഡുവിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ കേന്ദ്ര സർക്കാരിൽനിന്നും അനുകൂല നടപടികൾ ഒന്നും ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നേരിട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് മുഖേന സംസ്ഥാനത്തിന് വേതനകുടിശ്ശികയുള്ള തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുസൃതമായി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുവാദം നൽകുന്നതിന് മുൻപ് സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അംഗീകരിച്ചിട്ടില്ല. കേന്ദ്ര ഗ്രാമവികസനമന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശം, കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഉത്തരവുകൾ, 2016-17-ലെ മാസ്റ്റർ സർക്കുലർ എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) എം.ഐ.എസ്.-മായി ബന്ധപ്പെട്ട ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് 100 ദിവസം തൊഴിൽ നൽകുന്നതിന് കഴിയാതെ വന്നിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 2-3-2017 മുതൽ MIS-ലുള്ള നിയന്ത്രണം എടുത്തുമാറ്റിയതിനാൽ 100 ദിവസം തൊഴിൽ ലഭിക്കാനുള്ള തടസ്സങ്ങൾ നീങ്ങിയിട്ടുണ്ട്.

## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

8 (*278) ശ്രീ. ആർ. രാജേഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. സ്വരാജ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും അവ സംഭരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അവയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഏതുവിധത്തിൽ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ന്യായമായ വില നൽകി ഇടനിലക്കാരെ ഒഴിവാക്കി വിപണനം നടത്തുന്നതിന് വിവിധ സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പിന്റെ കീഴിൽ നെടുമങ്ങാട്, ആനയറ, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആഴ്ചയിൽ നിശ്ചിത ലേല ദിവസങ്ങളിൽ കർഷകർക്ക് കാർഷികോല്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലം ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കും.

സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ഹോർട്ടികോർപ്പ് ന്യായവില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാല വഴി വില്പന നടത്തുന്നുണ്ട്. കർഷകരിൽനിന്നുള്ള ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലത്തിലൂടെ കൂട്ടായി വിപണനം ചെയ്യുന്നതുമൂലം കർഷകർക്ക് ന്യായമായ വില ലഭിക്കുന്നു.

നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതിപ്രകാരം കർഷകരിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയും ഓയിൽപാം ഇൻഡ്യ ലിമിറ്റഡ് വഴിയും നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.70 രൂപയും സംസ്ഥാന സർക്കാരിന്റെ സംഭരണവില കിലോയ്ക്ക് 22.50 രൂപയുമാണ്. ഇതിലൂടെ നെൽകർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് സാധിക്കുന്നു.

നാളികേരത്തിന് ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പച്ച നാളികേര സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ വഴി കേരഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതിയിൽ മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കായ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽ നിന്നും നേരിട്ട് നാളികേരം സംഭരിച്ചു വന്നിരുന്നത്. ഇപ്പോൾ നാളികേരത്തിന്റെ വിപണി വില സംഭരണ വിലയേക്കാൾ ഉയർന്നു നിൽക്കുകയാണ്. കർഷകർക്ക് പൊതു വിപണിയിൽ നിന്നും നല്ല വില ലഭിക്കുന്നുണ്ട്.

(ബി) ഉണ്ട്. അഗ്രോ സർവ്വീസ് സെന്ററിലെ അംഗങ്ങൾക്ക് വിവിധ കാർഷിക യന്ത്രങ്ങളുടെ ഉപയോഗം, സർവ്വീസ് എന്നിവ സംബന്ധിച്ച് കൃഷി പരിപാലന മുറകൾ, ആധുനിക കൃഷി രീതികൾ എന്നീ വിഷയങ്ങളിൽ വിശദമായ പരിശീലനം നൽകുന്നതിന് കാർഷിക സർവ്വകലാശാലയുടെയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെയും സേവനം ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും കാർഷിക കർമ്മസേനകൾ രൂപീകരിക്കുന്നതിനും കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മസേനകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനതലത്തിൽ ഇവയെ ഏകോപിപ്പിച്ച് ഫലപ്രദമായി കാർഷിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുമായി സംസ്ഥാന തലത്തിൽ ഒരു പ്രഗത്ഭനായ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കാനും കൃഷി വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്.

**ശുചിത്വ മിഷൻ**

9 (*279) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ശുചിത്വ മിഷൻ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഉറവിട മാലിന്യ സംസ്കരണത്തിന് വികേന്ദ്രീകൃത സാങ്കേതികവിദ്യകൾ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ശുചിത്വമിഷൻ സ്വീകരിച്ചിട്ടുള്ളത്;

(ഡി) മാലിന്യ സംസ്കരണം ജനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ഒരു ജനകീയ സംരംഭമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) (1) പുനഃചംക്രമണം, മറ്റ് പ്രകൃതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾ മുതലായവയ്ക്കുള്ള പ്രോത്സാഹനം

(2) ഉൽപ്പാദകന്റെ അധിക ഉത്തരവാദിത്വം (Extended Producer Responsibility) പ്രോത്സാഹിപ്പിക്കുന്നതിനും, അനുബന്ധ പരിപാടികൾക്കും ഇൻസെന്റീവ്.

(3) മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ/ചെറുകിട സംരംഭകർ എന്നിവർക്ക് നൽകുന്ന ധനസഹായം.

(4) പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതിനുപകരംവയ്ക്കാവുന്ന നവീന ഉൽപ്പന്നങ്ങൾക്കുള്ള പ്രോത്സാഹനം

(5) ദ്രവമാലിന്യ സംസ്കരണം (കക്കൂസ് മാലിന്യം ഉൾപ്പെടെ ഉള്ളത്).

(6) കക്കൂസ് മാലിന്യത്തിന്റെ സുരക്ഷിത ശേഖരണത്തിനും സംസ്കരണത്തിനായും ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തുവാനുമുള്ള സഹായം.

(സി) ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- കൂടുതൽ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക, സാങ്കേതിക വിദ്യകൾക്ക് അംഗീകാരം നൽകുക.
- വികേന്ദ്രീകൃത സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന സേവന ദാതാക്കളെ കണ്ടെത്തി എംപാനൽ ചെയ്യുക.
- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- സ്റ്റേക്ക്ഹോൾഡേഴ്സിനുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക.

(ഡി) ശുചിത്വം മാലിന്യ സംസ്കരണ മേഖലയിൽ ഊന്നൽ നൽകി ഹരിത കേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നത്തിന് ജനപങ്കാളിത്തത്തോടെ പരിഹാരം കാണുകയെന്നതാണ് ഹരിതകേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യം.

## കർഷക ക്ഷേമ ബോർഡ് രൂപീകരണം

10 (*280) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ കാർഷിക നയത്തിൽ ഉൾപ്പെട്ട കർഷകക്ഷേമ ബോർഡിന്റെ രൂപീകരണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന് സമയക്രമം തീരുമാനിച്ചിട്ടുണ്ടോ;

(ബി) കർഷകർക്കുള്ള വരുമാനം ഉറപ്പുവരുത്താൻ നിയമം (ഫാർമേഴ്സ് ഇൻകം ഗ്യാരണ്ടി ആക്ട്), അവകാശലാഭം, കർഷക ആത്മഹത്യയെ പ്രതിരോധിക്കുന്നതിനുള്ള വിവിധ പദ്ധതികൾ എന്നിവയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കഴിഞ്ഞ സർക്കാരിന്റെ 17-2-2016-ലെ മന്ത്രിസഭാ തീരുമാനപ്രകാരം കൃഷിയിലൂടെ ജീവിത മാർഗ്ഗം കണ്ടെത്തുന്നവരുടെ ക്ഷേമത്തിനായി ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്ന തീരുമാനവുമായി സർക്കാർ മുന്നോട്ട് പോവുകയാണ്.

(ബി) മാറിമാറി വന്ന കേന്ദ്ര സർക്കാരുകളുടെ നയങ്ങൾമൂലം രാജ്യത്ത് ലക്ഷക്കണക്കിന് കർഷകർ ആത്മഹത്യ ചെയ്തതായി പാർലമെന്റിൽത്തന്നെ കേന്ദ്ര സർക്കാർ കണക്കുകൾ നൽകിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യകൾ ഉണ്ടാകാതിരിക്കാൻ അതീവ ജാഗ്രത പുലർത്തും. കർഷകന് സർക്കാരിൽനിന്നും പൂർണ്ണ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യും. ഇതിനായി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്നതിനും കർഷക ആത്മഹത്യ പ്രതിരോധിക്കുന്നതിനും കൃഷി വകുപ്പ് കർഷക പെൻഷൻ, പ്രകൃതി ക്ഷോഭംമൂലം കൃഷി നാശം ഉണ്ടാകുന്ന കർഷകർക്ക് നഷ്ടപരിഹാരം, പച്ച തേങ്ങ സംഭരണം, ഓണം സമൃദ്ധി പദ്ധതി, നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കൽ, കാർഷിക വായ്പയ്ക്ക് തിരിച്ചടവ് മോറട്ടോറിയം, ഇ-പേയ്മെന്റ് സംവിധാനം, വിള ആരോഗ്യ ക്ലിനിക്കുകൾ, പ്രത്യേക കാർഷിക മേഖലകൾ, എക്കോ ഷോപ്പുകൾ, ശീതീകരണ ശൃംഖല, കർഷക മിത്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ, വിപണന പോർട്ടലുകൾ,

മൂല്യ വർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകൾ, സംയോജിത കൃഷി രീതിയും വ്യാപനവും എന്നീ പദ്ധതികൾ, നടപ്പിലാക്കിവരുന്നു. ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചും കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി സജ്ജമാക്കിയും കർഷകന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തിയും കർഷക ആത്മഹത്യയെ പ്രതിരോധിക്കുവാൻ മേൽ പരാമർശിച്ച വിവിധ പദ്ധതികൾ വഴി ലക്ഷ്യമിടുന്നു.

## മാലിന്യ നിർമ്മാർജ്ജനം

11 (*281) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പൊതുജനങ്ങളിൽനിന്ന് സ്വീകരിച്ച് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാതെ നശിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും സാധ്യമായ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽനിന്ന് ശേഖരിച്ച് പുനഃചംക്രമണം സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ആലോചിക്കുന്നുണ്ട്. തദ്ദേശഭരണ വകുപ്പിന്റെ 3119/ 2016/LSGD dated 17-11-2016 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികളിൽ പത്തുശതമാനം റോഡിലെങ്കിലും പത്തുശതമാനം പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ഈ ആവശ്യത്തിലേയ്ക്കായി 50 മൈക്രോണും അതിനുതാഴെ കനം വരുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഷ്രഡഡ് പ്ലാസ്റ്റിക് ഇതിനായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുകയും, ടി പ്ലാസ്റ്റിക്കുകൾ ആവശ്യാനുസരണം ലഭ്യമാക്കാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 30 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 13.5 ടൺ ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ കൈമാറുകയും പൊതുമരാമത്ത് നിരത്തുകൾ നിർമ്മിക്കുന്നതിനായി 8 ടൺ ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതി വിഭാവനം ചെയ്യുന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നും, മുനിസിപ്പാലിറ്റികളിൽ

ഒന്നും, കോർപ്പറേഷനുകളിൽ അഞ്ചും ഷ്രഡഡ് യൂണിറ്റുകൾ സ്ഥാപിച്ച് സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യാനുതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ജൈവ മാലിന്യങ്ങൾ പരമാവധി ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കണമെന്നതാണ് പൊതുസമീപനം

(ബി) ബാധകമല്ല.

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന**

12 (*282) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ പുനരുദ്ധരിച്ചുവെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. ആകെ 574.35 km റോഡിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചു. അതിൽ അനുബന്ധം ഒന്ന് പ്രകാരം 319.94 km റോഡിനുള്ള അംഗീകാരം ലഭിച്ചു. അനുബന്ധം രണ്ട് പ്രകാരം 254.41 km റോഡിനുള്ള അംഗീകാരം ലഭിക്കാനുണ്ട്.

(ബി) 281.495 കിലോമീറ്റർ ദൈർഘ്യം വരുന്ന 118 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 217.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കൂടുതൽ ഗ്രാമീണ റോഡുകൾ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

13 (*283) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരത്തെക്കുറിച്ച് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുമുള്ള സംവിധാനം എന്താണ്;

(സി) പദ്ധതി പ്രകാരം നിലവിൽ ഏത് തരത്തിലുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കുന്നതെന്നും ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകികൊണ്ട് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ സാധ്യമാകുമോ എന്നും അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് സാമ്പത്തിക വർഷം നാളിതുവരെ 32.15 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. നാളിതുവരെ 14.21 ലക്ഷം കുടുംബങ്ങൾക്കായി 587.98 ലക്ഷം തൊഴിൽദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തൊഴിൽദിനങ്ങൾ 941 ഗ്രാമ പഞ്ചായത്തുകളിലെയും 3.22 ലക്ഷം പ്രവൃത്തികളിലേയ്ക്കാണ് വിനിയോഗിച്ചിട്ടുള്ളത്. ആരംഭിച്ച പ്രവൃത്തികളിൽ 1.19 ലക്ഷം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് കേന്ദ്ര സർക്കാർ ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഓരോ തൊഴിൽ സ്ഥലത്തും തൊഴിലിനെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങുന്ന ബോർഡ് എല്ലാ പൗരന്മാർക്കും വായിക്കാൻ പാകത്തിൽ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതോടൊപ്പം പദ്ധതി പ്രകാരം ഓരോ വാർഡിലും അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികളും പരിശോധിക്കുന്നതിനായി ഒരു പ്രാദേശിക സമിതി ഉണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തി സ്ഥലത്ത് മസ്റ്റർറോൾ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നീ പ്രധാനപ്പെട്ട രേഖകൾ ബഹുജനങ്ങൾക്ക്

പരിശോധിക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിന് ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംസ്ഥാന സർക്കാർ രൂപീകരിച്ച് സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാവശ്യപ്പെടുന്ന ഏതൊരു ഗ്രാമീണ കുടുംബത്തിനും ചുരുങ്ങിയത് നൂറ് ദിവസം അവിദഗ്ദ്ധ കായിക തൊഴിൽ നൽകുന്നതിനോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉത്പാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയും ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഈടുറ്റതും കാണാൻ കഴിയുന്നതും അളക്കുവാൻ കഴിയുന്നതും ആവർത്തന സ്വഭാവമില്ലാത്തതുമായ പ്രവൃത്തികൾ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുൻവർഷത്തെ സാധന സാമഗ്രികളുടെ ചെലവിനേക്കാൾ കൂടുതൽ തോതിൽ നടപ്പുവർഷം ചെലവ് രേഖപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

**ഹൈഡ്രോഫോയിൽ അതിവേഗ യാത്രാബോട്ടുകൾ**

14 (*284) ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-കോഴിക്കോട് ജലപാതയിൽ ഹൈഡ്രോഫോയിൽ എന്ന അതിവേഗ യാത്രാബോട്ടുകൾ ഓടിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത യാത്രാബോട്ടിന്റെ സേവനം വിഴിഞ്ഞത്തേക്ക് നീട്ടുന്നത് പരിഗണിക്കുമോ;

(സി) വിഴിഞ്ഞം-കന്യാകുമാരി അതിവേഗ ജലപാതയാത്ര സംബന്ധിച്ച് പഠനം നടത്തുമോ; വിശദാംശങ്ങൾ നൽകുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) തീരദേശക്കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയതിന്റെ ഭാഗമായി കൊച്ചി-കോഴിക്കോട് ജലപാതയിൽ ഹൈഡ്രോഫോയിൽ എന്ന സ്വകാര്യ അതിവേഗ യാത്രാക്കപ്പൽ ഓടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. Safe Boat trip. Pvt Ltd എന്ന കമ്പനിയാണ് ടി കപ്പൽ ഓടിക്കുന്നത്. ഇതിനായുള്ള യാത്രാക്കപ്പലിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) കൊച്ചി-കോഴിക്കോട് ജലപാതയിൽ സർവ്വീസ് ആരംഭിച്ചശേഷം പ്രവർത്തന പുരോഗതി വിലയിരുത്തി സർവ്വീസ് മറ്റ് സ്ഥലങ്ങളിലേയ്ക്ക് നീട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) വിഴിഞ്ഞം-കന്യാകുമാരി അതിവേഗ ജലപാത യാത്ര സംബന്ധിച്ച് പഠനം നടത്തുന്നതിന് National Training Planing and Research Centre (NATPAC)-നെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന ഫീസുകൾ**

15 (*285) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ മോട്ടോർ വാഹന ഫീസുകൾ കുത്തനെ കൂട്ടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മോട്ടോർ വാഹന സേവനങ്ങൾക്ക് സേവന ഫീസെന്ന നിലയിൽ സംസ്ഥാന സർക്കാർ ഫീസ് ഈടാക്കുന്നുണ്ടോ;

(സി) ഓരോ സേവനത്തിനും ഈടാക്കുന്ന കേന്ദ്രനിരക്കും സംസ്ഥാനം ഈടാക്കുന്ന സേവനഫീസും വ്യക്തമാക്കുമോ;

(ഡി) സാധാരണക്കാരെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രതീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) 29-12-2016-ലെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ ജി.എസ്.ആർ.1183/(E) പ്രകാരമുള്ള മോട്ടോർ വാഹന ചട്ടം 32 പ്രകാരം ലൈസൻസ് സംബന്ധമായ ഫീസുകളും ചട്ടം 81 പ്രകാരം വാഹന രജിസ്ട്രേഷൻ സംബന്ധമായ ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമായതിനെ തുടർന്ന് ഏർപ്പെടുത്തിയ FAST (Fully Automated Service of Transport Department) പ്രോജക്ടിന്റെ ഭാഗമായി 16-4-2007 മുതൽ സർവ്വീസ് ചാർജ്ജ് മോട്ടോർവാഹന വകുപ്പ് ഈടാക്കിവരുന്നു.

(സി) പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഫീസ് വർദ്ധനയിലെ സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് മേൽ ഫീസ് വർദ്ധനയിൽ പിഴത്തുക 29-12-2016 മുതൽ മാത്രം നടപ്പാക്കിയാൽ മതിയെന്നും പഴയ സമയത്തേത് ഒഴിവാക്കാനും കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

**തുറമുഖ വികസനം**

16 (*286) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-വൻകിട തുറമുഖങ്ങൾ വികസിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട-വൻകിട തുറമുഖങ്ങളിൽ എന്തെല്ലാം വ്യവസായ വാണിജ്യ ഇടപാടുകളാണ് നടത്തിവരുന്നത്; വിവരിക്കുമോ;

(സി) ചരക്കു ഗതാഗതം നടത്താനായി ഈ തുറമുഖങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>):

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇവയിൽ ആലപ്പുഴ തീരദേശ യാത്രാക്കപ്പൽ സർവ്വീസിനുവേണ്ടി പാസഞ്ചർ ടെർമിനലായിട്ടാണ് വികസിപ്പിക്കുന്നത്. പൊന്നാനി തുറമുഖം പി.പി.പി. മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് വികസിപ്പിക്കുന്നത്.

(ബി) ചെറുകിട തുറമുഖങ്ങളാണ് തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. ഇവയിലൂടെ ചരക്ക്-യാത്രാ കപ്പൽ സർവ്വീസുകൾ നടത്തിവരുന്നു. വിഴിഞ്ഞം, കൊല്ലം തുറമുഖങ്ങളിൽ അന്താരാഷ്ട്ര ചരക്ക് ഗതാഗതം നടത്തിവരുന്നു. ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽനിന്നും ലക്ഷദ്വീപിലേയ്ക്കാണ് ചരക്ക് നീക്കം പ്രധാനമായും നടന്നുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ റിപ്പോർട്ട് അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

## ഫാമുകളുടെ ആധുനികവൽക്കരണം

17 (*287) ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിളകളിലും കൃഷി സമ്പ്രദായങ്ങളിലും കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന ആഘാതം സംബന്ധിച്ച് പഠനം നടത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി പ്രത്യേക ഗവേഷണ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്റ്റേറ്റ് ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനും അവയുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വിദഗ്ദ്ധ സഹായത്തോടെ ഒരു പ്രോജക്ട് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന ആഘാതം വിവിധ വിളകളിൽ എങ്ങനെ ബാധിക്കുന്നുവെന്നത് സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാലയിൽ പല പഠനങ്ങളും നടത്തിയിട്ടുണ്ട്. നെല്ല്, തെങ്ങ്, കശുമാവ്, കാപ്പി, കുരുമുളക്, ഏലം, കവുങ്ങ് ഇവയുടെ വിളവിനെ കാലാവസ്ഥാ ഘടകങ്ങൾ സ്വാധീനിക്കുന്നതിനെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്.

വിവിധ വിളകളിലും കൃഷി സമ്പ്രദായങ്ങളിലും കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന ആഘാതം സംബന്ധിച്ച് കൂടുതൽ വസ്തുനിഷ്ടമായ പഠനങ്ങൾ നടത്തിവരികയാണ്. നെല്ല്, കുരുമുളക്, വാഴ ഇവയിൽ കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന മാറ്റങ്ങളും രോഗ-കീടബാധകളും പഠനവിധേയമാണ്. കൂടാതെ കൃഷിക്കാരുടെ അറിവുകളും ആധുനിക ശാസ്ത്ര നിരീക്ഷണവുമായി ബന്ധപ്പെടുത്തുന്ന പഠനവും നടക്കുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള പ്രധാന ഗവേഷണ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു:

1. അത്യുഷ്ണത്തെ (താപനില) ചെറുത്തു നിൽക്കാനുള്ള നെല്ലിനങ്ങളുടെ പഠനം

2. തീരപ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന ഉപ്പുരസത്തെ പ്രതിരോധിക്കാൻ കഴിവുള്ള നെല്ലിനങ്ങൾ വികസിപ്പിക്കുക, സാധാരണ പ്രചാരത്തിലുള്ള ഉമ, ജ്യോതി എന്നീ നെല്ലിനങ്ങളിൽ ഉപ്പുരസത്തെ ചെറുക്കാനുതകുന്ന "സാൾട്ടോൾ" എന്ന ജീനിനെ സന്നിവേശിപ്പിച്ചുകൊണ്ട് പുതിയ ഇനം ഉരുത്തിരിക്കാനുള്ള ഗവേഷണം അന്തിമഘട്ടത്തിലാണ്.

3. മാറിവരുന്ന കാലാവസ്ഥയിൽ അപ്രധാനമെന്നുകണ്ട പല കീടങ്ങളും ഗൗരവമേറിയ പ്രശ്നമായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നതിനാൽ ഈ ദിശയിലും ഗവേഷണ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

   കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അഞ്ച് മേഖലാ കേന്ദ്രങ്ങളിൽനിന്നും കാലാവസ്ഥയും കൃഷിയും സംബന്ധിച്ച സാങ്കേതിക നിർദ്ദേശങ്ങൾ കേരളത്തിലെ 14 ജില്ലകളിലെ 3 ലക്ഷം കർഷകർക്ക് ആഴ്ചയിൽ 2 തവണ വീതം അയച്ചു കൊടുക്കുന്നുമുണ്ട്.

(ബി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനായി കൃഷി ഫാമുകളിൽ ആധുനികവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ഹൈടെക് ഫാമിംഗ് പ്രവർത്തനങ്ങളിലൂടെ പോളിഹൗസുകളുടെ നിർമ്മാണം, ആധുനിക ജലസേചന മാർഗ്ഗങ്ങളുടെ ഉപയോഗം, (കണിക ജലസേചനം, സ്പ്രിംഗ്ളർ, ഫെർട്ടിഗേഷൻ മുതലായവ) ടിഷ്യൂകൾച്ചർ മുതലായ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തൈകളുടെ ഉല്പാദനം, പുതിയ ഇനം പഴവർഗ്ഗ വിളകൾ, കുരുമുളകു വള്ളികൾ, സുഗന്ധ വിളകൾ എന്നിവ ഉൾപ്പെടുത്തി മാതൃതോട്ടങ്ങളുടെ (പ്രോജനി ഓർച്ചാഡ്) വിപുലീകരണം, ഫാമുകളിൽ മണ്ണ്, ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക, സാധ്യമാകുന്ന എല്ലാ ഫാമുകളിലും

ഡെയറി യൂണിറ്റുകൾ സ്ഥാപിച്ച് ജൈവ കൃഷിക്കുള്ള പ്രോത്സാഹനവും പ്രചരണവും നൽകുക, വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽനിന്നും ഫാമുകളിലെ വിളകളെ സംരക്ഷിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. WAPCO-സിന്റെ സഹകരണത്തോടുകൂടി ഫാമുകൾ നവീകരിക്കുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ നെല്ലിയാമ്പതി, നേര്യമംഗലം എന്നീ ഫാമുകളിലെ നവീകരണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

(സി) പരിശോധിച്ച് വരികയാണ്.

**പ്രധാനമന്ത്രി ആവാസ് യോജന**

18 (*288) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പ്രകാരം സംസ്ഥാനത്തിന് എത്ര വീടുകളാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പി.എം.എ.വൈ.-യിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വീടിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര-സംസ്ഥാന വിഹിതമായി എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്;

(ഇ) മുൻവർഷങ്ങളിൽ ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഐ.എ.വൈ.-ക്ക് പകരം ആവിഷ്കരിച്ച പി.എം.എ.വൈ. പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 32559 വീടുകൾ.

(ബി) ഇല്ല. 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പട്ടിക പ്രകാരമാണ് പി.എം.എ.വൈ.(ജി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത പട്ടികയിൽ അർഹതയുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഭവനരഹിതരായ നിരവധി കുടുംബങ്ങൾ പട്ടികയ്ക്ക് പുറത്തുണ്ട്.

(സി) 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പട്ടിക പ്രകാരമാണ് അർഹതയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(ഡി) 2016-17 സാമ്പത്തിക വർഷം ഒന്നാം ഗഡുവായി 151.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| കേന്ദ്ര വിഹിതം | - | 91.13 കോടി |
| സംസ്ഥാന വിഹിതം | - | 60.76 കോടി |

(ഇ) അത്തരം വീടുകൾ പൂർത്തിയാക്കുന്നതിന് PMAY പ്രകാരം പദ്ധതികളില്ല. എന്നാൽ ഇനിയും പൂർത്തിയാക്കാത്ത വീടുകൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും സി. എസ്. ആർ. ഫണ്ടുകൾ ഉപയോഗിച്ചും പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മേഡ് ഇൻ കേരള ബ്രാന്റ്

19 (*289) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുഗന്ധവ്യഞ്ജനങ്ങളും നാളികേരവുമുൾപ്പെടെ എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കുമായി 'മേഡ് ഇൻ കേരള' എന്ന ബ്രാന്റ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി അന്തർദ്ദേശീയ നിലവാരത്തിലുള്ള സാങ്കേതികവിദ്യകൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ആധുനിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത്തരം യൂണിറ്റുകളുടെ ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) കേരളത്തിന്റെ തനതും പരമ്പരാഗതവും തദ്ദേശീയവുമായ കാർഷിക വിഭവങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി കേരള അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ സംസ്ഥാന കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായി കേരള ഓർഗാനിക് എന്ന പേരിൽ ഓർഗാനിക് പച്ചക്കറിയുടെ വിപണനം ഈ വർഷം വിഷുവിന് ആരംഭിക്കുന്നതാണ്.

(ബി) കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാനുദ്ദേശിച്ചിട്ടുണ്ട്. കർഷകർക്കും ചെറുകിട ഇടത്തരം കൃഷി സംരംഭകർക്കും അന്താരാഷ്ട്ര ഗുണനിലവാരത്തിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമായ യന്ത്രസാമഗ്രികളും സജ്ജീകരണങ്ങളും സാങ്കേതികവിദ്യയും ഒരുക്കിക്കൊടുക്കുന്നതിന് മുന്നോടിയായി സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2016 ഡിസംബർ മാസത്തിൽ 'വൈഗ 2016' എന്ന പേരിൽ അന്താരാഷ്ട്ര ശിൽപശാല നടത്തിയിരുന്നു.

(സി) പ്രത്യേക സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി സ്ഥാപിക്കാനുദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ കിഫ്ബിയുടെ ധനസഹായത്തോടെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 15 അഗ്രോ പാർക്കുകൾ കിഫ്ബിയുടെ ധനസഹായത്തോടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്കുകൂടി പ്രാമുഖ്യമുള്ള കേരള അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കുന്നതിനും ഇന്ത്യൻ കമ്പനീസ് ആക്ടിനുകീഴിൽ രജിസ്റ്റർ ചെയ്ത് കാർഷിക സംസ്കരണ മേഖലയെ പുനരുദ്ധരിക്കുന്നതിനും കർഷകരെ വിപണിയുമായി ബന്ധിപ്പിച്ച് മൂല്യ വർദ്ധനവിനെ പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തരവും അന്താരാഷ്ട്ര വിപണനവും സാധ്യമാക്കുന്നതിനുള്ള അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനും അഗ്രോ ബസാർ പച്ചക്കറികളും പഴങ്ങളും സംസ്കരിക്കുന്നതിനുള്ള വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ കേരള അഗ്രി ബിസിനസ്സ് കമ്പനി മുഖേന നടപ്പിലാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്.

## ഫോർ ദി പീപ്പിൾ പോർട്ടൽ

20 (*290) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ അഴിമതികളെക്കുറിച്ചും വീഴ്ചകളെക്കുറിച്ചും 'ഫോർ ദി പീപ്പിൾ' പോർട്ടലിൽ കിട്ടിയിട്ടുള്ള പരാതികളിൽ എത്രയെണ്ണത്തിന് ഇതുവരെ പരിഹാരം കണ്ടു;

(ബി) തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ സംബന്ധിക്കുന്ന പരാതി ഈ പോർട്ടൽ വഴി നൽകുവാൻ കഴിയുമോ; ഇല്ലെങ്കിൽ അതിനുള്ള അവസരം കൂടി നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 'ഫോർ ദി പീപ്പിൾ' പോർട്ടലിൽ 8-3-2017 വരെ ലഭിച്ച 245 പരാതികളിൽ 184 എണ്ണത്തിന് തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല; ഇപ്പോൾ പരിഗണനയിലില്ല.

## വാഹനങ്ങളിലെ അതിപ്രകാശമുള്ള ലൈറ്റുകൾ

21 (*291) ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമത്തിൽ, വാഹനങ്ങളിൽ അതിപ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിയമത്തിൽ വ്യവസ്ഥയില്ലാത്ത ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിച്ചു കൊടുക്കുന്നത് ഏത് ചട്ടപ്രകാരമാണ്;

(സി) ഇത്തരം ലൈറ്റുകൾ നിർമ്മാണവേളയിൽത്തന്നെ ഫിറ്റ് ചെയ്തതാണെന്ന ഒറ്റകാരണത്താൽ, പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിച്ചു കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പഴയവാഹനങ്ങളിൽ പ്രസ്തുത ലൈറ്റ് ഘടിപ്പിക്കുന്നതിന് ഫൈൻ ഈടാക്കുകയും പുതിയവയ്ക്ക് ആയത് അനുവദിച്ച് രജിസ്ട്രേഷൻ കൊടുക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരം ലൈറ്റുകളുടെ അതിതീവ്രമായ വെളിച്ചം എതിരെ വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ കാഴ്ചമറച്ച് അപകടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി പ്രസ്തുത ലൈറ്റുകൾ ഉപയോഗിക്കുന്ന പുതിയതോ പഴയതോ ആയ എല്ലാത്തരം വാഹനങ്ങൾക്കും അനുമതി നിഷേധിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 138(5) പ്രകാരം p 45 t cap ഉള്ള ഹാലജൻ ലൈറ്റുകൾ ഹെഡ് ലൈറ്റായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. കൂടാതെ ഹാലജൻ ബൾബിന്റെ വാട്ടേജ് 24 വോൾട്ട് സിസ്റ്റത്തിന് 70/75 വാട്ട്സിൽ കൂടുവാനോ 12 വോൾട്ട് സിസ്റ്റത്തിന് 60/65 വാട്ട്സിൽ കൂടുവാനോ പാടുള്ളതല്ല.

(ബി&സി) 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 126 പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള ദേശീയതലത്തിലുള്ള വാഹന ടെസ്റ്റിംഗ് ഏജൻസികൾ പരിശോധിച്ച് അപ്രൂവൽ നൽകിയിട്ടുള്ള വാഹനങ്ങൾ മാത്രമാണ് മോട്ടോർവാഹന വകുപ്പ് രജിസ്റ്റർ ചെയ്തുനൽകുന്നത്. ലൈറ്റുകളുടെ പ്രകാശ തീവ്രത ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായ പരിശോധനകൾ നടത്തി മാത്രമാണ് ഇത്തരം ഏജൻസികൾ വാഹനങ്ങൾക്ക് അപ്രൂവൽ നൽകുന്നത്. അതിനാൽ നിരോധിക്കപ്പെട്ട തരത്തിലുള്ള ലൈറ്റുകൾക്ക് അപ്രൂവലും അതിന്റെ അടിസ്ഥാനത്തിലുള്ള രജിസ്ട്രേഷനും ലഭിക്കുകയില്ല.

(ഡി) രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം വാഹന ഉടമകൾ പ്രകാശ തീവ്രത കൂടിയ ലൈറ്റുകളും കൂടുതൽ ലൈറ്റുകളും വാഹനത്തിൽ ഘടിപ്പിക്കുന്നതായിട്ടാണ് പരിശോധനയിൽ വ്യക്തമാവുന്നത്. ഈ സാഹചര്യത്തിലാണ് ഇത്തരം നിയമലംഘകരിൽ നിന്നും പിഴ ഈടാക്കുന്നത്.

(ഇ) മോട്ടോർവാഹന വകുപ്പ് രാത്രികാല പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രകാശ തീവ്രത കണ്ടുപിടിക്കാനായി ലക്സ് മീറ്റർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങാൻ മോട്ടോർവാഹന വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങളെ നിരോധിക്കുന്നതിനുള്ള നിയമം ഇപ്പോൾ നിലവിലില്ല. ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, വാഹനങ്ങൾക്ക് താൽക്കാലിക സ്റ്റോപ്പ് മെമ്മോ നൽകി ഇത്തരം ലൈറ്റുകൾ മാറ്റിയതിനുശേഷം മാത്രമേ നിരത്തിൽ തുടർന്ന് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നുള്ളൂ.

## ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

22 (*292) ശ്രീമതി സി. കെ. ആശ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് പിഴ ചുമത്തി പ്രവർത്തനാനുമതി നല്കുന്നതിനായി ബന്ധപ്പെട്ട നിയമം ഭേദഗതി ചെയ്യുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(ബി) 2008-ലെ നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാബാങ്കിന് വിരുദ്ധമായി ഭൂമി തരംതിരിച്ച് നിർമ്മിച്ച കെട്ടിടങ്ങളെ ഇത്തരത്തിൽ പിഴ ഈടാക്കി നിയമനടപടികളിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ പിഴയിനത്തിൽ എത്ര രൂപയാണ് ഈടാക്കാനുദ്ദേശിക്കുന്നത്;

(സി) സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങളെ ഇത്തരത്തിൽ നിയമനടപടികളിൽ നിന്ന് ഒഴിവാക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) നിസ്സാര കാരണങ്ങൾകൊണ്ട് വീടുകൾക്ക് നമ്പർ ലഭിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാനത്ത് പണി പൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾ പിഴ ചുമത്തി ക്രമവത്ക്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പരിശോധിച്ചുവരുന്നു.

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ. നമ്പർ നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകിക്കൊണ്ട് 16-11-2016-ലെ സ.ഉ.(എം.എസ്.) നമ്പർ /170/2016/തസ്വഭവ ഉത്തരവും 23-11-2016-ലെ സ.ഉ.(എം.എസ്.) നമ്പർ /174/2016/തസ്വഭവ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

23 (*293) ശ്രീ. കെ. ദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ശശി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; കൂടുതൽ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നടപ്പു സാമ്പത്തികവർഷം പ്രസ്തുത പദ്ധതി മുഖേന എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നു:

1. ജലസംരക്ഷണവും ജല കൊയ്ത്തും
2. വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവൽക്കരണ പ്രവൃത്തികൾ)
3. മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ
4. എസ്.സി./എസ്.ടി./കേന്ദ്രാവിഷ്കൃത പദ്ധതികൾ/ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിൽ ജലസൗകര്യമൊരുക്കൽ
5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനർനിർമ്മാണം

6. ഭ്രവികസനം

7. വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും കുളസംരക്ഷണ പ്രവർത്തനങ്ങളും

8. BSUP/HSDP/KSUDP/SJSRY/RAY പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുപൂരക പ്രവർത്തനങ്ങളും ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികൾ

9. കോളനി നവീകരണ പ്രവൃത്തികൾ

10. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മഴക്കുഴി നിർമ്മാണം, സോക്പിറ്റ് നിർമ്മാണം, കിണർ റീചാർജിംഗ്, മൂന്നു മീറ്റർ വീതിവരെയുള്ള റോഡുകളിൽ ഇന്റർലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ, ക്ഷീരകർഷകർക്ക് കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിന് വാനം വെട്ടുക മുതലായ പ്രവൃത്തികൾക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പത്താമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്

11. സംസ്ഥാന നഗരതൊഴിലുറപ്പ് കൗൺസിലിലെ ശിപാർശ പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിക്കുന്ന ഇതര പ്രവൃത്തികൾ.

(സി) ഉണ്ട്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിലുള്ള തൊഴിലാളികളുടെ ദിവസവേതനം 240 രൂപയാക്കി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന 2,72,074 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ച് വരുന്നു.

## വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

24 (*294) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ റോഡപകടത്തിൽ 4300 ഓളം പേർക്ക് ജീവഹാനിയും അരലക്ഷത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത സാഹചര്യത്തിൽ വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളുടെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) അശ്രദ്ധമായ ഡ്രൈവിംഗും അമിതവേഗതയും കർശനമായി തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(സി) വലിയ വാഹനങ്ങളുടെയും സ്റ്റേജ് കാര്യേജുകളുടെയും വേഗത നിയന്ത്രണത്തിനായി സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടും ഇത്തരം വാഹനങ്ങളുടെ വേഗത നിയമാനുസൃത പരിധിയിലാക്കി നിയന്ത്രിക്കാൻ സാധ്യമാകാതെ പോകുന്നതെന്തുകൊണ്ടാണ്;

(ഡി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നിവയുടെ ഇടപെടൽ ഫലം കാണാതെ പോകാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) അവലോകനം ചെയ്തിട്ടുണ്ട്. അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗുമാണ് അപകടങ്ങളുടെ മുഖ്യ കാരണമായി കണ്ടുവരുന്നത്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിലേയ്ക്കുമായി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ, മഴക്കാലത്തിന് മുന്നോടിയായി പ്രീമൺസൂൺ പരിശോധനകളും നടത്തി വരുന്നുണ്ട്. റോഡ് സുരക്ഷ സംബന്ധിച്ച അവബോധം വളർത്തുന്നതിലേയ്ക്കായി വിവിധ വിഭാഗങ്ങൾക്കുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു. കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തെ പരിശോധനകളുടെ വിശദ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

| | 2014 | 2015 | 2016 |
|---|---|---|---|
| അമിതവേഗം | 217425 | 326749 | 81591 |
| സിഗ്നൽ തെറ്റിക്കൽ | 12645 | 15451 | 8908 |
| മദ്യപിച്ച് വാഹനമോടിക്കൽ | 11131 | 4530 | 4380 |
| വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഉപയോഗിച്ചത് | 4105 | 3564 | 3739 |
| ഓവർലോഡ് | 24700 | 8051 | 7097 |
| ഹെൽമറ്റ് ഉപയോഗിക്കാത്തത് | | 93600 | 89081 |
| ലൈസൻസ് സസ്പെന്റ് ചെയ്തത് | 18251 | 13229 | 11127 |

2016-ാമാണ്ടിൽ ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ച് നടത്തിയ പരിശോധനകളിൽ താഴെ പറയുന്ന കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കപ്പെട്ടുകയുണ്ടായി:

| | | |
|---|---|---|
| അമിതവേഗം | - | 2996 |
| അപകടകരമായ ഡ്രൈവിംഗ് | - | 3939 |
| അപകടകരമായ പാർക്കിംഗ് | - | 1097 |
| മദ്യപിച്ച് വാഹനമോടിക്കൽ | - | 6 |
| ബസ്സുകളുടെ അമിതവേഗത | - | 214 |
| മറ്റുള്ളവ | - | 22006 |
| അമിതഭാരം | - | 2885 |
| അന്തരീക്ഷ മലിനീകരണം | - | 1376 |
| ആകെ ചെക്ക് റിപ്പോർട്ടുകൾ | - | 47393 |
| പിഴ | - | 4,73,00,429 |

(ബി) അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗും റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയുമാണ് അപകടങ്ങളുടെ മുഖ്യഹേതു. അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗുമടക്കമുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകളായ മോട്ടോർ വാഹന-പോലീസ് വകുപ്പുകളുടെ നേതൃത്വത്തിൽ തീയതികൾ

മുൻകൂർ നിശ്ചയിച്ച് ഒരു "ആക്ഷൻ പ്ലാൻ" നടപ്പിലാക്കിവരികയാണ്. റോഡ് സുരക്ഷാ വാരാചരണത്തിനായി റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് നൽകി വരുന്നു. ഇതിനുപുറമേ, റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള, അനുബന്ധ വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും ക്യാംപയിനുകൾക്ക് അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഫണ്ട് അനുവദിച്ചു വരുന്നു. റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് ദൃശ്യ - ശ്രവ്യ മാധ്യമങ്ങളുടെ സാധ്യതയും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. പ്രീലേണേഴ്സ് പരിശീലനം, ട്രാൻസ്പോർട്ട് വാഹന ഡ്രൈവർമാർക്കുള്ള പരിശീലനം എന്നിവയ്ക്കായി മോട്ടോർ വാഹന വകുപ്പിന് 15 കോടി രൂപ അനുവദിക്കാൻ 18-1-2017-ൽ നടന്ന 32-ാമത് റോഡ് സേഫ്റ്റി അതോറിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. 2020-ാമാണ്ടോടെ റോഡപകടങ്ങൾ പകുതിയായി കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി നാറ്റ്പാക്കിന്റെ സഹായത്തോടെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും റോഡ് സേഫ്റ്റി പോളിസിയും തയ്യാറാക്കുകയും ഇത് 32-ാമത് അതോറിറ്റി മീറ്റിംഗ് അംഗീകരിക്കുകയും ചെയ്തു. ഇവ മേൽ നടപടികൾക്കായി അനുബന്ധ വകുപ്പുകൾക്കയച്ചുകൊടുത്തിട്ടുണ്ട്.

(സി) സ്പീഡ് ഗവർണർ നിർബന്ധമാക്കി വേഗതാ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, സമയബന്ധിതമായ റിപ്പയർ വർക്കിന്റെയും, ഉപകരണങ്ങൾ തകരാറിലാകുന്നതുമൂലവും പല സമയങ്ങളിലും വേഗതാ നിയന്ത്രണത്തിൽ അപാകതകൾ കണ്ടുവരുന്നുണ്ട്. മനഃപൂർവ്വമായ തകരാറുകൾ വരുത്തുന്ന വാഹന ഉപയോക്താക്കൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിരന്തരമായ വാഹന പരിശോധനകൾ കൊണ്ട് വേഗതാ നിയന്ത്രണത്തിൽ ഫലപ്രദമായ പരിവർത്തനം ഉണ്ടാക്കാൻ കഴിയുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ വാഹനപെരുപ്പത്തിന് ആനുപാതികമായി വാഹനാപകടങ്ങൾ കൂടുന്നില്ല എന്നത് അതോറിറ്റിയുടെയും കൗൺസിലുകളുടെയും പ്രവർത്തനഫലം കൂടിയാണ്. റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ, അനുബന്ധ വകുപ്പുകളുടെയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെയും മറ്റ് ഏജൻസികളുടെയും പ്രൊപ്പോസലുകൾക്ക് അതോറിറ്റി യോഗത്തിന്റെ അംഗീകാരത്തിന് വിധേയമായി ഫണ്ട് അനുവദിച്ചു വരുന്നു. റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകൾ വഴിയാണ് റോഡ് സുരക്ഷാ അതോറിറ്റി പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രൊപ്പോസലുകൾക്കനുസൃതമായി തിരക്കേറിയ ജംഗ്ഷനുകളിലും മറ്റും Sign board കളും Signal light- കളും സ്ഥാപിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിനായി അതോറിറ്റി ഫണ്ട് അനുവദിച്ചു വരുന്നുണ്ട്. 2020-ഓടെ വാഹന അപകടങ്ങൾ പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ NATPAC തയ്യാറാക്കിയ റോഡ് സുരക്ഷാ പോളിസിയും റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും, അതോറിറ്റി അംഗീകരിക്കുകയും ഇത് അനന്തര നടപടികൾക്കായി അനുബന്ധ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാങ്കേതിക വിദഗ്ദ്ധരുൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവം അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

## യാത്രാ സൗകര്യത്തിനായി തുറമുഖ വകുപ്പിന്റെ പദ്ധതികൾ

25 (*295) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ നഗരങ്ങളെ ബന്ധപ്പെടുത്തി അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗതാഗത സൗകര്യത്തിനായി തുറമുഖങ്ങളുടെ റെയിൽ-റോഡ് കണക്ടിവിറ്റി വികസിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിവരിക്കുമോ;

(സി) തുറമുഖങ്ങളിൽനിന്നും ദേശീയ പാതയിലേയ്ക്കും റെയിൽവേ സ്റ്റേഷനുകളിലേയ്ക്കും റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കേവളം-കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്തുന്നതിനുള്ള സ്വകാര്യ യാത്രാ കപ്പൽ രജിസ്ട്രേഷനുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം സർവ്വീസ് ആരംഭിക്കുന്നതാണ്.

(ബി) ഉണ്ട്. ചെറുകിട തുറമുഖങ്ങളിലെ ഗതാഗത സൗകര്യത്തിനായി കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിലേയ്ക്ക് പഠനറിപ്പോർട്ട് തയ്യാറാക്കുവാൻ റെയിൽ വികാസ് നിഗം ലിമിറ്റഡിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊല്ലത്ത് കൊച്ചുപിലാമൂട് മുതൽ കൊല്ലം തുറമുഖം വരെയുള്ള റോഡിന്റെ നിർമ്മാണം 90% പൂർത്തിയായി കഴിഞ്ഞു.

(സി) ഉണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

26 (*296) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവർക്ക് നൽകുന്ന പ്രതിദിന വേതനം എത്രയാണെന്നും അറിയിക്കുമോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവർക്കുള്ള വേതനം കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് മാസം മുതലുള്ള തുകയാണ് നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം ശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്; ജോലിക്കുശേഷം 14 ദിവസത്തിനുള്ളിൽ വേതനം നൽകിയില്ലെങ്കിൽ വേതനത്തിന്റെ 0.05% നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ 32,14,628 കുടുംബങ്ങളിലെ 49,74,716 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ അവിദഗ്ദ്ധ കായിക തൊഴിലിനുള്ള കൂലി 240 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം മുതലുള്ള തുകയാണ് നൽകാനുള്ളത്.

(സി) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരെ തൊഴിൽ ലഭിച്ച ഒരു കുടുംബത്തിന് ശരാശരി 41.36 ദിവസങ്ങൾ തൊഴിൽ നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് കാലതാമസം വന്ന കാരണത്താൽ നൽകേണ്ട നഷ്ടപരിഹാരത്തുകയായി 415615 രൂപ അർഹതപ്പെട്ട തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

**പദ്ധതി പ്രചരണത്തിനും പൂർത്തീകരണത്തിനും ഹൈടെക് സംവിധാനം**

27 (*297) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ പ്രചരണത്തിനും സമയബന്ധിത പൂർത്തീകരണത്തിനും ഹൈടെക് സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) അതിനായി സോഷ്യൽ മീഡിയയും ഇന്റർനെറ്റ് സംവിധാനവും ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന ഗുണദോഷവശങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നഗരസഭകളുടെ പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ ആധുനിക സാങ്കേതിക സഹായത്തോടെ പൂർത്തിയാക്കുന്നതിന് നഗരസഭാതലത്തിലും സർക്കാർ തലത്തിലും ശ്രമങ്ങൾ നടന്നുവരുന്നു. ഇ-ടെണ്ടറിംഗ്, ഗുണഭോക്തൃ വിഹിതങ്ങൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനം, പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും പ്രവർത്തനഘട്ടങ്ങളിലും മേൽ നോട്ടത്തിലും അവലോകനങ്ങൾക്കും ജി.പി.എസ്. സംവിധാനങ്ങളുടെ ഉപയുക്തത, ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം മുഖേന ഫണ്ട് അനുവദിക്കൽ, തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി തുകകളുടെ ചെലവ് സംബന്ധിച്ച് കണക്കുകൾ ഏതൊരു പൗരനും അപ്പപ്പോൾ ലഭ്യമാക്കുന്ന വിധത്തിൽ സർക്കാരിന്റെ 'PLAN SPACE' സോഫ്റ്റ് വെയർ നിലവിലുണ്ട്. കേന്ദ്ര പദ്ധതികളുമായി ബന്ധപ്പെട്ട് PFMS സോഫ്റ്റ് വെയറും നടപ്പിലാക്കി വരുന്നു.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

**തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണം**

28 (*298) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു കമ്മീഷന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ കമ്മിഷന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ അന്തസത്തയ്ക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയോട് ഉത്തരവാദപ്പെട്ട് പ്രവർത്തിക്കുന്ന ഭരണ നിർവ്വഹണ സംവിധാനം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയും എന്നു കരുതുന്നു.

ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയും എന്നു കരുതുന്നു.

(ബി) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിന് സഹായകരമായ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനാണ് കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

**പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായി യോജന**

29 (*299) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകത്തിൽ എന്തൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്;

(സി) ഇതിനായി ആകെ വേണ്ടി വരുന്ന തുകയെത്രയെന്നും അതിൽ കേന്ദ്ര സഹായമായി ഇതുവരെ എത്ര തുക ലഭ്യമായി എന്നും അറിയിക്കാമോ;

(ഡി) ജലസംരക്ഷണത്തിനും കാർഷികോത്പാദന വർദ്ധനവിനും ഉതകുന്ന പ്രാദേശികമായി അനുയോജ്യമായ ഏതൊക്കെ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്നും ഏതിനൊക്കെ അംഗീകാരം ലഭിച്ചു എന്നും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഭാഗമായി നീർത്തട ഘടകത്തിൽ സംസ്ഥാനത്ത് 83 പ്രോജക്ടുകൾ ഇപ്പോൾ നടപ്പിലാക്കിവരുന്നു. ആകെ 4.22 ലക്ഷം ഹെക്ടർ പ്രദേശത്ത് നീർത്തട പരിപാലന പ്രവൃത്തികൾ ചെയ്യുന്നതിനായി 581.61 കോടി രൂപയുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകത്തിൽ താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്:

1. പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് തുടങ്ങിയവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.
2. കാർഷിക അനുബന്ധ മേഖലകളിലെ ഉത്പാദന വർദ്ധനവിനും ആ മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും വേണ്ടിയുള്ള പ്രവൃത്തികൾ.
3. ദരിദ്രജനവിഭാഗങ്ങളുടെ ജീവനോപാധിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.
4. പരിശീലന പരിപാടികൾ.

(സി) 83 പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആകെ 581.6197 കോടി രൂപ ആവശ്യമാണ്. പദ്ധതി നടത്തിപ്പിലേയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ 73.168 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ഡി) മേൽ സൂചിപ്പിച്ച 83 പദ്ധതികളിലും ജലസംരക്ഷണത്തിനും കാർഷികോൽപ്പാദന വർദ്ധനവിനും ഉതകുന്ന പ്രാദേശികമായി അനുയോജ്യമായ പ്രവർത്തികൾ ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## വളം-കീടനാശിനി ഉപയോഗം

30 (*300) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളം, കീടനാശിനികൾ എന്നിവയുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ ഇടപെടൽമൂലം, നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ ഉപയോഗം എത്രമാത്രം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കർഷകർക്ക് കുമ്മായത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ;

(ഡി) കുമ്മായത്തിന് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) വളങ്ങളുടെയും കീടനാശിനികളുടെയും ശാസ്ത്രീയമായ ഉപയോഗക്രമം, നല്ല കൃഷി പരിപാലനമുറകൾ, സംയോജിത വളപ്രയോഗം, സംയോജിത രോഗ-കീടനിയന്ത്രണ മാർഗ്ഗങ്ങൾ, വിഷാംശം കുറഞ്ഞ പുതുതലമുറ കീടനാശിനികളുടെ ഉപയോഗം, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നീ കേന്ദ്ര സർക്കാർ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ വഴി രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിന് നടപടികൾ കർശനമായി സ്വീകരിച്ചുവരുന്നു.

കീടനാശിനി ഡിപ്പോകളിൽ ഇൻസെക്റ്റിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വിൽപ്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും, കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും കഴിഞ്ഞിട്ടുണ്ട്. കൃഷി വകുപ്പ് ഓഫീസർമാരുടെ അറിവില്ലാതെ കീടനാശിനി കമ്പനികൾ നേരിട്ട് കൃഷിക്കാർക്ക് കീടനാശിനി നൽകുന്നതും കൃഷിയിടങ്ങളിൽ demonstration നടത്തുന്നതും പരസ്യങ്ങൾ നൽകി കീടനാശിനി പ്രയോഗിക്കുന്നതിന് കൃഷിക്കാരെ നിർബന്ധിക്കുന്നതിനും കൃഷി വകുപ്പ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

അയൽ സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ട് എത്തിക്കുന്നത് പൂർണ്ണമായി തടയുന്നതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ, പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ് ചെക്ക് പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു.

വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്കുചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നപക്ഷം, കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്നുകാട്ടി കർഷകർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നിരോധിത കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രവ്യ പത്ര മാധ്യമങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

(സി) 'സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ്' എന്ന പദ്ധതിയിലൂടെ കർഷകർക്ക് ആവശ്യാനുസരണം കുമ്മായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കുമ്മായത്തിന് മുൻകാലങ്ങളിൽ 50% നിരക്കിൽ ഹെക്ടർ ഒന്നിന് പരമാവധി 3000 രൂപയായിരുന്ന സബ്സിഡി നിലവിൽ 75% നിരക്കിൽ ഹെക്ടർ ഒന്നിന് പരമാവധി 5400 രൂപയായി 30-9-2016 മുതൽ ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുമ്പുചീയൽ രോഗം

1 (3092) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്തെ മലയോര മേഖലയായ കവിലുംപാറ, കായക്കൊടി, മരുതോങ്കര, നരിപ്പറ്റ, വളയം, ചെക്കിയാട്, വാണിമേൽ തുടങ്ങിയ പഞ്ചായത്തുകളിലെ കുമ്പുചീയൽ രോഗത്തെ പ്രതിരോധിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് കൊണ്ടുവരുവാനുള്ള നടപടികൾ പൂർത്തീകരിച്ചോ;

(ബി) പ്രസ്തുത ആശ്വാസനടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. എന്നാൽ കേരഗ്രാമം കണ്ടിജൻസി പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കൂമ്പുചീയൽ രോഗനിയന്ത്രണത്തിനായി മരുന്ന് തളിക്കുകയും രോഗബാധമൂലം നശിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ നടുന്നതിനുമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കര നെൽകൃഷി**

2 (3093) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കര നെൽകൃഷി നടത്തുന്നതിന് ഈ സർക്കാർ എത്ര തുക ചെലവഴിച്ചു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കര നെൽകൃഷി വഴി എത്ര നെല്ല് ഉത്പാദിപ്പിച്ചു?

ഉത്തരം

(എ) 2016-2017 വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കര നെൽകൃഷി നടപ്പിലാക്കുന്നതിനായി 374.28 ലക്ഷം രൂപയുടെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിൽ 250.4 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കര നെൽകൃഷി നടപ്പിലാക്കിയതുവഴി ഏകദേശം 4953 മെ.ടൺ നെല്ല് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ള കടുത്ത വരൾച്ച നെല്ലിന്റെ ഉൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്.

**പി.എം.കെ.എസ്.വൈ. പദ്ധതി**

3 (3094) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.കെ.എസ്.വൈ. പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ വിഭവ സമാഹരണവും വിന്യാസവും എങ്ങനെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം മുതൽ പി.എം.കെ.എസ്.വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകളാണ് പദ്ധതി നടപ്പിലാക്കുന്നത്. താഴെ പറയുന്ന 4 മേഖലകൾ തിരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ (State Level Sanctioning Committee) അംഗീകാരത്തോടുകൂടി ബന്ധപ്പെട്ട നിർവ്വഹണ വകുപ്പുകൾവഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

1. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനഫിറ്റ് പ്രോഗ്രാം (AIBP)
2. ഓരോ തുള്ളി ജലത്തിൽനിന്നും കൂടുതൽ വിളവ് (Per Drop More Crop)
3. ഓരോ കൃഷിയിടത്തിനും വെള്ളം (Har Khet Ko Pani)
4. തണ്ണീർത്തടവികസനം (Watershed development)

പി.എം.കെ.എസ്.വൈ. പദ്ധതിയിൽ 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നത്. 2015-16 വർഷത്തിൽ കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾക്ക് കേന്ദ്ര വിഹിതമായി 3,045.31 ലക്ഷം രൂപ (60%) ലഭിച്ചിട്ടുണ്ട്.

കൃഷി വകുപ്പിന് ലഭിച്ച കേന്ദ്ര വിഹിതമായ 352.82 ലക്ഷം രൂപയുടെ സംസ്ഥാന വിഹതമായ 141.8 ലക്ഷം രൂപ ഉൾപ്പടെ 494.7 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ തുക മൈക്രോ ഇറിഗേഷൻ (Micro irrigation), ആത്മ കപ്പാസിറ്റി ബിൽഡിംഗ് (ATMA Capacity Building), ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കൽ എന്നീ ഘടകങ്ങൾക്കാണ് നൽകിയത്. ഈ ഘടകങ്ങളുടെ നടത്തിപ്പ് പുരോഗമിച്ചുവരുന്നു.

(ബി) കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകളാണ് പി.എം. കെ.എസ്.വൈ. പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. കൃഷി വകുപ്പാണ് നോഡൽ ഏജൻസി.

(സി) പി.എം.കെ.എസ്.വൈ. പദ്ധതിയിൽ 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നത്. കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്ന കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾക്ക് ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങളിൽനിന്നും നേരിട്ട് ഫണ്ട് ലഭിക്കുന്നുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

4 (3095) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കർഷകർക്കായി നടപ്പാക്കിയിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്രപേർക്ക് ഗുണം ചെയ്യും; ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് ലഭിക്കുക;

(ബി) ഓരോ വിളകൾക്കും ലഭ്യമാകുന്ന ഇൻഷ്വറൻസ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വിള ഇൻഷ്വറൻസ് തുകകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കവുങ്ങ്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, ഗ്രാമ്പു, നെല്ല് എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു.

(ബി) ഇൻഷ്വറൻസ് പരിരക്ഷ വഴി ലഭിക്കുന്ന വിളകളുടെ നഷ്ടപരിഹാര തോത് അനുബന്ധമായി ചേർത്തിരിക്കുന്നു *

(സി) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണവും വിതരണവും

5 (3096) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ, ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകളിൽ ജൈവ പച്ചക്കറി ഉൽപ്പാദനവും വിപണനവും നടക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും, വിതരണത്തിനും സാമ്പത്തിക സഹായം നൽകുമോ;

(സി) കാർഷിക മേഖലയിൽ ചെറുപ്പക്കാരെ ആകർഷിക്കാൻ രൂപീകരിച്ച കാർഷിക കർമ്മ സേനകളെ ഏകോപിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ചെറുന്നിയൂരിൽ കാർഷിക കർമ്മസേനയുടെ നേതൃത്വത്തിലും, ഒറ്റൂരിൽ കൃഷിക്കാരുടെ ഒരു കൂട്ടായ്മയുടെ നേതൃത്വത്തിലും മണമ്പൂരിൽ കൃഷിഭവന്റെ നേതൃത്വത്തിൽ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും ജൈവ പച്ചക്കറി ഉൽപ്പാദനവും വിപണനവും നടക്കുന്നുണ്ട്. കൂടാതെ ആറ്റിങ്ങൽ മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ ഒരു വിപണന കേന്ദ്രവും നിലവിലുണ്ട്.

(ബി) നിലവിൽ സംസ്ഥാനാവിഷ്കൃത ജൈവകൃഷി പദ്ധതി പ്രകാരം ജി.എ.പി സർട്ടിഫിക്കേഷനുള്ള കർഷകരുടെ ഉൽപ്പന്നങ്ങൾ ഇക്കോ ഷോപ്പുവഴി വിപണനം നടത്തുന്നതിനായി ഒരു ഇക്കോ ഷോപ്പിന് 5 ലക്ഷം രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ട്. സംസ്ഥാനത്ത് നാളിതുവരെ 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഈ രീതിയിലുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പ് മുഖാന്തരം വില്ക്കുന്നതിന് കിലോയ്ക്ക് അഞ്ച് രൂപ നിരക്കിൽ പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്നു. കൂടാതെ കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 18 ജൈവ പച്ചക്കറി ക്ലസ്റ്ററുകൾക്ക് മുൻസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും ജൈവ പച്ചക്കറി കിറ്റുകൾ വിൽപ്പന നടത്തുന്നതിന് 3 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലഭ്യമായ വിഷരഹിത പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിന് ഹോർട്ടികോർപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം വിഷുവിന് 'കേരള ഓർഗാനിക്'എന്ന പേരിൽ വിഷരഹിത പച്ചക്കറി ബ്രാന്റ് ചെയ്ത് വിപണനം ആരംഭിക്കുന്നതാണ്.

(സി) കാർഷിക കർമ്മ സേനകളുടെ പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ), കൃഷി ഡയറക്ടർ എന്നിവരും ഏകോപിപ്പിക്കുന്നു. കാർഷിക കർമ്മസേനകളെ ശാക്തീകരിക്കുവാനും ഏകോപിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനതല എകോപനത്തിനായി ഒരു വിദഗ്ധനായ നോഡൽ ഓഫീസറെ നിയമിക്കുവാനുള്ള നടപടി നടന്നുവരുന്നു.

## കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

6 (3097) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലിൽനിന്നും ഓരുവെള്ളം കയറി ഹരിപ്പാട് നിയോജക മണ്ഡലത്തിലെയും, കുട്ടനാട് നിയോജക മണ്ഡലത്തിലെയും നെൽകൃഷിക്ക് നാശനഷ്ടം ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം കായലിൽനിന്നും ഓരുവെള്ളം കയറി ഹരിപ്പാട് നിയോജക മണ്ഡലത്തിലെയും, കുട്ടനാട് നിയോജകമണ്ഡലത്തിലെയും 2800 ഹെക്ടർ നെൽകൃഷി നാശം സംഭവിച്ചിട്ടുണ്ട്.

(ബി) 1250 ലക്ഷം രൂപയുടെ കൃഷി നാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും നഷ്ടപരിഹാരത്തിനായി കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിച്ചുവരുന്നു. അസസ്സ്മെന്റ് പൂർത്തിയായ ഉടനെതന്നെ നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതാണ്.

## കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ

7 (3098) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എൽ.ഡി.സി. മുഖേന എത്ര പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പിനു കീഴിൽ 1972 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കർഷകർക്കാവശ്യമായ അടിസ്ഥാന വികസന പദ്ധതികളാണ് മുഖ്യമായും നടപ്പിലാക്കിവരുന്നത്.

കേരളത്തിന്റെ വിവിധ ജില്ലകളിലായി കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യംവച്ച് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികളും കേരളത്തിന്റെ ജലസമ്പത്ത് നിലനിർത്തുന്നതിന്റെ ഭാഗമായി കുളങ്ങളുടെയും തോടുകളുടെയും കനാലുകളുടെയും പുനരുദ്ധാരണ പ്രവൃത്തികളും നബാർഡ് സ്കീമിലും സ്റ്റേറ്റ് പ്ലാൻ സ്കീമിലും ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ Soil Conservation Department, SC/ST Department, Social Justice Department ADAK, BRC, LSGD തുടങ്ങിയ വിവിധ വകുപ്പുകൾ എല്പിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ RIDF XXII സ്കീമിൽ ഉൾപ്പെടുത്തി 26 പദ്ധതികൾക്കായി 8561.88 ലക്ഷം രൂപയുടെ ഭരണാനുമതി G.O.(Rt)No.78/2017/AGRI dated 28-1-2017 പ്രകാരവും, അരൂർ നിയോജക മണ്ഡലത്തിലെ ഏഴുപുന്ന ഗ്രാമപഞ്ചായത്തിലെ ഫാംറോഡ് നിർമ്മാണത്തിനായി G.O.(Rt) No.245/2017/LSGD dated 28-1-2017 പ്രകാരം 39.24 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കൊല്ലം | - | 607.64 ലക്ഷം |
| ആലപ്പുഴ | - | 360.34 ലക്ഷം |
| കോട്ടയം | - | 529.65 ലക്ഷം |
| എറണാകുളം | - | 189.89 ലക്ഷം |
| തൃശ്ശൂർ | - | 6739.02 ലക്ഷം |
| കോഴിക്കോട് | - | 104.92 ലക്ഷം |
| കണ്ണൂർ | - | 69.66 ലക്ഷം |
| ആകെ | - | 8601.12 ലക്ഷം |

**തനത് പച്ചക്കറി കൃഷി**

8 (3099) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ കേരളത്തിന്റെ തനത് പച്ചക്കറി ഉത്പാദനം എത്രയായിരുന്നു; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ തനത് പച്ചക്കറി ഉത്പാദനം എത്രയെന്ന് പറയാമോ;

(ബി) ടെറസ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; പദ്ധതി വഴി എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് നൽകാനുദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇതരസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ വിഷവിമുക്തമാണോ എന്ന് പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് പറയാമോ;

(ഇ) വിഷലിപ്ത പച്ചക്കറികൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് എവിടെയെങ്കിലും കേസ് എടുത്തിട്ടുണ്ടോ; എത്ര കേസുകളാണ് കഴിഞ്ഞ ഒരു വർഷം ഇത്തരത്തിൽ എടുത്തിട്ടുള്ളത്; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴി പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികൾ; ഏതൊക്കെ ജില്ലയിലാണ് ഇതിന്റെ പ്രവർത്തനം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മുൻ വർഷങ്ങളിൽ കേരളത്തിന്റെ തനത് പച്ചക്കറി ഉൽപ്പാദനം സംബന്ധിച്ച് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുറപ്പെടുവിച്ച സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011-12 | - | 5.55 ലക്ഷം ടൺ |
| 2012-13 | - | 5.51 ലക്ഷം ടൺ |
| 2013-14 | - | 5.57 ലക്ഷം ടൺ |
| 2014-15 | - | 5.98 ലക്ഷം ടൺ |
| 2015-16 | - | 6.28 ലക്ഷം ടൺ |

ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ ഏജൻസികൾ ഉല്പാദിപ്പിച്ച പച്ചക്കറികളുടെ കണക്കുകൾ ശേഖരിച്ചുവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കിയ പച്ചക്കറി ഉല്പാദന പദ്ധതി പ്രകാരം ഇതുവരെ 164623.998 മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ടെറസ് പച്ചക്കറി കൃഷിക്ക് സഹായം നൽകിവരുന്നുണ്ട്. തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വില വരുന്ന ഒരു യൂണിറ്റിന് 1,500 രൂപ സബ്സിഡിയോടെ കൃഷിക്കാർക്ക് നൽകുന്നു. 2016-17-ൽ 40,000 ഗ്രോബാഗ് യൂണിറ്റുകൾ (25 ഗ്രോബാഗുകൾ) അടങ്ങിയത് കർഷകർക്ക് നൽകാനും കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകളിൽ ആവർത്തന കൃഷി ചെയ്യുവാനും സഹായം നൽകി വരുന്നു. ഇതുവരെ 36282 ഗ്രോബാഗ് യൂണിറ്റുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ടെറസ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ 'ഹരിത നഗരി ' പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിലാണ് കൃഷി ആരംഭിച്ചിട്ടുള്ളത്. ഒരു ഹെക്ടറിന് 3000 രൂപയാണ് ധനസഹായം നൽകുന്നത്.

കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതവും ധനസഹായം അനുവദിച്ചു.

കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ " കേരള ഓർഗാനിക് " എന്ന ലേബലിൽ കൃഷി വകുപ്പ് ഈ വിഷു മുതൽ വിപണനം നടത്തുന്നതാണ്. ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റെസിഡൻസ് അസോസിയേഷനിൽ വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ടി രീതിയിൽ കൃഷി ചെയ്യുന്ന ഈ ലേബലിൽ സർട്ടിഫിക്കേഷനോട് കൂടി ഇക്കോഷോപ്പ് മുഖാന്തരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ പ്രോത്സാഹന തുക നൽകുന്നു.

(ഡി) ഇതര സംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ വിഷ വിമുക്തമാണോ എന്ന് പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സംയുക്തമായി സുരക്ഷിത ഭക്ഷ്യ ഉല്പാദനവും വിപണനവും എന്ന പദ്ധതിയിൻകീഴിൽ കാർഷിക സർവ്വകലാശാല കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിലെ ഉദ്യോഗസ്ഥർ മാർക്കറ്റിൽ

നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വിഷാംശത്തിന്റെ തോത് വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധനാലാബിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കൂടാതെ വിഷാംശ പരിശോധനയ്ക്കായി കേരളത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ഇ) വിഷലിപ്ത പച്ചക്കറികൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിന് കൃഷി വകുപ്പിന് അധികാരമില്ല. കുറ്റക്കാർക്കെതിരെ നിയമപരമായി നടപടി സ്വീകരിക്കുന്നത് ഭക്ഷ്യസുരക്ഷാ വകുപ്പാണ്.

(എഫ്) 1. പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സ്കീം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു വരുന്നു. 213 ലോക്കൽ ഗ്രൂപ്പുകളിലായി 723 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു.

നാടൻ പച്ചക്കറിയിനങ്ങൾ ഉൾപ്പെടെ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള പച്ചക്കറി തൈകൾ വിതരണം ചെയ്തുവരുന്നു. പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുകയും ചെയ്യുന്നു. വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി അനുവദിക്കുന്നു.

2. പച്ചക്കറി കൃഷിയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും സാങ്കേതികവിദ്യാ വികസനവും വ്യാപനവും നടപ്പിലാക്കുകയും ചെയ്യുന്നു. സെമിനാറുകൾ കർഷക സമ്പർക്ക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. കർഷകർക്കായി പരിശീലനങ്ങളും സെമിനാറുകളും പഠനയാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്.

3. പച്ചക്കറികൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ വ്യാപിപ്പിക്കുന്നതിനായി ഡെമോൺസ്ട്രേഷനുകൾ, പങ്കാളിത്ത ഗവേഷണ പദ്ധതികൾ, തീവ്രയത്ന പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

4. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും പദ്ധതിപ്രകാരം പാലക്കാട് ജില്ലയിലെ ആലത്തൂരുള്ള കൗൺസിലിന്റെ വിത്ത് സംസ്കരണശാലയിൽ നിന്നും 80 മെട്രിക് ടൺ പച്ചക്കറി വിത്തുകളും 7 ലക്ഷത്തോളം മറ്റ് നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

2016-17 സാമ്പത്തിക വർഷം 5 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതികളാണ് വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കി വരുന്നത്.

നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി കൗൺസിൽ, 'ഹരിതനഗരി ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവ കൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

**ജൈവ കൃഷിക്ക് നൽകിവരുന്ന പ്രോത്സാഹനങ്ങൾ**

9 (3100) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ കൃഷിയുടെ വ്യാപനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജൈവ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് ഓരോ വീട്ടിലും മിനി പോളി ഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(സി) ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന കർഷകർക്കും സംഘങ്ങൾക്കും നിലവിൽ നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണ്;

(ഡി) മികച്ച രീതിയിൽ ജൈവ കൃഷി നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അവാർഡ് നൽകുന്നുണ്ടോ;

(ഇ) കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവള നിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കാൻ നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജൈവ കൃഷിയുടെ വ്യാപനത്തിനായി 2016-17 സാമ്പത്തിക വർഷം അനുവദിച്ച 1000 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു വരുന്നു. കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിൽ കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലെ 146 ബ്ലോക്കുകളിലും ക്ലസ്റ്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു ക്ലസ്റ്ററിന് 75,000/-രൂപ വീതം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ് 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവ വള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ് +1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500 രൂപ വീതവും ധനസഹായം അനുവദിച്ചു വരുന്നു. നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടുകൂടി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ജൈവ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. കൂടാതെ ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നുണ്ട്. മാർക്കറ്റിൽനിന്നും കൃഷിയിടങ്ങളിൽനിന്നും പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പരിശോധിച്ച് ഫലം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതുവഴി ഉപഭോക്താക്കൾക്ക് യഥാർത്ഥ ജൈവ ഉല്പന്നങ്ങൾ തിരഞ്ഞെടുക്കുന്നതിന് സാധിക്കും. കൂടാതെ ദേശീയ ഹോർട്ടികൾച്ചർ മിഷൻ ജൈവ കൃഷി വ്യാപനത്തിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവുകണക്കാക്കി അതിന്റെ 50% സബ്സിഡിയും ജൈവ സർട്ടിഫിക്കേഷന് 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷന് 5,00,000 രൂപയും 30'X8'X2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് 1,00,000 രൂപ ചെലവ് കണക്കാക്കി 50% സബ്സിഡിയായ 50,000 രൂപയും ധനസഹായമായി അനുവദിക്കുന്നു.

(ബി) ഇല്ല. എന്നാൽ അടുത്ത സാമ്പത്തിക വർഷം മുതൽ മിനി പോളീഹൗസുകൾ വ്യാപകമാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

(സി) കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിൽ കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലെ 146 ബ്ലോക്കുകളിലും ക്ലസ്റ്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു ക്ലസ്റ്ററിന് 75,000 രൂപ വീതം ധനസഹായം അനുവദിച്ചു വരുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവ വള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ്+1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7,500 രൂപ വീതവും ധനസഹായം അനുവദിച്ചു വരുന്നു.

നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടുകൂടി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി. കൂടാതെ ദേശീയ ഹോർട്ടികൾച്ചർ മിഷൻ ജൈവകൃഷി വ്യാപനത്തിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവുകണക്കാക്കി അതിന്റെ 50% സബ്സിഡിയും ജൈവ സർട്ടിഫിക്കേഷന് 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷന് 5,00,000 രൂപയും മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് 30'X8'X2.5' വ്യാപ്തിയുള്ള കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് 1,00,000 രൂപ ചെലവ് കണക്കാക്കി 50% സബ്സിഡിയായ 50,000 രൂപയും ധനസഹായമായി അനുവദിക്കുന്നുണ്ട്.

(ഡി) മികച്ച രീതിയിൽ ജൈവ കൃഷിനടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് സംസ്ഥാനതലത്തിൽ അവാർഡ് നൽകുന്നുണ്ട്.

(ഇ) കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവള നിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കാൻ നിലവിൽ സബ്സിഡി നൽകുന്നുണ്ട്. ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ് +1460 മണ്ണിര കമ്പോസ്റ്റ്,) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7500 രൂപ വീതവും ധനസഹായം നല്കി വരുന്നു. ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ 30'X8'X2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് മൊത്തം 1 ലക്ഷം രൂപ ചെലവ് കണക്കാക്കി അതിന്റെ 50 ശതമാനം സബ്സിഡിയായി 50,000 രൂപ അനുവദിച്ച് വരുന്നു.

## കൃഷി പ്രോത്സാഹന പദ്ധതികൾ

10 (3101) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് ഭൂമികളിൽ കൃഷി ചെയ്യുന്നതിനും തദ്വാരാ നെൽകൃഷിയും മറ്റ് അനുബന്ധ കൃഷികളും പ്രോൽസാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) കർഷകർക്ക് കൃഷി ചെയ്യുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനും കൃഷിക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) കർഷകർ ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ഇടനിലക്കാരെ ഒഴിവാക്കി ന്യായമായ വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) കൃഷി പ്രോത്സാഹന പദ്ധതിപ്രകാരം സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരനെൽകൃഷി, മറ്റ് കാർഷിക വിളകളുടെ ഉൽപ്പാദനം എന്നിവ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2008-ലെ കേരള നെൽ വയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും തരിശുനിലങ്ങൾ മാപ്പിംഗ് നടത്തുന്നതിനുമായി കേരളാ സ്റ്റേറ്റ് റിമോട്ട്സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി)-യുടെ സഹകരണത്തോടെയുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇതിലേയ്ക്കായി 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിശദമായ പദ്ധതി കെ.എസ്.ആർ.ഇ.സി. തയ്യാറാക്കിവരുന്നു. നെൽകൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിനായി കൃഷിഭവൻ തലത്തിൽ ലഭ്യമായ തരിശുനിലങ്ങൾ ഉപയോഗപ്പെടുത്തി 2900 ഹെക്ടർ സ്ഥലത്ത് തരിശു കൃഷി നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി ഒരു ഹെക്ടറിന് 30000 രൂപ നിരക്കിൽ (ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25000 രൂപ എന്ന കണക്കിന്) ധനസഹായം നൽകുന്നു.

(ബി) നിലവിൽ നെൽകൃഷിക്ക് പരിശരഹിത വായ്പ നൽകി വരുന്നുണ്ട്. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്, പ്രധാനമന്ത്രി ഫസൽ ബീമായോജന, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

(സി) കൃഷി വകുപ്പിന്റെ കീഴിൽ നെടുമങ്ങാട്, ആനയറ, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലുള്ള മൊത്തവ്യാപാര വിപണികളിലും, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന 5 ജില്ലാ സംഭരണ കേന്ദ്രങ്ങളിലും നെൽകർഷകരിൽ നിന്നുള്ള ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആഴ്ചയിൽ നിശ്ചിത ലേല ദിവസങ്ങളിൽ കർഷകർക്ക് കാർഷികോല്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലം ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കും. സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ഹോർട്ടികോർപ്പ് ന്യായവില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാല വഴി വില്പന നടത്തുന്നുണ്ട്. കർഷകരിൽ നിന്നുള്ള ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഉടനീളം പ്രവർത്തിച്ചു വരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലത്തിലൂടെ കൂട്ടായി വിപണനം ചെയ്യുന്നതിലൂടെ കർഷകർക്ക് ന്യായവില ലഭിക്കുന്നു. നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.70 രൂപയും സംസ്ഥാന സർക്കാരിന്റെ സംഭരണ വില കിലോയ്ക്ക് 22.50 രൂപയുമാണ്. പ്രസ്തുത പദ്ധതിയിലൂടെ നെൽകർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ന്യായമായ വില ഉറപ്പാക്കുന്നതിന് സാധിക്കുന്നു.

(ഡി) കര നെൽകൃഷി നടപ്പിലാക്കിയതുവഴി ഏകദേശം 4953 മെ.ടൺ നെല്ല് ഉല്പാദിപ്പിക്കുകയുണ്ടായി. മിക്ക സ്ഥലങ്ങളിലും കൊയ്ത്ത് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കൊയ്ത്തു കഴിഞ്ഞാൽ മാത്രമേ ഉൽപ്പാദനത്തിന്റെ കണക്ക് വ്യക്തമാവുകയുള്ളൂ. 2016-17-ലെ പച്ചക്കറി ഉല്പാദനം സംബന്ധിച്ചുള്ള വിവരങ്ങൾ കണക്കാക്കി വരുന്നതേയുള്ളൂ.

**നിറവ് പദ്ധതി**

11 (3102) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന നിറവ് പദ്ധതി ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിമൂലം കർഷകർക്ക് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടാവുക; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 2016-17-ലെ വാർഷിക പദ്ധതിയിൽ നിറവ് പദ്ധതി ഉൾപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**തരിശ് ഭൂമികളിലെ കൃഷി**

12 (3103) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശായിക്കിടക്കുന്ന പൊതുസ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) നിലവിൽ നാമമാത്രമായ കൃഷി നടക്കുന്ന സ്ഥലങ്ങളിൽ കൃഷി വകുപ്പിന്റെ സേവനം ലഭ്യമാക്കി ശാസ്ത്രീയമായി കൃഷി ചെയ്ത് അവിടങ്ങളിൽ ഔട്ട്-ലെറ്റുകൾ ഒരുക്കി ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി 2900 ഹെക്ടർ സ്ഥലത്ത് തരിശു നിലത്തിൽ നെൽകൃഷിയിറക്കിയിട്ടുണ്ട്. 2752.09 ഹെക്ടർ സ്ഥലത്ത് കര നെൽകൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 94 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂനിലത്തിൽ ഇരുപ്പൂകൃഷി അധികമായി ചെയ്തിട്ടുണ്ട്. കൂടാതെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകുന്നുണ്ട്. (കർഷകന് 25,000 രൂപയും കൃഷി ഭൂമിയുടെ ഉടമസ്ഥന് 5000 രൂപയും നൽകുന്നു). ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശായി കിടക്കുന്ന 700 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയിറക്കാനായി 2016-17-ലെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 210 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 477 ഹെക്ടർ തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി സ്ഥലത്ത് കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ നാമമാത്രമായി പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൃഷിക്കായി കൂടുതൽ സ്ഥലം ലഭ്യമാണെങ്കിൽ കൃഷി വ്യാപിപ്പിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യാനും ഈ ക്ലസ്റ്ററുകളെ ഗ്രേഡ് ചെയ്തോ അല്ലാതെയോ അവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിൽപ്പന നടത്താൻ ക്ലസ്റ്റർ മാർക്കറ്റുകൾ രൂപീകരിക്കാനും പച്ചക്കറി വികസന പദ്ധതിയിൽ സഹായം നൽകി വരുന്നുണ്ട്.

## നെൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി

13 (3104) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നെൽ കർഷകർക്ക് നൽകുവാനുള്ള പമ്പിംഗ് സബ്സിഡി ഇനത്തിൽ എത്ര കുടിശികയുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ കുടിശ്ശിക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ 2.95 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ നൽകുവാനുള്ളത്.

(ബി) പമ്പിംഗ് സബ്സിഡി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി അഡീഷണൽ ആതറൈസേഷൻ മുഖേന 14.48 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ലഭ്യമായാലുടൻ വിതരണം ചെയ്യുന്നതാണ്.

## ഡാറ്റാ ബാങ്ക്

14 (3105) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കൃഷിയോഗ്യമായ ഭൂമി മാപ്പിംഗ് നടത്തി വിവരങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഭൂമി തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ എന്ന പുതിയ പദ്ധതിക്കായി 2016-17-ലെ ബഡ്ജറ്റിൽ മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന് ടോക്കൺ അഡ്വാൻസായി 1000 (ആയിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. 22-2-2017-ലെ ജി.ഒ (ആർ.റ്റി) 194/2017/എഡി നമ്പർ ഉത്തരവ് പ്രകാരം 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) ചെലവിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത തുക ധനഃപുനർവിനിയോഗം വഴി കണ്ടെത്തുവാൻ ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 വർഷത്തേയ്ക്ക് ഈ പദ്ധതിക്കായി ബജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. 5 വർഷംകൊണ്ട് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

**തേങ്ങാ സംഭരണം**

15 (3106) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവൻ വഴി കേരഫെഡ്/നാഫെഡ് നടത്തിവന്നിരുന്ന തേങ്ങാ സംഭരണം നിർത്തിവച്ചത് എന്നുമുതലാണ്; നിർത്താനുണ്ടായ കാരണം വിശദമാക്കാമോ;

(ബി) കേര കർഷകർ ഉല്പാദിപ്പിക്കുന്ന തേങ്ങ സംഭരിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എന്ത് വിലവച്ചാണ് തേങ്ങ എടുക്കുന്നത് എന്ന് വ്യക്തമാക്കാമോ; തേങ്ങയുടെ വില കർഷകർക്ക് ഉടൻതന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കൃഷി ഭവൻ വഴി തേങ്ങാ സംഭരണം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) പൊതുവിപണിയിൽ നാളികേര വില വളരെ താഴ്ന്ന സാഹചര്യത്തിൽ നാളികേര കർഷകരെ സഹായിക്കുന്നതിനായി ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് പച്ചത്തേങ്ങ സംസ്ഥാനത്തെ 388 കൃഷി ഭവൻ മുഖേന സംഭരിക്കുകയുണ്ടായി. നിലവിൽ നാളികേരത്തിന്റെ കമ്പോള വില ഉയർന്നുനിൽക്കുന്ന സാഹചര്യത്തിലാണ് സംഭരണം നിർത്തിവച്ചിരിക്കുന്നത്.

വിപണി ഇടപെടൽ ആവശ്യമാവുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങാ സംഭരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് കൂടിയാലോചന നടത്തുകയും സംഭരണം ഊർജ്ജിത പ്പെടുത്തുന്നതും, കാര്യക്ഷമമാക്കുന്നതും, വിപുലീകരിക്കുന്നതും സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

**ജാക്ക് ഫ്രൂട്ട് പാർക്ക്**

16 (3107) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെറ്റിലപ്പാറ എക്സ് സർവ്വീസ്മെൻ കോ-ഓപ്പറേറ്റീവ് കോളനി സംഘത്തിന്റെ ജാക്ക് ഫ്രൂട്ട് പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

വെറ്റിലപ്പാറ എക്സ് സർവ്വീസ്മെൻ കോ-ഓപ്പറേറ്റീവ് കോളനി സംഘത്തിന്റെ നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കർഷക പെൻഷൻ**

17 (3108) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷൻ നിലവിൽ ഏതുമാസം വരെയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മറ്റ് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതുപോലെ കർഷകരുടെ പെൻഷൻ വിതരണം ചെയ്യാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

| | | |
|---|---|---|
| (എ) തിരുവനന്തപുരം | - | നവംബർ 2015 വരെ |
| കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി | - | ജനുവരി 2016 വരെ |
| എറണാകുളം | - | മാർച്ച് 2016 വരെ |
| കോട്ടയം, തൃശ്ശൂർ | - | ഫെബ്രുവരി 2016 വരെ |
| പാലക്കാട്, മലപ്പുറം | - | ഡിസംബർ 2015 വരെ |
| കോഴിക്കോട് | - | ജൂൺ 2016 വരെ |
| കണ്ണൂർ | - | മാർച്ച് 2016 വരെ |
| വയനാട് | - | ഫെബ്രുവരി 2016 വരെ |
| കാസർഗോഡ് | - | ഏപ്രിൽ 2016 വരെ |

2016 ജൂണിലെ പുതുക്കിയ പെൻഷൻ തുകയായ 1000 രൂപ എല്ലാ ജില്ലകളിലും വിതരണം നടത്തിക്കഴിഞ്ഞു.

(ബി) കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അനർഹരായ ആളുകളുടെ പേര് ലിസ്റ്റിൽ നിന്നും ഒഴിവാക്കാനുള്ള കാലതാമസമാണ് പെൻഷൻ വിതരണം വൈകുന്നതിന്റെ പ്രധാന തടസ്സം. പുതുക്കിയ മാനദണ്ഡം 3-3-2017-ൽ അംഗീകരിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക വിതരണം ഉടനെ ആരംഭിക്കുന്നതാണ്.

**കർഷക സേവാകേന്ദ്രങ്ങൾ**

18 (3109) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക നയത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷക സേവാകേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി;

(ബി) നിലവിൽ എവിടെയെല്ലാം കർഷക സേവാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(സി) എല്ലാ ജില്ലകളിലും കർഷക സേവാകേന്ദ്രങ്ങൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ജൈവകാർഷിക നയത്തിന്റെ ഭാഗമായി കർഷക സേവാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ അഗ്രോ സർവ്വീസ് & സർവ്വീസ് ഡെലിവറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 64 ബ്ലോക്ക് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് സെന്ററുകൾ രൂപീകരിക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നത്. എല്ലാ ബ്ലോക്കുകളിലേക്കും അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**കരീപ്ര, മൈലം പഞ്ചായത്തുകളിലെ നെൽകൃഷി നാശം**

19 (3110) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയുടെ ഫലമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരീപ്ര, മൈലം പഞ്ചായത്തുകളിൽ ഉണ്ടായ നെൽകൃഷിയുടെ നാശം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വരൾച്ചയുടെ ഭാഗമായി നിയോജകമണ്ഡലത്തിൽ മറ്റ് വിളകൾക്കുണ്ടായ നാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരീപ്ര പഞ്ചായത്തിൽ 35.18 ഹെക്ടർ നെൽകൃഷിയും മൈലം പഞ്ചായത്തിൽ 7 ഹെക്ടർ നെൽകൃഷിയും വരൾച്ചമൂലം നശിച്ചിട്ടുണ്ട് എന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മറ്റ് വിളകൾക്കും നാശം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| വാഴ | - | 21.2 ഹെക്ടർ |
| പച്ചക്കറി | - | 10 ഹെക്ടർ |
| കിഴങ്ങ് വിള | - | 7 ഹെക്ടർ |
| കുരുമുളക് | - | 1 ഹെക്ടർ |

(സി) വരൾച്ചമൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചുവരുന്നു. ഇതനുസരിച്ചുള്ള നഷ്ടപരിഹാര തുക ഉടനെ വിതരണം ചെയ്യുന്നതാണ്.

**നാളികേര സംഭരണം**

20 (3111) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നാളികേര സംഭരണം നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്ന് സംഭരണം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മുൻ വർഷം നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് എത്ര തുക കുടിശ്ശികയായി അനുവദിക്കാൻ ബാക്കിയുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പച്ചനാളികേര സംഭരണം നിർത്തിവയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. പൊതു വിപണിയിൽ നാളികേര വില വളരെ താഴ്ന്ന സാഹചര്യത്തിൽ നാളികേര കർഷകരെ സഹായിക്കുന്നതിനായി ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് പച്ചത്തേങ്ങാ സംസ്ഥാനത്തെ 388 കൃഷി ഭവൻ മുഖേന സംഭരിക്കുകയുണ്ടായി. നിലവിൽ കമ്പോള വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ താങ്ങുവിലയേക്കാൾ ഉയർന്ന തുക കർഷകർക്ക് ലഭിക്കുന്നതിനാൽ സംഭരണത്തിന്റെ ആവശ്യകതയില്ല. എന്നാൽ വിലയിടിവുണ്ടായാൽ പച്ചത്തേങ്ങാ സംഭരണം ആരംഭിക്കും.

(സി) പച്ചത്തേങ്ങ സംഭരിച്ച വകയിൽ സംസ്ഥാനത്ത് കർഷകർക്ക് നൽകുവാൻ കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്.

**ചെറുകിട നാമമാത്ര കർഷക പെൻഷൻ**

21 (3112) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പെൻഷൻ തുക കുടിശ്ശികയുണ്ടോ;എങ്കിൽ ആയത് കൊടുത്ത് തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനു പുറമെ കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി 2011-12-ൽ ആരംഭിച്ച പെൻഷൻ പദ്ധതിയാണ് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി. പ്രതിമാസം 400 രൂപയാണ് 2011-12 കാലയളവിൽ പെൻഷനായി നൽകിയിരുന്നത്. ഈ തുക 2016 ജൂൺ മാസം മുതൽ പ്രാബല്യത്തോടെ 1000 രൂപയാക്കി ഉയർത്തുകയുണ്ടായി. പുതിയ ബഡ്ജറ്റിൽ ഇത് 1100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 3-3-2017-ലെ സ.ഉ.(എം.എസ്)28/17/കൃഷി നമ്പർ ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.

2. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.

3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.

4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചുവരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.

6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.

8. ഒരു കുടുംബത്തിൽ ഭാര്യക്കോ/ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്തപക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.

9. മേൽനിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.

10. മറ്റേതെങ്കിലും പെൻഷനുകളുള്ളപക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

11. നിലവിലുള്ള ലിസ്റ്റിൽനിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

(സി) കർഷക പെൻഷൻ വിവിധ ജില്ലകളിൽ 9 മുതൽ 16 മാസം വരെ കുടിശ്ശികയുണ്ട്. ആയത് കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

**വിഷരഹിത പച്ചക്കറി**

22 (3113) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിഷരഹിത പച്ചക്കറി ഉത്പാദനം എത്ര മാത്രം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു; വിശദ വിവരം നൽകുമോ;

(ബി) ഇവയുടെ വിപണനം കാര്യക്ഷമമാക്കാനും ഇതുവഴി കർഷകർക്ക് ഉചിതമായ വില നൽകുന്നതിനും കഴിയുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഹോർട്ടികോർപ് വഴി പൂർണ്ണമായും വിഷരഹിതമായ പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ പച്ചക്കറി ഉല്പാദനം സംബന്ധിച്ച യഥാർത്ഥ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ. മുൻ വർഷത്തെക്കാൾ 10% വരെ ഉല്പാദനവർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ള കടുത്ത വരൾച്ച മൂലം ഉദ്ദേശലക്ഷ്യത്തിലെത്തുവാൻ പ്രയാസമാണെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായവില നൽകി ഹോർട്ടികോർപ്പ് സംഭരിക്കുന്നു. കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് കൃഷി വകുപ്പിന് കീഴിലുള്ള ആറ് കാർഷിക മൊത്ത വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ വിപണിയിലും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ പ്രസ്തുത വിപണികൾ മുഖേന ലേലം ചെയ്ത് വിൽക്കുവാൻ സാധിക്കും. ഇങ്ങനെ വിപണന കേന്ദ്രങ്ങളിൽ എത്തിച്ച് വിൽപ്പന നടത്തുന്ന കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കൂടാതെ പച്ചക്കറി ക്ലസ്റ്ററുകളുടെ ബ്ലോക്കുതല ഫെഡറേറ്റഡ് മാർക്കറ്റുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ എന്നിവ വഴിയും പച്ചക്കറി വിപണനം കാര്യക്ഷമമാക്കുവാനും കർഷകർക്ക് ഉചിതമായ വില നൽകുന്നതിനും കഴിയുന്നുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന കൃഷി വകുപ്പ് "കേരള ഓർഗാനിക്" എന്ന ബ്രാന്റിൽ വിഷരഹിത പച്ചക്കറി ഈ വിഷുവിന് വിപണിയിൽ ഇറക്കുന്നുണ്ട്.

## റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ

23 (3114) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) റബ്ബർ മേഖലയിലെ ഇടത്തരം നാമമാത്രകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കി വരുന്നതെന്ന് അറിയിക്കാമോ;

(സി) റബ്ബർ ഉൾപ്പെടെ വിവിധ വിളകളുടെ പരിപാലനത്തിന് പുതിയ എന്തൊക്കെ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം കൂടുതൽ ഊർജ്ജിതപ്പെടുത്തി വിപണി വിലയും, താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം രണ്ടാഴ്ചയിലൊരിക്കൽ കർഷകർക്ക് നേരിട്ട് കൈമാറിവരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത റബ്ബർ കർഷകർക്ക് 15-10-2016 മുതൽ 30-11-2016 വരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകുകയുമുണ്ടായി. റബ്ബർ കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ബോണസ് ഇനത്തിൽ 647.39 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) റബ്ബർ കർഷകർക്ക് ആദ്യ വർഷങ്ങളിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഒരളവ് വരെ പരിഹരിക്കുന്നതിനായി പുതുകൃഷി/ആവർത്തന കൃഷി ചെയ്ത റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി 2017-18 സാമ്പത്തിക വർഷത്തെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

കേരളത്തിലെ മറ്റ് പ്രധാന വിളകളുടെ പരിപാലനത്തിനായി നിലവിലുള്ള പദ്ധതികൾക്കു പുറമെ പ്രാദേശിക പ്രാമുഖ്യമുള്ള വിളകളുടെ കൃഷി പ്രോത്സാഹനം, സമഗ്ര പഴവർഗ്ഗ വിത്തു വികസനം, പുഷ്പ കൃഷി വികസനം, ഔഷധ സസ്യങ്ങളുടെ കൃഷി വികസനം, പ്രത്യേക കാർഷിക മേഖലകൾ തുടങ്ങിയ നിർദ്ദേശങ്ങളും 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ചേലക്കര മണ്ഡലത്തിലെ നെൽകൃഷി നാശം

24 (3115) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ കടുത്ത വരൾച്ച അനുഭവപ്പെട്ടതിന്റെ ഫലമായി എത്ര ഏക്കർ നെൽകൃഷിയാണ് ഉണങ്ങിപ്പോയിട്ടുള്ളത്;

(ബി) ഇതുമൂലം എത്ര കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്;

(സി) നെൽകൃഷി ഉണങ്ങിപ്പോയി ദുരിതത്തിലായ കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ഗുണഭോക്താക്കളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ കടുത്ത വരൾച്ചയെത്തുടർന്ന് 1792.5 ഏക്കർ നെൽകൃഷിയാണ് ഉണങ്ങിപ്പോയിട്ടുള്ളത്.

(ബി) ഏകദേശം 1840 കർഷകർക്ക് ഇതുമൂലം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട് എന്നാണ് പ്രാഥമിക വിലയിരുത്തൽ.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്കിലേയ്ക്ക് 64,39,500 രൂപ അനുവദിച്ചത് 1460 കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ചേലക്കര മണ്ഡലത്തിലെ വടക്കാഞ്ചേരി ബ്ലോക്കിൽ 242 കർഷകർക്കായി 21,57,435 രൂപ വിതരണം ചെയ്തിട്ടുണ്ട്.

## റബ്ബർ തോട്ടങ്ങളിൽ ഇടവിള കൃഷി

25 (3116) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പൈനാപ്പിൾ, വാഴ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്?

ഉത്തരം

(എ&ബി) റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പൈനാപ്പിൾ, വാഴ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആലോചിച്ചുവരുന്നു. എന്നാൽ പുതുകൃഷി/ആവർത്തന കൃഷി ചെയ്തിട്ടുള്ള തോട്ടങ്ങളിൽ ആദ്യത്തെ മൂന്നു വർഷ കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി തുടങ്ങിയവയുടെ കൃഷി 2017-18 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ, പച്ചക്കറി കൃഷി വികസന പദ്ധതി എന്നിവയുടെ ഭാഗമായി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി റബ്ബർ ബോർഡുമായി സഹകരിച്ച് 2017-18 സാമ്പത്തിക വർഷത്തെ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ 'ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി' എന്ന ഘടകത്തിൻ കീഴിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നിലവിൽ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 'ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി' എന്ന ഘടകത്തിന് 5 ഹെക്ടർ അടങ്ങുന്ന ഒരു ക്ലസ്റ്ററിന് 75000 രൂപ (എഴുപത്തിഅയ്യായിരം രൂപ മാത്രം)യാണ് ധനസഹായമായി നല്കി വരുന്നത്. വാഴ കൃഷിക്ക് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് 26,250 രൂപ ധനസഹായം നല്കുന്നുണ്ട്.

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ

26 (3117) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളം, ജൈവ കീടനാശിനികൾ,ജൈവ നിയന്ത്രണ ഏജന്റുകൾ എന്നിവയുടെ ശാസ്ത്രീയ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കൃഷിയിലും വിളകളിലും കീടനാശിനി പ്രയോഗം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഭക്ഷ്യവിളകളിൽ ആരോഗ്യത്തിന് ഹാനികരമായ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ജില്ലാതലത്തിൽ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരളത്തിന്റെ തനതും തദ്ദേശീയവും പരമ്പരാഗതവുമായ കാർഷികോത്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനായി ഭൗമ സൂചകം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻപ്രകാരം കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കുന്ന സംസ്ഥാനത്തെ കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. വിവിധ പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിനായി നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം മുൻനിർത്തി എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിക്കുകയും വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പഴം-പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകളിൽ നിന്നുൾപ്പെടെ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള ലാബുകളിലും പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽ സംസ്ഥാനങ്ങളിലെ അടക്കം കർഷകരിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ജൈവ കീടനാശിനികളുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ് എന്നിവയ്ക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്. ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ഉൾപ്പെടെ വില്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകിവരുന്നു. കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്.

(സി) ഇക്കാര്യത്തിൽ നടപടികളെടുത്തുവരുന്നു.

(ഡി&ഇ) ഉണ്ട്. തനത് ഉൽപ്പന്നങ്ങൾക്ക് അന്തർദേശീയ വിപണി ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സാധിക്കും.

**കശുവണ്ടി സംഭരണം**

27 (3118) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം കശുവണ്ടി കർഷകരിൽ നിന്ന് കശുവണ്ടി നേരിട്ട് സംഭരിക്കുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

ഇല്ല.

**കാർഷിക കടാശ്വാസ കമ്മീഷൻ**

28 (3119) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ എത്ര അപേക്ഷകൾക്ക് തീർപ്പുകൽപ്പിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷകളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 48405 അപേക്ഷകൾ.

(ബി) സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങളിൽവച്ച് കമ്മീഷൻ സിറ്റിംഗുകൾ നടത്തി അപേക്ഷകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കണ്ണൂർ ജില്ലയിലെ പച്ചത്തേങ്ങ സംഭരണം**

29 (3120) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര കൃഷി ഭവനുകൾ മുഖേനയാണ് പച്ചതേങ്ങ സംഭരിച്ചിരുന്നതെന്നും ഇതുവഴി എത്ര രൂപയുടെ തേങ്ങ സംഭരിച്ചുവെന്നും ഏത് തീയതി വരെയുള്ള കുടിശ്ശികയാണ് കർഷകർക്ക് ഇതുവരെ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക എന്നത്തേക്ക് കൊടുത്ത് തീർക്കാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ 47 കൃഷി ഭവനുകൾ മുഖേനയാണ് പച്ചത്തേങ്ങ സംഭരണം നടത്തിയത്. സംഭരണം തുടങ്ങിയത് മുതൽ നാളിതുവരെ 40,00,42,930 രൂപയുടെ നാളികേരം സംഭരിച്ചു. നാളികേര കർഷകർക്ക് പച്ചത്തേങ്ങ സംഭരണം വഴി നൽകാനുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്.

**കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യ വികസനം**

30 (3121) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യ വികസനത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) പുതുതലമുറയെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനായി നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമോ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. പദ്ധതികൾ (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ട്), ആർ.കെ.വി.വൈ. പദ്ധതികൾ (രാഷ്ട്രീയ കൃഷി വികാസ് യോജന), നെൽ കൃഷി വികസന പദ്ധതി, മൂല്യവർദ്ധനവിനുള്ള പദ്ധതി എന്നിവയാണ് പശ്ചാത്തല വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(ബി) കാർഷികവൃത്തിയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് ആധുനിക കാർഷിക സങ്കേതങ്ങൾ പരിചയപ്പെടുത്തുകയും കൃഷി ലാഭകരമായ ഒരു തൊഴിലാണെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്യും. ഇതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന പോളിഹൗസ് കൃഷിയ്ക്കായി പോളിഹൗസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് കൃഷി രീതികളായ റെയിൻ ഷെൽട്ടർ (മഴമറ), സൂക്ഷ്മ ജലസേചനവും ഫെർട്ടിഗേഷനും എന്നീ നൂതന കാർഷിക രീതികൾക്കും ധനസഹായം നൽകിവരുന്നു. അടുത്ത വാർഷിക പദ്ധതിയിൽ പുതുതലമുറയെ ആകർഷിക്കത്തക്ക രീതിയിൽ പച്ചക്കറി വികസന പദ്ധതി, ഫ്ലോറി കൾച്ചർ വികസനം, ഔഷധ സസ്യകൃഷി വികസനം, ഹൈടെക് കൃഷി, അഗ്രോസർവ്വീസ് സെന്ററുകളും സേവനം എത്തിക്കലും, പ്രത്യേക കാർഷിക മേഖലകൾ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി എന്നിവ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

**വരൾച്ച നേരിടാൻ കൃഷി വകുപ്പിന്റെ കർമ്മപദ്ധതികൾ**

31 (3122) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ച നേരിടാൻ കൃഷിവകുപ്പ് സ്വീകരിച്ച കർമ്മപദ്ധതികൾ ജനങ്ങളിലെത്തിക്കാൻ ദൃശ്യമാധ്യമങ്ങളുടെ സ്വമേധയായുള്ള സഹകരണത്തിന് അഭ്യർത്ഥിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വരൾച്ച നേരിടുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ച കർമ്മപദ്ധതികൾ ദൃശ്യ മാധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും ജനങ്ങളിലെത്തിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിന്റെ എഫ്.ഐ.ബി., കിസാൻ കൃഷിദീപം എന്നിവയിലൂടെ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ദൃശ്യമാധ്യമങ്ങൾ സ്വമേധയാ ഇതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ കൃഷി**

32 (3123) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി കൃഷി വകുപ്പ് 2016-17-ൽ തയ്യാറാക്കിയിരുന്ന പദ്ധതികൾ എന്തെല്ലാമായിരുന്നു; ആയതിന്റെ നടപടിക്രമങ്ങളുടെയും ഫണ്ട് വിനിയോഗത്തിന്റെയും വിശദവിവരങ്ങൾ നൽകുമോ;

(ബി) പതിവ് പ്രവൃത്തികളില്ലാതെ ഈ മണ്ഡലത്തിലെ പ്രത്യേകതകൾ പരിഗണിച്ച് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി കൃഷി വകുപ്പ് 2016-17-ൽ പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ തയ്യാറാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനതലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ കാർഷിക വികസന പദ്ധതികൾ പ്രസ്തുത മണ്ഡലത്തിലും നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കോങ്ങാട് നിയോജകമണ്ഡലത്തിന്റെ സമഗ്രവും സുസ്ഥിരവുമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കതിർ (Kongad Legislative Assembly- Agriculture and allied sectors technical and Holistic improvement Projects for realisation of sustainable development) എന്ന പേരിൽ ഒരു പദ്ധതി നിർദ്ദേശം കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നിർദ്ദേശത്തിലെ ആകെ അടങ്കൽ തുക 1,51,82,080 രൂപയാണ്. ആയത് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാർഷിക ഉല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

33 (3124) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളും കാർഷിക സർവ്വകലാശാലകളും ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത വസ്തുക്കളും കൃഷിയാവശ്യത്തിനുള്ള വസ്തുക്കളും വിൽക്കുന്നതിനായി സംസ്ഥാനത്ത് പുതിയ സ്റ്റാളുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, കാർഷികോല്പന്നങ്ങൾ, ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ തുടങ്ങിയവ ന്യായമായ വിലയ്ക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് അഗ്രോബസാറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലാണ് പ്രസ്തുത അഗ്രോ ബസാറുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ അഗ്രോബസാർ പണി പൂർത്തിയായിവരുന്നു.

## നെൽകൃഷി മേഖല

34 (3125) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമായ നെല്ലിന്റെ എത്ര ശതമാനമാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്;

(ബി) നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉള്ളത്;

(സി) ഇത് വരുംവർഷങ്ങളിൽ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(ഡി) നെൽകൃഷി മേഖലയിൽ യന്ത്രവത്കരണം തുടങ്ങിയുള്ള ആധുനികവത്കരണം നടപ്പാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ജനസംഖ്യ കണക്ക് പ്രകാരം ഏകദേശം 40 ലക്ഷം മെ.ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം ഏകദേശം 15 ശതമാനത്തോളമാണ്.

(ബി) 2015-16-ൽ സംസ്ഥാനത്തെ നെൽകൃഷിയുടെ ആകെ വിസ്തൃതി 196870 ഹെക്ടർ ആണ്. 2016-17-ലെ നെൽകൃഷിയുടെ അന്തിമ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. കൃഷി വകുപ്പ് ജില്ലകളിൽനിന്ന് ശേഖരിച്ച കണക്കനുസരിച്ച് 2,02,525 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കിവരുന്നു.

(സി) അടുത്ത അഞ്ച് വർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ നെൽവർഷമായി സർക്കാർ ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതികൾക്കുപരിയായി 1500 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂ കൃഷി ഇരിപ്പൂ നിലമാക്കാനും 3633 ഹെക്ടർ സ്ഥലത്ത് (കോൺട്രാക്ട് ഫാമിങ്ങ്) തരിശുനില നെൽകൃഷിയും 1200 ലക്ഷം രൂപയുള്ള ബ്ലോക്കുതല പദ്ധതികൾക്കായുള്ള സഹായം, നെൽ വർഷത്തോടനുബന്ധിച്ചുള്ള പുതിയ പദ്ധതികൾ 262 ലക്ഷം രൂപയും, നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപയുള്ള പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാദേശികമായ നെല്ലിനങ്ങളുടെ പ്രത്യേക കാർഷിക മേഖലയായി വയനാട് ജില്ലയെ തെരഞ്ഞെടുത്ത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നെൽകൃഷി മേഖലയിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി യന്ത്രവത്കരണം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ SMAM, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, ജില്ലാ കാർഷിക എഞ്ചിനീയറിംഗ് കാര്യാലയത്തോടനുബന്ധിച്ച് കസ്റ്റം ഹയറിംഗ് സെന്റർ തുടങ്ങിയ സ്കീമുകളിൽ യന്ത്രവത്കരണം നടപ്പിലാക്കി വരുന്നു. കൂടാതെ കോൾനില വികസന പദ്ധതിയുടെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (RKVY) ധനസഹായത്തോടെ 27.45 കോടി രൂപയുടെ കാർഷിക യന്ത്രവത്കരണ പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകി. ടി പദ്ധതിക്ക് അനുവദിച്ച 27.45 കോടി രൂപയിൽ 14 കോടി രൂപ കെയ്ക്കോയ്ക്ക് നൽകി. പ്രസ്തുത തുകയ്ക്കുള്ള കാർഷിക യന്ത്രങ്ങൾ കെയ്ക്കോ വാങ്ങി കോൾനിലങ്ങളിൽ കാർഷിക ആവശ്യത്തിനായി വിന്യസിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ കാർഷിക യന്ത്രവത്കരണം ശക്തിപ്പെടുത്താൻ മൂന്നു മേഖലകളാക്കി തിരിച്ച് മൂന്ന് ഫാം ഫെസിലിറ്റേഷൻ സെന്റർ കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## പച്ചക്കറി സംഭരണം

35 (3126) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വലിയതോതിൽ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ ഇവ സംഭരിക്കുന്നതിന് ആരും തയ്യാറാകാത്തത് കാരണം പച്ചക്കറികൾ കേടായി നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറികൾ കർഷകരിൽനിന്ന് യഥാസമയം ന്യായമായ വിലയ്ക്ക് സംഭരിക്കുന്നതിനും അവ കേടാകാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറി, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികൾ, പച്ചക്കറി ക്ലസ്റ്ററുകളുടെ വിപണനശാലകൾ എന്നിവ മുഖേന സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്തുവരുന്നു. എന്നാൽ ചില സീസണിൽ ചില ഇനം പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കുന്നതുമൂലം വിപണനത്തിന് ബുദ്ധിമുട്ട് കർഷകർക്ക് അനുഭവപ്പെടുന്നതുമൂലം ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് സൗജന്യനിരക്കിൽ ഉപഭോക്താക്കൾക്കും പൊതുസ്ഥാപനങ്ങൾക്കും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ജയിൽ, അനാഥാലയങ്ങൾ എന്നിവയ്ക്കും സൗജന്യമായും നൽകിയിരുന്നു. ആവശ്യാധിഷ്ഠിതമായി വർഷംമുഴുവനും ഉല്പാദനം ക്രമീകരിക്കുന്നതിനായി ഒരു ക്രോപ് കലണ്ടർ തയ്യാറാക്കി വരികയാണ്.

(ബി) ഏർപ്പെടുത്തുന്നതാണ്.

(സി) 1. പച്ചക്കറികൾ കൃഷിയിടങ്ങളിലെ ശുദ്ധതയോടെയും ഗുണ മേന്മയോടെയും ഉപഭോക്താവിന്റെ കൈകളിൽ എത്തിക്കുന്നതിന്, സംസ്ഥാനത്ത് അനുയോജ്യമായ ഒരു ശീതീകരണ ശൃംഖല സംബന്ധിച്ച പഠനത്തിന് NABCONS എന്ന നബാർഡിന്റേതായ ഒരു സ്ഥാപനത്തിന് അനുമതി നൽകാനുദ്ദേശിക്കുന്നു.

2. സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികളിലുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം, ഹോർട്ടികോർപ്പിന് കൂടി ഉപയോഗപ്രദമാക്കി പച്ചക്കറികൾ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ അപേഡയുടെ ധനസഹായത്തോടെ വയനാട്ടും തൃശ്ശൂരും പണി തീർന്ന് വരുന്ന പായ്ക്ക് ഹൗസുകളിൽ 20 ടൺ സംഭരണ ശേഷിയുള്ള ശീതീകരണ സംഭരണി ഒരുക്കിയിട്ടുണ്ട്.

## പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

36 (3127) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനം കൂട്ടുന്നതിലേയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി കൃഷി ഓഫീസർമാരുടെ സേവനം കൂടുതലായി പ്രയോജനപ്പെടുത്തുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം കൂട്ടുന്നതിനായി 'സമഗ്ര പച്ചക്കറി വികസന പദ്ധതി' നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 7430 ലക്ഷം രൂപ പച്ചക്കറി വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ വിവിധ ഘടകങ്ങളിലായി 4216.26404/-ലക്ഷം രൂപ ചെലവഴിച്ചു. 16985.59340 ഹെക്ടർ സ്ഥലത്ത് ഇതുവരെ പച്ചക്കറി കൃഷി ചെയ്യാനും 164623.998 മെട്രിക് ടൺ ഉല്പാദിപ്പിക്കാനും കഴിഞ്ഞു. പച്ചക്കറി വികസന പദ്ധതി പ്രകാരമുള്ള പ്രധാന പദ്ധതികളായ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകളുടെയും വിത്തുകളുടെയും വിതരണം, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, 'എ' ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ, ബ്ലോക്കുതല നഴ്സറികളുടെ വികസനം, മഴമറകൾ സ്ഥാപിക്കൽ, സങ്കരവർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം നൽകൽ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും, തരിശു നില കൃഷി, മാധ്യമങ്ങളും എൻ.ജി.ഒ.കളും വഴിയുള്ള വിത്തുവിതരണം, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് സഹായം എന്നിവ നടപ്പിലാക്കി വരുന്നു. ഓണക്കാലത്ത് പച്ചക്കറി ലഭ്യത ഉറപ്പു വരുത്തുന്നതിനും ഓണം മാർക്കറ്റുകൾ സുഗമമായി പ്രവർത്തിക്കുന്നതിനുമായി 'ഓണസമൃദ്ധി' എന്ന പദ്ധതി നടപ്പിലാക്കിയതുവഴി ഓണക്കാലത്ത് അധിക ഉല്പാദനം ഉറപ്പുവരുത്തുന്നതിനും അതുവഴി പച്ചക്കറി വില പിടിച്ചുനിർത്തുന്നതിനും കഴിഞ്ഞു. കൂടാതെ വി.എഫ്.പി.സി.കെ. വഴി പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സ്കീം മുഖേനയുള്ള ജൈവപച്ചക്കറി കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും, പച്ചക്കറി,

വാഴ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുകയും, വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി അനുവദിക്കുകയും, പച്ചക്കറി കൃഷിയിൽ വ്യാപനവും നൂതന സാങ്കേതികവിദ്യയും പ്രചരിപ്പിക്കുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി' എന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ മേഖലകളിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ ശീതകാല പച്ചക്കറി വ്യാപന പദ്ധതി എസ്.എച്ച്.എം മുഖേന നടപ്പിലാക്കി വരുന്നു. പഴം, പച്ചക്കറി ഉല്പന്നങ്ങൾക്ക് സംസ്ഥാന കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻഡായി "കേരള ഓർഗാനിക്" എന്ന പേരിൽ ഓർഗാനിക് പച്ചക്കറിയുടെയും പഴത്തിന്റെയും വിപണനം ഈ വർഷം വിഷുവിന് ആരംഭിക്കുന്നതാണ്.

(ബി&സി) പദ്ധതികളെല്ലാം കൃഷി ഓഫീസർമാർ മുഖേനയാണ് നടപ്പിലാക്കുന്നത്. പഞ്ചായത്തുകളിൽ പച്ചക്കറി കൃഷി ചെയ്യാൻ ലഭ്യമായ തരിശുഭൂമി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് കൂടുതൽ കർഷക, സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ കൃഷി ഓഫീസർമാർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

**നെൽകൃഷി വികസനത്തിന് പദ്ധതി**

37 (3128) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചത്; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര ടൺ നെല്ലാണ് ഉല്പാദിപ്പിച്ചിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം:

ഈ പദ്ധതിപ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുംപുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4500 രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം:

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷിക്കുള്ള പ്രോത്സാഹനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി:

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. കരനെൽകൃഷി വികസനം:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപ നിരക്കിൽ, 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായി ഹെക്ടറിന് 10000 രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

6. <u>നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)</u>:

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. <u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി</u>:

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചു വരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി അനുവദിച്ചിട്ടുമുണ്ട്.

8. <u>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)</u>:

ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി (NFSM) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 243 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) കരനെൽകൃഷി നടപ്പിലാക്കിയതുവഴി ഏകദേശം 4953 മെ.ടൺ. നെല്ല് ഉല്പാദിപ്പിക്കുകയുണ്ടായി. മിക്ക സ്ഥലങ്ങളിലും നെൽകൃഷിയുടെ കൊയ്ത്ത് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കൊയ്ത്ത് കഴിഞ്ഞാൽ മാത്രമെ മൊത്തം ഉല്പാദനത്തിന്റെ കണക്ക് വ്യക്തമാകുകയുള്ളൂ.

**നീരുറവകളെ സംരക്ഷിക്കൽ**

38 (3129) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മേഖലയിലുമുള്ള കർഷകരെ ബാധിക്കുന്നതായ കാലാവസ്ഥാവ്യതിയാനംമൂലമുള്ള കൊടുംചൂട്, ജലലഭ്യതക്കുറവ് എന്നിവമൂലമുണ്ടാകുന്ന വിളനാശം, കുറഞ്ഞ ഉൽപ്പാദനം എന്നിവയെ നേരിടാനും അതുവഴി കർഷക്ഷേമം ഉറപ്പുവരുത്തുവാനും, കൃഷി വകുപ്പും സർക്കാരും എന്ത് നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിലെ വരൾച്ച നേരിടാൻ ഫലപ്രദമായ മാർഗ്ഗങ്ങളായ മഴവെള്ള സംഭരണം, കുളങ്ങളുൾപ്പെടെയുള്ള നീരുറവകൾ സംരക്ഷിക്കൽ, മണ്ണൊലിപ്പ് തടയൽ തുടങ്ങി കുളങ്ങളിലെയും മറ്റ് ജലസംഭരണികളിലെയും ജലം മലിനമാക്കുന്നത് തടഞ്ഞ് ശുദ്ധീകരിക്കൽ, ജലസംരക്ഷണ-ശുദ്ധീകരണ പ്രക്രിയകളുൾപ്പെടെ ജനങ്ങൾക്ക് വേണ്ടത്ര ബോധവല്കരണം നൽകുന്നതിൽ കൃഷി വകുപ്പും ജലവിഭവ വകുപ്പും സംയുക്തമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു.

വരൾച്ചമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാ ശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റി വഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കാനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM(Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ജലസംഭരണികൾ, മഴക്കുഴികൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തണ്ണീർ ത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാർഷികാവശ്യത്തിനായി കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനും ധനസഹായം നൽകി വരുന്നു. ജലസ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു. പാടശേഖരങ്ങൾക്ക് പ്രത്യേകമായി ജലസേചനത്തിനുള്ള പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്.

**ഓണാട്ടുകര പാടശേഖരങ്ങൾ തരിശുരഹിതമാക്കുന്നതിന് പദ്ധതി**

39 (3130) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ഓണാട്ടുകര പാടശേഖരങ്ങൾ തരിശുരഹിതമാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു;

(സി) ഈ പ്രദേശത്തെ വയലുകൾക്ക് യോജിച്ച നെൽവിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കടൽത്തീരവുമായി വളരെ അടുത്തുകിടക്കുന്ന പ്രദേശങ്ങളിലെ മുണ്ടകപ്പാടങ്ങൾ തരിശുരഹിതമാക്കുന്നതിനും, മുണ്ടക നെൽവിത്തുകൾ കർഷകർക്ക് സൗജന്യമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>സുസ്ഥിര നെൽകൃഷി വികസനം</u>:

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4500 രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u>:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u>:

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷിക്കുള്ള പ്രോത്സാഹനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. <u>പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി</u>:

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

5. കരനെൽകൃഷി വികസനം:

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഒരു ഹെക്ടറിന് 30000 രൂപ നിരക്കിൽ, 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായി ഹെക്ടറിന് 10000 രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

6. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ):

നെൽകർഷകർക്ക് ഉല്പാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി:

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചു വരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി അനുവദിച്ചിട്ടുണ്ട്.

8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം):

ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി (NFSM) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 243 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഓണാട്ടുകര പാടശേഖരങ്ങൾക്കായി നിലവിലുള്ള നെൽകൃഷി വികസന പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ കരനെൽകൃഷി പ്രചരിപ്പിക്കുന്നുമുണ്ട്.

(സി) കൃഷി ചെയ്യുന്ന കർഷകർക്ക് നെൽവിത്ത് സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(ഡി) കൃഷി ചെയ്യുന്ന കർഷകർക്ക് നെൽവിത്ത് സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. സുസ്ഥിര നെൽകൃഷി വികസനം, പ്രത്യേക നെൽകൃഷി വികസനം എന്നീ പദ്ധതികളിൽ ഇതിനുള്ള സബ്സിഡി നിലവിലുണ്ട്.

## നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടി

40 (3131) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവില ചെലവിനനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) കുട്ടനാടിലെ നെല്ല് സംഭരിക്കുന്നമുറയ്ക്ക് കർഷകരുടെ പണം നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കൊയ്ത നെല്ല് പുഞ്ചപ്പാടങ്ങളിൽ നിന്നും കായൽ നിലങ്ങളിൽ നിന്നും സുഗമമായി കൊണ്ടുവരുന്നതിന് ആവശ്യാനുസൃതം ട്രാക്ടർ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയും, കൃഷി വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനമായ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് വഴിയും കർഷകരിൽ നിന്നും നെല്ല് സംഭരണം നടപ്പിലാക്കി വരുന്നു. കേരളത്തിലെ നെൽകൃഷിയുടെ ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ, കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ താങ്ങുവിലയോടൊപ്പം " സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്" കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉയർന്ന സംഭരണ വിലയ്ക്കാണ് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. 2015-16-ൽ കേന്ദ്ര സർക്കാർ, നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 14.10 രൂപയായിരുന്നത് ഉയർത്തി 2016 ഒക്ടോബർ മാസം മുതൽ കിലോയ്ക്ക് 14.70 രൂപയായി വർദ്ധിപ്പിച്ചിരുന്നു. സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് കൂടി ഉൾപ്പെടുത്തി ഈ സർക്കാർ നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 22.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില സപ്ലൈകോയിൽ നിന്നും നേരിട്ടാണ് കർഷകർക്ക് നൽകിവരുന്നത്. നെല്ലിന്റെ താങ്ങുവിലയായ ₹ 22.50/Kg-യിൽ, അടിസ്ഥാന താങ്ങുവില (MSP) ₹ 14.70/Kg-യും സംസ്ഥാന ഇൻസെന്റീവ് ബോണസ് (SIB) ₹ 7.80/Kg യും ആകുന്നു. സംഭരിക്കുന്ന നെല്ലിന് പണം നൽകുന്നതിന് ആവശ്യമായ തുക കേന്ദ്രസർക്കാരിൽ നിന്നും/സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. എന്നാൽ നെല്ലിന്റെ വില ഉടനടി കർഷകർക്ക് ലഭ്യമാക്കുവാൻ സഹകരണ വകുപ്പ്, ബാങ്കുകളും, സിവിൽസപ്ലൈസ് വകുപ്പ്, കൃഷി വകുപ്പ് ചേർന്ന് സംവിധാനമുണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(സി) പാടശേഖരങ്ങളിലെ ആവശ്യകതയ്ക്കനുസൃതമായി ജില്ലാതലത്തിൽ നിന്നും ട്രാക്ടർ റോഡ്, പാലങ്ങൾ തുടങ്ങിയവയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

**ഹോർട്ടികോർപ്പിലെ പരിശോധന**

41 (3132) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണ കേന്ദ്രത്തിൽ കൃഷിമന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പരിശോധനയുടെ തുടർനടപടികളായി സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഇപ്പോഴും പ്രസ്തുത കേന്ദ്രത്തിൽ തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ യഥേഷ്ടം സംഭരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണ കേന്ദ്രത്തിൽ കൃഷി മന്ത്രിയുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തിയ മിന്നൽപരിശോധനയിൽ, തമിഴ്നാട്ടിൽ നിന്നും ഗുണനിലവാരമില്ലാത്ത പച്ചക്കറി വാങ്ങുന്നതും പ്രാദേശിക കർഷകരുടെ കാർഷികോല്പന്നങ്ങൾ വാങ്ങാതിരിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നത് ഉൾപ്പെടെ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും അന്നത്തെ മാനേജിംഗ് ഡയറക്ടറായ ഡോ. എം. സുരേഷ് കുമാറിനെ തൽസ്ഥാനത്ത് നിന്നും മാറ്റുകയും റീജിയണൽ മാനേജരുടെ ചുമതല വഹിച്ചിരുന്ന ശ്രീ. സി. മധുസൂദനനെ സസ്പെന്റ് ചെയ്തുകൊണ്ടും ഉത്തരവാകുകയും ചെയ്തു. പ്രസ്തുത പരിശോധനയുടെ തുടർ നടപടിയായി ആനയറ കാർഷിക മൊത്തവ്യാപാര വിപണിയുടെ പ്രവർത്തനം സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ മുഖേന അന്വേഷണം നടത്തിവരുന്നു. അതൊടൊപ്പം ഹോർട്ടികോർപ്പിന്റെ ഇക്കഴിഞ്ഞ അഞ്ച് വർഷത്തെ പച്ചക്കറി സംഭരണവും വിതരണവും സംബന്ധിച്ച് വിജിലൻസ് (പോലീസ്) മുഖേന അന്വേഷണം നടത്തിവരികയാണ്.

(സി) ഹോർട്ടികോർപ് കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ മാത്രമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കേണ്ടത്, എന്നതാണ് സർക്കാരിന്റെ നയം.

**സ്വന്തമായി കൃഷിയിടങ്ങളില്ലാത്ത കർഷകർ**

42 (3133) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കൃഷിഭൂമിയില്ലാത്തതുകൊണ്ട് മാത്രം കൃഷി ചെയ്യാൻ കഴിയാത്ത കർഷകരുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലങ്ങളും കൃഷിയിടങ്ങളും തരിശുകിടക്കുമ്പോഴും കൃഷി ചെയ്യാൻ താൽപ്പര്യമുള്ളതും എന്നാൽ സ്വന്തമായി കൃഷിയിടങ്ങളില്ലാത്തതിനാൽ അതിന് കഴിയാത്തതുമായ കർഷകരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) കൃഷിക്കാർക്ക് വയലുകളും കൃഷിയിടങ്ങളും വിലയ്ക്കുവാങ്ങി കൃഷി നടത്തുന്നതിന് സഹായിക്കുന്ന തരത്തിലുള്ള എന്തെങ്കിലും വായ്പാ പദ്ധതികൾ നിലവിലുണ്ടോ;

(ഡി) തരിശുകിടക്കുന്ന കൃഷിയിടങ്ങൾ യഥാർത്ഥ കർഷകർക്ക് സ്വന്തമായി കൃഷി വ്യാപിപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിലുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വന്തമായി കൃഷിയിടമില്ലാത്ത കർഷകർ തരിശുകിടക്കുന്ന കൃഷിയിടം വാടകക്കെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന രണ്ട് പദ്ധതികൾ മുഖേന ധനസഹായം നൽകിവരുന്നു.

1. <u>തരിശുപാടങ്ങളിൽ നെൽകൃഷി:</u>

   തരിശുനിലത്തിൽ നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകി വരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത പാട്ടകൃഷിക്കാർക്കും പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന ധനസഹായത്തിൽ പാട്ടകൃഷിക്കാരന് 25,000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയുമാണ് ലഭിക്കുന്നത്.

2. <u>തരിശുനിലങ്ങളിൽ പച്ചക്കറി:</u>

   തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇപ്രകാരം അനുവദിക്കുന്ന ധനസഹായത്തിൽ 25,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കുമാണ് നൽകുന്നത്.

(സി) ഇല്ല.

(ഡി) ദീർഘകാലമായി തരിശുകിടക്കുന്ന സ്വന്തം കൃഷിയിടങ്ങളിൽ കൃഷിയിറക്കുന്നതിനും കർഷകർക്ക് നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 30,000 രൂപയും പച്ചക്കറികൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 30,000 രൂപയും ധനസഹായം നൽകിവരുന്നു.

**കേരഫെഡിന്റെ ബാദ്ധ്യതകൾ**

43 (3134) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ ബാദ്ധ്യത എത്ര കോടിയാണെന്ന് വിശദമാക്കാമോ ;

(ബി) കേരഫെഡിനെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി ഉണ്ടോ;

(സി) ആയതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കിൽ പച്ചതേങ്ങ സംഭരിച്ചതിനാൽ അധികമായി കർഷകർക്ക് നൽകിയ തുകയും മറ്റ് അനുബന്ധ ചെലവുകളുമടക്കം സർക്കാരിൽനിന്നും കേരഫെഡിന് 115.7175 കോടി രൂപ ലഭിക്കുവാനുണ്ടായിരുന്നു. ഇതിൽനിന്നും രണ്ട് ഗഡുക്കളായി 50 കോടി രൂപ സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇനി 65.7175 കോടി രൂപ കൂടി സർക്കാരിൽനിന്നും ലഭിക്കാനുണ്ട്.

(ബി&സി) ഉണ്ട്. കേരഫെഡ് ഉൽപ്പാദിപ്പിക്കുന്ന കേര ബ്രാൻഡ് വെളിച്ചെണ്ണ, കേര കോക്കനട്ട് മിൽക്ക് പൗഡർ, കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേരജം കേശാമൃത് ഹെയർ ഓയിൽ എന്നിവ സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും നിലവിൽ വിറ്റുവരുന്നുണ്ട്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനും, മാർക്കറ്റിംഗ് മേഖല ശക്തിപ്പെടുത്തിയും കേരഫെഡിന്റെ വരുമാനം വർദ്ധിപ്പിച്ച് നാളികേര കർഷകർക്ക് കൂടുതൽ സഹായകരമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു.

**വിഷാംശമുള്ള പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വിൽപ്പന**

44 (3135) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷാംശമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽപന നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പരിശോധനയിൽ വിഷാംശങ്ങളുണ്ടെന്ന് കണ്ടെത്തുന്ന പച്ചക്കറികളുടെയും പഴ വർഗ്ഗങ്ങളുടെയും വിൽപ്പന ഉടനടി തടയാൻ സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടെ വിൽപ്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾ 'കേരള ഓർഗാനിക്' എന്ന ബ്രാന്റ് നാമത്തിൽ ഈ വരുന്ന വിഷുക്കാലത്ത് വിപണനം ആരംഭിക്കും. മാർക്കറ്റിൽ നിന്നും ശേഖരിക്കുന്ന പഴം, പച്ചക്കറി സാമ്പിളുകൾ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പിലാക്കുന്നതുവഴി കീടനാശിനികളുടെ അനിയന്ത്രിത ഉപയോഗം ഒഴിവാകുന്നു.

(ബി) നിലവിലുള്ള സാങ്കേതികവിദ്യയിൽ ഇത്തരം സംവിധാനങ്ങൾ പ്രായോഗികമല്ല. എന്നാൽ വിഷാംശമുള്ള പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വിവിധ വകുപ്പുകളുടെയും ശാസ്ത്രസ്ഥാപനങ്ങളുടെയും ഏകോപനത്തിലൂടെ നടത്തുവാൻ സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്.

**വരൾച്ചയും ജലദൗർലഭ്യവും**

45 (3136) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാവ്യതിയാനം കാരണമുണ്ടായ വരൾച്ചയും ജലദൗർലഭ്യവുംമൂലം എത്ര ഹെക്ടർ ഭൂമിയിൽ കൃഷി നശിച്ചു; എത്ര തുകയുടെ നഷ്ടം ഇതുമൂലമുണ്ടായി; ഏതെല്ലാം മേഖലയിൽ കർഷകരെ ഇത് ബാധിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷികമേഖലയിലുണ്ടാകുന്ന വരൾച്ച ഫലപ്രദമായി നേരിടാനുള്ള മാർഗ്ഗങ്ങളായ മഴവെള്ളസംഭരണം, കുളങ്ങളുൾപ്പെട്ട നീരുറവകളുടെ സംരക്ഷണം, മണ്ണൊലിപ്പുതടയൽ, കുളങ്ങളെയും ജലാശയങ്ങളെയും മാലിന്യവിമുക്തമാക്കൽ എന്നീ പ്രവർത്തനങ്ങളിൽ എന്തെല്ലാം നാളിതുവരെ നടത്തിയെന്ന് വ്യക്തമാക്കുമോ;

(സി) കൊടുംവരൾച്ചയിൽനിന്നും കർഷകരെ സംരക്ഷിക്കാനുള്ള മഴപ്പൊലിമ പദ്ധതിയിലൂടെ സർക്കാർ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ഈ സർക്കാർ നാളിതുവരെ എന്തൊക്കെ സഹായനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 35985 കർഷകരുടെ 35095.78 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. നെല്ല്, വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി, ഏലം, റബ്ബർ തുടങ്ങിയ വിളകൾക്കാണ് വ്യാപകനാശം സംഭവിച്ചിട്ടുള്ളത്.

(ബി) ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു. ജലസംഭരണികൾ, മഴക്കുഴികൾ എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മഴപ്പൊലിമ പദ്ധതിയിലൂടെ നാളിതുവരെ തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറപെരുമ്പാറ പട്ടികവർഗ്ഗ കോളനിയിൽ കിണർ റീചാർജ്ജിംഗിനും ഡീസിൽറ്റിംഗിനും വേണ്ടി 25,006 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി ശേഖരിച്ചുവരുന്നു. ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റി വഴി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്കുമാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacterial) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിളനാശത്തിന് അർഹമായ നഷ്ടപരിഹാര തുക സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉടനടി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷിക്ക് വരൾച്ചാ ദുരിതാശ്വാസമായി ഒരു ഹെക്ടറിന് 13,500 രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 12,500 രൂപയും ലഭിക്കും. കൂടാതെ പരമാവധി കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

**ഭക്ഷ്യസുരക്ഷ**

46 (3137) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി നടത്തിവരുന്ന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഇതിന്റെ ഭാഗമായി ധാന്യങ്ങളുടെയും പയറുവർഗ്ഗങ്ങളുടെയും കൃഷി ശാസ്ത്രീയമായി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നെല്ല്, പച്ചക്കറി എന്നീ വിളകളുടെ കൃഷി വികസനത്തിനുള്ള പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. നെൽകൃഷി വികസന പദ്ധതി:

പദ്ധതിയിൻകീഴിൽ ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിലുള്ള നെൽ കൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം, കര നെൽകൃഷി, തരിശുനില കൃഷി, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പാടശേഖര സമിതികൾക്ക് ധനസഹായം എന്നിവയുൾപ്പെടുന്നു. ആറന്മുള, മെത്രാൻ കായൽ എന്നിവിടങ്ങളിൽ വർഷങ്ങളായി തരിശായി കിടക്കുന്ന നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 11 നെല്ല് വികസന ഏജൻസികൾക്കുള്ള ധനസഹായവും ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗിച്ച് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിന്റെ പരിശോധനയ്ക്കുള്ള ആദ്യ വർഷത്തേയ്ക്കുള്ള തുകയും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി 2016-17 വർഷത്തേയ്ക്ക് ആകെ 35.00 കോടി രൂപയാണ് (മുപ്പത്തിയഞ്ച് കോടി) വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്. കൂടാതെ 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള കാലയളവ് 'നെൽ വർഷ' മായി ആചരിക്കുന്നതിനും ഇതോടനുബന്ധിച്ച് നൂറ് ഇന

കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണം നിലവിലുള്ള രണ്ട് ലക്ഷം ഹെക്ടറിൽ നിന്നും മൂന്ന് ലക്ഷം ഹെക്ടറായി ഉയർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

2. പച്ചക്കറി വികസന പദ്ധതി:

പരമ്പരാഗത കർഷകർ മുതൽ വിദ്യാർത്ഥികളും വീട്ടമ്മമാരും വരെയുള്ള സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര പദ്ധതിയാണിത്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി, വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കൽ, സർക്കാർ-സ്വകാര്യ ഭൂമിയിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറികൃഷി, ഗ്രോ ബാഗിലെ കൃഷി തുടങ്ങി പച്ചക്കറികൃഷി വ്യാപനത്തിന് വിവിധ ഘടകങ്ങളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. അടുത്ത 5 വർഷംകൊണ്ട് 50000 ഹെക്ടറിൽ അധികമായി പച്ചക്കറികൃഷി ആരംഭിക്കുന്നതിന് പച്ചക്കറി മിഷൻ പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയകൃഷി നടപ്പിലാക്കുന്നതാണ്.

2017-18-ലെ വാർഷിക ബഡ്ജറ്റിൽ ഭക്ഷ്യോൽപ്പാദന പദ്ധതികൾക്കായി വകയിരുത്തിയ 160 കോടി രൂപയിൽ 70 കോടി രൂപ നെൽകൃഷിക്കും 85 കോടി രൂപ പച്ചക്കറികൃഷി വികസനത്തിനുമാണ് അനുവദിച്ചിരിക്കുന്നത്. നെൽകൃഷിക്ക് RSGP പദ്ധതി പ്രകാരമുള്ള വിത്തുൽപ്പാദനം മുതൽ അനുയോജ്യമായ പ്രദേശങ്ങളിൽ റൈസ് മിൽ സ്ഥാപിച്ചുകൊണ്ടുള്ള ഉൽപ്പന്നസംസ്കരണം വരെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശാസ്ത്രീയ കൃഷിമുറകൾ അനുവർത്തിക്കുകയെന്നതാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

പയർവർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും കൃഷി ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിച്ച് ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനുമായി 2017-18 വർഷത്തെ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാദേശിക സവിശേഷതയുള്ള കാർഷികോല്പന്നങ്ങൾക്കായുള്ള കൃഷി (Location Specific Scheme) എന്ന പദ്ധതിയിൽ ചെറു ധാന്യങ്ങൾ, റാഗി, ചോളം മുതലായവയുടെ കൃഷി അനുയോജ്യമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും ആദിവാസി മേഖലകളിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഇതിനായി 330 ലക്ഷം രൂപ 2017-18 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇതോടൊപ്പം മേൽപ്പറഞ്ഞ ഓരോ വിളകൾക്കും പ്രത്യേക കാർഷിക മേഖലകൾ (Special Agricultural Zones) തെരഞ്ഞെടുത്ത് (ഉദാ. കുട്ടനാട്, പാലക്കാട്, വയനാട് പ്രദേശങ്ങൾ നെൽകൃഷിക്കായി) അവിടെ ഓരോ വിളയും ശാസ്ത്രീയ കൃഷി രീതിയിലൂടെ പരമാവധി ഉൽപ്പാദനം കൈവരിക്കുവാനും ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി 10 കോടി രൂപ 2017-18 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ചേലക്കരയിൽ വിള ഇൻഷ്വറൻസ് പദ്ധതി**

47 (3138) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ എത്ര കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്; ഓരോ കൃഷിഭവന്റെയും കീഴിൽ പദ്ധതിയിലുൾപ്പെട്ട കർഷകരുടെ കണക്ക് പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ബോധവൽക്കരണം നടത്തി കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് കൃഷി ആഫീസർമാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ വിവിധ കൃഷി ഭവനുകൾക്ക് കീഴിൽ 3616 കർഷകർ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിള ഇൻഷ്വർ ചെയ്തിട്ടുണ്ട്.

| കൃഷി ഭവൻ | കർഷകർ |
|---|---|
| ദേശമംഗലം | 249 |
| മുള്ളൂർക്കര | 397 |
| വരവൂർ | 434 |
| ചേലക്കര | 472 |
| കൊണ്ടാഴി | 801 |
| പാഞ്ഞാൾ | 429 |
| പഴയന്നൂർ | 291 |
| വള്ളത്തോൾ നഗർ | 230 |
| തിരുവില്വാമല | 313 |
| ആകെ | 3616 |

(ബി) കർഷക സംഘങ്ങളുടെ കമ്മിറ്റികളിലും പാടശേഖര മീറ്റിംഗുകളിലും കാർഷിക വികസന സമിതി മീറ്റിംഗുകളിലും വിള ഇൻഷ്വർ ചെയ്യുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി കൃഷിക്കാരെ അവരുടെ വിള ഇൻഷ്വർ ചെയ്യാൻ അവബോധം നൽകുന്നുണ്ട്.

**ജൈവ പച്ചക്കറി ഉൽപ്പാദനം**

48 (3139) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നൂതനമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചക്കറികൾ വിഷവിമുക്തമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി കൃഷി വികസനത്തിനായി നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി ജൈവ കൃഷിക്ക് ഊന്നൽ നൽകിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം 2016-17-ൽ ആകെ 7430 ലക്ഷ രൂപ ചുവടെപ്പറയുന്ന വിവിധ ഘടകങ്ങൾ വഴി ആനുകൂല്യങ്ങൾ നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്:

- പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ
- അർബൻ ക്ലസ്റ്റർ പ്രോത്സാഹനം
- വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- തരിശുനില കൃഷി
- മാധ്യമങ്ങൾ വഴി വിത്ത് വിതരണം
- സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് സഹായം
- എൻ.ജി.ഒ.-കൾ മുഖേന വിത്ത് വിതരണം
- 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം

- സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം
- ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ
- കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം
- നഴ്സറികളുടെ സ്ഥാപനം
- മഴ മറകൾ സ്ഥാപിക്കൽ
- സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും
- സേഫ്- ടു - ഈറ്റ്
- വി.എഫ്.പി.സി.കെ. മുഖാന്തരം പച്ചക്കറി വികസനം

നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽനോട്ടത്തിലാണ് കൃഷി ആരംഭിച്ചിട്ടുള്ളത്. ഒരു ഹെക്ടറിന് 3,000 രൂപയാണ് ധനസഹായം നൽകുന്നത്. കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ് + 1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതം ധനസഹായവും അനുവദിച്ചു. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത ഓർഗാനിക്ക് പച്ചക്കറി 'കേരള ഓർഗാനിക്' എന്ന ലേബലിൽ ഈ വിഷുവിന് വിപണിയിൽ ഇറക്കുന്നതാണ്.

പച്ചക്കറികൾ വിഷമുക്തമാക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പച്ചക്കറികൾ വിഷവിമുക്തമാക്കുന്നതിനായി ജൈവകൃഷി വ്യാപന പദ്ധതി നടപ്പിലാക്കുന്നു.

(ബി&സി) പച്ചക്കറികൾ വിഷവിമുക്തമാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല വെജിവാഷ് എന്ന പേരിലുള്ള ഒരു ഉൽപ്പന്നം വികസിപ്പിച്ച് എടുത്തിട്ടുണ്ട്. ഈ സാങ്കേതിക സഹായത്തോടെ 30 കമ്പനികൾ ഈ ഉൽപ്പന്നം വിവിധ പേരുകളിൽ വിപണിയിൽ പൊതുജനങ്ങളുടെ ഉപയോഗത്തിനായി എത്തിച്ചിട്ടുണ്ട്.

ജൈവ പച്ചക്കറി എന്ന പേരിൽ മാർക്കറ്റിൽ വിൽക്കുന്ന പച്ചക്കറികളിൽ ഒരു മാസത്തിൽ നൂറ് സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ ലാബിൽ പരിശോധിച്ച് ഫലം പരസ്യപ്പെടുത്തുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി ജില്ലകളിലേയ്ക്കുള്ള കീടനാശിനികളുടെ വരവ് നിരീക്ഷിക്കുവാനും, നിരോധിത കീടനാശിനികളുടെ വരവ് തടയുവാനും ജില്ലാതല വിജിലൻസ് കമ്മിറ്റികൾക്കും സംസ്ഥാനതല വിജിലൻസ് സ്ക്വാഡിനും രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന കർഷകർക്കെതിരെ നടപടി എടുക്കുന്നതിന് നിലവിൽ വ്യവസ്ഥകളില്ല. എന്നാൽ നിരോധിത കീടനാശിനികളുടെയും മാരകമായ മറ്റ് കീടനാശിനികളുടെയും അമിതമായ ഉപയോഗം തടയുന്നതിന് കർഷകരെ ഓഫീസർമാരുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിതരണം ചെയ്യാവൂ എന്ന് കർശന നിർദ്ദേശം ഡീലർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ കീടനാശിനി ഉൽപ്പാദകരും, വിതരണക്കാരും കർഷകർക്കും കർഷക സംഘടനകൾക്കും നേരിട്ട് കീടനാശിനികൾ വിൽപ്പന നടത്തുന്നതും നിരോധിച്ചിട്ടുണ്ട്.

**ചെങ്ങന്നൂർ താലൂക്കിലെ നെൽകൃഷി പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം**

49 (3140) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിലെ നെൽകൃഷി പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ആക്രമണംമൂലം കൃഷിക്കാർക്ക് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷിക്കാരുടെ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൃഷിക്കാർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നഷ്ടപരിഹാരത്തുക എന്ന് വിതരണം ചെയ്യുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ചെങ്ങന്നൂർ താലൂക്കിലെ നെൽകൃഷി പാടങ്ങളിൽ വരൾച്ചയുടെ ആധിക്യംമൂലമുണ്ടായ ജലദൗർലഭ്യംമൂലം പട്ടാളപ്പുഴു ബാധ നിയന്ത്രിക്കാൻ സാധിക്കാതെ വരികയും തന്മൂലം 609 ഹെക്ടറിൽ നെൽകൃഷി നാശം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 5.47 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) വിളനാശം സംഭവിച്ച കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുവണ്ടി ടെണ്ടർ

50 (3141) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ആദൂർ ഡിവിഷനിലെ കശുവണ്ടി ടെണ്ടർ നടപടി പൂർത്തിയാക്കാതെ ശേഖരിക്കാൻ കരാറുകാരന് ഉദ്യോഗസ്ഥർ കൂട്ടുനിന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് നടപടി എടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## കർഷകർക്ക് വരൾച്ചാ ദുരിതാശ്വാസം

51 (3142) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് വരൾച്ചാ ദുരിതാശ്വാസമായി എത്ര രൂപ ഈ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികളുടെ കുളങ്ങളും, കിണറുകളും മറ്റ് ജലസ്രോതസുകളും നികത്താതെ സംരക്ഷിക്കുവാൻ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 28-2-2017 വരെ 63.828492 കോടി രൂപ വരൾച്ചാദുരിതാശ്വാസത്തിനായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 3.5 |
| കൊല്ലം | 0.126994 |

| (1) | (2) |
|---|---|
| പത്തനംതിട്ട | ... |
| ആലപ്പുഴ | 1.25 |
| കോട്ടയം | 0.05 |
| ഇടുക്കി | 0.5 |
| എറണാകുളം | 2.5 |
| തൃശ്ശൂർ | 3.516498 |
| പാലക്കാട് | 12.6 |
| മലപ്പുറം | 3.5 |
| കോഴിക്കോട് | 5.75 |
| വയനാട് | 29.005 |
| കണ്ണൂർ | 1.53 |
| കാസർഗോഡ് | ... |
| ആകെ | 63.828492 |

(ബി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളുടെ കുളങ്ങളും കിണറുകളും മറ്റു ജലസ്രോതസ്സുകളും നികത്തുവാൻ കർശനമായി പാടില്ലാത്തതാണ്. എന്നാൽ നിയമം ലംഘിച്ച് പലയിടത്തും കുളങ്ങളും തോടുകളും ജലസ്രോതസ്സുകളും നികത്തപ്പെട്ടിട്ടുള്ളത് സർക്കാർ ഗൗരവമായി കാണുന്നു. ഇതു തടയുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ ഈ സർക്കാർ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. അതീവ ഗുരുതരമായ ജലക്ഷാമം നേരിടുന്ന പശ്ചാത്തലത്തിൽ നിയമം കർശനമായി പാലിച്ച് ജലസ്രോതസ്സുകളും തണ്ണീർത്തടങ്ങളും കുളങ്ങളും കിണറുകളും സംരക്ഷിക്കുവാൻ ജനങ്ങൾകൂടി മുന്നിട്ടിറങ്ങേണ്ടതുണ്ട്. ഇതിനായി ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വകുപ്പ് തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

## കുട്ടനാട്ടിലെ കൃഷി

52 (3143) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൃഷിയിടങ്ങൾക്ക് ഭീഷണിയായ ഓരുവെള്ളവും പായൽ പ്രശ്നവും പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കൊയ്ത്ത് കാലത്ത് ആവശ്യത്തിന് കൊയ്ത്തുമെതി യന്ത്രങ്ങൾ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ നെൽകൃഷിരംഗത്തുള്ള പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണാനും സവിശേഷമായ ഇവിടുത്തെ ആവാസ വ്യവസ്ഥ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കുട്ടനാട് പാക്കേജ് പദ്ധതി നടത്തിപ്പിലെ ഏകോപനമില്ലായ്മമൂലവും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കാനാകാത്തതിനാലും ലക്ഷ്യപ്രാപ്തിയിലെത്താതെ അവസാനിച്ചിരിക്കുകയാണ്. എങ്കിലും കുട്ടനാട്ടിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൃഷി വകുപ്പ് ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുട്ടനാട്ടിലെ കൃഷിയിടങ്ങൾക്ക് പുഞ്ച കൃഷിയിൽ ഓരുവെള്ളം ഭീഷണി നേരിടുന്നതിനായി 15-12-2016-ൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ കമ്മിറ്റി കൂടി തണ്ണീർമുക്കം ബണ്ട് അടയ്ക്കുന്നതിന് ആലപ്പുഴ ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോളയും പായലും നീക്കംചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

(ബി) കൊയ്ത്ത് കാലത്ത് ആവശ്യത്തിന് കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കി പുഞ്ച വിളവെടുപ്പ് സുഗമമായി നടത്തുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസിന്റെ പക്കലുള്ള ജി.പി.എസ്. ഘടിപ്പിച്ച 15 യന്ത്രങ്ങൾ മുൻഗണന പ്രകാരം കൃഷി ഓഫീസറുടെ ശിപാർശയിന്മേൽ നൽകുന്നതിന് തീരുമാനിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്ന കൊയ്ത്തു മെതിയന്ത്രങ്ങൾ വരൾച്ച, കീടബാധ തുടങ്ങിയവ സൃഷ്ടിച്ച പ്രതിസന്ധി പരിഗണിച്ച് കഴിഞ്ഞ വർഷത്തെ അതേ നിരക്കിൽ നൽകുന്നതിന് ഉടമകളുമായി ധാരണയായിട്ടുണ്ട്.

**കുട്ടനാട്ടിലെ നെൽകൃഷി സുഗമമാക്കാൻ പുതിയ പദ്ധതികൾ**

53 (3144) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെൽകൃഷി സുഗമമാക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) കീടനാശിനികളുടെ അമിത ഉപയോഗം കുറച്ച് നെൽ കൃഷിക്ക് ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) കുട്ടനാട്ടിലെ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കാൻ കർഷകർക്ക് മതിയായ പ്രോത്സാഹനം നൽകുമോ?

<u>ഉത്തരം</u>

(എ) 1. അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് ആർ.കെ.വി.വൈ./ആർ.ഐ.ഡി.എഫ്./പി. എം. കെ. എസ്. വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2. പാടശേഖരങ്ങൾക്ക് കൊയ്ത്ത് മെതി യന്ത്രങ്ങൾ/ട്രാക്ടർ/പവർ ടില്ലർ എന്നിവ SMAM പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു.

3. നെൽകൃഷിക്ക് ഉൽപ്പാദനോപാധി സബ്സിഡിയായി സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഹെക്ടറിന് 1500 രൂപയും ആർ.കെ.വി.വൈ. പദ്ധതിയിൽ 4500 രൂപയും നൽകി വരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗിക്കുന്നു.

4. സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്ക് കെ.സി.പി.എം. മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം, ആത്മ വിള ആരോഗ്യ പരിപാലന ക്ലിനിക്ക് എന്നിവയുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്.

5. കൃഷിനാശം സംഭവിച്ചിട്ടുള്ളത് അപ്പപ്പോൾ തിട്ടപ്പെടുത്തി സഹായധനം നൽകുന്നുണ്ട്.

6. 2016-17 മുതൽ കൃഷിനാശം വേഗത്തിൽ തിട്ടപ്പെടുത്തുന്നതിനായി UAV (ഡ്രോൺ) സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നഷ്ടപരിഹാരം കൃത്യസമയത്ത് നൽകി.

7. മുഞ്ഞ, വരനെല്ല്, ഇലകരിച്ചിൽ എന്നിവയ്ക്ക് സ്പെഷ്യൽ കോമ്പൻസേഷൻ പാക്കേജ് അനുവദിച്ചു.

8. മടവീഴ്ചയിൽ നശിച്ച മട പുനർനിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചു.

9. വിള ഇൻഷ്വറൻസ് സഹായം അനുവദിച്ചു, തരിശുനില കൃഷി പരമാവധി സ്ഥലത്ത് ഏർപ്പെടുത്തി.

10. കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയിൽ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനായുള്ള പദ്ധതി 2017-18 കാലയളവിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കുട്ടനാടിന്റെ പ്രത്യേക പരിസ്ഥിതി കണക്കിലെടുത്ത് പാടശേഖരങ്ങളിലെ അമിത കീടനാശിനി പ്രയോഗം നിയന്ത്രിക്കുന്നതിനും നല്ല കൃഷിമുറകൾ അവലംബിക്കുന്നതിനുമുള്ള സാങ്കേതിക പരിജ്ഞാനം കർഷകർക്ക് യഥാസമയം നൽകുന്നതിനുള്ള പ്രത്യേക നിർദ്ദേശം ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക്

നൽകിയിട്ടുണ്ട്. കീടരോഗ നിയന്ത്രണത്തിന് സ്വീകരിക്കേണ്ട വിള പരിപാലന മുറകൾ യഥാസമയം സ്വീകരിക്കുന്നതിനും സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ചും കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. ശത്രു കീടങ്ങളെ ഉപയോഗിച്ചുള്ള കീട നിയന്ത്രണത്തിന് പ്രാധാന്യം നൽകുന്നതിനും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിർദ്ദിഷ്ട അളവിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള കീടനാശിനികൾ മാത്രം ഉപയോഗിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ജൈവകീടരോഗ നിയന്ത്രണോപാധികളായ ട്രൈക്കോകാർഡ്സ്, സ്യൂഡോമോണാസ്, ട്രൈക്കോഡർമ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കീടരോഗ നിരീക്ഷണത്തിനും, കീടരോഗ നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ മുൻകൂട്ടി അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനും മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫിറമോൺ ലൂർ ഉൽപ്പാദന കേന്ദ്രം ആരംഭിക്കുകയും നെല്ലിനെ ബാധിക്കുന്ന തണ്ടുതുരപ്പന്റെ നിയന്ത്രണത്തിനുള്ള ഫിറമോൺ ലൂർ ഉൽപ്പാദിപ്പിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പാടശേഖരങ്ങളിൽ ഈ കെണികൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു. ഇപ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ രാസകീടനാശിനികളുടെ ഉപയോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ട് വരുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ നിരക്കിൽ (ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെ്കടറിന് 5,000 രൂപയും കർഷകന് കൃഷി ചെലവുകൾക്കായി 25,000 രൂപ എന്ന കണക്കിന്) നൽകി കൃഷി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.

## നെൽകൃഷിയുടെ വ്യാപനം

54 (3145) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകൃഷിയുടെ വ്യാപനവുമായി ബന്ധപ്പെട്ട് പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുറംബണ്ട് ബലപ്പെടുത്തൽ, മോട്ടോർ, മോട്ടോർ തറ സ്ഥാപിക്കൽ എന്നിവയ്ക്കായി കൃഷി വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ?

### ഉത്തരം

നെൽകൃഷിയുടെ വ്യാപനവുമായി ബന്ധപ്പെട്ട് പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുറംബണ്ട് ബലപ്പെടുത്തൽ, മോട്ടോർ, മോട്ടോർ തറ സ്ഥാപിക്കൽ എന്നിവയ്ക്കായി ജില്ലാ ഓഫീസുകളിൽനിന്ന് പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. ഇപ്രകാരം ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയിൽനിന്നും അംഗീകാരം ലഭിച്ച വിവിധ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്.

## കർഷകർക്ക് ദിശാബോധം വളർത്തുന്ന പദ്ധതി

55 (3146) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ദിശാബോധം വളർത്തുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഓരോ വിളയും എവിടെയെല്ലാം കൃഷി ചെയ്ത് എവിടെ വിൽക്കുമെന്ന് കണ്ടെത്തുന്നതിനുള്ള സംവിധാനം കൃഷി വകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വാഴ കൃഷിക്ക് ആവശ്യമായ സഹായങ്ങൾ കൃഷി വകുപ്പ് ചെയ്യുന്നില്ലെന്ന പരാതിയിന്മേൽ നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമേഖല സ്ഥാപനങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിങ്ങ് കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം എന്താണെന്നും ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുവാനുള്ള സംവിധാനം എന്താണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇതിനായുള്ള പദ്ധതികൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ പച്ചക്കറി ഉൽപ്പാദനം ആവശ്യാധിഷ്ഠിതമാക്കുന്നതിനും വിപണനം സുഗമമാക്കുന്നതിനുമായി ഒരു ക്രോപ്പ് കലണ്ടർ സംവിധാനം ചെയ്തിട്ടുണ്ട്. വിപണി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇ-വിപണി എന്ന മൊബൈൽ ആപ്ലിക്കേഷനും www.krishi.info എന്ന വെബ് പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്.

2017-18 വാർഷിക പദ്ധതിയിൽ ഇത് സംബന്ധിച്ച മുഴുവൻ സംവിധാനങ്ങളും കോർത്തിണക്കി ഒരു ഇ-പോർട്ടൽ വികസിപ്പിക്കാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന ഹോർട്ടികൾച്ചർ മുഖേന വാഴ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 26,250 രൂപ നിരക്കിൽ ധനസഹായവും, വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷയും നൽകി വരുന്നു.

(ഡി) ഇന്ത്യൻ കമ്പനീസ് ആക്ടിനു കീഴിൽ 1972-ൽ രൂപീകൃതമായ ഫാമിംഗ് കോർപ്പറേഷൻ പ്രാരംഭദിശയിൽ കരിമ്പ് കൃഷിയാണ് ചെയ്തിരുന്നത്. എന്നാൽ ടി കൃഷി ലാഭകരമല്ലാത്തതിനാൽ 1980-ൽ റബ്ബർ കൃഷിയിലേയ്ക്ക് ചുവടുമാറ്റുകയും റബ്ബർ കൃഷി കൂടാതെ കശുവണ്ടി, കുരുമുളക്, കാപ്പി, അടയ്ക്ക, കൊക്കോ എന്നിവയും കൃഷി ചെയ്തുവരുന്നു. നിലവാര മാനദണ്ഡങ്ങളായ ISO 9001:2008 കമ്പനി കരസ്ഥമാക്കിയിട്ടുണ്ട്.

1962-ൽ രൂപീകൃതമായ പ്ലാന്റേഷൻ കോർപ്പറേഷൻ പൊതു മേഖലയിൽ ഏറ്റവും വലിയ പ്ലാന്റേഷൻ കമ്പനിയാണ്. കശുവണ്ടി, കുരുമുളക്, അടയ്ക്ക, കൊക്കോ, ഗ്രാമ്പൂ, നാളികേരം എന്നിവയാണ് പ്രധാനമായും കമ്പനിയുടെ കീഴിൽ കൃഷി ചെയ്ത് വരുന്നത്. കമ്പനിക്ക് സ്വന്തമായി പത്തനംതിട്ട ജില്ലയിലെ കൊടുമണ്ണിൽ റബ്ബർ തടി അധിഷ്ഠിത വ്യവസായ കേന്ദ്രം നിലവിലുണ്ട്. കമ്പനിക്ക് കേരളത്തിലെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ തോട്ടങ്ങൾ ഉള്ളതിനാൽ ഫാം ടൂറിസം മേഖലയിലെ സാധ്യതകൾ കൂടി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഇവയുടെ പ്രവർത്തനം സർക്കാർ തലത്തിൽ വിലയിരുത്തുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്.

**തരിശുഭൂമിയിലെ നെൽകൃഷി**

56 (3147) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ ഭൂമിയിൽ നെൽകൃഷി ചെയ്തു വരുന്നുണ്ട്; എത്ര ടൺ നെല്ല് ഓരോ വർഷവും ഉല്പാദിപ്പിക്കുന്നുണ്ട്;

(ബി) നെൽകൃഷി ചെയ്യാവുന്ന ഭൂമി തരിശിട്ടിരിക്കുന്നതിന്റെ കണക്ക് ലഭ്യമാണോ; ഉണ്ടെങ്കിൽ എത്ര ഏക്കർ വരുമെന്ന് വ്യക്തമാക്കുമോ;

(സി) തരിശുകിടക്കുന്ന ഭൂമിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് കൃഷി വകുപ്പിൽനിന്നും നൽകിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം 2015-16 വർഷം 492175 ഏക്കറിൽ നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽനിന്നും 549275 മെ.ടൺ നെല്ലുൽപ്പാദിപ്പിക്കുകയുണ്ടായി.

2016-17 വർഷത്തെ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. കൃഷി വകുപ്പ് ജില്ലകളിൽ നിന്നും ശേഖരിച്ച കണക്കുപ്രകാരം ഏകദേശം 506312.5 ഏക്കറിൽ നെൽകൃഷി ചെയ്തുവരുന്നുണ്ട്.

(ബി) 2016-17 വർഷം കൃഷി വകുപ്പ് ജില്ലകളിൽനിന്ന് ശേഖരിച്ച കണക്ക് പ്രകാരം നെൽകൃഷി ചെയ്യാവുന്ന തരിശിട്ടിരിക്കുന്ന ഭൂമി 28450.39 ഹെക്ടറും തരിശിട്ടിരിക്കുന്ന കൃഷി ചെയ്യാൻ സാധിക്കുന്ന കരഭൂമി 111082.29 ഹെക്ടറും ആണ്.

(സി) നെൽകൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ ലഭ്യമായ തരിശുനിലങ്ങൾ ഉപയോഗപ്പെടുത്തി നെൽകൃഷി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി തരിശ് നിലത്തിൽ കൃഷിയിറക്കുന്നതിനായി ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ (ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25,000 രൂപ എന്ന കണക്കിന്) 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**കീടനാശിനികൾ പ്രയോഗിച്ച പഴം- പച്ചക്കറികളുടെ വിതരണം**

57 (3148) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായ തോതിൽ കീടനാശിനികൾ പ്രയോഗിച്ച പഴവർഗ്ഗങ്ങളും പച്ചക്കറികളും വിതരണം ചെയ്യുന്ന സാഹചര്യത്തിൽ ഇവ തടയാനും മറ്റുമായി എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ജൈവ പച്ചക്കറികൾ/ഫലവർഗ്ഗങ്ങൾ എന്ന നിലയിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്നവയിലും കീടനാശിനികൾ കണ്ടെത്തിയതു വഴി ഇത്തരത്തിലു ഉള്ളവയുടെ വിശ്വാസ്യത ജനങ്ങൾക്ക് ബോധ്യപ്പെടാനും ജൈവ ഉൽപ്പന്നങ്ങൾ സർട്ടിഫൈ ചെയ്യാനും നടപടികൾ ഉണ്ടോ?

ഉത്തരം

(എ) ചെക്ക് പോസ്റ്റുകളിലും മാർക്കറ്റുകളിലും നിന്നും ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കാർഷിക സർവ്വകലാശാലയുടെ വിഷാംശ പരിശോധനാ കേന്ദ്രത്തിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. ജൈവകൃഷി/ നല്ലകൃഷി സമ്പ്രദായം വഴി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സൗജന്യമായി ഈ ലാബിൽ പരിശോധിച്ച് കർഷകർക്ക് ഉൽപ്പന്ന പരിശോധനാ സാക്ഷ്യപത്രം നൽകിവരുന്നു. പരിശോധനാഫലങ്ങളെ അടിസ്ഥാനമാക്കി സുരക്ഷിത ഇനങ്ങൾ ഏതൊക്കെയാണെന്ന് മാധ്യമങ്ങളിലൂടെയും കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്സൈറ്റിലും യഥാസമയം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിഷാംശമുള്ള പച്ചക്കറികളുടെ വിപണനം നിയന്ത്രിക്കുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിലേയ്ക്കും പരിശോധനാ ഫലം ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുകയും ചെയ്യുന്നു. പച്ചക്കറികളിലെ വിഷാംശം കുറച്ച് ഭക്ഷ്യയോഗ്യമാക്കുന്നതിനുള്ള 'ഭക്ഷ്യസുരക്ഷിത പാക്കേജ്' സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ചില സ്വകാര്യ വിപണികൾ ജൈവപച്ചക്കറി എന്ന ബ്രാൻഡിൽ വിൽക്കുന്ന ചിലയിനം പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയ വിവരം ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചതിനെത്തുടർന്ന് ഈ പ്രശ്നം ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്. ജൈവപച്ചക്കറി ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥന്റെ ശിപാർശ കത്തോടെ വിഷാംശ പരിശോധനാ ലാബിൽ എത്തിച്ചാൽ അവ സൗജന്യമായി പരിശോധിച്ച് കർഷകർക്ക് സർട്ടിഫിക്കറ്റ് നൽകി വരുന്നു. കൃഷിഭവന് കീഴിലുള്ള എക്കോഷോപ്പുകളിൽ വിതരണം ചെയ്യുന്ന ജൈവ ഉൽപ്പന്നങ്ങൾ ഗുണമേന്മ ഉറപ്പുവരുത്തിയവയാണ്. " കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ സംസ്ഥാന കൃഷി വകുപ്പ് ഈ വരുന്ന വിഷുവിന് വിഷരഹിതമായ ഓർഗാനിക് പച്ചക്കറി മാർക്കറ്റിൽ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കർഷകർക്കുള്ള വളം സബ്സിഡി**

58 (3149) ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളംസബ്സിഡി കർഷകരുടെ അക്കൗണ്ട് വഴി നൽകുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഏതൊക്കെ വളങ്ങളുടെ സബ്സിഡിയാണ് ഇപ്രകാരം നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) പാട്ടകൃഷിയെ ആശ്രയിക്കുന്ന കർഷകർക്ക് ഈ ആനുകൂല്യം ലഭിക്കുമോ; പാട്ടകൃഷിയിലേർപ്പെട്ടിട്ടുള്ള എത്ര കർഷകർ സംസ്ഥാനത്തുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പാട്ടകൃഷി നടത്തുന്ന കർഷകർക്ക് കൂടുതൽ വളം സബ്സിഡി ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വളം സബ്സിഡി ഉൾപ്പെടെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള എല്ലാ സബ്സിഡികളും കർഷകരുടെ അക്കൗണ്ട് വഴിയാണ് ഇപ്പോൾ നൽകി വരുന്നത്.

POS (പോയിന്റ് ഓഫ് സെയിൽ) സംവിധാനം ഉപയോഗിച്ച് വിൽപ്പനയുടെ കണക്കെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് വളം കമ്പനികൾക്ക് വളത്തിന് സബ്സിഡി നൽകുന്ന രീതിയിൽ 2017-18 മുതൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ ഇതിനായി പൈലറ്റ് പ്രോജക്ട് 2017-18 വർഷം നടപ്പിലാക്കുന്നതാണ്.

(ബി) പാട്ടകൃഷി ചെയ്യുന്ന കർഷകർ മതിയായ രേഖകൾ നൽകിയാൽ ആനുകൂല്യം ലഭിക്കും. പാട്ടകൃഷിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകരുടെ കണക്ക് എടുത്തിട്ടില്ല.

(സി) നിലവിൽ കർഷകർക്കും, പാട്ടകൃഷി ചെയ്യുന്ന കർഷകർക്കും ഒരേ നിരക്കിലാണ് ധനസഹായം നൽകുന്നത്.

**തരിശുഭൂമികളിൽ കൃഷി ചെയ്യാൻ പദ്ധതികൾ**

59 (3150) ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. കെ. ആൻസലൻ :

ശ്രീ. എം. നൗഷാദ് :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരിശുഭൂമികളിൽ കൃഷി ചെയ്യുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചക്കറികൾക്കും ഫലവർഗ്ഗങ്ങൾക്കുമായി അന്യസംസ്ഥാനങ്ങളെ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നതിന് ഒരു പരിഹാരമെന്ന നിലയിൽ, തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ കൃഷി ചെയ്യുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) ഇപ്രകാരമുള്ള കൃഷിക്ക് പലിശരഹിത വായ്പ നൽകുന്നതിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്:

1. നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശുനിലത്തിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് തുടർച്ചയായി 3 വർഷം ധനസഹായം നൽകുന്നു. ഒന്നാംവർഷം ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. ഇതിൽ 25,000 രൂപ കർഷകനും, 5,000 രൂപ നിലമുടമയ്ക്കുമാണ് നൽകുന്നത്. ഒന്നാം വർഷ കൃഷിയിൽ സുസ്ഥിരത കൈവരിക്കുന്നതിനായി രണ്ടും മൂന്നും വർഷങ്ങളിൽ ഹെക്ടറിന് യഥാക്രമം 7,000 രൂപയും 4,500 രൂപയും നൽകുന്നു.

2. പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 25,000 രൂപ കർഷകനും 5,000 രൂപ നിലമുടമയ്ക്കുമാണ് നൽകുന്നത്.

(ബി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'ഹരിതകേരളം' പദ്ധതിയിൽ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തികളിലൊന്ന് കൃഷിയോഗ്യമായ തരിശ് നിലങ്ങളിലെല്ലാം തന്നെ കൃഷി ആരംഭിക്കുക എന്നതാണ്. തരിശ് നിലകൃഷി ഒരു പ്രധാന ഘടകമാക്കിക്കൊണ്ട് കാർഷിക മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ 'സുജലം സുഫലം' എന്ന പദ്ധതിയായാണ് നടപ്പിലാക്കുന്നത്. ഇത് പൊതുജനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വികസന വകുപ്പുകളുടെയും കൈകോർത്തുള്ള പ്രവർത്തനവും പങ്കാളിത്തവും ഉറപ്പാക്കിയാണ് നടപ്പിലാക്കുന്നത്.

(സി) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, 'പ്രധാനമന്ത്രി ഫസൽഭീമാ യോജന', 'കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി' എന്നിവ നടപ്പിലാക്കി വരുന്നു.

**ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം രജിസ്റ്റർചെയ്ത കേസുകൾ**

60 (3151) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തുന്ന പച്ചക്കറികളിൽ വിഷാംശമുണ്ടെന്നുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം 2016-17-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഭക്ഷ്യ വസ്തുക്കളിലെ വിഷാംശം പരിശോധിച്ച് ബോധ്യപ്പെട്ടാൽ തന്നെയും ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. ഇത്തരം കേസുകൾ ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ചാണ് രജിസ്റ്റർ ചെയ്യേണ്ടത്.

**അതിരപ്പിള്ളിയിൽ എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി**

61 (3152) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിൽ, പ്ലാന്റേഷൻ കോർപ്പറേഷൻ വക സ്ഥലത്ത് എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ടി വിഷയം സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു.

**ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ**

62 (3153) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ ആയി നിയമിതനായ വ്യക്തി ആറ് മാസത്തിനുശേഷം രാജിവച്ച് പോകുവാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഹോർട്ടികോർപ്പിലെ മാനേജിംഗ് ഡയറക്ടറായി നിയമിതനായ വ്യക്തി ആരോഗ്യസംബന്ധമായ കാരണങ്ങളാലാണ് തൽസ്ഥാനത്തുനിന്ന് സ്വമേധയാ രാജിവച്ചു പോയത്.

**ഹോർട്ടികോർപ്പിന്റെ പച്ചക്കറി സംഭരണം**

63 (3154) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽനിന്നും ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്ന പച്ചക്കറികൾ ആവശ്യത്തിലധികമായതുമൂലം നശിച്ചുപോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരുടെ നിർദ്ദേശപ്രകാരമാണ് ആവശ്യത്തിലധികം പച്ചക്കറികൾ സംഭരിക്കുന്നത്; ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം ഇവരിൽനിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മൂന്നാറിൽനിന്നും സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകൾ, ലൈസൻസി സ്റ്റാളുകൾ, മൊബൈൽ വിൽപ്പന യൂണിറ്റുകൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവ മുഖാന്തിരം വിപണനം നടത്തി വരുന്നു. കൂടുതലായി സംഭരിച്ച പച്ചക്കറികൾ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിപണനം നടത്തുകയുണ്ടായി.

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനം**

64 (3155) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് എപ്രകാരമാണ് ജില്ലകളിൽ ഉല്പന്നസംഭരണം ആരംഭിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകരിൽനിന്നും ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുവാൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതി വ്യക്തമാക്കുമോ;

(സി) ഹോർട്ടികോർപ്പിന്റെ പൂട്ടിയ ഔട്ട്ലെറ്റുകൾ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുവാനും മൊബൈൽ സംവിധാനം പുനഃസ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടും വിധം ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ.യുടെയും കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ സംയുക്ത പരിശ്രമത്തിൽ ഉൽപ്പന്നങ്ങൾ സംഭരിക്കുന്ന രീതി പുതിയതായി തുടങ്ങിക്കഴിഞ്ഞു. അതത് പ്രദേശത്തെ പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ നാല് സംഭരണ കമ്മിറ്റികൾ രൂപീകരിച്ച് സംഭരണം സുഗമമാക്കുന്നതിനും അന്നന്നുള്ള വിലനിലവാരം നിർണ്ണയിച്ച് വിതരണം സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കർഷകരിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ അതത് ജില്ലാ സംഭരണ കേന്ദ്രങ്ങൾ മുഖേന നേരിട്ട് സംഭരിച്ചുവരുന്നുണ്ട്.

(സി) ഹോർട്ടികോർപ്പിന്റെ പൂട്ടിയ ഔട്ട്ലെറ്റുകൾ നിലവിലുള്ള ലൈസൻസികളെ കൊണ്ട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ലൈസൻസികൾക്ക് തുറന്ന് പ്രവർത്തിപ്പിക്കുവാൻ താൽപ്പര്യമില്ലാത്തപക്ഷം പുതിയ ലൈസൻസികളെ കണ്ടെത്തി സ്റ്റാളിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മൊബൈൽ സംവിധാനം കൂടുതൽ കാര്യക്ഷമ മാക്കുന്നതാണ്.

## സ്കൂൾകുട്ടികൾക്കായി കൃഷി വകുപ്പിന്റെ പദ്ധതികൾ

65 (3156) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂൾകുട്ടികൾക്കായി കൃഷി പ്രോത്സാഹനാർത്ഥം കൃഷി വകുപ്പ് പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ; എല്ലാ സ്കൂളുകളിലും പച്ചക്കറിക്കൃഷി നടപ്പിലാക്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

കൃഷി ഒരു പാഠ്യ വിഷയമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുള്ളതായി വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കിടയിൽ കൃഷി പ്രോത്സാഹി പ്പിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതിയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു: സംസ്ഥാനത്തെ സ്കൂളുകളിലെ 10 ലക്ഷം വിദ്യാർത്ഥികൾക്ക് 25 രൂപ വിലവരുന്ന വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10 ലക്ഷം വിത്തു കിറ്റുകൾ വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങളിലെ വളപ്പുകളിൽ കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'ഹരിത ക്ലബ്ബുകൾ' രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിന് 5,000 രൂപ സഹായം നൽകുന്നു. 2016-17-ൽ ഇതുവരെ സ്കൂളുകൾ ഉൾപ്പെടെ 2484 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി നടത്തിയിട്ടുണ്ട്. കൃഷി പ്രോത്സാഹി പ്പിക്കുന്നതിനായി മികച്ച രീതിയിൽ കൃഷി ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ജില്ലാ തലത്തിൽ 1, 2, 3 എന്നീ സ്ഥാനത്ത് എത്തുന്നവർക്ക് യഥാക്രമം 15,000, 7,500, 5,000 രൂപ വീതവും, സംസ്ഥാന തലത്തിൽ 50,000, 25,000, 15,000 രൂപ വീതവും ക്യാഷ് അവാർഡുകളും നൽകുന്നു. അവാർഡ് ജേതാക്കൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം വിദ്യാഭ്യാസ വകുപ്പാണ് തീരുമാനിക്കേണ്ടത്.

## കാർഷിക മേഖലയുടെ വികസനത്തിന് 35 ഇന കർമ്മ പരിപാടി

66 (3157) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിന് 35 ഇന കർമ്മ പരിപാടി ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിവരിക്കുമോ;

(സി) കർമ്മ പരിപാടികളിൽ എത്രയെണ്ണം ഇതുവരെ നടപ്പാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ എന്ന് നടപ്പാക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ. മൂല്യവർദ്ധിത വ്യവസായങ്ങൾ, കാർഷിക വരുമാന ഉറപ്പ് പദ്ധതി, ജലസുരക്ഷാ ക്യാമ്പയിൻ, ഭക്ഷ്യ സുരക്ഷ, ശുചിത്വകേരളം, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള 35 ഇന കർമ്മ പരിപാടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) 1. മൂല്യ വർദ്ധിത വ്യവസായങ്ങൾ:

കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിൽ നാളികേരം, റബ്ബർ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശൃംഖലയ്ക്ക് രൂപം നൽകുക.

2. കാർഷിക വരുമാനം ഉറപ്പ് പദ്ധതി:

കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതി ആരംഭിക്കുക, എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് സൃഷ്ടിക്കുക, കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി രീതിയിൽ പരിശീലനം നൽകുക.

3. ജലസുരക്ഷാ ക്യാമ്പയിൻ:

ജലസുരക്ഷയ്ക്കുവേണ്ടി ഒരു ബൃഹത് ക്യാമ്പയിൻ, സമഗ്രമായ മണ്ണ്, ജല സംരക്ഷണം എന്നിവ നടപ്പാക്കുക.

4. <u>ഭക്ഷ്യസുരക്ഷ:</u>

പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുക, നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടർ ആയി ഉയർത്തുക.

5. <u>ശുചിത്വ കേരളം:</u>

ഉറവിട മാലിന്യ സംസ്കരണം സാദ്ധ്യമാക്കുക.

6. <u>സാമൂഹ്യസുരക്ഷാ പെൻഷൻ കാലോചിതമായി പരിഷ്കരിക്കുക:</u>

(സി) കർഷക പെൻഷൻ 2016 ജൂൺ മാസം മുതൽ പ്രതിമാസം 1,000 രൂപയായി ഉയർത്തി വിതരണം ചെയ്തുവരികയുമാണ്. കർഷക പെൻഷൻ അടുത്ത സാമ്പത്തിക വർഷം മുതൽ 1,100 രൂപയായി ഉയർത്തിയിട്ടുണ്ട്.

അവശേഷിക്കുന്നവയിൽ 3 ഇനങ്ങളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. ലക്ഷ്യമിടുന്ന കർമ്മ പരിപാടികൾ വരുന്ന 5 വർഷക്കാലയളവിനുള്ളിൽ ഫലപ്രാപ്തിയിലെത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

**റൈസ് ബയോപാർക്ക്**

67 (3158) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലാ കൃഷിത്തോട്ടത്തിൽ അനുവദിച്ച റൈസ് ബയോപാർക്ക് തഴക്കര കൃഷിത്തോട്ടത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ റൈസ് ബയോ പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലപരിശോധന നടത്തിയെങ്കിലും ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിച്ചില്ല.

(ബി) നിലവിൽ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം ജില്ലാ ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ല.

## പൊതുകുളങ്ങളിൽ ജലസംഭരണം

68 (3159) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ജലസംഭരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി പാലക്കാട് ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇതിനുവേണ്ടി അനുവദിച്ച ഫണ്ട് എത്ര രൂപയാണെന്നും വ്യക്തമാക്കുമോ ;

(ബി) പുതിയ പ്രോജക്ടുകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പൊതുകുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ജലസംഭരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിലെ മലമ്പുഴ, കുഴൽമന്ദം, പാലക്കാട്, മണ്ണാർക്കാട്, ചിറ്റൂർ, കൊല്ലംകോട് ബ്ലോക്കുകളിലായി നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 56 കുളങ്ങളുടെ പുനഃരുദ്ധാരണത്തിനായി 15.315 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 26 കുളങ്ങളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കുളങ്ങളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ തയ്യാറായി വരുന്നു.

## നീലേശ്വരം മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റിനായി കാർഷിക സർവ്വകലാശാലയുടെ സ്ഥലം

69 (3160) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള സ്ഥലം നൽകാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിസഭായോഗ തീരുമാനമുണ്ടായിട്ടും നാളിതുവരെ ഈ സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകാൻ വകുപ്പ് അധികൃതർക്ക് കഴിയാതെവന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മന്ത്രിസഭാ ഉത്തരവുകൾ നടപ്പിലാക്കാൻ സർക്കാർ അധീനതയിലുള്ള സർവ്വകലാശാലകൾക്ക് കഴിയാതെ വരുന്നത് ഏത് നിയമത്തിന്റെ പിൻബലം മൂലമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള കാർഷിക സർവ്വകലാശാലയുടെ അധീനതയിൽ നീലേശ്വരം കരുവാച്ചേരിയിലുള്ള ഭൂമിയിൽ നിന്ന് 2 ഏക്കർ സ്ഥലം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സൗജന്യമായി അനുവദിക്കുന്നതിന് 7-11-2012-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 9-11-2012-ൽ ഭൂമി സൗജന്യമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നാളികേരള ഗവേഷണ രംഗത്ത് ആഗോള ശ്രദ്ധ നേടിയിട്ടുള്ള നീലേശ്വരം ഗവേഷണ കേന്ദ്രത്തിന് വിവിധ ഗവേഷണ പ്രവർത്തനങ്ങൾക്കും നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും ഭൂമി അത്യന്താപേക്ഷിതമാണെന്നതും കൃഷി യോഗ്യമായ ഭൂമി ഇതര ആവശ്യത്തിന് നഗരസഭയ്ക്ക് കൈമാറുന്നത് ഗവേഷണ കേന്ദ്രത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്നതിനാലും, കാർഷിക സർവ്വകലാശാലാ നിയമം 1971 [1971-ലെ 33-ാം നിയമം, വകുപ്പ് 16 (c)] പ്രകാരം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ ഭൂമിയുടെ ഭരണ നിയന്ത്രണാധികാരം സർവ്വകലാശാലയുടെ ഭരണസമിതിയിലും പൊതുസഭയിലും നിക്ഷിപ്തമായതിനാലും ഭൂമി കൈമാറ്റം ചെയ്യുന്നത് ടി സമിതികളുടെ അംഗീകാരം ആവശ്യമാണ്. എന്നാൽ ഭരണസമിതിയും പൊതുസഭയും അംഗീകരിച്ചു നൽകിയാൽ മാത്രമേ കാർഷിക സർവ്വകലാശാലയുടെ പ്രസ്തുത ഭൂമി കൈമാറുവാൻ കഴിയുകയുള്ളൂ. ആയതിനാലാണ് സർക്കാർ ഉത്തരവ് നടപ്പിലാക്കാനാകാതെ വന്നത്.

**നീലേശ്വരം മുനിസിപ്പാലിറ്റിക്ക് സ്വന്തമായി ഭൂമി**

70 (T 3161) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ സമീപ പ്രദേശത്തുള്ള കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള ഭൂമി അനുവദിച്ചുകൊണ്ട് മുൻസർക്കാരിന്റെ കാലത്ത് മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടും പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്ത കാർഷിക സർവ്വകലാശാല അധികൃതരുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മന്ത്രിസഭാ യോഗതീരുമാനത്തിന്റെ ഭാഗമായുള്ള ഉത്തരവ് പാലിക്കാതിരിക്കാൻ കാർഷിക സർവ്വകലാശാലാ അധികൃതർക്ക് ഏതു നിയമത്തിന്റെ പിൻബലമാണുള്ളതെന്നും വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേരള ഗവേഷണ രംഗത്ത് ആഗോള ശ്രദ്ധ നേടിയിട്ടുള്ള നീലേശ്വരം ഗവേഷണ കേന്ദ്രത്തിന് വിവിധ ഗവേഷണ പ്രവർത്തനങ്ങൾക്കും നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും ഭൂമി അത്യന്താപേക്ഷിതമാണെന്നതും കൃഷി യോഗ്യമായ ഭൂമി ഇതര ആവശ്യത്തിന് നഗരസഭയ്ക്ക് കൈമാറുന്നത് ഗവേഷണ കേന്ദ്രത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്നതിനാലും കാർഷിക സർവ്വകലാശാല നിയമം 1971 [1971-ലെ 33-ാം നിയമം, വകുപ്പ് 16(c)] പ്രകാരം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ ഭൂമിയുടെ ഭരണ നിയന്ത്രണാധികാരം സർവ്വകലാശാലയുടെ ഭരണസമിതിയിലും പൊതുസഭയിലും നിക്ഷിപ്തമായതിനാലും ഭൂമി കൈമാറ്റം ചെയ്യുന്നത് ടി സമിതികളുടെ അംഗീകാരം ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ ഭരണസമിതിയും പൊതുസഭയും കാർഷിക സർവ്വകലാശാലയുടെ പ്രസ്തുത ഭൂമി കൈമാറ്റത്തിന് അംഗീകാരം നൽകാൻ നിർവ്വാഹമില്ല എന്ന് തീരുമാനിച്ചതിനാലാണ് സർക്കാർ ഉത്തരവ് നടപ്പിലാക്കാനാകാതെ വന്നത്.

## പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം

71 (3162) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി മുഖേന എം.എൽ.എ.-മാർ ശിപാർശ ചെയ്ത്, എക്സിക്യൂട്ടിവ് എഞ്ചിനീയർ വഴി എസ്റ്റിമേറ്റ് സഹിതം വരുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ അനാവശ്യ കാലതാമസം വരുത്തുന്നതായുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കോട്ടയം ജില്ലയിലെ പ്രോജക്ടുകൾക്ക് രണ്ടു മുതൽ അഞ്ചുമാസം വരെ ചീഫ് എഞ്ചിനീയർ ഓഫീസിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം എത്ര പദ്ധതികൾ നിലവിലുണ്ട് എന്നറിയിക്കാമോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികളുടെ എസ്റ്റിമേറ്റിൽ തകരാറുണ്ടെങ്കിൽ, ബന്ധപ്പെട്ട എം.എൽ.എ.യെയും ഉദ്യോഗസ്ഥരെയും എത്ര ദിവസത്തിനകം വിവരം അറിയിച്ചെന്ന് വ്യക്തമാക്കാമോ; ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ അനാവശ്യമായി ഫയലുകളിലും എസ്റ്റിമേറ്റുകളിലും റിമാർക്കുകൾ രേഖപ്പെടുത്തുന്നതായും സർക്കാരിലേക്ക് അയക്കേണ്ട ഫയലുകൾ ഒപ്പിടാതെ മാറ്റി വയ്ക്കുന്നതായുമുള്ള വ്യാപക പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുമോ; ഇത്തരം എത്ര പ്രോജക്ടുകൾ കഴിഞ്ഞ രണ്ടു മാസമായി നിലവിലുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏകദേശം 10 പദ്ധതികൾ ഉണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽനിന്നും ലഭ്യമാകുന്ന എസ്റ്റിമേറ്റിലെ അപാകതകൾ കാരണമാണ് കാലതാമസം നേരിടുന്നത്.

(സി) ഒരാഴ്ചക്കുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിവരമറിയിക്കുന്നുണ്ട്. മനഃപൂർവ്വമായി ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ നിലവിലില്ല.

(ഡി) ആസ്തി വികസന പദ്ധതി മുഖേന ലഭിക്കുന്ന എല്ലാ ശിപാർശകളിന്മേലും എസ്റ്റിമേറ്റുകൾ അടിയന്തരമായി ലഭിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

**നിലം നികത്തി വീട് വയ്ക്കുവാൻ അനുമതി**

72 (3163) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ സംരക്ഷണ നിയമപ്രകാരം നിലം നികത്തി വീട് വയ്ക്കുവാൻ അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ നിലവിലുള്ള കമ്മിറ്റിയിൽ ആരൊക്കെയാണ് ഉള്ളത്; ഘടന വ്യക്തമാക്കാമോ ;

(ബി) ഇതേ നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ റവന്യൂ വകുപ്പ് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) ഇത്തരത്തിൽ ഒരേ ആവശ്യത്തിന് രണ്ട് വകുപ്പ് പ്രത്യേക ഉത്തരവിറക്കിയത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാനിടയാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) രണ്ട് വകുപ്പുകളുടെയും ഏകോപനക്കുറവുമൂലമാണ് ഇത്തരത്തിൽ റവന്യൂ വകുപ്പിന് ഉത്തരവിറക്കേണ്ടിവന്നത് എന്ന കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നെൽവയൽ സംരക്ഷണ നിയമപ്രകാരം നിലം നികത്തി വീട് വയ്ക്കുവാൻ അനുമതി നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടില്ല.

(ബി) റവന്യൂ വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചതായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നഗര പ്രദേശങ്ങളെ ഒ.ഡി.എഫ്. ആക്കാൻ നടപടി

73 (3164) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളെ പൂർണ്ണമായും തുറസ്സായ പ്രദേശങ്ങളിലെ വിസർജ്യ വിമുക്തമാക്കി (ഒ.ഡി.എഫ്.) മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളെ എന്നു മുതൽ ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വച്ഛ് ഭാരത് മിഷൻ (നഗരം)മായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 28577 ശൗചാലയം നിർമ്മിക്കേണ്ടതുണ്ട്. അതിൽ 21447 ശൗചാലയം നിർമ്മിച്ചുകഴിഞ്ഞു. ബാക്കി ശൗചാലയങ്ങളുടെ പണി പുരോഗമിക്കുന്നു.

(സി) 2017 മാർച്ച് 31 നകം എല്ലാ കുടുംബങ്ങൾക്കും ടോയ്ലെറ്റ് സൗകര്യം ഉറപ്പാക്കുകയും തുടർന്ന് കേന്ദ്ര സർക്കാർ നിയോഗിക്കുന്ന ഇൻസ്പെക്ഷൻ നടപടികളും പൂർത്തിയാക്കി മാത്രമേ ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കാൻ കഴിയൂ.

## ലൈഫ് പദ്ധതി

74 (3165) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി ലൈഫിന്റെ വിശദാംശം നൽകാമോ ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്താനുള്ള പരിശോധന പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഗുണഭോക്താക്കളെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തുകയാണ് ആവശ്യമെന്നും തുക എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ ഇപ്പോൾ വീടില്ലാത്ത എത്ര പേരുണ്ടെന്ന കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ഭവനരഹിതരായ എല്ലാവർക്കും ഈ പദ്ധതി അനുസരിച്ച് വീട് നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത/ഭവന രഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസ യോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനു ശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്തുതലത്തിലും, ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. തുടർന്ന് ഭവനരഹിതരായവരിൽ സ്ഥലമുള്ളവർക്ക് സാമ്പത്തിക സഹായം നൽകി സ്വന്തം സ്ഥലത്ത് ഭവനം നിർമ്മിക്കുന്നതിനും സ്ഥലമില്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അവിടെ ഭവനങ്ങൾ ഒരുക്കി നൽകാനുമാണ് മിഷൻ ശ്രമിക്കുന്നത്.

(ബി) സർവ്വേ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ ഉദ്യോഗസ്ഥരുടെ മേൽപരിശോധന നടന്നുവരുന്നു.

(സി) ഭവനരഹിതരായ എല്ലാവരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തിവരികയാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം താഴെ പറയുന്നവയാണ്:

1. ഭൂമിയുള്ള ഭവനരഹിതർ
2. ഭൂരഹിത- ഭവനരഹിതർ
3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ
4. ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ

(ഡി) പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചിട്ടില്ല. ആയതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ. വിവിധ വകുപ്പുകളുടെ സ്കീമുകളെ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിപ്പിക്കും. കേന്ദ്രാവിഷ്കൃത/ സ്കീമുകളുടെ ധനസഹായം, ഭവന നിർമ്മാണത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന കുറഞ്ഞ പലിശയ്ക്കുള്ള വായ്പ, സംഭാവന, സി.എസ്.ആർ.ഫണ്ട്, വാണിജ്യ വായ്പ തുടങ്ങിയവയെല്ലാം സംയോജിപ്പിച്ചുകൊണ്ടായിരിക്കും പദ്ധതിക്കുള്ള വിഭവ സമാഹരണം കണ്ടെത്തുക.

(ഇ) സർവ്വേ നടപടി പൂർത്തിയാക്കിയെങ്കിലും പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരുടെ മേൽപരിശോധന നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമേ ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ. എല്ലാ അർഹരായ ഭവനരഹിതർക്കും ഭവനം നൽകുന്നതിനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

## കേരള സിഡ്കോ വഴി ബിറ്റുമിൻ വിതരണം

75 (3166) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോ വഴി ബിറ്റുമിൻ വിതരണത്തിന് ആദ്യമായി അനുമതി നൽകിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേൽ ഉത്തരവിന്റെ കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ചു നൽകി; വിശദമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിൽ സിഡ്കോയിൽനിന്നും ബിറ്റുമിൻ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സിഡ്കോ വഴി ബിറ്റുമിൻ വാങ്ങിയതിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിനെതിരെ ആരുടെ പേരിലൊക്കെ കേസ് ഉണ്ട്; കേസിലെ പ്രതികൾ ആരൊക്കെ: കേസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 26-7-2004-നാണ് ആദ്യമായി അനുമതി നൽകിയത്. സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 16-4-2010-ൽ ഒരു തവണ ദീർഘിപ്പിച്ചു നൽകി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഉണ്ട്. 14-1-2015-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനപ്രകാരം സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റുള്ളവരിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ മേൽപ്പറഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ലൈഫ് മിഷൻ പദ്ധതി

76 (3167) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത/ഭവന രഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്.

ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായവും ഭൂരഹിതരായ ഭവനരഹിതർക്ക് ഭവന സമുച്ചയം നിർമ്മിച്ച് അവർക്ക് ഭവനം നൽകിയുമാണ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രമിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭവനരഹിതരായ എല്ലാവരും പദ്ധതിയുടെ ഗുണഭോക്താക്കൾ ആണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:

1. ഭൂമിയുള്ള ഭവനരഹിതർ
2. ഭൂരഹിത- ഭവനരഹിതർ
3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ
4. ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യ മല്ലാത്ത ഭവനമുള്ളവർ.

(സി) പദ്ധതി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ്.

**ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം**

77 (3168) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ അനുമതി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ബാലരാമപുരം, അമ്പലപ്പുഴ നോർത്ത്, ചേരാനെല്ലൂർ, കൂരാച്ചുണ്ട് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ദിവസവേതനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ഇരിട്ടി, പിറവം, തൃക്കാക്കര, കാഞ്ഞങ്ങാട് എന്നീ നഗരസഭകൾക്കും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ജോലിഭാരം, ജീവനക്കാരുടെ കുറവ് എന്നിവയാൽ ഓഫീസിലും മാലിന്യനിർമ്മാർജ്ജനം, ആസ്തി സംരക്ഷണം എന്നിങ്ങനെയുള്ളവയ്ക്ക് ദിവസവേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നു. മുനിസിപ്പാലിറ്റികളിൽ ജീവനക്കാരുടെ കുറവ് കണക്കിലെടുത്തും നികുതി പിരിവ് ത്വരിതപ്പെടുത്തുന്നതിനും കൗൺസിൽ തീരുമാനങ്ങൾ, നഗരസഭ ചെയർമാൻ/സെക്രട്ടറി എന്നിവരുടെ അപേക്ഷ പരിഗണിച്ചുകൊണ്ടുമാണ് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

78 (3169) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നാണ് സ്ഥാപിച്ചത്; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് :

(ബി) കിലയിൽ ഡയറക്ടർ ഉൾപ്പെടെ എത്ര ജീവനക്കാർ ഉണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താത്ക്കാലിക ജീവനക്കാർ എത്ര; ഓരോരുത്തരുടേയും വിശദ വിവരം നൽകുമോ?

ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) സ്ഥാപിച്ചത് 1990-ൽ ആണ്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- പ്രാദേശിക ഭരണകൂടങ്ങളെ ശാക്തീകരിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും നൽകുക.
- തദ്ദേശ ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെമിനാർ, ശിൽപ്പശാല എന്നിവ നടത്തുക.
- അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് നൽകുക
- ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണങ്ങൾ, പഠനങ്ങൾ എന്നിവ നടത്തുക.
- സ്ത്രീ ശാക്തീകരണം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം, മത്സ്യത്തൊഴിലാളി ക്ഷേമം, ദുർബല വിഭാഗങ്ങളുടെ ക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പരിശീലനം നടത്തുകയും പഠനം നടത്തുകയും ചെയ്യുക.
- പ്രകൃതി സംരക്ഷണം, ആദിവാസി ക്ഷേമം എന്നിവ ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുക.
- ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽനിന്നും വരുന്ന ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സാമൂഹ്യ പ്രവർത്തകർക്കും പരിശീലനം നൽകുക.

- ദേശീയവും അന്തർദ്ദേശീയവുമായ തലത്തിൽ ശിൽപ്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുക.
- മേൽപ്പറഞ്ഞവയ്ക്ക് ആവശ്യമായതും സഹായകരവുമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക.

(ബി) കിലയിൽ ഡയറക്ടർ ഉൾപ്പെടെ 62 ജീവനക്കാരുണ്ട്. ഇതിൽ 37 സ്ഥിരം ജീവനക്കാരും 25 താൽക്കാലിക ജീവനക്കാരുമാണ്. (ജീവനക്കാരുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*)

## ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

79 (3170) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഭരണ സാങ്കേതിക അനുമതികൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഭരണ സാങ്കേതികാനുമതികൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ആശ്രയ പദ്ധതി

80 (3171) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അഗതികളായിട്ടുള്ള മുഴുവൻ പേരുടെയും ലിസ്റ്റ് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

(സി) ദാരിദ്ര്യത്തിൽനിന്ന് ഓരോ കുടുംബത്തെയും കരകയറ്റുന്നതിന് ആവശ്യമായ കുടുംബപദ്ധതിക്ക് രൂപം നൽകുന്ന കാര്യത്തിൽ ആശ്രയ പദ്ധതി എത്രമാത്രം വിജയിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തോടുകൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തോടുകൂടിതന്നെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അഗതികളുടെ ലിസ്റ്റും പദ്ധതിയും തയ്യാറാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുടെ സഹായത്തോടു കൂടി തയ്യാറാക്കുന്ന ആശ്രയ പദ്ധതിയിൽ അഗതി കുടുംബങ്ങളുടെ സർവ്വേയും അവരുടെ ആവശ്യങ്ങളുമാണ് ആദ്യം നടത്തുന്നത്. ആയതിനുശേഷം വ്യക്തിഗത പ്രോജക്ടുകൾ തയ്യാറാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനസ്രോതസ്സുകൾ കണ്ടെത്തുന്നു. ഉദാ: ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം മുതലായവയ്ക്ക് കുടുംബശ്രീയുടെ ചലഞ്ച് ഫണ്ട്, വീട്, ഭൂമി, കുടിവെള്ളം തുടങ്ങിയവയ്ക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട്/ തനത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ഫണ്ട്, മുതലായവ. ആയതിനുശേഷമാണ് പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുന്നത്. പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ വ്യക്തിഗത പ്രോജക്ടുകൾക്കനുസരിച്ച് തന്നെയാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാൽ അഗതി കുടുംബങ്ങളെ അഗതിത്വത്തിൽനിന്നും കരകയറ്റുന്നതിന് സാധിച്ചിട്ടുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ഒരു വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**ആശ്രയ പദ്ധതി**

81 (3172) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന ആശ്രയ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി വിപുലപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അഗതി പുനരധിവാസ പദ്ധതിയായ ആശ്രയയുടെ ഒന്നാംഘട്ടം കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ആശ്രയ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കൾക്കായി രണ്ടാം ഘട്ട പദ്ധതിയിൽ നാളിതുവരെ 794 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 82483 കുടുംബങ്ങൾക്കും രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 64760 കുടുംബങ്ങൾക്കും പദ്ധതി മുഖാന്തരം സഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതികൾക്കായി ചലഞ്ച് ഫണ്ടിനത്തിൽ 105 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീ മുഖാന്തരം അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതിക്കായി 95.75 കോടി രൂപ ചലഞ്ച് ഫണ്ടിനത്തിൽ വിനിയോഗിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ 39.91 കോടി രൂപ കുടുംബശ്രീ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയുടെ കാലാവധി പൂർത്തീകരിച്ച സ്ഥാപനങ്ങളിൽ ടി പദ്ധതിയിൽ ഉൾപ്പെടുകയും നിലവിലും അഗതികളായിതന്നെ തുടരുകയും ചെയ്യുന്നവർക്കായി തുടർസേവനപദ്ധതി തയ്യാറാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 200-ൽ പരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ തുടർസേവന പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തോടുകൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻതന്നെ ആരംഭിക്കുന്നതാണ്.

### വസ്തു നികുതി പരിഷ്കരണം

82 (3173) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയായോ; വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എത്ര ഉത്തരവുകളും സർക്കുലറുകളുമാണ് ഇറക്കിയിട്ടുള്ളത്;

(ബി) അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; അവ ഏതൊക്കെ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 2 ഗ്രാമപഞ്ചായത്തുകളും, കോട്ടയം ജില്ലയിൽ 10 ഗ്രാമപഞ്ചായത്തുകളും, പാലക്കാട് ജില്ലയിൽ 4 ഗ്രാമപഞ്ചായത്തുകളും ഒഴികെ ബാക്കിയുള്ള എല്ലാ ജില്ലകളിലും വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 12 സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ബി) പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

ഇടുക്കി ജില്ലയിൽ 2 ഗ്രാമപഞ്ചായത്ത് :

1. വട്ടവട ഗ്രാമപഞ്ചായത്ത്
2. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ലയിൽ 10 ഗ്രാമപഞ്ചായത്തുകൾ :

1. ചെമ്പ് ഗ്രാമപഞ്ചായത്ത്
2. കാണക്കാരി ഗ്രാമപഞ്ചായത്ത്
3. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
4. മേലൂക്കാവ് ഗ്രാമപഞ്ചായത്ത്
5. മൂന്നിലവ് ഗ്രാമപഞ്ചായത്ത്
6. പാറത്തോട് ഗ്രാമപഞ്ചായത്ത്
7. പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്
8. ഉദയനാപുരം ഗ്രാമപഞ്ചായത്ത്
9. ഉഴവൂർ ഗ്രാമപഞ്ചായത്ത്
10. കുറിച്ചി ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലയിൽ 4 ഗ്രാമപഞ്ചായത്തുകൾ:

1. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്
2. കോട്ടായി ഗ്രാമപഞ്ചായത്ത്
3. ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
4. വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വയൽ നികത്തി വീട് നിർമ്മാണം

83 (3174) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയൽ നികത്തി വീട് നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കായി എത്ര അപേക്ഷകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വയൽ നികത്തിയുള്ള വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഏതെങ്കിലും ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും വീട് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്;

(ഡി) പല പഞ്ചായത്തുകളും പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ കർശന നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) വയൽ നികത്തി വീട് നിർമ്മിക്കുന്നതിനുവേണ്ടി താഴെപ്പറയും പ്രകാരം അപേക്ഷകൾ ജില്ലാ തലത്തിൽ ലഭ്യമായിട്ടുണ്ട്: തിരുവനന്തപുരം-167, കൊല്ലം-828, പത്തനംതിട്ട- 28, ആലപ്പുഴ- 502, കോട്ടയം- 407, ഇടുക്കി- 5, എറണാകുളം-1202, തൃശ്ശൂർ- 1637, പാലക്കാട്- 595, മലപ്പുറം- 629, കോഴിക്കോട്- 841, വയനാട്- 87, കണ്ണൂർ- 452, കാസർഗോഡ്- 538.

(ബി) നിലവിലുള്ള ഒരു നെൽവയലും നികത്തി വാസഗൃഹമോ മറ്റേതെങ്കിലും നിർമ്മാണമോ നടത്തുന്നതിന് അനുമതി നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ്/സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-12-2016-ലെ 994733/ആർ.എ.1/2016/തസ്വഭവ നമ്പർ സർക്കുലറിൽ റവന്യൂ രേഖയിൽ/ബി.റ്റി.ആർ.-ൽ നിലം, പാടം, നെൽവയൽ, വെറ്റ് ലാന്റ് എന്നിങ്ങനെയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, അതേ സമയം 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുകയും ചെയ്യുന്നതിനുമുമ്പ് നികത്തിയതോ, നികത്തപ്പെട്ടതോ ആയ ഭൂമി, ഡാറ്റാ ബാങ്കിലോ, കരട് ഡാറ്റാ ബാങ്കിലോ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവിടെ നിർമ്മാണാനുമതി നൽകുന്നതിനെക്കുറിച്ചാണ് മാർഗ്ഗ നിർദ്ദേശം നൽകിയിരിക്കുന്നത്. കേരള നെൽവയൽ തണ്ണീർത്തട നിയമം ബാധകമാകുന്നതിനുമുമ്പ് നികത്തപ്പെട്ട സ്ഥലത്ത് മറ്റൊരിടത്തും സ്വന്തമായി

വീടില്ലാത്തവർക്ക് 300 സ്ക്വയർ മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീട് (പ്രസ്തുത നിലം നികത്ത് ഭൂമിയിൽ) വയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇത്തരം സ്ഥലം 10 വർഷത്തേയ്ക്ക് ഉടമസ്ഥനോ അനന്തരാവകാശിയോ ഉപയോഗമാറ്റം വരുത്തരുത് എന്ന് 5-2-2013-ൽ 1663/ആർ.എ.1/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) നിലവിൽ വയൽ നികത്തി വീട് നിർമ്മിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ഉത്തരവ്/സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല.

(ഡി&ഇ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-12-2016-ലെ 994733/ ആർ.എ.1/2016/തസ്വഭവ നമ്പർ സർക്കുലർ നടപ്പിലാക്കുന്നതിന് റവന്യൂ വകുപ്പ് 1-3-2017-ലെ 13105/പി1/17/റവന്യൂ നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകുകയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ഉറവിട മാലിന്യ സംസ്കരണം

84 (3175) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഉറവിട മാലിന്യ സംസ്കരണം നിർബന്ധിതമാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുമോ?

### <u>ഉത്തരം</u>

(എ) 1. ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കൈപുസ്തകം, ലഘുലേഖ, പത്രദൃശ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യം, റേഡിയോ, ടി.വി. പരസ്യങ്ങൾ, റെയിൽവേ ജിങ്കിൾസ്, എക്സിബിഷനുകൾ, ബോധവൽക്കരണ സെമിനാറുകൾ, കലാപരിപാടികൾ എന്നിങ്ങനെയുള്ള വിവരവിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ്പ് ഷോപ്പ് എന്നീ പ്രവർത്തനങ്ങളിലൂടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും പുനഃരുപയോഗ സാധ്യത ഉപയോഗ പ്പെടുത്തുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. സ്കൂൾ മേലധികാരികൾ, കുട്ടികൾ, MPKBY ഏജന്റുമാർ, JHI/HI/BDO, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇവരും ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടുന്ന രീതികൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് തദ്ദേശ സ്ഥാപനതലങ്ങളിൽ പരിശീലനങ്ങൾ നടത്തി വരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ ഖരമാലിന്യ പരിപാലന നിയമം 2016 നിലവിലുണ്ട്.

**ക്ഷേമ പെൻഷൻ**

85 (3176) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് പറയാമോ;

(ബി) ഗുണഭോക്താക്കളുടെ എണ്ണം വിവിധ മേഖലകൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) ഗുണഭോക്താക്കളുടെ പട്ടികയുടെ കൃത്യത പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം 4058272 ആണ്.

| | | |
|---|---|---|
| (ബി) കർഷക തൊഴിലാളി പെൻഷൻ | - | 491432 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 1930142 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 349171 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 1211328 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 76199 |
| ആകെ | | 4058272 |

(സി) ഉണ്ട്.

(ഡി) ഓരോ തദ്ദേശഭരണ സ്ഥാപനവും പെൻഷൻ അപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിച്ചതിനുശേഷം വിവരങ്ങൾ പെൻഷൻ വിവരശേഖരണത്തിനായുള്ള സേവന വെബ്സൈറ്റിലേയ്ക്ക് നൽകുന്നു. കൂടാതെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൂടുതൽ ആധികാരികമാക്കാൻ സത്യവാങ്മൂലം എല്ലാ ഗുണഭോക്താക്കളിൽനിന്നും ശേഖരിച്ച് രേഖപ്പെടുത്തി വരുന്നുണ്ട്.

**ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തീർക്കൽ**

86(3177) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീടുകളിൽ എത്തിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചോ; വിശദീകരിക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും ക്ഷേമനിധി പെൻഷനുകളുടെയും വിതരണത്തിലെ പോരായ്മകൾ നീക്കാൻ സമഗ്രമായ വിവര ശേഖരണം നടത്തിയിട്ടുണ്ടോ;

(സി) പെൻഷൻകാരെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് സേവന എന്ന സോഫ്റ്റ്വെയർ രൂപീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനമൊട്ടാകെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെയും അവ ശക്തമല്ലാത്ത സ്ഥലങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെയും സഹായത്തോടെ കുടുംബശ്രീ സർവ്വേ പൂർത്തിയായ ഗുണഭോക്താക്കൾക്ക് മുഴുവൻ പെൻഷൻ കുടിശ്ശിക തീർത്ത് വീടുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത സർവ്വേയിൽ പിന്നീട് ഉൾപ്പെട്ട് വന്ന ഗുണഭോക്താക്കൾക്ക് കൂടി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും പെൻഷൻ ലഭിക്കേണ്ട വിധവും തിരഞ്ഞെടുക്കുന്നതിനും അതത് തദ്ദേശഭരണ സ്ഥലങ്ങളിൽ സത്യവാങ്മൂലം സ്വീകരിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ വിശദാംശങ്ങൾ അതത് ക്ഷേമനിധി ബോർഡുകളിൽ നിന്നും ശേഖരിക്കാവുന്നതാണ്.

(സി) ഉണ്ട്.

**മുൻകൗൺസിലർമാരുടെ ക്ഷേമത്തിനുവേണ്ടി പദ്ധതി**

87 (3178) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ പഞ്ചായത്ത്, നഗരസഭാ, കോർപ്പറേഷൻ കൗൺസിലർമാരുടെ ക്ഷേമത്തിനു വേണ്ടി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

<u>ഉത്തരം</u>

നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ അംഗങ്ങൾക്കായി ക്ഷേമനിധി രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**മുൻജനപ്രതിനിധികൾക്ക് പെൻഷനും ഇൻഷ്വറൻസ് പരിരക്ഷയും**

88 (3179) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്കായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണ്;

(ബി) മുൻ ജനപ്രതിനിധികളായി എത്രയാളുകളാണ് ഇപ്പോഴുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പല മുൻ ജനപ്രതിനിധികളുടെയും ജീവിത സാഹചര്യം ദയനീയമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇവർക്ക് പെൻഷൻ നൽകുന്നതിനുള്ള പ്രത്യേക പദ്ധതി രൂപീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പുതിയ മുനിസിപ്പാലിറ്റികളുടെ രൂപീകരണം**

89 (3180) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനവും അന്തർദ്ദേശീയ പ്രശസ്തമായ ഐ.ഐ.എം., എൻ,ഐ.ടി., സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, സി.ഡബ്ല്യൂ.ആർ.ഡി.എം. തുടങ്ങിയ നിരവധി സ്ഥാപനങ്ങളുടെ ആസ്ഥാനവും ദേശീയപാതയിലെ മുഖ്യ ജംഗ്ഷനമായ കുന്ദമംഗലം മുനസിപ്പാലിറ്റിയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**തദ്ദേശഭരണ വകുപ്പുകളുടെ സംയോജനം**

90 (3181) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സംയോജനം കൊണ്ട് സർക്കാറിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്;

(ബി) ഇത് സംബന്ധിച്ച പഠനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ അന്തസത്തയ്ക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയോട് ഉത്തരവാദപ്പെട്ട് പ്രവർത്തിക്കുന്ന ഭരണ നിർവ്വഹണ സംവിധാനം ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്.

ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയുന്നതാണ്.

(ബി) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം സംബന്ധിച്ച പഠന പ്രവർത്തനങ്ങൾക്കും കരട് ചട്ടങ്ങളുടെ രൂപീകരണത്തിനും ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച കുറിപ്പ് തയ്യാറാക്കി സംഘടനാ ഭാരവാഹികൾക്ക് ലഭ്യമാക്കി വിപുലമായ കൂടിയാലോചനാ യോഗങ്ങളും അനുഭവ പഠന പ്രവർത്തനങ്ങളും നടത്തി വരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ്

91 (3182) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് സംവിധാനത്തെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഓഡിറ്റിംഗ് ഫലപ്രദമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഓഡിറ്റിംഗിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ എടുത്ത നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) കുറ്റമറ്റ രീതിയിൽ ഓഡിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ ; ഓഡിറ്റിംഗ് നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേലധികാരികൾ നൽകുന്ന വിശദീകരണങ്ങൾ ഇത്തരം ഓഫീസർമാർ കേൾക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് സുഗമമായി നടത്തപ്പെടുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വകുപ്പുകൾ പ്രകാരവും തുടർന്ന് പാസ്സാക്കിയ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരവും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധന, പെർഫോർമൻസ് ഓഡിറ്റ്, സ്പെഷ്യൽ ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ഓഡിറ്റ് എന്നിവ നിലവിലുണ്ട്. ഇവ കൂടാതെ ധനകാര്യ വിഭാഗത്തിന്റെ പരിശോധനയും സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ പരിശോധനയും നടത്താറുണ്ട്.

കേരള പഞ്ചായത്ത് രാജ്, കേരള നഗരപാലിക നിയമങ്ങൾ പ്രകാരം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും റിപ്പോർട്ട് നൽകുന്ന ചുമതല ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം അവസാനിച്ച് അടുത്ത ജൂലൈ 31-ന് മുമ്പ് വരവ് ചെലവ് കണക്കുകളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി ഓഡിറ്റിനായി ലോക്കൽ ഫണ്ട് വകുപ്പ് അധികാരികൾക്ക് നൽകണം. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് എല്ലാ വർഷവും സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കീഴിൽ എല്ലാ ജില്ലകളിലും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

പെർഫോമൻസ് ഓഡിറ്റ് എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായി വികസനപരവും ജനക്ഷേമപരവും ആയ ചുമതലകളും ആ പഞ്ചായത്തിനെ ഏൽപ്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായി നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഇന്റേർണൽ പരിശോധനാ സംവിധാനമാണ്.

ഏതെങ്കിലും പ്രത്യേക കാര്യത്തിനോ, കാര്യങ്ങൾക്കോ പ്രത്യേക നിർദ്ദേശ പ്രകാരമോ ഉദ്ദേശ്യത്തോടെയോ നടത്തപ്പെടുന്നതാണ് സ്പെഷ്യൽ ഓഡിറ്റ്. കൂടാതെ ഏതെങ്കിലും പഞ്ചായത്ത് ആവശ്യപ്പെടുന്നതനുസരിച്ചോ, സർക്കാർ നിർദ്ദേശ പ്രകാരമോ അഥവാ പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്നതനുസരിച്ചോ പ്രത്യേക ഓഡിറ്റ് ഏർപ്പെടുത്താവുന്നതാണ്. തദ്ദേശഭരണ സെക്രട്ടറിയാണ് പെർഫോമൻസ് ഓഡിറ്റ് അതോറിറ്റി. അദ്ദേഹത്തെ സഹായിക്കാൻ സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. എല്ലാ മാസവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരവും സാമ്പത്തികവുമായ നടപടികൾ അവലോകനം ചെയ്ത് ശരിയായ ഭരണം ഉറപ്പുവരുത്തുകയാണ് പെർഫോമൻസ് ഓഡിറ്റ് ചെയ്യുന്നത്. തെറ്റുകൾ തിരുത്തുന്നതിനും അവ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പെർഫോമൻസ് ഓഡിറ്റ് ഊന്നൽ നൽകുന്നു. മുനിസിപ്പൽ കോർപ്പറേഷനുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി സർക്കാർ നേരിട്ട് മൂന്ന് റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ടി ഓഫീസർമാരുടെ നേതൃത്വത്തിലാണ് കോർപ്പറേഷനുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നത്.

(ബി) ഇല്ല.

(സി) ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും എ.ജി.യുടെ നിലവിലുള്ള നിയമാവലികളും അടിസ്ഥാനമാക്കിയും ധനകാര്യ വിഭാഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലും കാര്യക്ഷമവും കർശനവുമായി സർവ്വീസ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന രീതിയിൽ കുറ്റക്കാർ എന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) കുറ്റമറ്റ രീതിയിൽ ഓഡിറ്റിംഗ് നടത്താൻ കാലാകാലങ്ങളിൽ ഓഡിറ്റ് സംവിധാനത്തിൽ പരിഷ്കാരങ്ങൾ വരുത്താറുണ്ട്. പെർഫോമൻസ് ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ വിളിച്ചുചേർക്കുകയും വ്യക്തമായ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സമയാസമയങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് കിലയിൽ (KILA-Kerala Institute of Local Administration) വച്ച് പരിശീലനം നൽകുന്നുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന ഓഡിറ്റ് അന്താരാഷ്ട്ര ഓഡിറ്റ് നിലവാര നിഷ്കർഷ പാലിക്കുന്ന വിധം ക്രമപ്പെടുത്തുന്നതിനായി ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്ന നടപടികൾ തദ്ദേശമിത്രം പദ്ധതിയുടെ ഭാഗമായി പൂർത്തിയായിവരുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പത്തനംതിട്ട ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വി. കെ. ഷാജിക്കെതിരെ ഏറത്ത് ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേലധികാരികൾ നൽകുന്ന വിശദീകരണങ്ങൾ കൂടി പരിഗണിച്ചാണ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത്.

**തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്തുന്ന ജനങ്ങളുടെ ബുദ്ധിമുട്ടുകൾ**

92 (3183) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധതരം ആവശ്യങ്ങൾക്കായി തദ്ദേശഭരണസ്ഥാപനങ്ങളായ കോർപ്പറേഷൻ ഓഫീസുകൾ, മുനിസിപ്പാലിറ്റി ഓഫീസുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ എന്നിവിടങ്ങളിൽ എത്തുന്ന സാധാരണക്കാരും പാവങ്ങളുമായ ജനങ്ങൾക്ക് അവരുടെ ന്യായമായ ആവശ്യങ്ങൾ സാധിച്ചു കൊടുക്കാതെ വട്ടം കറക്കുന്നതിന് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്/സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ ടി ഓഫീസുകളിൽ മിക്ക സ്ഥലത്തും കൈക്കൂലി ഇല്ലാതെ ന്യായമായ ആവശ്യങ്ങൾ ഉദ്യോഗസ്ഥർ നടത്തികൊടുക്കുന്നില്ലായെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഈ പ്രവണത ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ ആഫീസുകളിൽ എത്തുന്ന ജനങ്ങളുടെ വിവിധ ആവശ്യങ്ങൾ ഉദ്യോഗസ്ഥർ സാധിച്ചു കൊടുക്കാൻ ഓരോ കാര്യത്തിനും ഒരു നിശ്ചിത കാലാവധി തീരുമാനിച്ച് അതിനുള്ളിൽ കാര്യങ്ങൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത വിവരം പൊതുജനം അറിയാൻ ഓരോ ആഫീസുകളുടെ മുന്നിലും ബോർഡുകൾ സ്ഥാപിക്കുമോ; നിശ്ചിത സമയ പരിധിക്കുള്ളിൽ ജനത്തിന് ലഭിയ്ക്കേണ്ട കാര്യങ്ങൾ സാധിച്ചു കൊടുക്കാതിരുന്നാൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാനും നടപടി ഉണ്ടാവുമോ; വിശദമാക്കുമോ; ഇതുകൊണ്ട് കൈക്കൂലി വാങ്ങൽ ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ ആവശ്യങ്ങളിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പരാതി ലഭിച്ചാൽ ആയത് അന്വേഷിച്ച് ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തുന്ന ക്രമക്കേടുകളിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികൾ 'ഫോർ ദ പീപ്പിൾ' പോർട്ടലിൽ ഓൺലൈനായി നൽകുന്നതിനും സംവിധാനമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആവശ്യങ്ങളിൽ കാലതാമസം ഒഴിവാക്കുവാൻ സേവനങ്ങൾ പരമാവധി ഓൺലൈനാക്കുകയും ജനങ്ങൾക്ക് സഹായകരമാകുന്ന വിധം ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ജനങ്ങൾക്ക് വകുപ്പുകളിൽനിന്നും നൽകുന്ന സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (സേവനങ്ങളും അവ ലഭ്യമാകുന്നതിനുള്ള പരമാവധി കാലയളവും അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ എന്നിവയും) വ്യക്തമാക്കിക്കൊണ്ട് ബോർഡ് ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കകം സേവനങ്ങൾ നൽകാതിരുന്നാൽ, സേവനാവകാശ നിയമപ്രകാരം നടപടികൾ സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കമ്പ്യൂട്ടർവൽക്കരണം വഴി കാലതാമസം ഒഴിവാക്കാനാകുന്ന സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഇന്ദിര ആവാസ് യോജന

93 (3184) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ പദ്ധതികൾ പ്രകാരം വീടനുവദിച്ചതും എന്നാൽ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നതുമായ വീടുകളുടെ പണി പൂർത്തിയാക്കുവാൻ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇപ്രകാരമുള്ള എത്ര വീടുകൾക്ക് ധനസഹായം അനുവദിച്ചുവെന്നും എത്ര വീടുകളുടെപണി പൂർത്തിയാക്കിയെന്നും വിശദമാക്കുമോ;

(സി) ഇന്ദിരാ ആവാസ് യോജന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയിൽ പണി ആരംഭിച്ച് പൂർത്തിയാക്കുവാൻ കഴിയാതിരുന്നവർക്ക് പ്രത്യേക പരിഗണന നൽകുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ സമ്പൂർണ്ണ ഭവന നിർമ്മാണ ദൗത്യം (ലൈഫ്) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇതിനായുള്ള സർവ്വേ നടപടികൾ കുടുംബശ്രീ മുഖേന നടന്നുവരുന്നു.

(സി) ഇല്ല. പ്രസ്തുത വീടുകൾ പൂർത്തിയാക്കുന്നതിന് എല്ലാ ജില്ലകൾക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സന്നദ്ധ സംഘടനകളുടെയും ജനകീയ പങ്കാളിത്തത്തോടെയും സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചും ടി വീടുകൾ പൂർത്തീകരിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം

94 (3185) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ മാർച്ച് ഒന്നു വരെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും മുൻസിപ്പൽ/കോർപ്പറേഷൻ സമിതികളും എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

2016-17 സാമ്പത്തിക വർഷത്തിൽ മാർച്ച് ഒന്നുവരെയുള്ള ചെലവുകൾ താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | - | 957.76 കോടി രൂപ |
| ബ്ലോക്ക് പഞ്ചായത്തുകൾ | - | 225.38 കോടി രൂപ |
| ജില്ലാ പഞ്ചായത്തുകൾ | - | 199.11 കോടി രൂപ |
| മുനിസിപ്പാലിറ്റികൾ | - | 235.79 കോടി രൂപ |
| കോർപ്പറേഷനുകൾ | - | 113.11 കോടി രൂപ |

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്**

95 (3186) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എല്ലാ വർഷവും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ധൃതി പിടിച്ച് പദ്ധതി നടപ്പിലാക്കുന്നത് ഗുണനിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) 18-1-2017-ലെ പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയിൽ ചുവടെപ്പറയും പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്:

ഒരു വർഷത്തിന്റെ ഓരോ പാദത്തിലും 33 ശതമാനത്തിൽ (1/3-ൽ) കുറയാത്ത തുക ചെലവഴിക്കണമെന്നും, മാർച്ച് മാസത്തിൽ 15 ശതമാനത്തിൽ അധികമാകാത്ത തുക മാത്രമേ നിലനിൽക്കാവൂ. ആയതിനാൽ മാർച്ച് മാസത്തിന് മുമ്പ് തന്നെ ഫണ്ടിന്റെ 85 ശതമാനം ചെലവഴിച്ചിരിക്കണം. ഇത് ഉറപ്പാക്കാൻ പ്രതിമാസ പദ്ധതി വിനിയോഗ അവലോകന യോഗം (MEP) നടത്തേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ സംവിധാനം

96(3187) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്തുമോ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണവും ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഏർപ്പെടുത്തേണ്ടത് അതാത് ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഉത്തരവാദിത്വമാണ്. സർക്കാർ പിന്തുണാനടപടികൾ സ്വീകരിക്കും.

(സി) ഗാർഹികതലത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണവും ഉറവിട മാലിന്യ സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോ ബിൻ, ബക്കറ്റ് കമ്പോസ്റ്റ്, കലം കമ്പോസ്റ്റ് തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ നിശ്ചയിച്ച് അവ സ്ഥാപിക്കുന്നതിന് സബ്സിഡിയും അനുവദിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റ് നിർവ്വഹണം ഉറപ്പാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികളെയും സേവനദാതാക്കളെയും എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ ജൈവ മാലിന്യം ഉടവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കല്ല്യാണ മണ്ഡപങ്ങൾ, ചന്തകൾ തുടങ്ങിയ സ്ഥലങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും പരിപാലിക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങളും അവയ്ക്കുള്ള സബ്സിഡിയും നിശ്ചയിച്ചിട്ടുണ്ട് ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്നു. മാലിന്യ സംസ്കരണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കാനായി ഓരോ വ്യക്തിയും മാലിന്യ സംസ്കരണത്തിൽ തങ്ങളുടെ കടമ നിറവേറ്റാൻ പ്രേരിപ്പിക്കുന്ന തലത്തിൽ വിവരവിജ്ഞാപന വ്യാപന പരിപാടികളും ജനപങ്കാളിത്തത്തോടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഹരിത കേരളം പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ

97 (3188) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ സ്ഥിരമായി 15 വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ദിവസവേതനത്തിന് നിയമിതരായ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥകളില്ല. മതിയായ തെരഞ്ഞെടുപ്പ് പ്രക്രിയ നടത്താതെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരെ സേവനത്തിൽ സ്ഥിരപ്പെടുത്തുന്നത് Umadevi Vs State of Karnataka (2006) SCC കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. 10 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ ഫയൽ ചെയ്ത WP(C) 26884/15-ലും സമാനമായ കേസ്സുകളിലും ടിയാളുകളെ സേവനത്തിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള ആവശ്യം നിരസിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയായിട്ടുണ്ട്.

## മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ

98 (T*3189) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ ; പുതുതായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായം നൽകാൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; തൊഴിൽ പരിശീലനത്തിന് 18 വയസ്സിന് മുകളിലുള്ളവർക്ക് രജിസ്ട്രേഷന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബഡ്സ് സ്കൂളുകളിൽ സൗജന്യ യൂണിഫോം വിതരണം ചെയ്യാൻ പദ്ധതിയുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മാനസിക വെല്ലുവിളി നേരിടുന്നതുമൂലം ആധാർ കാർഡ് എടുക്കാൻ സാധിക്കാത്തവർക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോ; ഇവർക്ക് ഇളവ് ലഭിക്കുമോ;

(സി) സ്പെഷ്യൽ സ്കൂളുകൾ ഏറ്റെടുക്കാൻ സർക്കാർ തലത്തിൽ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. പുതിയ സ്കൂളുകൾക്ക് വേണ്ടിയുള്ള ധനസഹായത്തിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിലേയ്ക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ ഗ്രാന്റായി 2 ലക്ഷം രൂപ വീതം കുടുംബശ്രീ മുഖാന്തരം അനുവദിച്ച് നൽകിയിട്ടുണ്ട്. തൊഴിൽ പരിശീലനത്തിന് 18 വയസ്സിന് മുകളിലുള്ളവർക്ക് രജിസ്ട്രേഷന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് നിലവിൽ പദ്ധതികളൊന്നുമില്ല.

(ബി) മാനസിക വെല്ലുവിളി നേരിടുന്നതുമൂലം ആധാർ കാർഡ് എടുക്കാൻ സാധിക്കാത്തവർക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാനായി ആധാർ കാർഡിനുപകരം ഗുണഭോക്താവിന്റെ ഇലക്ഷൻ തിരിച്ചറിയൽ കാർഡോ റേഷൻ കാർഡോ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരിയുടെ മുമ്പാകെ ഹാജരാക്കിയാൽ മതിയെന്ന് സ.ഉ.(എം.എസ്.) നമ്പർ 67/2017/ഫിൻ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുത്തിട്ടില്ല.

**കൊച്ചി നഗരസഭയിൽ മാലിന്യനീക്കം നടത്തുന്ന വാഹനങ്ങൾ**

99 (3190) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയ്ക്ക് മാലിന്യനീക്കം നടത്തുന്നതിന് എത്ര വാഹനങ്ങൾ സ്വന്തമായുണ്ട്; ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്;

(ബി) മാലിന്യം നീക്കം ചെയ്യുന്നതിനായി എത്ര വാഹനങ്ങളാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്; ഇതിനായി 2015-16 വർഷത്തിലും 2016-17 വർഷത്തിലും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ടൺ മാലിന്യമാണ് പ്രതിവർഷം വാഹനങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാലിന്യനീക്കം നടത്തുന്നതിനായി 23 ടിപ്പർ ലോറികളും 10 റെഫ്യൂസ് കോംപാക്റ്ററുകളും നഗരസഭയ്ക്ക് സ്വന്തമായുണ്ട്. നിലവിൽ 7 ടിപ്പർ ലോറികളും 3 റെഫ്യൂസ് കോംപാക്റ്ററുകളും പ്രവർത്തനക്ഷമമാണ്.

(ബി) ദിവസവും ശരാശരി 35-ഓളം ടിപ്പർ ലോറികൾ മാലിന്യം നീക്കം ചെയ്യുന്നതിനായി വാടകയ്ക്ക് എടുത്തിട്ടുണ്ട്. 2015-16 വർഷത്തിൽ 3,31,78,417 രൂപയും 2016-17 ഇതുവരെ 3,95,07,799 രൂപയും വാടക ഇനത്തിൽ ചെലവായിട്ടുണ്ട്.

(സി) പ്രതിവർഷം ശരാശരി 72,000 ടൺ മാലിന്യം ഇത്തരത്തിൽ നീക്കം ചെയ്യുന്നുണ്ട്.

**തെരുവുനായ്ക്കളുടെ ആക്രമണം**

100 (3191) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും നേരെ തെരുവുനായ്ക്കളുടെ ആക്രമണമുണ്ടാകുന്നത് നാൾക്കുനാൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ 2016-17 വർഷം എത്ര പേർക്ക് കടിയേറ്റു, എത്രപേർ മരണപ്പെട്ടു, എത്രപേർ ചികിത്സ ലഭ്യമാകാതെയും ചികിത്സാ പിഴവുലവും മരണപ്പെട്ടു എന്നും വ്യക്തമാക്കാമോ;

(സി) തെരുവുനായ നിയന്ത്രണത്തിനായി കഴിഞ്ഞ മൂന്നുവർഷമായി ഓരോ വർഷവും എന്തു നടപടികൾ സ്വീകരിച്ചു; എത്ര തുക ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) തെരുവുനായ ആക്രമണങ്ങളിൽ മരണപ്പെട്ടവർക്ക് (കഴിഞ്ഞ മൂന്നു വർഷത്തേത് വർഷം തിരിച്ച്) എന്തു സഹായം നല്കി; വിശദാംശം ലഭ്യമാക്കാമോ;

(ഇ) തെരുവുനായയുടെ കടിയേറ്റവരിൽ എത്രപേർക്ക് 2015-16, 2016-17 കാലയളവിൽ സൗജന്യ ചികിത്സാ സഹായം നൽകിയെന്നും ഇതിനായി വകുപ്പിന് എത്ര തുക ചെലവായിയെന്നും അറിയിക്കുമോ; തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ ഫലപ്രദമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ കാലയളവിൽ 12867 പേർക്ക് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്ക് പറ്റിയിട്ടുള്ളതായും 5 പേർ മരണപ്പെട്ടിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചികിത്സ ലഭ്യമാകാതെയും ചികിത്സാ പിഴവ് മൂലവും ആരും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഗ്രാമപഞ്ചായത്ത് തലത്തിൽ ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു:

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള മോണിറ്ററിംഗ് സമിതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.
2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകമായ പദ്ധതികൾ ആവിഷ്കരിക്കുക.
3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേയ്ക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേയ്ക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.
4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരുടെ സേവനം ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.
5. മൃഗക്ഷേമസംഘടനകൾ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. 1998-ലെ കേരള പഞ്ചായത്ത് രാജ് (പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിന് മതിയായ പരസ്യം നൽകി നടപടി ഉറപ്പുവരുത്തുക.
7. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൽ വകുപ്പുകളുടെ ലംഘനമായതിനാൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.
8. എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 14,60,60148 രൂപ വകയിരുത്തുകയും 1,03,76,754 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

തെരുവുനായശല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നഗരസഭകൾ ടി പദ്ധതിക്കായി 9,52,31,554 രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുകളിൽ സ്വന്തം നിലയ്ക്കും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ജില്ലാ പഞ്ചായത്തുമായി ചേർന്നും ടി പദ്ധതി നടപ്പാക്കിവരുന്നുണ്ട്. മറ്റ് നഗരസഭകൾ ജില്ലാ പഞ്ചായത്തുമായി സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, നെടുമങ്ങാട്, ഒറ്റപ്പാലം, മൂവാറ്റുപുഴ, ചേർത്തല, പാലക്കാട്, കോട്ടയം, നോർത്ത് പറവൂർ, വൈക്കം, പാലാ, സൗത്ത് പരവൂർ, കാസർഗോഡ്, ചങ്ങനാശ്ശേരി, പെരുമ്പാവൂർ, ആറ്റിങ്ങൽ, തൃക്കാക്കര, നെയ്യാറ്റിൻകര, പരപ്പനങ്ങാടി എന്നീ നഗരസഭകളിൽ ABC പ്രോഗ്രാം ആരംഭിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

കൊടുവള്ളി, കൊയിലാണ്ടി, കൊണ്ടോട്ടി, പാനൂർ, പയ്യന്നൂർ, ആലപ്പുഴ, ആന്തൂർ, ചാലക്കുടി, ഇരിട്ടി, കൊടുങ്ങല്ലൂർ, കൂത്തുപറമ്പ്, മലപ്പുറം, രാമനാട്ടുകര, ശ്രീകണ്ഠാപുരം, ചെർപ്പുളശ്ശേരി, കാഞ്ഞങ്ങാട്, പിറവം, അങ്കമാലി, ചാവക്കാട്, ചിറ്റൂർ-തത്തമംഗലം, കട്ടപ്പന, മാവേലിക്കര, നീലേശ്വരം എന്നീ നഗരസഭകളുടെ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാക്കി നഗരസഭകളിലൊക്കെ ABC പദ്ധതി നടപ്പാക്കാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ABC പദ്ധതി നഗരസഭാ പ്രദേശങ്ങളിൽ നടപ്പാക്കിയതിന്റെ ഫലമായി ഏകദേശം 11234 നായകൾക്ക് വന്ധ്യംകരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(c) 599/15-ാം നമ്പർ കേസ്സിലെ 5-4-2016-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണം സംഭവിച്ച ശ്രീമതി ഡോളിയുടെ ഭർത്താവിന് (കോട്ടയം ജില്ല) 40,000 രൂപ നഗരകാര്യ വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റവർക്ക് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട, ഇലകമൺ ഗ്രാമപഞ്ചായത്തുകളിൽനിന്നും 3,000 രൂപയും തൃശ്ശൂർ ജില്ലയിൽ ചാഴൂർ, കൊണ്ടാഴി ഗ്രാമപഞ്ചായത്തുകളിൽനിന്നും 3,650 രൂപയും പാലക്കാട് ജില്ലയിൽ 23 പേർക്കും മലപ്പുറം ജില്ലയിലെ വട്ടംകുളം, വാഴയൂർ, എടക്കര എന്നീ ഗ്രാമപഞ്ചായത്തിൽ നിന്ന് 43 പേർക്കും വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ നിന്ന് ഒരാൾക്കും അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിലെ സംവിധാനം ഫലപ്രദമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റിയൽ എസ്റ്റേറ്റ് അതോറിറ്റി ആക്ട്**

101 (3192) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമം അനുസരിച്ച് സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് അതോറിറ്റി ആക്ടിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) റിയൽ എസ്റ്റേറ്റ് അതോറിറ്റി, റിയൽ എസ്റ്റേറ്റ് ട്രൈബ്യൂണൽ എന്നിവ രൂപീകരിച്ചശേഷം നാളിതു വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷയിൻമേൽ തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അതോറിറ്റി, ട്രൈബ്യൂണൽ എന്നിവയ്ക്ക് എത്ര തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത അതോറിറ്റി,ട്രൈബ്യൂണൽ എന്നിവയിൽ ജീവനക്കാരെയോ ലീഗൽ എക്സ്പേർട്ടുകളെയോ നിയമിച്ചിട്ടുണ്ടോ;

(എഫ്) രണ്ട് സ്ഥാപനങ്ങളുടെയും മെമ്പർമാർ ആരെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ആക്ട് 2015 റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) കേന്ദ്ര നിയമമനുസരിച്ചുള്ള റിയൽ എസ്റ്റേറ്റ് അതോറിറ്റി, ട്രൈബ്യൂണൽ എന്നിവ രൂപീകരിച്ചിട്ടില്ല.

(ഡി) റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിക്കായി നടപ്പുസാമ്പത്തിക വർഷം (2016-17-ൽ) 2217-80-800-66 എന്ന ശീർഷകത്തിൽ ആയിരം രൂപ ടോക്കൺ അലോട്ട്മെന്റ് അനുവദിച്ചിട്ടുണ്ട്. ആയത് ചെലവാക്കിയിട്ടില്ല.

(ഇ&എഫ്) കേന്ദ്ര ആക്ടായ 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് 2015-ലെ സംസ്ഥാന ആക്ട് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. റദ്ദാക്കിയതിനുശേഷം കേന്ദ്ര നിയമമനുസരിച്ചുള്ള അതോറിറ്റിയും ട്രൈബ്യൂണലും രൂപീകരിക്കുന്നതാണ്.

**ജനനമരണ രജിസ്ട്രേഷൻ**

102 (3193) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനമരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെറ്റുകൾ തിരുത്തുവാൻ അധികാരമുണ്ടെങ്കിലും ഈ അധികാരം പല സ്ഥാപനങ്ങളും നിർവ്വഹിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം സംബന്ധിച്ച് ചീഫ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ജനനമരണ സർട്ടിഫിക്കറ്റിൽ പഞ്ചായത്തുകൾക്ക് തിരുത്തലുകൾ വരുത്തുവാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) നഗരസഭകളിലും കോപ്പറേഷനുകളിലും ഇത്തരം തിരുത്തലുകൾ വരുത്തുന്നതിനുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ അപ്പീൽ അധികാരി ആരാണെന്നും അപ്പീൽ നൽകുന്ന സംവിധാനം എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ജനന-മരണ രജിസ്ട്രേഷൻ നിയമം പ്രാബല്യത്തിൽ വന്ന 1-4-1970-ന് ശേഷമുള്ള രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള തെറ്റുകൾ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലെയും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തുന്നതിനോ റദ്ദ് ചെയ്യുന്നതിനോ രജിസ്ട്രാർമാർക്ക് തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണ്. 2012-ലെ സേവനാവകാശ നിയമത്തിൽ പറയുന്ന സമയപരിധി പാലിക്കേണ്ടതുമാണ്. 7-2-2015-ലെ ബി1-4356/15-ാം നമ്പർ സർക്കുലർ പ്രകാരം വിശദമായ നിർദ്ദേശം രജിസ്ട്രാർമാർക്ക് നൽകിയിട്ടുള്ളതാണ്.

(സി) നഗരസഭകളിലും കോർപ്പറേഷനുകളിലും ജനന-മരണ രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്തുന്നതിന് വിവരം നൽകിയ ആളുടെ/സ്ഥാപനത്തിൽ നിന്നുള്ള കത്ത് സഹിതം രജിസ്ട്രാർക്ക് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം തിരുത്തേണ്ട വിവരം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയുടെ പകർപ്പ്, സ്കൂൾ രേഖ, ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും രേഖയുടെ പകർപ്പ് എന്നിവയും 2 വിശ്വസനീയ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷനും സമർപ്പിക്കേണ്ടതാണ്. കൂടാതെ പേര്, വിലാസം ഇവയിലെ തിരുത്തലുകൾക്ക് വില്ലേജ് ഓഫീസറിൽനിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കണം. മേൽപ്പറഞ്ഞ രേഖകളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ശരിയായ വസ്തുത രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് തിരുത്തൽ അനുവദിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.

<u>സേവനാവകാശ നിയമപ്രകാരം അപ്പീൽ അധികാരികൾ:</u>

<u>കോർപ്പറേഷൻ</u>

1-ാം അപ്പീൽ അധികാരി-ഹെൽത്ത് ഓഫീസർ

2-ാം അപ്പീൽ അധികാരി-സെക്രട്ടറി

മുനിസിപ്പാലിറ്റി

1-ാം അപ്പീൽ അധികാരി-സെക്രട്ടറി

2-ാം അപ്പീൽ അധികാരി-RJD

തിരുത്തലിനായി അപേക്ഷ നൽകി 15 ദിവസത്തിനകം സേവനം ലഭിക്കാതിരിക്കുകയോ നിരസിക്കപ്പെടുകയോ ചെയ്താൽ 30 ദിവസത്തിനകം ഒന്നാം അപ്പലേറ്റ് അതോറിറ്റിക്കും പ്രസ്തുത അപ്പീൽ നിരസിക്കപ്പെടുന്നപക്ഷം 60 ദിവസത്തിനകം രണ്ടാം അപ്പലേറ്റ് അതോറിറ്റിക്കും അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**വഴിയോര കച്ചവടക്കാർ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രതിസന്ധിയും സുരക്ഷിതമില്ലായ്മയും**

103 (3194) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയിരക്കണക്കിന് വഴിയോര കച്ചവടക്കാർ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രതിസന്ധിയും സുരക്ഷിതമില്ലായ്മയും അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) നോട്ട് നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് ജീവിതം ദുരിതത്തിലായ വഴിയോര കച്ചവടക്കാർക്ക് കച്ചവടം പുനഃസ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയടക്കമുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2014-ലെ വഴിയോര കച്ചവട ഉപജീവന സംരക്ഷണ നിയന്ത്രണ നിയമം അടിസ്ഥാനമാക്കിയുള്ള ചട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമം വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പര്യാപ്തമാണോ; ഇല്ലെങ്കിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നഗര തെരുവ് കച്ചവട സംരക്ഷണ പദ്ധതിപ്രകാരം യോഗ്യരായ തെരുവോര കച്ചവടക്കാർക്ക് ബാങ്കുകൾ വഴി "സ്വയം തൊഴിൽ വായ്പ" അനുവദിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത വായ്പയുടെ 7 ശതമാനത്തിൽ അധികരിക്കുന്ന പലിശ ബന്ധപ്പെട്ട് നഗരസഭകൾ നൽകുന്നതാണ്.

(സി) ഇല്ല. കരട് ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പര്യാപ്തമാണ്. വഴിയോര കച്ചവടക്കാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന വകുപ്പുകൾ നിയമത്തിലുണ്ട്. കേന്ദ്ര നിയമമായതിനാൽ നിയമഭേദഗതി വരുത്താൻ സംസ്ഥാനത്തിന് സാധിക്കില്ല. നിയമത്തിന് വിധേയമായി സംസ്ഥാനത്തെ പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ വകുപ്പുകൾ കരട് ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**വഴിയോര കച്ചവടക്കാരുടെ പുനരധിവാസം**

104(T*3195) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ വിശദമാക്കാമോ;

(ബി) ദേശീയ ജീവനോപാധി ദൗത്യം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ 2014-ൽ പുറപ്പെടുവിച്ച വഴിയോര കച്ചവട (നിയന്ത്രണവും ജീവനോപാധി സംരക്ഷണവും) ആക്റ്റിന്റെ അടിസ്ഥാനത്തിൽ ചട്ടവും സ്കീമും പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ ഭാഗമായി 54 നഗരങ്ങളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് നഗരങ്ങളിൽ സർവ്വേ നടപടി പൂർത്തീകരിച്ചുവരുന്നു. 2 നഗരങ്ങളിൽ വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

വഴിയോര കച്ചവട നിയമം സംബന്ധിച്ച് കേരളത്തിലെ എല്ലാ നഗരസഭാ ചെയർമാൻമാർക്കും നഗരസഭാ സെക്രട്ടറിമാർക്കും മൂന്ന് ജില്ലകളെ കേന്ദ്രീകരിച്ച് മേഖലാതല പരിശീലനം നൽകിയിട്ടുണ്ട്. വഴിയോര കച്ചവട നിയമവും അവരുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സമിതി, ജില്ലാതല സമിതി, നഗരസഭയിലെ ടൗൺ വെന്റിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) ദേശീയ ജീവനോപാധി ദൗത്യം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെച്ചേർക്കുന്നു:

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

1. സംസ്ഥാനതലത്തിലും നഗരതലത്തിലും മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ വിന്യസിച്ച് പദ്ധതി ഊർജ്ജിതമായി നടപ്പാക്കിവരുന്നു.

2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പദ്ധതി സംബന്ധിച്ച പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

3. ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത 14 നഗരസഭകളിൽ 2015 മേയ് മാസം മുതലും 2016 നവംബർ 1 മുതൽ രണ്ടാംഘട്ടമായി മറ്റെല്ലാ നഗരസഭകളേയും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4. പുതുതായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും അർഹമായ അയൽക്കൂട്ടങ്ങൾക്കും എ.ഡി.എസ്.-നും റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും നടപടി സ്വീകരിച്ചു. കൂടാതെ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിലെടുക്കാൻ സന്നദ്ധരായവർക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകി തൊഴിൽ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2014-ലെ വഴിയോര കച്ചവട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാനതല കരട് ചട്ടവും സ്കീമും അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്.

## പുഴാതി, കക്കാട് മിനി സ്റ്റേഡിയം

105 (3196) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജക മണ്ഡലത്തിലെ 2013-14 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പുഴാതി, കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് 22-8-2015-ലെ G.O.(Rt)/No. 2583/2015/LSGD ഉത്തരവ് മുഖേന 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ട് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഭൂമിയും വീടും ഇല്ലാത്തവർ**

106 (3197) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്രപേർക്കാണ് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തത്; ഭവനരഹിതർ എത്ര ; ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിതരെ കണ്ടെത്താനുള്ള സർവ്വേ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. പഞ്ചായത്തുതലത്തിൽ ഉദ്യോഗസ്ഥരുടെ മേൽപരിശോധന നടന്നുവരുന്നു. അപ്പീലുകൾ പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കേട്ടശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**ശുചിത്വ മിഷൻ**

107 (3198) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശുചിത്വ മിഷന്റെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) അൻപത്തിയേഴാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രീൻ പ്രോട്ടോക്കോളിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിന് പരിശീലനം നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശുചിത്വമിഷന്റെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും കോൺട്രാക്ട് വ്യവസ്ഥയിൽ പുതിയ തസ്തികകൾ ശുചിത്വമിഷന് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ശുചിത്വമിഷൻ മുഖേനയുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി.

(ബി) നടപ്പിലാക്കിയിരുന്നു.

(സി) സുരക്ഷിത അജൈവ മാലിന്യ പരിപാലനം സാധ്യമാകുന്നത് വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം നടത്തുക (Reduce, Re-use, Recycle) എന്ന തത്വം പാലിക്കുമ്പോഴാണ്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ സ്ഥാപനങ്ങൾ, മേളകൾ, പൊതുസ്വകാര്യ ചടങ്ങുകൾ എന്നിവയുടെ ഭാഗമായി മാലിന്യങ്ങൾ അനിയന്ത്രിതമായി കുമിഞ്ഞു കൂടുന്നത് ഒഴിവാക്കുന്നതും മാലിന്യ സംസ്കരണത്തിനായി പണവും വിഭവങ്ങളും ചെലവാക്കുന്നതൊഴിവാക്കുകയെന്നതും അതുപോലെ പൗരന്മാരിൽ ശാസ്ത്രീയ മാലിന്യ പരിപാലന മനോഭാവവും ശീലങ്ങളും രൂപപ്പെടുത്തുകയും ചെയ്യുകയെന്നതുമാണ് ഗ്രീൻ പ്രോട്ടോക്കോളിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ അജൈവമാലിന്യങ്ങളിൽ പുനഃചംക്രമണ സാധ്യമല്ലാത്തവ കർശനമായി നിരോധിച്ച് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുവാനും ഗ്രീൻ പ്രോട്ടോക്കോളിലൂടെ ലക്ഷ്യം വയ്ക്കുന്നു. ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തി പുനരുപയോഗ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയാണ് ശുചിത്വ മിഷൻ ഗ്രീൻ പ്രോട്ടോക്കോളിലൂടെ ചെയ്യുന്നത്. സംസ്ഥാന ശുചിത്വമിഷൻ പരിശീലനം നൽകിയ ഫാക്കൽറ്റി/റിസോഴ്സ് പേഴ്സൺമാർ സംസ്ഥാന/ജില്ലാ തലങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ എസ്.ഐ.യു.എഫ്., കില തുടങ്ങിയ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലൂടെ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പരിശീലനത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഈ വിഷയത്തിൽ പരിശീലനം നൽകുന്നുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷന് ആധാർ കാർഡ്

108 (3199) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ നമ്പർ നൽകിയില്ലെന്ന കാരണത്താൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നിഷേധിക്കുന്നുണ്ടോ;

(ബി) ആധാറിന് പകരമായി ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ ബലത്തിൽ പെൻഷൻ തുടർന്നു നൽകുവാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ആധാർ നമ്പർ നൽകിയില്ലെന്ന കാരണത്താൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നിഷേധിച്ചിട്ടില്ല. ആധാർ നമ്പറോ മറ്റേതെങ്കിലും തിരിച്ചറിയൽ രേഖയോ സമർപ്പിക്കാത്ത ഗുണഭോക്താക്കളുടെ പെൻഷൻ താൽക്കാലികമായി തടഞ്ഞിട്ടുള്ളത് ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നപക്ഷം തുടർന്നും വിതരണം ചെയ്യുന്നതാണ്.

(ബി) ആധാറിന് പകരമായി റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവയിൽ പ്രത്യേക സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കുന്നപക്ഷം തുടർന്നും പെൻഷൻ ലഭിക്കുന്നതാണ്.

### കിലയുടെ പ്രാദേശിക കേന്ദ്രം

109 (3200) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടങ്ങൾ ഇപ്പോൾ ഏതു വകുപ്പിന്റെ നിയന്ത്രണത്തിലാണ് എന്ന് വിശദീകരിക്കുമോ;

(ബി) ഈ കെട്ടിടം ഉപയോഗപ്പെടുത്തി, കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത കെട്ടിടങ്ങൾ ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണ ത്തിലാണുള്ളത്.

(ബി) ഈ കെട്ടിടം 'കില'-യുടെ പ്രവർത്തനത്തിനായി വിട്ടുകൊടുത്ത് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

### മാലിന്യ സംസ്കരണ പദ്ധതികൾ

110 (3201) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിനായി കൊച്ചി നഗരസഭ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം;

(ബി) ഖരമാലിന്യ സംസ്കരണത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചി ട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നഗരസഭ പരിധിയിലെ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് സ്വകാര്യ വാഹനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വാഹനങ്ങൾ ക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ സംസ്കരിച്ച ഖരമാലിന്യത്തിന്റെ അളവെത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ബ്രഹ്മപുരം കേന്ദ്രീകരിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലെ 6 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ബ്രഹ്മപുരത്ത് തന്നെ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു.

(ബി) പ്രധാനമായും വിൻഡ്രോ കംപോസ്റ്റ് സിസ്റ്റം പ്രകാരം മാലിന്യം വളമാക്കി വില്പന നടത്തിവരുന്നു.

(സി) നഗരസഭ പരിധിയിലെ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് വാടക ലോറികൾ വിതരണം ചെയ്യുന്നതിന് കരാർ നൽകിയിരിക്കുകയാണ്. കരാറുകാരൻ ദിനംപ്രതി ശരാശരി 35 ലോറികളിലായാണ് പ്രസ്തുത മാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ എത്തിക്കുന്നത്.

(ഡി) നവംബർ 2016 - 5885.315 ടൺ

ഡിസംബർ 2016 - 6342.370 ടൺ

ജനവരി 2017 - 6148.205 ടൺ

**കെട്ടിട നിർമ്മാണ പെർമിറ്റ് അദാലത്ത്**

111 (3202) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ അഴിമതി വിമുക്തമാക്കുവാൻ ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് അദാലത്ത് നടത്തിയിരുന്നോ; എങ്കിൽ, എത്ര പരാതികളിൽ തീരുമാനമെടുത്തു;

(ബി) തിരുവനന്തപുരം കോർപ്പറേഷനിൽ അഴിമതി തടയുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലും നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) വളരെക്കാലമായി കെട്ടിക്കിടക്കുന്ന കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് എല്ലാ കോർപ്പറേഷനുകളിലും ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അദാലത്ത് നടത്തിയിരുന്നു. 320 അപേക്ഷകളിൽ 282 എണ്ണത്തിൽ അദാലത്ത് തീരുമാനം എടുത്തിട്ടുള്ളതാണ്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല. അടുത്ത പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ക്യാമറ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംഘടിപ്പിക്കുന്നതാണ്.

**കെട്ടിട നിർമ്മാണത്തിന് അനുമതി**

112 (3203) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നമ്പർ 994733/RA1/ 2016/ LSGD/dt. 22-12-2016 ഉത്തരവു പ്രകാരം, 2008-ന് മുമ്പ്, നികത്തപ്പെടുകയോ, നികത്തുകയോ റവന്യൂ രേഖകളിൽ (BTR-ൽ) നിലം/നഞ്ച/വെറ്റ്ലാന്റ്/നെൽവയൽ എന്നിങ്ങനെ രേഖപ്പെടുത്തിയ ഭൂമികളിൽ കോമേഴ്സ്യൽ/വാസഗൃഹ കെട്ടിട നിർമ്മാണം നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; ഇതിന് ശേഷം പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപോലെയുള്ള എത്ര ഏക്കർ വരെയുള്ള സ്ഥലത്തിനാണ് കോമേഴ്സ്യൽ കെട്ടിടം പണിയുവാൻ അനുമതി നൽകുന്നത്; വിശദമാക്കുമോ; ഇതിന് എന്തെങ്കിലും മാനദണ്ഡം വച്ചിട്ടുണ്ടോ;

(സി) ഡാറ്റാ ബാങ്ക്, കരട് ഡാറ്റാബാങ്ക് ഇതിന്റെ കസ്റ്റോഡിയൻ ആരാണ്;

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങളോ, മറ്റ് നിയമങ്ങളോ ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിർമ്മാണം പൂർത്തിയാക്കിയ ശേഷം കെട്ടിട നമ്പർ ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഒരു നിശ്ചിത സ്ക്വയർഫീറ്റ് (ഉദാ.4000 സ്ക്വയർ ഫീറ്റ് വരെ) വരെയുള്ള വ്യക്തിഗത/കമ്പനി മുതലായവർ പണിത പണിമുടങ്ങിക്കിടക്കുന്ന കോമേഴ്സ്യൽ കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ കൊടുക്കുവാൻ നടപടിയുണ്ടോ; ഇല്ലെങ്കിൽ ഒരു നിശ്ചിത ഫീസ് ചുമത്തി ഇവ ക്രമവൽക്കരിച്ച് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരുടെ സംഘം പരിശോധന നടത്തി നിർദ്ദിഷ്ട ഭൂമി 12-8-2008-ന് മുമ്പ് നികത്തപ്പെട്ടതാണെന്ന് ശിപാർശ നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് അനുമതി നൽകുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിനായി പുതിയ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഭൂവിസ്തൃതി സംബന്ധിച്ച് ടി സർക്കുലറിൽ പരാമർശിച്ചിട്ടില്ല.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കുന്ന ഡാറ്റാ ബാങ്ക് തദ്ദേശ സ്വയംഭരണ സെക്രട്ടറിയാണ് ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുന്നത്. ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കിന്റെ പകർപ്പ് കൃഷി വില്ലേജ്, തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവരുടെ പക്കൽ ലഭ്യമാണ്.

(ഡി) ഇല്ല; പരിഗണനയിലുണ്ട്.

**മഞ്ചേരി മുനിസിപ്പാലിറ്റി ഷോപ്പ്-കം-ഓഫീസ് ബിൽഡിംഗ്**

113 (3204) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പാലിറ്റി ഷോപ്പ്-കം-ഓഫീസ് ബിൽഡിംഗ് നിർമ്മാണവുമായി ബന്ധപ്പെട്ട 627881/DB2/LSGD/2016-ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട നഗരകാര്യ ഡയറക്ടറേറ്റിലെ ഫയലിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പത്ത് കോടി രൂപ വായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ വിശദമാക്കാമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടി പ്രോജക്ടുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 18/1 എ, 1 ബി എന്നീ നമ്പരുകളിലുള്ള 40 സെന്റ് സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുവേണ്ടി 8,28,07,500 രൂപ (എട്ടുകോടി ഇരുപത്തിയെട്ടുലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ധനലക്ഷ്മി ബാങ്കിൽനിന്നും വായ്പ എടുക്കുന്നതിന് വേണ്ടി സർക്കാർ അനുമതിക്കായി മഞ്ചേരി നഗരസഭ സെക്രട്ടറിയുടെ 1-3-2016-ലെ ഇ 1-346/16 നമ്പർ കത്ത് പ്രകാരം അപേക്ഷ നഗരകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ 20-5-2016-ലെ ഡിസി3-5885/16 നമ്പർ കത്ത് പ്രകാരം നഗരകാര്യ വകുപ്പിൽനിന്നും കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട്

സെക്ഷൻ (3) പ്രകാരമുള്ള സർക്കാർ അനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. ആയതിന് 11-8-2016-ലെ 246/ഡിബി2/16/തസ്വഭ നമ്പർ സർക്കാർ കത്ത് പ്രകാരം ധനലക്ഷ്മി ബാങ്കിൽനിന്നും വായ്പ എടുക്കുമ്പോൾ നൽകേണ്ട പലിശ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ മറ്റേതെങ്കിലും ബാങ്കിൽ നിന്നും ഓഫർ ലഭിച്ചിരുന്നോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് മഞ്ചേരി നഗരസഭാ സെക്രട്ടറിക്ക് 31-8-2016, 25-11-2016 എന്നീ തീയതികളിൽ നഗരകാര്യ ഡയറക്ടറേറ്റിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിച്ചിട്ടില്ല.

(സി &ഡി) ബാധകമല്ല.

## അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

114 (3205) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ അവയുടെ ഉടമകളിൽനിന്ന് പിഴ ഈടാക്കി ക്രമവത്കരിക്കുന്ന പദ്ധതിക്ക് രൂപം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇങ്ങനെ ക്രമവത്കരിക്കപ്പെടുന്ന കെട്ടിടങ്ങൾ ഭാവിയിൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായി വന്നാൽ അവ പൊളിക്കുന്നതിന് നേരത്തെ ക്രമവത്കരിച്ച നടപടി തടസ്സമാവുമോ;

(സി) അനധികൃത നിർമ്മാണങ്ങൾ യഥാസമയത്ത് ഇടപെട്ട് നിർത്തി വയ്പ്പിക്കാത്ത തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; ആവശ്യമെങ്കിൽ ഇതിനായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ?

### ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇക്കാര്യവും പരിശോധനയിലുൾപ്പെടും.

(സി) ഈ വിഷയം സർക്കാർ ഗൗരവമായി കണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ശുചീകരണ തൊഴിലാളികൾക്കായി ക്ഷേമപദ്ധതി

115 (3206) ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചീകരണ തൊഴിലാളികൾക്കായി എന്തൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ചുവരുന്നു.

(ബി) ശുചിത്വ മിഷൻ വഴി മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഖരമാലിന്യ സംസ്കരണ പ്ലാന്റുകളും അവയുടെ നവീകരണവും മെറ്റീരിയൽ റിക്കവറി ഫസിലിറ്റിയും.
2. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ.
3. ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.
4. മഴക്കാല ശുചീകരണ പ്രോജക്ടുകൾക്ക് സഹായം.
5. നവീന അറവുശാലകൾ, പൊതുശ്മശാനങ്ങൾ/ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ (സാങ്കേതിക പിന്തുണ).
6. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനും ബദൽ ഉത്പന്നങ്ങളും നൂതന സേവനങ്ങളും.
7. വിവര വിജ്ഞാന വ്യാപനവും ശേഷി വികസന പ്രവർത്തനങ്ങളും.
8. പൊതു സാനിട്ടറി കോംപ്ലക്സുകൾ ഗാർഹിക കക്കൂസ് നിർമ്മാണം (കേന്ദ്രാവിഷ്കൃത പദ്ധതി).
9. പുനഃചംക്രമണം, പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.

10. Extended Producer Responsibility (EPR) പ്രത്സാഹിപ്പിക്കുന്നതിനുള്ള ഇൻസെന്റീവ്.

11. സാധനങ്ങളുടെ ഉപയോഗം, മാലിന്യത്തിന്റെ സ്വഭാവം, ഗുണങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള പഠനവും ഗവേഷണങ്ങളും.

12. ഖര-ദ്രവ മാലിന്യ പരിപാലനത്തിലെ നൂതന പ്രോജക്ടുകൾ.

**അഹാഡ്സ്-സി.സി.പി.ആർ.എം.**

116 (3207) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ അഹാഡ്സ്-സി.സി.പി.ആർ.എം.-ന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ;

(ബി) അഹാഡ്സ്-സി.സി.പി.ആർ.എം.-നെ കിലയിൽ ലയിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജപ്പാന്റെ സാമ്പത്തിക സഹായത്തോടെ അട്ടപ്പാടിയിൽ നടപ്പിലാക്കിയ പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായിരുന്നു അഹാഡ്സ്. പദ്ധതിയുടെ പ്രവർത്തനത്തിന് നിശ്ചയിച്ച സമയപരിധി അവസാനിച്ചപ്പോൾ അഹാഡ്സിന്റെ പ്രവർത്തനം നിർത്തലാക്കിയിരുന്നു. തുടർന്ന് അഹാഡ്സിനെ അഹാഡ്സ്-സി.സി.പി.ആർ.എം. ആയി പുനരാവിഷ്കരിച്ചെങ്കിലും ആദിവാസിക്ഷേമത്തിനും പ്രകൃതി വിഭവ സംരക്ഷണത്തിനും ഊന്നൽ നൽകിക്കൊണ്ട് തുടർപ്രവർത്തനം നടത്തുന്നതിനുവേണ്ടി അഹാഡ്സ്-സി.സി.പി.ആർ.എം.-നെ കിലയിൽ ലയിപ്പിക്കുവാൻ തീരുമാനിക്കുകയായിരുന്നു.

(ബി) ഉണ്ട്. 14-12-2016-ൽ നടന്ന അഹാഡ്സ്-സി.സി.പി.ആർ.എം. ഗവേണിംഗ് ബോഡി യോഗത്തിൽ അഹാഡ്സ്-സി.സി.പി.ആർ.എം.-നെ ഡിസോൾവ് ചെയ്ത് ഉപാധികളില്ലാതെ കിലയിലേയ്ക്ക് ലയിപ്പിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

117 (3208) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, വാമനപുരം നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ വികസന പ്രവൃത്തികൾ അനുബന്ധം1-ലും* ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയവ അനുബന്ധം 2-ലും* ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയവ അനുബന്ധം 3-ലും* ചേർത്തിട്ടുണ്ട്.

**നഗരകാര്യ വകുപ്പിന് കൈമാറിയ സ്ഥലം**

118 (3209) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-വള്ളക്കടവ് മുട്ടത്തറയിലുള്ള വികലാംഗ കോളനിയിലെ ഭവനരഹിതരായ 94 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഗരകാര്യ വകുപ്പിന് കൈമാറിയ രണ്ട് ഏക്കർ സ്ഥലത്ത് വീടുകൾ നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോഴത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; എത്രയും വേഗം നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ ശ്രമിക്കുമോ?

ഉത്തരം

(എ&ബി) വികലാംഗ കോളനി നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി അനുവദിച്ച 2 ഏക്കർ സ്ഥലം തിരുവനന്തപുരം നഗരവാസികൾക്ക് കൈമാറി കിട്ടിയിട്ടില്ല. സ്ഥലം കൈമാറിക്കിട്ടുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലമേൽ ഗ്രാമപഞ്ചായത്ത് ലൈബ്രറി

119 (3210) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പാലമേൽ ഗ്രാമപഞ്ചായത്തിലെ ഫാക്ടറി വാർഡിൽ പാലമേൽ ഗ്രാമപഞ്ചായത്ത് ഡിജിറ്റൽ ലൈബ്രറിക്ക് എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16-ൽ തുക അനുവദിച്ച് ഭരണാനുമതി [G.O. (Rt) No. 1207/16/LSGD dtd. 04/03/2016] ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് നാളിതുവരെയും സാങ്കേതികാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മാവേലിക്കര മണ്ഡലത്തിൽ പാലമേൽ ഗ്രാമപഞ്ചായത്തിൽ ഫാക്ടറി വാർഡിൽ ഗ്രാമപഞ്ചായത്ത് ഡിജിറ്റൽ ലൈബ്രറിക്ക് എം.എൽ.എ. ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കോട്ടയം സിഡ്കോ സെയിൽസ് എംമ്പോറിയം മുഖേന ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾക്ക് ആവശ്യമായ വർക്ക് ഓർഡർ, സപ്ലൈ ഓർഡർ, സാങ്കേതികാനുമതി എന്നിവ ബന്ധപ്പെട്ട പഞ്ചായത്തിൽനിന്ന് സിഡ്കോയ്ക്ക് നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികളിലൂടെ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയും.

## തുറവൂർ ഗ്രാമപഞ്ചായത്തിലെ ഭവനശ്രീ വായ്പ പദ്ധതി

120 (3211) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ വായ്പ പദ്ധതി പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മുഖേന വായ്പ എടുത്തവരുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളിയിട്ടും ഈ പദ്ധതി പ്രകാരം തുറവൂർ ഇന്ത്യൻ ബാങ്കിൽനിന്നും വായ്പ എടുത്ത 18 കുടുംബങ്ങളുടെ വായ്പ നാളിതുവരെയായി എഴുതിത്തള്ളിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വായ്പ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലനിൽക്കുന്നുണ്ടോ;

(സി) പ്രസ്തുത 18 കുടുംബങ്ങളുടെ ഭവനശ്രീ വായ്പ എഴുതിത്തള്ളുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തുറവൂർ ഗ്രാമപഞ്ചായത്തിൽ ഇൻഡ്യൻ ബാങ്ക് മുഖേന ഭവനശ്രീ വായ്പ ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്നും എടുത്തിട്ടുള്ള ഭവനശ്രീ വായ്പകളിൽ 144 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകിയിട്ടുണ്ട്. ഇനി 18 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകാനുണ്ട്.

(ബി&സി) തുറവൂർ ഗ്രാമപഞ്ചായത്തിലെ 18 ഗുണഭോക്താക്കളുടെ ഭവനശ്രീ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തെരുവുനായ വന്ധ്യംകരണം**

121 (3212) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ വിഷയത്തിൽ സാധാരണക്കാരായ ജനങ്ങൾ നേരിടുന്ന അതിഭീകരമായ സാഹചര്യത്തെ നേരിടാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആക്രമണം നേരിട്ട് ചികിത്സയിൽ കഴിയുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുന്ന നടപടി എത്രത്തോളം ഫലപ്രദമായി നടത്തുവാൻ സാധിച്ചിട്ടുണ്ട്; കണക്കുകൾ വിശദമാക്കുമോ?

ഉത്തരം

(എ) തെരുവുനായശല്യം പരിഹരിക്കുന്നതിനും ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും 27-8-2016-ലെ 45151/RC3/2014/LSGD നമ്പർ സർക്കുലർ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)* പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയത് പ്രകാരമുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റവർക്ക് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട, ഇലകമൺ ഗ്രാമപഞ്ചായത്തുകളിൽനിന്നും 3,000 രൂപയും തൃശ്ശൂർ ജില്ലയിൽ ചാഴൂർ, കൊണ്ടാഴി ഗ്രാമപഞ്ചായത്തുകളിൽ 3,650 രൂപയും പാലക്കാട് ജില്ലയിൽ 23 പേർക്കും മലപ്പുറം ജില്ലയിലെ വട്ടംകുളം, വാഴയൂർ, എടക്കര എന്നീ ഗ്രാമ പഞ്ചായത്തിൽ നിന്ന് 43 പേർക്കും വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽനിന്നും ഒരാൾക്കും അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്.

(സി) തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന നടപടി തുടർന്നുവരുന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്ന് ആകെ 12117-ഉം നഗരസഭാ പ്രദേശങ്ങളിൽ നിന്ന് 11234-ഉം നായ്ക്കളെ ഇതുവരെ വന്ധ്യംകരിച്ചിട്ടുണ്ട്.

**വെണ്മണി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറെ സ്ഥിരപ്പെടുത്തൽ**

122 (3213) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ജൂലൈ മാസം 7-ാം തീയതി മുതൽ വെണ്മണി ഗ്രാമപഞ്ചായത്ത് ആഫീസിൽ താൽക്കാലിക പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി എൻ. ഭവാനിയെ, 2015 ഒക്ടോബർ 12-ാം തീയതിയിലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 6164 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ സ്ഥിരപ്പെട്ടുത്താത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം തന്നെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 17-2-2016-ൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടും നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വെണ്മണി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും ശ്രീമതി ഭവാനിയെ റഗുലറൈസ് ചെയ്ത് നിയമിക്കുന്നതിനും സ.ഉ. (പി) 501/05/ധന. തീയതി 25-11-2005 ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് ആവശ്യമായ രേഖകൾ സഹിതം പ്രൊപ്പോസൽ ഉചിത മാർഗ്ഗേന സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കൊച്ചിൻ നഗരസഭ ഭൂമി

123 (3214) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയിലെ ചുള്ളിക്കലിൽ പ്രവർത്തിക്കുന്ന കൊച്ചിൻ കോളേജിനുവേണ്ടി നഗരസഭ ഭൂമി നൽകിയിട്ടുണ്ടോ;

(ബി) ഭൂമിയുടെ സ്വഭാവവും എത്ര ഭൂമിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കോളേജ് മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് എന്നറിയാമോ; എങ്കിൽ വിശദമാക്കാമോ; നഗരസഭ പ്രതിനിധി ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമിക്ക് കോളേജ് നൽകേണ്ട വാടക/പാട്ടത്തുക ഇവ എത്രയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 15 ഏക്കർ ഭൂമി.

(സി) 1. ഡേവിഡ് റ്റി മൂക്കൻ

2. റ്റി. വിദ്യാസാഗർ

3. ജോർജ്ജ് റ്റി മൂക്കൻ

4. ഫിലിപ്പ് ഡി. കോന

5. ഉല്ലാസ് ബി ഷറഫ്

6. ധീരേഷ് ഡി. കോന

7. രാജേഷ് ബി. ആഷർ

8. പ്രസിഡന്റ് ആന്റ് വൈസ് പ്രസിഡന്റ് (ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ്)

9. മേയർ, ഡെപ്യൂട്ടി മേയർ (കൊച്ചി കോർപ്പറേഷൻ പ്രതിനിധികൾ)

(ഡി) പ്രതിവർഷം 2,000 രൂപ.

## പരിസ്ഥിതി സൗഹൃദ അന്തരീക്ഷം

124 (3215) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും അധീനതയിലുള്ള ഭൂമിയിലും ഓഫീസുകളിലും റോഡുവക്കുകളിലും മാവ്, പുളി, വേപ്പ് തുടങ്ങിയ മരങ്ങൾ വച്ച് പിടിപ്പിച്ച് സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്ന പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ നടത്തി; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത വിഷയത്തിൽ, നിലവിലുള്ള വാർഡ് അംഗങ്ങളിൽ അവബോധം വളർത്താൻ മുൻകൈ എടുക്കുമോ?

ഉത്തരം

(എ) ഹരിതകേരളം പദ്ധതിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഒട്ടുമിക്ക ഗ്രാമപഞ്ചായത്തുകളിലെയും പൊതുവിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും ഹരിതവത്ക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു.

(ബി) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പൊതുവായി ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## ചാലക്കുടി നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സ്ഥിരനിയമനം

125 (3216) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ 1995 മുതൽ ഹെൽത്ത് വിഭാഗത്തിൽ സി.എൽ.ആർ. വ്യവസ്ഥയിൽ ഡ്രൈവറായും സാനിറ്റേഷൻ തൊഴിലാളിയായും ജോലിനോക്കി വരുന്ന ശ്രീ. റ്റി. ആർ. കുമാരനെ സാനിറ്റേഷൻ വർക്കറായി സ്ഥിര നിയമനം നടത്തുന്നതിന് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്. അർഹത പരിശോധിച്ച് ചട്ടപ്രകാരമുള്ള തീരുമാനമെടുക്കുന്നതാണ്.

## തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതി നിർവ്വഹണം

126(3217)<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷാവസാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ടോ; വിശദീകരിക്കാമോ;

(ബി) തദ്ദേശഭരണ വകുപ്പിന്റെ പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിശോധിച്ചപ്പോൾ എന്തെല്ലാം ഘടകങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) അധികവിഹിതം അനുവദിക്കുന്നതിന് സർക്കാരിൽനിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകേണ്ട സമയത്ത് പ്രസ്തുത അധിക തുക അനുവദിക്കുവാൻ സാധിച്ചുവോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2016-17 സാമ്പത്തിക വർഷത്തിലെ പ്രോജക്ടുകൾക്ക് ഡി.പി.സി. അംഗീകാരം ലഭിക്കാൻ വൈകിയതും ജീവനക്കാരുടെ അഭാവവും പദ്ധതി നിർവ്വഹണത്തെ ആരംഭത്തിൽ തടസ്സപ്പെടുത്തിയിരുന്നു. നോൺ ബാങ്കിംഗ് ട്രഷറിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബില്ലുകൾ മാറുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. നോട്ട് അസാധുവാക്കൽ തീരുമാനത്തിന്റെ ഫലമായി ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പണം ക്രമാനുഗതായി ചെലവഴിക്കുന്നതിൽ തടസ്സം നേരിടുകയും ടെണ്ടർ നടപടികൾ ആരംഭിക്കാൻ വൈകുകയും ചെയ്തു. കൂടാതെ കറൻസിയുടെ ലഭ്യത കുറവുമൂലം തൊഴിൽ മേഖലയിലെ മരവിപ്പും ക്വാറി സമരങ്ങളും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത അവസ്ഥയും പദ്ധതി നിർവ്വഹണം മന്ദഗതിയിലാക്കി. കൂടാതെ ഗുണഭോക്തൃ സമിതി ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാകാൻ താമസം നേരിട്ടതും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് കുറയുന്നതിന് കാരണമായി.

(സി) 16-1-2017-ലെ GO.(Rt) No.346/2017/Fin. നമ്പർ ഉത്തരവ് പ്രകാരം അധിക വിഹിതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകേണ്ട സമയത്തുതന്നെ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഷോപ്പിംഗ് കോംപ്ലക്സുകളുടെ ലേലം**

127 (T*3218) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഏറിയതും പതിറ്റാണ്ടുകൾക്ക് മുൻപ് തീരുമാനിച്ച തുച്ഛമായ വാടകയിൽ പ്രവർത്തിക്കുന്നവയാണെന്നും ഇത് കാലോചിതമായി പരിഷ്കരിച്ച് ലേലം ചെയ്ത് നൽകാത്തതു കാരണം കോടിക്കണക്കിന് രൂപയുടെ വരുമാന നഷ്ടം തദ്ദേശ സ്ഥാപനങ്ങൾക്ക് സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബിനാമികളെയും കുത്തകകളെയും ഒഴിവാക്കി ന്യായമായ വാടക ഉറപ്പിക്കുന്നതിന് ഷോപ്പിംഗ് കോംപ്ലക്സിന്റെ അവകാശം വർഷം തോറും ലേലം ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളും കടമുറികളും വർഷംതോറും വാടക പുതുക്കി നൽകുകയോ ലേലം ചെയ്ത് നൽകുകയോ ചെയ്യുന്നുണ്ട്.

**അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ശമ്പളം**

128 (3219) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലേയും മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലേയും തൊഴിലാളികൾക്കുള്ള ശമ്പള നിരക്കുകളിലെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് നൽകിയ ശമ്പളം തിരികെ ഈടാക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണവും നടപടികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) വളരെ താഴ്ന്ന വരുമാനക്കാരായ തൊഴിലുറപ്പ് പദ്ധതിതൊഴിലാളികളുടെ ശമ്പളം തിരികെ ഈടാക്കാനുള്ള നടപടികൾ അവസാനിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ബാധകമല്ല.

**കുടുംബശ്രീ മിഷൻ**

129 (3220) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജനപ്രവർത്തനങ്ങളിലും സാമൂഹ്യ, സാമ്പത്തിക ശാക്തീകരണ മേഖലകളിലും കുടുംബശ്രീ നടത്തിയ സ്വാധീനത്തെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കുടുംബശ്രീ മിഷന്റെ പ്രവർത്തന കാലാവധി എത്ര വർഷത്തേക്കാണ് നിലവിൽ ദീർഘിപ്പിച്ചിട്ടുള്ളത്;

(സി) കുടുംബശ്രീയുടെ പ്രവർത്തന ഫലമായി എത്ര ബി.പിഎൽ. കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുവാൻ കഴിഞ്ഞു;

(ഡി) കുടുംബശ്രീ മുഖേന ആരംഭിച്ച എത്ര സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്; എത്രകോടി രൂപ കുടുംബശ്രീ മിഷൻ പ്രസ്തുത സംരംഭങ്ങൾക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും സാമൂഹ്യ സാമ്പത്തിക ശാക്തീകരണ മേഖലകളിലും കുടുംബശ്രീ നടത്തിയ സ്വാധീനത്തെ കുറിച്ച് പഠനം നടത്തുന്നതിന് ലാറിബേക്കർ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൂടാതെ ഡൽഹി യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക് ഗ്രോത്തിന്റെ മുൻ ഡയറക്ടർ ബീന അഗർവാളിന്റെ നേതൃത്വത്തിലും മറ്റൊരു പഠനം നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) 10 വർഷംകൊണ്ട് കേവല ദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പിലാക്കുമെന്നാണ് കുടുംബശ്രീ ദൗത്യപ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ കുടുംബശ്രീ മിഷന്റെ പ്രവർത്തന കാലാവധി ഇതുവരെ നിജപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുടുംബശ്രീ മിഷന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചിട്ടുമില്ല.

(സി) കുടുംബശ്രീയുടെ പ്രവർത്തന ഫലമായി എത്ര ബി.പി.എൽ. കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിക്കാൻ കഴിഞ്ഞുവെന്ന് ഇപ്പോൾ നടന്നുവരുന്ന പഠനങ്ങളുടെ റിപ്പോർട്ട് ലഭിച്ചെങ്കിൽ മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളു. നിലവിൽ കുടുംബശ്രീയുടെ ആകെ അംഗങ്ങളിൽ 22 ലക്ഷം അംഗങ്ങൾ ബി.പി.എൽ. കുടുംബങ്ങളിൽ ഉൾപ്പെട്ടവരാണ്.

(ഡി) കുടുബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ സംരംഭങ്ങളെക്കുറിച്ച് 2017 ഏപ്രിൽ -മേയ് മാസങ്ങളിലായി നടത്താനുദ്ദേശിക്കുന്ന സർവ്വേയ്ക്ക് ശേഷമേ വിജയകരമായി പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാവുകയുള്ളു. 2003 മുതൽ നാളിതുവരെ ഗ്രൂപ്പ്-വ്യക്തിഗത സംരംഭങ്ങൾക്കായി ആകെ 78,94,04,646 രൂപ സബ്സിഡി ഇനത്തിൽ കുടുംബശ്രീ മിഷൻ നൽകിയിട്ടുണ്ട്.

**കുടുംബശ്രീ കരാർ ജീവനക്കാർക്ക് നൽകുന്ന വേതനം**

130 (3221) ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ കരാർ ജീവനക്കാർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ പുതുക്കിയ വേതനം എത്രയാണ്;

(ബി) കുടുംബശ്രീയിലെ കരാർ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ തസ്തികകളിൽ കുടുംബശ്രീയിൽ കരാർ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാരുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 12-1-2017-ൽ കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം നിലവിലുള്ള ജീവനക്കാരുടെ പ്രവൃത്തിപരിചയം കണക്കിലെടുത്തുകൊണ്ട് കൺസൾട്ടന്റുമാർക്ക് 30,000, 35,000, 40,000 രൂപാ നിരക്കിലും പ്രോഗ്രാം മാനേജർമാർക്ക് 60,000 രൂപ നിരക്കിലും സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിലെ വിവിധ തസ്തികകളിലെ ജീവനക്കാർക്ക് 12,000, 15,000, 20,000, 30,000 രൂപ നിരക്കിലും വർദ്ധിപ്പിച്ച വേതനം ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ജോലി ഒഴിവുകൾ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും യോഗ്യരായവരെ എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയിലൂടെ തെരഞ്ഞെടുക്കുകയും അതനുസരിച്ച് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് മുഖാന്തരം നിയമനം നടത്തുകയും ചെയ്യുന്നു.

(സി) കുടുംബശ്രീയുടെ കീഴിൽ വരുന്ന എൻ.യു.എൽ.എം. പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ശ്രീ. അജിത് എസ്.-നെ മാനേജർ (സ്കിൽ ആന്റ് ലൈവ്‌ലിഹുഡ്) തസ്തികയിലും പാലക്കാട് ജില്ലയിൽ ശ്രീ. ശ്രീജിത്ത് പി. പി.-യെ മാനേജർ (സ്കിൽ ആന്റ് ലൈവ്‌ലിഹുഡ്) തസ്തികയിലും കുടുംബശ്രീയുടെ സംസ്ഥാന മിഷനിൽ ശ്രീമതി അജിത എസ്.-നെ മാനേജർ (എച്ച്.ആർ.& കപ്പാസിറ്റി ബിൽഡിംഗ്) തസ്തികയിലും ഡി.ഡി.യു.ജി.കെ.വൈ. പദ്ധതി പ്രകാരം സംസ്ഥാന മിഷനിൽ ശ്രീ. ബിപിൻ ജോസിനെ പ്രോഗ്രാം മാനേജർ (മൊബിലൈസേഷൻ) തസ്തികയിലും നിയമിച്ചിട്ടുണ്ട്.

**വാണിയംകുളം ചന്തയുടെ നവീകരണ പ്രോജക്ട്**

131 (3222) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വാണിയംകുളം ചന്തയിൽ കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണന സൗകര്യമൊരുക്കുവാനായി വാണിയംകുളം ഗ്രാമപഞ്ചായത്ത് 2015-16 വാർഷിക പദ്ധതി പ്രോജക്ടിലുൾപ്പെടുത്തിയ 280/15-16 ചന്ത നവീകരണ പ്രോജക്ടിന് സാങ്കേതികാനുമതിക്കായി ചീഫ് എഞ്ചിനീയർ എൽ.എസ്.ജി.ഡി.-യ്ക്ക് 16-3-2016-ന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്ത് എന്നും വ്യക്തമാക്കുമോ;

(ബി) 2015-16-ലെ പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായ ചന്ത നവീകരണത്തിന് സാങ്കേതികാനുമതി നാളിതുവരെ ലഭിക്കാത്തതുമൂലം പ്രോജക്ട് നടത്താൻ അധിക തുക വേണ്ടി വരുമെന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(സി) ഇതൊഴിവാക്കാൻ പ്രസ്തുത സാങ്കേതികാനുമതി കഴിയും വേഗം ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വാണിയംകുളം ചന്ത നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ട് സാങ്കേതികാനുമതിക്കായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല.

(ബി&സി) ബാധകമല്ല.

## കോഴിക്കോട് ജില്ലയിലെ മുനിസിപ്പാലിറ്റി ലൈബ്രറികൾ

132 (3223) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം മുൻസിപ്പാലിറ്റികളുടെ ഉടമസ്ഥതയിൽ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ലൈബ്രറികളിൽ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികകൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ ലൈബ്രറികളിൽ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരസഭയുടെ കീഴിൽ 2-ഉം വടകര നഗരസഭയുടെ കീഴിൽ 1-ഉം ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

## കൊയിലാണ്ടി ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ്

133 (3224) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിലനിൽക്കുന്ന ക്വിറ്റ് ഇന്ത്യ സമര സ്മാരകമായ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് ചരിത്ര പൈതൃക കെട്ടിടമായി പുതുക്കി പണിയുന്നതിന് ചേമഞ്ചേരി പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിന് ചേമഞ്ചേരി പഞ്ചായത്തിൽനിന്ന് സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ നടപടികൾ എന്തെല്ലാമായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ ചേമഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് 10-8-2016 തീയതിയിൽ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം കൈമാറുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ വരുന്ന കാലതാമസം കാരണം രജിസ്ട്രേഷൻ വകുപ്പിൽ ഈ വിഷയത്തിൽ നടത്തേണ്ട അനന്തരനടപടികളെ ബാധിക്കുന്നതും പുതിയ കെട്ടിടത്തിന് ഭരണാനുമതി ലഭ്യമാവേണ്ട നടപടികൾ വൈകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയം സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ മുഖേന കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ശിപാർശ ലഭിച്ചിട്ടില്ല.

(സി) ഇല്ല.

**കൊയിലാണ്ടി നഗരസഭയിലെ സമഗ്ര കുടിവെള്ള പദ്ധതി**

134 (3225) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്കായി നഗരസഭയുടെ സ്ഥലം ജലവിഭവ വകുപ്പിന് വിട്ടുനൽകുന്നതിന് സർക്കാർ തലത്തിൽ അനുമതിക്കായി കൊയിലാണ്ടി നഗരസഭ 15-12-2016 തീയതിയിലെ ടി.എ. 11285/2016 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ (നഗര കാര്യ ഡയറക്ടർ മുഖേന) സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) രണ്ട് മാസം കഴിഞ്ഞിട്ടും പ്രസ്തുത ഫയലിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തത് പ്രസ്തുത പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധിക്കുമെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തരമായി നഗരസഭയുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ തീർപ്പുണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നഗരസഭയിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്കായി നഗരസഭയുടെ സ്ഥലം ജലവിഭവ വകുപ്പിന് വിട്ടുനൽകുന്നതിനുള്ള ശിപാർശ നഗരകാര്യ ഡയറക്ടർ 8-3-2017-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

(ബി) ഇല്ല.

(സി) കൊയിലാണ്ടി നഗരസഭയുടെ അപേക്ഷ പരിശോധിച്ചുവരികയാണ്.

**കൊയിലാണ്ടി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

135 (3226) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലത്തിൽ 2011-2016 കാലയളവിൽ ഭരണാനുമതി ലഭിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടക്കുന്ന ആസ്തി വികസന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എൽ.എസ്.ജി..ഡി. കോഴിക്കോട് ഡിവിഷൻ തലത്തിൽ ഓരോ പ്രവൃത്തിയുടേയും പുരോഗതി വ്യക്തമാക്കാമോ; ഇനിയും പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ എതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൊയിലാണ്ടി മണ്ഡലത്തിൽ 2011-2016 കാലയളവിൽ ഭരണാനുമതി ലഭിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടക്കുന്ന ആസ്തി വികസന പദ്ധതികൾ സംബന്ധിച്ച വിവരവും പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരവും അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.*

**കുടുംബശ്രീ യൂണിറ്റുകൾ**

136 (3227) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര കുടുംബശ്രീ യൂണിറ്റുകൾ ഉണ്ട്; ഇതിൽ കാന്റീൻ കഫേ, ഹോട്ടൽ മുതലായ മേഖലയിൽ പ്രവൃത്തിക്കുന്ന എത്ര യൂണിറ്റുണ്ട്;

(ബി) സംസ്ഥാനത്ത് എല്ലാ ബസ്സ് സ്റ്റേഷനുകളിലും കുടുംബശ്രീ കാന്റീനുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ:

(സി) ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ച് പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലും ദീർഘദൂരം ട്രെയിനുകളിലും കുടുംബശ്രീയുടെ ഭക്ഷണം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നിലവിൽ 31,261 കുടുംബശ്രീ യൂണിറ്റുകൾ ഉണ്ട്. കാന്റീൻ-കഫേ മേഖലയിൽ 1054 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബസ് സ്റ്റേഷനുകളിൽ കുടുംബശ്രീ കഫേ കാന്റീൻ സ്ഥാപിക്കുവാനുള്ള സ്ഥലം ലഭിക്കുന്ന മുറയ്ക്ക് യൂണിറ്റ് ആരംഭിക്കുന്നതാണ്.

(സി) നിലവിൽ ഐ.ആർ.സി.റ്റി.സി.യുമായി സഹകരിച്ച് എറണാകുളം നോർത്ത്-സൗത്ത് റെയിൽവേ സ്റ്റേഷനുകളിൽ ഭക്ഷണം നൽകുന്നുണ്ട്. ഇന്ത്യൻ റെയിൽവേ ആവശ്യപ്പെടുന്ന മുറയ്ക്ക് കൂടുതൽ റെയിൽവേ സ്റ്റേഷനുകളിലേയ്ക്ക് സേവനം വിപുലീകരിക്കുന്നതാണ്.

## നഗരസഭകളിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളപരിഷ്കരണ ആനുകൂല്യം

137 (3228) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പളകമ്മീഷൻ ശിപാർശകൾ നഗരസഭകളിലെ കണ്ടിജൻറ് വിഭാഗം ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈ ഉത്തരവ് നടപ്പാക്കി എന്നറിയിക്കാമോ;

(ബി) തിരുവനന്തപുരം നഗരസഭയിൽ എത്ര പെൻഷൻകാർക്ക് പത്താം ശമ്പളകമ്മീഷൻ ശിപാർശപ്രകാരം പെൻഷൻ പരിഷ്കരിച്ചു നൽകി; ഇനി എത്രപേർക്ക് പെൻഷൻ പരിഷ്കരിച്ച് നൽകാനുണ്ട്; ഇത് എന്നത്തേക്ക് പൂർത്തിയാക്കും എന്നറിയിക്കാമോ; പെൻഷൻ പരിഷ്കരിച്ച് നൽകുന്നതിനുള്ള പ്രധാന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ കോർപ്പറേഷനുകളിലെയും നഗരസഭകളിലെയും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് സർക്കാരിന്റെ 17-8-2016-ലെ സ.ഉ. (എം.എസ്.) 118/16/തസ്വഭവ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6 കോർപ്പറേഷനുകളിലും 52 നഗരസഭകളിലും ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥനത്തിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഈ വിഭാഗക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പെൻഷൻ പരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം

138 (3229) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത ഡിജിറ്റൽ പ്ലാറ്റ് ഫോം രൂപീകരിക്കുന്നത്;

(സി) കുടുംബശ്രീ, നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച, എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വിലയിരുത്തൽ സമിതിയിൽ ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സോഫ്റ്റ് വെയർ പരിചയപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി എത്ര രൂപ കുടുംബശ്രീ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ ബോർഡിന്റെ സഹായത്തോടെ ഇ-ശക്തി എന്ന പ്രോജക്ട് പൈലറ്റ് അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ചെയ്തുവരുന്നുണ്ട്. പദ്ധതിയുടെ ഗുണഫലം പരിശോധിച്ചശേഷം, ഇത് അയൽക്കൂട്ടങ്ങൾക്ക് പ്രയോജന പ്രദമാണെന്ന് ബോധ്യപ്പെട്ടാൽ മറ്റ് ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഇല്ല.

(ഡി) പൂർണ്ണമായും നബാർഡിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ആയതിനാൽ കുടുംബശ്രീ ഈ പദ്ധതിക്കായി തുകയൊന്നും ചെലവാക്കിയിട്ടില്ല.

**ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം**

139 (3230) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വള്ളിക്കുന്നം കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ചത് തദ്ദേശഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്തിയതനുസരിച്ച് ആയതിനുള്ള മൊബിലൈസേഷൻ തുകയ്ക്കായി 24-9-2016-ൽ റിക്വസിഷൻ ലഭിച്ചെങ്കിലും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക അനുവദിച്ചത് 1-3-2017-ലാണ് മൊബിലൈസേഷൻ അഡ്വാൻസ് തുക ലഭ്യമാക്കിയാൽ മാത്രമേ സോയിൽ ടെസ്റ്റ് റിപ്പോർട്ടും സ്ട്രക്ച്ചറൽ ഡിസൈനും നൽകുകയുള്ളു. ആയത് ലഭിച്ചാലുടൻ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

## സമ്പൂർണ്ണ പാർപ്പിട സുരക്ഷാ മിഷൻ-ലൈഫ്

140 (3231) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പാർപ്പിട സുരക്ഷാ മിഷൻ-ലൈഫിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പേർക്ക് പാർപ്പിടം നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനതല മിഷൻ രൂപീകരിച്ച് C.E.O.-യെ നിയമിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധന കുടുംബശ്രീ മുഖേന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 4 ഉദ്യോഗസ്ഥരെ മിഷൻ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുകയും ചെയ്തു.

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയിട്ടില്ല. സർവ്വേ നടപടി പൂർത്തിയാക്കി പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരുടെ മേൽപരിശോധന നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ എത്ര ഗുണഭോക്താക്കൾക്ക് പാർപ്പിടം നൽകാൻ കഴിയുമെന്ന് കണക്കാക്കുവാൻ കഴിയുകയുള്ളു.

## പദ്ധതികളുടെ നിർവ്വഹണം

141 (3232) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വാർഷിക പദ്ധതിയുടെ അവസാനവും, പതിമൂന്നാം പഞ്ചവൽസര പദ്ധതികളുടെ ആരംഭവും ഒരുമിച്ച് വരുന്ന ഈ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായങ്ങളോ, പരിശീലനങ്ങളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ത്രിതല പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ആസൂത്രണ സമിതികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതികളുടെ ഘടന, പ്രവർത്തന മേഖല, കാലാവധി തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ട്രാൻസ്ഫർ/പ്രൊമോഷൻ എന്നിവയ്ക്ക് നിയന്ത്രണങ്ങളുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണം സംബന്ധിച്ച് ജില്ലാതല ഉദ്യോഗസ്ഥർ, പെർഫോമൻസ് ഓഡിറ്റ് വിഭാഗം എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിലുള്ളവർക്കായി 16-1-2017 മുതൽ 20-1-2017 വരെ തൃശ്ശൂർ കിലയിൽ വച്ചാണ് ട്രെയിനിംഗ് നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് 9-1-2017-ൽ ജി.ഒ. (എം.എസ്.) 10/2017 തസ്വഭവ. നമ്പരായി ഉത്തരവ് നൽകിയിട്ടുണ്ട്. ആസൂത്രണ സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമാണ് :

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് |
| ഉപാദ്ധ്യക്ഷൻ | - | ആസൂത്രണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ധൻ |
| അംഗങ്ങൾ | - | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, സന്നദ്ധ സേവകരായ വിദഗ്ധർ |
| കൺവീനർ | - | സെക്രട്ടറി |

ഭരണ സമിതിയുടെ കാലാവധി വരെ മാത്രമാണ് ആസൂത്രണ സമിതിയുടെ കാലാവധി. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുവാൻ 9-1-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 11/2017/തസ്വഭവ. പ്രകാരം നിർദ്ദേശിച്ചിരുന്നു. ആസൂത്രണ സമിതികളുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ |
| ഉപാദ്ധ്യക്ഷൻ | - | ആസൂത്രണ പ്രക്രിയയിൽ നഗരസഭയെ സഹായിക്കാൻ കഴിയുന്ന വിദഗ്ധൻ |
| അംഗങ്ങൾ | - | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, സന്നദ്ധ സേവകരായ വിദഗ്ധർ |
| കൺവീനർ | - | സെക്രട്ടറി |

ആസൂത്രണ സമിതിക്ക് പ്രധാനമായും 15 ചുമതലകൾ നൽകിയിട്ടുണ്ട്. ആസൂത്രണ സമിതിയുടെ കാലാവധി, കൗൺസിലിന്റെ കാലാവധി ആയിരിക്കുന്നതാണ്.

(സി) പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ ഉണ്ടാകാതിരിക്കാൻ സാമ്പത്തിക വർഷം അവസാനിക്കുന്നതുവരെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊമോഷനുകളെ ഇത് ബാധിക്കുന്നില്ല.

**സംസ്ഥാനത്തെ അറവുശാലകൾ**

142 (3233) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറവുശാലകൾക്ക് ലൈസൻസ് നൽകേണ്ടത് ആരാണെന്ന് വിശദമാക്കാമോ;

(ബി) എന്നാൽ ഇത്തരത്തിൽ ലൈസൻസ് എടുക്കാതെ വ്യാപകമായ രീതിയിൽ അറവുശാലകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അറവുശാലകൾക്ക് ഡി ആന്റ് ഒ ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

(ബി) മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ഇത്തരം ഒരു അറവുശാല പ്രവർത്തിക്കുന്നതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത അറവുശാലയ്ക്ക് ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 453, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 230 എന്നിവ പ്രകാരം അറവുശാലകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നിർബന്ധമാണ്. സംസ്ഥാനത്ത് സർക്കാർ തലത്തിൽ രൂപീകരിച്ച സ്റ്റേറ്റ് കമ്മിറ്റി ഫോർ സ്ലോട്ടർ ഹൗസിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അറവുകേന്ദ്രങ്ങളെ കണ്ടെത്തി ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി കേസ് രജിസ്റ്റർ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

143 (3234) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേയുടെ ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് മൂന്ന് ഘടകങ്ങളാണ് പരിഗണിക്കുന്നത്.

1. നിലവിൽ ലഭ്യമായ വിവിധ പട്ടികകളിൽ (SECC ഡാറ്റ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവനരഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കളുടെ പരിശോധന.

2. മേൽപ്പറഞ്ഞ പട്ടികയിൽ ഇടം പിടിക്കാത്ത ഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള പരിശോധന.

3. സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്താനുള്ള പരിശോധന.

ലൈഫ് പദ്ധതിയിൽ താഴെപ്പറയും പ്രകാരമാണ് മുൻഗണന നൽകിയിട്ടുള്ളത്.

I <u>ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാ ക്രമം:</u>

1. മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ ശാരീരിക തളർച്ച സംഭവിച്ചവർ.
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ (40%-ന് മുകളിൽ)
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8. വിധവകൾ

II. <u>പദ്ധതിയുടെ ഗുണഭോക്താക്കൾ:</u>

1. ഭൂമിയുള്ള ഭവനരഹിതർ
2. ഭൂരഹിത-ഭവനരഹിതർ
3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താത്ക്കാലിക ഭവനമുള്ളവർ
4. ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ SECC സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും അടിസ്ഥാനമാക്കുന്നതാണ്. ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ കണ്ടെത്തുന്നതിന് കുടുംബശ്രീ സർവ്വേ നടത്തുന്നതാണ്.

III. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവർക്കും വിധവകൾക്കും അഗതികൾ ഉൾപ്പെടെയുള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു.

ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം, കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും, ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. തുടർന്ന് ഭവനരഹിതരായവരിൽ സ്ഥലമുള്ള വർക്ക്, സാമ്പത്തിക സഹായം നൽകി സ്വന്തം സ്ഥലത്ത് ഭവനം നിർമ്മിക്കുന്നതിനും സ്ഥലമില്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അവിടെ ഭവനങ്ങൾ ഒരുക്കി നൽകാനുമാണ് മിഷൻ ശ്രമിക്കുന്നത്.

**സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങൾ**

144 (3235) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്, ഇലക്ട്രോണിക്, പേപ്പർ, ഗ്ലാസ്സ്, മെറ്റൽ തുടങ്ങിയ അജൈവ മാലിന്യങ്ങൾ കത്തിക്കുകയും വലിച്ചെറിയുകയും ചെയ്യുന്നത് മൂലമുള്ള മാലിന്യപ്രശ്നങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മാലിന്യങ്ങൾ പുനഃചംക്രമണം ചെയ്ത് ഉപയോഗിക്കാൻ തരത്തിൽ ശേഖരിക്കുന്നതിന് ഈ സർക്കാർ ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നിക്ഷേപ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; ഇത് വഴി നിക്ഷേപമായി എന്ത് തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചവരുന്നു.

(സി) ഉണ്ട്.

(ഡി) നിക്ഷേപമായി തുകയൊന്നും സമാഹരിച്ചിട്ടില്ല. എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിക്ക് അധിഷ്ഠിതമായി സ്വന്തം നിലയിൽ പുനഃചംക്രമണ വ്യവസായം ആരംഭിക്കുവാൻ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുകയെന്നതായിരുന്നു നിക്ഷേപക സംഗമത്തിന്റെ ലക്ഷ്യം.

**മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പ്രൊമോഷൻ**

145 (3236) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 നവംബർ 30-ന് മുൻപ് എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജീവനക്കാരുടെ ട്രാൻസ്ഫർ, പ്രൊമോഷൻ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ നഗരസഭകളിൽ എത്ര റവന്യൂ ഇൻസ്പെർമാരുടെ ഒഴിവുകൾ നികത്താതെ കിടക്കുന്നു എന്നറിയിക്കാമോ; അവ ഏതെല്ലാം നഗരസഭകളിലാണ്; പുതുതായി രൂപീകരിച്ച നഗരസഭകളിൽ ഈ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടോ; ഈ പോസ്റ്റുകളിൽ ആളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) നഗരസഭകളിൽ എത്ര യു.ഡി. ക്ലാർക്കുമാരുടെ പോസ്റ്റുകൾ നിലവിലുണ്ട്; ഇവയിൽ പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ജീവനക്കാർക്ക് സമയത്തിന് പ്രൊമോഷൻ ലഭിക്കാത്തതുമൂലമുള്ള വരുമാന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) നഗരസഭകളിൽ എത്ര സൂപ്രണ്ടുമാരുടെ ഒഴിവുകൾ നിലവിലുണ്ട്; നഗരസഭാ അടിസ്ഥാനത്തിൽ വിവരം നൽകാമോ; ഈ ഒഴിവുകളിലേക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യകത്മാക്കാമോ?

ഉത്തരം

(എ) 2016 നവംബർ 30-നുമുമ്പ് എല്ലാ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ട്രാൻസ്ഫറും പ്രൊമോഷനും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകളിൽ 8 റവന്യൂ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തിയിട്ടില്ല. ഒഴിവുകൾ നിലവിലുള്ള നഗരസഭകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 |
| അങ്കമാലി | - | 1 |

| | | |
|---|---|---|
| കൊച്ചി | - | 1 |
| പയ്യോളി | - | 1 |
| ഇരിട്ടി | - | 1 |
| കൽപ്പറ്റ | - | 2 |

പുതുതായി രൂപീകരിച്ച നഗരസഭകളിൽ ഈ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. പുതുതായി രൂപീകരിച്ച പയ്യോളി, ഇരിട്ടി നഗരസഭകൾ ഒഴികെയുള്ള നഗരസഭകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ട യു.ഡി. ക്ലാർക്ക് തസ്തികകളുടെ എണ്ണം 1286 ആണ്. 07/2016-നുശേഷം 70 പേർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. പ്രൊമോഷൻ ലഭിക്കാത്തതുമൂലമുള്ള വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ആകെയുള്ള 270 തസ്തികകളിൽ 55 സൂപ്രണ്ട് തസ്തികകൾ ഒഴിവുണ്ട്. വിവരം രേഖപ്പെടുത്തിയ പട്ടിക അനുബന്ധമായി* ചേർക്കുന്നു. ഈ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വകുപ്പുകളുടെ സംയോജനം**

146 (3237) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ വകുപ്പുകൾ സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

ശ്രീ. എസ്.ബി. സെൻ ചെയർമാനായ അധികാരവികേന്ദ്രീകരണ കമ്മിറ്റിയും ഡോ. എം. എ. ഉമ്മൻ ചെയർമാനായ പ്രാദേശിക ആസൂത്രണവും വികസനവും സംബന്ധിച്ച അവലോകന കമ്മിറ്റിയും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്ഥായിയാക്കുന്നതിനുള്ള കമ്മിറ്റിയും ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. മണി ശങ്കർ അയ്യർ ചെയർമാനായ സമഗ്ര പഞ്ചായത്ത് രാജ് വ്യവസ്ഥയിലേക്കുള്ള റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ കേന്ദ്രത്തിലും സംസ്ഥാനത്തിലും പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ഒരു മന്ത്രിയും ഭരണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംവിധാനവും ശിപാർശ ചെയ്തിട്ടുണ്ട്. ഒരു ലോക്കൽ ഗവൺമെന്റ് സർവ്വീസ് കമ്മീഷനും പ്രസ്തുത റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ഏകോപിതമായ ഒരു ജില്ലാ സംവിധാനം വേണമെന്ന് രണ്ടാം ഭരണ പരിഷ്കാര കമ്മിറ്റി റിപ്പോർട്ടിൽ ശ്രീ. വീരപ്പ മൊയ്‌ലി അദ്ധ്യക്ഷനായ സമിതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകളെല്ലാം കണക്കിലെടുത്താണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. തദ്ദേശ ഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, ടൗൺ & കൺട്രി പ്ലാനിംഗ് എന്നീ വകുപ്പുകളുടെ സംയോജനവുമായി ബന്ധപ്പെട്ട് വിശദമായ വിവര ശേഖരണവും അവലോകനവും കൂടിയാലോചനാ യോഗങ്ങളും ഫീൽഡ് പഠനങ്ങളും ലോക്കൽ ഗവൺമെന്റ് കമ്മീഷൻ നടത്തിവരുന്നുണ്ട്. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നത്.

**സാമൂഹ്യക്ഷേമ പെൻഷൻ**

147 (3238) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷന് അർഹതയുണ്ടാവണമെങ്കിൽ ആധാർ നിർബ്ബന്ധമാക്കിയിട്ടുണ്ടോ;

(ബി) ആധാർ കാർഡ് ഇല്ലാത്തവർക്ക് നിലവിൽ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിച്ചുകൊണ്ടിരുന്നത് തുടർന്നും കിട്ടുമോ ;

(സി) കയർ തൊഴിലാളി പെൻഷൻ പോലെയുള്ള തൊഴിൽ സംബന്ധമായ പെൻഷൻ ലഭിക്കുന്നവർക്ക് മറ്റ് സാമൂഹ്യ ക്ഷേമ പെൻഷന് അർഹതയുണ്ടോ;

(ഡി) പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന കുറെ പേർക്ക് പെൻഷൻ നിഷേധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ പെൻഷന്റെ അർഹതയ്ക്കായി ആധാർ നിർബന്ധമാക്കിയിട്ടില്ല.

(ബി) ആധാറിന് പകരമായി റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നും പ്രത്യേക സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കുന്നപക്ഷം തുടർന്നും പെൻഷൻ ലഭിക്കുന്നതാണ്.

(സി) കയർ തൊഴിലാളി പെൻഷൻ പോലെയുള്ള തൊഴിൽ സംബന്ധമായ (ക്ഷേമനിധി ബോർഡ് പെൻഷൻ) ലഭിക്കുന്നവർക്ക് 600 രൂപ നിരക്കിൽ മറ്റൊരു സാമൂഹ്യക്ഷേമ പെൻഷൻകൂടി അർഹതയുള്ളതാണ്.

(ഡി) ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിന്റെയും ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണ രീതി തെരഞ്ഞെടുക്കുന്നതിനും മറ്റുമായി എല്ലാ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യവാങ്മൂലം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിക്കാത്തതും സത്യവാങ്മൂലം രേഖപ്പെടുത്തിയതിലെ തെറ്റുകൾ മൂലവും ചില ഗുണഭോക്താക്കൾക്ക് പെൻഷൻ താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. മേൽപ്പറഞ്ഞവ കൃത്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്.

**ശുചിത്വ മിഷൻ**

148 (3239) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് ഏതെങ്കിലും ഏജൻസികൾ നടത്തുന്നുണ്ടോ;

(ബി) ശുചിത്വ മിഷൻ ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ശുചിത്വ മിഷൻ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാം; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മാലിന്യ സംസ്കരണ ഗാർഹിക/സ്ഥാപന/കമ്മ്യൂണിറ്റി/പൊതു പ്രോജക്ടുകൾ പരിശോധിച്ച് അവ നടപ്പിലാക്കുന്നതിനായി ശുചിത്വ മിഷൻ വഴി സാങ്കേതിക അനുമതിയും അനുവദനീയമായ സാമ്പത്തിക സഹായവും നൽകിവരുന്നു. ചുവടെ പറയുന്ന പ്രവർത്തനങ്ങളും ശുചിത്വ മിഷൻ വഴി നടത്തിവരുന്നു:

1. വിവിധ തലങ്ങളിലെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് വേണ്ട സാങ്കേതികവിദ്യ, സാങ്കേതിക സംവിധാനങ്ങൾ കണ്ടെത്തലും അവയ്ക്ക് അനുമതി നൽകലും.

2. തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ ഓരോ സാങ്കേതിക വിദ്യ/സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി പ്രോജക്ട് ഡി.പി.ആർ. തയ്യാറാക്കൽ, പ്രോജക്ട് നിർവ്വഹണം എന്നിവ നടപ്പിലാക്കുന്നതിന് ശേഷിയുള്ള സർവ്വീസ് പ്രൊവൈഡർമാരെ കണ്ടെത്തി എംപാനൽ ചെയ്യുക.

3. മാലിന്യസംസ്കരണ രംഗത്തെ ഓരോ മേഖലയിലേക്കും അനുയോജ്യമായ സമീപനവും നയവും മാർഗ്ഗരേഖകളും മറ്റ് പ്രാമാണികമായ നിർവ്വഹണ രീതികളും പുറപ്പെടുവിക്കുക.

4. മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പങ്കാളികൾക്കുംവേണ്ട ശേഷി വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുക.

5. സുരക്ഷിത മാലിന്യ സംസ്കരണ സംസ്കാരം പൊതു സമൂഹത്തിൽ സൃഷ്ടിക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് അനുരോധമായ മനോഭാവം രൂപീകരിക്കുന്നതിനുമുള്ള വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

6. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാക്കാൻ കഴിയുന്ന തരത്തിലുള്ള പ്രത്യേക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക (ഗ്രീൻ പ്രോട്ടോകോൾ, സ്വാപ്പ് ഷോപ്പ്).

7. മഴക്കാലപൂർവ്വ ശുചീകരണ പരിപാടികൾക്ക് വേണ്ടുന്ന സാങ്കേതിക പിന്തുണയും സാമ്പത്തിക സഹായവും അനുവദിക്കുക.

8. പുനഃചംക്രമണം, മറ്റ് പ്രകൃതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾ മുതലായവയ്ക്കുള്ള പ്രോത്സാഹനം

9. ഉല്പാദകന്റെ അധിക ഉത്തരവാദിത്തം (Extended produce Responsibility) പ്രോത്സാഹിപ്പിക്കുന്നതിനും, അനുബന്ധ പരിപാടികൾക്കും ഇൻസെന്റീവ്.

10. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സഹകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ/ ചെറുകിട സംരംഭകർ എന്നിവർക്ക് നൽകുന്ന ധനസഹായം. ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് ഏജൻസികൾ നടത്തുന്നില്ല.

(ബി) ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണം, ഉറവിട മാലിന്യ സംസ്കരണം, ദ്രവമാലിന്യ പരിപാലനം (സെപ്റ്റേജ് അടക്കം), മഴക്കാലപൂർവ്വ ശുചീകരണം, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, വർക്ക്ഷോപ്പുകളും ശേഷി വികസന പ്രവർത്തനങ്ങളും, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള യന്ത്രസാമഗ്രികൾ, പുനഃചംക്രമണം, ബദൽ പ്രകൃതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾക്ക് പ്രോത്സാഹനം, ഉല്പാദകന്റെ അധിക ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിനും അനുബന്ധ പരിപാടികൾക്കും ഇൻസെന്റീവ്, മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സഹകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ/ ചെറുകിട സംരംഭകർ എന്നിവർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ, ഖരമാലിന്യ സംസ്കരണത്തിന് നൂതന പദ്ധതികൾ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ ഉല്പന്നങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പോളിസി ഗൈഡ്ലൈൻ തയ്യാറാക്കൽ തുടങ്ങിയവ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഈ വർഷം നടത്തുന്നതാണ്.

(സി) ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ 14 ജില്ലാ ഓഫീസുകൾ വഴി വിലയിരുത്തുന്നുണ്ട്. ജില്ലാതല ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ ജില്ലാ ശുചിത്വ സമിതിയും, സംസ്ഥാനതല പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി, സർക്കാർ എന്നീതലങ്ങളിലും വിലയിരുത്തി വരുന്നു.

(ഡി) മലപ്പുറം ജില്ലാ ശുചിത്വ മിഷൻ ഏറ്റെടുത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ഗ്രീൻപ്രോട്ടോകോൾ, കീ റിസോഴ്സ് പേഴ്സൺമാർ മുഖേന സേവനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ശുചിത്വ മിഷൻ സബ്സിഡിയോടു കൂടി സാങ്കേതികാനുമതി നൽകുക, എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വെളിയിട വിസർജ്ജന വിമുക്തമാക്കുന്ന പ്രവർത്തനം, വിവിധ മാലിന്യ സംസ്കരണ മോഡലുകൾ ഡെമോ ഡിസ്പ്ലേ, എക്സിബിഷൻ, സ്വാപ്പ് ഷോപ്പുകൾ, സ്റ്റേക്ഹോൾഡർ പരിശീലനം, തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ലഭ്യമാക്കുവാൻ സർവ്വീസ് പ്രൊവൈഡർമാരുടെ സേവനം ഉറപ്പാക്കൽ, ജില്ലാ പഞ്ചായത്തുമായി ചേർന്ന് ക്ലീൻ ആന്റ് ഗ്രീൻ സിവിൽ സ്റ്റേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് ശുചിത്വ സന്ദേശം എത്തിക്കാനും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനുവേണ്ടി എ.ഇ.ഒ. തലത്തിൽ ശുചിത്വ ക്ലാസ്സുകൾ, എം.പി.കെ.ബി.വൈ. ഏജന്റുമാർ മുഖേനയുള്ള ഗാർഹികതല മാലിന്യ സംസ്കരണ സന്ദേശവും പിന്തുണയും, ഹരിതകേരളം പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങൾ, എസ്.സി. കോളനികളിലെ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ട് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ

ഇംപ്ലിമെന്റേഷൻ ഏജൻസിയാണ് ശുചിത്വ മിഷൻ, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന സന്ദേശത്തെ അടിസ്ഥാനപ്പെടുത്തി സമൂഹത്തിൽ പ്രശസ്തരായ വ്യക്തികൾ മാതൃകാപരമായി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ച ഉറവിടമാലിന്യ സംസ്കരണം പരിപാടിയുടെ ഡോക്യുമെന്റ് ചെയ്യുക, സ്വച്ഛ് ഭരത് മിഷൻ (ഗ്രാമീൺ & അർബൺ) പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭകൾ വഴിയുള്ള ഏകോപനം, ശുചിത്വ കേരളം പ്രവർത്തനങ്ങളുടെ ഏകോപനം

**കുടുംബശ്രീയിൽ ക്രമക്കേട് നടന്നുവെന്ന റിപ്പോർട്ട്**

149 (3240) <u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>പ്രൊഫ. കെ.യു. അരുണൻ</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കുടുംബശ്രീയിൽ കോടികളുടെ ക്രമക്കേട് നടന്നുവെന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് അഴിമതിയും ക്രമക്കേടും ചട്ടലംഘനവും നടന്നതായി കണ്ടെത്തിയിട്ടുള്ളത്;

(സി) 2015 ആഗസ്റ്റിൽ കോവളത്ത് 82.78 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയ അന്താരാഷ്ട്ര സമ്മേളനം, കുടുംബശ്രീയുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിരുന്നതല്ല എന്നും ഇത് സംഘടിപ്പിക്കുന്നതിനായി ഇവന്റ് മാനേജ്മെന്റ് ടീമിന് കൂടുതൽ പണം അനുവദിച്ചതായും കണ്ടെത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിനും അഴിമതിക്കും ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുടുംബശ്രീയിൽ 2015-16 കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ ചില പ്രോജക്ടുകൾ നടപ്പാക്കിയതിൽ ന്യൂനതകളും ക്രമക്കേടുകളും തെറ്റുകളും സംഭവിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ സൂചിപ്പിച്ചിട്ടുള്ള തെറ്റുകൾ തിരുത്താൻ/ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. മീഡിയാശ്രീ, ഐ.എച്ച്.എസ്.ഡി.പി., പുനർജനി, ആജീവികാ സ്കിൽസ്, ഇന്റർനാഷണൽ കോൺഫറൻസ്, ബ്രാൻഡിംഗ് ഓഫ് കുടുംബശ്രീ പ്രൊഡക്ട്സ്, എസ്.ജെ.എസ്. ആർ.വൈ./എൻ.യു.എൽ.എം. സ്കീം കമ്മ്യൂണിറ്റി കോളേജ് എന്നിവയാണ് എ.ജി. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്.

(സി&ഡി) ഇന്റർനാഷണൽ കോൺഫറൻസിനായി പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിച്ചതും കോൺഫറൻസിനോടനുബന്ധിച്ച് bus branding ഇനത്തിൽ M/s Gradiasco-യ്ക്ക് 9.42 ലക്ഷം രൂപ അനുവദിച്ചതും ക്രമവിരുദ്ധമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ വിഷയം വിശദമായി പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

**പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതി**

150 (3241) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 കാലയളവുകളിൽ ഇന്ദിരാ ആവാസ് യോജനയിൽ എത്ര വീടുകൾ അനുവദിച്ചുവെന്നും എത്ര വീടുകൾ പൂർത്തിയായെന്നും വ്യക്തമാക്കുമോ;

(ബി) ഇന്ദിരാ ആവാസ് യോജനയ്ക്ക് പകരം പ്രഖ്യാപിച്ച പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതിയിൽ ആളൊന്നിന് എത്ര വീടുകൾ അനുവദിച്ചു; ഓരോ വീടിനും എത്ര രൂപ വീതം നൽകുമെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപ വീതമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2015-16 വർഷം ഐ.എ.വൈ. ഭവന പദ്ധതിയിൽ 56203 വീടുകൾ അനുവദിച്ചിട്ടുണ്ട്. ടി വർഷം അനുവദിച്ചതിൽ 25497 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. (7-3-2017-ലെ MIS റിപ്പോർട്ട് പ്രകാരം) 2016-17 വർഷം PMAY(G) ഭവന പദ്ധതിയിൽ 32559 വീടുകൾ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി വർഷത്തെ വീടുകളിൽ 4 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 7864 പേർക്ക് വീടനുവദിച്ചിട്ടുണ്ട്. ഓരോ വീടിനും നൽകുന്ന തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു:

| | | | |
|---|---|---|---|
| 1. | പൊതു വിഭാഗം/ന്യൂനപക്ഷ വിഭാഗം | - | 2,00,000 |
| 2. | പട്ടികജാതി വിഭാഗം | - | 3,00,000 |
| 3. | പട്ടികവർഗ്ഗ വിഭാഗം | - | 3,50,000 |

മേൽ തുകകളിൽ 1,20,000 രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ അനുവദിക്കുന്നു (കേന്ദ്രം - 72,000, സംസ്ഥാനം - 48,000).

## പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

151 (3242) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2016 -17 വർഷം എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ ആണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) റോഡുകൾ പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ-സി) വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## ഡിസ്പോസിബിൾ ഗ്ലാസ്, പ്ലേറ്റ് തുടങ്ങിയവയുടെ നിരോധനം

152 (T* 3243) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിസ്പോസിബിൾ ഗ്ലാസ്, പ്ലേറ്റ് തുടങ്ങിയവ നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ളതാണ് നിരോധിച്ചിട്ടുള്ളത്;

(ബി) എത്ര മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ഗ്ലാസ്, കവർ തുടങ്ങിയവയാണ് നിരോധിച്ചിട്ടുള്ളത്;

(സി) ഇത്തരം പേപ്പർ കപ്പ് ഉല്പന്നങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് അനുവദിക്കുന്നുണ്ടോ;

(ഡി) ഇത്തരം നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് വ്യവസ്ഥ ചെയ്യുന്നത്;

(ഇ) നിലവിൽ ഇത്തരം എത്ര കേസ്സുകളാണ് സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇത്തരം കേസ്സുകളിൽ പിഴ ചുമത്തുകയോ മറ്റ് ശിക്ഷാനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകളും ക്യാരിബാഗുകളുമാണ് നിരോധിച്ചിട്ടുള്ളത്.

(സി) പേപ്പർ കപ്പ് ഉല്പന്നങ്ങൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിൽ പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റ് നടത്തുന്നതിനും മെഷിനറി സംബന്ധിച്ച് പ്രവർത്തിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽനിന്നും നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ഡി & ഒ ലൈസൻസ് അനുവദിക്കുന്നുണ്ട്.

(ഡി) കേന്ദ്ര പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016-നെ അടിസ്ഥാനപ്പെടുത്തി ബൈലാകൾ രൂപീകരിച്ച് അതാത് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ നടപടി സ്വീകരിക്കണം. നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു.

(ഇ) സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ഇത്തരത്തിൽ 36 കേസുകളിൽ പിഴ ചുമത്തി തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിലെ പന്നി ഫാമുകൾ**

153 (3244) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര പന്നി ഫാമുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി അംഗീകാരം ലഭിക്കുന്നതിനായി നൽകിയ എത്ര പന്നി ഫാമുകളുടെ അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്; ഇവയിൽ എന്നത്തേയ്ക്ക് അന്തിമ തീർപ്പുണ്ടാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) നിയമാനുസൃതമായി പ്രവർത്തിക്കുന്ന പന്നി ഫാമുകൾക്ക് പഞ്ചായത്ത് അനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്ത് അനുമതി ലഭിക്കാതെ എത്ര പന്നി ഫാമുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ടെണ്ണം പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒരു അപേക്ഷ തീർപ്പാക്കാനുണ്ട്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ അനുമതിയില്ലാതെ പന്നി ഫാം പ്രവർത്തിക്കുന്നതായും ടി ഫാമിനെതിരെ നിയമാനുസൃത നടപടി പുരോഗമിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പാവങ്ങൾക്ക് സ്വന്തമായി വീട്**

154 (3245) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമോ, വീടോ, തലചായ്ക്കാൻ ഒരു കൂരയോ പോലുമില്ലാത്ത പാവങ്ങൾക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസി മുഖേനയാണ്; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട മാനദണ്ഡം എന്തൊക്കെയാണ്;

(സി) വസ്തു ഇല്ലാത്ത ഓരോ കുടുംബത്തിനും എത്ര സ്ഥലം വീതമാണ് നൽകുക; വീട് നിർമ്മിക്കുന്നതിന് എത്ര രൂപയാണ് നൽകുക;

(ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ അഴിമതി ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഇ) ഈ പദ്ധതിക്കുള്ള വിഭവ സമാഹരണം എങ്ങനെ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത/ഭവന രഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസ യോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേക്കുള്ള ചുമതല കുടുംബശ്രീ മിഷനാണ്. സർവ്വേ നടപടികൾ നടന്നുവരുന്നു.

(ബി) പദ്ധതിയുടെ മേൽനോട്ട ചുമതല ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ലൈഫ് മിഷനാണ്. പദ്ധതി നിർവ്വഹണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഭവനരഹിതരമായ എല്ലാവരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം താഴെ പറയുന്നവയാണ്:

1. ഭൂമിയുള്ള ഭവനരഹിതർ

2. ഭൂരഹിത-ഭവനരഹിതർ

3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ.

4. ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസ യോഗ്യമല്ലാത്ത ഭവനമുള്ളവർ.

(സി) വസ്തു ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായമോ വസ്തുവോ നൽകുവാൻ ഉദ്ദേശിക്കുന്നില്ല. പകരം ഭവന സമുച്ചയത്തിൽ ഭവനം നിർമ്മിച്ചു നൽകാനാണ് ഉദ്ദേശിക്കുന്നത്. വസ്തുവുള്ള ജനറൽ വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താവിന് ഒരു ഭവനത്തിന് 3 ലക്ഷവും മറ്റ് വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതാണ്. എന്നാൽ എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ജില്ലാമിഷൻ നിശ്ചയിക്കുന്ന യഥാർത്ഥ തുക അനുവദിക്കുന്നതാണ്.

(ഡി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എസ്.ഇ.സി.സി. ഡാറ്റാ, പഞ്ചായത്ത് തയ്യാറാക്കിയ ഭവനരഹിതരുടെ പട്ടിക എന്നിവ പരിശോധനയ്ക്കായി കുടുംബശ്രീക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽപ്പട്ടികയിൽ ഉൾപ്പെടാത്ത ഭവനരഹിതരായ ഗുണഭോക്താക്കളെ കുടുംബശ്രീ അയൽക്കൂട്ടം, കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തിയവരെ പരിശീലനം ലഭിച്ച കുടുംബശ്രീ ടീം സർവ്വേ നടത്തി വിവരങ്ങൾ ശേഖരിക്കുന്നതാണ്. സർവ്വേ ചെയ്ത് ഫാറങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടത്തിലൂടെ കണ്ടെത്തിയവരുടെ ഫാറങ്ങൾ 100%-വും മറ്റു ഫാറങ്ങൾ 10%-വും പഞ്ചായത്തുതല ഉദ്യോഗസ്ഥർ മേൽപരിശോധന നടത്തുന്നതാണ്. തുടർന്ന് ഇത്തരത്തിൽ ലഭ്യമാക്കുന്ന പട്ടിക പഞ്ചായത്ത് തലത്തിൽ/ജില്ലാ തലത്തിലും പ്രസിദ്ധീകരിക്കുന്നതും ബന്ധപ്പെട്ടവർക്ക് അപ്പീൽ നൽകാവുന്നതുമാണ്. സർവ്വേയിലൂടെ ലഭ്യമായ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള ഡാറ്റാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലൂടെ പ്രസ്തുത സർവ്വേ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്നതും അതുവഴി വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നു.

(ഇ) വിവിധ വകുപ്പുകളുടെ സ്കീമുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ സംയോജിപ്പിക്കും. കേന്ദ്രാവിഷ്കൃത/സ്കീമുകളുടെ ധനസഹായം, ഭവനനിർമ്മാണത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന കുറഞ്ഞ പലിശയ്ക്കുള്ള വായ്പ സംഭാവന, സി.എസ്.ആർ. ഫണ്ട്, വാണിജ്യ വായ്പ തുടങ്ങിയവയെല്ലാം സംയോജിപ്പിച്ചുകൊണ്ടായിരിക്കും പദ്ധതിക്കുള്ള വിഭവ സമാഹരണം കണ്ടെത്തുക.

## വീടുകൾക്കും കെട്ടിടങ്ങൾക്കും നമ്പർ

155 (3246) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകിയതിനുശേഷം, നമ്പർ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധിപേർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകി കെട്ടിടം നിർമ്മിച്ചശേഷം നമ്പർ ലഭിക്കാത്ത സാഹചര്യം സംജാതമായതെങ്ങനെയാണ്;

(സി) ഈ വിധത്തിൽ തങ്ങളുടേതല്ലാത്ത കാരണത്താൽ നമ്പർ നിഷേധിക്കപ്പെട്ടിട്ടുള്ള കെട്ടിട ഉടമകൾക്ക് കെട്ടിടനമ്പർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി ഗവൺമെന്റ് എന്തെങ്കിലും ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന കാരണങ്ങളാലാണ് ഈ സാഹചര്യമുണ്ടായത്.

1. കെട്ടിടനിർമ്മാണ അനുമതി പത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ
2. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച പ്ലാനിൽനിന്നും വ്യത്യസ്തമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ
3. കെട്ടിടനിർമ്മാണ അനുമതിക്കായി സമർപ്പിച്ച രേഖകളിൽ ഏതെങ്കിലും വിധത്തിലുള്ള കൃത്രിമം നടത്തിയിട്ടുള്ളതായി പിന്നീട് ബോധ്യപ്പെടുന്ന സംഗതികളിൽ.

(സി&ഡി) ഇത്തരം ഓരോ കേസുകളും പ്രത്യേകമായി പരിശോധിച്ചുമാത്രമേ കെട്ടിട നമ്പർ നൽകുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ഇതിനായി പൊതുവായി ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## ഇൻഫർമേഷൻ കേരള മിഷന്റെ സകർമ്മ ആപ്ലിക്കേഷൻ

156 (3247) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ യോഗതീരുമാനങ്ങൾ ഓൺ ലൈനാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ ആവിഷ്കരിച്ച 'സകർമ്മ' ആപ്ലിക്കേഷനിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തര ഘട്ടങ്ങളിൽ യോഗങ്ങൾ വിളിച്ച് ചേർക്കുവാനും പ്രത്യേക സാഹചര്യങ്ങളിൽ, വിളിച്ച യോഗങ്ങൾ മാറ്റിവയ്ക്കാനും സകർമ്മയിൽ സംവിധാന ങ്ങളില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആപ്ലിക്കേഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് ഉണ്ടായിരുന്ന പ്രശ്നങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ പരിഹരിച്ചിട്ടുണ്ട്.

## ശുചിത്വ മിഷന്റെ നൂതന പദ്ധതികൾ

157 (3248) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷന്റെ നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഹരിതനിയമാവലി എല്ലാ മേഖലകളിലും നടപ്പിൽ വരുത്തുന്നതിനുള്ള കർമ്മപദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ശുചിത്വം മലയാള നാടിന്റെ സംസ്കാരം എന്ന ലക്ഷ്യത്തിലെത്താൻ എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 1. പുനഃചംക്രമണം, മറ്റ് പ്രകൃതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾ മുതലായവയ്ക്കുള്ള പ്രോത്സാഹനം.

2. ഉല്പാദകന്റെ അധിക ഉത്തരവാദിത്തം (Extended Producer Responsibility) പ്രോത്സാഹിപ്പിക്കുന്നതിനും, അനുബന്ധ പരിപാടികൾക്കും ഇൻസെന്റീവ്.

3. മാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ/ചെറുകിട സംരംഭകർ എന്നിവർക്ക് നൽകുന്ന ധനസഹായം.

4. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതിനുപകരം വയ്ക്കാവുന്ന നവീന ഉൽപ്പന്നങ്ങൾക്കുള്ള പ്രോത്സാഹനം

5. ദ്രവമാലിന്യ സംസ്കരണം (കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ളത്).

6. കക്കൂസ് മാലിന്യത്തിന്റെ സുരക്ഷിത ശേഖരണത്തിനും സംസ്കരണത്തിനായും ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തുവാനുമുള്ള സഹായം.

(ബി) വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം നടത്തുക (Reduse-Reuse-Recycle) എന്ന തത്വം പാലിക്കുമ്പോഴാണ് സുരക്ഷിതമായ അജൈവമാലിന്യ പരിപാലനം ഉറപ്പാക്കാൻ കഴിയുന്നത്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കപ്പെട്ട ഹരിത നിയമാവലി സ്ഥാപനങ്ങൾ, മേളകൾ, പൊതു-സ്വകാര്യ ചടങ്ങുകളിൽ ബാധകമാക്കുന്നതിന് അതാതിടങ്ങളിലെ ആവശ്യ പ്രകാരമാണ് കർമ്മപദ്ധതി തയ്യാറാക്കേണ്ടത്. ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തിയും പുനരുപയോഗയോഗ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും പുനഃചംക്രമണ വിധേയമാക്കുവാൻ കഴിയുന്നവ അതിനായി കൈമാറുകയും ചെയ്യുവാൻ വേണ്ട നടപടികൾ കർമ്മപദ്ധതികളിൽ ഉൾക്കൊള്ളിക്കുന്നു. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ കമ്പോസ്റ്റിംഗ്/ ബയോമെതനേഷന് വിധേയമാക്കുകയും വേണം.

(സി) ഉണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ് ഷോപ്പുകൾ വഴി വിഭവങ്ങളുടെ ഉപയോഗക്ഷമത പരമാവധി പ്രയോജനപ്പെടുത്തി പുനഃചംക്രമണ വിധേയമായ വസ്തുക്കളുടെ പുനഃചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തണം. ജൈവമാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലുള്ള നടപടികളും, ആയതിലേക്കുള്ള ശീലം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവ പാഴ്വസ്തുക്കൾ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, മറ്റ് സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ശേഖരിക്കുന്നതിലേയ്ക്കും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള

പ്രവർത്തനങ്ങൾ, ശേഖരിക്കപ്പെട്ട അജൈവമാലിന്യം രണ്ടാം തരംതിരിവ് നടത്തി സൂക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനം, പുനഃചംക്രമണ യോഗ്യമല്ലാത്തവയുടെയും, സംസ്കരണ സാധ്യമല്ലാത്തവയുടെയും ഉൽപ്പാദന വിപണനവും നിയന്ത്രിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. അതുപോലെ പൗരൻമാരിൽ അനുകൂല മനോഭാവ രൂപീകരണത്തിനും സുരക്ഷിത മാലിന്യ പരിപാലന ശീലങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ബോധവത്കരണ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഏറ്റെടുക്കണം.

## പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

158 (3249) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്ക് ഉപയോഗം മനുഷ്യർക്കും പ്രകൃതിക്കും മറ്റ് ജീവജാലങ്ങൾക്കും എപ്രകാരം അപകടകരമായി മാറുന്നുവെന്ന് ഈ സർക്കാർ പഠനം നടത്തിയോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവ നിരോധിക്കാൻ പ്രഖ്യാപനം നടത്തുമ്പോൾ പല ഉല്പന്നങ്ങളും പ്ലാസ്റ്റിക് കവറിൽ തന്നെ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇവ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) ഫ്രീസർ ഉപയോഗിച്ചു സംരക്ഷിക്കുന്ന ഉല്പന്നങ്ങളും ഐസ് ഉപയോഗിച്ച് സംരക്ഷിച്ചു വിപണനം നടത്തുന്ന മത്സ്യം തുടങ്ങിയവയും പ്ലാസ്റ്റിക് കവറിൽ നല്കുന്നത് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എപ്രകാരം വിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇത്തരുണത്തിൽ പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കുവാൻ കഴിയുമോ; എങ്കിൽ എന്ന് എന്നും അനുവദനീയമായ വിപണന ആവശ്യങ്ങൾക്ക് അംഗീകൃത പ്ലാസ്റ്റിക് കവറുകൾ (ജൈവമുൾപ്പെടെ)-ക്ക് അംഗീകാരം നൽകുന്നതും പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. 2016 മാർച്ച് 18-ന് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന വകുപ്പ് പുറത്തിറക്കിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 576/ഡിസി1/16/തസ്വഭവ തീയതി 24-9-2016). 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് 219(w) പ്രകാരം സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട്. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല. 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിനെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചുവരുന്നു.

## മാലിന്യത്തിൽനിന്നും വൈദ്യുതി

159 (3250) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) 'നല്ല നഗരം പദ്ധതി'യുമായി ബന്ധപ്പെടുത്തിയാണോ പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; ഏതൊക്കെ ജില്ലകളിലാണ് 'നല്ല നഗരം പദ്ധതി' നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള 2 പ്ലാന്റുകൾ (കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലും സുൽത്താൻ ബത്തേരി നഗരസഭയിലും) അതാത് തദ്ദേശഭരണ സ്ഥാപനം മുഖേന പി.പി.പി./BOT അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നല്ല നഗരം പദ്ധതി നടപ്പിലാക്കുന്നില്ല.

## വീട്ടുനിർമ്മാണ ചട്ടത്തിൽ മഴക്കുഴികൾ ഉൾപ്പെടുത്തുവാൻ നടപടി

160 (T* 3251) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വീടുകൾക്ക് പെർമിറ്റ് നൽകുമ്പോൾ മഴക്കുഴി നിർമ്മിക്കുന്നത് നിർബന്ധമാക്കി വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) പുതിയ വീട് നിർമ്മിച്ച് അവയ്ക്ക് നമ്പർ നൽകുമ്പോൾ മഴക്കുഴിയും നിർമ്മിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുസ്ഥാപനങ്ങൾക്ക് മഴവെള്ള സംഭരണിയോ മഴക്കുഴിയോ നിർബന്ധമാക്കി കൊണ്ടുള്ള നിർദ്ദേശം നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) കടുത്ത വരൾച്ചയെയും ജലക്ഷാമത്തെയും നേരിടാനും അതിജീവിക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് എന്തൊക്കെ നടപടികളാണ് ആരംഭിച്ചിട്ടുള്ളത്;

(ഇ) ഇനി എന്തൊക്കെ പദ്ധതികളാണ് ജലക്ഷാമം നേരിടാൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതി മുതൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രവർത്തനക്ഷമമാണെന്നും പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ കെട്ടിട നമ്പർ അനുവദിക്കാൻ പാടുള്ളൂവെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. പുതുതായി നിർമ്മിച്ചിട്ടുള്ളതും, നിർമ്മാണത്തിലിരിക്കുന്നതുമായ കെട്ടിടങ്ങളിൽ ചട്ടപ്രകാരം ഭൂഗർഭജല പുനക്ഷമതാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ പ്രസ്തുത കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഓക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുകിണറുകളുടേയും കുളങ്ങളുടേയും സംരക്ഷണത്തിന് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. പുതിയ കിണർ നിർമ്മിക്കുന്നതിന് സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ ഗാർഹിക കണക്ഷൻ എടുക്കുന്നതിനും സബ്സിഡി നൽകുന്നുണ്ട്. എല്ലാവർക്കും എന്നും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ ആവിഷ്കരിക്കുന്നുണ്ട്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി, കിണർ റീചാർജ്ജിംഗ്, പൊതു കിണറുകളുടെയും കുളങ്ങളുടേയും സംരക്ഷണം എന്നിവ നടപ്പാക്കിവരുന്നുണ്ട്.

രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടാനും വരാൻ പോകുന്ന മൺസൂൺ കാലത്തെ ജലസംഭരണം ലക്ഷ്യമാക്കിക്കൊണ്ടും PMKSY-WDC പദ്ധതി പ്രദേശങ്ങളിൽ പുതിയ കുളങ്ങൾ, ചെറിയ ചെക്ക് ഡാം, മഴവെള്ള സംഭരണി, നീരുറവ സംരക്ഷണം, കിണർ റീചാർജിംഗ്, ഷട്ടർ, വിസിബി മുതലായവയുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ നിലവിലുള്ള കുളങ്ങളുടെ ചെളി നീക്കി ആഴം കൂട്ടി സംഭരണ ശേഷി വർദ്ധിപ്പിക്കൽ, ചെക്ക് ഡാം, മഴവെള്ള സംഭരണി എന്നിവയുടെ പുനരുദ്ധാരണം, പരമ്പരാഗത ജലസംഭരണ മാർഗ്ഗങ്ങളായ മടക്കം, പള്ളം, പൊട്ട, കുഴി, തലക്കുളം മുതലായവയുടെ പുനരുദ്ധാരണവും സംരക്ഷണവും എന്നിവയും ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഉറവിടത്തിൽ തന്നെ മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങി ഭൂഗർഭജലവിതാനം വർദ്ധിപ്പിക്കുന്നതിനായി മണ്ണുജല സംരക്ഷണ പ്രവൃത്തികളായ കോണ്ടൂർ ബണ്ടിംഗ്, കോണ്ടൂർ ട്രെഞ്ചിംഗ്, തെങ്ങിനും കമുകിനും തടംതുറക്കൽ, ബഞ്ച് ടെറസിംഗ് മുതലായ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. കൂടാതെ ജലസംരക്ഷണം സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങളും പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ വിനിയോഗിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജലനയ രൂപരേഖയുടെ അടിസ്ഥാനത്തിൽ ജലക്ഷാമം നേരിടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗശൂന്യമായ ഭൂമി

161 (3252) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉപയോഗ ശൂന്യമായ ഭൂമി, അതത് തദ്ദേശ സ്ഥാപനങ്ങളുടെയും അതത് പ്രദേശത്തിന്റെയും വികസന പ്രവർത്തനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ ലീസിനും വാടകയ്ക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പദ്ധതികളുടെ സാധ്യതയ്ക്കും ആവശ്യകതയ്ക്കും അനുസരിച്ച് ഇത്തരത്തിലുള്ള ഭൂമിയും പ്രവർത്തനരഹിതമായ കെട്ടിടങ്ങളും പ്രയോജനപ്പെടുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക വികസനം ഉറപ്പാക്കുന്നതിനും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7, കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 എന്നിവ പ്രകാരം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വ്യാപാരത്തിനുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതും അതാത്, ഭരണസമിതി നിശ്ചയിക്കുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം**

162 (3253) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുകയിൽ, ഇതുവരെ പദ്ധതി വിഹിതത്തിൽ എത്ര ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുകയിൽ ഇതുവരെ പദ്ധതി വിഹിതത്തിൽ 1838.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം**

163 (3254) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷമവസാനിക്കാൻ രണ്ട് മാസംമാത്രം ശേഷിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ 25 ശതമാനം തുക പോലും ചെലവഴിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാർച്ച് മാസത്തിൽ തുകയുടെ ഭൂരിഭാഗവും ചെലവഴിക്കുന്ന രീതി ഒട്ടും ഫലപ്രദമല്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പദ്ധതി വിഹിതത്തിൽ ഒരോ മാസവും നിശ്ചിത തുകയിൽ കുറയാതെ ചെലവഴിക്കുന്ന രൂപത്തിൽ പദ്ധതി നിർവ്വഹണം രൂപപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2017 ഫെബ്രുവരി 28 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 34% ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പദ്ധതി തുകയുടെ കൂടുതൽ ഭാഗവും മാർച്ച് മാസത്തിൽ ചെലവഴിക്കുന്ന രീതി ഫലപ്രദമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി തുകയിൽ നല്ലൊരു ശതമാനം തുക പശ്ചാത്തലമേഖലയിലാണ് ചെലവഴിക്കപ്പെടുന്നത്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട കാലാവധിയുടെ അവസാനം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാലാണ് കൂടുതൽ തുക മാർച്ച് മാസത്തിൽ ചെലവഴിക്കപ്പെടുന്നത്.

(സി) ഉണ്ട്.

(ഡി) 18-1-2017-ലെ പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയിൽ ചുവടെ പറയുംപ്രകാരം തീരുമാനമെടുത്തിട്ടുണ്ട്:

ഒരു വർഷത്തിന്റെ ഓരോ പാദത്തിലും 33%-ൽ (1/3 ൽ) കുറയാത്ത തുക ചെലവഴിക്കണമെന്നും മാർച്ച് മാസത്തിൽ 15%-ൽ അധികമാകാത്ത തുക മാത്രമേ നിലനിൽക്കാവൂ എന്നും, മാർച്ച് മാസത്തിനു മുമ്പുതന്നെ ഫണ്ടിന്റെ 85% ചെലവഴിച്ചിരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്. ഇത് ഉറപ്പാക്കാൻ പ്രതിമാസ പദ്ധതി വിനിയോഗ അവലോകന യോഗം (MEP) നടത്താനും തീരുമാനിച്ചിട്ടുണ്ട്.

**പഞ്ചായത്തുകളുടെ പദ്ധതി ഫണ്ട് വിനിയോഗം**

164 (3255) ശ്രീ. എം. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിലെ പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽനിന്നും ഏതൊക്കെ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) അനുവദിച്ചിട്ടുണ്ടെങ്കിൽ ഫണ്ടുകൾ മുഴുവൻ യഥാസമയം വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ:

(സി) പദ്ധതി ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ വീഴ്ചവരുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ;

(ഡി) പദ്ധതി ഫണ്ടുകൾ മുഴുവനായും വിനിയോഗിച്ചില്ലെങ്കിൽ അടുത്ത സാമ്പത്തികവർഷം ഫണ്ട് അനുവദിക്കുന്നതിൽ കുറവ് വരുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിൻകീഴിൽ പഞ്ചായത്തുകൾവഴി നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, സംയോജിത നീർത്തട പരിപാലന പദ്ധതി/ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന - വാട്ടർഷെഡ് കംപോണന്റ്, നിർമ്മൽ ഭാരത് അഭിയാൻ/സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്നീ പദ്ധതികൾക്ക് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിൽനിന്നും ഫണ്ട് അനുവദിച്ചിരുന്നു.

(ബി) ഉണ്ട്.

(സി&ഡി) ബാധകമല്ല.

**കൊയിലാണ്ടി ഫയർ സ്റ്റേഷനുള്ള സ്ഥലം കൈമാറ്റം**

165 (3256) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നഗരസഭ ഏറ്റെടുത്ത സ്ഥലം ഫയർ &റെസ്ക്യൂ ഡിപ്പാർട്ടുമെന്റിന് കൈമാറുന്നത് സംബന്ധിച്ച ഫയലിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നടന്ന് വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ ഫയലിൽ നടപടികൾ എന്ന് പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭ ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദവിവരങ്ങൾ (വിട്ടുനൽകാൻ ഉദ്ദേശിക്കുന്ന സ്ഥലം കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 207/208A പ്രകാരം നഗരസഭയിൽ നിക്ഷിപ്ത മായിട്ടുള്ളതാണോ എന്ന വിവരം; പ്രസ്തുത സ്ഥലം നഗരസഭയുടെ ഉടമസ്ഥത യിലുള്ളതാണോ, ആണെങ്കിൽ എന്താവശ്യത്തിനുവാങ്ങി; ടി ആവശ്യത്തിന് വേറെ ഭൂമിയുണ്ടോ എന്ന വിവരം; വിട്ടുനൽകാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പരും വിസ്തീർണ്ണവും വ്യക്തമായി രേഖപ്പെടുത്തിക്കൊണ്ടുള്ള നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ്; സ്ഥലത്തിന്റെ ബി.ടി.ആർ. പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്) ലഭ്യമാക്കുന്നതിന് നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനുശേഷം ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് നിയന്ത്രണങ്ങൾ

166 (3257) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുംവേണ്ടി 2002-ലെ കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്ട് നിലവിലുണ്ട്. ഇതനുസരിച്ച് ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെടുകയും ഇവിടങ്ങളിൽ ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ അധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽനിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജല വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യമാണ്.

കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന കുഴൽ കിണർ നിർമ്മാണം ഭൂജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് നിയന്ത്രണ വിധേയമാക്കണമെന്ന നിർദ്ദേശം റവന്യൂ വകുപ്പ് നൽകിയിട്ടുണ്ട്.

## കൽപ്പാത്തിയിലെ ഭവന നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ

167 (3258) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പാത്തി ഹെറിറ്റേജ് വില്ലേജിൽ ഉൾപ്പെട്ടവരുടെ ഭവന നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹെറിറ്റേജ് വില്ലേജ് സന്ദർശിച്ച ഉപസമിതി എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) അതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നടപ്പാക്കാത്ത തീരുമാനങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങളെന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുസ്ഥലങ്ങളിൽ വിസർജ്ജനം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ**

168 (3259) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ വിസർജ്ജനം ഇല്ലാതാക്കാനുള്ള ഈ സർക്കാരിന്റെ പദ്ധതികൾ എന്തെല്ലാമാണ്; ആയതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര വീടുകളിൽ കക്കൂസ്/കുളിമുറി എന്നിവ ഉണ്ടെന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരോ ഈ സർക്കാരോ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ നഗരസഭ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് മേഖലകളിൽ കക്കൂസ്/കുളിമുറി ഇല്ലാത്ത വീടുകൾ എത്ര ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പൊതുസ്ഥലങ്ങളിലെ വിസർജ്ജനം ഇല്ലാതാക്കാനുള്ള പദ്ധതികൾക്കായി എന്തെങ്കിലും കേന്ദ്രസഹായം ലഭിച്ചുവോ; എങ്കിൽ എത്രയെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിനായി സംസ്ഥാന സർക്കാർ എത്ര തുക വകയിരുത്തിയെന്നും എത്ര ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(എഫ്) നാളിതുവരെ നഗരസഭ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് മേഖലകളിൽ ഈ സർക്കാർ ദൗത്യം പൂർത്തീകരിച്ചവ എത്ര എന്നും പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ തദ്ദേശസ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവർത്തനം സമയബന്ധിതമായി തീർപ്പാക്കി സംസ്ഥാനത്തെ പൊതുസ്ഥല വിസർജ്ജന നിർമ്മാർജ്ജന മേഖലാ സംസ്ഥാനമായി എപ്പോൾ പ്രഖ്യാപിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതു സ്ഥലങ്ങളിൽ വിസർജ്ജനം ഇല്ലാതാക്കാൻ സ്വച്ഛ് ഭാരത് മിഷൻ പദ്ധതി പ്രകാരം നടപടി സ്വീകരിക്കുന്നു. ഗ്രാമപ്രദേശങ്ങൾ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ (ഒ.ഡി.എഫ്.) അഥവാ വെളിയിട മലവിസർജ്ജനരഹിതമായി പ്രഖ്യാപിച്ചു കഴിഞ്ഞു. നഗരപ്രദേശങ്ങളിൽ ഒ.ഡി.എഫ്. പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) 2015 വർഷം സംസ്ഥാനത്തെ മുഴുവൻ വീടുകളിലും ശുചിത്വ സൗകര്യം സംബന്ധിച്ച ബേസ്‌ലൈൻ സർവ്വേ നടത്തി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങളേയും കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ആകെ 203297 എണ്ണം (ഗ്രാമപ്രദേശങ്ങളിൽ 174720, നഗരപ്രദേശങ്ങളിൽ 28577) ടോയ്‌ലറ്റുകൾ ആവശ്യമായിരുന്നു. ഗ്രാമപ്രദേശങ്ങൾ 1-11-2016-ന് മുമ്പുതന്നെ 174720 ടോയ്‌ലറ്റുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ നിർമ്മിക്കേണ്ടിയിരുന്ന 28577 ടോയ്‌ലറ്റുകളിൽ ഇതുവരെ 21447 എണ്ണം നിർമ്മിച്ചുകഴിഞ്ഞു.

(ഡി) നഗരപ്രദേശം:

സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണത്തിനായി 14.99 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കുകയും, അതിൽ 4.95 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുമുണ്ട്.

ഗ്രാമപ്രദേശം

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം 98.25 കോടി രൂപ കേന്ദ്രവിഹിതമായി ലഭിക്കുകയും ആയത് മുഴുവൻ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) നഗരപ്രദേശം

സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിക്കായി 9.99 കോടി രൂപ സംസ്ഥാനവിഹിതമായി ലഭിച്ചു. അതിൽ 1.65 കോടി രൂപ നാളിതു വരെ ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപ്രദേശം

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിക്കായി 65.50 കോടി രൂപ സംസ്ഥാന വിഹിതമായി ലഭിക്കുകയും ആയത് മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളും വെളിയിട മലമൂത്ര വിസർജ്ജനരഹിതമായി 2016 നവംബർ ഒന്നിന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ 93 നഗരസഭകളും 2017 മാർച്ച് 31-ന് മുമ്പുതന്നെ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യമൊരുക്കി, കേന്ദ്ര നഗരകാര്യ വികസന മന്ത്രാലയത്തിനുവേണ്ടി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം സംസ്ഥാനം പൊതുസ്ഥല വിസർജ്ജനവിമുഖത മേഖലയായി പ്രഖ്യാപിക്കാൻ കഴിയും.

## ജൈവമാലിന്യത്തിൽനിന്നും വൈദ്യുതി

169 (3260) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. അബ്ദുൽ ഹമീദ്. പി. :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവമാലിന്യ സംസ്കരണത്തിന് നൂതന മാർഗ്ഗങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വിശദമാക്കുമോ;

(ബി) ജൈവമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വിദേശ രാജ്യങ്ങൾ വിജയകരമായി നടപ്പാക്കുന്നതരം പദ്ധതികൾ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതായി അറിവുണ്ടോ;

(സി) അത്തരം പദ്ധതികൾ സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കാൻ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൈവമാലിന്യ സംസ്കരണത്തിന് കമ്പോസ്റ്റിംഗ്, ബയോമെതെനേഷൻ എന്നീ സാങ്കേതിക വിദ്യകൾ അടിസ്ഥാനപ്പെടുത്തിയുള്ള ഉപാധികളാണ് ഉപയോഗിച്ചു വരുന്നത്. ഈ സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തി നൂതനത്വമുള്ള സാങ്കേതിക സംവിധാനങ്ങൾ ശുചിത്വ മിഷന്റെ സാങ്കേതിക സമിതി പരിശോധിച്ച് അംഗീകരിച്ചു വരുന്നുണ്ട്. (ഉദാ: ബയോകമ്പോസ്റ്റ് ബിൻ, കിച്ചൻബിൻ കമ്പോസ്റ്റിങ് യൂണിറ്റ്, പ്രീഫാബ്രിക്കേറ്റഡ് ഇംപ്രൂവ്ഡ് ബയോ ഗ്യാസ് പ്ലാന്റ്) നൂതന ഉപാധികൾ സ്ഥാപിക്കുന്നതിന് സേവനദാതാക്കളെയും അംഗീകരിച്ചുവരുന്നുണ്ട്. നൂതന ഉപാധികളുടെ സ്വീകാര്യത വർദ്ധിക്കുന്നതിനാൽ ജനങ്ങൾ കൂടുതലായി ജൈവ മാലിന്യം സംസ്കരിക്കുന്നതിന് താല്പര്യം കാണിക്കുന്നു. കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകൾ ഏറ്റെടുക്കുന്നുമുണ്ട്.

(ബി) ഉണ്ട്.

(സി) 1. മാലിന്യം തരംതിരിക്കലും, തരംതിരിക്കപ്പെട്ട അഴുകുന്ന മാലിന്യം മാത്രമായി ശേഖരിക്കലും.

2. അഴുകുന്ന മാലിന്യത്തിലെ ജലാംശ കൂടുതൽ കാരണമുള്ള ട്രാൻസ്പോർട്ടേഷൻ പ്രശ്നങ്ങൾ

3. പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥല ലഭ്യത കുറവ്.
4. പൊതുപ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെയുള്ള ജനരോഷം.
5. പൊതുപ്ലാന്റുകൾ പ്രൊഫഷണലായി ഓപ്പറേഷൻ & മെയിന്റനൻസ് നടത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ ശേഷിക്കുറവ്.

**ജനകീയാസൂത്രണത്തിന്റെ ഭാഗമായി നോട്ടീസ് ബോർഡുകൾ**

170 (3261) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നോട്ടീസ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; എത്ര ബോർഡുകൾ സ്ഥാപിച്ചുവെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ടെൻഡർ നടപടികളിലൂടെയാണോ പ്രസ്തുത ബോർഡ് സ്ഥാപിക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുത്തത്; ടെൻഡർ ലഭിച്ച ഏജൻസിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പുതിയ കൗൺസിൽ വന്നതിനുശേഷം 25 വാർഡുകളിൽ ജനകീയാസൂത്രണ വാർത്താ ബോർഡുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഒരു വാർഡിൽ 4 ബോർഡുകൾ എന്ന ക്രമത്തിൽ 100 ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി വാർഡുകളിൽ ബോർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. നഗരസഭയ്ക്ക് ചെലവ് വരാത്ത രീതിയിൽ പരസ്യ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിലാണ് സ്ഥാപിക്കുന്നത്.

(ബി) 2000 മുതൽ മുന്ന അസോസിയേറ്റ്സ് എന്ന സ്ഥാപനം മുഖേനയാണ് ജനകീയാസൂത്രണ ബോർഡ് സ്ഥാപിച്ചിരുന്നത്. ടി. ഏജൻസി സ്ഥാപിച്ചിരുന്ന ബോർഡുകൾ റോഡ് വികസനത്തിന്റെ ഭാഗമായി കാലപ്പഴക്കത്താൽ നശിച്ചതിനാൽ പുതിയ ബോർഡുകൾ സ്ഥാപിക്കേണ്ടിവന്ന സാഹചര്യത്തിൽ നഗരസഭയ്ക്ക് യാതൊരുവിധ ചെലവുമില്ലാതെ ആധുനിക രീതിയിലുള്ള ബോർഡുകൾ സ്ഥാപിക്കാൻവേണ്ടി ടി ബോർഡിന്റെ നിശ്ചിത ഭാഗത്ത് രേഖപ്പെടുത്തുന്ന പരസ്യത്തിന് പരസ്യ നികുതി നഗരസഭയ്ക്ക് നൽകാമെന്നുമുള്ള ടി സ്ഥാപനത്തിന്റെ ഓഫർ നഗരസഭാ കൗൺസിൽ അംഗീകരിച്ച് ടി സ്ഥാപനത്തിന് പുനർ അനുമതി നൽകുകയാണുണ്ടായത്.

## തദ്ദേശസ്വയംഭരണവകുപ്പിൽ പൊതു സർവ്വീസ്

171 (3262) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതു സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

### ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും സഹായകമായ വിധത്തിൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കണം എന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

## പി.എം.ജി.എസ്.വൈ. പദ്ധതി

172(3263)ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കൊട്ടാരക്കര വെട്ടിക്കവല ബ്ലോക്കുകളിൽ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പുരോഗമിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതിയിൽപ്പെടുത്തി പ്രസ്തുത ബ്ലോക്കുകളിൽ പുതിയതായി ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി നവീകരിക്കാൻ റോഡുകൾ ഉൾപ്പെടുത്തുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നീളം | തുക ലക്ഷം |
|---|---|---|---|---|---|
| 1 | വെട്ടിക്കവല | വെട്ടിക്കവല | കട്ടുവാപ്പാറ അഞ്ചനാംകുഴി റോഡ് | 1.479 Km | 100.78 |
| 2 | കൊട്ടാരക്കര | വെളിയം | നാൽക്കവല-മീയണ്ണൂർ-കൊളമത്ത്-മുള്ളമ്പാറ- കുടവട്ടൂർ റോഡ് | 1.885 Km | 74.40 |
| 3 | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട്-തുണ്ടിൽ കോളനി റോഡ് | 1.436 Km | 110.659 |

(ബി) പുതിയ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടില്ല.

(സി) ഇല്ല.

**പി.എം.ജി.എസ്.വൈ.-യിൽ അംഗീകാരം ലഭിച്ച റോഡുകളുടെ പണി**

173 (3264) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-യിൽ അംഗീകാരം ലഭിച്ച റോഡുകളുടെ പണി പലയിടത്തും മുടങ്ങിക്കിടക്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ;

(ബി) റോഡ് പണി മുടങ്ങുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം യഥാസമയം ലഭിക്കാത്തതും, പദ്ധതി പ്രദേശത്തെ യൂട്ടിലിറ്റികൾ യഥാസമയം മാറ്റിസ്ഥാപിക്കാത്തതുമാണ് പ്രധാന തടസ്സങ്ങൾ.

(സി) ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട പി.ഐ.യു, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി വിളിച്ചുചേർത്ത് പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**രണ്ടാംഘട്ട ഗ്രാമീണ റോഡുനിർമ്മാണം**

174(T*3265) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ റോഡുനിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിന് സംസ്ഥാനത്ത് ഗ്രാമവികസന മന്ത്രാലയം എത്ര രൂപ അനുവദിച്ചു;

(ബി) പ്രസ്തുത പദ്ധതിയിൽ മലപ്പുറം ജില്ലയിലെ മങ്കട മണ്ഡലത്തിലൂടെ കടന്ന് പോകുന്ന റോഡുകളുടെ നവീകരണം ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലയിൽ വികസിപ്പിക്കുന്ന റോഡിൽ പാലത്തിന്റെ ആവശ്യം വന്നാൽ 75 മീറ്റർ വരെ അതിന്റെ നിർമ്മാണ ചെലവ് കേന്ദ്രം വഹിക്കുമെന്നിരിക്കെ സംസ്ഥാനത്ത് നിന്നും പാലങ്ങളുടെ പേര് വിവരങ്ങൾ ശിപാർശ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) തുക അനുവദിച്ചിട്ടില്ല.

(ബി) മങ്കട നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന 3.5 കിലോമീറ്റർ ദൈർഘ്യം വരുന്ന എം.ഇ.എസ്. - മെഡിക്കൽ കോളേജ് - പാലൂർകോട്ട - എരുമത്തടം റോഡ് ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്കിൽ ചോറ്റാനിക്കര വെണ്ണിക്കുളം പാലം നിർമ്മിക്കുവാൻ 2015-16-ൽ അനുമതി ലഭിച്ചിട്ടുള്ളതാണ്. പി.എം.ജി.എസ്.വൈ-II-ൽ രണ്ടാം ബാച്ചായി സമർപ്പിച്ച പ്രൊപ്പോസലിൽ 8 പാലങ്ങൾ ഉൾപ്പെടുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ സ്കൂളിന്റെ വാടക

175 (3266) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ സ്കൂൾ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്ഥലസൗകര്യം ഒരുക്കണമെന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം വാടകക്കെടുത്ത കെട്ടിടത്തിന്റെ വാടക നൽകുന്നതിനുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച LSGD-AB2/243/2016 ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

തദ്ദേശസ്വയംഭരണ (എസി) വകുപ്പിന്റെ 9-1-2015-ലെ സർക്കുലർ നമ്പർ 10961/എസി1/13/തസ്വഭവ പ്രകാരം സാധൂകരണം സംബന്ധിച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ മതിയായ രേഖകൾ സഹിതം ഡയറക്ടർ/ കമ്മീഷണറുടെ വ്യക്തമായ ശിപാർശയോടുകൂടി മാത്രം സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഗവൺമെന്റ് ഹൈസ്കൂൾ പ്രവർത്തിച്ച കെട്ടിടത്തിന് വാടക നൽകിയ ഇനത്തിൽ പഞ്ചായത്തിന് ചെലവായ തുകയിന്മേൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ട് ബഹു. ശ്രീ. പി. ടി. എ. റഹീം എം.എൽ.എ. ആണ് സർക്കാരിൽ നിർദ്ദേശം സമർപ്പിച്ചത്. ടി കത്തിനോടൊപ്പം ടി നിർദ്ദേശം യഥാവിധി പരിശോധിക്കുന്നതിന് നിർബന്ധമായും വേണ്ടുന്ന രേഖകളായ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശിപാർശ, ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയുടെ പകർപ്പ്, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ എന്നിവ ഇല്ലാതിരുന്നതിനാൽ പ്രസ്തുത രേഖകൾ ഉൾപ്പെടുത്തി വ്യക്തമായ ശിപാർശ സമർപ്പിക്കാൻ പ്രസ്തുത കത്തിന്റെ പകർപ്പ് പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറിയിരിക്കുകയാണ്. പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### ബാലുശ്ശേരി മണ്ഡലത്തിലെ ഭക്ഷ്യ സംസ്കരണ കേന്ദ്രം

176 (3267) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിൽ ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യസംസ്കരണകേന്ദ്രം കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഇല്ല.

## തൊഴിലുറപ്പ് പദ്ധതിയിൽ പ്രായപരിധി

177 (3268) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്തു വരവെ എത്ര പേർ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ മരണപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളിത്തം ലഭിക്കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വയസ്സാണെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ആരോഗ്യ പ്രശ്നങ്ങളുള്ള മുതിർന്ന പൗരന്മാർ സാമ്പത്തിക പരാധീനതകാരണം തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുക്കുന്നതായും ഇതുമൂലം ശാരീരിക അവശതകൾ അനുഭവിക്കുന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ പ്രായപരിധി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) പ്രായപരിധി നിശ്ചയിച്ചിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പ്രകാരം പ്രായപൂർത്തിയായ (18 വയസ്സ് പൂർത്തീകരിച്ചവർ) അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധരായ ഗ്രാമവാസിയായ ഏതൊരാൾക്കും തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളി ആകാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

178 (3269) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ കേന്ദ്രവിഹിതം അനുവദിക്കാത്തതുമൂലം പദ്ധതി നിർവ്വഹണം സംസ്ഥാനത്ത് ദുർബലമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര രൂപയാണ് ഇപ്രകാരം കുടിശ്ശികയായിട്ടുള്ളത്;

(സി) പൂർത്തിയാക്കിയ പണികൾക്ക് യഥാസമയം കൂലി ലഭിക്കാത്തത് ഗ്രാമീണ മേഖലയിലെ സാധാരണക്കാരുടെ ജീവിതം പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പാക്കുന്ന പ്രവൃത്തികൾ കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയത് തൊഴിൽ ദിനങ്ങൾ കുറയാൻ കാരണമായിട്ടുണ്ടോ;

(ഇ) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 55948.89 ലക്ഷം

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പട്ടിക 1 കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ എസ്.ഒ.19(ഇ) നമ്പർ വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം 10-3-2017 വരെ 598.29 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ 99.2% ആണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം 10-3-2016-ൽ 656.77 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇത് കേന്ദ്ര സർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ 92.11 % ആണ്.

(ഇ) ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ, കയർ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, കൈത്തറി, ഖാദി എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ, ക്ഷീരോത്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തി ഇനങ്ങളായി ഉൾപ്പെടുത്തുവാൻ അനവധി തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു. എങ്കിലും അനുകൂലമായ തീരുമാനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല.

**കുടുംബശ്രീയിലൂടെ വനിതകൾക്ക് തൊഴിൽ**

179(3270)<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട് കുടുംബശ്രീയിലൂടെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുമെന്ന പ്രഖ്യാപനത്തിൻമേൽ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) ഇത് സംബന്ധിച്ച കൊച്ചി മെട്രോയുമായി ധാരണാപത്രം കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനായി കുടുംബശ്രീയിൽനിന്നും വനിതകളെ കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) കൊച്ചി മെട്രോയിൽ കുടുംബശ്രീ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്ക് കുടുംബശ്രീ മിഷനും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം ക്ലീനിംഗ് മുതൽ ഓഫീസ് നിർവ്വഹണം വരെയുള്ള വിവിധ മേഖലകളിലാണ് കുടുംബശ്രീ വനിതാ ജീവനക്കാരെ നിയമിക്കുന്നത്. നിയമനം നടത്തുന്നതിലേയ്ക്കായി ഉദ്യോഗാർത്ഥികൾക്കുള്ള എഴുത്തുപരീക്ഷ നടത്തുകയും പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർവ്യൂവിനുശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) കൊച്ചി മെട്രോയും കുടുംബശ്രീയുമായുള്ള ധാരണാ പത്രം 2016 ഡിസംബർ 10-ാം തീയതി ഒപ്പുവയ്ക്കുകയും ആയത് പരസ്പരം കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) എറണാകുളം ജില്ലയിലെ കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും എഴുത്തുപരീക്ഷ നടത്തി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റ് പരിശോധനയും കൂടിക്കാഴ്ചയും നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതും ഇവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതുമാണ്.

## ഡെവലപ്മെന്റ് ഓഫ് കായംകുളം ടൗൺ പദ്ധതി

180 (T 3271) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിന്റെ വൈവിധ്യം കണക്കിലെടുത്ത്, ഇവിടുത്തെ കായലുകളും കനാലുകളും സൗന്ദര്യവത്ക്കരിച്ചും പട്ടണത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് കായംകുളത്ത് നിലവിലുള്ള സാഹചര്യങ്ങളും സാധ്യതകളും ഏകോപിപ്പിച്ചുകൊണ്ടും ദേശീയപാതയുടെ ഓരത്തു സ്ഥിതി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ അടക്കമുള്ള പദ്ധതി ഉൾപ്പെടുത്തിയും നാറ്റ്പാക്ക് പോലുള്ള ഏജൻസികളെ കൊണ്ട് പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്തി, വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഡെവലപ്മെന്റ് ഓഫ് കായംകുളം ടൗൺ എന്ന പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

കായംകുളം നഗരസഭയുടെ വികസനം ലക്ഷ്യമാക്കി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളതും, ആയതിന്റെ കരട് 16-12-2016-ലെ സ.ഉ.(എം.എസ്.)നമ്പർ 190/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഗസറ്റിലും പ്രമുഖ പത്രങ്ങളിലും 14-2-2017-ന് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാകുന്നു. ഇതുസംബന്ധിച്ച ആക്ഷേപ നിർദ്ദേശങ്ങൾ 15-4-2017 വരെ നഗരസഭാ സെക്രട്ടറിയെ അറിയിക്കാവുന്നതാണ്. മേപ്പടി ആക്ഷേപനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് മാസ്റ്റർപ്ലാൻ ഭേദഗതി വരുത്തി അന്തിമ പ്രസിദ്ധീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ദേശീയ നാഗരിക ഉപജീവന മിഷൻ**

181 (3272) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ദേശീയ നാഗരിക ഉപജീവന മിഷൻ (എൻ.യു.എൽ.എം.) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നോഡൽ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(ഡി) അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഇവരുടെ ഉല്പന്നങ്ങൾക്ക് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള 93 നഗരങ്ങളിലും നഗര ഉപജീവന ദൗത്യം (എൻയുഎൽഎം) നടപ്പിലാക്കിവരുന്നു.

(ബി) പൊതുലക്ഷ്യം - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, തൊഴിൽരഹിതരായ യുവതി-യുവാക്കൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, ഭവനരഹിതർ, തെരുവ് കച്ചവടക്കാർ തുടങ്ങി നഗരദരിദ്രരിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ എൻയുഎൽഎം പദ്ധതി അഭിസംബോധന ചെയ്യുന്നു.

പ്രത്യേക ലക്ഷ്യങ്ങൾ:

1. നഗരപ്രദേശങ്ങളിലെ ദരിദ്രരെ അവരുടേതായ കൂട്ടായ്മകൾ രൂപീകരിച്ച് സ്ഥാപനവൽക്കരിക്കുവാൻ സഹായിക്കുക.

2. സ്വയം തൊഴിൽ ചെയ്യുവാനും ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി നഗരത്തിലെ പാവപ്പെട്ടവരുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉയർത്തുന്നതിനുള്ള നൈപുണ്യ പരിശീലനം നൽകുക.

3. നഗരങ്ങളിലെ ദരിദ്രർക്ക് ലഭിച്ചിരിക്കുന്ന നൈപുണ്യത്തിന് പരിശീലനം പ്രാദേശിക പരിസ്ഥിതിക്ക് അനുയോജ്യമായ വിധത്തിൽ ഒറ്റക്കും കൂട്ടായുമുള്ള ലാഭകരമായ തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് സഹായം നൽകുക.

4. നഗരത്തിലെ ഭവനരഹിതരായ പാവപ്പെട്ടവർക്ക് ശുദ്ധജലം, ശുചിത്വം, ഭദ്രത, സുരക്ഷിതത്വം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

5. നഗരത്തിലെ തെരുവു കച്ചവടക്കാരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.

6. നഗര ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതും സുസ്ഥിരമായി നിലനിൽക്കുന്നതുമായ നവീനരീതി ശാസ്ത്രങ്ങൾ ചിട്ടപ്പെടുത്താനും നടപ്പിലാക്കി കാണിക്കുകയും ചെയ്യുക.

(സി) ദേശീയ നഗര ജീവനോപാധി ദൗത്യം കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

(ഡി) എൻയുഎൽഎം പദ്ധതി പ്രകാരമുള്ള ഉത്പന്നങ്ങൾ നിലവിൽ കുടുംബശ്രീ മാസചന്തകളിലൂടെയും മറ്റ് വിപണന മേഖലകളിലൂടെയും വിതരണം നടത്തുന്നതിനാവശ്യമായ പിന്തുണാസഹായം ലഭ്യമാക്കും. എൻയുഎൽഎം വിഭാവനം ചെയ്യുന്ന നഗര ഉപജീവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഉല്പന്നങ്ങൾ നഗര ഉപജീവന കേന്ദ്രങ്ങളിലൂടെ വിപണനം ചെയ്യാൻ സാധിക്കും.

**നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് അംഗീകാരം**

182 (3273) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് പിഴ ചുമത്തി അംഗീകാരം നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ പിഴ ചുമത്തി എത്ര കെട്ടിടങ്ങൾക്ക് അംഗീകാരം നൽകിയെന്നും ഈയിനത്തിൽ എത്ര തുക ഈടാക്കിയെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നത് ഭാവിയിലെ റോഡു വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) അനധികൃത കെട്ടിടം പണിയുന്നവരെയും അത് തടയാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കുവാൻ നിലവിലുള്ള നിയമം കൂടുതൽ കർശനമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പണി പൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾ പിഴ ചുമത്തി ക്രമവത്കരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യവും പരിശോധനയിലുൾപ്പെടും.

(ഡി) ഈ വിഷയം സർക്കാർ ഗൗരവമായി കണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

### വളപട്ടണം ബസ് സ്റ്റാന്റ് നവീകരണം

183 (3274) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വളപട്ടണം ബസ് സ്റ്റാന്റ് നവീകരിക്കുന്നതിനായി G.O.(Rt) No. 2436/16/LSGD തീയതി 12-8-2016 നമ്പരായി 60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച വിഷയത്തിൽ, പൊതുമരാമത്ത് വകുപ്പിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പഞ്ചായത്ത് വകുപ്പ് തന്നെ ഈ പ്രവൃത്തിക്ക് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ഈ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് ഈ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് വളപട്ടണം ബസ് സ്റ്റാന്റ് നവീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന് ഫണ്ടുകളൊന്നും ഇതുവരെ ഡെപ്പോസിറ്റ് ചെയ്തിട്ടില്ല.

(ബി & സി) ബാധകമല്ല.

**എം.എ. തദ്ദേശവികസന പഠനം പൂർത്തിയാക്കിയവർക്ക് ജോലി**

184(T3275)ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽനിന്ന് എം.എ. തദ്ദേശവികസന പഠനം പൂർത്തിയാക്കുന്നവർക്ക് സർക്കാർ ജോലി ലഭിക്കുന്നില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് തദ്ദേശസ്വയംഭരണ വകുപ്പിലോ കിലയിലോ ജോലി ലഭിക്കുന്നതിന് ആവശ്യമായ ചട്ടഭേദഗതികൾ കൊണ്ടുവരുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പുതിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

185 (3276) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) മുൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കി വന്നിരുന്ന ഏതെങ്കിലും ന്യൂനപക്ഷക്ഷേമ സഹായ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതൊക്കെയാണെന്നും, നിർത്തലാക്കിയതിന്റെ കാരണങ്ങളും വിശദീകരിക്കാമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഇ) ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് നൽകുന്ന ഭവന നിർമ്മാണ സഹായത്തിന് നടപ്പുവർഷം ലഭ്യമായ അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ആകെ എത്ര വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ സഹായ പദ്ധതിയിൽ തൊട്ടുമുൻവർഷം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ജി) ന്യൂനപക്ഷവിഭാഗത്തിലെ വിധവകൾക്ക് തൊട്ട് മുൻവർഷം അനുവദിക്കേണ്ടിയിരുന്ന ഭവനനിർമ്മാണ ധനസഹായ വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണവും, ലാപ്സായ തുക എത്രയാണെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്. എസ്.എസ്.എൽ.സി., +2, വി.എച്ച്.എസ്.ഇ, ബിരുദം, ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗങ്ങളിലെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ. അപേക്ഷകരുടെ അഭാവത്തിൽ 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരെയും ടി സ്കോളർഷിപ്പിന് പരിഗണിക്കും. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി./+2, വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 10,000 രൂപയും ബിരുദ/ബിരുദാനന്തര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുകയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ&എഫ്) അനുബന്ധമായി ചേർക്കുന്നു.*

(ജി) തടസ്സപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷങ്ങൾക്ക് ആനുകൂല്യങ്ങൾ

186 (3277) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. കേരള സിവിൽ സർവ്വീസ് അക്കാദമി - തിരുവനന്തപുരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസേർച്ച് സ്റ്റഡീസ് - പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലനകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സിവിൽസർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടതും നോൺക്രീമിലെയർ പരിധിയിൽപ്പെടുന്നതുമായ ഉദ്യോഗാർത്ഥികൾക്ക് (200 പേർക്ക് വരെ) കോഴ്സ് ഫീസായി പരമാവധി 20,000 രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10,000 രൂപയും റീ-ഇംബേഴ്സ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം 111 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

## മദ്രസ്സ അദ്ധ്യാപകർക്ക് വായ്പ

187 (3278) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻവഴി മദ്രസ്സ അദ്ധ്യാപകർക്ക് നൽകിവരുന്ന പലിശ രഹിത വായ്പാ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഈ പദ്ധതി പ്രകാരം വായ്പാ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു; എന്തു തുക വിതരണം ചെയ്തു;

(സി) ആവശ്യമായ ഫണ്ടില്ലാത്ത കാരണത്താൽ അനുവദിച്ച വായ്പകൾ ഇനിയും കൊടുത്തുതീർക്കാനുണ്ടോ; എങ്കിൽ സർക്കാർ ഗ്രാന്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം ഈ ഇനത്തിൽ കോർപ്പറേഷന് എന്തു തുക നൽകി; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നിർത്തലാക്കിയിട്ടില്ല.

(ബി) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചതിൽ ഏകദേശം 900 അപേക്ഷകൾ ലഭിച്ചു. ആയതിൽ 100 ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ന്യൂനപക്ഷക്ഷേമ വകുപ്പിൻകീഴിലുള്ള പദ്ധതികൾ

188 (3279) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ പരിശീലനം നല്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ)
1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
2. ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി.
3. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം.
5. എസ്. എസ്. എൽ. സി./പ്ലസ് ടു/വി. എച്ച്. എസ്. ഇ./ബിരുദ/ ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP)

(ബി) ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) എല്ലാ ജില്ലകളിലും അഭ്യസ്തവിദ്യർക്കായുള്ള മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ പരിശീലനം ലക്ഷ്യമാക്കി സ്വകാര്യ ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് റീ-ഇംബേഴ്സ്മെന്റും നൽകിവരുന്നുണ്ട്. അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി നിർദ്ദേശങ്ങളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ മത്സര പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനായി 16 CCMY-കളും 20 സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ**

189 (3280) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് എന്നാണ് രൂപീകരിച്ചത്; ഇതിന്റെ കീഴിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ന്യൂനപക്ഷ ഡയറക്ടറേറ്റിന്റെ ഓഫീസുകൾ ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടിയുടെ വിശദാംശങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ;

(ഡി) വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾ സംബന്ധിച്ച മോണിട്ടറിംഗിന് എന്തെങ്കിലും നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 19/2011/പൊ.ഭ.വ. പ്രകാരം പൊതുഭരണ വകുപ്പിൽ രൂപീകരിച്ച ന്യൂനപക്ഷസെല്ലിനെ ന്യൂനപക്ഷ വകുപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പിനുകീഴിൽ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ എല്ലാ ജില്ലകളിലും ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ന്യൂനപക്ഷക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള അവസരങ്ങൾ.
2. സ്കൂൾ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകൽ.
3. ഉറുദു ഭാഷ പഠിപ്പിക്കുന്നതിന് കൂടുതൽ തുക ലഭ്യമാക്കുക.
4. മദ്രസ്സാ വിദ്യാഭ്യാസം ആധുനികവത്ക്കരിക്കുക.
5. ന്യൂനപക്ഷ വിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക.
6. മൗലാനാ ആസാദ് എഡ്യൂക്കേഷണൽ ഫൗണ്ടേഷൻ മുഖേന വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണം.
7. പാവപ്പെട്ടവർക്കായുള്ള സ്വയംതൊഴിലും വേതനം മുഖേനയുള്ള തൊഴിലും.
8. സാങ്കേതിക പരിജ്ഞാനത്തിലൂടെ കഴിവ് വികസിപ്പിക്കുക.
9. സാമ്പത്തിക കാര്യങ്ങളിൽ ഉദാരമായ ലോണുകൾ മുഖേനയുള്ള പിന്തുണ.
10. സംസ്ഥാന-കേന്ദ്ര സർക്കാർ സർവ്വീസുകളിലേക്കുള്ള നിയമനം
11. ഗ്രാമീണ ഭവന പദ്ധതികളിൽ നിയമാനുസരണമായ പങ്ക്.
12. ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന ചേരിപ്രദേശങ്ങളുടെ ഉന്നമനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

13. സാമുദായിക സംഘട്ടനങ്ങൾ തടയുന്നതിനുള്ള മുൻകരുതലുകൾ.

14. സാമുദായിക കുറ്റങ്ങൾക്കെതിരായുള്ള ശിക്ഷണ നടപടികൾ.

15. സാമുദായിക സംഘട്ടനങ്ങളിൽ ഇരയായവരുടെ പുനരധിവാസം.

(ഡി) ഉണ്ട്. പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാനതലത്തിൽ കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. യോഗം കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നുണ്ട്.

## ന്യൂനപക്ഷ വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന ഭവനപദ്ധതി

190 (3281) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന പാവപ്പെട്ടവർക്കുള്ള ഭവന പദ്ധതിയനുസരിച്ച് കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) വീട് വയ്ക്കുന്നതിനുള്ള സഹായം എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) വകുപ്പ് നടപ്പിലാക്കുന്ന ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. നിയോജക മണ്ഡലം തിരിച്ചുള്ള അപേക്ഷകരുടെ വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. കോട്ടയ്ക്കൽ നിയോജകമണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ ആകെ 3044 അപേക്ഷകരുണ്ടായിരുന്നു. ഇതിൽനിന്ന് അർഹരായ 260 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച മുഴുവൻ തുകയും അതത് ജില്ലകൾക്ക് അനുവദിച്ച വീടുകൾക്ക് ആനുപാതികമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ജില്ലകളിൽ ലഭ്യമായ അപേക്ഷകളിൻമേൽ ഫീൽഡ് വെരിഫിക്കേഷൻ അടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ മാനദണ്ഡപ്രകാരം വീടുപണിയുടെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് മൂന്ന് ഗഡുക്കളായി തുക അനുവദിക്കുന്നതാണ്.

## വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ

191 (3282) ശ്രീ. എ. എം. ആരിഫ് :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. പി. വി. അൻവർ :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടു പോകാതിരിക്കാൻ റീസർവ്വേ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വഖഫ് ബോർഡിന് കീഴിൽ റിസർച്ച് സെൻറർ ആരംഭിയ്ക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ;

(ഇ) വഖഫ് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

(ബി) വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) വഖഫ് സ്വത്തുക്കളിൽ സർവ്വേ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. പുതിയ സർവ്വെ കമ്മീഷനെ നിയമിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ബോർഡിന്റെ ഹെഡ്ഓഫീസ് കെട്ടിടത്തിൽ ലൈബ്രറി & റിസർച്ച് സെന്റർ ഫോർ ഇസ്ലാമിക് സ്റ്റഡീസ് ആരംഭിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഉദ്ദേശിക്കുന്നുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ഹജ്ജ് യാത്ര

192 (3283) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നിന്നുള്ള ഹജ്ജ് യാത്ര സുഖകരമാക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

ഹജ്ജ് അപേക്ഷ വിതരണം മുതൽ സ്വീകരിച്ച് കവർ നമ്പർ കൊടുക്കുന്നതു വരെയുള്ള നടപടിക്രമങ്ങളാണ് ഇതുവരെ ചെയ്തിട്ടുള്ളത്.

കേരളത്തിലെ ഹാജിമാരിൽ ബഹുഭൂരിഭാഗവും (85%) മലബാർ മേഖലയിൽ നിന്നുള്ളവരായതിനാൽ എമ്പാർക്കേഷൻ പോയിന്റ് കരിപ്പൂർ വിമാനത്താവളത്തിൽ തന്നെ നിലനിർത്തുന്നതിനുള്ള പരിശ്രമം നടത്തി വരികയാണ്. ഹജ്ജ് നറുക്കെടുപ്പ് കഴിഞ്ഞാലുടൻതന്നെ എല്ലാ ഹാജിമാരെയും ബന്ധപ്പെടുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കേരളത്തിലുടനീളം സൗജന്യമായി സേവനം ചെയ്യുന്ന പരിചയസമ്പന്നരായ ട്രെയിനർമാരെ നിയോഗിച്ചിട്ടുണ്ട്. ഹാജിമാർക്ക് കുത്തിവെപ്പ് നടത്തുന്നതിന് മണ്ഡലാടിസ്ഥാനത്തിൽ ക്യാമ്പ് നടത്തി സൗകര്യം ഒരുക്കുന്നതിനും ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും നടത്തിക്കഴിഞ്ഞു. അതുപോലെതന്നെ കേരളത്തിൽനിന്നുള്ള ഹാജിമാർക്ക് ലഗ്ഗേജുകൾ നഷ്ടപ്പെടുന്നത് തടയാൻ കഴിയുന്ന വിധത്തിൽ ഏകീകൃത ബാഗ്ഗേജ് സംവിധാനം ഇപ്രാവശ്യവും തുടരുന്നതാണ്. ഹാജിമാർക്ക് വിവിധ ഘട്ടങ്ങളിലായി ഹജ്ജിനെക്കുറിച്ചുള്ള സാങ്കേതിക ക്ലാസ്സുകൾ ഒരുക്കിയിട്ടുണ്ട്. എമ്പാർക്കേഷനുമായി ബന്ധപ്പെട്ട മറ്റ് സൗകര്യങ്ങൾ ആവശ്യാനുസരണം ഒരുക്കുന്നതാണ്.

## ഹജ്ജ് എംബാർക്കേഷൻ പോയിന്റ്

193 (3284) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ കേരളത്തിൽ നിന്നുള്ള ഹജ്ജ് എംബാർക്കേഷൻ പോയിന്റായി നെടുമ്പാശ്ശേരി എയർപോർട്ട് തീരുമാനിക്കുന്നതിന് മുന്നോടിയായി കേരള സർക്കാരിനോട് ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ കേന്ദ്ര ഹജ്ജ് കമ്മിറ്റിയോ, കേന്ദ്ര സർക്കാരോ ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കരിപ്പൂർ (കോഴിക്കോട്) എയർപോർട്ടിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുനഃസ്ഥാപിക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ വിശദമാക്കാമോ;

(സി) കേരളത്തിൽനിന്ന് 2017-ലെ ഹജ്ജ് കർമ്മത്തിന് അപേക്ഷ നൽകിയ (സർക്കാർ മുഖേന) തീർത്ഥാടകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റേയോ സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെയോ അഭിപ്രായം കേന്ദ്ര സർക്കാരോ കേന്ദ്ര ഹജ്ജ് കമ്മിറ്റിയോ ആവശ്യപ്പെട്ടിരുന്നില്ല.

(ബി) ഈ വർഷാരംഭത്തിൽ തന്നെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് മാറ്റുന്നതിന് സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തി വരികയാണ്. എംബാർക്കേഷൻ കോഴിക്കോട് നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂനപക്ഷ വകുപ്പുമന്ത്രി എന്നിവരുമായി സംസ്ഥാന ഹജ്ജ് വകുപ്പുമന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും രണ്ടിലധികം തവണ നേരിൽ കൂടിക്കാഴ്ച നടത്തി. ഇപ്പോഴും നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ ശ്രീ. ചൗധരി മെഹ്ബൂബ് അലി കൈസർ 25-1-2017-ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക്സഭാ എം.പി.-മാരുടെയും മറ്റ് പ്രധാന വ്യക്തികളുടേയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. കൂടാതെ 28-2-2017-ൽ നടന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനും അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിരുന്നു.

(സി) അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(ടി വിവരങ്ങൾ തയ്യാറാക്കിയിരിക്കുന്നത് 6-3-2017 വരെ സ്ക്രൂട്ടിണി ചെയ്ത് ഡാറ്റാ എൻട്രി പൂർത്തിയാക്കിയ എണ്ണത്തെ അടിസ്ഥാനമാക്കിയാണ്. ആയതിൽ അവസാന ഘട്ടത്തിൽ വ്യത്യാസം വരാൻ സാദ്ധ്യതയുണ്ട്.)

| ക്രമ നമ്പർ | ജില്ല | തീർത്ഥാടകരുടെ എണ്ണം | | | |
|---|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | ശിശുക്കൾ | ആകെ |
| (1) | (2) | (3) | (4) | (5) | (6) |
| 1 | തിരുവനന്തപുരം | 1066 | 1015 | 2 | 2083 |
| 2 | കൊല്ലം | 881 | 858 | 1 | 1740 |
| 3 | പത്തനംതിട്ട | 189 | 172 | ... | 361 |
| 4 | കോട്ടയം | 589 | 534 | ... | 1123 |
| 5 | ഇടുക്കി | 437 | 425 | 1 | 863 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 6 | ആലപ്പുഴ | 630 | 667 | 2 | 1299 |
| 7 | എറണാകുളം | 3054 | 3348 | 4 | 6406 |
| 8 | തൃശ്ശൂർ | 1113 | 1182 | 1 | 2296 |
| 9 | പാലക്കാട് | 2194 | 2317 | 2 | 4513 |
| 10 | മലപ്പുറം | 12050 | 13571 | 23 | 25644 |
| 11 | കോഴിക്കോട് | 10634 | 13195 | 24 | 23853 |
| 12 | വയനാട് | 1033 | 1344 | ... | 2377 |
| 13 | കണ്ണൂർ | 6000 | 7176 | 17 | 13193 |
| 14 | കാസർഗോഡ് | 4322 | 5117 | 15 | 9454 |
| | ആകെ എണ്ണം | 95205 | | | |

**ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം കോഴിക്കോട്**

194 (3285) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം കോഴിക്കോട് വിമാനത്താവളമാക്കുന്നത് ഏറ്റവും കൂടുതൽ തീർത്ഥാടകരുള്ള മലബാർ മേഖലയ്ക്ക് ഗുണകരമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അനുകൂല തീരുമാനം കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) കോഴിക്കോട് വിമാനത്താവളത്തെ ഹജ്ജ് തീർത്ഥാടനത്തിന്റെ സ്ഥിരം എംബാർക്കേഷൻ കേന്ദ്രമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോകുന്ന ഹാജിമാരിൽ ബഹുഭൂരിപക്ഷം പേർ മലബാർ മേഖലയിൽനിന്നുള്ളവരായതിനാൽ 2017-ലെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്, കരിപ്പൂർ വിമാനത്താവളമാക്കുന്നത് ഹാജിമാർക്ക് വളരെയേറെ പ്രയോജനകരമാണെന്ന വസ്തുത ബോദ്ധ്യമുള്ളതായതിനാൽ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് മാറ്റുന്നതിന് സർക്കാരും ഹജ്ജ് കമ്മിറ്റിയും നിരന്തരം ശ്രമങ്ങൾ നടത്തിവരികയാണ്.

(ബി) എമ്പാർക്കേഷൻ കോഴിക്കോട് നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂനപക്ഷ വകുപ്പുമന്ത്രി എന്നിവരുമായി സംസ്ഥാന ഹജ്ജ് വകുപ്പ് മന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും രണ്ടിലധികം തവണ നേരിൽ കൂടിക്കാഴ്ച നടത്തി. ഇപ്പോഴും നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ ശ്രീ. ചൗധരി മെഹ്ബൂബ് അലി കൈസർ 25-1-2017-ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക്സഭാ എം.പി.-മാരുടെയും മറ്റ് പ്രധാന വ്യക്തികളുടേയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. കൂടാതെ 28-2-2017-ൽ നടന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനും അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിരുന്നു.

(സി) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ അറ്റകുറ്റപ്പണികൾ നടന്നു കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി താല്ക്കാലികമായാണ് 2015-ൽ കേരള ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കൊച്ചിയിലേയ്ക്ക് മാറ്റിയത്. സ്ഥിരം സംവിധാനം (ഹജ്ജ് ഹൗസ്) ഉൾപ്പെടെ കരിപ്പൂരിൽ ലഭ്യമാണ്. ഹജ്ജ് എമ്പാർക്കേഷൻ കരിപ്പൂരിൽ സ്ഥിരമായി നിലനിർത്തുവാൻ എല്ലാ വിധത്തിലുമുള്ള ശ്രമങ്ങളും നടത്തി വരികയാണ്

**ചെറുകിട തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്ടിവിറ്റി**

195 (3286) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേയ്ക്ക് റെയിൽകണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) മാന്വൽ ഡ്രഡ്ജിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കാൻ റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL)- നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) അഴീക്കൽ തുറമുഖ വികസനം, സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ പാസഞ്ചർ ടെർമിനൽ, കൊല്ലം തുറമുഖത്തിലെ പാസഞ്ചർ ടെർമിനൽ നിർമ്മാണം, കൊല്ലം, ബേപ്പൂർ അഴീക്കൽ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനം എന്നീ പ്രവൃത്തികൾ സാഗർമാലയിൽ ഉൾപ്പെട്ടു ത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) മാന്വൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച നിലവിലെ രീതി 31-3-2017-നു ശേഷം തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. മാന്വൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച പുതിയ നയം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മുതൽ ടി നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി**

196 (3287) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി അവലോകനം നടത്താറുണ്ടോ; പ്രൊജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും, കമ്മിറ്റിയിൽ ആരെല്ലാമാണുള്ളതെന്നും അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി കൺസഷണർ നടത്തുമെന്നു പ്രഖ്യാപിച്ചിരുന്ന തൊഴിൽ പരിശീലന പരിപാടിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് അറിയിക്കാമോ;

(സി) പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്താനായി രൂപീകരിച്ച ഉപജീവനാഘാത നിർണ്ണയ സമിതി (LIAC) റിപ്പോർട്ട് നൽകിയോ; ഇതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതിയും മറ്റ് വിശദാംശങ്ങളും അടങ്ങുന്ന റിപ്പോർട്ട് എല്ലാ മാസവും കൺസഷൻ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് വിഴിഞ്ഞം തുറമുഖ കമ്പനിക്ക് സമർപ്പിക്കാറുണ്ട്. ഈ റിപ്പോർട്ട് കൺസഷൻ കരാർ പ്രകാരം ഇന്റിപെന്റഡ് എഞ്ചിനീയറായ STUP Consultants Pvt Ltd. അവലോകനം നടത്തുന്നുണ്ട്.

പദ്ധതിയുടെ സുഗമമായ നടത്തിപ്പ്, ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി പത്തംഗ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റി യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുന്നു. കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്തോടനുബന്ധിച്ചുള്ള കോട്ടപ്പുറം, വിഴിഞ്ഞം, ഹാർബർ, മുല്ലൂർ, വെങ്ങാനൂർ തുടങ്ങിയ വാർഡുകളിൽ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സ്ത്രീകൾക്കും യുവജനങ്ങൾക്കുമായി ഉപജീവന/സംരംഭകത്വ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വാർഡുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ 546 സ്ത്രീകൾ ഇതിനോടകം തന്നെ പരിശീലനം പൂർത്തീകരിച്ചു കഴിഞ്ഞു. ഇതുകൂടാതെ 6 നൈപുണ്യ വികസന മേളകൾ സംഘടിപ്പിക്കുകയും അതുവഴി 810 വിദ്യാർത്ഥികൾ വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു. സക്ഷം എന്ന പരിപാടിയിലൂടെ 22 വിദ്യാർത്ഥികൾ നേഴ്സിംഗ് അസിസ്റ്റന്റ് പരീക്ഷ എഴുതുകയും തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലുള്ള ആശുപത്രികളിൽ ജോലി ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് വിവിധ സേവന ഏജൻസികളുടെ സഹായത്തോടെ ജീവനോപാധി പരിശീലനങ്ങൾ പലയിടങ്ങളിലായി നടത്തുകയുണ്ടായി. വരുന്ന സാമ്പത്തിക വർഷ കാലയളവിൽ 500 സ്ത്രീകൾക്കുകൂടി പരിശീലനം നൽകാൻ കഴിയും. കൂടാതെ സ്വയംഭരണം, ധന നിർവ്വഹണം, വായ്പ കൈകാര്യ നിർവ്വഹണം, വിൽപ്പനാനുബന്ധ തന്ത്രങ്ങൾ, നേതൃത്വശേഷി, സംരംഭകത്വ നിർവ്വഹണം തുടങ്ങിയ മേഖലകളിലും പരിശീലനം നൽകുന്നതാണ്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് ഒന്നാംഘട്ട റിപ്പോർട്ട് ഉപജീവനാഘാത നിർണ്ണയ സമിതി (LIAC) സമർപ്പിക്കുകയും ആയത് അംഗീകരിച്ച് 513 പേർക്ക് 20.38528 കോടി രൂപയുടെ സഹായം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. LIAC സമർപ്പിച്ച രണ്ടാംഘട്ട റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി കണ്ടയ്നർ റോഡ്**

197 (3288) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി മംഗലപുരം-നെടുമങ്ങാട്-ബാലരാമപുരം പാതയിൽ കണ്ടയ്നർ റോഡ് നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ റോഡിന്റെ അലൈൻമെന്റും എവിടെയെല്ലാമാണ് കണ്ടയ്നർ ഹബുകൾ നിർമ്മിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് സർവ്വേ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വേ പൂർത്തിയായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**ബേപ്പൂർ പോർട്ടിലെ മണൽ വിതരണത്തിലെ ക്രമക്കേടുകൾ**

198 (3289) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ പോർട്ടിൽ മാന്വൽ ഡ്രഡ്ജിങ്ങിലൂടെ എടുക്കുന്ന മണൽ വിതരണത്തിൽ വൻക്രമക്കേടുകൾ നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജബില്ലുകൾപോലും തയ്യാറാക്കി മണൽ വിതരണം നടത്തി സർക്കാരിന് നഷ്ടമുണ്ടാക്കുന്നതായ പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പ്രവർത്തിച്ച സൊസൈറ്റിക്ക് എതിരെ എടുത്ത നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ഒരേ വാഹന പാസിലും ബില്ലിലും രണ്ട് വ്യത്യസ്ത വ്യക്തികളുടെ പേരും രണ്ട് ലോറികളുടെ നമ്പറും ഉപയോഗിച്ച് മെറ്റീരിയൽ കടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി ക്രമക്കേട് നടത്തിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ചെറുവണ്ണൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1055/16 നമ്പർ കേസായി FIR രജിസ്റ്റർ ചെയ്ത് സെക്ഷൻ 455, 458, 471/IPC അനുസരിച്ച് അന്വേഷണം നടത്തിവരികയാണ്.

(ഡി) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റക്കാർക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരളത്തിലെ തുറമുഖങ്ങൾ

199 (3290) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വലുതും ചെറുതുമായി എത്ര തുറമുഖങ്ങളാണ് നിലവിലുള്ളത്;

(ബി) പരമ്പരാഗത, ചെറുകിട തുറമുഖങ്ങളുടെ നവീകരണത്തിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ചെറു തുറമുഖ പദ്ധതികൾ ജനോപകാരപ്രദവും സർക്കാരിന് വരുമാനദായകവും ആകുന്ന തരത്തിൽ രൂപപ്പെടുത്തുന്നതിന് കർമ്മ പദ്ധതിയുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

### <u>ഉത്തരം</u>

(എ) തുറമുഖ വകുപ്പിനു കീഴിൽ 17 ചെറുകിട തുറമുഖങ്ങളും കേന്ദ്രസർക്കാരിനു കീഴിൽ കൊച്ചിയിൽ ഒരു വൻകിട തുറമുഖവും ഉണ്ട്.

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇവയിൽ ആലപ്പുഴ തീരദേശ യാത്രാകപ്പൽ സർവ്വീസിനുവേണ്ടി പാസഞ്ചർ ടെർമിനലായിട്ടാണ് വികസിപ്പിക്കുന്നത്. പൊന്നാനി തുറമുഖം പി.പി.പി. മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് വികസിപ്പിക്കുന്നത്.

(സി)) തീരദേശ കപ്പൽ ഗതാഗതം വഴി ചരക്ക് ഗതാഗതവും പാസഞ്ചർ ഗതാഗതവും നടപ്പിലാക്കാനുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി കേരള സർക്കാർ ആരംഭിച്ചിട്ടുണ്ട്. റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെയുള്ള ചരക്ക് ഗതാഗതം, തീരദേശ കപ്പൽ സർവ്വീസ് വഴിയാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം 2013 നവംബർ 9-ന് കൊല്ലം തുറമുഖത്ത് നടന്നു. കോവളം - കന്യാകുമാരി, കൊച്ചി - കോഴിക്കോട്, കൊച്ചി-തിരുവനന്തപുരം പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം മാനുവൽ ഡ്രഡ്ജിംഗ് നടത്തുന്നതിനും അങ്ങനെ ലഭിക്കുന്ന പദാർത്ഥങ്ങൾ ശുദ്ധീകരിച്ച് വിൽപ്പന നടത്തുന്നതിനും പുതിയ നയം ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന തദ്ദേശീയരായ മണൽ വാരൽ തൊഴിലാളികൾ മുഖാന്തരം ഡ്രഡ്ജിംഗ് നടത്തുമ്പോൾ തൊഴിലാളികൾക്ക് വരുമാനം, ശുദ്ധീകരണം നടത്തുന്നതിലൂടെ ഉപഭോക്താക്കൾക്ക് ശുദ്ധമായ മണൽ, മണൽ വിൽപ്പനയിലൂടെ സർക്കാരിന് വരുമാനം എന്നിവ ലഭ്യമാകുന്നു.

## തെയ്യം മ്യൂസിയം

200 (3291) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ ചന്നപ്പുരയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സ്ഥലം മ്യൂസിയം മൃഗശാല ഡയറക്ടർക്ക് കൈമാറി കിട്ടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽപ്പെടുന്ന കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതുതായി ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് 27-7-2016 തീയതിയിലെ 131/16 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പ്രൊപ്പോസലിന്മേൽ ബഹു തുറമുഖ, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രിയുമായി മ്യൂസിയം മൃഗശാലാ ഡയറക്ടർ ആവശ്യമായ ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 7-8-2016 തീയതിയിൽ നിർദ്ദിഷ്ട സ്ഥലം ബഹു. എം.എൽ.എ.-യോടൊപ്പം നേരിൽ സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തു. കടന്നപ്പള്ളി വില്ലേജിലെ രേഖകൾ

പ്രകാരം പ്രസ്തുത 1.25 ഏക്കർ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതാണ്. ടി സ്ഥലം തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനായി മ്യൂസിയം മൃഗശാല വകുപ്പിന് കൈമാറുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും നിർദ്ദിഷ്ട സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിനായി "ലാന്റ് ട്രാൻസ്ഫർ ചെയ്തു ലഭ്യമാക്കുന്നതിനാവശ്യമായ അപേക്ഷ" 7-10-2016-ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ട്രേറ്റുമായി ബന്ധപ്പെട്ട് ത്വരിത ഗതിയിൽ നടപടികൾ സ്വീകരിക്കുന്നതിനായി സൂപ്രണ്ട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം, കോഴിക്കോടിനെ മ്യൂസിയം മൃഗശാലാ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതി

201 (T3292) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളാണ് ഇപ്രകാരം ഭിന്നശേഷി സൗഹൃദമാക്കുന്നത്;

(സി) ഇതിന്റെ ഭാഗമായി റേഡിയോ ഫ്രീക്വൻസി ഇന്ററാക്ടീവ് ഡിവൈസ് സംവിധാനം, ഗൈഡുകളുടെ സഹായത്തോടെ ബ്രെയിലി ലിപിയിൽ വിവരങ്ങൾ നൽകാനുള്ള സംവിധാനം എന്നിവ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മറ്റെന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മ്യൂസിയവും മൃഗശാലയും വകുപ്പ്, പുരാവസ്തു വകുപ്പ്, പുരാരേഖ വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള മ്യൂസിയങ്ങളാണ് ഇപ്രകാരം ഭിന്നശേഷി സൗഹൃദമാക്കുന്നത്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) അതെ. മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളിൽ റാമ്പ്, വീൽചെയർ, ലിഫ്റ്റ്, പ്രത്യേകം തയ്യാറാക്കിയ ടോയ്‌ലെറ്റുകൾ, പ്രത്യേക വാഹനപാർക്കിംഗ് സ്ഥലം എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗൈഡുകളുടെ സേവനം, കേൾവി, കേഴ്വി വൈകല്യം ബാധിച്ചവർക്ക് പ്രത്യേക സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) സമയബന്ധിതമായി ഒരു വർഷത്തിനകം പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ചരിത്ര സ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കുവാൻ പദ്ധതി**

202 (T 3293) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ചരിത്ര സ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച സ്മാരകങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാംസ്കാരിക പൈതൃകത്തിന്റെ അമൂല്യ സൂക്ഷിപ്പുകൾ വരും തലമുറയ്ക്കായി കരുതി വെയ്ക്കുന്നതിനായി പ്രത്യേക ശ്രദ്ധ നൽകുമോ;

(ഇ) നശിച്ചു കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ സാധിക്കാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും നശിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംരക്ഷിത സ്മാരകങ്ങളുടെ രാസസംരക്ഷണം സ്ട്രക്ച്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തി വരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു.

(സി) അടിയന്തര സംരക്ഷണം നൽകേണ്ട സ്മാരകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) ശ്രദ്ധ നൽകുന്നതാണ്.

(ഇ&എഫ്) അടിയന്തര സംരക്ഷണം ആവശ്യമായവ സംരക്ഷിച്ച് നിലനിർത്തുന്നതിനുള്ള നടപടി യഥാസമയം പുരാവസ്തു വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.

**സംരക്ഷിത സ്മാരകങ്ങൾ**

203 (3294) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ അധീനതയിൽ എത്ര സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവയെ സംരക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) യുനെസ്കോയുടെ പൈതൃക പട്ടികയിൽ നിലവിൽ കേരളത്തിലെ ഏതെല്ലാം സ്മാരകങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്; ഇനിയേതൊക്കെ ഉൾക്കൊള്ളിക്കുന്നതിനാണ് ശ്രമം നടത്തിവരുന്നത്;

(സി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടാൽ ഏതെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാകുമോയെന്നറിയിക്കാമോ;

(ഡി) നമ്മുടെ പൈതൃകത്തിന്റെയും ചരിത്രത്തിന്റെയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവി തലമുറയ്ക്ക് അവബോധം നൽകുന്നതിനുമായി ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ അധീനതയിൽ 179 സംരക്ഷിത സ്മാരകങ്ങളാണ് നിലവിലുള്ളത്. 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഒരു സ്മാരകത്തെ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നത്. 1968-ലെ ആക്ട് പ്രകാരം ഒരു സ്മാരകം സംരക്ഷണ യോഗ്യമാണെന്ന് ബോധ്യപ്പെട്ടതിനു ശേഷം സർക്കാർ ടി സ്മാരകവുമായി ബന്ധപ്പെട്ട് റവന്യൂ വിശദവിവരം ലഭ്യമാക്കി പ്രാഥമിക വിജ്ഞാപനവും തുടർന്ന് ഇത് സംബന്ധിച്ച് രണ്ട് മാസത്തിനകം ആക്ഷേപം ഒന്നും ലഭിക്കാത്തപക്ഷം പ്രസ്തുത സ്മാരകത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ട് അന്തിമ വിജ്ഞാപനവും പുറപ്പെടുവിക്കുന്നു.

(ബി) യുനെസ്കോയുടെ അന്തിമ പൈതൃക പട്ടികയിൽ പുരാവസ്തു വകുപ്പിന് കീഴിലുള്ള സ്മാരകങ്ങൾ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല. കന്യാകുമാരി ജില്ലയിലെ തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരത്തെ യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അന്തിമ പട്ടികയിൽ പുരാവസ്തു വകുപ്പിന്റെ സ്മാരകങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ വിശദാംശങ്ങൾ ലഭ്യമല്ല.

(ഡി) എല്ലാ ജില്ലകളുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അത് വരും തലമുറയ്ക്ക് പകർന്ന് നല്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കേണ്ട തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി നിലവിലെ താലൂക്ക് ഓഫീസ് ആയി പ്രവർത്തിച്ചു വരുന്നതിനാൽ ഇത് മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ പുരാവസ്തുക്കൾ

204 (3295) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തുവായി പ്രഖ്യാപിക്കപ്പെട്ട നിലവിലുള്ള സ്ഥാപനങ്ങളും കെട്ടിടങ്ങളും ഭൂമിയും ഏതൊക്കെയാണെന്നും അവയുടെ ചരിത്രപശ്ചാത്തലവും വിശദീകരിക്കാമോ; ഇത്തരത്തിലുള്ള സ്ഥാപനമോ കെട്ടിടങ്ങളോ ഭൂമിയോ അന്യാധീനപ്പെട്ടുപോയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം സംഭവങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ അവ തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ പൊവ്വൽ കോട്ട, ചന്ദ്രഗിരി കോട്ട, അനന്തപുരം ക്ഷേത്രത്തിലെ മ്യൂറൽ പെയിന്റിംഗുകളും, സ്റ്റോൺ ഇൻസ്ക്രിപ്ഷനും, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്ര കൊട്ടാരം, ബന്തടുക്ക കോട്ട എന്നിവ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പീലിക്കോട് ഗുഹ, അരിക്കാടി കോട്ട, പുതിയ കോട്ട എന്നിവയെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 1968-ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെ പരിധിയിൽ വരുന്ന സ്മാരകങ്ങളെയാണ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഒരു സ്ഥാപനവും കെട്ടിടങ്ങളും ഭൂമിയും അന്യാധീനപ്പെട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാസർഗോഡ് ചന്ദ്രഗിരി കോട്ട

205 (3296) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചന്ദ്രഗിരി കോട്ടയുടെ ഭാഗമായി പുരാവസ്തു വകുപ്പിന്റെ കൈവശം എത്ര ഏക്കർ സ്ഥലമാണുണ്ടായിരുന്നത്; ആയത് അത്ര തന്നെ ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഈ കോട്ടയുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഈ തുക ഇവിടെ ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കോട്ട സന്ദർശിക്കുന്നവരിൽനിന്നും പുരാവസ്തു വകുപ്പ് ഫീസ് ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വളരെ മനോഹരമായ ഈ കോട്ട നല്ല നിലയിൽ സംരക്ഷിച്ച് സന്ദർശകരിൽനിന്ന് ചെറിയ ഫീസ് ഈടാക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ചന്ദ്രഗിരി കോട്ടയുടെ ഭാഗമായി 7.76 ഏക്കർ സ്ഥലമുണ്ട്. ആയത് ഇപ്പോഴും നിലവിലുണ്ട്.

(ബി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ 3,00,000 (മൂന്ന് ലക്ഷം) രൂപയുടെ രാസസംരക്ഷണ പ്രവൃത്തികളും കൂടാതെ സ്ട്രക്ച്ചറൽ കൺസർവേഷൻ പ്രവൃത്തികളും നടത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരിഗണനയിലുണ്ട്. 2017-18-ലെ Plan Preparation Group-ൽ ചന്ദ്രഗിരിക്കോട്ടയുടെ ഒന്നാംഘട്ട പുനരുദ്ധാരണത്തിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള പ്രൊപ്പോസൽ അംഗീകരിച്ച് 2017-18 സാമ്പത്തിക വർഷത്തിലെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയം

206 (3297) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ 20% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2017 ഡിസംബർ 31-നകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

## പുരാവസ്തു വകുപ്പിന്റെ കീഴിലെ കോട്ടകൾ

207 (3298) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ പുരാവസ്തുവകുപ്പിന്റെ കീഴിൽ എത്ര കോട്ടകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ കോട്ടകളുടെ സാധാരണ സംരക്ഷണ പ്രവർത്തികൾക്ക് വർഷം തോറും എത്ര തുകയാണ് അനുവദിക്കാറുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മൂളിയാറിലുള്ള പൊവ്വൽ കോട്ടയ്ക്ക് അടുത്ത കാലത്ത് സംരക്ഷണത്തിനായി എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിരുന്നു; ഈ തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് ഇവിടെ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ അഞ്ച് കോട്ടകൾ ഉണ്ട്. അവ ചുവടെ പറയുന്നു:

1. പൊവ്വൽ കോട്ട, മൂളിയാർ
2. ചന്ദ്രഗിരിക്കോട്ട, കളനാട്
3. അരിക്കാടിക്കോട്ട, അരിക്കാടി
4. പുതിയകോട്ട, ഹോസ്ദുർഗ്
5. ബന്തടുക്ക കോട്ട, ബന്തടുക്ക

(ബി) പുരാവസ്തു വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ഒരു പ്രത്യേക കോട്ടയുടെ സംരക്ഷണത്തിനായി പ്രത്യേകമായി ഫണ്ട് അനുവദിക്കാറില്ല. പുരാവസ്തു വകുപ്പിലെ സംരക്ഷിത സ്മാരകങ്ങളുടെയും സംരക്ഷണ/നവീകരണ പ്രവർത്തനങ്ങൾക്ക് പൊതുവായാണ് ബഡ്ജറ്റിൽ തുക അനുവദിക്കാറുള്ളത്.

(സി) മൂളിയാറിലുള്ള പൊവ്വൽ കോട്ടയുടെ സംരക്ഷണാർത്ഥം 2014-15 സാമ്പത്തിക വർഷം 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രസ്തുത തുക ഉപയോഗിച്ച് കോട്ടയുടെ തകർന്ന ഭാഗങ്ങൾ വെട്ടുകല്ല് ഉപയോഗിച്ച് പുനർനിർമ്മിക്കൽ, കാവൽപുരയുടെ പുനരുദ്ധാരണ പ്രവൃത്തികൾ, കോട്ടയ്ക്കുള്ളിലെ ക്ഷേത്രത്തിനുള്ളിലെ പുനരുദ്ധാരണം, കോട്ടയ്ക്കുള്ളിലെ കാടും മറ്റും വൃത്തിയാക്കൽ, ക്ഷേത്രത്തിലേയ്ക്കുള്ള വഴിയുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

208 (3299) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഐ.ബി. സതീഷ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരാവസ്തുവകുപ്പിൻെറ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(സി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലാണ് ആയത് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം പൈതൃക സ്മാരകങ്ങൾക്കാണ് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) പൈതൃകത്തെക്കുറിച്ച് മറുനാടൻ മലയാളികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി കേരള പൈതൃകോത്സവം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇടുക്കി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണോത്ഘാടനം, മടവൂർപ്പാറ ഗുഹാക്ഷേത്രം പരിസ്ഥിതി സൗഹൃദ കേന്ദ്രമാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എക്സിബിഷൻ, സെമിനാർ എന്നിവയും വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കി വരുന്നു. ആദ്യ ഘട്ടത്തിൽ 8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം) സ്ഥലം കണ്ടെത്തി സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം ഒഴികെയുള്ള മറ്റ് എല്ലാ പൈതൃക മ്യൂസിയങ്ങളുടെയും സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ഡി) നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽനിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്. 1379.02 ലക്ഷം അടങ്കൽ തുകയുള്ള പദ്ധതിക്കായി 1049.92 ലക്ഷം കേന്ദ്രവിഹിതവും 329.1 ലക്ഷം സംസ്ഥാന വിഹിതവുമാണ്. ഇതിൽ നാളിതുവരെ 524.96 ലക്ഷം കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്.

(ഇ) കേരള പൈതൃകോത്സവം 2017 ഫെബ്രുവരി 25, 26, 27 തീയതികളിൽ ഹൈദരാബാദിൽ സംഘടിപ്പിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ എണ്ണം

209 (3300) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം/എം. പാനൽ ജീവനക്കാരുടെ എണ്ണവും പെൻഷൻകാരുടെ എണ്ണവും എത്ര എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ കുറവുമൂലം സർവ്വീസ് വെട്ടിക്കുറയ്ക്കുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നോട്ട് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. -ക്ക് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1/2017-ലെ കണക്കനുസരിച്ച്, കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം/ എംപാനൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | സ്ഥിരം | എംപാനൽ | പെൻഷൻകാർ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 9,586 | 2,593 | 12,343 |
| കൊല്ലം | 3,904 | 659 | 3,955 |

| (1) | (2) | (3) | (4) |
|---|---|---|---|
| ആലപ്പുഴ | 2,781 | 580 | 3,643 |
| പത്തനംതിട്ട | 1,599 | 499 | 1,714 |
| കോട്ടയം | 2,548 | 603 | 3,651 |
| ഇടുക്കി | 870 | 431 | 499 |
| എറണാകുളം | 4,041 | 884 | 4,587 |
| തൃശ്ശൂർ | 1,863 | 455 | 2,002 |
| പാലക്കാട് | 1,232 | 285 | 971 |
| മലപ്പുറം | 1,330 | 449 | 1,020 |
| കോഴിക്കോട് | 1,852 | 289 | 2,264 |
| വയനാട് | 1,374 | 357 | 404 |
| കണ്ണൂർ | 1,538 | 275 | 1,270 |
| കാസർഗോഡ് | 823 | 190 | 238 |
| ആകെ | 35,341 | 8,549 | 38,561 |

(ബി) ജീവനക്കാരുടെ കുറവുമൂലം കെ.എസ്.ആർ.ടി.സി. സർവ്വീസ് വെട്ടിക്കുറച്ചിട്ടില്ല.

(സി) നോട്ട് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. -യുടെ വരുമാനത്തിൽ നേരിയ കുറവ് സംഭവിച്ചതായി കാണുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികൾ**

210 (3301) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികൾ എത്രയെണ്ണം ബോഡി നിർമ്മിച്ച് പുറത്തിറങ്ങാതെ സൂക്ഷിക്കുന്നുണ്ട്;

(ബി) ബി.എസ്. 4 നിലവാരമില്ലാത്തതു കാരണം ബസ്സുകൾ രജിസ്ട്രേഷൻ ചെയ്യാൻ കഴിയാത്ത സ്ഥിതി വിശേഷം നിലവിലുണ്ടോ; വിശദീകരിക്കാമോ;

(സി) ഉണ്ടെങ്കിൽ അതിനുത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 204 എണ്ണം.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം**

211 (3302) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട റോഡ് സുരക്ഷയ്ക്കും സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പൊതുഗതാഗത സംവിധാനങ്ങളിൽ ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്രകോടി രൂപ ഇതിനകം ചെലവായി;

(സി) ഈ പദ്ധതി നടപ്പിലാക്കിയ ശേഷം റോഡ് സുരക്ഷയിലും സ്ത്രീസുരക്ഷയിലും എന്ത് പ്രകടമായ മാറ്റം ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ) പദ്ധതി നടപ്പിലാക്കി വരുന്നു. അവസാന ഘട്ടത്തിലാണ്.

(ബി) 4 കോടി 49 ലക്ഷം രൂപ കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC-ന് കൈമാറിയിട്ടുണ്ട്.

(സി) നിശ്ചിത തുകയുടെ 70 ശതമാനത്തോളം C-DAC-ന് നൽകിയതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയർ മുതലായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കി, പ്രാഥമിക നടപടിയെന്ന നിലയിൽ 100 ഡിപ്പാർട്ട്മെന്റ് വാഹനങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ ജി.പി.എസ്. സ്ഥാപിക്കുകയും ആയതിന്റെ നടപടികൾ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നതുമാണ്. ഇവയുടെ പ്രവർത്തനം പൂർത്തീകരിച്ച് ഇത് പൊതുവാഹനങ്ങളിൽ ഘടിപ്പിച്ചതിനുശേഷമേ ഈ പദ്ധതികൊണ്ടുള്ള പൂർണ്ണഫലം ലഭിക്കുകയുള്ളൂ. ആയതിനുള്ള ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**കെ.യു.ആർ.ടി.സി. ബസ്സ്**

212 (3303) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.ടി.സി.-യുടെ ആഭിമുഖ്യത്തിൽ എത്ര ഷെഡ്യൂളുകൾ ദിനംപ്രതി സർവ്വീസ് നടത്തുന്നുണ്ട്:

(ബി) കെ.യു.ആർ.ടി.സി.-യുടെ പ്രവർത്തനം ലാഭകരമാണോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസ്സുകൾ കെ.യു.ആർ.ടി.സി.-ക്ക് വേണ്ടി വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.യു.ആർ.ടി.സി. യുടെ ആഭിമുഖ്യത്തിൽ 171 എ.സി. ഷെഡ്യൂളുകളും, 411 നോൺ എ.സി. ഷെഡ്യൂളുകളും ഉൾപ്പെടെ 582 ഷെഡ്യൂളുകളാണ് ദിനം പ്രതി സർവ്വീസ് നടത്തേണ്ടത്. ആയതിൽ 426 ഷെഡ്യൂളുകൾ 6-3-2017-ൽ സർവ്വീസ് നടത്തിയിട്ടുണ്ട്.

(ബി) കെ.യു.ആർ.ടി.സി. പ്രവർത്തനലാഭത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 64 പുതിയ ബസ്സുകൾ ലഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്**

213 (3304) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് സംബന്ധിച്ച പ്രൊഫ. സുശീൽഖന്ന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പുനരുദ്ധാരണത്തിന്റെ ഭാഗമായി ഷെഡ്യൂൾ പുനക്രമീകരണം, ജീവനക്കാരുടെ പുനർവിന്യാസം, താൽക്കാലിക ജീവനക്കാരെ ഒഴിവാക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പഠനം പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി&സി) പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പുതിയ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ ജോലിയിൽ പ്രവേശിച്ചവരുടെ സർവ്വീസ് റെഗുലറൈസേഷൻ

214 (3305) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-12-2010 തീയതിയിലെ A1/2010 സർക്കാർ ഉത്തരവും PL17/036142/11 കെ.എസ്.ആർ.ടി.സി. ഉത്തരവും പ്രകാരം 14-12-2010-ന് ശേഷം കെ.പി.എസ്.സി. വഴി കെ.എസ്.ആർ.ടി.സി.-യിൽ ജോലിയിൽ പ്രവേശിച്ചവരുടെ സർവ്വീസ് റഗുലറൈസ് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ആറ് വർഷത്തോളമായി സർവ്വീസ് റെഗുലറൈസേഷൻ നടത്താത്തതിനാൽ കാട്ടാക്കട ഡിപ്പോയിലെ 200-ഓളം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും നിയമനം നൽകുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണ്. ഈ കാരണത്താൽ കെ.പി.എസ്.സി.-യുടെ സർവ്വീസ് വെരിഫിക്കേഷന് കാലതാമസം നേരിടുന്നു. ഇതുസംബന്ധിച്ച 22-7-2015-ലെ PL4/4913/14 എന്ന ചീഫ് ഓഫീസ് ഉത്തരവു പ്രകാരം 14-12-2010-നുശേഷം കെ.പി.എസ്.സി. വഴി നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് പരിശീലനകാലം പൂർത്തിയാകുന്ന മുറയ്ക്ക് അതാത് തസ്തികയിലെ അനുവദനീയ ശമ്പള സ്കെയിലിൽ ശമ്പളം നൽകണമെന്നും, എന്നാൽ ഇൻക്രിമെന്റ് അനുവദിക്കുന്നതും, സേവനകാലം ക്രമപ്പെടുത്തുന്നതും കെ.പി.എസ്.സി.-യുടെ നിയമന പരിശോധനയ്ക്ക് ശേഷം മാത്രമേ പാടുള്ളൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പി.എസ്.സി.-യുടെ നിയമന പരിശോധന ഘട്ടം ഘട്ടമായി നടന്നു കൊണ്ടിരിക്കുകയാണ്.

(ബി) 5-9-2013-ലെ കണ്ടക്ടർമാരുടെ അഡ്വൈസ് റിവൈസ് ചെയ്യേണ്ട കാരണത്താൽ ടി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ നിയമന പരിശോധന കെ.പി.എസ്.സി.-യിൽ ആരംഭിച്ചിട്ടില്ല. പ്രസ്തുത നടപടികൾ ഉടൻ തന്നെ ആരംഭിക്കുമെന്ന് പി.എസ്.സി.-യിൽ നിന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ കാട്ടാക്കട യൂണിറ്റിൽ ഏകദേശം 120 ജീവനക്കാരുടെ വെരിഫിക്കേഷൻ കൂടി നടത്തേണ്ടതുണ്ട്. ടി ജീവനക്കാരുടെ വെരിഫിക്കേഷൻ രേഖകൾ കെ.പി.എസ്.സി.-ക്ക് അയച്ചിട്ടുണ്ടെങ്കിലും, വെരിഫിക്കേഷൻ നടപടികൾ ഘട്ടംഘട്ടമായി നടന്നുവരികയാണ്.

**കെ.എസ്.ആർ.ടി.സി. യാത്രാ കാർഡ്**

215 (3306) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയ യാത്രാകാർഡ്, കൂടുതൽ വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി പുതുതായി ഏർപ്പെടുത്തിയ യാത്രാ കാർഡ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ വിശദമായ പഠനത്തിന് ശേഷം മാത്രമേ വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ യാത്രാകാർഡുകൾ പരീക്ഷണാ ടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്.

**കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്റർ**

216 (3307) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ഷെഡ്യൂളുകളാണ് നിലവിൽ ഉള്ളത്; ഇതിൽ എത്ര സർവ്വീസുകൾ ഇപ്പോൾ നടക്കുന്നുണ്ട്;

(ബി) പ്രസ്തുത ഓപ്പറേറ്റിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കാമോ; ഇതനുസരിച്ച് ഇപ്പോൾ ഓരോ തസ്തികയിലും എത്ര ജീവനക്കാരുടെ കുറവുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) യാത്രാക്ലേശം രൂക്ഷമായ മലയോര മേഖലയായ റാന്നിയിൽ പൊതു ഗതാഗത സംവിധാനം മെച്ചപ്പെടുത്താൻ റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ വഴി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ഷെഡ്യൂളുകൾ തടസ്സപ്പെടാതിരിക്കാനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ ജോലി ചെയ്യുന്നവരും എന്നാൽ റാന്നിയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടവരുമായ ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) ജീവനക്കാരുടെ അഭാവംമൂലം എ ക്ലാസ് ഷെഡ്യൂളുകൾ പോലും റദ്ദാക്കേണ്ടിവരുന്ന സാഹചര്യത്തിൽ റാന്നിയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ ജീവനക്കാർക്കും സ്ഥലംമാറ്റം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് മാസത്തെ കണക്ക് പ്രകാരം 13 ആർ.ടി.സി. ഷെഡ്യൂളുകളും ഒരു ടേക്ക് ഓവർ സർവ്വീസും, 2 ജൻറം സർവ്വീസുകളും ഉൾപ്പെടെ 16 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്ത് വരുന്നത്. റാന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2 നോൺ എ.സി. ജൻറം ഉൾപ്പെടെ 16 ഷെഡ്യൂളുകളാണ് ഉള്ളത്. ഈ ഷെഡ്യൂളുകൾ നടത്തുന്നതിനായി നിലവിൽ 2 ജൻറം ബസ്സുകൾ ഉൾപ്പെടെ 19 ബസ്സുകൾ ഉണ്ട്.

(ബി)

| തസ്തിക | ആവശ്യമായ ജീവനക്കാർ | നിലവിലുള്ള ജീവനക്കാർ | | ജീവനക്കാരുടെ കുറവ് |
|---|---|---|---|---|
| | | സ്ഥിരം | എംപാനൽ | |
| ഇൻസ്പെക്ടർ-ഇൻ-ചാർജ്ജ് | ... | 1 | ... | ... |
| ചാർജ്ജ്മാൻ | 1 | 1 | ... | ... |
| സ്റ്റേഷൻമാസ്റ്റർ | ... | ... | ... | ... |
| വെഹിക്കിൾ സൂപ്പർവൈസർ | ... | 1 | ... | ... |
| മിനിസ്റ്റീരിയൽ | 3 | 1 | 1 | 1 |
| ഡ്രൈവർ | 44 | 34 | 2 | 8 |
| കണ്ടക്ടർ | 44 | 21 | 22 | 1 |
| മെക്കാനിക്ക് | 11 | 8 | 2 | 1 |
| സ്റ്റോർ അസിസ്റ്റന്റ് | .. | ... | ... | ... |
| ഗാർഡ് | 3 | ... | 3 | ... |
| പ്യൂൺ | ... | ... | ... | ... |

(സി) മലയോര മേഖലയായ പത്തനംതിട്ട ജില്ലയിലെ റാന്നി മേഖലയിലെ യാത്രാക്ലേശം പരിഹരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് റാന്നി ഓപ്പറേറ്റിംഗ് സെന്റർ 15-2-2013-ൽ രൂപീകരിച്ചത്. നിലവിൽ 16 സർവ്വീസുകളാണ് വിവിധ മേഖലകളിലായി അയച്ച് വരുന്നത്. വരുമാനം കുറവുള്ള സർവ്വീസുകൾ സംസ്ഥാനാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിച്ച് വരികയാണ്. വരുമാന

വർദ്ധനവും, യാത്രാ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി തുടർ നടപടികൾ എല്ലാ യൂണിറ്റിലും സ്വീകരിച്ച് വരികയാണ്. ഒറ്റപ്പെട്ട മേഖലയിലേയ്ക്കും മലയോര മേഖലയിലേയ്ക്കുമുള്ള സർവ്വീസുകൾ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ട്രിപ്പുകൾ പരമാവധി നഷ്ടപ്പെടാത്ത വിധത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) റാന്നിയിലേയ്ക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ജീവനക്കാരിൽ നിന്നും ലഭ്യമായാൽ സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം**

217 (3308) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും റിട്ടയർ ചെയ്തവരുടെ പെൻഷൻ കാര്യക്ഷമമായ രീതിയിൽ വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ട് എത്ര മാസങ്ങളായെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ ആനുകൂല്യങ്ങൾ മാസാദ്യം തന്നെ വിതരണം ചെയ്യാനും കോർപ്പറേഷൻ കാര്യക്ഷമമാക്കാനും സ്വീകരിച്ച നടപടികൾ എന്തെന്നും, ഇതു പ്രകാരം കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016 മേയ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളൊഴികെയുള്ള മാസങ്ങളിൽ പെൻഷൻ കാര്യക്ഷമമായ രീതിയിൽ വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്തുവാൻ സമഗ്രമായ ഒരു പഠന റിപ്പോർട്ട് സമർപ്പിക്കാൻ ഐ.ഐ.എം.-ലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമഗ്ര പാക്കേജ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അന്യത്ര സേവനം**

218 (3309) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് അവധിയെടുത്ത് വിദേശത്തും മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന എത്രപേരുണ്ട്;

(ബി) പ്രസ്തുത ജീവനക്കാരുടെ അവധി റദ്ദ് ചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തിരികെ പ്രവേശിക്കുവാൻ അപേക്ഷ നൽകിയവർ എത്രപേരാണ്;

(ഡി) മാനേജ്മെന്റിന്റെ ഈ നടപടി കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽ നിന്ന് രക്ഷിക്കുവാൻ ഉതകുന്ന ഒന്നാണെന്ന് കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും അവധിയെടുത്ത് വിദേശത്തും, മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന 477 ജീവനക്കാർ ഉണ്ട്.

(ബി) പ്രസ്തുത ജീവനക്കാരുടെ അവധി റദ്ദ് ചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന നിർദ്ദേശം നൽകിയിട്ടില്ല.

(സി&ഡി) 'ബി' പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോ

219 (3310) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ യാത്രാനിരക്ക് വർദ്ധിപ്പിച്ചതിനുശേഷം ദിനംപ്രതി എത്ര ശതമാനം അധികവരുമാനം ലഭിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്താകെയുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന ഡിപ്പോകളുടെ പേരുവിവരങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന ഡിപ്പോകളിലേക്ക് അധികം ബസ്സുകൾ അനുവദിക്കാൻ ആലോചനയോ തീരുമാനമോ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) കാസർഗോഡ് ഡിപ്പോയിൽ അനുവദിക്കപ്പെട്ട സർവ്വീസുകളിൽ എത്ര ബസ്സുകളുടെ കുറവുണ്ടെന്ന് അറിയിക്കാമോ;

(ഇ) 2016 മാർച്ച് മാസത്തിനുശേഷം കാസർഗോഡ് ഡിപ്പോയിൽ എത്ര സർവ്വീസുകൾ വെട്ടിച്ചുരുക്കിയിട്ടുണ്ട്; അവ ഏതൊക്കെയാണ്;

(എഫ്) കാസർഗോഡ് ഡിപ്പോയ്ക്ക് കീഴിൽ പുതിയ സർവീസുകൾ അനുവദിക്കാൻ തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റൂട്ടുകളിലെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 21-12-2016-ലാണ് ഓർഡിനറി സർവ്വീസുകളിൽ മിനിമം ചാർജിൽ ഒരു രൂപയുടെ നിരക്ക് വർദ്ധനവ് ഉണ്ടായത്. ആയിനത്തിൽ ശരാശരി 23 ലക്ഷം രൂപയുടെ ദിനംപ്രതി അധികവരുമാനം ലഭിക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ഒരു ഡിപ്പോയും ലാഭത്തിൽ പ്രവർത്തിക്കുന്നില്ല.

(സി) ലാഭ-നഷ്ടം പരിഗണിക്കാതെ ഡിപ്പോ പ്രവർത്തിക്കുന്ന പ്രദേശത്തെ ട്രാഫിക് ഡിമാന്റ് കണക്കാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നത്.

(ഡി) നിലവിലുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകൾ നിലവിലുണ്ട്.

(ഇ) 2016 മാർച്ച് മാസത്തിനുശേഷം കാസർഗോഡ് ഡിപ്പോയിൽനിന്നും ഷെഡ്യൂളുകൾ വെട്ടിച്ചുരുക്കിയിട്ടില്ല.

(എഫ്) പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റുന്നതിന് പദ്ധതി**

220 (T 3311) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റുന്നതിന് ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഉത്പാദനക്ഷമതയുടെ കാര്യത്തിൽ ദേശീയ ശരാശരിയുമായിട്ടുള്ള അന്തരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അന്തരത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 2014-15 കണക്കനുസരിച്ച് വിവിധ സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ ഉല്പാദനക്ഷമതയുമായി ബന്ധപ്പെട്ട ചില പ്രധാന ഘടകങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* മറ്റ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ഉല്പാദനക്ഷമത കുറവാണ്. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിന് പ്രൊഫ.സുശീൽ ഖന്നയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ പെൻഷനും ശമ്പളവും

221 (3312) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ എത്ര തവണ യഥാസമയം ശമ്പളം വിതരണം ചെയ്യാൻ കഴിയാതെ വന്നു; എന്താണ് ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയത്;

(ബി) കെ.എസ്.ആർ.ടി.സി. യിൽ പെൻഷനും ശമ്പളവും മുടങ്ങിയതിന്റെ പേരിൽ മുൻകാലങ്ങളിൽ നടന്നിട്ടുള്ള പ്രതിഷേധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് ശമ്പള വിതരണം യഥാസമയം നടത്താൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തത്;

(ഡി) ഈ സ്ഥിതി വിശേഷം ആവർത്തിക്കാതിരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 മേയ്, ആഗസ്റ്റ് മാസങ്ങൾ ഒഴികെയുള്ള മാസങ്ങളിലെ ശമ്പളം യഥാസമയം വിതരണം ചെയ്യുന്നതിന് ചെറിയ കാലതാമസം വന്നിട്ടുണ്ട്. മുൻകാലങ്ങളിൽ എടുത്ത വായ്പകളുടെ തിരിച്ചടവ് ഉൾപ്പെടെയുള്ള ചെലവുകൾ വരുമാനത്തെക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായികൊണ്ടിരിക്കുന്നതിനാലുമാണ് ശമ്പളം യഥാസമയം വിതരണം ചെയ്യുവാൻ സാധിക്കാത്തത്.

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മിനിമം ചാർജ് ഒരു രൂപ കുറച്ചതും പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതും കെ.എസ്.ആർ.ടി.സി.ക്ക് വൻ ബാദ്ധ്യതയായി. കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന വരുമാനത്തിൽനിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഡീസലിന്റെ ചെലവും മാത്രമേ നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം ചാർജ് ഒരു രൂപ കുറച്ച നടപടി പിൻവലിച്ചെങ്കിലും ചെലവുകൾ വരുമാനത്തെക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതിനാലും പുതിയ വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. ടി വായ്പകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു പോരുന്നുണ്ട്.

(ഡി) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്താൻ ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷംകൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ച് വർഷംകൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിട്ടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിൽ നടത്തിവരികയും ചെയ്യുന്നു.

## കെ.എസ്.ആർ.ടി.സി. ബസിലെ ജീവനക്കാരുടെ എണ്ണം

222 (3313) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബസ് ഒന്നിന് എത്ര ജീവനക്കാരാണ് നിലവിലുള്ളത്;

(ബി) ഈ തോത് കുറയ്ക്കാൻ സാധിക്കുമോ; അതിന് ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബസൊന്നിന് 8.7 എന്ന നിരക്കിലാണ് ജീവനക്കാർ ഉള്ളത്.

(ബി) ഈ തോത് കുറയ്ക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ പാക്കേജ് പഠനം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളെ സി.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി

223 (3315) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളെ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) വാഹനങ്ങളിൽ സി.എൻ.ജി. നിറയ്ക്കുന്നതിനുള്ള സംവിധാനം ആദ്യപടിയായി ഏതൊക്കെ സ്ഥലങ്ങളിൽ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ വർഷാവസാനം കെ.എസ്.ആർ.ടി.സി.-യുടെ എത്ര പാസഞ്ചർ വാഹനങ്ങൾ സി.എൻ.ജി.-യിലേക്ക് മാറ്റാനാകുമെന്നാണ് കരുതുന്നത്; ഇതിലേക്കുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ

ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക് ഷോപ്പിലും, തേവരയിലും, തിരുവനന്തപുരം ആനയറയിലും, കൊല്ലത്തും, കണ്ണൂരിലും, തൃശ്ശൂരിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കി നടപ്പു വർഷത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ആദ്യ പടിയായി കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും, തേവരയിലും, തിരുവനന്തപുരം ആനയറയിലും, കൊല്ലത്തും, കണ്ണൂരിലും, തൃശ്ശൂരിലും വാഹനങ്ങളിൽ സി.എൻ.ജി. നിറയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) പുതിയ 1000 സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുവാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റ് സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്ന മുറയ്ക്ക് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസ്സുകൾ വീതം നിരത്തിലിറക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസുകളുടെ ഇന്ധനക്ഷമത

224 (3316) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ബസ്സുകളാണ് നിലവിലുള്ളതെന്നും, ഇവയിൽ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്നും വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ശരാശരി ഇന്ധനക്ഷമത വ്യക്തമാക്കാമോ; ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്താനുദ്ദേശ്യമുണ്ടോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 5824 ബസ്സുകളും കെ.യു.ആർ.ടി.സി.-ക്ക് 667 ബസ്സുകളുമാണുള്ളത്. ഇതിൽ 6-3-2017-ൽ കെ.എസ്.ആർ.ടി.സി.-യുടെ 4734 ബസ്സുകളും കെ.യു.ആർ.ടി.സി.-യുടെ 426 ബസ്സുകളും സർവീസ് നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ശരാശരി ഇന്ധനക്ഷമത 4.15-ഉം കെ.യു.ആർ.ടി.സി.-യുടേത് 3.06-ഉം ആണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലന പരിപാടികൾ നടത്തി വരുന്നു. ഇതുകൂടാതെ Fuel Cell വീണ്ടും രൂപീകരിച്ച് കേരളമൊട്ടാകെ ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നടത്തിവരുന്നു. ഇതു കൂടാതെ Fuel Card നടപ്പിലാക്കുകയും ഇതു പ്രകാരം ഡ്രൈവർമാരെ ബോധവത്കരിക്കുകയും ഉയർന്ന കെ.എം.പി.എൽ. കൈവരിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി പ്രതിദിന ഇൻസെന്റീവായി 100 രൂപ നല്കുകയും ചെയ്തു വരുന്നു. Petroleum Conservation Research Association-ന്റെ (PCRA) ആഭിമുഖ്യത്തിലും വാഹന നിർമ്മാതാക്കളായ അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി.ഇ. കൊമേഴ്സ്യൽ വെഹിക്കിൾസ്, വോൾവോ, സ്കാനിയ എന്നിവയുടെ സഹകരണത്തോടെയും പരിശീലനം നല്കിവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിനുള്ള സംവിധാനം

225 (3317) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഉള്ളത്;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന സർവ്വീസ് നടത്തുന്ന ബസ്സുകൾ അതാതുദിവസങ്ങളിൽ കഴുകി വൃത്തിയാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(സി) നിലവിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ വൃത്തിയാക്കിയും റിപ്പയർ ചെയ്തും കൂടുതൽ ജനസൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ബസ്സുകളും കഴുകി വൃത്തിയാക്കുന്നതിന് ഡിപ്പോ തലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വിവിധ ശ്രേണിയിൽപ്പെട്ട ബസ്സുകൾക്ക് പ്രത്യേകം പ്രത്യേകം നിരക്കുകൾ നിശ്ചയിച്ച് ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് സ്ഥിരം ജീവനക്കാരെയും, താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോ

226 (3318) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര ഷെഡ്യൂളുകൾ അനുസരിച്ചാണ് ബസ്സ് സർവ്വീസ് നടത്തുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഷെഡ്യൂൾ പ്രകാരം സർവ്വീസ് നടത്തുന്നതിന് ആവശ്യമായ ബസ്സുകൾ പയ്യന്നൂർ ഡിപ്പോയിൽ ഉണ്ടോ; ആയത് സംബന്ധിച്ച വിശദവിവരങ്ങൾ നല്കാമോ;

(സി) ആവശ്യമായ ബസ്സില്ലെങ്കിൽ അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ ഡിപ്പോയിൽ കെ.എസ്.ആർ.ടി.സി.-യുടെ 75 ഷെഡ്യൂളുകളും കെ.യു.ആർ.ടി.സി.-യുടെ 4 ഷെഡ്യൂളുകളും ചേർത്ത് 79 ഷെഡ്യൂളുകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| സൂപ്പർ എക്സ്പ്രസ് | - | 2 |
| സൂപ്പർ ഫാസ്റ്റ് | - | 2 |
| (ടേക്ക് ഓവർ | - | 1) |
| ഫാസ്റ്റ് പാസഞ്ചർ | - | 1 |
| (ടേക്ക് ഓവർ | - | 1) |
| ഓർഡിനറി | - | 70 |
| ജൻറം | - | 4 |

(ബി) ഷെഡ്യൂൾ പ്രകാരം സർവ്വീസ് നടത്തുന്നതിന് രണ്ട് സൂപ്പർ എക്സ്പ്രസ് ബസ്സുകളുടെ കുറവുണ്ട്.

(സി) പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് ബസ്സുകൾ അനുവദിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ്

227 (3319) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) ചെങ്ങന്നൂർ-കായംകുളം റൂട്ടിൽ കൊല്ലം-തേനി ബസിന് കോട്ടകുളഞ്ഞി ഷാപ്പ് പടിക്ക് സ്റ്റോപ്പ് അനുവദിക്കുന്നതു സംബന്ധിച്ച നാട്ടുകാരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഈ സ്ഥലത്ത് നാട്ടുകാരുടെ ആവശ്യപ്രകാരം എന്ന് സറ്റോപ്പ് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ നിർദ്ദേശങ്ങൾ ഇല്ല.

(ബി&സി) പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നത് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ചെയിൻ സർവ്വീസ് ആണ്. കോട്ടകുളഞ്ഞി ഷാപ്പ് പടിക്ക് നിന്നും ഏകദേശം 500 മീറ്റർ അകലെ കോട്ടകുളഞ്ഞി ജംഗ്ഷനിലും, 600 മീറ്റർ അകലെ ഒട്ടാഫീസിലും നിലവിൽ സ്റ്റോപ്പ് ഉണ്ട്. ആയതിനാൽ ടി സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുവാൻ നിലവിൽ കഴിയില്ല.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെയും ജീവനക്കാരുടെയും എണ്ണം

228 (3320) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര ബസ്സുകളാണ് നിലവിൽ സർവ്വീസ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ എത്ര ജീവനക്കാരാണ് കെ.എസ്.ആർ.ടി.സി.യിൽ ഉള്ളതെന്ന് വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ഏക്കർ ഭൂമിയാണ് ഉള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 5824 ബസ്സുകളും കെ.യു.ആർ. ടി.സി.-ക്ക് 667 ബസ്സുകളുമാണുള്ളത്.

(ബി) ഇതിൽ 6-3-2017-ൽ കെ.എസ്.ആർ.ടി.സി.-യുടെ 4734 ബസ്സുകളും കെ.യു.ആർ.ടി.സി.-യുടെ 426 ബസ്സുകളും സർവീസ് നടത്തിയിട്ടുണ്ട്.

(സി) 1/2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 35341 സ്ഥിരം ജീവനക്കാരും, 8549 എംപാനൽ ജീവനക്കാരും ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് എല്ലാ ജില്ലകളിലുമായി 172 ഹെക്ടർ 90 ആർ ഭൂമിയുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള ഭൂമിയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

229 (3321) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുന്നതിന് 2016 നവംബറിന് ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികളിലൂടെ കോർപ്പറേഷന്റെ മൊത്തം വരുമാനത്തിൽ എത്രശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(സി) കോർപ്പറേഷൻ ലാഭത്തിലാക്കുന്നതിന് കെ.എസ്.ആർ.ടി.സി. നൽകുന്ന ഡീസൽ വില്പന നികുതി ഒഴിവാക്കാൻ ധനവകുപ്പിനോട് അഭ്യർത്ഥന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ. ടി.സി.-യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാനമുള്ള ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാനും തുടർനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചത് പ്രകാരം ടി സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് മേഖലാ അധികാരികൾക്കും യൂണിറ്റധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടന്നു വരുന്നതിനാലും ലാഭകരമല്ലാത്ത സർവ്വീസുകൾ നിർത്തലാക്കിയിട്ടില്ലാത്തതിനാലും ടി പ്രവർത്തനങ്ങൾമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ലാഭം ഉണ്ടായിട്ടുണ്ടോ എന്നുള്ള വിവരം കണക്കാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസിലേക്ക് (CNG)-ലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓഫ്-റോഡ് നിരക്ക് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പകൽ സമയങ്ങളിൽ പരമാവധി വാഹനങ്ങൾ സർവ്വീസിന് ലഭ്യമാക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ ഡിപ്പോകളിലും രാത്രികാല മെയിന്റനൻസ് ആരംഭിച്ചു കഴിഞ്ഞു. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉയർന്ന കെ.എം.പി.എൽ. കൈവരിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി പ്രതിദിന ഇൻസെന്റീവായി 100 രൂപ നല്കി വരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമെ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, കാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചുവരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികളിലൂടെ മാത്രം കോർപ്പറേഷന്റെ മൊത്തം വരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ശതമാനം കണക്കാക്കുക പ്രായോഗികമല്ല.

(സി) ഉണ്ട്.

**കെ.എസ്.ആർ.ടി.സി.യുടെ സമഗ്രപുനരുദ്ധാരണ പാക്കേജ്**

230 (3322) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കടഭാരം ഏറ്റെടുക്കും, സമഗ്രപുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും, സമയബന്ധിതമായി പെൻഷൻ ലഭിക്കുമെന്ന് ഉറപ്പുവരുത്തും എന്നീ ഇടതുമുന്നണി പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ഇതിനുള്ള കാരണം എന്താണ്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക ധനസഹായമായി എന്ത് തുകയാണ് അനുവദിച്ചിരുന്നത്?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്താൻ ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്. ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലി റക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തി വരുന്നത്.

(ബി) (എ) പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) പെൻഷൻ നൽകുന്നതിനായി സർക്കാർ നൽകിയിരുന്ന വായ്പ 20 കോടി രൂപയിൽനിന്നും 8/2016 മുതൽ 27.5 കോടി രൂപയായും 2/2017 മുതൽ ടി തുക 30 കോടി രൂപയായും വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്.

(ഡി) 2011-2016 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാരിൽനിന്നും അനുവദിച്ച ധനസഹായത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന ചെലവ്

231 (3323) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ചെലവിനത്തിലെ ഏറ്റവും കൂടിയ ഇനമായ ഇന്ധന ചെലവ് കുറയ്ക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമായിരുന്നു;

(ബി) ബസ്സുകൾ സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിനായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി ; ജർമ്മൻ കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം സി.എൻ.ജി. ബസ്സുകൾ നിരത്തിലിറങ്ങിത്തുടങ്ങിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇത്തരം ബസ്സുകളുടെ വില മറ്റ് ബസ്സുകളുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ അധികമുണ്ടോ; ഇത് കെ.യു.ആർ.ടി.സി.-ക്ക് അധിക ബാധ്യതയാകാതെ ഇന്ധനക്ഷമതയുടെ വ്യത്യാസം വഴി നികത്താൻ സാധിക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ Fuel Cell വീണ്ടും രൂപീകരിച്ച് കേരളമൊട്ടാകെ ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നടത്തിവരുന്നു. ഇതുകൂടാതെ Fuel Card നടപ്പിലാക്കുകയും ഇതു പ്രകാരം ഡ്രൈവർമാരെ ബോധവത്കരിക്കുകയും ഉയർന്ന കെ.എം.പി.എൽ. കൈവരിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി പ്രതിദിന ഇൻസെന്റീവായി 100 രൂപ നല്കിവരികയും ചെയ്യുന്നു. Petroleum Conservation Research Association-ന്റെ (PCRA) ആഭിമുഖ്യത്തിലും വാഹന നിർമ്മാതാക്കളായ അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി.ഇ. കൊമേഴ്സ്യൽ വെഹിക്കിൾസ്, വോൾവോ, സ്കാനിയ എന്നിവയുടെ സഹകരണത്തോടെയും പരിശീലന പരിപാടികൾ നല്കി വരുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.-യുമായി നിരവധി തവണ

ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.-യുടെ ആലുവ റീജിയണൽ വർക്ക് ഷോപ്പിലും, തേവരയിലും തിരുവനന്തപുരം ആനയറയിലും കൊല്ലത്തും കണ്ണൂരിലും തൃശ്ശൂരിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനും നടപ്പു വർഷത്തിൽ സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ബസ്സുകൾ സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് ജർമ്മൻ കമ്പനിയുമായി കരാർ ഉണ്ടാക്കിയിട്ടില്ല.

(സി) ഉണ്ട്. സി.എൻ.ജി. ബസ്സുകൾക്ക് മറ്റ് ബസുകളുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ വില അധികമായി വരും. ബസുകൾ നിരത്തിലിറക്കുന്നത് കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലാണ്. ഇന്ധന ചെലവിൽ ലാഭം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ കേരളത്തിൽ ലഭ്യമാകുന്ന സി.എൻ.ജി.-യുടെ വില അറിഞ്ഞാൽ മാത്രമേ ഇത് കൃത്യമായി പറയുവാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി.യുടെ വായ്പാ ബാദ്ധ്യത**

232 (3324) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും നിലവിൽ കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പയുടെ വിവരങ്ങൾ നൽകുമോ; ഏതിനെല്ലാമാണ് വായ്പ എടുത്തിട്ടുള്ളത്; എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തിട്ടുള്ളത്; ഈയിനത്തിൽ പ്രതിവർഷം ഒടുക്കേണ്ടുന്ന പലിശ എത്രയാണ്; വിശദമാക്കമോ;

(ബി) ഹഡ്കോ,എൽ.ഐ.സി. എന്നീ സ്ഥാപനങ്ങളിൽനിന്ന് കെ.എസ്. ആർ.ടി.സി. വായ്പ സ്വീകരിച്ചിട്ടുണ്ടോ; പലിശ ഉൾപ്പെടെ ആയതിന്റെ വിശദ വിവരങ്ങൾ നൽകുമോ;

(സി) വളരെ കൂടിയ നിരക്കിലുള്ള പലിശ ഒഴിവാക്കി ചുരുങ്ങിയ നിരക്കിലുള്ള പലിശ സ്വീകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്ന് കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പയിൽ 501.44 കോടി രൂപയുടെ വായ്പാ തുക റീവർക്ക് ചെയ്ത പ്രകാരം, കെ.എസ്.ആർ.ടി.സി.-ക്ക് കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും നല്കിയിട്ടുള്ളത്

സംബന്ധിച്ച റീകൺസിലിയേഷൻ നടപടി പൂർത്തിയായതിനുശേഷമേ കെ.റ്റി. ഡി.എഫ്.സി.-യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്ത വായ്പ തുകയുടെ കൃത്യമായ കണക്ക് ലഭിക്കുകയുള്ളു.

പ്രവർത്തന മൂലധന ചെലവുകൾക്കു വേണ്ടിയാണ് ടി വായ്പ എടുത്തിട്ടുള്ളത്.

(ബി) ഉണ്ട്. 31-1-2017-ലെ കണക്കനുസരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പകൾ ലഭ്യമാക്കുന്നതിനായി വിവിധ ധനകാര്യസ്ഥാപനങ്ങളെ സമീപിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം**

233 (3325) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം ഇതര സംസ്ഥാനങ്ങളുടെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്ത് പഠനമോ റിപ്പോർട്ടോ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പഠനത്തിലെ വസ്തുതകൾ വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് സാധാരണക്കാർക്ക് ഉപകാരപ്രദമായ പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ഡി) ജീവനക്കാർ ഡ്യൂട്ടി സമയത്ത് തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന നിർദ്ദേശം നൽകുമോ;

(ഇ) കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്കും മറ്റും നൽകുന്ന യാത്രാ സൗജന്യത്തിന് പകരമായി ബഡ്ജറ്റിൽ പ്രത്യേക ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്താൻ ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസ്സുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 1-2-2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തി വരുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർ തിരിച്ചറിയൽ കാർഡ് ഡ്യൂട്ടി സമയത്ത് ധരിക്കണമെന്ന കർശന നിർദ്ദേശം 24-11-2015-ലെ LR7/005511/2015 പ്രകാരം നൽകിയിട്ടുണ്ട്.

(ഇ) പെൻഷൻ വിതരണത്തിനും മൂലധന നിക്ഷേപത്തിനുമായി പരമാവധി സാമ്പത്തിക സഹായം പ്ലാൻ, നോൺ പ്ലാൻ ഫണ്ട് മുഖേന ലഭ്യമാക്കി വരുന്നതിനാൽ പ്രത്യേക ഫണ്ട് വകയിരുത്തുന്ന കാര്യം പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ യാത്രാകാർഡുകൾ**

234 (3326) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരം യാത്രക്കാർക്കായി യാത്രാകാർഡുകൾ എന്ന പരിഷ്കാരത്തോട് പൊതുജനങ്ങളുടെ താല്പര്യം പ്രോത്സാഹജനകമാണോ;

(ബി) നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിന് ഇപ്രകാരമുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) യാത്രാകാർഡുകൾക്ക് പൊതുജനങ്ങൾക്കിടയിൽ വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. ഇത് തികച്ചും പ്രോത്സാഹജനകമാണ്.

(ബി) ഇപ്രകാരം പൊതുജനങ്ങൾക്ക് സൗകര്യപ്രദവും കോർപ്പറേഷന് ലാഭകരവുമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

235(3327) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ജനസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകളിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ജനസൗഹൃദമാക്കുന്നതിന് ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് മറ്റ് സംസ്ഥാനങ്ങളിലെ 6 കൗണ്ടറുകൾ ഉൾപ്പെടെ 24 കൗണ്ടറുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 14 പ്രൈവറ്റ് ഫ്രാഞ്ചൈസികളും ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സി. ബസ്സുകളിലും മുൻകൂർ ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പണം കയ്യിൽ കരുതാതെ തന്നെ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള ട്രാവൽ കാർഡ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. നാലുതരം ട്രാവൽ കാർഡുകളാണ് നിലവിലുള്ളത്. സ്ത്രീകൾക്ക് മാത്രമായി പിങ്ക് ബസ്സുകൾ നിരത്തിലിറക്കി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ സി.എൻ.ജി. ഉപയോഗിച്ചോടുന്ന 1000 ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള ഭരണാനുമതിയും നല്കിയിട്ടുണ്ട്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്.

**ഗരുഡ മഹാരാജ സർവ്വീസിന് ചാലക്കുടിയിൽ സ്റ്റോപ്പ്**

236 (3329) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. നടത്തുന്ന അന്തർസംസ്ഥാന സർവ്വീസായ ഗരുഡ മഹാരാജ സർവ്വീസിന് ചാലക്കുടിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും ഇ-ടിക്കറ്റ് റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലവിൽ ചാലക്കുടി ബൈപ്പാസിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ സൗകര്യം ഒരുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## റോഡ് സുരക്ഷാ ഫണ്ട്

237(3330) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ ഫണ്ടിൽനിന്നും ഏതെല്ലാം പ്രവൃത്തികൾക്കായാണ് നിലവിൽ പണം ഉപയോഗിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി റോഡ് സുരക്ഷാ ഫണ്ടിൽനിന്നും പണം വിനിയോഗിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ആയതിനു വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2007-ലെ കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ടിന്റെ 13-ാം വകുപ്പനുസരിച്ച് റോഡ് സേഫ്റ്റി ഫണ്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്:

- റോഡ് സുരക്ഷാ പരിപാടികൾക്ക്
- റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക്
- റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്
- റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നല്കുന്നതിന്
- ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും
- അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്
- അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്
- നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും

(ബി) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്നപക്ഷം അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

## ഹെവി വെഹിക്കിൾസ്/ഗുഡ്സ് വാഹനങ്ങൾ എന്നിവമൂലമുണ്ടാകുന്ന അപകടങ്ങൾ

238 (3331) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഓടുന്ന ഹെവി വെഹിക്കിൾസ്/ഗുഡ്സ് വണ്ടികൾ എന്നിങ്ങനെയുള്ള വലിയ വാഹനങ്ങൾ പലതരത്തിലുള്ള അപകടമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള വണ്ടികളിൽ ഡ്രൈവർ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വാഹനങ്ങളിൽ ക്ലീനർമാർ നിർബന്ധമായും ഉണ്ടായിരിക്കണമെന്നുള്ളതിന് അടിയന്തര ഉത്തരവിറക്കി അപകടങ്ങൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വലിയ വാഹനങ്ങളിൽ അമിതഭാരം കയറ്റി മൂടിക്കെട്ടി പോകുന്നത് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ഇ) ഇങ്ങനെയുള്ള കള്ള വാഹനങ്ങൾ രാത്രി 12 മണിക്കും രാവിലെ 6 മണിക്കും ഇടയിലാണ് റോഡുകളിൽ കൂടി അമിത വേഗത്തിൽ ഓടുന്നതെന്ന വസ്തുത മനസ്സിലാക്കി, ഇത് കുറ്റമറ്റതാക്കാൻ രാത്രി സ്ക്വാഡിനെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. കേരള മോട്ടോർ വാഹന ചട്ടം 368 പ്രകാരം എല്ലാ ഹെവി മോട്ടോർ വാഹനങ്ങളിലും 20 വയസ്സിൽ അധികം പ്രായമുള്ള ഒരു സഹായിയെങ്കിലും ഉണ്ടാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വാഹനം ഓടിക്കുമ്പോൾ ഡ്രൈവർക്ക് പിന്നിൽനിന്നുവരുന്ന വാഹനങ്ങളെക്കുറിച്ചുള്ള വിവരം നൽകുവാൻ ഇദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്താനാണ് ഇത്തരത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. അപകടങ്ങൾ കുറയ്ക്കാനുള്ള നടപടികൾ ശക്തിപ്പെടുത്തും.

(ഡി) വലിയ വാഹനങ്ങളിൽ അമിതഭാരം കയറ്റി മൂടിക്കെട്ടി പോകുന്ന വാഹനങ്ങളെ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ആയതിൽ ക്രമക്കേട് കണ്ടുപിടിക്കുന്നപക്ഷം വാഹനത്തിനെതിരെ നിയമ നടപടി സ്വീകരിക്കാറുണ്ട്.

(ഇ) അമിതഭാരം കയറ്റി രാത്രികാലങ്ങളിൽ പോകുന്ന വാഹനങ്ങളെ പരിശോധിക്കാൻ വകുപ്പ് രാത്രികാല സ്ക്വാഡിനെ നിലവിൽ നിയമിച്ചിട്ടുണ്ട്.

**തിരു-കൊച്ചി ബസ് സർവ്വീസ്**

239 (3332) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് ആരംഭിച്ച തിരു-കൊച്ചി ബസ് സർവ്വീസ് ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ബസ്സുകളുടെ സമയക്രമത്തിലുള്ള അപാകതമൂലം നഷ്ടത്തിലാണെന്ന കാരണത്താൽ ഷെഡ്യൂളുകൾ റദ്ദാക്കാറുണ്ടോ; വിശദാംശം നൽകാമോ;

(സി) തിരു-കൊച്ചി ബസ് സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളത്ത് ആരംഭിച്ച തിരു-കൊച്ചി ബസ് സർവ്വീസ് ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. എറണാകുളം മേഖലയിൽ ആകെ 68 തിരു-കൊച്ചി ഷെഡ്യൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതിൽ ശരാശരി 44 ഷെഡ്യൂളുകൾ ദിവസംപ്രതി നടത്തിവരുന്നു.

(ബി) ഷെഡ്യൂളുകളൊന്നും തന്നെ സ്ഥിരമായി റദ്ദാക്കാറില്ല. വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാന കൂടുതലുള്ള ഷെഡ്യൂളുകളാക്കി സർവ്വീസ് നടത്തുന്നതിന് വേണ്ടിയാണ് ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നത്. വരുമാന വർദ്ധനവ് ഉദ്ദേശിച്ച് ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുമ്പോൾ പ്രധാനപ്പെട്ട എല്ലാ ട്രിപ്പുകളും നിലനിർത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തിരു-കൊച്ചി ബസ് സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി യാത്രാക്ലേശം രൂക്ഷമായ മേഖലകളിലേക്കും, കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിക്കുന്ന മേഖലകളിലേക്കും യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് സർവ്വീസുകൾ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കും.

**എടത്വ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ നവീകരണം**

240 (3333) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ എടത്വയിലെ കെ.എസ്. ആർ.ടി.സി. ബസ് ഡിപ്പോ നവീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയുടെ ഗ്രൗണ്ട് പരിഷ്കരിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി ഉണ്ടാകുമോ;

(സി) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി പുരോഗമിക്കുന്ന തിനനുസരിച്ച് നിലവിലെ ഗ്യാരേജ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡിപ്പോയിലെ ഗ്രൗണ്ട് നിലവിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

## താനൂർ നിന്നും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

241 (T3335) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിന്നും കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ അഭാവം കാരണം യാത്രക്കാർ അനുഭവിക്കുന്ന വലിയ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വളരെ തിരക്കേറിയതും ലാഭകരമെന്നും വിലയിരുത്തപ്പെടുന്ന താനൂർ-വട്ടത്താണി-വൈലത്തൂർ-കോട്ടയ്ക്കൽ-മലപ്പുറം ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത റൂട്ടിൽ ഒരു കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ടി റൂട്ടിൽ പുതിയ സർവ്വീസുകൾക്ക് അനുമതി നൽകുന്ന അവസരത്തിൽ ജൻറം ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## അന്തർ സംസ്ഥാന ബസ് സർവ്വീസ്

242 (3336) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി ബസ് സർവ്വീസ് നടത്തുന്നതിനുള്ള അന്തർ സംസ്ഥാന കരാർ ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കേരളം ഒപ്പു വച്ചിരിക്കുന്നത്; കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) കെ.എസ്.ആർ.ടി.സി. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കരാറുകളാണ് നിലവിലുള്ളത്; കേരളത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണ് കെ.എസ്.ആർ.ടി.സി. ഇത്തരത്തിൽ അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത്;

(സി) അന്യസംസ്ഥാനക്കാർ ധാരാളം താമസിക്കുന്ന റാന്നിയിൽനിന്നും ബാംഗ്ലൂർ, മധുര, തെങ്കാശി എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളുമായാണ് കേരളം അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത്. റൂട്ട്, ബസ്സുകളുടെ എണ്ണം, കിലോമീറ്റർ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയാണ് അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കേരള-കർണ്ണാടക:

1976-ലാണ് കർണ്ണാടക സംസ്ഥാനവുമായി അന്തർ സംസ്ഥാന ഗതാഗത കരാറിന് കേരള സർക്കാർ രൂപം നൽകിയത്. 30-6-1976-ൽ ഈ കരാർ കേരള സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിക്കുകയുണ്ടായി. വിവിധ റൂട്ടുകളിലായി 12586.8 കിലോമീറ്റർ ദൂരം കർണ്ണാടക സംസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനാണ് ഈ കരാറിൽ ധാരണ ഉണ്ടാക്കിയത്. തുടർന്ന് 1992-ൽ 7460 കിലോമീറ്റർ ദൂരത്തിനും, 2005-ൽ 7995 കിലോമീറ്റർ ദൂരത്തിനും, 2009-ൽ 14301 കിലോമീറ്റർ ദൂരത്തിനും പരിധി നിശ്ചയിച്ച് സപ്ലിമെന്ററി അന്തർ സംസ്ഥാന കരാറുകളിലും ഇരുസംസ്ഥാനങ്ങളും തമ്മിൽ ഏർപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച കരാറുകളിലെല്ലാം കൂടി 42342.8 കിലോമീറ്റർ ദൂരം കർണ്ണാടക സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിന് പുറമെ മംഗലാപുരം, മൈസൂർ, സുള്ള്യ, കൊല്ലൂർ, പുത്തൂർ, മെർക്കാറ, സുബ്രഹ്മണ്യ, ധർമ്മസ്ഥല, ബാഗമണ്ഡല, മാനസ, കട്ടീൽ ഉഡുപ്പി, കർക്കാല, മുഡബിധിരെ തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തി വരുന്നുണ്ട്. പുതുതായി 17 റൂട്ടുകളിലായി 84 ബസ്സുകൾ ഉപയോഗിച്ച് 12294.6 കിലോമീറ്റർ ദൂരം കെ.എസ്.ആർ.ടിസി. കർണ്ണാടക സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിന് 2016-ൽ ഇരുസംസ്ഥാനങ്ങളും തമ്മിൽ ധാരണയായിട്ടുണ്ട്.

കേരള - തമിഴ്നാട് :

തമിഴ്നാടുമായും ആദ്യമായി അന്തർസംസ്ഥാന കരാറിൽ കേരളം ഏർപ്പെടുന്നത് 1976-ലാണ്. അതിനുശേഷം തമിഴ്നാടുമായി 1979, 1984, 1995, 1998, 2008 എന്നീ വർഷങ്ങളിൽ 5 സപ്ലിമെന്ററി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ കരാറുകളിൽ എല്ലാമായി കേരളം തമിഴ്നാട്ടിലേക്ക് 33016 കിലോമീറ്ററും തമിഴ്നാട് കേരളത്തിലേയ്ക്ക് അത്രയും കിലോമീറ്ററും സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ കരാറിലും സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള കിലോമീറ്ററിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1976 | - | 10691.4 |
| 1979 | - | 2132.0 |
| 1984 | - | 9585.4 |
| 1995 | - | 1907.8 |
| 1998 | - | 4467.4 |
| 2008 | - | 4232.4 |
| ആകെ | | 33016.4 |

കേരളം തമിഴ്നാട്ടിലെ മധുര, പളനി, വേളാങ്കണ്ണി, നാഗർകോവിൽ, തെങ്കാശി, പൊള്ളാച്ചി, കോയമ്പത്തൂർ, സേലം തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ഒട്ടേറെ സർവ്വീസ് നിലവിൽ നടത്തി വരുന്നുണ്ട്. തമിഴ്നാട്ടിൽ 8865 കിലോമീറ്റർ ദൂരം കൂടുതലായി സർവ്വീസ് നടത്തുന്നതിന് പുതിയ അന്തർ സംസ്ഥാന കരാറിന് കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലെ സ്റ്റേറ്റ് എക്സ്പ്രസ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി ധാരണയിൽ എത്തി കഴിഞ്ഞിട്ടുണ്ട്.

(ബി) ഉത്തരം (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്ന കെ.എസ്.ആർ.ടിസി. യൂണിറ്റുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം
2. കൊല്ലം
3. കൊട്ടാരക്കര
4. കോട്ടയം
5. ആലപ്പുഴ
6. ചെങ്ങന്നൂർ
7. തിരുവല്ല
8. എറണാകുളം
9. ചങ്ങനാശ്ശേരി
10. തൃശ്ശൂർ

11. വിഴിഞ്ഞം
12. നെയ്യാറ്റിൻകര
13. ചേർത്തല
14. പാറശ്ശാല
15. മാവേലിക്കര
16. ഈരാറ്റുപേട്ട
17. കായംകുളം
18. വടകര
19. പാലാ
20. പത്തനംതിട്ട
21. പുനലൂർ
22. കുളത്തുപ്പുഴ
23. ആര്യങ്കാവ്
24. തൊട്ടിൽപ്പാലം
25. നിലമ്പൂർ
26. പെരിന്തൽമണ്ണ
27. കുമിളി
28. ആലുവ
29. പൊന്നാനി
30. മൂന്നാർ
31. അടൂർ
32. പാലക്കാട്
33. ചിറ്റൂർ
34. വടക്കൻചേരി

35. മലപ്പുറം

36. കോഴിക്കോട്

37. താമരശ്ശേരി

38. മണ്ണാർക്കാട്

39. സുൽത്താൻബത്തേരി

40. കൽപ്പറ്റ

41. ഗുരുവായൂർ

42. മാനന്തവാടി

43. കണ്ണൂർ

44. തലശ്ശേരി

45. കാസർഗോഡ്

46. പയ്യന്നൂർ

47. കാഞ്ഞങ്ങാട്

(സി) അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ റാന്നിയിൽനിന്നും ബാംഗ്ലൂർ, മധുര, തെങ്കാശി എന്നിവിടങ്ങളിലേക്ക് പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

**വാമനപുരം മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

243(3337) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട്, പാലോട് എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ആവശ്യത്തിന് ബസ്സുകൾ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ഡിപ്പോകളിലേക്ക് ആവശ്യമായ ബസ്സുകൾ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പാലോട് ഡിപ്പോയിൽ 3 ജൻറം ഷെഡ്യൂളുകൾ ഉൾപ്പെടെ 35 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ്സുകൾ ഉൾപ്പെടെ 38 ബസ്സുകൾ ആവശ്യമാണ്. ഡിപ്പോയിൽ 37 ബസ്സുകൾ നിലവിലുണ്ട്. വെഞ്ഞാറമൂട് ഡിപ്പോയിൽ 4 ജൻറം ഷെഡ്യൂളുകൾ ഉൾപ്പെടെ 63 ഷെഡ്യൂളുകൾ ഓപ്പറേറ്റ ചെയ്യുന്നതിന് സ്പെയർ ബസ്സുകൾ ഉൾപ്പെടെ 70 ബസുകൾ ആവശ്യമാണ്. ഡിപ്പോിൽ 60 ബസ്സുകൾ നിലവിലുണ്ട്.

(ബി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് മാറ്റപ്പെടുന്ന പഴയ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക**

244 (3338) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ടോ; 31-1-2017-ലെ കണക്ക് അനുസരിച്ച് എത്രമാസത്തെ പെൻഷൻ കുടിശ്ശിക വന്നിട്ടുണ്ട്; തുക എത്രയാണ്;

(ബി) പ്രതിമാസ ശമ്പള ഇനത്തിൽ മുഴുവൻ തുകയും ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; ഇപ്പോൾ ശമ്പള ഇനത്തിലെ കുടിശ്ശിക എത്രയാണ്?

ഉത്തരം

(എ) ഉണ്ട്. 31-1-2017-ലെ കണക്കനുസരിച്ച് 2016 ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ 50% പെൻഷൻ കുടിശ്ശിക വന്നിട്ടുണ്ട്. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

2016 ഡിസംബർ മാസം - 29.60 കോടി രൂപ 2017 ജനുവരി മാസം -28.83 കോടി രൂപ.

(ബി) ഉണ്ട്. കുടിശ്ശിക ഇല്ല.

**സ്വകാര്യ ബസ് സർവ്വീസ്**

245 (3339) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ; വിശദാംശം നൽകുമോ;

(ബി) ഇതിൽ എത്ര തൊഴിലാളികളാണ് തൊഴിലെടുക്കുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 14,049 സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) 42,596 തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നുണ്ട്.

**സ്വകാര്യ ബസ്സുകളിലെ ജി.പി.എസ്. സംവിധാനം**

246 (3340) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളുടെ റൂട്ട് മാറിയുള്ള ഓട്ടവും അമിതവേഗവും നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നോ; വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധിച്ച ഉത്തരവിറങ്ങിയോ; ഇല്ലെങ്കിൽ അടിയന്തരമായി ഇത് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തീരുമാനിച്ചിട്ടുണ്ട്. 8-1-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) 17/2015/ട്രാൻ. പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനമായ ഡി-ഡാക്കിനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല. 16000 സ്റ്റേജ് കാര്യേജുകളെ നിരീക്ഷിക്കുവാനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി അവസാനഘട്ടത്തിലാണ്.

**പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ പ്രവൃത്തികൾ**

247 (3341) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് വേണ്ടി നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കെട്ടിടം പണി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിലനിൽക്കുന്ന പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണ സംഘം ഒഴിപ്പിക്കുന്നതിനെതിരെ പാലക്കാട് മുൻസിഫ് കോടതിയിൽനിന്ന് സംഘം നേടിയ ഉത്തരവ് നിലനിൽക്കുന്നു. അതിനാൽ കരാറുകാരന് ഇതുവരെ സൈറ്റ് കൈമാറാൻ സാധിച്ചിട്ടില്ല. ടി ഉത്തരവ് ഒഴിവാക്കുവാനും സ്ഥലം ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

## പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ പുനഃക്രമീകരണം

248 (3342) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിൽനിന്നും ആദിവാസി പിന്നാക്ക മേഖലയെ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വരുമാന നഷ്ടത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തുന്നത് ഗ്രാമീണ മേഖലയുടെ യാത്രാ പ്രശ്നം രൂക്ഷമാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിൽനിന്നും ആദിവാസി, പിന്നാക്ക മേഖലയെ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാത്രാ തടസ്സമുണ്ടാകാതെ പുനഃക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ദീർഘദൂര സ്വകാര്യ ബസ്സുകളിലെ അമിത യാത്രാക്കൂലി

249 (3343) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണുകളിലും മറ്റും ദീർഘദൂര സ്വകാര്യ ബസ്സുകളിൽ യാത്രക്കാരിൽ നിന്നും അമിത യാത്രാക്കൂലി ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സമയങ്ങളിൽ ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്താത്തതാണ് ഈ ചൂഷണത്തിന് ഇടയാക്കുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരം അവസരങ്ങളിൽ ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ് സർവ്വീസുകൾ നടത്തുന്നതിനും അമിത യാത്രാക്കൂലി ഈടാക്കുന്ന സ്വകാര്യ ബസ്സുകളെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉത്സവ സീസണുകളിൽ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും ആവശ്യപ്രകാരം കെ.എസ്.ആർ.ടി.സി. വേണ്ടത്ര സർവ്വീസുകൾ നടത്തുന്നുണ്ട്.

(സി) അമിത യാത്രാനിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിരുന്നു. സീസണൽ ഓപ്പറേറ്റർമാരാണ് അമിത കൂലി വാങ്ങുന്നതെങ്കിൽ അത്തരക്കാരെ ചെക്ക്പോസ്റ്റ് വഴി പരിശോധന നടത്തി കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ് സർവ്വീസുകൾ കൂടുതൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഡ്രൈവിംഗ് ബോധവൽക്കരണ ക്ലാസ്സ്

250 (3344) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിലവിലുള്ള റോഡു നിയമങ്ങൾ ലംഘിച്ചുകൊണ്ട് വാഹനം അമിത വേഗത്തിൽ ഓടിയ്ക്കുന്നതുമൂലം അനേകം മനുഷ്യജീവനുകൾ പൊലിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ ഏതെങ്കിലും തരത്തിലുള്ള ബോധവൽക്കരണം നൽകുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത ബോധവൽക്കരണ ക്ലാസ്സ് ഡ്രൈവിംഗ് ലൈസൻസ് ഉള്ള എല്ലാവർക്കും ബാധകമാക്കുമോ;

(ബി) കേരളത്തിൽ ആകമാനം ചെറുതും വലുതുമായ എത്ര വാഹനങ്ങളാണ് ദിനംപ്രതി റോഡുകളിൽ ഓടുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) റോഡുകളിൽ അപകടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലിനായി വിവിധ തരം സൈൻ ബോർഡുകൾ സ്ഥാപിക്കാൻ ഗതാഗത വകുപ്പ് മുൻകൈ എടുക്കുമോ; വിശദമാക്കുമോ;

(ഡി) കേരളത്തിലെ വിവിധ റോഡുകളിൽ എല്ലാ വിധത്തിലുമുള്ള സിഗ്നൽ ബോർഡുകൾ സ്ഥാപിക്കാൻ പൊതുമരാമത്തുവകുപ്പുമായി ഒത്തുചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും

ഓഫീസ് തലത്തിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ, മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, ലൈസൻസ് സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള പതിനൊന്ന് ഇന്റർ സെപ്റ്റർ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ വാഹനങ്ങളുടെ സാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ, മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നു. റോഡ് സുരക്ഷ സംബന്ധിച്ച് അവബോധം വളർത്തുന്നതിലേയ്ക്കായി വിവിധ വിഭാഗങ്ങൾക്കുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. മാത്രമല്ല ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ ഭാഗമായി ഓരോതരം നിയമ ലംഘനങ്ങൾക്കെതിരെയും പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തി വരുന്നു. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ്, സ്കൂൾ പരിസരങ്ങളിലുള്ള ഓവർ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ, മൊബൈൽ ഫോൺ ഉപയോഗം, സ്പീഡ് ഗവേർണർ എന്നിവ സംബന്ധിച്ചുള്ള പരിശോധനകൾ കർശനമായി നടത്തിവരുന്നു.

(ബി) ഇതിന്റെ കണക്ക് മോട്ടോർ വാഹന വകുപ്പ് സൂക്ഷിച്ചിട്ടില്ല.

(സി&ഡി) പൊതുമരാമത്ത് വകുപ്പിനാണ് ഇത്തരം സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല. അവശ്യ സന്ദർഭങ്ങളിൽ മോട്ടോർ വാഹന വകുപ്പും പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഡയറക്ടർ ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾ

251 (3345) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി. യിൽ അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച തീരുമാനം ബോർഡിന്റെ താത്പര്യങ്ങൾക്ക് വിരുദ്ധമല്ലേ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ട്, 1950 വകുപ്പ് 5(2) പ്രകാരം ഡയറക്ടർ ബോർഡിൽ 17 അംഗങ്ങളെ വരെ നിയമിക്കാവുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ 28-1-2013-ലെ ജി.ഒ. (ആർ.ടി.) നമ്പർ 31/2013/ഗതാ, 20-3-2015-ലെ ജി.ഒ. (ആർ.ടി.) നമ്പർ 147/2015/ ഗതാ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കെ.എസ്.ആർ.ടി.സി. ബോർഡിൽ ആകെ എട്ട് അനൗദ്യോഗിക അംഗങ്ങളെ നിയമിച്ചിരുന്നു. ഈ സർക്കാർ ആറ് അനൗദ്യോഗിക അംഗങ്ങളെ മാത്രമേ നിയമിച്ചിട്ടുള്ളൂ.

(ബി) (എ) പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**മോട്ടോർ വാഹന വകുപ്പിൽ നിരീക്ഷണ ക്യാമറകൾ**

252 (3346) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ എത്ര നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്;

(ബി) നിരീക്ഷണ ക്യാമറകളിൽ വേഗതനിയന്ത്രണം മറികടന്നതടക്കമുള്ള എത്ര കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിന്റെ അടിസ്ഥാനത്തിൽ 2016 ജനവരി 1 മുതൽ ഡിസംബർ 31 വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര രൂപ പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ചു;

(സി) മോട്ടോർ വാഹന വകുപ്പിന്റെ നിരീക്ഷണ ക്യാമറകളുടെ എണ്ണം 2017 ഡിസംബർ 31-നുള്ളിൽ നിലവിലുള്ളതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ച് റോഡ് സുരക്ഷ ഭദ്രമാക്കാൻ കർമ്മപദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. അമിത വേഗത പിടികൂടുവാൻ Speed Violation Detection (SVD) ക്യാമറകളും സിഗ്നൽ തെറ്റിക്കുന്നത് പിടികൂടാൻ Red Light Violation Detection (RLVD) ക്യാമറകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. 201 ക്യാമറകൾ കെൽട്രോൺ വഴിയും 9 സ്ഥലങ്ങളിൽ കേന്ദ്ര പദ്ധതിയുടെ ഭാഗമായി എയർടെൽ വഴിയും സ്ഥാപിച്ച ക്യാമറകളുമാണ് ഉള്ളത്. ഇതിൽ അപകടംമൂലം നശിച്ചവ ഒഴികെയുള്ള എല്ലാ ക്യാമറകളും പ്രവർത്തനക്ഷമമാണ്. എന്നാൽ സിഗ്നൽ തകരാർ, പുതിയ റോഡ് തുടങ്ങിയ കാരണങ്ങളാൽ ഉപയോഗപ്രദമല്ലാത്ത ക്യാമറകൾ ഉണ്ട്. ഇവ മാറ്റി സ്ഥാപിക്കുവാനും കേടായവ പരിഹരിക്കുവാനുമുള്ള പദ്ധതി നടന്നുവരുന്നു.

(ബി) രണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മൂന്നൂറ്റി അറുപത്തിരണ്ട് (2,92,362) ചെക്ക് റിപ്പോർട്ട് നൽകുകയും പിഴയിനത്തിൽ നാല് കോടി എട്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ (4,08,59,000) ഈടാക്കുകയും ചെയ്തു.

(സി) നിലവിലുള്ള ക്യാമറകളിൽ ഉപയോഗപ്രദമല്ലാത്ത സ്ഥാനങ്ങളിൽ ഉള്ളവ മാറ്റി സ്ഥാപിക്കുവാനും പുതിയവ സ്ഥാപിക്കുവാനുമുള്ള പദ്ധതികൾ പരിഗണനയിലാണ്. ക്യാമറകളുടെ എണ്ണം ഇരട്ടിയാക്കുവാൻ നിലവിൽ പദ്ധതികളില്ല.

**ദീർഘദൂര സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ലക്ഷ്വറി ബസ്സുകൾ**

253 (3347) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ലക്ഷ്വറി ബസ്സുകൾ എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ബസ്സ് സർവ്വീസ് നടത്തുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിന് നിലവിൽ നിയമമുണ്ടോ;

(സി) സ്വകാര്യ ലക്ഷ്വറി ബസ്സ് സർവ്വീസുകൾ പൊതു അവധി ദിനങ്ങളോടടുപ്പിച്ച് അമിതമായ നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരം ബസ്സ് സർവ്വീസുകളുടെ ടിക്കറ്റ് നിരക്കുകൾ നിശ്ചയിക്കുന്നതിന് അധികാരപ്പെട്ടവർ ആരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ലക്ഷ്വറി ബസ്സുകളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഏജൻസികൾക്ക് ഈ പ്രവർത്തനത്തിന് ആവശ്യമായ ലൈസൻസ്, കേരള മോട്ടോർ വാഹന ചട്ടപ്രകാരം കരസ്ഥമാക്കാവുന്നതാണ്.

(സി) പരാതികൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പരിഹാരം കണ്ടെത്തുന്നതാണ്.

(ഡി) ഇത്തരം വാഹനങ്ങൾക്ക് സർക്കാർ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ ഇരുകക്ഷികളും അംഗീകരിച്ച് സർവ്വീസ് നടത്തുന്നവയാണ് ഇത്തരം വാഹനങ്ങൾ.

## പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ടെർമിനൽ

254 (3348) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ നിർമ്മിക്കുന്ന കെ.എസ്.ആർ.ടി.സി. ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി കരാർ വ്യവസ്ഥ പ്രകാരം ഏതു വർഷമാണ് പൂർത്തീകരിക്കേണ്ടത്;

(ബി) ടെർമിനലിനായി എത്ര കോടി രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്;

(സി) ടെർമിനൽ പണി പൂർത്തിയാക്കുന്നത് ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ്;

(ഡി) നിലവിലെ ജോലിയുടെ പുരോഗതി അനുസരിച്ച് ടെർമിനൽ ഏത് വർഷം പ്രവർത്തനത്തിന് സജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 ആഗസ്റ്റ് മാസമാണ് പൂർത്തീകരിക്കേണ്ടത്.

(ബി) പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) സർക്കാരിൽനിന്നും സ്പെഷ്യൽ പാക്കേജ് വഴി രണ്ട് കോടി രൂപയും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 2,17,00,000 രൂപയും കടകൾ ലേലം ചെയ്ത് ലഭിക്കുന്ന പലിശ രഹിത നിക്ഷേപവും ചേർത്ത് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) കരാറുകാരന് കുടിശ്ശികയായി നൽകാനുള്ള തുക നൽകുന്ന മുറയ്ക്ക് സിവിൽ ജോലികൾ 2017 ഡിസംബറോടുകൂടി പൂർത്തിയാക്കുന്നതായിരിക്കും. Electrical, Fire Fighting എന്നീ അനുബന്ധ പണികളും കൂടി പൂർത്തിയാക്കി ഉദ്ദേശം മാർച്ച് 2018-ന് മുൻപ് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം

255 (3349) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി നൽകിയ പ്രൊപ്പോസലിൻമേൽ സ്വീകരിക്കപ്പെട്ട തുടർനടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൻമേൽ റവന്യൂ അധികൃതർ സ്വീകരിച്ച നടപടികളുടെ ലഭ്യമായ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയുടെ പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന കൊട്ടാരക്കര വില്ലേജിൽ സർവ്വേ നമ്പർ 126/12, 126/13, 126/14, 126/15, 126/16, 126/24 എന്നിവയിൽപ്പെട്ട 43.05 ആർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള ചെക്ക് ലിസ്റ്റും അനുബന്ധ രേഖകളും കൊല്ലം ജില്ലാകളക്ടർക്ക് അയച്ചു നൽകുകയുണ്ടായി. കൂടാതെ താലൂക്ക് സർവ്വേയർ ടി സ്ഥലം സർവ്വേ നടത്തുകയും, ആയതിന്റെ സംയുക്ത സ്ഥലപരിശോധന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് മടക്കി അയയ്ക്കുകയും 2013-ൽ കേന്ദ്ര ഗവൺമെന്റ് പാസാക്കിയ പുതിയ LAR ആക്ട് അനുസരിച്ച് പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് സ്പെഷ്യൽ തഹസീൽദാർ (കൊല്ലം) അറിയിക്കുകയുമുണ്ടായി.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പത്തനംതിട്ട ജില്ലയിൽ കെ.എസ്.ആർ.ടി.സി. വരുമാനം**

256 (3350) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോ തിരിച്ചുള്ള വരുമാനം എത്രയാണ്;

(ബി) പ്രസ്തുത വരുമാനം, വാർഷിക ശരാശരിയേക്കാൾ എത്ര മടങ്ങ് കൂടുതലാണ്; വിശദമാക്കാമോ;

(സി) ജില്ലയിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശിക ഉണ്ട്;

(ഡി) വനിതാ ജീവനക്കാർക്ക് രാത്രി കാലങ്ങളിൽ ഗ്രാമങ്ങളിൽ സർവ്വീസ് അവസാനിപ്പിക്കേണ്ടതായി വരുമ്പോൾ അവരുടെ താമസത്തിനും സുരക്ഷിതത്വത്തിനും കോർപ്പറേഷൻ നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2017 ഫെബ്രുവരി മാസത്തെ പത്തനംതിട്ട ജില്ലയിലെ കെ.എസ്.ആർ. ടി.സി.-യുടെ ഡിപ്പോ തിരിച്ചുള്ള ടിക്കറ്റ് വരുമാനം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പത്തനംതിട്ട | - | 2,01,66,912 |
| അടൂർ | - | 1,40,78,424 |
| പന്തളം | - | 45,43,168 |

| | | |
|---|---|---|
| തിരുവല്ല | - | 1,76,41,307 |
| മല്ലപ്പള്ളി | - | 77,91,384 |
| റാന്നി | - | 33,71,315 |
| കോന്നി | - | 22,56,340 |
| ആകെ | | 6,98,48,850 |

(ബി) ഫെബ്രുവരി മാസത്തെ വരുമാനം വാർഷിക ശരാശരിയേക്കാൾ താഴെ പറയുന്നപ്രകാരമുള്ള തുക കുറവാണ് :

| | | |
|---|---|---|
| പത്തനംതിട്ട | - | 12,76,276 |
| അടൂർ | - | 20,79,465 |
| പന്തളം | - | 4,57,051 |
| തിരുവല്ല | - | 13,70,112 |
| മല്ലപ്പള്ളി | - | 6,93,405 |
| റാന്നി | - | 1,27,829 |
| കോന്നി | - | 79,238 |

(സി) 2017 ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലെ പെൻഷൻ തുക നൽകാനുണ്ട്.

(ഡി) വനിതാ ജീവനക്കാർക്ക് രാത്രികാലങ്ങളിൽ ഗ്രാമങ്ങളിൽ സർവ്വീസ് അവസാനിപ്പിക്കുന്ന ഷെഡ്യൂളുകൾ പത്തനംതിട്ട ജില്ലയിൽ നൽകിയിട്ടില്ല.

## പയ്യന്നൂർ ഡിപ്പോയിലെ കാലഹരണപ്പെട്ട ബസ്സുകൾ

257 (3351) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ പയ്യന്നൂർ ഡിപ്പോയിൽനിന്ന് സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കാലഹരണപ്പെട്ട ബസ്സുകൾ മാറ്റി ആവശ്യമായ പുതിയ ബസ്സുകൾ അനുവദിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 13 വർഷത്തിനുമേൽ പഴക്കമുള്ള 8 ബസ്സുകൾ നിലവിൽ പയ്യന്നൂർ ഡിപ്പോയിൽ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് പഴയ ബസ്സുകൾ മാറ്റി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

258 (3352) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽനിന്നും വിവിധ വിഭാഗങ്ങളിലായി എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുവാൻ ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ളതെന്ന് പട്ടികതിരിച്ച് അറിയിക്കാമോ;

(ബി) ആയത് ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസുകൾ (സ്പെയർ ഉൾപ്പെടെ) എത്രയെന്നും നിലവിലുള്ള ബസ്സുകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ പ്രാദേശിക ഉൾനാടൻ സർവ്വീസുകൾ, ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ കാലങ്ങളിൽ നിർത്തലാക്കിയ പ്രാദേശിക സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വീസ് പുനരാരം ഭിക്കുവാനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ;

(ഇ) അനുമതി നൽകിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ കുറവ് ഇപ്പോൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ചാത്തന്നൂർ ഡിപ്പോയിൽനിന്നും 57 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുവാൻ അനുമതിയുള്ളത്.

കെ.എസ്.ആർ.ടി.സി.:

| | | |
|---|---|---|
| ഓർഡിനറി | - | 41 |
| ഫാസ്റ്റ് പാസഞ്ചർ | - | 12 |
| ആകെ | - | 53 |

കെ.യു. ആർ.ടി.സി.:

| | | |
|---|---|---|
| ഓർഡിനറി | - | 4 |

(ബി) 57 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന്

| | | |
|---|---|---|
| ഫാസ്റ്റ് പാസഞ്ചർ | - | 14 |
| ഓർഡിനറി | - | 45 |
| ജൻറം ഓർഡിനറി | - | 4 |

ഉൾപ്പെടെ 63 ബസ്സുകളുടെ ആവശ്യമുണ്ട്.

| | | |
|---|---|---|
| നിലവിൽ ഫാസ്റ്റ് പാസഞ്ചർ | - | 14 |
| ഓർഡിനറി | - | 38 |
| ജൻറം ഓർഡിനറി | - | 4 |

ഉൾപ്പെടെ 56 ബസ്സുകൾ ഉണ്ട്.

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പ്രാദേശിക ഉൾനാടൻ സർവ്വീസുകൾ കോർത്തിണക്കി ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന തരത്തിൽ ചെയിൻ സർവ്വീസുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. സ്ഥിരമായി സർവ്വീസുകൾ ക്യാൻസൽ ചെയ്തിട്ടില്ല. പൊതുജനങ്ങളുടെ യാത്രാസൗകര്യത്തിനും, കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവും ലക്ഷ്യമിട്ട് ചില സർവ്വീസുകൾ കാലോചിതമായി പുനഃക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരം പുനഃക്രമീകരണംമൂലം പൊതുജനങ്ങൾക്ക് യാത്രാസൗകര്യം വർദ്ധിക്കുകയാണ് ഉണ്ടായത്. എന്നിരുന്നാലും ചില മേഖലകളിൽ യാത്രാക്ലേശം സംജാതമാകുകയാണെങ്കിൽ അത് പരിഹരിച്ച് സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഡ്രൈവർ തസ്തികയിൽ 18 പേരുടെയും മെക്കാനിക് തസ്തികയിൽ 3 പേരുടെയും കുറവ് ഉണ്ട്.

**കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗത തിരക്ക്**

259 (3353) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗത തിരക്ക് ഒഴിവാക്കുന്നതിന് ഏതെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ദേശീയ പാതയിൽനിന്ന് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലേക്ക് ബസ് കയറുമ്പോഴുണ്ടാകുന്ന ഗതാഗത തടസ്സം പരിഹരിക്കുന്നതിന് കർമ്മപദ്ധതികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന് മുമ്പിലുള്ള ട്രാഫിക് സിഗ്നൽ ഭാഗത്ത് അപകടങ്ങൾ നിരന്തരമുണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് ട്രാഫിക് സിഗ്നലുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരുടെയും ഹോംഗാർഡിന്റെയും ട്രാഫിക് വാർഡൻമാരുടെയും സേവനം ഉപയോഗിച്ചു വരുന്നുണ്ട്. ഇതിന് പുറമെ കരുനാഗപ്പള്ളി നഗരസഭയുടെ സഹായത്തോടെ പാർക്കിംഗ് ഏരിയ കണ്ടെത്തി അനധികൃത പാർക്കിംഗ് നിയന്ത്രിക്കുന്നതിനും റോഡരികിലെ കച്ചവടവും കയ്യേറ്റങ്ങളും ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇക്കാര്യത്തിൽ പ്രത്യേകമായ കർമ്മ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല എങ്കിലും ഗതാഗത തടസ്സം ലഘൂകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പരിസരത്ത് പോലീസ് ഉദ്യോഗസ്ഥരെ കൂടാതെ ഹോംഗാർഡ്/ട്രാഫിക് വാർഡൻമാരുടെ സേവനം ഉപയോഗിച്ച് വരുന്നു.

(സി) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന് മുമ്പിലെ നിലവിലുള്ള ട്രാഫിക് സിഗ്നലിന്റെ അപാകതകൾ പരിഹരിക്കുന്നതിനായി നാഷണൽ ഹൈവേ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

260 (3354) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽനിന്ന് കല്ല്യാശ്ശേരി മണ്ഡലത്തിൽ ഓടുന്ന ബസ്സുകൾ കൃത്യമായി സർവ്വീസ് നടത്താത്തത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത സർവ്വീസുകൾ യഥാസമയം നടത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. സ്ഥിരമായി ഒരു സർവ്വീസും റദ്ദ് ചെയ്തിട്ടില്ല. എന്നാൽ വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ വരുമാനം ലഭിക്കുന്ന മുൻഗണനാക്രമത്തിൽ സർവ്വീസ് നടത്തുമ്പോൾ റദ്ദ് ചെയ്യപ്പെടാറുണ്ട്. നിലവിൽ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ ഓടിക്കുന്ന 3 ഷെഡ്യൂളുകളിൽ രണ്ടെണ്ണം വരുമാനം താരതമ്യേന കുറഞ്ഞ 'C' പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത സർവ്വീസുകൾക്ക് ഇപ്പോൾ ലഭിക്കുന്ന വരുമാനം സാധ്യതയുടെ പരമാവധി ആണ്. പുനഃക്രമീകരിച്ചാൽ പോലും കൂടുതൽ വരുമാനം ലഭിക്കുമെന്ന് കരുതുവാൻ കഴിയുകയില്ല.

## കൊട്ടാരക്കരയിൽനിന്ന് പുതിയ സർവ്വീസുകൾ

261(3355) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് എത്ര പുതിയ ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ ഡിപ്പോയ്ക്കുവേണ്ടി എത്ര പുതിയ ബസ്സുകൾ അനുവദിച്ചു എന്നും അവ ഏതെല്ലാം സർവ്വീസുകൾക്കായി ഉപയോഗിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനായുള്ള കൊട്ടാരക്കര എം.എൽ.എ.-യുടെ കത്തിന്മേൽ എത്ര സർവ്വീസുകൾ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയിൽനിന്നും 9 (ഒൻപത്) സർവ്വീസുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. 06.30 മണി പുത്തൂർ-തിരുവനന്തപുരം
2. 06.00 മണി പുത്തൂർ-കരുനാഗപ്പള്ളി
3. 07.00 മണി പുത്തൂർ-കരുനാഗപ്പള്ളി
4. 05.45 മണി പത്തനാപുരം-പുനലൂർ
5. 06.10 പത്തനാപുരം-പുനലൂർ
6. 06.35 പത്തനാപുരം-പുനലൂർ
7. 05.45 പാരിപ്പള്ളി
8. 06.00 കൊട്ടാരക്കര-ടൗൺ സർവ്വീസ്
9. 06.45 കൊട്ടിയം

(ബി) ഒരു ജൻറം ബസ് ഉൾപ്പെടെ 15 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. സർവ്വീസുകൾ ഉപയോഗിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

1. 06.30 കൊട്ടാരക്കര -കൊല്ലം- പമ്പ
2. 06.05 കൊട്ടാരക്കര -കുമിളി

3. 08.10 കൊട്ടാരക്കര -കായംകുളം
4. 07.30 കൊട്ടാരക്കര -കായംകുളം
5. 06.30 കൊട്ടാരക്കര -പുത്തൂർ - തിരുവനന്തപുരം
6. 07.15 കൊട്ടാരക്കര – പളനി
7. കൊട്ടാരക്കര – ബാംഗ്ലൂർ (2 ബസ്സുകൾ)
8. കൊട്ടാരക്കര – കോയമ്പത്തൂർ (2 ബസ്സുകൾ)
9. കൊട്ടാരക്കര -മൂകാംബിക
10. കൊട്ടാരക്കര– കോഴിക്കോട്
11. കൊട്ടാരക്കര- ഏനാത്ത് (JN651)

സ്പെയർ ബസുകൾ -2 എണ്ണം

(സി) പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനായുള്ള കൊട്ടാരക്കര എം.എൽ.എ.-യുടെ കത്തിന്മേൽ മൂന്ന് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

**ജോയിന്റ് ആർ.ടി. ആഫീസ്**

262 (3357) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമായി പുതിയ ജോയിന്റ് ആർ.ടി. ആഫീസ് ആരംഭിക്കുന്നതിനുള്ള ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) റോഡപകടങ്ങൾ ഏറ്റവുമധികം നടക്കുന്ന മേഖല എന്ന നിലയിൽ ചാത്തന്നൂരിൽ ജോയിന്റ് ആർ.ടി. ആഫീസ് ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ചാത്തന്നൂർ ആസ്ഥാനമായി പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് തുടങ്ങുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സോഫ്റ്റ് പദ്ധതി

263 (3358) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിന് പൊതുജനങ്ങളെ സജ്ജരാക്കുന്നതിനുള്ള 'സോഫ്റ്റ്'പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിരത്തുകൾ അപകടരഹിതമാക്കുവാൻ മുൻ സർക്കാർ ആവിഷ്കരിച്ച 'ശുഭയാത്ര' പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ കീഴിലാണോ 'സോഫ്റ്റ്'പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രാഥമിക ഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പോലീസ് സർക്കിളുകളിൽനിന്നും തെരഞ്ഞെടുത്ത 1200 പേർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള പരിശീലനം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

(ബി) 'ശുഭയാത്ര' പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ കീഴിലാണ് 'സോഫ്റ്റ് '(SOFT- Save Our Fellow Travellers)എന്നറിയപ്പെടുന്ന പദ്ധതി പോലീസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

## വാഹന ഉടമകളായ മുതിർന്ന പൗരന്മാർക്ക് ഇളവുകൾ

264 (3359) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വാഹനം മാത്രം സ്വന്തമായിട്ടുള്ള മുതിർന്ന പൗരന്മാരായ വാഹന ഉടമകൾക്ക് ഇന്ധന വിലയിലോ, റോഡ് ടാക്സിന്റെ കാര്യത്തിലോ എന്തെങ്കിലും ഇളവുകൾ നൽകുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) നിലവിൽ ഇത്തരക്കാർക്ക് എന്തെങ്കിലും ഇളവുകൾ നൽകി വരുന്നുണ്ടോ; എങ്കിൽ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ ഇത്തരക്കാർക്ക് ഇളവുകൾ ഒന്നും തന്നെ നൽകി വരുന്നില്ല.

## പുതിയ ലൈസൻസ് ടെസ്റ്റ് രീതികൾ

265 (3360) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂ വീലർ/ത്രീ വീലർ/ഫോർ വീലർ/ഹെവി ലൈസൻസ് എടുക്കുന്നതിന് വേണ്ടിയുള്ള തിയറി, പ്രാക്ടിക്കൽ ടെസ്റ്റുകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ ടെസ്റ്റ് രീതികൾ വിശദമാക്കാമോ;

(ബി) പുതിയ രീതി സ്വീകരിക്കുന്നത് ഏതെങ്കിലും കണ്ടെത്തലിന്റെയോ പഠന റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ; ആണെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ടൂ വീലർ/ത്രീ വീലർ/ഫോർ വീലർ/ഹെവി ലൈസൻസ് എടുക്കുന്നതിന് പ്രാക്ടിക്കൽ ടെസ്റ്റുകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. 1-4-2017 മുതൽ കമ്പ്യൂട്ടർ അധിഷ്ഠിത ടെസ്റ്റിംഗ് കേന്ദ്രങ്ങളിൽ ഗ്രേഡിയന്റ് ടെസ്റ്റ്, ആൻഗുലാർ റിവേഴ്സ് പാർക്കിംഗ് എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) അനുദിനം വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷയിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം വാഹനം ഓടിക്കുന്നവരുടെ ഡ്രൈവിംഗിലുള്ള പ്രാവീണ്യമാണെന്ന് മനസ്സിലാക്കുകയും, കേന്ദ്ര മോട്ടോർവാഹന ചട്ടം 15 പ്രകാരം ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് വിധേയമാക്കേണ്ട പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് പുതിയ ഡ്രൈവിംഗ് ടെസ്റ്റ് രീതി ആവിഷ്കരിച്ചിരിക്കുന്നത്. സുപ്രീംകോടതി നിയോഗിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് രാധാകൃഷ്ണൻ കമ്മീഷന്റെ നിരീക്ഷണങ്ങളും ഈ പദ്ധതി നടപ്പാക്കുന്നതിന് അവലംബമാക്കിയിട്ടുണ്ട്.

## കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ

266 (3361) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ കേന്ദ്ര മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾ കേരളത്തിന്റെ സവിശേഷ സാഹചര്യത്തിന് ഇണങ്ങുന്നതല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

പുതിയ കേന്ദ്ര മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന വ്യവസ്ഥകളിൽ ചിലത് കേരളത്തിന്റെ സവിശേഷ സാഹചര്യത്തിന് ഇണങ്ങുന്നതല്ലെന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ്

267 (3362) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറടിസ്ഥാനത്തിൽ സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ഫിറ്റ്നസ്, ഡ്രൈവർമാരുടെ ലൈസൻസ് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാൻ പ്രത്യേക ടീമിനെ സജ്ജമാക്കാമോ;

(ബി) അതിരാവിലെയും ഉച്ചതിരിഞ്ഞുള്ള സമയത്തും മാത്രം ഇത്തരത്തിൽ വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ വാഹന പരിശോധന കർശനമായി നടത്തുന്നില്ല എന്ന പരാതി പരിശോധിക്കുമോ;

(സി) ഇത്തരത്തിൽ സ്വകാര്യ വാഹനങ്ങൾ പരിശോധിക്കുന്നതിൽ ഒരു പൊതു മാനദണ്ഡം രൂപീകരിക്കാൻ ആലോചിക്കുമോ?

### ഉത്തരം

(എ) സ്കൂൾ ബസ്സുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുന്നത് പരിശോധിക്കുവാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് പ്രത്യേക ടീമിനെ സജ്ജമാക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ബി) കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ പരിശോധന കർശനമായി നടത്തി വരുന്നുണ്ട്.

(സി) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ പരിശോധിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

## നിരീക്ഷണ ക്യാമറകൾ

268 (3363) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിലൂടെ ഓടുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ നടപടി എടുക്കുമോ;

(ബി) ഗതാഗത നിയമം ലംഘിക്കുന്ന അന്യസംസ്ഥാന വാഹനങ്ങളെ കണ്ടെത്തുന്നതിനും അമിത വേഗതമൂലം നിരീക്ഷണ ക്യാമറകളിൽപ്പെടുന്ന വാഹന ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) നിലവിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ നിരീക്ഷണ ക്യാമറകളും പ്രവർത്തന സജ്ജമാണെന്ന് ഉറപ്പ് വരുത്തുവാനും പ്രവർത്തനസജ്ജമല്ലാത്തവയുണ്ടെങ്കിൽ അവയുടെ തകരാർ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിക്കുന്നതാണ്. 2017-18 സാമ്പത്തിക വർഷവും ഇതിനായി തുക വകയിരുത്തിയിട്ടുണ്ട്.

(ബി) ഗതാഗത നിയമം ലംഘിക്കുന്ന അന്യസംസ്ഥാന വാഹനങ്ങളിൽ നിന്നും സംസ്ഥാന ചെക്ക് പോസ്റ്റുകളിൽ നിയമാനുസൃതമായ പിഴയടപ്പിക്കുന്നുണ്ട്. നിരീക്ഷണ ക്യാമറകളിൽപ്പെടുന്ന വാഹനങ്ങളുടെ പിഴയീടാക്കുന്നതിന് പ്രസ്തുത ഓഫീസുകളിലേയ്ക്ക് കത്ത് നൽകുകയും ബന്ധപ്പെട്ട ചെക്കുപോസ്റ്റുകളിൽ വിവരം നൽകി പിഴയീടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) പ്രവർത്തനക്ഷമമല്ലാത്തവ ശരിയാക്കുവാനുള്ള പദ്ധതി കേരള റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. തുക നൽകുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാക്കും. വിവിധ കാരണങ്ങൾ കൊണ്ട് നിലവിൽ ഉപയോഗ ശൂന്യമായ ക്യാമറകൾ പുനർ വിന്യസിക്കാനുള്ള പദ്ധതി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

**ജോയിന്റ് ആർ.ടി. ഓഫീസ്**

269 (3364) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാഹന ആധിക്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാദാപുരം മണ്ഡലത്തിൽ ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുവാൻ ആലോചന ഉണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായിയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നാദാപുരത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് തുടങ്ങുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മോട്ടോർ വാഹന നിയമലംഘനത്തിന് പിഴ**

270 (3365) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിക്കുന്ന വാഹനങ്ങൾക്ക് പിഴയോ മറ്റ് നടപടികളോ പൂർത്തിയാക്കാതെ അടുത്ത സേവനം നൽകേണ്ടതില്ലായെന്ന് മോട്ടോർ വാഹന വകുപ്പ് ചട്ടത്തിൽ കൊണ്ടുവന്ന ഭേദഗതി ഹൈക്കോടതി റദ്ദാക്കിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഉത്തരവിനെതിരെ മോട്ടോർ വാഹന വകുപ്പ് അപ്പീൽ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ട്രക്കർ-ടെമ്പോ എന്നിവ പിടിച്ചെടുക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ**

271 (3366) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സ്, ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടയ്ക്കുന്ന ട്രക്കർ, ടെമ്പോകൾ അകാരണമായി പിടിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനുപകരം ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതിരിക്കാൻ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹനങ്ങൾ ഇട റൂട്ടുകളിൽ സർവ്വീസ് തുടങ്ങാൻ തയ്യാറാകുമോ;

(സി) മോട്ടോർ വാഹന വകുപ്പിന്റെ നടപടികൾമൂലം, നെയ്യാറ്റിൻകര താലൂക്കിലെ അയ്യായിരത്തോളം വരുന്ന ട്രക്കർ-ടെമ്പോ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ടാക്സ്, ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടയ്ക്കുന്ന ഒരു വാഹനവും അകാരണമായി പിടിച്ചെടുക്കുന്നില്ല. ടാക്സ്, ഇൻഷ്വറൻസ് എന്നിവ കൃത്യമായി അടച്ചിട്ടുണ്ടെങ്കിലും മറ്റ് മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുകയാണെങ്കിൽ ടാക്സ്, ഇൻഷ്വൻസ് എന്നിവ കൃത്യമായി അടച്ചിട്ടുണ്ടെന്ന കാരണത്താൽ മറ്റു നിയമ നടപടികളിൽനിന്നും ഒഴിവാക്കുവാൻ സാധിക്കുകയില്ല.

(ബി) ഏത് മേഖലയിലാണ് ആവശ്യം എന്ന് അറിയിക്കുന്നപക്ഷം കെ.എസ്.ആർ.ടി.സി. ഇടറൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) മോട്ടോർവാഹന നിയമം അനുസരിച്ച് ഈ മേഖലയിലെ ടെമ്പോ, ട്രക്കർ തൊഴിലാളികൾക്ക് സർവ്വീസ് നടത്തുന്നതിന് മോട്ടോർവാഹന വകുപ്പ് എതിര് നിൽക്കുന്നില്ല.

**വാഹനങ്ങൾ ഓടിക്കുന്ന വികലാംഗർക്ക് ലൈസൻസ്**

272 (3367) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുച്ചക്ര വാഹനങ്ങൾ ഓടിക്കുന്ന വികലാംഗർക്ക് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാണോ; എല്ലാവരും ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വികലാംഗർക്ക് മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുമ്പോൾ ഗുണഭോക്താക്കൾ ലൈസൻസ് ഉള്ളവരാണോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) ലേണേഴ്സ് ലൈസൻസിനുള്ള പരീക്ഷ അഭിമുഖീകരിക്കുന്നതിന് ഏറെ ബുദ്ധിമുട്ടുന്ന വികലാംഗർക്ക് സഹായിയെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വാഹനങ്ങൾ ഓടിക്കുന്ന മുഴുവൻ വികലാംഗരും ലൈസൻസ് നേടിയവരാണെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുച്ചക്ര വാഹനങ്ങൾ ഓടിക്കുന്ന വികലാംഗർക്ക് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാണ്. ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുന്ന എല്ലാവർക്കും ലൈസൻസ് ഉണ്ടോ എന്ന കാര്യം വാഹന പരിശോധനകളിൽ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

(ബി) ഇല്ല.

(സി) ലേണേഴ്സ് ലൈസൻസിനുള്ള പരീക്ഷയിൽ വാഹന നിയമങ്ങളെപ്പറ്റിയുള്ള പഠിതാവിന്റെ മിനിമം അറിവുകളാണ് പരീക്ഷിക്കുന്നത്. ഇതിന് സഹായിയെ അനുവദിക്കുക പ്രായോഗികമല്ല.

(ഡി) വാഹനമോടിക്കുന്ന വ്യക്തികളെല്ലാം നിയമാനുസൃതമായ ലൈസൻസ് ഉള്ളവരാണോ എന്ന പരിശോധന മോട്ടോർവാഹന വകുപ്പ് നിരന്തരമായി നടത്തി വരുന്നുണ്ട്.

**ലൈസൻസിന് അപേക്ഷിക്കുന്ന സ്ത്രീകളുടെ ഫോട്ടോഗ്രാഫ്**

273 (3368) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസിന് അപേക്ഷിക്കുന്ന സ്ത്രീകൾ ചെവി കാണുംവിധം എടുത്ത ഫോട്ടോ സമർപ്പിക്കണമെന്നും ഇങ്ങനെയല്ലാത്ത ഫോട്ടോകൾ പതിച്ച അപേക്ഷകൾ നിരസിക്കണമെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ലൈസൻസിനോ മോട്ടോർ വാഹന വകുപ്പിലെ മറ്റ് സേവനങ്ങൾക്കോ അപേക്ഷിക്കുമ്പോൾ സ്ത്രീകൾ ചെവി കാണുംവിധം എടുത്ത ഫോട്ടോ നൽകണം എന്ന് നിഷ്കർഷിക്കുന്ന ഏതെങ്കിലും നിയമമോ ചട്ടമോ നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; എങ്കിൽ അത്തരത്തിൽ വ്യവസ്ഥ രൂപപ്പെടുത്താനുള്ള സാഹചര്യം, കാരണം, ശാസ്ത്രീയ കാരണം എന്നിവ വ്യക്തമാക്കുമോ;

(സി) നിയമമില്ലെങ്കിൽ, ചെവി കാണുംവിധം എടുത്ത ഫോട്ടോ മാത്രമേ ലൈസൻസിന് പരിഗണിക്കൂ എന്ന് നിഷ്കർഷിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരം അപേക്ഷകൾ നിരസിക്കുന്നത് സംബന്ധിച്ച് വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; 2017 ജനുവരി മുതൽ എത്ര പരാതികൾ ലഭിച്ചു; ഇതിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) ചെവി കാണുംവിധം ഫോട്ടോ എടുക്കുന്നത് മുസ്ലീം സ്ത്രീകളുടെ വിശ്വാസ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സത്വരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) അത്തരത്തിൽ ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

(സി) ലൈസൻസിനായുള്ള അപേക്ഷയിൽ മുഖം വ്യക്തമായി കാണുന്ന വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ചിരിക്കണം. ചെവി കാണുംവിധം എടുത്ത ഫോട്ടോ മാത്രമേ ലൈസൻസിന് പരിഗണിക്കു എന്ന് നിർദ്ദേശിച്ചിട്ടില്ല.

(ഡി) ഇത്തരത്തിൽ അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കും.

(ഇ) ഉണ്ട്. 2017-ൽ ഒരു പരാതി ലഭിച്ചു. ഇതിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) മുസ്ലീം സ്ത്രീകളുടെ മത വിശ്വാസ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന തരത്തിലുള്ള യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

**വാഹനങ്ങളുടെ ഫാൻസി നമ്പർ ലേലം**

274 (3369) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഫാൻസി നമ്പർ ലേലം ഇ - ടെണ്ടറിലേക്ക് മാറ്റുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ടെണ്ടറിലേക്ക് മാറുന്നത് വഴി ലേലത്തിന് മുൻപ് എന്തെങ്കിലും ഒത്തുകളി ഉണ്ടെങ്കിൽ ആയത് ഒഴിവാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാഹനങ്ങളുടെ ഫാൻസി നമ്പറുകളുടെ ലേലം ഇ-ടെണ്ടറിലേക്ക് മാറ്റുന്നതിലേയ്ക്കായി വകുപ്പ് ആലോചനകൾ നടത്തിവരുന്നു.

(ബി) ഇ-ടെണ്ടറിലേക്ക് മാറിയാൽ വാഹന നമ്പർ ലേലത്തിൽ അപേക്ഷകർ തമ്മിൽ ഉണ്ടാവുന്ന ഒത്തുകളികൾ ഒഴിവാക്കാനാവും എന്നാണ് കരുതുന്നത്.

(സി) ഈ വിഷയത്തിൽ പ്രാഥമിക ചർച്ചകൾ മാത്രമാണ് നടന്നത്. ഇതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായിട്ടാണ് ചർച്ചകൾ നടത്തിയത്. അന്തിമ തീരുമാനം ആയിട്ടില്ല. രാജ്യമൊട്ടാകെ നടപ്പാക്കാനായി കേന്ദ്രസർക്കാർ തയ്യാറാക്കി വരുന്ന 'വാഹൻ സാരഥി' എന്ന സോഫ്റ്റ്വെയറിൽ ഇതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാണ്. അത് സംസ്ഥാനത്തെ സാഹചര്യങ്ങൾക്ക് അനുകൂലമായി ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിച്ചുവരുന്നുണ്ട്.

## വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി

275 (3370) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ് ഫിറ്റ്നസ് പരിശോധന നടത്താതെ നിരത്തിൽ ഓടുന്ന വാഹനങ്ങൾ കണ്ടുപിടിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) ഇത്തരം വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തുന്നതിന് നിലവിൽ എത്ര തുകയാണ് പിഴയീടാക്കുന്നത്; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ വാഹനങ്ങൾ ഇത്തരത്തിൽ ഉപയോഗിക്കുന്നത് തടയാൻ, കാലാവധി കഴിഞ്ഞ വാഹനങ്ങൾ ഫിറ്റ്നസ് പരിശോധനക്ക് വിധേയമാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടുതൽ ശക്തമാക്കുന്നത് ഗുണകരമായിരിക്കുമെന്ന് കരുതുന്നുണ്ടോ, ആയത് നടപ്പാക്കുമോ;

(ഡി) ഇത്തരം വാഹനങ്ങൾ അപകടത്തിൽപ്പെട്ടാൽ ഇൻഷ്വറൻസ് തുക ലഭിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പ് നിരത്തുകളിൽ നടത്തുന്ന വാഹന പരിശോധനാ വേളയിൽ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ ഫിറ്റ്നസ് പരിശോധന നടത്താത്ത വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 81 പ്രകാരമാണ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് നിശ്ചയിച്ചിരിക്കുന്നത്. 29-12-2016-ൽ പുറത്തിറങ്ങിയ ജി.എസ്.ആർ. 1183 (ഇ) പ്രകാരം കാലാവധി കഴിഞ്ഞ രജിസ്ട്രേഷൻ പുതുക്കുന്നതിന് ഓരോ മാസത്തേയ്ക്കും മോട്ടോർ സൈക്കിളുകൾക്ക് മുന്നൂറു രൂപ നിരക്കിൽ ഫീസ് നൽകേണ്ടതാണ്. മറ്റ് വാഹനങ്ങൾക്ക് 500 രൂപയാണ്.

(സി) 29-12-2016 മുതൽ ഇത്തരം അപേക്ഷകളുടെ ഫീസ് കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇത്തരം വാഹനങ്ങളെ കർശനമായി പരിശോധിച്ചതിനു ശേഷം മാത്രമേ രജിസ്ട്രേഷൻ പുതുക്കി നൽകാറുള്ളൂ.

(ഡി) ഇൻഷ്വറൻസ് തുക നൽകുന്നത് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട വിഷയമാണ്.

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

276 (3371) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ടി വകുപ്പിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം/തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനും പി.എസ്.സി. മുഖേനയുള്ള നിയമനത്തിനുമുള്ള അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ 11 ഒഴിവുകൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകളിൽ 7 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ജീവനക്കാർക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനും പി.എസ്.സി. മുഖേനയുള്ള നിയമനത്തിനുമുള്ള അനുപാതം 1:4 ആണ്.

(ഡി) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ തസ്തികമാറ്റം വഴി അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആകുന്നതിനുള്ള 4 അപേക്ഷകൾ പരിഗണനയിലാണ്.

## അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

277 (3372) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസരണം അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത്, ലൈഫ് ടാക്സ് അടച്ച് വിവിധ തരം വണ്ടികൾ കേരളത്തിൽ ഓടുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വിശദമാക്കുമോ;

(ബി) എന്തെങ്കിലും നിയമതടസ്സം ഉണ്ടെങ്കിൽ ഇങ്ങനെ ഓടുന്ന അനേകം വണ്ടികൾക്ക് കേരള സർക്കാരിലേക്ക് ചെറിയ തോതിൽ ടാക്സ് ചുമത്തി പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ;

(സി) അന്യസംസ്ഥാന രജിസ്ട്രേഷൻ ഉള്ള എത്ര വണ്ടികൾ കേരളത്തിൽ ഓടുന്നുണ്ട് എന്നതിന്റെ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലൈഫ് ടാക്സ് അടച്ച നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ കേരളത്തിൽ 12 മാസം വരെ ഈ സംസ്ഥാനത്തെ രജിസ്ട്രേഷൻ നമ്പർ നേടാതെ സർവ്വീസ് നടത്തുന്നതിനു നിയമപരമായി തടസ്സമില്ല. ഈ വാഹനങ്ങൾ ഒരു മാസം വരെ ഉപയോഗിക്കുന്നതിന് സംസ്ഥാനം നികുതി ഒന്നും ഈടാക്കുന്നില്ല. ഒരു മാസത്തിൽ കൂടുതലായി സംസ്ഥാനത്ത് ഉപയോഗിക്കുന്ന അന്യ സംസ്ഥാന വാഹനങ്ങളിൽനിന്നും താഴെ പറയുന്ന നിരക്കിൽ നികുതി ഈടാക്കാറുണ്ട് :

| | കാറ്റഗറി | കാലയളവ് (30 ദിവസം മുതൽ വർഷം വരെ |
|---|---|---|
| 1 | മോട്ടോർ സൈക്കിൾ & ത്രീ വീലേഴ്സ് | 200 |
| 2 | മോട്ടോർകാർ | 1500 |
| 3 | a. സ്വകാര്യ വാഹനങ്ങൾ 10 സീറ്റ് വരെ ഉൾക്കൊള്ളാവുന്ന യാത്രക്കാർ- ഓരോരുത്തർക്കും | 300 |
| | b. 10 സീറ്റിൽ കൂടുതൽ ഉൾക്കൊള്ളാവുന്ന യാത്രക്കാർ- ഓരോരുത്തർക്കും | 500 |
| 4 | കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങളും മറ്റ് നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളും | 1000 |

കാലയളവ് ഒരു വർഷത്തിനു മുകളിലാണെങ്കിൽ വാഹനം കേരളത്തിൽ തങ്ങുന്ന കാലയളവിന് ആനുപാതികമായ നിരക്കിൽ ഒറ്റത്തവണ നികുതി ഈടാക്കാവുന്നതാണ്.

(സി) അന്യ സംസ്ഥാന രജിസ്ട്രേഷനുള്ള വണ്ടികൾ കേരളത്തിൽ ഇടയ്ക്കിടെ വന്നു പോകുന്നതിന് നിയമ തടസ്സമില്ലാത്തതിനാൽ അവയുടെ എണ്ണത്തിൽ സ്ഥിരത ഉണ്ടായിരിക്കുന്നതല്ല. അതിനാൽ തന്നെ അത്തരം വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച കണക്ക് ക്രോഡീകരിച്ചിട്ടില്ല.

## സംസ്ഥാനത്തോടുന്ന സ്വകാര്യ ബസ്സുകൾ

278 (3373) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തോടുന്ന സ്വകാര്യ ബസ്സുകൾ വഴിമാറിയും സമയം തെറ്റിച്ചും വ്യാപകമായി ഓടുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പെർമിറ്റുകൾ അവഗണിച്ചു കൊണ്ടുള്ള സ്വകാര്യ ബസ്സുകളുടെ ഓട്ടം മുഖേന കെ.എസ്.ആർ.ടി.സി.-ക്കും സർക്കാർ ഖജനാവിനും ഉണ്ടാകുന്ന നഷ്ടം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച പരിശോധനകൾ നടത്തി സമയം, റൂട്ട് എന്നിവ തെറ്റിച്ച് ഓടുന്ന ബസ്സുകൾ പിടികൂടി പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ ഇതിനായി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാൻ അതാത് ആർ.ടി.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) പെർമിറ്റുകൾ അവഗണിച്ചുകൊണ്ടുള്ള സ്വകാര്യബസ്സുകളുടെ ഓട്ടം മുഖേന കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം ഗൗരവമായി കണക്കിലെടുക്കുകയും, ഇപ്രകാരം നിയമം തെറ്റിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) നിലവിലുള്ള ആർ.ടി.ഒ. ഫ്ലയിംഗ് സ്ക്വാഡുകൾ ഇത്തരം പരാതികൾ അന്വേഷിക്കുന്നുണ്ട്.

## ബോട്ട് ജെട്ടിയിൽ ജലഗതാഗത വകുപ്പിന്റെ സ്ഥലം

279 (3374) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ബോട്ട് ജെട്ടിയിൽ ജലഗതാഗത വകുപ്പിന്റെ പേരിലുള്ള സ്ഥലം/മുറി, കച്ചവടത്തിനായും മറ്റാവശ്യങ്ങൾക്കുമായി ആർക്കെല്ലാമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം/മുറി ലേല നടപടികളിലൂടെയാണോ നൽകിയിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര കാലത്തേക്കാണ് നൽകിയിട്ടുള്ളതെന്നും ഇതിൽനിന്നും ലഭ്യമാകുന്ന വരുമാനം എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) അനധികൃതമായി ആരെങ്കിലും സ്ഥലം/മുറി കൈവശം വച്ചിട്ടുണ്ടോ; ഇവരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇവർ ആരൊക്കെയെന്നും ഒഴിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാന്റീൻ: ശ്രീ. അൻവർ പി. എ., പരിയാരപ്പള്ളി വീട്, പനങ്ങാട്.പി.ഒ. എറണാകുളം

മിൽമാ ബൂത്ത്: ശ്രീ. ലൈജു കൊച്ചപ്പൻ, പാലാട്ടി വീട്, കറുകുറ്റി, അങ്കമാലി, എറണാകുളം.

(ബി) കാന്റീൻ നടത്തിപ്പ് ക്വട്ടേഷൻ ക്ഷണിച്ചാണ് നൽകിയിട്ടുള്ളത്. വകുപ്പ് വക സ്ഥലത്ത് എറണാകുളം ബോട്ട് ജെട്ടിയിൽ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടി വരുമ്പോൾ മിൽമാ ബൂത്ത് നീക്കം ചെയ്യുന്നതായിരിക്കും എന്ന നിബന്ധനയോടെ പുതുക്കിയ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് ശ്രീ. ലൈജു കൊച്ചപ്പൻ എന്നയാൾക്ക് മിൽമ ബൂത്ത് നടത്തുന്നതിന് അനുവാദം നൽകിയിട്ടുള്ളത്.

(സി) 2 വർഷത്തേക്കാണ് കെട്ടിടങ്ങൾ അനുവദിച്ചിട്ടുള്ളത്.

കാന്റീൻ പ്രതിമാസ വാടക -26,000/-

മിൽമാ ബൂത്ത് പ്രതിമാസ വാടക 7,932 /-

(ഡി) എറണാകുളം ബോട്ട് ജെട്ടിയിൽ അനധികൃത കടമുറി കയ്യേറ്റങ്ങൾ ഇല്ല.

**സംയോജിത ജലഗതാഗത പ്രോജക്ട്**

280 (3375) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടപ്പിലാക്കുന്ന സംയോജിത ജലഗതാഗത പ്രോജക്ട് മാതൃകയിൽ ആലപ്പുഴ, കുട്ടനാട്, ചങ്ങനാശ്ശേരി, കോട്ടയം മേഖലകളിൽ ജലഗതാഗതം നവീകരിക്കുന്നതിന് ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ, പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ പണി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) 2016-17-ൽ എത്ര കോടി രൂപ ഈ പദ്ധതിയ്ക്കായി അനുവദിച്ചുവെന്നും അതിൽ എത്ര കോടി ഇതിനകം ചെലവാക്കിയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വകുപ്പുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരം ആലപ്പുഴ ബോട്ട് ജെട്ടി, ബസ് സ്റ്റാന്റ് എന്നിവയെ സംയോജിപ്പിച്ച് ഒരു മൊബിലിറ്റി ഹബ്ബ് ഉണ്ടാക്കുകയും ആലപ്പുഴ റെയിൽവേ സ്റ്റേഷനുമായി തുടർച്ചയായ ബസ് സർവ്വീസിലൂടെ ഈ കേന്ദ്രത്തെ ബന്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അതിന്റെ പണി ആരംഭിച്ചിട്ടില്ല.

(സി) 2016-17 സാമ്പത്തിക വർഷം ഇതിനായി പ്രത്യേക നിക്ഷേപ പദ്ധതികളിൽ നിന്നും 400 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനകം ഈ വകുപ്പിലേയ്ക്ക് എന്തെങ്കിലും തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

**ജലഗതാഗത വകുപ്പിനുകീഴിലെ ബോട്ടുകൾ**

281 (3376) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന് കീഴിൽ എത്ര ബോട്ടുകളാണ് നിലവിലുള്ളത്;

(ബി) ഇവയുടെ ഫിറ്റ്നസ് യഥാസമയം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എത്ര കാലപ്പഴക്കം ചെന്നവയാണ് ഈ ബോട്ടുകൾ എന്ന് അറിയിക്കുമോ;

(ഡി) കാലപ്പഴക്കം ചെന്നതും യാത്രയ്ക്ക് സുരക്ഷിതമല്ലാത്തതുമായ ബോട്ടുകൾക്ക് പകരം പുതിയവ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 96 ബോട്ടുകൾ.

(ബി) വകുപ്പ് ബോട്ടുകളുടെ ഫിറ്റ്നസ് പരിശോധന തുറമുഖ വകുപ്പ് മുഖേന നടത്തിവരുന്നു.

(സി) 52 ഷെഡ്യൂളുകളാണ് നിലവിൽ സംസ്ഥാനത്ത് വകുപ്പ് നടത്തി വരുന്നത്. 52 സർവ്വീസ് ബോട്ടുകളിൽ 15 വർഷത്തിന് താഴെ മാത്രം പഴക്കം ചെന്ന 37 സ്റ്റീൽ ബോട്ടുകളും, 10 വർഷത്തിനും 39 വർഷത്തിനും ഇടയിൽ പഴക്കമുള്ള 16 തടി ബോട്ടുകളും പുതുതായി 2015 -ൽ നിർമ്മിച്ച ഒരു ഫൈബർ സോളാർ ബോട്ടും ഉൾപ്പെടുന്നു.

(ഡി) കാലപ്പഴക്കം ചെന്നതും യാത്രയ്ക്ക് സുരക്ഷിതമല്ലാത്തതുമായ ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പഴക്കം ചെന്ന പരമ്പരാഗത തടി ബോട്ടുകൾ മാറ്റി ഏകദേശം നാൽപത്തിയഞ്ചോളം സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുവാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. നിലവിൽ 10 ഫൈബർ ബോട്ടുകൾ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുള്ളതാണ്. 14 ബോട്ടുകൾ കൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള കാറ്റമാരൻ, സ്റ്റീൽ ബോട്ടുകളാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## സോളാർ ബോട്ടുകൾ

282 (3377) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരളത്തിൽ എത്ര സോളാർ ബോട്ടുകൾ ജലഗതാഗത വകുപ്പിൽ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ജനങ്ങൾ പൂർണ്ണമായും ജലഗതാഗതത്തെ മാത്രം ആശ്രയിക്കുന്ന പെരുമ്പളം ദ്വീപിലേക്ക് പാണാവള്ളിയിൽനിന്ന് സോളാർ ബോട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒരു സോളാർ ബോട്ട് ജലഗതാഗത വകുപ്പിന് കീഴിൽ സർവ്വീസ് നടത്തി വരുന്നു.

(ബി) നിലവിൽ ഒരു സോളാർ ബോട്ടുമാത്രമാണ് വകുപ്പിനുള്ളത്, ആയത് വൈക്കം - തവണക്കടവ് ഫെറി റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. ഇത്തരത്തിൽ കൂടുതൽ സോളാർ ബോട്ടുകൾ വാങ്ങി സർവ്വീസിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് പരിഷ്കാരങ്ങൾ

283 (3378) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ കാലോചിതമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളത്തുനിന്നും വേമ്പനാട്ടുകായൽ വഴി കോട്ടയത്തേയ്ക്കും കൊല്ലത്തേയ്ക്കും ആലപ്പുഴയിലെ നയന മനോഹരമായ പ്രകൃതിയും ആസ്വദിച്ചുകൊണ്ട് ജലമാർഗ്ഗമുള്ള ലിമിറ്റഡ് സ്റ്റോപ്പ് യാത്രാബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ;

(സി) ജലമാർഗ്ഗമുള്ള വേഗതയേറിയ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഒപ്പംതന്നെ ചെറുദ്വീപുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള ചെറുതും വലുതുമായ സർവ്വീസുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വകുപ്പ് കേരളത്തിൽ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 52 ഷെഡ്യൂളുകൾ നിലവിൽ നടത്തിവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വീസ് ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവ ഇതുമായി ബന്ധപ്പെട്ട് വകുപ്പ് കുസാറ്റ്, തുറമുഖ വകുപ്പ് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരുടെ നേതൃത്വത്തിൽ നിർമ്മിച്ചു വാങ്ങിയ 45 സ്റ്റീൽ ബോട്ടുകൾ വകുപ്പ് സർവ്വീസ് നടത്തിവരുന്നു. പഴയ തടി ബോട്ടുകൾ പുനർവിന്യസിക്കുന്നതിന്റെ ഭാഗമായി 14 ആധുനിക ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ നൽകി നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പുവക ബോട്ടുകളുടെ റിപ്പയർ കാര്യക്ഷമമായി നടത്തുന്നതിനായി പുതുതായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ 4 ബോട്ടുകൾ കയറ്റാവുന്ന ഡ്രൈഡോക്കും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയും നിർമ്മിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതും ടി യാർഡുകളിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ വകുപ്പ് സ്വന്തം നിലയിൽ നടത്തിവരികയുമാണ്. വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി നിലവിൽ ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ- കുട്ടനാട് എന്നിങ്ങനെ 3 സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിന് പുറമെ വൈക്കം- എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ കൂടി അത്യാധുനിക എ.സി. ബോട്ടുകൾ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ ആരംഭിക്കുന്നതിന് ബോട്ടുകൾ നിർമ്മിച്ചു വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനും അതുവഴി ഡീസൽ ഒഴിവാക്കി ലാഭകരമായ സർവ്വീസുകൾ നടത്തുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് വകുപ്പിന്റെ വൈക്കം-

തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. സർവ്വീസ് ബോട്ടുകളിൽ യാത്രക്കാർക്കും ജീവനക്കാർക്കും പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ള ആധുനിക സുരക്ഷാ ഉപകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുള്ളതുമാണ്. വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ ബോട്ടുകൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ ബോട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. കായൽ മലിനീകരണം തടയുന്നതിനും ജീവൻരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമായി ഹ്രസ്വ ചിത്രം വകുപ്പ് പുറത്തിറക്കുകയും ഇത് ബോട്ടുകളിലും സ്റ്റേഷനുകളിലും പ്രദർശിപ്പിക്കുന്നതിനായി വീഡിയോ സ്ക്രീൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാലോചിതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും അതുവഴി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനും വകുപ്പ് പ്രത്യേകം ശ്രദ്ധ പുലർത്തുന്നു.

(ബി) നിലവിൽ ആലപ്പുഴയിൽനിന്നും കൊല്ലത്തേയ്ക്കും തിരിച്ചും ആധുനിക സ്റ്റീൽ ബോട്ടുപയോഗിച്ച് വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ സർവ്വീസുകൾ വകുപ്പ് നടത്തിവരുന്നു. പുതുതായി വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ കൂടി അതിവേഗ യാത്രാ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജലമാർഗ്ഗമുള്ള വേഗതയേറിയ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അടുത്ത സാമ്പത്തിക വർഷത്തിൽ 2 വാട്ടർ ടാക്സിയും ഒരു ക്രൂയിസ് വെസ്സലും സർവ്വീസ് നടത്തുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. കൂടാതെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കും ഒരുപോലെ യാത്ര ചെയ്യുവാൻ ഉതകുന്ന രീതിയിൽ സീ-അഷ്ടമുടി എന്ന പേരിൽ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസും ആരംഭിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു.

**ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

284 (3379) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുവഴിയുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതുകൊണ്ടു മാത്രം ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കില്ല എന്നതിനാൽ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജലമലിനീകരണം കുറയ്ക്കുന്നതിന് ജലയാനങ്ങളിൽ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സൗരോർജ്ജ പാനൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ട് കമ്മീഷൻ ചെയ്യുകയും സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പരിസ്ഥിതി സൗഹൃദപരവും മലിനീകരണ വിമുക്തവുമായ രീതിയിലേയ്ക്ക് ഉൾനാടൻ ജലഗതാഗതം മാറ്റിയെടുക്കുന്നതിനായി ഇത്തരം പുതിയ ബോട്ടുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോട്ടുകളുടെ അറ്റകുറ്റ, നിർമ്മാണ പ്രവൃത്തികൾക്കുള്ള ഡ്രൈ ഡോക്ക് സംവിധാനം പൂർണ്ണമായും യന്ത്രവൽക്കൃതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് നിലവിൽ ഫെറി, സർക്കുലർ സർവ്വീസുകൾ ഫലപ്രദമായി നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം-തവണക്കടവ്, ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവ്വീസുകൾ ഇതിന് ഉദാഹരണങ്ങളാണ്. കരമാർഗ്ഗം 15 കിലോമീറ്റർ സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ ജല മാർഗ്ഗേന 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് വകുപ്പ് നടത്തി വരുന്നു. ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി റോഡിലെ തിരക്ക് കുറയ്ക്കുന്നതിനും ഉതകുന്നതാണ് ഫോർട്ട് കൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിൽ നിന്ന് എറണാകുളത്തേയ്ക്കുള്ള വകുപ്പിന്റെ സർക്കുലർ സർവ്വീസുകൾ. ഇതുവഴി ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം മറികടന്ന് വേഗത്തിൽ എറണാകുളത്ത് എത്തിച്ചേരാൻ സാധിക്കുന്നു. നിലവിൽ 8 ബൈക്കുകൾ വീതം കയറ്റാവുന്ന 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ നിരത്തിലെ തിരക്ക് കുറയ്ക്കുന്നതിനും അതുവഴി ജനങ്ങളെ ജലഗതാഗതത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുംവിധം സർവ്വീസുകൾ നടത്തിവരുന്നു.

(ബി-ഡി) നിലവിൽ പുതുതായി നിർമ്മിച്ചിട്ടുള്ള സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന യാത്രാ ബോട്ടൊഴികെ എല്ലാ വകുപ്പ് ബോട്ടുകളും ഡീസൽ ഇന്ധനത്തിൽ പ്രവർത്തിക്കുന്നവയാണ്. ജലയാനങ്ങളിൽ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് 12-1-2017-ൽ ഉദ്ഘാടനം നടത്തി, വൈക്കം - തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ വിജയസാധ്യത പരിശോധിച്ച് ഭാവിയിൽ ഇത്തരത്തിൽ കൂടുതൽ ബോട്ടുകൾ സർവ്വീസ് നടത്തുന്നതിനും പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിച്ച് ബോട്ടുകൾ സർവ്വീസ് നടത്തുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

(ഇ) നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ വകുപ്പുവക ബോട്ടുകളുടെ അറ്റകുറ്റ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഡ്രൈ ഡോക്ക് സംവിധാനം എന്നിവ 287 ലക്ഷം രൂപ മുതൽമുടക്കിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിൽക്ക് മുഖാന്തരം കൂടുതൽ ആധുനീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സൗരോർജ്ജ ബോട്ട് സർവ്വീസ്

285 (3380) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജത്തിന്റെ സഹായത്തോടെയുള്ള ജലഗതാഗത പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജലഗതാഗതം പൂർണ്ണമായും സൗരോർജ്ജ സഹായ ത്തോടെയാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ആദ്യ സൗരോർജ്ജ ബോട്ടായ ആദിത്യ സർവ്വീസ് ആരംഭിച്ച് ചുരുങ്ങിയ കാലത്തിനുള്ളിൽ തകരാറിലായിട്ടുണ്ടോ; എങ്കിൽ ഇതിന് പിന്നിൽ എന്തെങ്കിലും അസ്വാഭാവികതയുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ തകരാർ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ ജലഗതാഗതം മലിനീകരണ വിമുക്തവും പരിസ്ഥിതി സൗഹൃദപരവുമായ രീതിയിലേയ്ക്ക് മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സോളാർ ബോട്ട് ഇന്ത്യയിൽത്തന്നെ ആദ്യ സംരംഭം എന്ന നിലയിൽ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ആയതിന്റെ വിജയ സാധ്യത പരിശോധിച്ച് കൂടുതൽ ബോട്ടുകൾ വാങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി&സി) വകുപ്പിന്റെ ആദ്യ സൗരോർജ്ജ ബോട്ടായ ആദിത്യ സർവ്വീസ് ആരംഭിച്ച് നാളിതുവരെ തകരാറിലായിട്ടില്ല. ആദിത്യയുടെ റഡാർ പ്ലേറ്റ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവം നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം നടന്നുവരുന്നു.

**കോട്ടയത്തുനിന്നുള്ള ജലഗതാഗതം**

286 (3381) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് നിന്നും ആലപ്പുഴയിലേക്കും മറ്റ് പ്രദേശങ്ങളിലേക്കും ജലഗതാഗതം കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്;

(ബി) യാത്രക്കാരുടെയും വിനോദസഞ്ചാരികളുടെയും വർദ്ധനവിന് അനുസരിച്ച് കൂടുതൽ യാത്രാ ബോട്ടുകൾ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ആലപ്പുഴ മേഖലയിൽനിന്നും മറ്റ് യാത്രാ മാർഗ്ഗങ്ങൾ ഇല്ലാത്ത കുട്ടനാട് ഉൾപ്പെടെയുള്ള വെള്ളത്താൽ ചുറ്റപ്പെട്ട മേഖലകളിലേയ്ക്ക് സർവ്വീസുകൾ നടത്തിവരുന്നു. ആലപ്പുഴയിൽനിന്നും കാഞ്ഞിരംവരെ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. കോട്ടയം വരെ നടത്തിയിരുന്ന ടി സർവ്വീസ് റൂട്ടിൽ തടസ്സങ്ങൾമൂലമാണ് നിലവിൽ കാഞ്ഞിരം വരെയാക്കി ചുരുക്കിയിട്ടുള്ളത്.

(ബി) യാത്രക്കാരുടെയും വിനോദസഞ്ചാരികളുടെയും വർദ്ധനവിന് അനുസരിച്ച് കൂടുതൽ യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. വൈക്കം-എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ പുതുതായി വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കും ഒരുപോലെ പ്രയോജനപ്രദമായ വിധത്തിൽ അതിവേഗ യാത്രാബോട്ട് സർവ്വീസ് ആരംഭിക്കുന്നതിലേയ്ക്കായി 120 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് എ.സി ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. അഷ്ടമുടി കായലിന്റെ സൗന്ദര്യം ആസ്വദിക്കാൻ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കും ഉതകുന്ന വിധത്തിൽ സീ-അഷ്ടമുടി എന്ന പേരിൽ ഒരു സർവ്വീസ് കൂടി ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

**കടൽമാർഗ്ഗമുള്ള ചരക്കുഗതാഗതം**

287 (3382) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടൽമാർഗ്ഗമുള്ള ചരക്കുഗതാഗതം കാര്യക്ഷമമാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ബാർജ് വഴി ചരക്കുനീക്കം വ്യാപകമാക്കുകയാണെങ്കിൽ പരിസ്ഥിതി മലിനീകരണം തടയുന്നതിനും അപകടരഹിത സുരക്ഷിത ചരക്കുനീക്കം വളരെ കുറഞ്ഞ ചെലവിൽ നടത്താൻ കഴിയുമെന്നുമുള്ള വസ്തുത സർക്കാർ പരിശോധിക്കുമോ;

(സി) ഹ്രസ്വദൂര-ദീർഘദൂര ചരക്കുഗതാഗതത്തിന് ഉതകുന്ന സാമ്പ്രദായികവും ആധുനികവുമായ സൗകര്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ-സി) കടൽ മാർഗ്ഗമുള്ള ചരക്കു ഗതാഗതം സംബന്ധിച്ച് ഗതാഗത വകുപ്പിൽ വിവരം ലഭ്യമല്ല.

(നക്ഷത്രചിഹ്നമിടാത്ത 3314, 3328, 3334, 3356 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ ദിവസം സഭയിൽ പ്രതിപക്ഷ നേതാവും ശ്രീ. വി. ഡി. സതീശനും ഉന്നയിച്ച വിഷയത്തെ സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ദിവസം ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ വാക്കൗട്ട് പ്രസംഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ പരാമർശം അങ്ങ് രേഖയിൽനിന്ന് നീക്കം ചെയ്തു. ഞങ്ങൾ അത് മാനിക്കുന്നു. എന്നാൽ അന്നുതന്നെ ഞങ്ങളെ അടച്ചാക്ഷേപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശം ഇപ്പോഴും രേഖയിലുണ്ട്. മുഖ്യമന്ത്രി വികാരത്തിൽ പറഞ്ഞ ആ കാര്യം രേഖയിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്.

മി. സ്പീക്കർ: അതുസംബന്ധിച്ച് ചെയർ റൂൾ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, പ്രതിപക്ഷത്തെ അടച്ചാക്ഷേപിച്ച് നടത്തിയ പരാമർശമാണത്. അദ്ദേഹം അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ ഇക്കാര്യം പറഞ്ഞില്ല. പിന്നീടുണ്ടായ പരാമർശം ഞങ്ങളെ വളരെ വേദനിപ്പിച്ചു, വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. അങ്ങ് ഇക്കാര്യത്തിൽ റൂളിംഗ് നൽകണം.

മി. സ്പീക്കർ: ഇന്നുതന്നെ ചെയർ റൂൾ ചെയ്യും.

## II അടിയന്തരപ്രമേയം

### മിഷേൽ ഷാജിയുടെ ദുരൂഹമരണം

മി. സ്പീക്കർ: ഇന്നത്തെ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത് സർവ്വശ്രീ അനൂപ് ജേക്കബ്, അൻവർ സാദത്ത്, പി. ഉബൈദുള്ള എന്നീ അംഗങ്ങളാണ്. ഇതിൽ പ്രത്യേകമായൊരു വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ സെഷൻ ആരംഭിച്ചതിനുശേഷം നാല് തവണ ചർച്ച ചെയ്ത കാര്യങ്ങളാണ് വീണ്ടും എഴുതി തന്നിരിക്കുന്നത്. അടിയന്തരപ്രമേയം എന്നുപറയുന്നത് അടിയന്തരപ്രാധാന്യമുള്ള ഒരു പ്രത്യേക സംഗതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതാണെന്ന് അംഗങ്ങളെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഒരേ കാര്യം ആവർത്തിച്ച് സഭയിൽ ചർച്ച ചെയ്യുന്നത് അടിയന്തരപ്രമേയത്തിന്റെ ഭാഗമായി അനുവദിക്കാനാവില്ല എന്ന് ഓർമ്മപ്പെടുത്തുകയാണ്. ശ്രീ. പി. ടി. തോമസ്........., അനുമതി തേടിക്കൊണ്ട് സംസാരിക്കാം. പക്ഷേ തുടർച്ചയായി ഒരേ കാര്യവും ഒരേ വാചകങ്ങളും ആവർത്തിക്കുകയാണെന്ന കാര്യം സഭയുടെ ശ്രദ്ധയിൽ ചെയർ കൊണ്ടുവരികയാണ്.

എറണാകുളം ജില്ലയിൽ പിറവം പെരിയപ്പുറം എണ്ണയ്ക്കാപ്പിള്ളിൽ ഷാജി വർഗ്ഗീസിന്റെ മകൾ 18 വയസ്സ് പ്രായമുള്ള മിഷേൽ ഷാജിയുടെ മൃതദേഹം ദുരൂഹ സാഹചര്യത്തിൽ എറണാകുളം വാർഫിനു സമീപം കായലിൽ കാണപ്പെട്ട് ഒരാഴ്ച പിന്നിട്ടിട്ടും മരണവുമായി ബന്ധപ്പെട്ട് പോലീസിന്റെ ഭാഗത്തുനിന്നുള്ള അന്വേഷണത്തിൽ

യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നുള്ളതും സംസ്ഥാനത്തുടനീളം ഇത്തരത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങളും കൊലപാതകങ്ങളും അടിക്കടി ഉണ്ടാകുമ്പോൾ യഥാസമയം നടപടി സ്വീകരിക്കാനോ കുറ്റവാളികളെ കണ്ടെത്താനോ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന കുറ്റകരമായ അനാസ്ഥകൊണ്ട് കഴിയുന്നില്ല എന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, അൻവർ സാദത്ത്, പി. ഉബൈദുള്ള എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം പിറവം എലഞ്ഞി പെരിയപ്പുറം കരയിൽ എണ്ണയ്ക്കാപ്പിള്ളിൽ വീട്ടിൽ ഷാജി വർഗ്ഗീസിന്റെ മകളും എറണാകുളം കച്ചേരിപ്പടി സെന്റ് തെരേസാസ് ഹോസ്റ്റലിൽ അനക്സ് മെഴ്സിഹോമിൽ താമസിച്ച് പാലാരിവട്ടം ജനതയിലുള്ള ലോജിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിൽ സി.എ.-ക്ക് പഠിച്ചുവന്നതുമായ 18 വയസ്സുള്ള മിഷേൽ ഷാജിയെ 2017 മാർച്ച് 5-ന് വൈകിട്ട് 7.15-നുശേഷം കാണാനില്ലെന്ന കാര്യം പിറ്റേന്ന് (2017 മാർച്ച് 6) രാവിലെ 10.00 മണിയോടെ പിതാവ് സ്റ്റേഷനിലെത്തി പരാതി നൽകി. പരാതി ലഭിച്ചയുടൻതന്നെ വയർലെസ് മെസേജ് വഴിയും സൈബർ സെല്ലിൽ ഫോൺ കേന്ദ്രീകരിച്ചും അന്വേഷണം ആരംഭിക്കുകയും സെൻട്രൽ പോലീസ് സ്റ്റേഷനിൽ നിന്നും ഒരു സി.പി.ഒ.-യെ പരാതിക്കാരോടൊപ്പം അയച്ച് പെൺകുട്ടി പോയതായി പറയുന്ന കലൂർ സെന്റ് ആന്റണി ചർച്ച്, കുട്ടി പഠിച്ചുകൊണ്ടിരുന്ന പാലാരിവട്ടം ജനതയിലുള്ള ലോജിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ട്, കച്ചേരിപ്പടിയിലുള്ള സെന്റ് തെരേസാസ് ഹോസ്റ്റൽ തുടങ്ങിയ സ്ഥലങ്ങളിലും മറ്റും അന്വേഷിച്ചതിൽ ടിയാളെക്കുറിച്ച് മറ്റ് വിവരങ്ങളൊന്നും ലഭിച്ചില്ല. ഇക്കാര്യത്തിന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ കെ.പി. ആക്ട് 57-ാം വകുപ്പ് പ്രകാരം ക്രൈം 671/2017 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരവെ മിഷേൽ ഷാജിയുടെ മൃതദേഹം 6-3-2017-ന് വൈകിട്ട് 5.30 ഓടെ എറണാകുളം ഹാർബർ പോലീസ് സ്റ്റേഷൻ പരിധിയിലെ വാർഫ് ജെട്ടി ഭാഗത്ത് വെള്ളത്തിൽ കാണപ്പെട്ടു. മൃതദേഹം കണ്ടെത്തി ബന്ധുക്കളെ കാണിച്ച് തിരിച്ചറിഞ്ഞതിനുശേഷം കേസിൽ കെ.പി. ആക്ട് 57-നൊപ്പം സി.ആർ.പി.സി. 174 ചേർത്ത് എറണാകുളം ജനറൽ ആശുപത്രിയിൽവച്ച് ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മൃതദേഹം എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫോറൻസിക് വിഭാഗം ഡോക്ടർ പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടു കൊടുത്തിട്ടുള്ളതാണ്. വെള്ളത്തിൽ മുങ്ങിയതാണ് മരണകാരണമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കേസിന്റെ അന്വേഷണം എറണാകുളം സെൻട്രൽ പോലീസ് ഇൻസ്പെക്ടർ നടത്തിവരുന്നു. മരിച്ച പെൺകുട്ടിയുടെ ഫോൺകാൾ ഡീറ്റെയിൽസ് പരിശോധിച്ചും ബന്ധുക്കളെയും അടുത്തറിയാവുന്നവരെയും കണ്ട്

ചോദിച്ചും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും മറ്റും അന്വേഷണങ്ങൾ നടത്തി വരുന്നു. കേസിന്റെ ഗൗരവം കണക്കിലെടുത്ത് ലോക്കൽ പോലീസ് അന്വേഷിച്ചു വരുന്ന ഈ കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതായ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായി മിഷേൽ ഷാജിയെന്ന പെൺകുട്ടി നമ്മുടെ മുന്നിൽ നിൽക്കുന്നു എന്നതുകൊണ്ടാണ് ഈ അടിയന്തരപ്രമേയത്തിന് ഞങ്ങൾ നോട്ടീസ് നൽകിയത്. ഒരേ വിഷയങ്ങൾ ആവർത്തിക്കുന്നു എന്ന നിലയിൽ ബഹുമാനപ്പെട്ട ചെയർ ഈ വിഷയത്തെ ലഘുവായി കാണരുത്. ഓരോ കുട്ടികൾ മരണപ്പെടുമ്പോഴും അതിനു പിന്നിൽ സ്വാഭാവികമായുണ്ടാകുന്ന ദുരൂഹതകൾ ഇല്ലാതാക്കാൻ നമ്മുടെ പോലീസിന് സാധിക്കുന്നില്ല എന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രധാന വിഷയം. പോലീസിന്റെ നിഷ്ക്രിയത്വം ഇതിന്റെ പിന്നിലുണ്ട് എന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽത്തന്നെ വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ അദ്ദേഹത്തിന് പോലീസ് നൽകിയിട്ടുണ്ടെന്ന് കാണാം. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുമ്പോൾ അതിനെ ശക്തമായി നേരിടുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുന്നുണ്ട്. നിയമസഭയ്ക്കകത്തും പുറത്തും പ്രഖ്യാപനങ്ങൾ ആവർത്തിക്കുന്നുമുണ്ട്. പക്ഷേ ആ പ്രഖ്യാപനങ്ങൾ പ്രായോഗികതലത്തിൽ വരുന്നില്ല എന്നതാണ് ഈ അതിക്രമങ്ങൾ വർദ്ധിച്ചുവരാൻ കാരണം. സിനിമാ നടിക്കുനേരെയുണ്ടായ അക്രമങ്ങൾ, വയനാട്ടിൽ കുട്ടികൾക്കുനേരെയുണ്ടായ പീഡനങ്ങൾ തുടങ്ങി ഒട്ടനവധി വിഷയങ്ങൾ വ്യക്തമാക്കുന്നത് സ്ത്രീകൾക്കും കുട്ടികൾക്കും കേരളത്തിൽ യാതൊരു സുരക്ഷിതത്വവുമില്ല എന്നാണ്. അതിനുമുന്നിൽ നമുക്ക് കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയില്ല.

എറണാകുളത്ത് ഹോസ്റ്റലിൽ താമസിച്ച് സി.എ.-ക്ക് പഠിച്ചിരുന്ന പിറവം സ്വദേശിനിയായ മിഷേൽ ഷാജിയെ കാണാതാകുന്നത് 5-3-2017-ലാണ്. 5-3-2017-ൽ വൈകിട്ട് 6.30-നുശേഷം ഈ കുട്ടിയെക്കുറിച്ച് യാതൊരറിവും ലഭിച്ചിരുന്നില്ല. 5-3-2017-ൽ ഈ കുട്ടി മിസ്സിംഗായി എന്നറിയുന്നത് ഏകദേശം 8 മണിക്കുശേഷമാണ്. കുട്ടി ഹോസ്റ്റലിൽ ആയിരിക്കാമെന്ന് വീട്ടുകാരും വീട്ടിലായിരിക്കാമെന്ന് ഹോസ്റ്റൽ അധികൃതരും കരുതി. കുട്ടി വീട്ടിലും ഹോസ്റ്റലിലും എത്തിയിട്ടില്ല എന്നറിഞ്ഞപ്പോൾ കുട്ടിയുടെ മാതാപിതാക്കൾ പിറവത്തുനിന്ന് എറണാകുളത്തേയ്ക്ക് വരികയും ഹോസ്റ്റലിലെ സിസ്റ്റേഴ്സിനോടൊപ്പം 5-3-2017-ൽത്തന്നെ വൈകുന്നേരം ഏകദേശം 9 മണി കഴിഞ്ഞ് സെൻട്രൽ സ്റ്റേഷനിലെത്തി പരാതി നൽകിയപ്പോൾ പോലീസിന്റെ മറുപടി ലജ്ജാകരമായിരുന്നു. എസ്.ഐ. സ്ഥലത്തില്ലാത്തതിനാൽ പരാതി

സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നും നാളെ രാവിലെ വന്നാൽ മതിയെന്നുമാണ് പോലീസ് പറഞ്ഞത്. മുഖ്യമന്ത്രി പറഞ്ഞത് 6-ാം തീയതിയാണ് പരാതി കൊടുത്തത് എന്നാണ്. 5-ാം തീയതി വൈകിട്ട് കുട്ടിയുടെ മാതാപിതാക്കളും ഹോസ്റ്റലിലെ സിസ്റ്റേഴ്സും സെൻട്രൽ സ്റ്റേഷനിൽ പരാതി നൽകാനായി ചെന്നിരുന്നു. ചക്കയോ മാങ്ങയോ മോഷ്ടിക്കപ്പെട്ടു എന്ന പരാതി കൊടുക്കാനല്ല, 18 വയസ്സുള്ള പെൺകുട്ടിയെ കാണാനില്ലെന്ന പരാതി കൊടുക്കാനാണ് അവർ വന്നത്. അപ്പോഴാണ് എസ്.ഐ. സ്ഥലത്തില്ലാത്തതിനാൽ പരാതി സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നും രാവിലെ വരാനും പോലീസ് പറഞ്ഞത്. ഇതാണോ കേരളത്തിലെ പോലീസുകാരുടെ ശുഷ്കാന്തി; ഇത്തരമൊരു സാഹചര്യത്തിൽ ഇങ്ങനെയാണോ പോലീസ് പ്രവർത്തിക്കേണ്ടത്? ഒരു പെൺകുട്ടിയെ കാണാനില്ലെന്ന് ആ കുട്ടിയുടെ അച്ഛനും അമ്മയും സ്റ്റേഷനിൽ വന്ന് പരാതി പറയുമ്പോൾ പോലീസിന്റെ ഭാഗത്തുനിന്നുള്ള സമീപനമാണ് ഇവിടെ ഏറ്റവും പ്രസക്തം. പിറ്റേദിവസം 6-ാം തീയതിയാണ് ഈ കേസ് രജിസ്റ്റർ ചെയ്യുന്നത്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സൂചിപ്പിച്ചത്. 5-ാം തീയതി വൈകുന്നേരം പരാതിക്കാരെ പറഞ്ഞുവിടുകയും 6-ാം തീയതി രാവിലെ ഏകദേശം 9 മണിയോടെ വീണ്ടും സ്റ്റേഷനിലെത്തി പരാതി കൊടുക്കുകയുമാണ് ചെയ്തത്. അന്ന് വൈകുന്നേരം തന്നെ കുട്ടിയുടെ മൃതദേഹം കൊച്ചി കായലിൽ നിന്നും കണ്ടെടുത്തു. എന്നാൽ എഫ്.ഐ.ആർ.-ൽ പോലും 9 മണിക്ക് കൊടുത്ത പരാതി രേഖപ്പെടുത്തിയിട്ടില്ല. പോസ്റ്റുമോർട്ടം ചെയ്ത സർജനുമായി ഞാൻ സംസാരിച്ചിരുന്നു. അദ്ദേഹം വിശദാംശങ്ങളൊന്നും എന്നോട് പറഞ്ഞില്ലെങ്കിലും 7-ാം തീയതി പോസ്റ്റുമോർട്ടം നടന്നതിന്റെ റിപ്പോർട്ട് രണ്ട് ദിവസത്തിനകം കൊടുത്തുവെന്ന് പറയുകയുണ്ടായി. പക്ഷേ, പോലീസ് പോസ്റ്റുമോർട്ടം റിപ്പോർട്ട് കൈപ്പറ്റുന്നത് ഇന്നലെയാണ്. നിർണ്ണായകമായ മണിക്കൂറുകളും സമയങ്ങളും പോലീസ് നഷ്ടപ്പെടുത്തിയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ഡ്രൗണിംഗ്, ആത്മഹത്യ എന്നുള്ള നിലയിൽ കേസ് എഴുതിത്തള്ളുകയാണ്. ഈ കുട്ടി ആത്മഹത്യ ചെയ്തില്ലെന്ന് കുട്ടിയുടെ അച്ഛനും അമ്മയും ബന്ധുക്കളും സുഹൃത്തുക്കളും ആവർത്തിച്ച് പറയുന്നു. ഒരാളിന്റെ ക്യാരക്ടർ വച്ചാണ് അവർ പറയുന്നത്. എല്ലാത്തിനെക്കുറിച്ചും വളരെ തുറന്ന് സംസാരിക്കുന്ന, അച്ഛനും അമ്മയുമായി നല്ല സൗഹൃദം വച്ചുപുലർത്തുന്ന ഒരു കുട്ടി ഒരിക്കലും ആത്മഹത്യ ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുന്നില്ല. കുട്ടി അവസാനമായി 6.10-ന് കലൂർ പള്ളിയിൽ നിന്ന് ഇറങ്ങിവരുന്നത് അവിടത്തെ സി.സി.ടി.വി.-യിൽ പതിഞ്ഞിട്ടുണ്ട്. ഈ സി.സി.ടി.വി. ദൃശ്യം ഞാനും കണ്ടതാണ്. അതിൽ കുട്ടി യാതൊരു സംഘർഷമോ പിരിമുറുക്കമോ ഇല്ലാതെ വളരെ സമാധാനപരമായി ഇറങ്ങിപ്പോകുന്നതാണ് കാണുന്നത്. അടുത്ത ദൃശ്യമാണ് വളരെ പ്രധാനപ്പെട്ടത്. കുട്ടി പള്ളിയുടെ മുറ്റത്തിറങ്ങുമ്പോൾ ബൈക്കിൽ വന്ന രണ്ടുപേർ കുട്ടിയെ നിരീക്ഷിക്കുന്നതും കുട്ടി നടന്നുപോകുന്ന ദിശയിലേയ്ക്ക് ബൈക്ക് ഓടിച്ചുപോകുന്നതും കാണാം. സി.സി.ടി.വി.

ദൃശ്യങ്ങൾ എടുത്തത് പോലീസാണെന്ന് ആരും തെറ്റിദ്ധരിക്കേണ്ട. കുട്ടിയുടെ ബന്ധുക്കളെടുത്ത് പോലീസിന് കൈമാറിയതാണ്. ഈ പറഞ്ഞ വിഷയങ്ങൾ പോലും പോലീസ് അന്വേഷിച്ചിട്ടില്ല. അതിനുശേഷമാണ് കുട്ടിയുടെ ബോഡി അടുത്ത ദിവസം വൈകുന്നേരം കായലിൽനിന്ന് ലഭിച്ചത്. അനുഭവസമ്പത്തുള്ള അവിടത്തെ മത്സ്യത്തൊഴിലാളികൾ പറഞ്ഞത്, മൃതദേഹത്തിന് 24 മണിക്കൂർ പഴക്കമില്ലെന്നാണ്. 5-ാം തീയതി രാത്രി കാണാതായ കുട്ടി ആത്മഹത്യ ചെയ്തതാണെന്ന പോലീസ് നിഗമനമാണെങ്കിൽ അത്തരത്തിലുള്ള ഒരു decaying-ഉം ആ മൃതദേഹത്തിൽ ഇല്ലായിരുന്നുവെന്നും മത്സ്യത്തൊഴിലാളികൾ പറയുന്നു. പാലത്തിൽനിന്നും കുട്ടി കായലിലേയ്ക്ക് ചാടിയെന്നാണ് പോലീസിന്റെ മറ്റൊരു ഭാഷ്യം. ഗോശ്രീ പാലത്തിൽ വൈകുന്നേരം ഒരു കുട്ടിയെ കണ്ടുവെന്ന മൊഴി പോലീസിന് ലഭിച്ചുവെന്ന് പറയുന്നു. അഥവാ ആ പാലത്തിൽനിന്നും കായലിലേയ്ക്ക് ചാടിയെന്ന് അനുമാനിച്ചാൽ മൃതദേഹം ഒഴുകി ഇപ്പോൾക്കിടന്ന സ്ഥലത്ത് എത്തില്ലെന്നും മത്സ്യത്തൊഴിലാളികൾ വളരെ കൃത്യതയോടെ പറയുന്നു. മൃതദേഹം എങ്ങനെ അവിടെയെത്തിയെന്നുള്ളതാണ് ദുരൂഹതകളിലേയ്ക്ക് വിരൽ ചൂണ്ടുന്നത്. രാത്രി മുഴുവൻ മൃതശരീരം വെള്ളത്തിൽ കിടന്നതിന് യാതൊരു സാഹചര്യത്തെളിവുകളുമില്ല. ഇത്തരത്തിലുള്ള അനവധി കാര്യങ്ങൾ മാതാപിതാക്കളും മത്സ്യത്തൊഴിലാളികളും ആവർത്തിച്ച് പറഞ്ഞിട്ടും അക്കാര്യങ്ങൾ മുഖവിലയ്ക്കെടുക്കാൻ പോലീസ് തയ്യാറായിട്ടില്ലെന്നതാണ് പ്രധാനമായും മനസ്സിലാക്കേണ്ടത്. ഞാൻ അതിനുശേഷം അന്വേഷണ ഉദ്യോഗസ്ഥരുമായും സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കേണ്ട മറ്റൊരു കാര്യമുണ്ട്. കുട്ടി ഗോശ്രീ പാലത്തിലും വാർഫിലും ചെന്നുവെന്ന് പറയുമ്പോൾ, ബാക്കി സി.സി.ടി.വി. ദൃശ്യങ്ങൾ നിങ്ങൾ കണ്ടോയെന്ന് ചോദിച്ചപ്പോൾ പോലീസുകാരൻ നൽകിയ മറുപടി, കൊച്ചിയിലെ നിരീക്ഷണ ക്യാമറകൾ പ്രവർത്തിക്കുന്നില്ലെന്നാണ്. എറണാകുളം പോലൊരു നഗരത്തിൽ പോലീസിന്റെ നിരീക്ഷണ ക്യാമറകൾ നോക്കുകുത്തിയായി നിൽക്കുന്നുവെന്ന് പറയുമ്പോൾ, നാട്ടിലെ സ്ത്രീകൾക്കും കുട്ടികൾക്കും എന്ത് സുരക്ഷിതത്വമാണ് ഉള്ളത്? ആവർത്തിച്ച് നടത്തുന്ന ചർച്ചകൾ വിഫലമായി പോകുകയാണ്. റിസൾട്ടിലേയ്ക്ക് എത്താൻ കഴിയുന്നില്ലെന്നുള്ളത് വളരെ ഗൗരവത്തോടെ കാണണം. കേരളം ഓരോ ദിവസവും ഉണരുന്നത് ഭയപ്പാടോടെയാണ്. ഇന്ന് ആര് എന്ന ചോദ്യം ഓരോരുത്തരുടെ മനസ്സിലുമുണ്ട്. കുറ്റവാളികളെ കണ്ടെത്താനും പിടിക്കപ്പെടാനും കഴിയുന്നില്ലെന്നുള്ളതും പഴുതുകൾ ഉപയോഗിച്ച് കുറ്റവാളികൾ രക്ഷപ്പെടുന്നുവെന്നുള്ളതും നിയമത്തിന്റെ മുമ്പിൽ കുറ്റവാളികളെ കൊണ്ടുവരാൻ കഴിയുന്നില്ലെന്നുമുള്ളതുമാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കുന്നതിന് കാരണം. അതുകൊണ്ടാണ് വാളയാറും കൊട്ടിയൂരും പാലക്കാടും വയനാടും ഇത്തരം സംഭവങ്ങൾ ആവർത്തിച്ച് ഏറ്റവും ഒടുവിൽ മിഷേൽ എന്ന പെൺകുട്ടിയിൽ ഇന്ന് ഈ വിഷയം എത്തിനിൽക്കുന്നത്. പോലീസിന്റെ അനാസ്ഥകൊണ്ട് പ്രധാനപ്പെട്ട

മണിക്കൂറുകളും ദിവസങ്ങളും നഷ്ടപ്പെടുത്തി. ഇക്കാര്യത്തിൽ കൃത്യമായ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടാൽ എല്ലാം പൂർത്തിയാകുമെന്ന് ഞാൻ കരുതുന്നില്ല. സമയം നഷ്ടപ്പെടുത്തിയതു കൊണ്ടും ശാസ്ത്രീയമായ പരിശോധനകൾ ആവശ്യമായതുകൊണ്ടും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും സെൻട്രൽ സ്റ്റേഷനിൽ നിരുത്തരവാദപരമായി പെരുമാറിയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം. ഇന്നലെ വരെ ധാരാളം മിഷേലുകളെക്കുറിച്ച് സംസാരിച്ചു. നാളെ മറ്റ് മിഷേലുകളെ കുറിച്ച് സംസാരിക്കാൻ ഇടവരരുതെന്ന് ഗവൺമെന്റിന് ആത്മാർത്ഥത ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സത്യസന്ധമായി അന്വേഷണം നടത്തി പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. വളരെ അസ്വാഭാവികമായ സാഹചര്യം ഇന്ന് കേരളത്തിൽ സംജാതമായിരിക്കുകയാണ്. അതുകൊണ്ടാണ് വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് സഭയിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. കേരളത്തിലെ മാറുന്ന സാമൂഹികാന്തരീക്ഷം അതീവഗുരുതരമാണ്. അതുകൊണ്ട് വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊണ്ടുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 5-ാം തീയതി മിഷേൽ ഷാജിയെ കാണാതായെന്ന വിവരം കുടുംബത്തിന് ലഭിച്ചുവെന്നാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഇതുസംബന്ധിച്ച് പോലീസിൽനിന്ന് ലഭിച്ച റിപ്പോർട്ടനുസരിച്ച് പ്രത്യേകമായ കാലതാമസം ഉണ്ടായിട്ടില്ല. 6-ാം തീയതിയാണ് ബന്ധുക്കൾ പോലീസ് സ്റ്റേഷനിൽ എത്തിയതെന്നാണ് പോലീസിൽനിന്ന് കിട്ടിയ റിപ്പോർട്ട്. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....... അവിടെയിരിക്കൂ...... മുഖ്യമന്ത്രി സംസാരിക്കട്ടെ. അദ്ദേഹം പറഞ്ഞ വാചകം പൂർത്തീകരിച്ചില്ല.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്, 5-ാം തീയതി രാത്രി 9.00 മണി കഴിഞ്ഞപ്പോൾ ബന്ധുക്കൾ സ്റ്റേഷനിൽ എത്തി പരാതിപ്പെട്ടുവെന്നാണ്. അങ്ങനെയാണെങ്കിൽ അത് പരിശോധിക്കേണ്ട കാര്യമാണ്. ഇപ്പോഴത്തെ റിപ്പോർട്ടനുസരിച്ച് 6-ാം തീയതിയാണ് പോലീസിൽ പരാതിപ്പെട്ടിരിക്കുന്നത്. ഇക്കാര്യമടക്കം ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന നിലപാട് സ്വീകരിക്കാം. 6-ാം തീയതി രാവിലെ പരാതി ലഭിച്ചയുടൻ പോലീസ് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. ഒരു സി.പി.ഒ. പരാതിക്കാരോടൊപ്പം കുട്ടി പോകാനിടയുള്ള എല്ലാ സ്ഥലങ്ങളിലും പോവുകയും സൈബർ സെല്ലിലൂടെ ഫോൺ ഡീറ്റെയിൽസ് എടുക്കുന്നതിനുള്ള ശ്രമം നടത്തുകയും എല്ലാ സ്ഥലങ്ങളിലേയ്ക്കും വയർലെസ് മെസേജ് നൽകുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ ആ ഘട്ടത്തിൽ പോലീസിന്

കഴിയാവുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് തന്നെയാണ് മനസ്സിലാക്കുന്നത്. അദ്ദേഹം പറഞ്ഞ മറ്റ് കാര്യങ്ങൾ അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തേണ്ടതാണ്. അദ്ദേഹം ഇവിടെ പ്രകടിപ്പിച്ചതിൽ, ബൈക്കിൽ രണ്ടാളെ കണ്ടുവെന്നും കുട്ടിയെ അവർ പ്രത്യേകമായി നോക്കുന്നുണ്ടായിരുന്നുവെന്നും പറയുന്നുണ്ട്. അക്കാര്യങ്ങളെ കുറിച്ച് എന്റെ കയ്യിൽ ഇപ്പോൾ റിപ്പോർട്ടില്ല. ഏതായാലും അതൊക്കെ അന്വേഷിക്കേണ്ട കാര്യങ്ങൾ തന്നെയാണ്.

18 വയസ്സുള്ള ഒരു പെൺകുട്ടി മരിച്ചനിലയിൽ കാണാനിടയായതെങ്ങനെ; എന്താണ് അതിന്റെ പിന്നിലുള്ള കാര്യങ്ങൾ എന്നിവ അന്വേഷണത്തിലൂടെ മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ. ഏതായാലും അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയല്ല. ഇത്തരം സംഭവങ്ങളുണ്ടാകുന്നത് കുറ്റവാളികൾ പിടിക്കപ്പെടുന്നില്ല എന്നുള്ളതുകൊണ്ടല്ല, നമ്മുടെ സംസ്ഥാനത്ത് ഈ കാലയളവിൽ നടന്നിട്ടുള്ള കുറ്റകൃത്യങ്ങളിലെ കുറ്റവാളികൾ എത്ര ഉന്നതരായാൽപ്പോലും അവരെയെല്ലാം പിടികൂടാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഉത്തമമായ ദൃഷ്ടാന്തമാണ് വൈദികന്റെ സംഭവം. ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള ലാഘവത്വവും പോലീസിന്റെ ഭാഗത്തുനിന്നുണ്ടാവില്ല. ശക്തമായ നടപടികൾ തന്നെ സ്വീകരിക്കും. അഥവാ ഏതെങ്കിലും തരത്തിലുള്ള ലാഘവനില പോലീസിന്റെ ഭാഗത്തുനിന്നുണ്ടായെങ്കിൽ അതിന് ഉത്തരവാദികളായവരുടെ നേരെ കനത്ത നടപടികളുണ്ടാകും. ഒരു വിട്ടുവീഴ്ചയും ഇക്കാര്യത്തിൽ കാണിക്കില്ല. സംസ്ഥാനത്ത് നിലവിലുള്ള സാമൂഹികാന്തരീക്ഷം മാറ്റുന്നതിന് ക്രിമിനലുകൾ ശ്രമിച്ചാലും അതൊന്നും അനുവദിക്കുന്ന പ്രശ്നമില്ല. ശക്തമായ നടപടി സ്വീകരിച്ച് അത്തരം കുറ്റവാളികളെ നിലയ്ക്കുനിർത്താൻ നമുക്ക് കഴിയും. അന്വേഷണം നടക്കുമ്പോൾ ക്രൈംബ്രാഞ്ചിന്റെ പ്രത്യേക ടീം വേണമെന്ന് അദ്ദേഹം പറഞ്ഞു. ക്രൈംബ്രാഞ്ചിന്റെ പ്രത്യേക ടീമിനെക്കൊണ്ടുതന്നെ അന്വേഷിപ്പിക്കുന്ന നടപടി സ്വീകരിക്കാം. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമൊന്നും ഇതിൽ ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് രാവിലെ പറഞ്ഞതുപോലെ സ്ത്രീ പീഡനങ്ങളും അക്രമങ്ങളും എന്നും ഉന്നയിക്കാൻ ഞങ്ങളാഗ്രഹിക്കുന്ന കാര്യങ്ങളല്ല. പക്ഷേ കേരളത്തിലെ സാമൂഹിക പശ്ചാത്തലത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ സഭയിലുന്നയിക്കാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷേ പ്രഖ്യാപനങ്ങളും വായ്ത്താരികളുമല്ലാതെ ഒന്നും നടപ്പിലാകുന്നില്ല. തുടർച്ചയായി ഇത്തരം സംഭവങ്ങ

ളുണ്ടാകുന്നു. ഈ സഭയിൽത്തന്നെ നാലാം തവണയാണ് സ്ത്രീ പീഡനങ്ങളും സദാചാര ഗുണ്ടായിസവും പോലുള്ള സംഭവം ഉന്നയിക്കേണ്ടി വരുന്നത്. 5-ാം തീയതി വൈകുന്നേരം ആറര മണിക്ക് മിഷേലിനെ കാണാതെ പോകുന്നു. 9 മണിക്ക് കുട്ടിയുടെ പിതാവും ഹോസ്റ്റലിലെ സിസ്റ്റർമാരുംകൂടി പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുന്നു. പോലീസ് റിപ്പോർട്ടുപ്രകാരം അങ്ങ് പറയുന്നത് 6-ാം തീയതി രാവിലെ പരാതി കൊടുത്തു എന്നാണ്. ഇന്നലെ ഞാൻ മാതൃഭൂമി ചാനലിൽ വാർത്ത കണ്ടു. അതിൽ ആ കുട്ടിയുടെ പിതാവ് പറയുന്നത് കുട്ടിയെ കാണാതായ ഞായറാഴ്ച രാത്രി 9 മണിക്കുശേഷം പോലീസ് സ്റ്റേഷനിൽ പരാതികൊടുത്തുവെങ്കിലും പരാതി അവർ സ്വീകരിച്ചില്ല എന്നാണ്. എന്നുമാത്രമല്ല 18 വയസ്സുള്ള ഒരു പെൺകുട്ടിയെ കാണാതെ പോയിട്ട് പരാതി രജിസ്റ്റർ ചെയ്യാതെ അവരോട് പിറ്റേന്ന് രാവിലെ വരാൻ പോലീസ് പറഞ്ഞയയ്ക്കുകയാണ് ചെയ്തത്. ആ പരാതി മുഖവിലയ്ക്കെടുത്തുകൊണ്ട് അന്വേഷിച്ചിരുന്നുവെങ്കിൽ ആ കുട്ടിയുടെ ജീവൻ നഷ്ടപ്പെടുകയില്ലായിരുന്നു. പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണിത്. മുഖ്യമന്ത്രിക്ക് ഈ സഭയിൽവന്ന് അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ പറയേണ്ടിവന്നത് പോലീസിന്റെ വീഴ്ചയാണ്. 5-ാം തീയതി വൈകുന്നേരം ഉണ്ടായ സംഭവത്തിൽ പരാതി കൊടുത്തിട്ട് പരാതി രേഖപ്പെടുത്താതെ അവരെ മടക്കി അയച്ച് 6-ാം തീയതി രാവിലെ പരാതി രജിസ്റ്റർ ചെയ്തുവെന്ന് പറയുന്നതു തന്നെ ആരെയോ രക്ഷിക്കാനുള്ള ശ്രമമാണ്. അങ്ങയെ പോലീസ് മിസ്‌ലീഡ് ചെയ്യുന്നു. 5-ാം തീയതി ആറര മണിക്ക് കുട്ടിയുടെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യപ്പെടുന്നു. അന്നുതന്നെ പരാതി വാങ്ങി മൊബൈൽ ടവർ കേന്ദ്രീകരിച്ച് അന്വേഷിച്ചിരുന്നുവെങ്കിൽ ഈ ആത്മഹത്യ/കൊലപാതകം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. അതിന് നടപടിയുണ്ടായില്ല. ഒരു കാര്യം മനസ്സിലാക്കണം, ഇവിടെ ഓരോ കൊലപാതകങ്ങളും ആത്മഹത്യയാക്കാൻ പോലീസ് ബോധപൂർവ്വം ശ്രമിക്കുന്നു. മിഷേലിന്റെ തിരോധാനമുണ്ടായി. പോലീസിന്റെ നിലപാട് ആത്മഹത്യയാണെന്നാണ്.

വാളയാറിലെ പിഞ്ചുകുഞ്ഞുങ്ങളുടെ കൊലപാതകം/ആത്മഹത്യ സംബന്ധിച്ച് പോലീസ് ആദ്യം മുൻവിധിയെഴുതുന്നത് ആത്മഹത്യയാണ് എന്നാണ്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനും വാളയാറിലെ സംഭവത്തിൽ പോലീസിന്റെ ഭാഗത്ത് കുറ്റകരമായ വീഴ്ചയുണ്ടായിയെന്ന് പറഞ്ഞു. ഞങ്ങൾ പറയുന്നതല്ല. അങ്ങയുടെ ക്യാബിനറ്റിലെ മന്ത്രി തന്നെ പോലീസിന് വീഴ്ചയുണ്ടായി എന്നുപറയുന്നു. വാളയാർ സംഭവത്തിൽ പോലീസിന് വീഴ്ചയുണ്ടായിയെന്ന് മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനും വനിതാ സംഘടനാ നേതാക്കന്മാരുമെല്ലാം പറയുന്നു. അങ്ങ് അത് അന്വേഷിക്കാൻ തയ്യാറാകുന്നില്ല. അവിടെ മാത്രമാണോ; ജിഷ്ണു പ്രണോയിയുടെ മരണം അതും ആദ്യം ആത്മഹത്യയാണെന്ന് പറഞ്ഞു. എന്തുകൊണ്ടാണ് കൊലപാതങ്ങൾ ആത്മഹത്യയാക്കാൻ പോലീസ് ശ്രമിക്കുന്നത്? ഓരോ സംഭവങ്ങളിലും പോലീസിന്റെ

ഭാഗത്തുനിന്നുണ്ടാകുന്ന കുറ്റകരമായ വീഴ്ചയും അനാസ്ഥയുമാണ് ഈ സംഭവങ്ങൾ ആവർത്തിക്കാൻ അനുകൂലമായ സാഹചര്യമുണ്ടാകുന്നത്. എറണാകുളത്ത് പ്രശസ്ത നടിക്കുനേരെയുണ്ടായ സംഭവം, കേരളമാകെ ചർച്ച ചെയ്തു. ഇപ്പോൾ കേസിന്റെ അവസ്ഥയെന്താണ്; ആരവങ്ങൾ അടങ്ങിയപ്പോൾ പ്രതികൾ രക്ഷപ്പെടാൻ പോകുന്നു? ഓരോ സംഭവങ്ങളിലും പ്രതികളെ സഹായിക്കാനോ രക്ഷപ്പെടുത്താനോ ഉള്ള സമീപനമാണ് പോലീസ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്ത് വളരെയേറെ ജാഗ്രതക്കുറവുണ്ടായി. അത് അന്വേഷിക്കണം. ഇക്കാര്യങ്ങളിൽ യഥാസമയം പോലീസ് ആക്ട് ചെയ്തിരുന്നുവെങ്കിൽ ഈ സംഭവം ഒഴിവാക്കാമായിരുന്നു. കേരളം സാംസ്കാരികമായി വളരെയേറെ ഔന്നത്യമുള്ള സംസ്ഥാനമാണ്. സമ്പൂർണ്ണ സാക്ഷരത നേടി. പക്ഷേ ഓരോ ദിവസവും പത്രത്തിലൂടെ വരുന്ന സംഭവങ്ങൾ, നമ്മളെയെല്ലാം വേദനിപ്പിക്കുന്നു. സാധാരണ ദിനപത്രങ്ങളിൽ ചരമപേജുണ്ട്. ഒരു പേജ് മുഴുവൻ ചരമ വാർത്തയാണ്. ഇന്ന് ഓരോ പേജുകളിലും പീഡന വാർത്തയാണ്. വൈകുന്നേരം ചർച്ച ചെയ്യുന്നത് പീഡനകഥകളാണ്. നമ്മുടെ വീട്ടിൽ മക്കളോടൊപ്പം ഇരുന്ന് ടി.വി. കാണാൻ സാധിക്കില്ല. ടി.വി. ഓൺ ചെയ്താൽ കാണുന്ന വാർത്തകളൊക്കെ വേദനിപ്പിക്കുന്നവയാണ്. ദയവായി കേരളത്തിലുണ്ടാകുന്ന ഈ സാംസ്കാരിക അധഃപതനം കാണാതെ പോകരുത്. ആരെയും കുറ്റപ്പെടുത്താനല്ല, നമ്മുടെ നാട്ടിൽ സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങൾ സംഭവിക്കുന്നു. പെൺമക്കളുള്ള മാതാപിതാക്കളുടെ മനസ്സിൽ തീയാണ്. രാവിലെ മക്കൾ സ്കൂളിലേയ്ക്കോ കോളേജിലേയ്ക്കോ ജോലിക്കോ പോയാൽ മടങ്ങിവരുന്നതുവരെ മനസ്സിൽ തീയാണ്. ഈ ദുരവസ്ഥയുണ്ടാകാൻ പാടില്ല. ഇതിന് കാരണം പോലീസിന്റെ ഭാഗത്ത് നടപടിയുണ്ടാകുന്നില്ല, പോലീസ് അനാസ്ഥ കാണിക്കുന്നുവെന്നതാണ്. എറണാകുളം നഗരത്തിലെ സി.സി.ടി.വി. ക്യാമറ പ്രവർത്തിക്കുന്നില്ലെന്ന് ഇവിടെ പറഞ്ഞു. എറണാകുളം നഗരത്തിന്റെ അവസ്ഥ ഇതാണെങ്കിൽ എന്താണ് സ്ഥിതി; ഇവിടെ ക്യാമറ വച്ചിരിക്കുന്നത് എന്തിനാണ്? ഇത്തരം കാര്യങ്ങളിലുണ്ടാകുന്ന ഗുരുതരമായവീഴ്ച ദയവായി മുഖ്യമന്ത്രി കാണാതെ പോകരുത്. അങ്ങ് പോലീസിനെ സംരക്ഷിക്കാൻ ശ്രമിക്കരുത്. സംരക്ഷണം ആവശ്യമുള്ളത് ഈ നാട്ടിലെ പെൺകുട്ടികൾക്കും സമൂഹത്തിനുമാണ്. അതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്താതെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണം. ഞങ്ങൾ ഈ സഭയിൽ ആഗ്രഹിച്ചു കൊണ്ടല്ല എല്ലാ ദിവസവും പീഡന വിഷയം ഉന്നയിക്കുന്നത്, കേരളത്തിലുണ്ടാകുന്ന സംഭവങ്ങൾ പറയാതെ നിവൃത്തിയില്ല. അതുകൊണ്ട് ഈ സംഭവത്തിൽ പോലീസിന്റെ വീഴ്ച അന്വേഷിക്കണം. ശ്രീ. അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ചതുപോലെ പരാതി കൊടുത്തിട്ട് എന്തു കൊണ്ട് അത് രജിസ്റ്റർ ചെയ്തില്ല; എന്തുകൊണ്ട് അന്വേഷിച്ചില്ല? ഇക്കാര്യത്തിൽ പോലീസ് ആരെയോ രക്ഷിക്കാൻ ശ്രമിക്കുന്നു. ദയവായി ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുത്. ഇനിയും മിഷേലുമാർ ഉണ്ടാകരുത്. അക്കാര്യത്തിൽ നടപടി യുണ്ടാകണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിലും ഗവൺമെന്റിന്റെ ഭാഗത്തുള്ള കുറ്റകരമായ അനാസ്ഥയിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. സി. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, പോലീസ് അങ്ങേയ്ക്ക് ആവശ്യമായിട്ടുള്ള ഒരു റിപ്പോർട്ടും നൽകിയിട്ടില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവ് സി.സി. ടി.വി.-യിലെ ദൃശ്യങ്ങളെക്കുറിച്ച് യാതൊന്നും അങ്ങേയ്ക്ക് കിട്ടിയിട്ടില്ല എന്നുള്ളതു തന്നെയാണ്. ഇന്നലെ ടെലിവിഷൻ ചാനലിൽ മരണപ്പെട്ട പെൺകുട്ടി നിമിഷങ്ങൾക്കുമുമ്പ് നടന്നുപോകുന്ന ദൃശ്യങ്ങൾ കാണിച്ചു. അത് കേരളത്തിലെ പതിനായിരക്കണക്കിന് ആളുകൾ കണ്ടു, പക്ഷെ കേരളത്തിലെ പോലീസ് മാത്രം കണ്ടില്ല എന്നുപറയുന്നത് എത്രമാത്രം ദയനീയമാണ്. സി.സി.ടി.വി.യിലെ ദൃശ്യം ടെലിവിഷൻ ചാനലിലൂടെ ഞാൻ ഇന്നലെ കണ്ടു. ചാനലിൽ വന്ന ആ ദൃശ്യം കണ്ടെങ്കിലും പോലീസിന് അങ്ങോട്ടുപോയി ഈ ദൃശ്യം എവിടെനിന്ന് കിട്ടിയെന്ന് ബന്ധുക്കളോട് ചോദിക്കാനുള്ള ഒരു മര്യാദയില്ലേ; ഇപ്പോൾ സി.സി.ടി.വി. ഫൂട്ടേജിനെക്കുറിച്ച് പത്രങ്ങളിൽ വന്നിട്ടുണ്ട്. ഇതെല്ലാം വന്നിട്ടും പോലീസ് ഇവിടെ നിഷ്ക്രിയമായി നിന്നുവെന്ന് മാത്രമല്ല തലേദിവസം പോലീസ് സ്റ്റേഷനിൽപ്പോയി ഇതിനെക്കുറിച്ച് പരാതി പറഞ്ഞവരോട് നിങ്ങൾ നാളെ എസ്.ഐ. ഉള്ളപ്പോൾ വന്നാൽ മതിയെന്ന് പറഞ്ഞുവിടേണ്ട കേസാണോ ഇത്? അപ്പോൾത്തന്നെ ശ്രമിച്ചിരുന്നുവെങ്കിൽ ടവറും അതിനടുത്തുള്ള കാര്യങ്ങളുമൊക്കെ മനസ്സിലാക്കാമായിരുന്നു. ഈ ഫൂട്ടേജിൽ കണ്ടിട്ടുള്ളത് സംശയാസ്പദമായ രീതിയിൽ രണ്ടാളുകൾ കുട്ടിയെ പിന്തുടരുന്നുവെന്നതാണ്. അതുകഴിഞ്ഞ് ബസ് സ്റ്റോപ്പിലെ സി.സി.ടി.വി. പരിശോധിച്ചപ്പോൾ ആ കുട്ടി ബസ് സ്റ്റോപ്പിലെത്തിയിട്ടില്ല. ഇങ്ങനെ പരസ്പരം ചേർത്തുവയ്ക്കാൻ കഴിയുന്ന പല കാര്യങ്ങളും ഇതിലുണ്ട് എന്നുള്ളതുകൊണ്ടു തന്നെ സംശയം വർദ്ധിക്കുകയാണ്. ഇവിടത്തെ പോലീസിന് എന്ത് സംഭവിക്കുന്നു? ഇന്നത്തെ ദേശാഭിമാനി പത്രം അങ്ങ് വായിക്കണം. ഞാൻ വായിച്ചപ്പോൾ ഇത് ദേശാഭിമാനിയാണോ എന്നുതന്നെ സംശയിച്ചുപോയി. ഇതിൽ അട്ടപ്പള്ളത്തെ ദുരൂഹമരണത്തെക്കുറിച്ചും പോലീസിനെക്കുറിച്ചുമാണ് പറയുന്നത്."അദ്ധ്യാപകർ എസ്.ഐ.-ക്ക് വിവരങ്ങൾ നൽകിയിരുന്നു" എന്ന തലക്കെട്ടിൽ പറയുന്നത്, "അട്ടപ്പള്ളം ശെൽവപുരത്തെ സഹോദരങ്ങളിൽ മൂത്തകുട്ടിയുടെ മരണം സംബന്ധിച്ച് അദ്ധ്യാപകർ വാളയാർ എസ്.ഐ.-ക്ക് സുപ്രധാന വിവരങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രഥമ വിവര റിപ്പോർട്ടിലും തുടർന്നുള്ള അന്വേഷണത്തിലും ഇക്കാര്യങ്ങൾ പരിഗണിച്ചില്ലെന്ന് ഒരു അദ്ധ്യാപിക ദേശാഭിമാനിയോട് പറഞ്ഞു. "മാത്രമല്ല, ഈ വിവരങ്ങൾ അറിയിച്ച് മരണത്തിൽ സംശയമുണ്ടെന്നും ആത്മഹത്യ ചെയ്യാൻ സാദ്ധ്യതയില്ലായെന്നും അദ്ധ്യാപകർ പറഞ്ഞപ്പോൾ ആത്മഹത്യ തന്നെയാണെന്നും പ്രത്യേക അന്വേഷണം നടത്തേണ്ട തില്ലെന്നുമായിരുന്നു പോലീസിന്റെ മറുപടി. മറ്റൊരു പത്രത്തിലുമല്ല, ദേശാഭിമാനി പത്രത്തിലാണ് പോലീസിനെതിരെ പറയുന്നത്. അങ്ങ് ആഭ്യന്തര വകുപ്പ് ഏറ്റെടുക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഇപ്പോൾ അങ്ങ് ആഭ്യന്തര വകുപ്പ് ഏറ്റെടുത്തിട്ടില്ല. അങ്ങ് ആഭ്യന്തര വകുപ്പ് ഏറ്റെടുക്കണം. എന്നിട്ട് പോലീസിനെ നിർത്തേണ്ടിടത്ത് നിർത്തണം. അങ്ങനെയൊരു

ആഭ്യന്തരവകുപ്പ് അങ്ങ് കൈകാര്യം ചെയ്യുകയാണെങ്കിൽ ഇവരെ നിലയ്ക്ക് നിർത്താൻ സാധിക്കും. ഏത് പോലീസിനെ വിശ്വസിക്കും; ദേശാഭിമാനിക്കുതന്നെ വിശ്വാസമില്ലാത്ത പോലീസിനെ ജനങ്ങൾ എങ്ങനെ വിശ്വസിക്കും? അതുകൊണ്ട് അങ്ങ് ഈ വിഷയം ഗൗരവമായിട്ടെടുക്കണം. അങ്ങയുടെ മറുപടി പൂർണ്ണമായും ഞങ്ങൾക്ക് തൃപ്തിപ്പെടാത്തതുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

10.00 AM]

ശ്രീ. പി. ജെ. ജോസഫ് : സർ, കുട്ടിയെ കാണാതായ വിവരം 5-ാം തീയതി വൈകുന്നേരം 9 മണിക്ക് പോലീസ് സ്റ്റേഷനിൽ എത്തി പറഞ്ഞിട്ടും അവിടെ ആ പരാതി സ്വീകരിക്കാതിരുന്നത് ഏറ്റവും ഗൗരവതരമായ കുറ്റമാണ്. ഇതുപോലുള്ള സന്ദർഭത്തിൽ പോലീസ് കാണിക്കുന്ന കുറ്റകരമായ അനാസ്ഥ ചർച്ച ചെയ്യാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കായിക മേഖലയുടെ വികസനം

ശ്രീ. റ്റി. വി. രാജേഷ് : സർ, സംസ്ഥാനത്തെ കായിക മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിലേയ്ക്ക് ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കായിക മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും ഉതകുംവിധം കായിക വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കാൻ സംസ്ഥാനത്തെ കായിക സ്കൂളുകൾ കായിക വകുപ്പ് ഏറ്റെടുക്കാൻ തയ്യാറായത് അങ്ങേയറ്റം സ്വാഗതാർഹമാണ്. കേരളത്തിലെ സ്പോർട്സിന്റെ വികസനത്തിൽ സ്പോർട്സ് സ്കൂളുകൾ മുഖ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് സ്പോർട്സ് സ്കൂളുകളുടെ സ്ഥിതി ഒട്ടും മെച്ചമല്ല. കേരളത്തിൽ രണ്ട് സ്പോർട്സ് സ്കൂളുകളാണുള്ളത്. അതിലൊന്ന് തിരുവനന്തപുരം ജി. വി. രാജാ സ്പോർട്സ് സ്കൂളും മറ്റൊന്ന് കണ്ണൂർ സ്പോർട്സ് ഡിവിഷനുമാണ്. കണ്ണൂരിലെ സ്പോർട്സ് ഡിവിഷൻ നഗരമദ്ധ്യത്തിലുള്ള ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ ഭാഗമായാണ് പ്രവർത്തിക്കുന്നത്. ഒരു സ്പോർട്സ് സ്കൂളിന് അനുയോജ്യമായ അന്തരീക്ഷമല്ല അവിടെയുള്ളത്. കണ്ണൂരിലെ മിക്ക സാമൂഹിക-

സാംസ്കാരിക പരിപാടികളും ഈ സ്കൂളിലാണ് നടക്കാറുള്ളത്. അതോടൊപ്പംതന്നെ വിവിധ മത്സരപ്പരീക്ഷകളുടെ വേദിയും ഈ സ്കൂളാണ്. ആ സ്കൂളിലെ സ്പോർട്സ് ഡിവിഷന്റെ സ്ഥിതി വളരെ പരിതാപകരമാണ്. അവിടെ ആവശ്യത്തിന് കോച്ചുമാരില്ല. 190 പെൺകുട്ടികളാണ് സ്പോർട്സ് ഡിവിഷനിലുള്ളത്. വോളിബോൾ, ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, തായ്ക്കോണ്ട തുടങ്ങിയവയിലാണ് പരിശീലനം നൽകുന്നത്. അവിടെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനത്തിനുവേണ്ട സൗകര്യങ്ങളില്ല. മാത്രമല്ല, പത്ത് കോച്ചുമാർ വേണ്ടിടത്ത് നാല് കോച്ചുമാരാണുള്ളത്. ഓരോ ഇനങ്ങളിലും വൈദഗ്ദ്ധ്യം നേടിയിട്ടുള്ള കോച്ചുമാരല്ല വ്യത്യസ്ത ഇനങ്ങളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നത്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണം. നാലുപേർ താമസിക്കേണ്ട മുറിയിൽ പന്ത്രണ്ടും പതിനാലും പേരാണ് താമസിക്കുന്നത്. ഇങ്ങനെ സൗകര്യ മില്ലായ്മയിൽ വീർപ്പുമുട്ടുന്ന, ആധുനിക പരിശീലന സൗകര്യങ്ങളില്ലാത്ത ഈ സ്പോർട്സ് ഡിവിഷനെ ഒരു സ്പോർട്സ് സ്കൂളാക്കി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജി.വി.രാജ സ്പോർട്സ് സ്കൂളും ഇതുപോലെയാണ്. 1974-ൽ ശംഖുമുഖത്ത് ആരംഭിച്ച ജി. വി. രാജ സ്പോർട്സ് സ്കൂൾ 2006-ലാണ് തിരുവനന്തപുരം ജില്ലയിലെ മൈലം എന്ന സ്ഥലത്തേയ്ക്ക് മാറ്റിയത്. കേരളത്തെ സംബന്ധിച്ചി ടത്തോളം നിരവധി ദേശീയ-അന്തർദ്ദേശീയ താരങ്ങളെ സംഭാവന ചെയ്തിട്ടുള്ള വിദ്യാലയമാണ് ജി.വി.രാജ സ്പോർട്സ് സ്കൂൾ. ശ്രീമതി ഷൈനി വിത്സൺ മുതൽ ഒളിമ്പിക്സിൽ മെഡൽ നേടിയ, ഹോക്കി ടീം ക്യാപ്റ്റനായ, നമ്മുടെ അഭിമാനമായ ശ്രീ. പി. ആർ. ശ്രീജേഷും ഈ സ്കൂളിന്റെ സംഭാവനയാണ്. 8 മുതൽ 12 വരെ ക്ലാസ്സുകളിലായി 390 വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. 20 വിദ്യാർത്ഥികൾക്ക് ഒരു കോച്ച് എന്നതാണ് ശാസ്ത്രീയമായ കണക്ക്. എന്നാൽ നിലവിൽ അവിടെ 9 കോച്ചുമാർ മാത്രമാണുള്ളത്. വേണ്ടത്ര വൈദഗ്ദ്ധ്യമില്ലാത്ത ഇനങ്ങളിൽപ്പോലും ഒരാൾതന്നെ പരിശീലനം കൊടുക്കേണ്ട സ്ഥിതിയാണുള്ളത്. പരിശീലനമെന്നു പറയുന്നത് ഒരു തട്ടിക്കൂട്ട് പരിപാടിയായി മാറിയിരിക്കുകയാണ്. കല്ലും മണ്ണും കുഴിയും നിറഞ്ഞ ട്രാക്കാണ് അവിടെയുള്ളത്. ഈ സ്കൂളിൽ ഇതുവരെ ഒരു സിന്തറ്റിക് ട്രാക്കുപോലും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഉപയോഗശൂന്യമായ ഒരു ഇൻഡോർ സ്റ്റേഡിയവും നിലവാരമില്ലാത്ത ഒരു ഹോക്കി സ്റ്റേഡിയവുമാണ് അവിടെയുള്ളത്. ഇതിന് മാറ്റമുണ്ടാകണം. ജി.വി.രാജ സ്പോർട്സ് സ്കൂളിന് ആകെ 12.5 ഏക്കർ സ്ഥലമാണുള്ളത്. സിന്തറ്റിക് ട്രാക്ക് പണിയണമെങ്കിൽ അന്താരാഷ്ട്ര നിലവാരമനുസരിച്ച് 5.5 ഏക്കർ സ്ഥലം ആവശ്യമാണ്. നിലവിൽ ഫുട്ബോൾ കോർട്ടാണ് ട്രാക്കായി ഉപയോഗിക്കുന്നത്. നാനൂറ് മീറ്റർ സ്റ്റാൻഡേർഡ് ട്രാക്ക്പോലും അവിടെ ലഭ്യമല്ല. അതുകൊണ്ട് കൂടുതൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കി ഒരു മികച്ച സ്പോർട്സ് സ്കൂളായി ഇതിനെ മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

സ്പോർട്സ് അസോസിയേഷനുകളുടെ തർക്കമാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയം. കേരളത്തിലെ കായിക മേഖലയിൽ സുപ്രധാന പങ്കുവഹിക്കാൻ സാധിക്കുന്നത് സ്പോർട്സ് അസോസിയേഷനുകൾക്കാണ്. പക്ഷേ എന്താണ് ഇന്നത്തെ അവയുടെ അവസ്ഥ? ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമായി രൂപീകരിക്കപ്പെട്ട വിവിധ അസോസിയേഷനുകളുടെ പ്രധാനപ്പെട്ട ലക്ഷ്യം കായിക വികസനമാണെങ്കിൽ ഇന്നത്തെ അവസ്ഥ അവിടെ വ്യാപകമായ തർക്കങ്ങളും തമ്മിലടിയുമാണ്. കായികതാരങ്ങളിൽ നിന്നും സ്പോർട്സ് പ്രേമികളിൽനിന്നും അകന്നുനിന്നുകൊണ്ട് അധികാരത്തർക്കം മൂത്ത് അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും കേന്ദ്രങ്ങളായി ഇന്ന് സ്പോർട്സ് അസോസിയേഷനുകൾ മാറിയിരിക്കുകയാണ്. കേരളത്തിലെ മിക്ക അസോസിയേഷനുകളും രണ്ട് തട്ടായി തിരിഞ്ഞുനിൽക്കുന്നത് കാണാൻ കഴിയും. ഒരിക്കൽ ഭാരവാഹിയായാൽ ജീവിതാവസാനം വരെ, ആരോഗ്യം അനുവദിക്കില്ലെങ്കിൽ പോലും കടിച്ചുതൂങ്ങുന്ന അങ്ങേയറ്റം ലജ്ജാകരമായ ഒരു സ്ഥിതിവിശേഷമാണ് അവിടെ കാണുന്നത്. വോളിബോൾ, ബോക്സിംഗ് തുടങ്ങി കേരളത്തിന് ദേശീയ തലത്തിൽ മേൽവിലാസം ഉണ്ടാക്കിക്കൊടുക്കുന്ന പ്രധാനപ്പെട്ട ഇവന്റ് നടത്തേണ്ട അസോസിയേഷനുകൾപോലും രണ്ടായി നിൽക്കുകയാണ്. ഇക്കാര്യത്തിൽ കർശനമായ നിലപാടുണ്ടാകണം. കേരളത്തിലെ സ്പോർട്സ് അസോസിയേഷനുകളുടെ ഘടനയിലും പ്രവർത്തനരീതിയിലും അടിമുടി മാറ്റം ആവശ്യമാണ്. അസോസിയേഷനുകളുടെ പ്രവർത്തനം സുതാര്യമാകണം, അതുപോലെ അംഗീകാരം നൽകുന്നതിന് കൃത്യമായ മാനദണ്ഡങ്ങളുണ്ടാകണം, കായികതാരങ്ങൾക്ക് അർഹമായ പ്രാതിനിധ്യം അസോസിയേഷനുകളിൽ ഉണ്ടാകുമെന്ന് ഉറപ്പുവരുത്തണം, അസോസിയേഷനുകളെ അവരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യണം, അസോസിയേഷനുകളിൽ മെമ്പറാകാനുള്ള യോഗ്യത കൂടുതൽ ഫലപ്രദമാകണം, അസോസിയേഷനുകളുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാനുള്ള നടപടിയുമുണ്ടാകണം.

ഭൗതിക സാഹചര്യങ്ങളുടെ അഭാവം ഒരു പ്രധാന ഘടകമാണ്. ഇന്ത്യൻ സ്പോർട്സിന്റെ ഭൂപടമെടുത്തുനോക്കിയാൽ കേരളം വളരെ മുന്നിലാണ്. എന്നാൽ കേരളത്തിൽ മികച്ച നിലവാരമുള്ള എത്ര ഗ്രൗണ്ടുകളുണ്ട്? ഹോക്കിയുടെ കാര്യത്തിലും കേരളത്തിന്റെ അവസ്ഥ എന്താണ്? ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഏതെങ്കിലും മികച്ച ഒരു പരിശീലന കേന്ദ്രം കേരളത്തിലുണ്ടോ? കായിക മേഖലയുടെ ഉന്നമനത്തിന് മികച്ച രീതിയിലുള്ള ദേശീയ-അന്തർദ്ദേശീയ നിലവാരമുള്ള പരിശീലനക്കളരികൾ സംസ്ഥാനത്ത് ആവശ്യമാണ്. സായിസെന്ററിലും സ്പോർട്സ് കൗൺസിലിന്റെ പരിശീലന കേന്ദ്രങ്ങളിലും പരിമിതമായ സ്പോർട്സ് താരങ്ങൾക്ക് മാത്രമേ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. ഇതിനൊരു മാറ്റമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

സ്പോർട്സ് മെഡിസിൻ, സ്പോർട്സ് സൈക്കോളജി, ട്രെയിനിംഗ് മെത്തഡോളജി തുടങ്ങിയ സ്പെഷ്യലൈസ്ഡ് മേഖലകളിൽ ആവശ്യമായ എക്സ്പെർട്ടുകളുടെ സേവനം കേരളത്തിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. എല്ലാ പഞ്ചായത്തുകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, 400 സ്റ്റാൻഡേർഡ് ട്രാക്ക് എന്നിവ നിർമ്മിക്കാൻ കഴിയണം. 1987-ലെ ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്താണ് ഒരു പഞ്ചായത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയം എന്ന തീരുമാനം വന്നത്. ഇൻഡോർ സ്റ്റേഡിയം മാത്രംപോര, 400 സ്റ്റാൻഡേർഡ് ട്രാക്ക് കൂടി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കേരളോത്സവം പോലുള്ള കായിക മത്സരങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കണം. സ്കൂൾ കേന്ദ്രീകരിച്ചുകൊണ്ട് ഒരു കായിക സാക്ഷരതായജ്ഞം ആരംഭിക്കേണ്ടതുണ്ട്. ജമൈക്ക എന്ന കൊച്ചുരാജ്യത്തുനിന്നാണ് ഉസൈൻ ബോൾട്ട് ഉയർന്നുവന്നത്. ലോകത്തിലെ ഏറ്റവും മികച്ച സ്പ്രിന്റ് അത്‌ലറ്റിക്കാണ് ഉസൈൻ ബോൾട്ട്. കെനിയ, എത്യോപ്യ തുടങ്ങിയ ദരിദ്ര രാജ്യങ്ങൾപോലും തുടർച്ചയായി അന്താരാഷ്ട്ര അത്‌ലറ്റിക് വേദികളിൽ ചാമ്പ്യൻമാരായിക്കൊണ്ടിരിക്കുകയാണ്. ബ്രസീൽ, അർജന്റീന, ജർമ്മനി എന്നിവിടങ്ങളിൽ ഫുട്ബോൾ എന്നത് അവിടത്തെ ജനങ്ങളുടെ ജീവവായുവാണ്. കേരളത്തിലും ഇക്കാര്യത്തിൽ അനന്തമായ സാദ്ധ്യതകളുണ്ട്. ആ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ പരമ്പരാഗത കായിക ഇനങ്ങളായ ആർച്ചറി, കളരിപ്പയറ്റ്, സർക്കസ് തുടങ്ങിയവയ്ക്ക് മികച്ച പരിശീലന കേന്ദ്രങ്ങളൊരുക്കാൻ സർക്കാർ തയ്യാറാകണമെന്നു കൂടി അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, സ്പോർട്സ് രംഗത്തെ വളരെ പ്രധാനപ്പെട്ട വിഷയങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി കേരളത്തിന്റെ ഏഴ് ജില്ലകളിൽ മികച്ച നിലവാരത്തിലുള്ള കായിക സജ്ജീകരണങ്ങൾ നേരത്തെ ഒരുക്കിയിരുന്നു. ഈ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഇപ്പോൾ കായിക താരങ്ങളുടെ പരിശീലനത്തിനും വിവിധ ജില്ലാ സംസ്ഥാന/ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ, 2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതുക്കി അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിൽ 14 ജില്ലകളിലും അന്തർദ്ദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങളോടുകൂടിയ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുന്നതിന് ആദ്യ ഗഡുവെന്ന നിലയിൽ 5 കോടി രൂപ വീതം 135 കോടി രൂപയും ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 6 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി 60 കോടി രൂപയും വകയിരുത്തുന്നതായി

പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപനങ്ങളെത്തുടർന്നുള്ള ഭരണനടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 6 സ്റ്റേഡിയങ്ങൾക്കും 18 മിനി സ്റ്റേഡിയങ്ങൾക്കും 6 സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾക്കുമുള്ള ഭരണാനുമതി ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ കായികരംഗം മികവുറ്റതാക്കുന്നതിനെക്കുറിച്ച് അദ്ദേഹത്തിന്റെ നിർദ്ദേശമുണ്ടായി. ഇവിടെ സൂചിപ്പിച്ചതുപോലെ സാക്ഷരതാ മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടിയുള്ള ഒരു കായികക്ഷമതാ മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആലോചിച്ചുവരികയാണ്. 2020-ൽ ഒളിമ്പിക്സ് മെഡൽ നേടുന്നതിനുള്ള ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ്, കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റെസ്‌ലിംഗ് എന്നീ കായികയിനങ്ങളിൽ പരിശീലനപദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതികളും അന്തർദ്ദേശീയ നിലവാരത്തിൽ കായികപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്ന സ്പോർട്സ് സ്കൂളുകളായ ജി.വി. രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവ ഇപ്പോൾ കായിക വകുപ്പിന്റെ നിയന്ത്രണത്തിലായിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ജി.വി. രാജാ സ്പോർട്സ് സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ദേശീയതലത്തിലേയ്ക്ക് ഉയർത്തുന്നതിനും ഈ നടപടി സഹായകമാകും. കോച്ചുകളുടെ അഭാവം, ട്രാക്കുകളുടെ കുറവ്, ഹോസ്റ്റലുകളിലെ താമസസൗകര്യം ഉൾപ്പെടെയുള്ള അപര്യാപ്തതകൾ ഈ രണ്ട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടികളുണ്ടാകും. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 30 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രണ്ട് സ്കൂളുകളിലെയും നിലവിലെ ജിംനേഷ്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും ഹൈജംപ് പിറ്റ് സ്ഥാപിക്കുന്നതിന്റെയും ആവശ്യകത സ്കൂൾ പ്രിൻസിപ്പൽമാർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. എലൈറ്റ് സ്കീമിന്റെ കീഴിൽ അത്‌ലറ്റിക്സിന് ലക്ഷ്മിഭായി നാഷണൽ സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിലും വോളിബോൾ കായിക ഇനത്തിന് തൃപ്രയാർ വോളിബോൾ എലൈറ്റ് ട്രെയിനിംഗ് സെന്ററിലും ഫെൻസിംഗിന് കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലും ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. കൂടാതെ സ്പോർട്സ് കൗൺസിലുകളുടെ നിയന്ത്രണത്തിലുള്ള 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളിലും വിവിധ കായിക ഇനങ്ങളിലുള്ള ആധുനിക പരിശീലനം നൽകാനുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

കായികരംഗത്തെ അസോസിയേഷനുകളെ സംബന്ധിച്ച് നിരവധി പരാതികൾ കേരളത്തിൽ ഇതിനുമുമ്പുണ്ടായിട്ടുണ്ട്. അത്തരം കാര്യങ്ങൾ നിയമാനുസൃതം പരിശോധിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ കായിക ഇനങ്ങളെ പ്രതിനിധീകരിക്കുന്ന 42 കായിക അസോസിയേഷനുകൾക്കാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് സെക്ഷൻ 31(എ) പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലിന് ഒരു അംഗീകൃത സ്പോർട്സ് സംഘടനയുടെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ കണ്ടുപിടിക്കുന്ന പക്ഷം ആ സ്പോർട്സ് സംഘടനയുടെ അംഗീകാരം പൂർണ്ണമായും സമഗ്രമായ ഒരു അന്വേഷണം നടക്കുന്നതുവരെ ഇടക്കാല നടപടിയായി സസ്പെന്റ് ചെയ്യുന്നതിന് അധികാരമുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന് സ്പോർട്സ് സംഘടനയെ നേരിൽ കേൾക്കുന്നതിനുള്ള ഒരു അവസരം നൽകിയ ശേഷം കേരള സ്പോർട്സ് (ഭേദഗതി) ആക്ടിലെ 31(A)(2) പ്രകാരം അതിന്റെ അംഗീകാരം പിൻവലിക്കാനുള്ള വ്യവസ്ഥയുണ്ട്. അനധികൃതമായി തെറ്റായ രീതിയിൽ പ്രവർത്തിക്കുന്ന അസോസിയേഷനുകളെയും സംഘടനകളെയും നിയന്ത്രിക്കാൻ നിയമവ്യവസ്ഥയുണ്ട്. അതിന്റെ ഭാഗമായുള്ള പരിശോധന ശക്തമാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യും. മേൽ വകുപ്പുപ്രകാരം റദ്ദാക്കപ്പെട്ട ഒരു സംഘടനയുടെ ഭാരവാഹിക്ക് മറ്റേതെങ്കിലും സ്പോർട്സ് സംഘടനയുടെ ഭാരവാഹിയാകാൻ ഇനി അർഹതയുണ്ടായിരിക്കുന്നതല്ല എന്നുകൂടി ആ നിയമത്തിൽ വ്യവസ്ഥയുണ്ട്. അത് കർശനമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പരമ്പരാഗത കായിക വിനോദങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കളരിപ്പയറ്റ്, ആർച്ചറി തുടങ്ങിയ പരമ്പരാഗത കായികയിനങ്ങളുമായി ബന്ധപ്പെട്ട അസോസിയേഷനുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. അസോസിയേഷനുകൾ ജില്ലാ-സംസ്ഥാന തലങ്ങളിലെ കായിക താരങ്ങൾക്കായി മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ദേശീയ മത്സരങ്ങൾക്ക് സംസ്ഥാന ടീമിനെ സംഘടിപ്പിച്ചുവരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിനായി പത്തനംതിട്ട ഒഴികെയുള്ള സംസ്ഥാനത്തെ 13 ജില്ലകളിൽ ഈ വകുപ്പിന്റെ കീഴിലായി ജില്ലാ ആയോധന കളരി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇടക്കാലത്ത് അവയ്ക്ക് സഹായം നൽകുന്നത് നിന്നുപോയിട്ടുണ്ട്. അത് പുനഃക്രമീകരിച്ച് നൽകുന്നതിനും അതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും ഗ്രാന്റ് ഉൾപ്പെടെ നൽകി അവയെ സഹായിക്കുന്ന നടപടി സ്വീകരിച്ചുവരികയാണ്. അമ്പെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ഒരു ആർച്ചറി അക്കാദമി സ്ഥാപിക്കുന്നതിന് കായിക യുവജന കാര്യാലയത്തിന് എട്ട് ഏക്കർ ഭൂമി കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖാന്തരം പുതിയ ആർച്ചറി സ്പോർട്സ് ഹോസ്റ്റൽ

കെട്ടിടം അക്കാദമിക്കായി നിർമ്മിച്ചു കൊടുക്കുകയും കുട്ടികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 5 പ്രീഫാബുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമിക്കായി അനുവദിച്ച സ്ഥലത്ത് പ്രീഫാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇവിടെ സൂചിപ്പിച്ച ഹോസ്റ്റലുകളുടെ അപര്യാപ്തതയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഒരു റിവ്യൂ ഇപ്പോൾ നടന്നുകഴിഞ്ഞിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങളില്ലാത്ത ഹോസ്റ്റലുകളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ സർക്കാർ നടപടി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, നമ്മുടെ കായികമേഖലയ്ക്ക് ഒരു പുതുവസന്തം സമ്മാനിക്കുന്ന ഒട്ടേറെ ഫലപ്രദമായ പ്രതീക്ഷ നൽകുന്ന നടപടികളും തീരുമാനങ്ങളുമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തിലെ ഏറ്റവും മികച്ച സ്പോർട്സ് സ്കൂളായ ജി.വി. രാജാ സ്കൂളിൽ കളിസ്ഥലവും മറ്റു സൗകര്യങ്ങളും സജ്ജമാക്കുന്നതിന് നിലവിലുള്ള സ്ഥലസൗകര്യം അപര്യാപ്തമാണ്. അതുകൊണ്ട് ഈ സ്കൂളിനെ തിരുവനന്തപുരത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു മികച്ച വിദ്യാലയമാക്കി ഉയർത്താനാവശ്യമായ സ്ഥലം കണ്ടെത്താൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ജി.വി. രാജാ സ്പോർട്സ് സ്കൂൾ ഇപ്പോൾ കായികവകുപ്പിന് വിട്ടുകിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ തിരുവനന്തപുരം മൈലത്ത് വളരെ പരിമിതമായ സ്ഥലത്താണ് ഇത് പ്രവർത്തിക്കുന്നത്. ട്രാക്ക് നിർമ്മിക്കാൻപോലും സൗകര്യങ്ങളില്ലാതെ വളരെ ബുദ്ധിമുട്ടുന്ന ഒരു സ്ഥിതിയാണുള്ളത്. ജി. വി. രാജാ സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കൂടുതൽ സ്ഥലം കണ്ടെത്താനും കൂടുതൽ സ്ഥല സൗകര്യത്തോടുകൂടി അത് ആരംഭിക്കാനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## (2) കുടിവെള്ളക്ഷാമം

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സംസ്ഥാനത്ത് കടുത്ത വരൾച്ചമൂലം ഉളവായിട്ടുള്ള അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങളും വാട്ടർ അതോറിറ്റിയുടെ അനുബന്ധ വിഭാഗങ്ങൾ ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ചും ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനാണ് ഞാൻ ഈ വിഷയം ഉന്നയിക്കുന്നത്.

സംസ്ഥാനത്തെ വരൾച്ചയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് നിയമസഭയിൽ പൊതുവേ ചർച്ച ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട റവന്യൂ, ജലവിഭവ വകുപ്പുമന്ത്രിമാർ വകുപ്പുതലത്തിൽ സ്വീകരിക്കുന്ന കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ തലത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തുന്നതിന് നമ്മുടെ ചർച്ചകൾ വേണ്ടത്ര സഹായകരമായിട്ടില്ല എന്നുള്ളതാണ് അനുഭവങ്ങൾ കാണിക്കുന്നത്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് പ്രത്യേകമായ ഒരു ഇടപെടൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉണ്ടാകണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

ഇപ്പോഴുള്ള സാഹചര്യങ്ങൾ പരിശോധിച്ചാൽ, സംസ്ഥാനത്ത് നടന്നുകൊണ്ടിരുന്ന 140-ഓളം ശുദ്ധജലവിതരണ പദ്ധതികൾ, കുടിവെള്ള പദ്ധതികൾ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിവച്ച വിവിധ മണ്ഡലങ്ങളിലുള്ള പദ്ധതികൾ തുടങ്ങിയവ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. ഇത് പുനരാരംഭിക്കാൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റ് തലത്തിൽ നടത്തേണ്ടതായിട്ടുണ്ട്. ഇതിൽ മുഖ്യ കാരണമായി വന്നിരിക്കുന്നത് കരാറുകാരുടെ കുടിശ്ശിക കഴിഞ്ഞ ഒന്നര വർഷക്കാലമായി നിലനിൽക്കുന്നു എന്നതാണ്. സർക്കാരിന്റെ സാമ്പത്തിക പ്രശ്നങ്ങൾകൊണ്ട് ഫണ്ട് നേരിട്ട് കൊടുക്കാൻ കഴിയുന്നില്ലെങ്കിലും ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.ഡബ്ല്യു.ഡി.-യിലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലും നടപ്പിലാക്കിയ ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം ഗവൺമെന്റിന് വലിയൊരു ആശ്വാസമായിരുന്നു. ഈ പദ്ധതി നടപ്പാക്കിയതു കൊണ്ട് കരാറുകാർക്കുതന്നെ അവരുടെ റിസ്കിൽ ബാങ്കിൽനിന്ന് വായ്പയെടുക്കാം. എന്നാൽ വാട്ടർ അതോറിറ്റി ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം ഇതുവരെയും നടപ്പാക്കാൻ തയ്യാറാകാത്തതിനാൽ 140-ഓളം പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി മണ്ഡലത്തിൽ കാണക്കാരി, മാഞ്ഞൂർ, ഉഴവൂർ, വെളിയന്നൂർ, മുളക്കുളം ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ നടപ്പാക്കാൻ കഴിയാത്ത വിധത്തിൽ കരാറുകാർ പ്രവൃത്തി നിർത്തിവച്ചിരിക്കുന്നതുമൂലം പദ്ധതികൾ മുടങ്ങി കിടക്കുകയാണ്. സംസ്ഥാനത്തൊട്ടാകെ പരിശോധിച്ചാൽ ആയിരം കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണെന്നുള്ളത് അങ്ങേയ്ക്ക് കാണാൻ കഴിയും. അതിരൂക്ഷമായ വരൾച്ച നേരിടുന്ന ഈ ഘട്ടത്തിൽ ഈ പദ്ധതികൾ പുനരാരംഭിക്കാൻ കഴിഞ്ഞാൽ അത് വലിയ ആശ്വാസമായിരിക്കും. അതിനുള്ള ഇടപെടൽ വാട്ടർ അതോറിറ്റി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്? അതിന് സാങ്കേതിക കാരണങ്ങളാണ് പറയുന്നത്. അത് പരിഹരിക്കാൻ കഴിയണം. അല്ലെങ്കിൽ ഗവൺമെന്റ് കരാറുകാർക്ക് പേമെന്റ് കൊടുക്കാൻ തയ്യാറാകണം. മുടങ്ങിക്കിടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിയുന്ന സ്ഥിതിവിശേഷം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കടുത്ത വരൾച്ചയുടെ സമയത്ത് ഗവൺമെന്റിന്റെ ഈ വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ഇതുവരെ കൊടുത്തതായി കാണുന്നില്ല. സാധാരണ നവംബർ, ഡിസംബർ മാസങ്ങളിൽ എ.എസ്. കൊടുക്കുകയും മാർച്ച് മാസമാകുമ്പോൾ പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പാക്കാൻ കഴിയുന്ന സ്റ്റേജിലേയ്ക്ക് വരികയും ചെയ്യുന്നതാണ്. ഇപ്രാവശ്യം മാർച്ചുമാസം ആയപ്പോഴും എ. എസ്. കൊടുക്കാത്ത സാഹചര്യം ഉണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എത്രയും പെട്ടെന്ന് അതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പദ്ധതികൾക്ക് അനുമതി കൊടുത്ത് നടപ്പാക്കുന്ന സ്റ്റേജിലേയ്ക്ക് വരുമ്പോൾ അടുത്ത പ്രശ്നം വരുന്നത് പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിലുണ്ടാകുന്ന വിഷയങ്ങളാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പിന്റെയും പി.ഡബ്ല്യു.ഡി.-യുടെയും മന്ത്രിമാർ നേതൃത്വം കൊടുത്ത് ഇക്കാര്യത്തിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരിഹാരത്തിന് വേണ്ട നിർദ്ദേശങ്ങൾ ചേർത്ത് ഒരു നല്ല നടപടിയിലേയ്ക്ക് വന്നിരിക്കുന്നത് സ്വാഗതാർഹമാണ്. എന്നാൽ, പി.ഡബ്ല്യു.ഡി.യുടെ റോഡ് മുറിക്കുന്നതിനുള്ള ഫണ്ട് വാട്ടർ അതോറിറ്റി അടച്ചാൽ മാത്രമേ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെങ്കിൽപ്പോലും റോഡ് മുറിക്കാൻ കഴിയുകയുള്ളൂ. അതിന് വാട്ടർ അതോറിറ്റിയുടെ കയ്യിൽ ഫണ്ട് ഇല്ലെന്നാണ് പറയുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ മണ്ഡലത്തിൽ ഇത്തരത്തിലുള്ള വിവിധ പദ്ധതികളുണ്ട്. കോട്ടയം ജില്ലയിൽ നിരവധി പദ്ധതികൾ ഈ രീതിയിൽ മുടങ്ങിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ തലത്തിലേക്ക് Road Restoration-നുവേണ്ടി ഫണ്ട് അടയ്ക്കാൻ പറയുമ്പോൾ എം.ഡി. മുതൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വരെ പറയുന്നത് അതിനുള്ള തുകയില്ലായെന്നാണ്. എങ്ങനെയാണ് പ്രശ്നം പരിഹരിക്കുന്നത്? നിരവധി പദ്ധതികൾ ആ ഒറ്റക്കാരണം കൊണ്ട് മുടങ്ങിക്കിടക്കുകയാണ്. ചെറിയ എക്സ്റ്റൻഷൻ കൊടുത്താൽ ഒരുപാട് പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിയുന്ന പദ്ധതികൾപോലും വാട്ടർ അതോറിറ്റി ഫണ്ട് അടയ്ക്കാത്തതുമായി ബന്ധപ്പെട്ട് പ്രതിസന്ധിയിൽ ആയിരിക്കുന്നു. പല പദ്ധതികളും മുടങ്ങിക്കിടക്കുന്ന സാഹചര്യവുമുണ്ട്. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റി തലത്തിൽ ആവശ്യമായ തീരുമാനം എടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട ചെറിയ വിഷയങ്ങൾപോലും പരിഹരിക്കാൻ കഴിയാത്തത് വളരെ വേദനാജനകമായ ഒരു കാര്യമാണെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഉദാഹരണത്തിന്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി-ഏറ്റുമാനൂർ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും കഴിഞ്ഞ 30 വർഷമായി ഇഴഞ്ഞുപോകുന്നതുമായ പദ്ധതിയാണ് പട്ടരുമഠം പദ്ധതി. ആ പദ്ധതി രണ്ടുവർഷം മുമ്പ് കമ്മീഷൻ ചെയ്ത് ജലവിതരണം ആരംഭിച്ചത് വലിയ ആശ്വാസമാണ്. കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെ നിരവധി പഞ്ചായത്തുകളിൽ വെള്ളമെത്തിക്കാനും കൂടുതൽ ജലവിതരണം നടത്താനും കഴിയണമെങ്കിൽ ആവശ്യമായ മോട്ടോർ, ട്രാൻസ്ഫോർമർ, വൈദ്യുതി കണക്ഷൻ ഉൾപ്പെടെ പുതിയതായി സ്ഥാപിക്കണം. ഇതിന് ചെറിയ തുക മതിയാകുമെന്നാണ് ചൂണ്ടിക്കാണിക്കുന്നത്. ആ തുകപോലും അടയ്ക്കാൻ വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ല. മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും അവിടെ മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് വളരെ ഗൗരവമായി ഇക്കാര്യം പരിശോധിക്കണം.

സംസ്ഥാനത്ത് ഇതുപോലുള്ള ചെറിയ ഇടപെടലുകൾ ജലവിഭവ വകുപ്പ് നടത്തിയാൽ വലിയ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതാണ്. അതുപോലെ നിരവധി പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ പ്രതിസന്ധിയിലായിരിക്കുകയാണ്. ഇത് പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ ജില്ല തിരിച്ച് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പരിശോധന നടത്തണം. അതിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതായ കാര്യങ്ങൾക്ക് ഫണ്ട് അനുവദിച്ചുകൊണ്ട് ആവശ്യമായ ഇടപെടൽ നടത്തി എല്ലാ ജില്ലകളിലെയും വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ പ്രവർത്തനക്ഷമമാക്കാനും വിപുലീകരിക്കാനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കടുത്ത വരൾച്ചാ സമയത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഫലപ്രദമായി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് കിണർ റീചാർജിംഗ്. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളെ സഹായിക്കുന്ന പദ്ധതി ഗവൺമെന്റ് നടപ്പാക്കി വരികയാണ്. ഈ പദ്ധതി തുടരണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിലെ മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ 800-ഓളം വരുന്ന കിണറുകളിൽ കഴിഞ്ഞ കാലഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ കടുത്ത വരൾച്ചയുടെ സമയത്തും ജനോപകാരപ്രദമായ വിധത്തിൽ ജനങ്ങൾക്ക് അവരുടെ കിണറുകളിൽ വെള്ളം ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടായി. ബഹുമാനപ്പെട്ട പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ ഏറ്റവും മാതൃകാപരമായി നടപ്പിലാക്കിയ പദ്ധതി, ഭരണ-പ്രതിപക്ഷ ഭേദമെന്യേ എവിടെയെല്ലാം ചെയ്തിട്ടുണ്ടോ അവിടെയെല്ലാം അനുഗ്രഹവുമായിട്ടുണ്ട്. ഇത് തുടർന്നുകൊണ്ടു പോകാൻ കഴിയുന്ന സാഹചര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് 5000-ത്തോളം ഹാൻഡ് പമ്പുകൾ നന്നാക്കിയിട്ടില്ലായെന്നാണ് അറിയുന്നത്. വരൾച്ചയുടെ വിഷയങ്ങൾ ചർച്ച ചെയ്ത് പോയപ്പോഴും ചർച്ച ചെയ്യപ്പെടാതെ പോയ ഈ വിഷയങ്ങളാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. 5000-ത്തോളം ഹാൻഡ് പമ്പുകൾ നന്നാക്കിയാൽ ചെറുകിട കുടിവെള്ള പദ്ധതികൾക്ക് വലിയ അനുഗ്രഹമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. വരൾച്ചയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ, ജില്ലകളിൽ കുടിവെള്ളം വിതരണം ചെയ്യാനുള്ള നിർദ്ദേശം കളക്ടർമാർക്ക് കൊടുക്കുമെന്ന് പറഞ്ഞിരുന്നു. ആ നിർദ്ദേശം കൊടുത്തതിന്റെ അറിയിപ്പ് കിട്ടിയിട്ടുണ്ട്, അതിനെ സ്വാഗതം ചെയ്യുകയാണ്. കുടിവെള്ളം വിതരണം ചെയ്യുന്നതിന് കളക്ടറേറ്റിൽ പറയുന്ന നിരക്ക് പഞ്ചായത്തുകൾക്ക് നാട്ടിൽ നടപ്പാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. തന്മൂലം കുടിവെള്ള വിതരണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഈ വിഷയം പ്രത്യേകം പരിശോധിച്ച് കളക്ടർമാരുമായി ആശയവിനിമയം നടത്തി കുടിവെള്ള വിതരണം ആരംഭിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സംസ്ഥാനത്തെ ബാധിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ സഭയിലെ കീഴ്വഴക്കമനുസരിച്ച് ആ വകുപ്പുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ ഉദ്യോഗസ്ഥ ഗ്യാലറിയിൽ സന്നിഹിതരാകാറുണ്ട്. കേരളത്തെ ബാധിക്കുന്ന കടുത്ത വരൾച്ചയെ സംബന്ധിച്ച വിഷയം, കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വിഷയം എന്നിവ ചർച്ച ചെയ്യുമ്പോൾ ജലവിഭവ വകുപ്പിന്റെ സെക്രട്ടറി, വാട്ടർ അതോറിറ്റി എം.ഡി., ചീഫ് എഞ്ചിനീയർ തുടങ്ങി പ്രധാനപ്പെട്ട ഉദ്യോഗസ്ഥരാരും ഗ്യാലറിയിൽ കാണാനില്ല. നിരുത്തരവാദപരമായ, ഇവർക്ക് ഇതൊന്നും പ്രശ്നമല്ലായെന്ന രൂപത്തിൽ, ഗവൺമെന്റ് എത്ര ആത്മാർത്ഥത കാണിച്ചാലും ഇത് നടപ്പാക്കേണ്ടത് ആരാണ്? ഇത് താഴെത്തലത്തിലേയ്ക്ക് എത്തിക്കേണ്ട ഉത്തരവാദിത്വമാർക്കാണ്? മന്ത്രിമാർക്ക് എല്ലാ വിഷയത്തിലും ഇടപെടാൻ കഴിയുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഏറ്റവും പ്രധാനപ്പെട്ട വിഷയമായ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിനും സബ്മിഷനും മറുപടി പറയുമ്പോൾ ഇവർ ഹാജരായിരിക്കേണ്ടതാണ്. അത്തരം വിഷയങ്ങളിൽ ഗുരുതരമായ വീഴ്ചയും അനാസ്ഥയും കാണിക്കുകയും കാര്യങ്ങൾ ഇതുപോലെ നിസ്സാരവൽക്കരിച്ചുകൊണ്ട് തള്ളിക്കളയുന്ന നിലപാട് തിരുത്തിക്കുവാൻ ഗവൺമെന്റ് കർശനമായി ഇടപെടണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് കാര്യങ്ങൾ ചെയ്യിക്കാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണം. കടുത്ത വരൾച്ചയുടെ സമയത്ത് ജലവിഭവ വകുപ്പിൽ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ ആത്മാർത്ഥമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വരൾച്ചയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന്റെ വിവിധ ഘടകങ്ങൾ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ കഴിഞ്ഞ ദിവസം ഇവിടെ വിശദമായി പ്രതിപാദിക്കുകയുണ്ടായി. നമുക്ക് അൽപ്പം വേനൽമഴ ലഭിച്ചെങ്കിലും തെക്കുപടിഞ്ഞാറൻ-വടക്കുപറിഞ്ഞാറൻ കാലവർഷത്തിലുണ്ടായ കുറവിനെ കോമ്പൻസേറ്റ് ചെയ്യാൻ തരത്തിലുള്ള വേനൽമഴ നമുക്ക് ലഭിച്ചിട്ടില്ല. വലിയ ഷോപ്പിംഗ് മാളിൽ കച്ചവടം കുറഞ്ഞിട്ട് മുറുക്കാൻ കടയിൽ കച്ചവടം കൂടിയെന്ന് പറയുന്നതുപോലുള്ള അനുഭവം മാത്രമാണുള്ളത്. പ്രത്യേകിച്ച് നമ്മുടെ കുടിവെള്ള സ്രോതസ്സുകളിൽ വേണ്ടത്ര തോതിൽ ജലം ലഭ്യമായിട്ടില്ല. ആശ്വാസം എന്ന നിലയിൽ ചില നടപടികൾ എടുത്തിട്ടുണ്ട്.

വരൾച്ച മുന്നിൽ കണ്ടുകൊണ്ട് സാദ്ധ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ എടുത്ത നടപടികളെക്കുറിച്ച് കഴിഞ്ഞദിവസം സഭയിൽ വിശദീകരിക്കുകയുണ്ടായി. സാധാരണ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തുന്ന മുൻകൂട്ടിയുള്ള പ്രവർത്തനങ്ങൾ ഇത്തവണ നവംബർ മാസം തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയും ജലസേചന വകുപ്പും ഭൂഗർഭ ജലവകുപ്പും ജലനിധിയും കൂട്ടായ

ചില പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ മേഖലകളിലും പ്രത്യേകമായി യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുമുമ്പുതന്നെ ഏറ്റെടുക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ചുള്ള ആലോചന നടത്തി നടപടികളിലേയ്ക്ക് നീങ്ങുകയുണ്ടായി. ജില്ലകളിലെ ഉദ്യോഗസ്ഥർ എല്ലാ മേഖലായോഗങ്ങളിലും പങ്കെടുത്ത് അവർ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ വീഡിയോ കോൺഫറൻസിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട പ്രശ്നങ്ങളിലേയ്ക്ക് വരുന്നതിനുമുമ്പ് പാറമടകൾ, കുളങ്ങൾ തുടങ്ങിയവയിലെ ജലം ശുദ്ധീകരിച്ചെടുക്കാൻ വേണ്ട ശ്രമങ്ങൾ നടത്തിയ വിവരം കഴിഞ്ഞ പ്രാവശ്യം ഇവിടെ പറഞ്ഞിരുന്നു. ചില സ്ഥലത്തെ പാറമടകളിലെ വെള്ളത്തിൽ ആർ.ഒ. (റിവേഴ്സ് ഓസ്മോസിസ്) പ്ലാന്റുകളിൽ ശുദ്ധീകരിക്കാൻ കഴിയുന്നതിനപ്പുറമുള്ള മാലിന്യങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിലെ ജലനിധിയുടെ കുഴൽക്കിണറുകളിൽ നല്ല രീതിയിലുള്ള yield കിട്ടുന്നുണ്ട്. ഒരു മണിക്കൂറിൽ 50,000 ലിറ്റർ വെള്ളം കിട്ടുന്ന ജലനിധിയുടെ കുഴൽക്കിണറുകളിലെ വെള്ളം വാട്ടർ അതോറിറ്റിക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. അന്തിമ ഘട്ടത്തിൽ എത്തി നിൽക്കുന്ന പ്രോജക്റ്റുകളെല്ലാം ഈ വരൾച്ചക്കാലത്ത് തന്നെ കമ്മീഷൻ ചെയ്യുന്നതിനായി ദ്രുതഗതിയിൽ മുൻഗണന കൊടുത്ത് (മറ്റൊന്നും അപ്രധാനം എന്നുള്ള രീതിയിലല്ല) പൂർത്തീകരിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ജില്ലാടിസ്ഥാനത്തിൽ കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ഹെഡ് ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കൺട്രോൾ റൂമുകളും ഡ്രൗട്ട് മാനേജ്മെന്റ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. വാട്സ് ആപ്പ് ഗ്രൂപ്പിൽ ഉദ്യോഗസ്ഥരെയെല്ലാം ബന്ധിപ്പിച്ച് അവർക്ക് പ്രത്യേകമായി നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. പതിനാല് ഇനത്തിലായി വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വളരെയധികം സമയമെടുക്കുമെന്നുള്ളതുകൊണ്ട് അതിന്റെ വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

സ്രോതസ്സുകളിൽ തടയണകൾ കെട്ടി വെള്ളം കെട്ടിനിർത്താനുള്ള ശ്രമമാണ് പ്രധാനപ്പെട്ടത്. നീർച്ചാലുകളുണ്ടാക്കി ഇൻടേക്ക് വെല്ലിലേയ്ക്ക് ആറ്റിലെ വെള്ളം/ സ്രോതസ്സിലെ വെള്ളം ഒഴുകിയെത്താനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് അണക്കെട്ടുകളിലെ വെള്ളം പരമാവധി കുടിവെള്ളത്തിന് ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലായിടത്തും പൈപ്പ് ലൈൻ നീട്ടി പ്രവൃത്തി പൂർത്തീകരിച്ചാൽ പോരാ, വെള്ളം കൊടുക്കാൻ കഴിയണം. അതുകൊണ്ട് വെള്ളമുണ്ടെന്നുറപ്പുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ, ടാങ്കുകൾ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾക്കെല്ലാം കൂടി 40 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള നടപടികൾ വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്.

* അനുബന്ധമായി വച്ചിട്ടുണ്ട്

കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള പതിനാലായിരം കുഴൽക്കിണറുകൾക്കു പുറമേ ആറായിരത്തോളം കുഴൽക്കിണറുകളിൽ ഹാന്റ് പമ്പ് റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കാനുള്ള പണികൾക്ക് ഭരണാനുമതി കൊടുത്തു. 12 കോടി രൂപ ചെലവ് വരുന്ന പണികളിൽ 50 ശതമാനത്തിലധികം പൂർത്തീകരിച്ചിട്ടുണ്ട്. മാർച്ച് മാസം തന്നെ ബാക്കി പണികളും പൂർത്തീകരിക്കാൻ കഴിയും. ഈ രംഗത്ത് പരിചയമുള്ള തൊഴിലാളികളുടെ അഭാവം ഒരു പ്രശ്നമായി നിൽക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാന പ്രശ്നം കരാറുകാർക്കുള്ള കുടിശ്ശികയാണ്. കുടിശ്ശികയുണ്ടെന്നുള്ളത് ശരിയാണ്. പ്രധാനമായും കുടിശ്ശിക വന്നിരിക്കുന്നത് NRDWP (National Rural Drinking Water Programme) പദ്ധതിയിലാണ്. കേന്ദ്ര ഗവൺമെന്റ് വിഹിതമായി പ്രതിവർഷം 200 കോടി രൂപയാണ് ലഭിച്ചുകൊണ്ടിരുന്നത്. അതിൽ 400 കോടിയോളം രൂപയുടെ പണികൾ നടത്തുമായിരുന്നു. പൊടുന്നനെ കേന്ദ്ര ഗവൺമെന്റ് ആ വിഹിതം 45 കോടി രൂപയായി കുറച്ചതുകൊണ്ടാണ് പ്രധാനമായും കുടിശ്ശിക വന്നിട്ടുള്ളത്.

ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പല തവണ എന്നോട് സംസാരിച്ചിരുന്നു. അക്കാര്യത്തെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഞാൻ ചർച്ച നടത്തിയിട്ടുണ്ട്. മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നടക്കുന്നതുപോലെ ഈ വകുപ്പിലും ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം കൊണ്ടുവരാൻ കഴിയുമെങ്കിൽ അതിനുള്ള നടപടിയെടുക്കാൻ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്.

പി.ഡബ്ല്യു.ഡി.-യുമായുള്ള ചില തർക്കങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചു. സ്വാഭാവികമായും പി.ഡബ്ല്യു.ഡി. റോഡുകൾ നല്ലതായി നിലനിർത്തുക എന്ന ലക്ഷ്യം പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട വകുപ്പിനും മന്ത്രിക്കുമൊക്കെയുണ്ടാകാം. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിയും ഞാനുമായി ചർച്ച ചെയ്ത് ചില നടപടി ക്രമങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ സ്ഥലങ്ങളിൽ നെടുകെയാണെങ്കിലും കുറുകെയാണെങ്കിലും റോഡുകൾക്ക് വലിയ ആഘാതമുണ്ടാകാത്ത രീതിയിൽ പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്. പ്രത്യേകിച്ച് വരൾച്ചയുമായി ബന്ധപ്പെട്ട് ഇന്റർ ലിങ്കിംഗിനാവശ്യമായ പണം പി.ഡബ്ല്യു.ഡി. യിൽ അടച്ചുതന്നെ പണികൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. നിരവധി സ്ഥലങ്ങളിൽ അത്തരം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

ബഹുമാനപ്പെട്ട ഒ. രാജഗോപാൽ എം.എൽ.എ. ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം കുറേനാളുകളായി നിലനിന്നിരുന്നു. കരമനയിൽ സെൻട്രൽ റോഡ് ഫണ്ട് (സി.ആർ.എഫ്.) റോഡുതന്നെ മുറിച്ച് അവിടെ ഇന്റർ കണക്ഷൻ കൊടുത്തിട്ടുണ്ട്. പല സ്ഥലങ്ങളിലും അത്തരത്തിലുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. വരൾച്ചയുമായി ബന്ധപ്പെട്ട് വെള്ളം കൊടുക്കാൻ കഴിയുന്ന ഇന്റർ കണക്ഷനു വേണ്ടി പി.ഡബ്ല്യു.ഡി. യിൽ പണം അടച്ചുതന്നെ വർക്ക് ചെയ്യാൻ ശ്രമിക്കുന്നുണ്ട്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, പി.ഡബ്ല്യു.ഡി. റോഡുകൾ മുറിച്ച് പൈപ്പ് ലൈനിട്ടശേഷം വാട്ടർ അതോറിറ്റിതന്നെ അത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചാൽ കാലതാമസമുണ്ടാകുന്നത് ഒഴിവാക്കാൻ കഴിയും.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, പി.ഡബ്ല്യു.ഡി. നിഷ്കർഷിക്കുന്ന നിലവാരത്തിൽ തന്നെ അത് പുനഃസ്ഥാപിക്കണമെങ്കിൽ പി.ഡബ്ല്യു.ഡി. തന്നെ ചെയ്യട്ടെയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയും ഞാനും തമ്മിലുണ്ടാക്കിയ ധാരണ. പൈപ്പിടുന്നതിനു വേണ്ടി കുഴികളെടുത്തശേഷം ഒരു കാരണവശാലും അത് മൂടിയിടാതെ വരില്ല. കുഴികൾ മൂടി പഴയ രൂപത്തിലാക്കിയശേഷം അത് പുനരുദ്ധരിക്കാനുള്ള പണം വാട്ടർ അതോറിറ്റി അടയ്ക്കുന്നുണ്ട്. ചില സ്ഥലത്ത് പണമില്ലാത്തതിന്റെ പേരിൽ നീണ്ടുപോകുന്നുണ്ട്. ചില സ്ഥലങ്ങളിൽ എസ്റ്റിമേറ്റ് വളരെ കൂടിപ്പോകുന്നുവെന്ന പരാതി വാട്ടർ അതോറിറ്റി പറയാറുണ്ട്. അത്തരം വിഷയങ്ങളിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്താനാണ് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം കൊടുത്തിരിക്കുന്നത്. വാട്ടർ അതോറിറ്റിയിലെയും പി.ഡബ്ല്യു.ഡി.-യിലെയും എഞ്ചിനീയർമാർ ഒരുമിച്ച് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടിക്രമം രൂപപ്പെടുത്തിയിട്ടുണ്ട്. കാലതാമസം വരാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്.

പട്ടുമഠം പദ്ധതിക്ക് എന്താണ് തടസ്സമെന്നുള്ളത് പ്രത്യേകം പരിശോധിക്കാം. കിണർ റീ ചാർജ്ജിംഗിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഹരിത കേരളം പദ്ധതിയിലൂൾപ്പെടെ ഭൂഗർഭ ജലത്തെ പരിപോഷിപ്പിക്കാനുള്ള നിരവധി പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അത് കേവലം ജലവിഭവ വകുപ്പിന്റേയോ സർക്കാരിന്റേയോ ഒരു പദ്ധതിയല്ല. ജലസംരക്ഷണം പൊതുസമൂഹം ഏറ്റെടുക്കേണ്ട ഒരു ദൗത്യമായി മാറണമെന്ന ആശയത്തിലാണ് പ്രവർത്തിക്കുന്നത്.

വരൾച്ചയുടെ ഭാഗമായി ജലനിധിയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കാത്തതുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. വരൾച്ചയ്ക്ക് മുമ്പുതന്നെ ഏതാണ്ട് 24000 പേർക്ക് പുതുതായി കണക്ഷൻ കൊടുക്കാൻ തക്കവണ്ണമുള്ള 166 പദ്ധതികൾ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു. വരൾച്ചയെ വളരെ ഗൗരവത്തോടുകൂടി ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ നോക്കിക്കണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

ഇവിടെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യമില്ലെന്നുള്ള ഒരു പ്രശ്നം ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അത് ഉദ്യോഗസ്ഥരുടെ തകരാറല്ല. ഇന്ന് ശ്രദ്ധ ക്ഷണിക്കൽ പോസ്റ്റ് ചെയ്ത വിവരം വളരെ വൈകി എനിക്ക് കിട്ടിയതുകൊണ്ട് എന്റെ ഓഫീസിൽനിന്നും അവരെ അറിയിക്കുന്നതിലുണ്ടായ പിഴവാണ്. ഒരു കാരണവശാലും അതിന്റെ കുറവ് ഈ പ്രവർത്തനങ്ങളിലുണ്ടാകാതെ ശ്രദ്ധിക്കാമെന്ന് ഞാൻ ഉറപ്പുനൽകുന്നു. വാട്ടർ അതോറിറ്റിയും ജലനിധിയും ഭൂഗർഭ, ജലവിഭവ വകുപ്പും ജലസേചന വകുപ്പും വരൾച്ചയെ നേരിടാൻ സാധ്യമായ എല്ലാ കാര്യങ്ങളും വളരെ ഗൗരവത്തോടുകൂടി നടപ്പാക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വളരെ പോസിറ്റീവായ സമീപനത്തെയും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമെന്ന് പറഞ്ഞതിനേയും ഞാൻ സ്വാഗതം ചെയ്യുന്നു. ഈ വർഷത്തെ എ.എസ്. ഇതുവരെയും കൊടുത്തിട്ടില്ലെന്നാണ് അറിയുന്നത്. അത് എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടിയെടുക്കണം. ജലനിധിയുടെ ഭാഗമായാണ് കിണർ റീ ചാർജ്ജിംഗ് സ്കീം വന്നത്. പഞ്ചായത്ത് മുൻകയ്യെടുത്ത് 800 വീട്ടുകാരുടേയും നാട്ടുകാരുടേയും സഹായത്തോടെയാണ് മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ കിണർ റീ ചാർജ് ചെയ്തത്. ഇത് വലിയൊരു അനുഭവമായി മുഴുവൻ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തു. അത് ഒരു വലിയ കരുതലായി മാറുകയാണ്. ജലനിധി പദ്ധതിക്ക് ഗവൺമെന്റ് പുതിയതായി അനുവാദം കൊടുത്തതിനെക്കുറിച്ച് പറഞ്ഞു. അതിനോട് അനുബന്ധമായി കിണർ റീചാർജ്ജിംഗ് സ്കീം തുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞാൽ ആശ്വാസമാണ്. അതിന് മുൻഗണന കൊടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കൂടാതെ പുതിയ എ.എസ്.-ന്റെ കാര്യം കൂടി അങ്ങ് സൂചിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ബാക്കി പ്രവൃത്തികൾക്ക് ഒരു വീഴ്ചയുമില്ലാതെ എ.എസ്. കൊടുക്കുന്നതാണ്. ആകെ 40 കോടി രൂപയാണ് അനുവദിച്ച് കിട്ടിയിരിക്കുന്നത്. ആ 40 കോടി രൂപയുടേയും പ്രയോജനം വരൾച്ചക്കാലത്ത് ജനങ്ങൾക്ക് ലഭിക്കുന്ന രൂപത്തിൽ പണികൾ പൂർത്തിയാക്കുന്നതിന് കൃത്യസമയത്ത് ഭരണാനുമതി കൊടുക്കും. ജലനിധിയുടെ ഒന്നാംഘട്ടവും രണ്ടാം ഘട്ടവുമായി ഏറ്റെടുത്ത പദ്ധതികളിൽ ചിലതൊക്കെ പല കാരണങ്ങളാൽ ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ബെനിഫിഷ്യറി ഗ്രൂപ്പിന് കൈമാറിക്കൊടുത്തിടത്ത് കറന്റ്ചാർജ്ജ് അടയ്ക്കാതെ നിന്നുപോകുക, ചില സ്ഥലങ്ങളിൽ കണക്ഷൻ കിട്ടാനുണ്ട് തുടങ്ങിയ കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നുണ്ട്. അവയെല്ലാം പ്രവർത്തനസജ്ജമാക്കാൻ ശ്രമിക്കും. അതോടൊപ്പം പ്രോജക്റ്റ് III-ന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച റീ ചാർജ്ജിംഗ് കൂട്ടതലായി ചേർക്കാൻ കഴിയുമോ എന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) മലയോര വികസന ഏജൻസി

ശ്രീ. കെ. സി. ജോസഫ്: സർ, മലയോര വികസന ഏജൻസിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം എന്നതാണ് ഈ സബ്മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ മലയോര പ്രദേശം ഇന്ന് വളരെയേറെ പിന്നോക്കാവസ്ഥയിലാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ഫണ്ടിന് പുറമെ നബാർഡ് പോലെയുള്ള സ്ഥാപനങ്ങളിൽനിന്ന് ഫണ്ട് വാങ്ങി അടിസ്ഥാന സൗകര്യങ്ങൾക്ക് സഹായകമായ പദ്ധതികൾ നടപ്പിലാക്കുന്ന ഒരു ഏജൻസിയാണ് മലയോര വികസന ഏജൻസി.

മലയോര വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് ധാരാളം ഫണ്ട് ഇന്ന് മാറ്റി വയ്ക്കുന്നുണ്ടെങ്കിലും അത് വാങ്ങിയെടുക്കാൻ നമുക്ക് സാധിക്കുന്നില്ല. മലയോര പ്രദേശങ്ങളിലെ പിന്നോക്കാവസ്ഥ കേരളം നേരിടുന്ന ഗൗരവമായ പ്രശ്നമായതുകൊണ്ട് ഈ കാര്യം പഠിക്കാൻ ശ്രീ. എം. എസ്. ജോസഫ്, ഐ.എ.എസ്. ചെയർമാനായ ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചു. ആ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഏജൻസി രൂപീകരിച്ചത്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം ആ ഏജൻസി മുന്നോട്ടുപോയി. കുറച്ചുകൂടി ശ്രദ്ധിക്കാൻ കഴിഞ്ഞാൽ മലയോര വികസന ഏജൻസിയിലൂടെ കേന്ദ്രഫണ്ട് വാങ്ങിയെടുക്കാനും മലയോര മേഖലയിലുള്ള അടിസ്ഥാന ആവശ്യങ്ങൾക്ക് (റോഡ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ, കുടിവെള്ളം, ഇറിഗേഷൻ)പഞ്ചായത്തുകളുമായി സഹകരിച്ചുതന്നെ ചെയ്യാൻ സാധിക്കും. മുഖ്യമന്ത്രിയുടെ കീഴിലുള്ള പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. ഈ ഏജൻസി ഫലപ്രദമാക്കാൻ സാധിച്ചാൽ തീർച്ചയായും മലയോര മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. അതുകൊണ്ട് നബാർഡിന്റേയും കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുടെയും സഹായം കൂടുതലായി വാങ്ങി മലയോര മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾക്ക് ഊന്നൽ കൊടുക്കണമെന്ന് അങ്ങയോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2011 നവംബർ 14-ലെ സർക്കാർ ഉത്തരവുപ്രകാരം മലയോര പ്രദേശങ്ങളിലെ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത ഏജൻസിയാണ് 'മലയോര വികസന ഏജൻസി'. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏജൻസിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ ഭാഗമായി ഇത് തുടരേണ്ടതില്ലെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലിക്കേണ്ട നടപടിക്രമങ്ങൾ പരിശോധിക്കുന്നതിനായി നിയമ വകുപ്പ്, ധനകാര്യ വകുപ്പ് തലങ്ങളിൽ പരിശോധന നടത്തുകയാണ്. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിൽ റോഡുകൾ, തടയണകൾ, ചെറുകിട കുടിവെള്ള പദ്ധതികൾ, ക്ഷീര വികസന പദ്ധതികൾ തുടങ്ങിയവ നിലവിലുള്ള വകുപ്പുകൾ അല്ലെങ്കിൽ ഏജൻസികൾ മുഖേന നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ലഭിക്കാവുന്ന കേന്ദ്രഫണ്ട് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## (2) വെരിഫിക്കേഷൻ ഫീ ഒഴിവാക്കൽ

ശ്രീ. കെ. എം. ഷാജി: സർ, കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരം ലഭിക്കേണ്ട നിർമ്മാണ പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ രണ്ട് ശതമാനം വെരിഫിക്കേഷൻ ഫീ ആയി ഒടുക്കണമെന്നുണ്ട്. എന്നാൽ സർക്കാർ വകുപ്പിൽ നിന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇത് ബാധകമാണെന്നാണ് അതോറിറ്റിയിൽ നിന്നും അറിയുന്നത്. ഒരു സർക്കാർ വകുപ്പ് മറ്റൊരു സർക്കാർ വകുപ്പിന് വെരിഫിക്കേഷൻ ഫീ കൊടുക്കേണ്ടി വരുന്നതിന്റെ സാങ്കേതികത

പരിശോധിക്കപ്പെടേണ്ടതാണ്. ഉദാഹരണമായി, അഴീക്കോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപയുടെ പദ്ധതി തീരദേശ വികസന കോർപ്പറേഷൻ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ട് ഒരു വർഷത്തിലധികമായി. രണ്ട് ലക്ഷം രൂപ വെരിഫിക്കേഷൻ ഫീ കൊടുത്തിട്ടില്ല എന്ന കാരണം പറഞ്ഞ് സാമ്പത്തികവർഷം അവസാനിക്കാറായിട്ടും പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ല. തീരദേശ വികസന കോർപ്പറേഷന് വെരിഫിക്കേഷൻ ഫീസ് കൊടുക്കുന്നതിന് നിലവിൽ പ്രത്യേക ഫണ്ട് ഇല്ലാത്തതാണ്. അങ്ങനെ വെരിഫിക്കേഷൻ ഫീസ് കൊടുക്കണമെങ്കിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ അക്കൗണ്ടിൽ നിന്ന് നൽകേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതുകാരണം നിരവധി പദ്ധതികളാണ് 2016-17 സാമ്പത്തിക വർഷത്തിൽ മുടങ്ങിയിട്ടുള്ളത്. ഇത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ വെരിഫിക്കേഷൻ ഫീസ് സർക്കാർ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് ബാധകമല്ലെന്ന് സർക്കാർ ഉത്തരവ് നൽകിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. ഇതിന് മതിയായ ഉത്തരവുനൽകി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസിനായി സമർപ്പിക്കുന്ന 500 സ്ക്വയർ മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്കും 10 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന മറ്റ് പ്രോജക്ടുകൾക്കും പരിശോധനാ ഫീസ് നിശ്ചയിച്ചുകൊണ്ട് 2001 ജൂലൈ 8-ലെ സർക്കാർ ഉത്തരവ് 2015 മാർച്ച് 25-ലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്ലാബ് അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഈ തുക സർക്കാർ ട്രഷറിയിലൊടുക്കി അസ്സൽ ചെലാൻ രസീത് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മാത്രമേ സി.ആർ.ഇസഡ്. അനുമതിക്കുള്ള അപേക്ഷ പരിഗണി ക്കേണ്ടതുള്ളൂ എന്നാണ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും സർക്കാർ വകുപ്പുകളും മറ്റു സ്ഥാപനങ്ങളും ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടാത്തതിനാൽ നിലവിൽ പരിശോധനാഫീസ് അടയ്ക്കാത്ത ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നതിന് തടസ്സമുണ്ട്. 2016 ഡിസംബർ 21-ൽ കൂടിയ അതോറിറ്റിയുടെ 81 -ാമത് യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും വകുപ്പുകളെ KCZMA (Kerala Coastal Zone Management Authority) -യുടെ പരിശോധനാഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പരിശോധനാ ഫീസിനത്തിൽ സമാഹരിക്കുന്ന തുക സർക്കാർ വരുമാനമായി പരിഗണിക്കുന്ന സാഹചര്യത്തിൽ കേരള തീരദേശ പരിശോധനാ ഫീസ് അടയ്ക്കുന്നതിൽനിന്നും കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളെ ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (3) ഫിലിം സിറ്റി

ശ്രീ. പി. ഉണ്ണി: സർ, ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. സല്ലാപം, ഈ പുഴയും കടന്ന്, ആറാം തമ്പുരാൻ, ദേവാസുരം, രാപ്പകൽ തുടങ്ങിയ സൂപ്പർഹിറ്റ് മലയാള സിനിമകൾ കാണാത്തവരായി ആരുമുണ്ടാകില്ല. ഈ സിനിമകൾ കണ്ടിട്ടുള്ള ഓരോ മലയാളിയുടെയും മനസ്സിൽ എക്കാലവും മായാതെ മങ്ങാതെ തെളിഞ്ഞു നിൽക്കുന്ന ഒന്നാണ് വള്ളുവനാടൻ ദൃശ്യഭംഗി. ഭാരതപ്പുഴയും പരിസരപ്രദേശങ്ങളും ധാരാളം സിനിമകൾക്ക് ലൊക്കേഷനായിട്ടുണ്ട്. വരിക്കാശ്ശേരി മനയിൽ അന്യഭാഷാ ചിത്രങ്ങൾപോലും ചിത്രീകരിക്കുന്നുണ്ട്. എന്നാൽ ചിത്രീകരണത്തിനുശേഷമുള്ള അനുബന്ധ ജോലികൾക്ക് നിലവിൽ ഒറ്റപ്പാലത്ത് ഒരു സൗകര്യവുമില്ല. ചിത്രീകരണത്തിനു ശേഷം എറണാകുളത്തേയ്ക്കോ മറ്റോ പോകുകയാണ് ചെയ്യുന്നത്. ഇതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒറ്റപ്പാലത്ത് ഒരുക്കിക്കൊടുക്കുകയാണെങ്കിൽ സിനിമ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഒറ്റപ്പാലം 'ഫിലിം സിറ്റി' എന്ന ആശയമുണ്ടാകുന്നത്. അന്നത്തെയും ഇന്നത്തെയും ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. ടി. എം. തോമസ് ഐസക് 2011-12 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപയും 2012-13 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപയും ഇതിനായി നീക്കിവച്ചിരുന്നു. രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത് ബഹുമാനപ്പെട്ട കെ. എം. മാണിയാണ്. ഒറ്റപ്പാലം കണിയാമ്പുറത്ത് മൂന്നേക്കറിലധികം സ്ഥലം ഇതിനായി കൈമാറുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പാലത്തുതന്നെ മുഴുവൻ സൗകര്യങ്ങളും ലഭ്യമാക്കുമെങ്കിൽ അതിനായി എറണാകുളത്തേയ്ക്കോ മറ്റോ പോകേണ്ടിവരില്ല. ഫിലിം സിറ്റിയുടെ പ്രൊപ്പോസൽ സർക്കാരിന് ലഭ്യമാണെന്നാണ് അറിയുന്നത്. ഈ സാഹചര്യത്തിൽ ഫിലിം സിറ്റി യാഥാർത്ഥ്യമാക്കുന്നതിനായി ചുരുങ്ങിയത് 50 കോടി രൂപയെങ്കിലും വകയിരുത്തി അതിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുവേണ്ടി 2011-12-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപയും 2012-13-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപയും പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഈ കാലയളവിൽ ഫിലിം സിറ്റി ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞില്ല. അതിനെത്തുടർന്ന് തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി. പക്ഷെ, 2014-ൽ ഫിലിം സിറ്റി നിർമ്മാണത്തിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള മൂന്നേക്കർ മൂന്ന് സെന്റ് ഭൂമി ഒറ്റപ്പാലത്ത് കണ്ടെത്തുകയും 4-7-2014-ലെ സ.ഉ. പ്രകാരം 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ കെ.എസ്.എഫ്.

ഡി.സി.-ക്ക് കൈമാറുന്നതിന് ഉത്തരവാകുകയും ചെയ്തു. എന്നാൽ ഈ സമയത്തോ തുടർന്നുള്ള വർഷങ്ങളിലോ ഫിലിം സിറ്റി നിർമ്മാണത്തിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്താത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ സർക്കാരിന് നിവേദനം നൽകിയിരുന്നു. സർക്കാർ ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കണമെന്ന ആവശ്യം ഗൗരവമായി പരിഗണിച്ചുവരികയാണ്. 7.7 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കെ.എസ്.എഫ്.ഡി.സി.-ക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. 20-3-2017-ന് ചേരുന്ന കെ.എസ്.എഫ്.ഡി.സി.-യുടെ ഭരണസമിതി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. എന്നാൽ 2017-18 ബഡ്ജറ്റിൽ തുകയൊന്നും നിശ്ചയിച്ചിട്ടില്ല. കെ.എസ്.എഫ്.ഡി.സി.-ക്ക് തിയേറ്റർ ശൃംഖല കേരളത്തിൽ വ്യാപകമായി സ്ഥാപിക്കുന്നതിന് 100 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലുൾപ്പെടുത്തി തിയേറ്ററുകളും ഫിലിം സിറ്റിയും അടങ്ങുന്ന 'ഒറ്റപ്പാലം ഫിലിം സിറ്റി പദ്ധതി' ഇപ്പോൾ വിട്ടുകിട്ടിയ സ്ഥലത്ത് സ്ഥാപിക്കാൻവേണ്ട നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ പരമാവധി അനുകൂലമായ തീരുമാനമെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് തയ്യാറാണ്.

## (4) എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക നിയോജകമണ്ഡലത്തിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിലെ ചൊവ്വൂർ വില്ലേജിൽ സർവ്വേ നമ്പർ 314/05-ൽ 8.64 സെന്റ് സർക്കാർ പുറമ്പോക്ക് സ്ഥലമുണ്ട്. ഇത് എക്സൈസ് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ചേർപ്പ് എക്സൈസ് റേഞ്ച് ഓഫീസ് വാടക കെട്ടിടത്തിലാണ് ഇക്കാലമത്രയും പ്രവർത്തിച്ചിരുന്നത്. അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും അവിടത്തെ ഉദ്യോഗസ്ഥ തലത്തിൽ നേരിടുന്നുണ്ട്. സ്ഥലപരിമിതിയുള്ളതിനാൽ മേൽ സൂചിപ്പിച്ച പുറമ്പോക്ക് സ്ഥലത്ത് ഈ എക്സൈസ് ഓഫീസ് റേഞ്ച് ഓഫീസായി പ്രവർത്തിക്കാൻ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാട്ടിക നിയോജകമണ്ഡലത്തിൽ ചൊവ്വൂർ വില്ലേജിൽ സർവ്വേ നമ്പർ 314/5-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് സ്ഥലം കുളം പുറമ്പോക്കിൽപ്പെട്ട ഭൂമിയാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218 വകുപ്പുപ്രകാരം ഈ ഭൂമി പഞ്ചായത്തിൽ നിക്ഷിപ്തമാണ്. 218 (3) വകുപ്പുപ്രകാരം ബന്ധപ്പെട്ട പഞ്ചായത്തുമായി ആലോചിച്ചശേഷം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി

ഈ സ്ഥലത്തിന്റെ ഭരണം ഏറ്റെടുക്കാവുന്നതും ജനോപകാരപ്രദമായി ഉപയോഗിക്കാൻ അനുമതി നൽകാവുന്നതുമാണ്. ചേർപ്പ് പഞ്ചായത്തിന്റെ പരാമർശ ഭൂമി എക്സൈസ് വകുപ്പിന് കൈമാറാൻ 26-8-2015-ലെ 229/15-ാം നമ്പർ പ്രമേയമനുസരിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും അതനുസരിച്ച് പ്രസ്തുത സ്ഥലം തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പേരിൽ പ്രമാണം ചെയ്ത് നൽകുന്നതിനുള്ള അനുമതി നൽകി പഞ്ചായത്ത് 16-1-2016-ലെ 72-ാം നമ്പർ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലം എക്സൈസ് വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി 27-5-2016-ലെ പഞ്ചായത്ത് സെക്രട്ടറിയുടെ ശിപാർശ കത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം പണിയുന്ന കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## (5) പട്ടയ വിതരണം

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ അറുപതും എഴുപതും വർഷമായി കൈവശം വച്ചിരിക്കുന്നതും ആ പ്രദേശത്തെ കർഷകർ കൃഷി ചെയ്തുകൊണ്ടിരിക്കുന്നതുമായ ഭൂമിയുടെ അവകാശപത്രിക നൽകേണ്ടതുണ്ട്. ആറോളം വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന ഭൂമിക്കാണ് പട്ടയം നൽകേണ്ടത്. സീതത്തോട്, ചിറ്റാർ, തണ്ണിത്തോട്, കോന്നി താഴം, അരുവാപ്പുലം, കലഞ്ഞൂർ എന്നീ വില്ലേജുകളിലാണ് പട്ടയം നൽകേണ്ടതായിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കർഷകർ നൽകിയ അപേക്ഷകൾ പരിഗണിച്ച് ഏതാണ്ട് 4126 പേർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചു. എന്നാൽ അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അറുപതും എഴുപതും വർഷങ്ങൾക്ക് മുമ്പ് കുടിയേറിയ കർഷകരുണ്ട്. വിവിധ സഭകളുടെ പേരിലുള്ള ആരാധനാലയങ്ങൾ ഉണ്ട്. അതിനോടനുബന്ധമായി അവരുടെ ശവക്കോട്ടകളും മറ്റും സ്ഥാപിച്ചു. ഓർത്തഡോക്സ് സഭ, മാർത്തോമാ സഭ, കത്തോലിക്കാ സഭ, എസ്.എൻ.ഡി.പി. തുടങ്ങിയവരുടെ കൈവശത്തിലുള്ള ഭൂമി അവരുടെ പേരിൽ ലഭിക്കുന്നതിനുവേണ്ടിയാണ് അപേക്ഷ നൽകിയിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ വിളിച്ചുചേർത്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പത്തനംതിട്ട ജില്ലയിലെ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, അരുവാപ്പുലം എന്നീ സ്ഥലങ്ങളിലെ കൈവശക്കാർക്ക് പട്ടയം വിതരണം ചെയ്യുന്നതിനായി 28-2-2016-ൽ ചിറ്റാറിൽ വച്ച് പട്ടയമേള നടത്തുന്നതിന് നിശ്ചയിച്ചിരുന്നു. 1800 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കിയിരുന്നുവെങ്കിലും വനം വകുപ്പിൽനിന്നും തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നിരാക്ഷേപ പത്രം

ലഭിക്കാത്തതിനാൽ കേവലം 40 പട്ടയങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളൂ. കോന്നി താലൂക്കിൽ പട്ടയ വിതരണത്തിന് വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചിട്ടില്ല. പട്ടയ വിതരണത്തിനായി കണ്ടെത്തിയ സ്ഥലത്തിന്റെ കുറേ ഭാഗം റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടതും കുറേ സ്ഥലം ഫുഡ് പ്രൊഡക്ഷൻ ഏരിയയിൽ ഉൾപ്പെട്ടതുമാണ്. റവന്യൂ-വനം വകുപ്പുകളുടെ പരിശോധനയിലൂടെ ഫുഡ് പ്രൊഡക്ഷൻ ഏരിയയെന്നു കാണുന്ന സ്ഥലം ഡിസ്-റിസർവ് ചെയ്ത് ലഭിച്ചെങ്കിൽ മാത്രമേ പട്ടയവിതരണം സാധ്യമാകുകയുള്ളൂ. ഇത് ഡിസ്-റിസർവ് ചെയ്തുതരുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. വനഭൂമി കയ്യേറ്റങ്ങൾക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. 1-1-1977-ന് മുമ്പുള്ള വിഷയത്തെ സംബന്ധിച്ച കാര്യമാണത്. വനം വകുപ്പിന്റെ നിരാക്ഷേപ പത്രം (എൻ.ഒ.സി.) ലഭിക്കാത്തതിനാൽ വിവിധ സമുദായങ്ങളിലെ ആരാധനാലയങ്ങൾക്കും പട്ടയം നൽകുന്നതിന് സാധിച്ചിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

## (6) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ അനുവദിക്കുന്നത് സംബന്ധിച്ചാണ് ഇന്നത്തെ സബ്മിഷനുള്ള ലിസ്റ്റിൽ വിഷയം പ്രിന്റ് ചെയ്ത് വന്നിരിക്കുന്നത്. അത് അങ്ങനെയല്ല. സബ് ഡിപ്പോ നിലവിലുണ്ട്, അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാണ് സബ്മിഷൻ നൽകിയത്. ശാസ്താംകോട്ട പഞ്ചായത്തിന്റെ ഏറ്റവും കണ്ണായ സ്ഥലത്താണ് കെ.എസ്.ആർ.ടി.സി. ഡിപ്പോയും അതിന്റെ ഓഫീസ് കെട്ടിടവും ഇപ്പോൾ നിലനിൽക്കുന്നത്. 2006 ഫെബ്രുവരി 10-ാം തീയതി അന്നത്തെ ഗതാഗത വകുപ്പുമന്ത്രി ശ്രീ. എൻ. ശക്തൻ ഉദ്ഘാടന പ്രസംഗത്തിൽ ശാസ്താംകോട്ട തടാക തീരത്ത് ഏറ്റവും മനോഹരമായ സ്ഥലത്ത് ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ്-ഡിപ്പോ ആരംഭിക്കുമെന്നും അതിനുവേണ്ടി എല്ലാ സഹായവും ചെയ്തുതരാമെന്നും പറഞ്ഞു. അന്ന് കെ.എസ്.ആർ.ടി.സി. എം.ഡി., ചീഫ് എഞ്ചിനീയർ, നാല് എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ്, മറ്റ് ഉദ്യോഗസ്ഥർ എല്ലാവരും ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. സബ് ഡിപ്പോയായി പ്രഖ്യാപിച്ച യോഗനടപടികൾ കെ.എസ്.ആർ.ടി.സി. മിനിറ്റ്സ് ചെയ്യണമായിരുന്നു. അന്ന് അത് ചെയ്തില്ല. രേഖകളില്ലെന്നാണ് ഇപ്പോൾ പറയുന്നത്. അന്നത്തെ എം.ഡി. ശ്രീ. മോഹൻലാലും ചീഫ് എഞ്ചിനീയർ ശ്രീമതി ഇന്ദുവും നാല് ഡയറക്ടേഴ്സും ശാസ്താംകോട്ടയിൽ വന്ന് ഡിപ്പോ കണ്ടു. ഏറ്റവും മനോഹരമായിരിക്കുന്നുവെന്നും ഡിപ്പോ തുടങ്ങണമെങ്കിൽ ഗ്യാരേജ് നിർമ്മിക്കണമെന്നും അവർ പറഞ്ഞു. പഞ്ചായത്തുകളുടെ തനതുഫണ്ട് ഉപയോഗിച്ച് ഗ്യാരേജ് നിർമ്മിക്കാൻ ഒരു ഏക്കർ ഭൂമി വാങ്ങിക്കൊടുത്തു. എം.എൽ.എ. ഫണ്ടിൽ

നിന്നും ഞാൻ ഒരു കോടി രൂപ കൊടുത്തു. മനോഹരമായ ഗ്യാരേജ് നിർമ്മിച്ചു. അതിനുശേഷം ബസ് സ്റ്റേഷൻ ഓഫീസ് മോഡണൈസേഷൻ നടത്തണമെന്നും അതിന് അൻപത് ലക്ഷം രൂപയാകുമെന്നും പറഞ്ഞു. ഞാൻ കെ.എസ്.ആർ.ടി.സി. എം.ഡി.-യുടെ ഓഫീസിൽ ചെന്ന് സ്കെച്ചും പ്ലാനും കണ്ടു. എനിക്ക് ഇഷ്ടപ്പെട്ടു. ഞാൻ തന്നെ അൻപത് ലക്ഷം രൂപ കൊടുത്തു. എം.എൽ.എ. ഫണ്ടും വ്യാപാരികളുടെ ഫണ്ടും ഉപയോഗിച്ച് രണ്ടുനില കെട്ടിടം പണിതു. മൂന്നാമതായി, ഡിപ്പോയുടെ മുന്നിലുള്ള കടകളെല്ലാം പൊളിച്ചുമാറ്റണമെന്നും അവർ പറഞ്ഞു. കടകൾ പൂർണ്ണമായും പൊളിച്ചുമാറ്റി. മനോഹരമായി ബസുകൾ കയറിയിറങ്ങുന്നതിനുള്ള എല്ലാ സംവിധാനവും ചെയ്തുകൊടുത്തു. ഇപ്പോൾ ഡിപ്പോ തരാൻ പറ്റില്ലെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഡിപ്പാർട്ടുമെന്റും പറയുന്നു. രണ്ടേക്കർ വസ്തു വാങ്ങി കോന്നിയിൽ ഒരു ഡിപ്പോ പണിതുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പല ഭാഗങ്ങളിലും ഡിപ്പോ പണിയുന്നു. ഇതൊന്നും കൊടുക്കുകയില്ലേ? ശാസ്താംകോട്ട പഞ്ചായത്തിന്റെ ലാന്റ് വാല്യൂ ഏറ്റവും കൂടുതലുള്ള സ്ഥലമാണ് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് വിട്ടുകൊടുത്തത്. കേരളത്തിൽ എവിടെയെങ്കിലും സ്വന്തമായി കെ.എസ്.ആർ.ടി.സി.-യ്ക്ക് സ്ഥലമുണ്ടായിരുന്നോ; റവന്യൂ വകുപ്പ് വസ്തു കൊടുത്തതിന്റെ ഫലമായിട്ടാണ് കേരളത്തിന്റെ പല സ്ഥലങ്ങളിലും കെ.എസ്.ആർ.ടി.സി. ഡിപ്പോയും ബസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-ക്ക് തനത് ഭൂമിയില്ലായിരുന്നു. ആ മണ്ഡലത്തിൽ കൂടി കൊല്ലം-പത്തനംതിട്ട, കൊല്ലം-ചെങ്ങന്നൂർ, കരുനാഗപ്പള്ളി-കൊട്ടാരക്കര തുടങ്ങിയ ചെയിൻ സർവ്വീസുകളും മറ്റ് മേഖലകളിലേയ്ക്കും കെ.എസ്. ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്ന് ഒന്നര കോടി രൂപ കൊടുത്തതാണ്. പഞ്ചായത്തിന്റെ സ്ഥലവും വിട്ടുനൽകി. ഞങ്ങളെ വഞ്ചിക്കുകയാണ് ചെയ്തത്. ഈ വഞ്ചന അവസാനിപ്പിക്കണം. കേരളത്തിലെ ഏതെങ്കിലും എം.എൽ.എ.-മാരോട് ഇങ്ങനെ പെരുമാറുന്നുണ്ടോ; എന്തിനാണ് വിവേചനം; ആരോടാണ് വിവേചനം കാണിക്കുന്നത്? ഞങ്ങളുടെ ഒന്നര കോടി രൂപയും കണ്ണായ സ്ഥലവും കൊടുത്തിട്ട് ഡിപ്പോ അനുവദിക്കാൻ പറ്റില്ലെന്ന് പറഞ്ഞാൽ എന്നെയും എന്റെ കുന്നത്തൂർ മണ്ഡലത്തിലെ ജനങ്ങളെയും കബളിപ്പിക്കുകയായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സബ് ഡിപ്പോ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2006-ൽ അന്നത്തെ മന്ത്രി നൽകിയ വാഗ്ദാനമാണ്. 2006 കഴിഞ്ഞ് 2017 ആയി എന്ന വസ്തുത ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കിയാൽ ഈ അനൗദ്യോഗിക ചോദ്യം ഉണ്ടാകുമായിരുന്നില്ല. ഇതിലൊരു വാഗ്ദാന ലംഘനമുണ്ടെന്നാണ് ബഹുമാനപ്പെട്ട

മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. അദ്ദേഹം പറഞ്ഞ മറ്റു കാര്യങ്ങളൊക്കെ രേഖാമൂലം ശരിതന്നെയാണ്. പഞ്ചായത്ത് സ്ഥലം വിട്ടു തന്നിട്ടുണ്ട്. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒന്നര കോടി രൂപയോളം ചെലവഴിച്ച് അവിടെ നല്ല കെട്ടിടം ഉണ്ടാക്കിയിട്ടുണ്ട്. നല്ല സർവ്വീസുകളാണ് അവിടെ നിന്നും നടത്തുന്നത്. പക്ഷേ പ്രശ്നമെന്തെന്നാൽ കെ.എസ്.ആർ.ടി.സി.-യാകെ ഒരു പുനഃസംഘടനയ്ക്ക് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ കൂടുതൽ ഡിപ്പോകൾ, കൂടുതൽ ഓപ്പറേറ്റിംഗ് സെന്ററുകൾ, കൂടുതൽ സബ്-ഡിപ്പോകൾ എന്നിവ ആരംഭിക്കുന്നതിന് പറ്റിയ ആരോഗ്യവും ശേഷിയും ഇപ്പോൾ കെ.എസ്.ആർ.ടി.സി.-ക്കില്ല എന്നതാണ് പരിമിതി. പക്ഷേ ഈ കേസ് പ്രത്യേകമായി പരിഗണിച്ച് ഏത് സർക്കാരായാലും, സർക്കാർ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

11.00 AM]

## (7) ധനകാര്യ കമ്മീഷൻ ശിപാർശകൾ

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, 73-ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായാണ് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നിലവിൽ വന്നത്. 5-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് 2016 മാർച്ച് 11-ാം തീയതി സർക്കാരിന് സമർപ്പിച്ചതാണ്. തെരഞ്ഞെടുപ്പായതിനാൽ കഴിഞ്ഞ ഗവൺമെന്റിന് അത് സഭയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. അതിനുശേഷം പുതിയ ഗവൺമെന്റ് വന്നു. ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ശിപാർശകൾ അനുസരിച്ചുള്ള അലോക്കേഷൻ പഞ്ചായത്തുകൾക്ക്/ ലോക്കൽ ബോഡികൾക്ക് കൊടുക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ റിവൈസ്ഡ് ബഡ്ജറ്റിൽ പറഞ്ഞിരുന്നു. എന്നാൽ അതിനുശേഷമുള്ള രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും ഇതുവരെ ഇതുസംബന്ധിച്ച പരിശോധന നടത്തുകയോ സഭയിൽ ഇതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 243 (ഐ)(4) അനുസരിച്ച് "the Governor shall cause every recommendation made by the Commission under this article together with an explanatory memorandum as to the action taken thereon to be laid before the Legislature of the State" എന്നാണ് പറയുന്നത്. അതായത് ഇത് പരിശോധിച്ച് അതിന്മേൽ എടുത്തിരിക്കുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടടക്കം സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നുള്ളത് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷനാണ്. ഈ ഗവൺമെന്റ് ഇതുവരെ അത് ചെയ്തിട്ടില്ല. അതുകൊണ്ട് അടിയന്തരമായി അക്കാര്യം ചെയ്യണം. കാരണം പുതിയ ബജറ്റ് വന്നിട്ടുപോലും ഇതിനെക്കുറിച്ച് യാതൊരുവിധ പരാമർശവുമില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 5-ാം സംസ്ഥാന ധനകാര്യ

കമ്മീഷൻ പറഞ്ഞിരിക്കുന്ന ശിപാർശകൾ അനുസരിച്ചുള്ള യാതൊരു ആനുകൂല്യവും കിട്ടാത്ത ഒരു സാഹചര്യമാണുള്ളത്. അടിയന്തരമായി ഇത് പരിഹരിച്ച് ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റാനും അതുവഴി യഥാർത്ഥത്തിലുള്ള അധികാര വികേന്ദ്രീകരണം നടപ്പാക്കാനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കഴിഞ്ഞ മാർച്ച് മാസത്തിൽ 5-ാം ധനകാര്യ കമ്മീഷന്റെ അവസാന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. രണ്ടുമാസം മുമ്പ് ധനകാര്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതി കമ്മീഷന്റെ ശിപാർശകൾ വിശദമായി പരിശോധിക്കുകയും ശിപാർശകളിൽ സർക്കാർ സ്വീകരിക്കേണ്ട തീരുമാനങ്ങളെ സംബന്ധിച്ച് ധാരണയിലെത്തുകയും ചെയ്തു. ഏതാണ്ട് 50 പേജ് വരുന്ന വിശദമായ കുറിപ്പാണത്. അത് ഇപ്പോൾ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് പോകുകയാണ്. ക്യാബിനറ്റ് തീരുമാനമെടുത്തുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് ഇത് നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ഇത്തവണത്തെ ബഡ്ജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റുമായി ബന്ധപ്പെട്ട തീർപ്പുകളെല്ലാം ഈ കരട് ശിപാർശയുടെ അടിസ്ഥാനത്തിലാണ് സ്വീകരിച്ചിട്ടുള്ളത്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് അടുത്ത സമ്മേളനത്തിൽ നിശ്ചയമായും സമർപ്പിക്കുന്നതാണ്.

## (8) അവയവ കച്ചവടം തടയൽ

ശ്രീ. പി. കെ. ശശി: സർ, അവയവ ദാനത്തിന്റെ പേരിൽ നടക്കുന്ന കച്ചവടം സംബന്ധിച്ച വളരെ ഗൗരവമായ വിഷയമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇന്ത്യയിലും സംസ്ഥാനത്തും അവയവദാനം സംബന്ധിച്ച് നിയമങ്ങൾ നിലവിലുണ്ട്. നിയമങ്ങളൊക്കെ ഉണ്ടെങ്കിലും ഇതിന്റെ മറവിൽ കോടിക്കണക്കിന് രൂപയുടെ കച്ചവടം നടക്കുന്ന വാർത്തകളാണ് പുറത്തുവന്നു കൊണ്ടിരിക്കുന്നത്. ഇത് ഇപ്പോൾ പെട്ടെന്ന് ഉണ്ടായതല്ല, മുൻകാലങ്ങളിലും ഉണ്ടായിരുന്നു. മസ്തിഷ്കമരണം സംഭവിക്കുന്നവരുടെ അവയവദാനം സംബന്ധിച്ച് കുറേ വിഷയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പ്രധാനപ്പെട്ട ചില സ്വകാര്യ ആശുപത്രികൾ ചില ഡോക്ടർമാരുടെ സഹായത്തോടുകൂടി ഇതൊരു കച്ചവടമായി എടുത്ത് കോടികളുടെ ലാഭമുണ്ടാക്കുകയാണ്. അവയവദാനത്തിന് 20 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ ഈടാക്കുന്നുണ്ട് എന്നാണ് വാർത്തകളിൽനിന്നും മനസ്സിലാകുന്നത്. അടുത്തിടെ സെറിബ്രൽ ഡെത്ത് സംഭവിച്ച നിധിൻ എന്ന യുവാവിന്റെ അവയവമാറ്റം സംബന്ധിച്ച് ഡോ. ഗണപതി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് പരാതി നൽകിയിരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു പൊതുതാൽപ്പര്യ ഹർജി സമർപ്പിച്ചിരുന്നു. ആരോഗ്യ

വകുപ്പുമന്ത്രിക്ക് ഇക്കാര്യങ്ങൾ അറിയാമെന്നാണ് ഞാൻ കരുതുന്നത്. മാറ്റിവയ്ക്കപ്പെടുന്ന അവയവങ്ങളുടെ വില സംബന്ധിച്ച വിവരങ്ങൾ വളരെ ആശങ്കയുണ്ടാക്കുന്നതാണ്. ഹൃദയത്തിനും ലംഗ്സിനും 50 ലക്ഷം രൂപ, കിഡ്നിക്ക് 30 ലക്ഷം രൂപ, ലിവർ മാറ്റിവയ്ക്കുന്നതിന് 60 ലക്ഷം രൂപ ഈ രൂപത്തിലാണ് വാർത്തകൾ പുറത്തു വന്നുകൊണ്ടിരിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട വിവരം - 2013 ജനുവരി 1 മുതൽ 2015 ജൂലൈ 30 വരെ മസ്തിഷ്കമരണം റിപ്പോർട്ട് ചെയ്യപ്പെട്ടത് 220 എണ്ണമാണ്. എന്നാൽ ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസ് വന്നതിനുശേഷം 2016 നവംബർ 4 മുതൽ 2017 ജനുവരി വരെ നടന്ന മസ്തിഷ്കമരണം മൂന്നെണ്ണം മാത്രമാണ്. എന്നുപറഞ്ഞാൽ ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച കേസ് വന്നപ്പോൾ മസ്തിഷ്കമരണം റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ എണ്ണത്തിൽ കുറവുണ്ടായി. ഇത് വലിയ ആശങ്കയുണ്ടാക്കുന്നുണ്ട്. ഈ ഗൗരവമായ സ്ഥിതി കണക്കിലെടുത്ത് ഇത്തരം കച്ചവടം ഇല്ലാതാക്കാനും ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്ന മാഫിയകളുടെ പ്രവർത്തനം എന്നന്നേയ്ക്കുമായി അവസാനിപ്പിക്കാനും ഇവർക്ക് കൂട്ടുനിൽക്കുന്ന വൻകിട സ്വകാര്യ ആശുപത്രികളെയും ഡോക്ടർമാരെയും നിലയ്ക്കുനിർത്താനും ആരോഗ്യ വകുപ്പ് അടിയന്തരമായി ഇടപെടണം. സെറിബ്രൽ ഡെത്ത് സ്ഥിരീകരിക്കാൻ വ്യക്തമായ ക്രൈറ്റീരിയുണ്ടാക്കണം. അവയവ മാറ്റത്തിനുള്ള സർജറിക്കും മറ്റുമുള്ള ചെലവുകൾ ഏകീകരിക്കാൻ സാധിക്കണം. നിലവിൽ ഇതുസംബന്ധിച്ചുള്ള അവസ്ഥയെക്കുറിച്ച് ശരിയായി പഠിക്കാൻ ആവശ്യമാണെങ്കിൽ ഒരു സമിതിയെ നിയോഗിക്കണമെന്നും നിയമനിർമ്മാണം തന്നെ നടത്തണമെന്നും അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അവയവമാറ്റം സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഇന്ത്യൻ പാർലമെന്റ് 1994-ൽ പാസ്സാക്കിയ Transplantation of Human Organs Act പ്രകാരമാണ്. അതിനുശേഷം പാർലമെന്റ് ചില ഭേദഗതികളും ഇതുസംബന്ധിച്ച് പാസ്സാക്കിയിട്ടുണ്ട്. മസ്തിഷ്കമരണവും അവയവദാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള നിയമവ്യവസ്ഥകൾ ഇതുമായി ബന്ധപ്പെട്ടതാണ്. ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി മസ്തിഷ്കമരണാനന്തര അവയവദാനത്തിന് സമ്മതം നൽകിയിട്ടുണ്ടെങ്കിലും ആ വ്യക്തിയുടെ മരണത്തിനുശേഷം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടുകൂടി മാത്രമേ അവയവദാനം സാദ്ധ്യമാകുകയുള്ളൂ. മസ്തിഷ്കമരണാനന്തര അവയവദാനത്തിൽ മരണം സംഭവിച്ച വ്യക്തിയുടെ ബന്ധുക്കളുടെ സമ്മതമാണ് ഏറ്റവും പ്രധാനം. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 4-2-2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിയോഗിച്ച നാല് ഡോക്ടർമാർ അടങ്ങുന്ന ഒരു വിദഗ്ദ്ധ സംഘത്തിന്റെ 6 മണിക്കൂർ ഇടവിട്ടുള്ള രണ്ട് പരിശോധനകൾക്കു ശേഷമാണ്

മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നത്. മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഒരു കേസ്സിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഈ മേഖലയിലുള്ള വിദഗ്ദ്ധരുമായി ചർച്ച നടത്തുകയും ചെയ്തു. ഇതേത്തുടർന്ന് 1-2-2017 തീയതി പ്രകാരം ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്ന ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ രണ്ട് കാര്യങ്ങളാണുള്ളത്. അവയവത്തിനു വേണ്ടി കാത്തിരിക്കുന്ന ആളുകളുടെ സങ്കടകരമായ അവസ്ഥയും അൽപ്പം തടസ്സപ്പെടുമ്പോൾ അവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുമാണ് ഒന്നാമത്തെ കാര്യം. അവയവദാനത്തെ പൂർണ്ണമായും നിരുൽസാഹപ്പെടുത്താൻ സാധിക്കില്ല. അവയവത്തിന് കാത്തിരിക്കുന്ന ധാരാളം ആളുകളുണ്ട്. അതേസമയം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച രീതിയിലുള്ള ആശങ്കകൾ സമൂഹത്തിൽ വളർന്നുവരുന്നുണ്ട്. അവയവ കച്ചവടം നടക്കുന്നുവെന്നും മസ്തിഷ്കമരണം കൃത്രിമമായി ഉണ്ടാക്കുന്നുവെന്നുമുള്ള രീതിയിലാണ് റിപ്പോർട്ട് വരുന്നത്. അതുകൊണ്ട് ആരോഗ്യ വകുപ്പ് ഇക്കാര്യം വിദഗ്ദ്ധരുമായി ചർച്ച ചെയ്യുകയും 1-2-2017-ൽ ഒരു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ആ ഉത്തരവ് പ്രകാരം ബ്രെയിൻ ഡെത്ത് സർട്ടിഫിക്കേഷൻ നൽകുന്നതിനു വേണ്ടി അത് പരിശോധിക്കുന്ന നാല് ഡോക്ടർമാരുടെ സംഘത്തിൽ ഒരാൾ ഗവൺമെന്റ് ഡോക്ടറായിരിക്കണം, രണ്ടുപേർ പുറത്തുനിന്നുള്ളവരായിരിക്കണം, ആ സ്ഥാപനത്തിലുള്ളവരാകരുത് എന്നുള്ള കർശന നിർദ്ദേശമാണ് നൽകുന്നത്. അതുപോലെ റിയൽ ടൈം വീഡിയോഗ്രാഫി ഉണ്ടാകണമെന്നുള്ളതാണ് ഈ ഉത്തരവിലെ രണ്ടാമത്തെ കാര്യം. ടൈം ആന്റ് ഡേറ്റ് സ്റ്റാമ്പ്ഡായിട്ടുള്ള വീഡിയോഗ്രാഫി ബ്രെയിൻ സ്റ്റെം ഡെത്ത് സർട്ടിഫിക്കേഷന്റെ ഭാഗമായി പ്രൊഡ്യൂസ് ചെയ്യണമെന്നുള്ളതും ആറ് മണിക്കൂർ ഇടവിട്ടുള്ള രണ്ട് ടെസ്റ്റിന്റെയും വീഡിയോഗ്രാഫി ഉണ്ടാകണമെന്നുമുള്ള കർശനമായ നിബന്ധനയുണ്ട്. അതുപോലെ തന്നെ പെരിഫറൽ നെർവ്സ് സ്റ്റിമുലേഷൻ ടെസ്റ്റ് നിർബന്ധമായും ഉണ്ടാകണം. അതിനാവശ്യമായ സംവിധാനങ്ങളും ഉണ്ടാകണം എന്നുള്ള പ്രധാനപ്പെട്ട മൂന്ന് നിർദ്ദേശങ്ങളാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലുള്ളത്. മസ്തിഷ്കമരണം സംഭവിച്ച വ്യക്തികളുടെ അവയവ വിന്യാസം (ഓർഗൻ അലോക്കേഷൻ) ഒരു പ്രത്യേക നിയമപ്രകാരം തന്നെയാണ് നടപ്പിലാക്കുന്നത്. ഇതുപ്രകാരം എല്ലാ ട്രാൻസ്പ്ലാന്റ് ഹോസ്പിറ്റലുകളിലും എല്ലാ അയവങ്ങളിന്മേലും വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്. സ്വകാര്യ ആശുപത്രിയിൽ വച്ച് ഡൊണേഷൻ നടക്കുന്ന സാഹചര്യത്തിൽ വൃക്കയാണെങ്കിൽ ഒരു വൃക്ക ഡോണർ ഹോസ്പിറ്റലിനും മറ്റൊന്ന് ആ സോണിലെ ഗവൺമെന്റ് ഹോസ്പിറ്റലിനും നൽകണമെന്നാണ് നിയമം. കരൾ, ഹൃദയം എന്നീ അവയവങ്ങളുടെ വിന്യാസം റൊട്ടേഷൻ അടിസ്ഥാനത്തിൽ സ്വീകർത്താവിന്റെ ആരോഗ്യസ്ഥിതിയും അടിയന്തര സാഹചര്യവും കണക്കിലെടുത്താണ് നടപ്പിലാക്കുന്നത്.

അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനുള്ള സർക്കാർ സംവിധാനമാണ് ആതറൈസേഷൻ കമ്മിറ്റി. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾ ആസ്ഥാനമായാണ് മേഖലാ ആതറൈസേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അടുത്ത ബന്ധുക്കളിൽനിന്നുള്ള അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖകൾ പരിശോധിക്കുക എന്നതാണ് ആതറൈസേഷൻ കമ്മിറ്റിയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിൽ ഒന്നാമത്തേത്. മറ്റൊന്ന്, അടുത്ത ബന്ധുക്കളിൽനിന്നുള്ള അവയവദാനത്തിൽ ഏതെങ്കിലും രീതിയിൽ ചൂഷണമോ വാണിജ്യമോ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ്. അതോടൊപ്പം അവയവദാനത്തിനുണ്ടായ പ്രേരണ, സാഹചര്യം എന്നിവ നിസ്വാർത്ഥമാണോയെന്ന് പരിശോധിക്കുന്നു. ഇതോടൊപ്പംതന്നെ ദാതാവ്, സ്വീകർത്താവ് എന്നിവരുടെ തൊഴിൽ, വരുമാനം, അടുത്ത ബന്ധുവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുക, ഇടനിലക്കാർ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുക എന്നിവയും ഈ പരിശോധനയുടെ ഭാഗമായുണ്ട്. ദാതാവ് അല്ലെങ്കിൽ സ്വീകർത്താവ് വിദേശിയാണെങ്കിൽ എംബസിയിൽ നിന്നുള്ള രേഖകൾ പരിശോധിക്കേണ്ടതുണ്ട്. ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖകൾ കമ്മിറ്റി നിശ്ചയമായും പരിശോധിക്കുന്നതാണ്. 1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്ട് പ്രകാരം സ്വീകർത്താവ്, ദാതാവ്, ദാതാവിന്റെ ബന്ധുക്കൾ എന്നിവർ അവയവം മാറ്റിവയ്ക്കലിനായി നിശ്ചയിച്ചിട്ടുള്ള ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാകേണ്ടതാണ്. അവിടെനിന്നും അനുവാദം ലഭിച്ചാൽ മാത്രമേ അവയവദാനം സാദ്ധ്യമാകുകയുള്ളൂ. നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടത് ആവശ്യമാണ്. ഇപ്രകാരം വ്യക്തമായ വ്യവസ്ഥകളും ഉത്തരവും നിലവിലുള്ളതിനാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾക്കോ ഡോക്ടർമാർക്കോ പൊതുജനങ്ങളുടെ അജ്ഞത മുതലെടുത്ത് നടപടികൾ പാലിക്കാതെയുള്ള മസ്തിഷ്കമരണം സ്ഥിരീകരിക്കാനോ ബന്ധുക്കളെ സമ്മർദ്ദത്തിലാക്കി അവയവ കച്ചവടം നിലനിർത്തുന്നതിനോ ഉള്ള സാധ്യത കുറവാണ്. പക്ഷെ, പൊതുവെ സമൂഹത്തിൽ ഇത്തരത്തിലുള്ള ആശങ്ക ധാരാളമായി വളർന്നുവരുന്നുണ്ട്. അതുകൊണ്ടുകൂടിയാണ് വിദഗ്ദ്ധരുമായി ചർച്ച നടത്തി ഈ പരിശോധനാ നടപടിക്രമങ്ങൾ കുറെക്കൂടി കർശനമാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അത് കർശനമായി പാലിക്കും. എവിടെയെങ്കിലും അവയവകച്ചവടം നടക്കുകയാണെങ്കിൽ, ഒരു മനുഷ്യന്റെ അവയവം വിലയ്ക്ക് വാങ്ങുന്നതിനേക്കാൾ സങ്കടകരമായ മറ്റൊരു കാര്യമില്ല. അവയവദാനം മഹത്തായ ഒരു ദാനമാണ്. അത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. എന്നാൽ അവയവ കച്ചവടം മനുഷ്യത്വത്തിന് നിരക്കാത്ത ഒരു കാര്യമാണ്. അവയവ കച്ചവടത്തിനെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കും. അതേസമയം ശരിയായ രീതിയിലുള്ള അവയവദാനം ഉണ്ടായാൽ അതിനെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

## (9) യൂണിവേഴ്സിറ്റികളിലെ ലൈബ്രേറിയൻ നിയമനം

ശ്രീ. ഐ. ബി. സതീഷ്: സർ, ഉന്നതവിദ്യാഭ്യാസരംഗത്തെ ഒരു പ്രധാന ശാഖയാണ് സർട്ടിഫിക്കറ്റ്-ബിരുദ-ബിരുദാനന്തര തലങ്ങളിലുള്ള ലൈബ്രറി സയൻസ് പഠനരംഗം. സർവ്വകലാശാലാ നിയമനം പി.എസ്.സി.-ക്ക് വിട്ടപ്പോൾ ഒരുപാട് പ്രതീക്ഷകൾ കാത്തുസൂക്ഷിച്ചവരാണ് ലൈബ്രറി സയൻസ് ഉദ്യോഗാർത്ഥികൾ. എം.ജി., നുവാൽസ്, കുസാറ്റ്, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നായി 40 ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഒട്ടേറെ ഒഴിവുകളുള്ള കേരള, കാലിക്കറ്റ് സർവ്വകലാശാലകളിൽ നിന്നുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽത്തന്നെ സ്പെഷ്യൽ റൂൾസ് കൊണ്ടുവരികയും ചെയ്തിട്ടില്ല. ഈ പശ്ചാത്തലത്തിൽ കേരള, കാലിക്കറ്റ് സർവ്വകലാശാലകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട സർവ്വകലാശാലകളിൽ സ്പെഷ്യൽ റൂൾസ് കൊണ്ടുവരാനും നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2015-ലെ ആക്ട് 18 പ്രകാരമാണ് കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് വിജ്ഞാപനം ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് മുതലായ തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. വഴി നടന്നുകഴിഞ്ഞു. ലൈബ്രറിയുമായി ബന്ധപ്പെട്ട് പ്രൊഫഷണൽ അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി ലൈബ്രേറിയൻ മുതലായവയാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടത്. ഇതുവരെ ഈ വിഭാഗത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കുസാറ്റ്:

പ്രൊഫഷണൽ അസിസ്റ്റന്റ് - 13

യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല:

ഒഴിവുകളില്ല.

മഹാത്മാഗാന്ധി സർവ്വകലാശാല:

ലൈബ്രറി അസിസ്റ്റന്റ് - 7

യൂണിവേഴ്സിറ്റി ലൈബ്രേറിയൻ - 1

കാലിക്കറ്റ് സർവ്വകലാശാല:

പ്രൊഫഷണൽ അസിസ്റ്റന്റ് II - 5

യൂണിവേഴ്സിറ്റി ലൈബ്രേറിയൻ - ഒരു തസ്തികയിലെ ഒഴിവ് നികത്തുന്നത് സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

കണ്ണൂർ സർവ്വകലാശാല:

ലൈബ്രേറിയൻ തസ്തികയുൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത തസ്തികകൾ സംബന്ധിച്ച വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അടിയന്തര പരിഗണനയിലാണ്.

കേരള സർവ്വകലാശാല:

സർവ്വകലാശാലയിൽ ഓർഡിനൻസും സ്പെഷ്യൽ റൂൾസും ഇല്ലാത്തതിനാൽ ലൈബ്രറി അസിസ്റ്റന്റിന്റെ 25 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തികയിലെ ഒഴിവ് നികത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

കേരള കാർഷിക സർവ്വകലാശാല:

ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാനുണ്ടെങ്കിൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്നതാണ്.

### (10) ഭവനശ്രീ വായ്പാകുടിശ്ശിക എഴുതിത്തള്ളൽ

ശ്രീ. എ. എം. ആരിഫ്: സർ, 2006-ൽ തുറവൂർ പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളായ 173 സ്ത്രീകൾ ബാങ്ക് ഓഫ് ഇന്ത്യയുടെ തുറവൂർ ശാഖ മുഖേന ഭവനശ്രീ പദ്ധതി പ്രകാരം വീട് വയ്ക്കാനുള്ള വായ്പ എടുക്കുകയുണ്ടായി. കുടുംബശ്രീയുടെ ആലപ്പുഴയിൽ വച്ചുനടന്ന സംസ്ഥാന സമ്മേളനത്തിൽ ഭവനശ്രീ വായ്പകൾ എഴുതിത്തള്ളുമെന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2010-ൽ പ്രഖ്യാപിച്ചെങ്കിലും നടപടികൾ നിർവ്വഹണത്തിലേയ്ക്ക് കടന്നില്ല. തുടർന്ന് ധനകാര്യ വകുപ്പുമന്ത്രിയായി വന്ന ശ്രീ. കെ. എം. മാണി ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. പക്ഷേ, 2010-ൽ പ്രഖ്യാപിച്ച പദ്ധതിയുടെ ഗുണം അവർക്ക് ലഭിക്കാൻ പിന്നെയും ഒരുപാട് വൈകി. മെമ്മോറാണ്ടവും അപേക്ഷകളും സമർപ്പിച്ച് അതിന്റെ പിന്നാലെ സഞ്ചരിച്ചതിന്റെ ഫലമായും നിയമസഭാ ചോദ്യമായി ഉന്നയിക്കുകയും ചെയ്തതിനുശേഷം 2014-ൽ 155 പേർക്ക് പ്രമാണം തിരിച്ചുനൽകി. എന്നാൽ 18 പേർക്ക് ഇതോടൊപ്പം ലഭിക്കേണ്ടിയിരുന്ന ആനുകൂല്യം കിട്ടിയില്ല. 18 പേരുടെ അപേക്ഷകളിൽ അന്നത്തെ കുടുംബശ്രീ ചാർജ്ജ് ഓഫീസർ ഒപ്പിടാൻ

വിട്ടുപോയിയെന്ന സാങ്കേതിക കാരണം പറഞ്ഞാണ് ഈ പാവപ്പെട്ട 18 പേർക്ക് ആനുകൂല്യം നിഷേധിച്ചത്. ഇപ്പോൾ 18 പേർ ജപ്തി നടപടി അഭിമുഖീകരിക്കുകയാണ്. 11 വർഷം മുമ്പുണ്ടായിരുന്ന ചാർജ്ജ് ഓഫീസർ ആരായിരുന്നുവെന്നോ ഇപ്പോൾ സർവ്വീസിലുണ്ടോയെന്നോ ജീവിച്ചിരിപ്പുണ്ടോ എന്നോ ആർക്കുമറിയില്ല. ഇതിന്റെ പേരിലാണ് പാവപ്പെട്ട 18 പേരെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നം ഉന്നയിക്കുമ്പോഴെല്ലാം പരിശോധിച്ചുവരുന്നു എന്ന മറുപടിയാണ് കുടുംബശ്രീ മിഷനിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ആകയാൽ എത്രയും വേഗം ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ഈ തുകയടച്ച് അവരുടെ പ്രമാണം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുവരെ എല്ലാവിധ ജപ്തി നടപടികളും നിർത്തിവയ്ക്കാൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്കും റവന്യൂ വകുപ്പിനും ഉത്തരവ് നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭവനശ്രീ വായ്പയുമായി ബന്ധപ്പെട്ട് 18 ഗുണഭോക്താക്കൾക്ക് നേരിടേണ്ടിവന്ന പ്രയാസത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. മറ്റുള്ളവരുടെ ഭവനവായ്പ എഴുതിത്തള്ളിയതുപോലെ ഈ 18 പേരുടെയും വായ്പ എഴുതിത്തള്ളുമായിരുന്നു. പക്ഷേ, അവരുടെ അപേക്ഷയിൽ ചില സാങ്കേതിക തകരാറുള്ളതുകൊണ്ടാണ് അന്നങ്ങനെ ചെയ്യാൻ സാധിക്കാതെ പോയത്. അവരുടെ സ്വത്തുക്കൾ ജപ്തിചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവരുടെ അപേക്ഷയിന്മേൽ ഒരു മാസത്തിനുള്ളിൽ തീർപ്പുകൽപ്പിച്ച് ഉത്തരവിറക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഈ 18 ഗുണഭോക്താക്കൾക്ക് ഭവനശ്രീ വായ്പയുടെ ആനുകൂല്യം ലഭ്യമാക്കാൻ ആവുന്നതെല്ലാം ചെയ്യും.

ശ്രീ. പി. ടി. തോമസ്: ഈ സഭയിൽ എന്റെയൊരു പേഴ്സണൽ എക്സ്പ്ലനേഷനു വേണ്ടി നേരത്തെ എഴുതിത്തന്നിരുന്നു. ആർ.എസ്.എസ്.-മായി ബന്ധപ്പെട്ട........

മി. സ്പീക്കർ: അങ്ങേയ്ക്ക് അത് അവതരിപ്പിക്കുന്നതിനുള്ള സമയം തരാം.

ശ്രീ. പി. ടി. തോമസ്: സർ, ഇപ്പോൾത്തന്നെ അവതരിപ്പിച്ചേക്കാം. ഞാൻ എഴുതിതന്നിട്ട് രണ്ടാഴ്ചയായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹിതം എന്നെ വെല്ലുവിളിച്ചതാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് സമയം തരാം. ദയവായി ഇരിക്കു.....

## V ഗവൺമെന്റ് പ്രമേയം

### ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി നിലനിർത്തൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, " സിക്ക് യൂണിറ്റായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൊൽക്കത്തയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന മാതൃകമ്പനിയുടെ ഭാഗമായുള്ള സ്ഥാപനമാണ് കോട്ടയം ജില്ലയിലെ വെള്ളൂരിലെ 700 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

ഈ സ്ഥാപനത്തെ മാതൃകമ്പനിയിൽനിന്നും വിഭജിച്ചുകൊണ്ട് വന വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്രപൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടുപോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രസർക്കാരിൽനിന്നും ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ ടോട്ടൽ content-നോട് ഞാൻ യോജിക്കുകയാണ്. അതിൽ അഡീഷണലായി ഒരു sentence കൂടി ചേർക്കണമെന്ന് പറയുകയാണ്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

" പ്രമേയത്തിലെ ഒന്നാം ഖണ്ഡികയ്ക്ക് താഴെയായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക:

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പ്രോജക്ടിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തികച്ചും സൗജന്യ നിരക്കിലാണ് നൽകുന്നത്. മാത്രമല്ല ഫാക്ടറിക്ക് പൾപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ മരം വച്ചുപിടിപ്പിക്കാൻ വനം വകുപ്പിൽനിന്ന് ആവശ്യമായ ഭൂമി സൗജന്യമായി നൽകിയിട്ടുമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമില്ലാത്ത ഏകപക്ഷീയമായ തീരുമാനം കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്."

അങ്ങനെ പറയുന്നതിനുള്ള കാരണം മാർക്കറ്റിൽ അയ്യായിരം രൂപ വിലയുള്ള തടി ആയിരം രൂപയ്ക്കാണ് അവർക്ക് കൊടുത്തു കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഒരുലക്ഷം ടൺ തടിയാണ് അവർക്ക് ഒരു വർഷത്തേയ്ക്ക് ആവശ്യമായി വരുന്നത്. അങ്ങനെ വരുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ വകയായി 50 കോടി രൂപ തടിയിനത്തിൽ മാത്രമായി ഈ ഫാക്ടറിക്ക് കൊടുക്കുകയാണ്. അവിടെ യൂക്കാലിപ്റ്റ്സ്,

അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ആയിരം ഹെക്ടർ ഭൂമി നമ്മൾ കൊടുത്തിട്ടുണ്ട്. അയ്യായിരം ഹെക്ടർ ഭൂമി വേണമെന്നുള്ള അവരുടെ ഡിമാന്റ് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് അതുകൂടി കൊടുക്കുന്നതിനു വേണ്ടിയുള്ള എല്ലാ നടപടികളുമായി വനം വകുപ്പ് നീങ്ങിയിട്ടുണ്ട്. അതിന്റെ തീരത്തുകൂടിയാണ് മൂവാറ്റുപുഴ ആറ് ഒഴുകുന്നത്. മൂവാറ്റുപുഴ ആറ്റിൽനിന്നും അവർക്കാവശ്യമായ ജലം സൗജന്യനിരക്കിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഈ സംസ്ഥാനത്തിന്റെ വനസമ്പത്തും വനഭൂമിയും ഈ സംസ്ഥാനത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വന്തം ആറ്റിലെ ജലവും ഈ ഫാക്ടറിക്ക് സൗജന്യമായി കൊടുക്കുകയാണ്. അപ്പോൾ ഈ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൽത്തന്നെ ആകണം എന്നതാണ് എന്റെ ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആ അമെന്റ്മെന്റുകൂടി ദയവായി ഗവൺമെന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പ്രമേയത്തെ ശക്തിപ്പെടുത്തുന്ന ഒന്നാണ് ഈ ഭേദഗതി. അതുകൊണ്ട് ഇത് പൂർണ്ണമായും അംഗീകരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നൂറ് ശതമാനത്തിലധികമാണ് അവിടത്തെ ഉൽപ്പാദനം. തുടങ്ങിയ കാലംമുതൽ ഇന്നുവരെ ഈ സ്ഥാപനം ലാഭത്തിലാണ് പ്രവർത്തിച്ചു പോകുന്നത്. ലാഭമല്ലാത്ത യൂണിറ്റുകൾ ഡിസ്ഇൻവെസ്റ്റുമെന്റ് നടത്തുന്നുവെന്ന് പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇതെല്ലാം കേരളത്തിന്റെ ചെലവിലാണ് നടത്തുന്നത് എന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അവിടെ 700 ഏക്കർ ഭൂമി നമ്മൾ ഏറ്റെടുത്തുകൊടുത്തിട്ടുണ്ട്. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ടി. വി. തോമസ് പ്രത്യേക താൽപ്പര്യമെടുത്താണ് ഈ യൂണിറ്റ് ഇവിടെ വന്നത്. പക്ഷേ ഇത്രയും നല്ല പെർഫോമൻസുള്ള ഒരു യൂണിറ്റ് വിൽക്കാൻ പോകുകയാണ്. 2002-ലും ഇതിനുള്ള ഒരു നീക്കമുണ്ടായി, അന്ന് ഡിസ്ഇൻവെസ്റ്റുമെന്റ് നടത്തുന്നത് 74 ശതമാനമെന്ന് പറഞ്ഞായിരുന്നു. ഇപ്രാവശ്യം ശതമാനമേ പറയുന്നില്ല. ഡിസ്ഇൻവെസ്റ്റുമെന്റ് എന്നേ പറയുന്നുള്ളൂ. ഔട്ട്റേറ്റ് സെയിലാണ് അവർ ഉദ്ദേശിക്കുന്നത്. അവരിപ്പോൾ ഇതിനുവേണ്ടി അസറ്റ് വാല്യുവർ, ലീഗൽ അഡ്വൈസർ, ട്രാൻസാക്ഷൻ അഡ്വൈസർ എന്നീ മൂന്ന് തസ്തികയിലേയ്ക്ക് വെബ്സൈറ്റിലൂടെ അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് Engagement of a legal Adviser for disinvestment of share holdings of Hindustan Paper Corporation Limited in Hindustan News Print Limited എന്നാണ്. ഇത് ഔട്ട്റേറ്റ് സെയിലിന് വേണ്ടിയുള്ളതാണ്. എനിക്ക് വയ്ക്കാനുള്ള നിർദ്ദേശം നമ്മൾ എടുത്തു കൊടുത്തിരിക്കുന്ന 700 ഏക്കർ സ്ഥലം അത് അവിടെ ഫാക്ടറി സെറ്റപ് ചെയ്യാനാണ്. അതിന് വ്യത്യസ്തമായി ഈ ഭൂമി ഉപയോഗിക്കാൻ പാടില്ലെന്ന നിലപാടെടുത്താൽ ഇത് വിൽക്കില്ല. വിൽപ്പനയ്ക്കുള്ള ആകർഷണം ഈ 700 ഏക്കർ സ്ഥലമാണ്. കുറഞ്ഞവിലയ്ക്ക് അവിടത്തെ പൊതുജനങ്ങളിൽ നിന്നേറ്റെടുത്ത്

കൊടുത്തതാണ്. അന്ന് അവർ തന്ന രൂപയും അതിന്റെ പലിശയും കൂടി കൊടുത്തേക്കാം. അതിന്റെ നൂറിരട്ടിയാണ് ഇന്നവിടുത്തെ ഭൂമിയുടെ വില. അതുകൊണ്ട് ഒരു കാരണവശാലും ഈ ഭൂമി ഔട്ട്റേറ്റ് സെയിലിന് കൊടുക്കില്ലെന്ന് സംസ്ഥാന ഗവൺമെന്റ് നമ്മുടെ ലാന്റ് അക്വിസിഷൻ ആക്ടിലെ പ്രൊവിഷൻ വച്ചുകൊണ്ട് ഒരു പൊസിഷനെടുക്കണം. ഈ പ്രമേയം നമുക്ക് ഐകകണ്ഠ്യേന പാസ്സാക്കാം. പക്ഷേ അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഭൂമി വിട്ടുതരില്ലെന്ന് കാണിച്ച് ഒരു കത്തയയ്ക്കണം, അപ്പോൾ അവർ ഈ നിലപാട് ഉപേക്ഷിക്കും. അല്ലെങ്കിൽ അവർ മൊത്തത്തിൽ വിൽപ്പന നടത്താനുള്ള നീക്കമാണ് നടത്തുന്നത്. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കുകയും അതിനെത്തുടർന്നുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് പൊതുവിൽ എല്ലാപേരും അംഗീകരിക്കുന്ന ഒരു കാര്യമായതുകൊണ്ടാണ് ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് വിശദമായി പോകാതിരുന്നത്. ബഹുമാന്യനായ ഉമ്മൻ ചാണ്ടി വ്യക്തമാക്കിയ കാര്യം അത് പൊതുവിൽ നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമായി ഉന്നയിക്കേണ്ട ഒന്നുതന്നെയാണ്. കാരണം 700 ഏക്കർ സ്ഥലം നാം നൽകിയിട്ടുള്ളത് ഈ സ്ഥാപനം അവിടെ പ്രവർത്തിക്കുന്നതിനു വേണ്ടിയാണ്. എന്നാൽ ആ സ്ഥലം മാത്രമല്ല ആവശ്യമായ എല്ലാ സൗജന്യങ്ങളും ഇതിന്റെ തുടർപ്രവർത്തനത്തിന് നൽകിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ സ്ഥാപനം നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ ഈ സ്ഥാപനം നിലനിൽക്കണമെന്നതാണ് നേരത്തെ തന്നെ ഇത്തരത്തിലുള്ള ഒരു നീക്കം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായപ്പോൾ സംസ്ഥാന ഗവൺമെന്റ് നിലപാടെടുത്തിട്ടുള്ളത്. ഇപ്പോൾ വിൽപ്പനയുമായി ബന്ധപ്പെട്ട നീക്കങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്ന സാഹചര്യത്തിൽ ഈ ചൂണ്ടിക്കാണിച്ച തരത്തിലുള്ള ഒരു നിലപാട് നമുക്ക് സ്വീകരിക്കാവുന്നതാണ്. നമ്മുടെ സ്ഥലം ഈ ഫാക്ടറിക്ക് വേണ്ടിയാണ് നൽകിയിട്ടുള്ളത്. അല്ലാത്ത ഒരു ആവശ്യത്തിനും ഇത് ഉപയോഗിക്കാൻ പറ്റില്ല എന്ന നിലപാടുതന്നെ നമുക്ക് സ്വീകരിക്കാവുന്നതാണ്. ഇത്തരം കാര്യങ്ങളിൽ എല്ലാ ഘട്ടത്തിലും കേന്ദ്ര ഗവൺമെന്റിനെ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. നേരത്തെയും ബന്ധപ്പെട്ടിട്ടുണ്ട്. ഇനിയും ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ നിലപാട് അറിയിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയം സഭ അംഗീകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

# VI റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

# VII നിയമനിർമ്മാണ കാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: ഇന്ന് മൂന്ന് ബില്ലുകളാണ് സഭയുടെ പരിഗണനയ്ക്കായി വരുന്നത്. മൂന്ന് ബില്ലുകളുടേയും ചുമതല ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നതു പോലെ ആരോഗ്യപരമായ കാരണത്താൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഏതാനും ദിവസം സഭയിൽ ഹാജരാകുവാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. സഭയുടെ നടപടി ചട്ടം 78 പ്രകാരം ബില്ലിന്റെ ചുമതലയുള്ള അംഗത്തിന് മാത്രമാണ് ബിൽ സഭയിൽ അവതരിപ്പിക്കാൻ അനുവാദമുള്ളത്. ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ലിസ്റ്റ് ചെയ്യപ്പെട്ട മൂന്ന് ബില്ലുകളും ഇന്നുതന്നെ പരിഗണിക്കപ്പെടേണ്ടതുള്ളതിനാൽ ചട്ടം 78 താൽക്കാലികമായി സസ്പെന്റ് ചെയ്യാൻ സഭ തീരുമാനിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ന് അങ്ങനെയൊരു കണ്ടിജൻസി വന്നതുകൊണ്ട് ഇങ്ങനെയൊരു തീരുമാനമെടുക്കുന്നതിനെ ചോദ്യം ചെയ്യുന്നില്ല. അത് കൃത്യമായ ഒരു തീരുമാനമാണ്. വേവ് ചെയ്യാൻ വേണ്ടിയുള്ള തീരുമാനമാണ്. പക്ഷേ ഈയൊരു പ്രത്യേക സാഹചര്യത്തിൽ ഇതൊരു താൽക്കാലിക തീരുമാനം മാത്രമാണെന്ന് റെക്കോർഡ് ചെയ്യുകയും അങ്ങനെ ചെയ്തില്ലെങ്കിൽ ഇത് സ്ഥിരമായി ആവർത്തിക്കപ്പെടേണ്ട സാഹചര്യമുണ്ടാകുകയും ചെയ്യും. മറ്റവസരങ്ങളിൽ ഇത് ഉപയോഗിക്കാൻ പാടില്ല.

മി. സ്പീക്കർ: അസാധാരണ സാഹചര്യത്തിൽ മാത്രമാണ്, അത് അങ്ങനെ തന്നെ തുടരും.

ശ്രീ. വി. ഡി. സതീശൻ: സർ, കീഴ്വഴക്കമാകാത്ത തരത്തിൽ അങ്ങ് അതിനെ വേവ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് ആരോഗ്യപരമായ കാരണത്താൽ വരാൻ കഴിയാത്ത സാഹചര്യമായതുകൊണ്ടുമാത്രമാണ്. ബിൽ അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞാൽ റൂൾ 78 പ്രകാരം പിന്നീട് ഓതറൈസ് ചെയ്യാൻ കഴിയും. പക്ഷേ ബിൽ അവതരിപ്പിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണ് ഈ സാഹചര്യം വന്നത്. അതിന്റെ

അടിസ്ഥാനത്തിൽ മൂന്ന് ബില്ലുകളുടെ അവതരണവും തുടർന്നുള്ള ചുമതലകളും നിർവ്വഹിക്കുന്നതിനായി ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയെ അനുവദിക്കുന്നു. അതോടൊപ്പം ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽകൂടി ഇന്ന് പരിഗണി ക്കേണ്ടതുണ്ട്. പ്രസ്തുത ബിൽ ഇന്നത്തെ കാര്യവിവരപ്പട്ടിക ഭേദഗതി ചെയ്തുകൊണ്ട് അവസാന ഇനമായി പരിഗണിക്കാനും ഈ സഭ തീരുമാനിക്കുകയാണ്.

ഓർഡർ.....ഓർഡർ... പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന് 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

(i) 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 1947-ലെ Industrial Disputes Act-നാണ് ഈ ഭേദഗതി വരുത്തുന്നത്. (1947-ലെ 14-ാം കേന്ദ്ര ആക്റ്റ്) മാർച്ച് മാസം 11-ാം തീയതിയിലെ കേന്ദ്ര നിയമത്തിന് ഗവർണർ ജനറൽ അസന്റ് കൊടുക്കുകയും അത് നിയമമായെങ്കിലും കേരളത്തിൽ അതിനാവശ്യമായ ഭേദഗതികൾ വരുത്തിയിരുന്നില്ല. 1989-ൽ പശ്ചിമബംഗാൾ ഗവൺമെന്റ് നിയമസഭയിൽ ഭേദഗതി അവതരിപ്പിക്കുകയും ആ ഭേദഗതി കൺകറന്റ് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ട് സംസ്ഥാന നിയമത്തിൽ സ്ഥാനം പിടിക്കുകയും കേന്ദ്രം അംഗീകരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഭേദഗതി വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2003 മേയ് മാസത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിരുന്നുവെങ്കിലും 6 മാസകാലാവധി കഴിഞ്ഞതിനു ശേഷവും അത് നടപ്പിലാക്കാതിരുന്നതുകൊണ്ട് 2003 നവംബറിൽ താൽക്കാലികമായി സംസ്ഥാന സർക്കാർ അയച്ച ഓർഡിനൻസ്

കേന്ദ്ര സർക്കാർ നിരാകരിച്ചു. അതുകൊണ്ട് നിയമനിർമ്മാണം ആവശ്യമായി വന്നു. 2007-ലെ സർക്കാരിന്റെ കാലത്ത് നിയമം പ്രസിദ്ധീകരിച്ചെങ്കിലും അത് ലാപ്സായി. 2012-ൽ വീണ്ടും പ്രസിദ്ധീകരിച്ചുവെങ്കിലും അതും ലാപ്സായി. തുടർന്നാണ് 2016-ൽ ഇപ്പോഴത്തെ സർക്കാർ 30-ാം നമ്പർ ബില്ലായി ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

സെക്ഷൻ 2-ൽ ക്ലോസ് (എസ്)-ൽ ആണ് ഭേദഗതി. ഈ ആനുകൂല്യം കിട്ടേണ്ട 'തൊഴിലാളി' ആരാണ് എന്ന് നിർവ്വചിക്കുന്നതിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. അതിൻപ്രകാരം ഇവിടെ ഉൾപ്പെടുത്താൻ പാടില്ല എന്നുപറഞ്ഞ നാല് കാറ്റഗറിയെ ഒഴിവാക്കിക്കൊണ്ട് ഉൾപ്പെടുത്താൻ കഴിയുമെന്ന് പറഞ്ഞ ആ വിഭാഗത്തിന്റെ കൂട്ടത്തിൽ സാങ്കേതികമോ ക്ലാർക്കിന്റേതോ ആയ പ്രവൃത്തി ചെയ്യാൻ നിയോഗിക്കപ്പെട്ട ഏതെങ്കിലും ആൾ (അപ്രന്റീസ് ഉൾപ്പെടെ) എന്നർത്ഥമാകുന്നതും അല്ലെങ്കിൽ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏതെങ്കിലും പ്രവർത്തനം നടത്തുന്നതോ കൂടി ഈ ആനുകൂല്യത്തിൽ ഉൾപ്പെടുത്തുന്നു എന്നുള്ളതാണ് ഈ പ്രധാനപ്പെട്ട ഭേദഗതി.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ഇന്ന് 3 ബില്ലുകളുണ്ട്. ഉച്ചയ്ക്ക് ഒരു മണിക്കൂർ നിർത്തിവച്ച് ധനവിനിയോഗ ബില്ലിന്റെ ചർച്ചയുണ്ട്. ബില്ലുകളാണെന്നുള്ള ധാരണയിൽ പ്രസംഗം നീണ്ടുപോകാതെ ശ്രദ്ധിക്കണം. ശ്രീ. എൻ. ഷംസുദ്ദീൻ, അദ്ദേഹം വളരെ ചുരുക്കി സംസാരിക്കുന്ന ആളാണ്. ആ മാതൃക മറ്റെല്ലാവരും തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ. ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യ്ക്ക് 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം ശിരസ്സാവഹിച്ചുകൊണ്ടു തന്നെ ഒരു അനുസരണയുള്ള അംഗമായി ഈ ബില്ലിന്റെ ചർച്ചയിൽ ഇടപെടണം എന്നാണ് ആഗ്രഹിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെയും അതുപോലെതന്നെ ലോകത്തിന്റെയും ചരിത്രത്തിൽ അധഃസ്ഥിത വിഭാഗങ്ങളുടെ, അതായത് രാജ്യത്ത് കഷ്ടപ്പെടുന്ന, അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ധാരാളം നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം നിയമനിർമ്മാണങ്ങൾ ഉണ്ടാകുക എന്നതാണ് ഒരു വെൽഫെയർ സ്റ്റേറ്റിന്റെ സമൃദ്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനവും പുരോഗതിയുമൊക്കെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങളിലേയ്ക്ക്,

കഷ്ടപ്പെടുന്ന, അധ്വാനിക്കുന്ന, ഭാരം ചുമക്കുന്നവരുടെ അടുക്കലേയ്ക്ക് എത്തിച്ചേരണം. ആ രീതിയിൽ മനുഷ്യാവകാശ പ്രഖ്യാപനങ്ങളും അന്തർദേശീയ തൊഴിലാളി ദിനവുമായി ബന്ധപ്പെട്ട്, ലോകത്ത് കാലാകാലങ്ങളിൽ ഉയർന്നുവന്നിട്ടുള്ള പ്രഖ്യാപനങ്ങളുടെയുമൊക്കെ അനന്തരഫലമായി വിവിധ രാജ്യങ്ങളിൽ വിവിധ തൊഴിൽ ക്ഷേമ നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായൊരു നിയമനിർമ്മാണമാണ് Industrial Disputes Act. ഈ ആക്ടിൽ തൊഴിലുടമയും തൊഴിലാളികളും തൊഴിലാളികൾ തമ്മിലും ഒക്കെയുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതുപോലെതന്നെയാണ് Workmen Compensation Act. തൊഴിലാളിക്ക് അപകടവും പ്രയാസവും സംഭവിക്കുമ്പോൾ അതിനൊന്നും ഒരു പ്രതിവിധിയുമില്ലാത്ത, അതോടുകൂടി ജീവിതത്തിന്റെ ഒരു മൂലയിലേയ്ക്ക്, അരികിലേയ്ക്ക് പാർശ്വവൽക്കരിക്കപ്പെട്ടു പോകുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിരുന്നു. അതിനൊരു പരിഹാരമാണ് Workmen Compensation Act. ആരുടെ കീഴിലാണോ ജോലി ചെയ്യുന്നത്, അതുമായി ബന്ധപ്പെട്ട് ഒരു അപകടമുണ്ടായാൽ ഇന്ന് നമ്മുടെ രാജ്യത്ത് നിലവിലുള്ള നിയമപ്രകാരം ആ തൊഴിലാളിക്ക് നഷ്ടപരിഹാരം കിട്ടാനും അയാൾക്ക് സംഭവിച്ചിട്ടുള്ള നഷ്ടത്തിന് അനുസൃതമായി ഭാവി ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നതിന് ഒരു താങ്ങായി നിൽക്കാൻ ചില നിയമനിർമ്മാണങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. അത്തരത്തിലുള്ള വളരെ പ്രധാനപ്പെട്ട നിയമങ്ങളാണ് Workmen Compensation Act-ഉം Industrial Disputes Act-ഉം.

ഇവിടെ വളരെ വലിയ തോതിലുള്ള ഭേദഗതിയൊന്നുമില്ല. കേന്ദ്ര നിർദ്ദേശ പ്രകാരം Industrial dispute എന്നുപറയുമ്പോൾ ആ Industrial dispute-ൽ തൊഴിലാളിയെ നിർവ്വചിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ 'any work for the promotion of sales', കച്ചവടത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്ന തൊഴിലാളികളും വർക്ക്മെൻ എന്നതിന്റെ പരിധിയിൽ വരണം എന്നുള്ളതാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ഈ ഭേദഗതിക്ക് നിദാനമായിട്ടുള്ളത്. വളരെ പോസിറ്റീവായ, നമ്മൾ ഉൾക്കൊള്ളേണ്ട ഒരു ഭേദഗതിയാണിത് എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ഞാൻ ഇവിടെ ഒരു ചെറിയ സംശയംകൂടി പ്രകടിപ്പിക്കുകയാണ്. Any work for the promotion of sales എന്ന് പറയുമ്പോൾ സെയിൽസിന്റെ പ്രൊമോഷനുവേണ്ടി പ്രവർത്തിക്കുന്ന തൊഴിലാളികളെക്കൂടി Industrial dispute-ന്റെ പരിധിയിൽ വർക്ക്മെൻ എന്ന് വിളിക്കണമെന്നാണ് പറയുന്നത്. അങ്ങനെ പറയുമ്പോൾ ഈ sales മാത്രം മതിയോ; ഇന്നത്തെ ലോകക്രമത്തിൽ ബിസിനസ്സിന്റെ തന്നെ നിർവ്വചനമെന്താണ്? സാധനങ്ങളും സേവനങ്ങളും പണത്തിനു പകരമായി വാങ്ങുക എന്നതാണ് (Goods and service). ഇന്ന് ഒരുപാട് കാര്യങ്ങൾ നമ്മൾ പണം കൊടുത്ത് സേവനങ്ങളായി വാങ്ങുന്നുണ്ട്. അപ്പോൾ

സെയിൽസിനെ പോലെതന്നെ ഈ സേവനങ്ങൾ പ്രൊമോട്ട് ചെയ്യുന്നവരും സേവനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരുമുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. മൊബൈൽ, ഇന്റർനെറ്റ് എന്നിങ്ങനെ എന്തെല്ലാം പരസ്യങ്ങളാണ് ഇപ്പോൾ നമ്മുടെ രാജ്യത്തുള്ളത്. 3 GB,2 GB എന്നിങ്ങനെയുള്ള സേവനങ്ങൾ പ്രൊവൈഡ് ചെയ്യുന്ന ധാരാളം മേഖലകളുണ്ട്. ഇപ്പോൾ മൊബൈൽ ഫോണിൽ വിളിച്ചാൽ ടാക്സി നമ്മുടെ മുന്നിൽ വന്നു നിൽക്കുകയാണ്. നമുക്ക് പോകേണ്ടിടത്ത് പോകാം. ഒരു ടാക്സിയുമായി സ്ഥിരമായി നടക്കേണ്ട ആവശ്യമില്ല. Uber taxi സംവിധാനം പോലെയുള്ളവ തിരുവനന്തപുരം ടൗണിൽപോലും ഇന്ന് ലഭ്യമാണ്. ഒരുപാട് സേവനങ്ങൾ വിവിധ തരത്തിൽ പണം കൊടുത്ത് വാങ്ങാവുന്ന ഒരു ലോകക്രമത്തിൽ, അതിന് പിന്നിൽ പ്രവർത്തിക്കുന്നവരെ കൂടി തൊഴിലാളി എന്ന ഗണത്തിലേയ്ക്ക് ഉൾപ്പെടുത്തണം, അവരെക്കൂടി workmen-ന്റെ പരിധിയിൽ കൊണ്ടുവരണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്.

ഞാൻ ഈ ഭേദഗതിയെ പിന്തുണയ്ക്കുന്നു. അതിനോടൊപ്പം അഡീഷനായി ഈ ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. ഇവിടെ ബിസിനസ്സിന്റെ നിർവ്വചനത്തിൽപോലും സാധനങ്ങളും സേവനങ്ങളും പണം കൊടുത്ത് വാങ്ങുക എന്നാണ് പറയുന്നത്. അപ്പോൾ ബിസിനസ്സിന്റെ പിന്നിൽ പ്രവർത്തിക്കുന്നതു പോലെ സെയിൽസിന്റെ പിന്നിൽ പ്രവർത്തിക്കുന്ന, പ്രൊമോഷനുവേണ്ടി വർക്കുചെയ്യുന്ന ജോലിക്കാരെ പോലെ സേവനത്തിന്റെ പിന്നിലും പ്രവർത്തിക്കുന്ന ധാരാളം ജോലിക്കാരുണ്ട്. കേന്ദ്ര നിർദ്ദേശം ഇങ്ങനെയാണെങ്കിലും എന്തുകൊണ്ട് എല്ലാ കാര്യത്തിലും ഒരുപടി മുന്നിൽ നിൽക്കുന്ന, ഒരു വെൽഫെയർ സ്റ്റേറ്റിനുവേണ്ടി വളരെ തുടക്കത്തിൽത്തന്നെ ഒരുപാട് പരിശ്രമങ്ങൾ നടത്തിയിട്ടുള്ള സംസ്ഥാനമായതിനാൽ നമുക്ക് എന്തുകൊണ്ട് അങ്ങനെ ചെയ്തുകൂടാ? പല സന്ദർഭങ്ങളിലും കേരളം എല്ലാ കാര്യത്തിലും മുമ്പിലാണ്. ഇന്ത്യയിൽ നടക്കുന്ന പല പ്രക്ഷോഭങ്ങളും കാണുമ്പോൾ ഒരുപാട് വർഷങ്ങൾക്കു മുൻപ് ഈ സംസ്ഥാനത്തുനിന്ന് ഉൻമൂലനം ചെയ്ത സംഗതികൾ വലിയൊരു സാമൂഹ്യപ്രശ്നമായി വരുന്നതായി തോന്നും. ശ്രീ. നരേന്ദ്ര മോദിയുടെ സംസ്ഥാനത്ത് ഇന്ന് 5 ലക്ഷം ഗുജ്ജാറുകൾ പ്രക്ഷോഭം നടത്തിയത് തോട്ടിപ്പണിക്ക് ഞങ്ങളെ ഇനി നിർബന്ധിക്കരുത് എന്നു പറഞ്ഞാണ്. തോട്ടിപ്പണി മാത്രം കുലത്തൊഴിലായി ഞങ്ങളെക്കൊണ്ട് ചെയ്യിക്കരുത് എന്നു പറയുന്ന ഒരു സാമൂഹിക വ്യവസ്ഥിതി ഇന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുണ്ട്. എന്നാൽ എത്രയോ പുരോഗമനപരമായ നിയമനിർമ്മാണങ്ങൾകൊണ്ട് അതിനെ അതിജീവിച്ച് വളരെ നല്ല സാമൂഹ്യ സംവിധാനമുള്ള/സാമൂഹ്യ ഘടനയുള്ള ഒരു സംസ്ഥാനമായി മാറാൻ മലയാളികൾക്ക് സാധിച്ചിട്ടുണ്ട് എന്ന് കാണാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

അതുകൊണ്ടുതന്നെ ഇത്തരം നിയമനിർമ്മാണങ്ങൾ, കേന്ദ്രത്തിന്റെ നിർദ്ദേശത്തിനപ്പുറമുള്ള വെൽഫെയർ മെഷറുകൾ, തൊഴിലാളിക്ക് അനുകൂലമായ ഘടകങ്ങൾ എടുക്കാൻ നമുക്ക് സാധിക്കണം. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ഒരുപാട് പുതിയ പ്രവൃത്തികൾ വരുന്നുണ്ട്. അപ്പോൾ അവരും workmen-ന്റെ പരിധിയിൽ വരും. ഇന്ത്യയിലെ പല സ്റ്റേറ്റുകളിലും ഇത്തരത്തിലുള്ള ഭേദഗതികൾ ഉണ്ടാക്കുന്നുണ്ട്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എല്ലാ സംസ്ഥാനങ്ങളിലും കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വർക്ക്മെൻ എന്ന പരിധിയിലേയ്ക്ക് പുതിയ കുറെ ക്ലാസ്സുകളും പുതിയ കുറേ തൊഴിലാളികളും ജോലിക്കാരുമൊക്കെ വന്നിട്ടുണ്ട്. ഒപ്പം കാലത്തിനനുസരിച്ച് പുതിയ തൊഴിലുകൾ രൂപപ്പെട്ടിട്ടുമുണ്ട്. അവർക്കൊക്കെ ഇതിന്റെ പരിരക്ഷ കിട്ടണം. തൊഴിലാളികളുടെ ക്ഷേമം വർദ്ധിപ്പിക്കാൻ ധാരാളം നിയമനിർമ്മാണങ്ങൾ വേണം.

ഇതൊക്കെ പറയുമ്പോൾ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമായി തുടരുകയാണ്. തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന ധാരാളം പ്രശ്നങ്ങൾ ഉണ്ട്. ഇന്ന് സംസ്ഥാനത്ത് പലപ്പോഴും കേൾക്കുന്ന വാർത്തകൾ ലജ്ജിപ്പിക്കുന്നതാണ്. നമ്മുടെ സഹോദരിമാർക്ക്, പെൺമക്കൾക്ക് നിർഭയമായി ജീവിക്കാൻ കഴിയാത്ത സ്ഥിതിവിശേഷത്തിലേയ്ക്ക് പ്രബുദ്ധ കേരളം പോകുന്നു എന്നത് രാഷ്ട്രീയത്തിനപ്പുറം ഒരു വിശാലമായ കാഴ്ചപ്പാടോടുകൂടി കണ്ട് അതിനെതിരെ നടപടികൾ രാജ്യത്ത് കൊണ്ടുവരേണ്ടതുണ്ട്. ഇതുപോലുള്ള തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് ധാരാളം പീഡനങ്ങളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവരുന്നുണ്ട്. നിലവിലുള്ള നിയമങ്ങളിൽ അതിന് ചെറിയ പരിഗണനകളൊക്കെയുണ്ട്. അവർക്ക് ചില സൗകര്യങ്ങൾ പ്രത്യേകമായി ചെയ്തു കൊടുക്കണം. മുലയൂട്ടുന്ന അമ്മമാർ തൊഴിലാളികളായി ഉണ്ടെങ്കിൽ അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണം എന്നൊക്കെ ആക്ടിലും നിയമത്തിലും പറയുന്നുണ്ട്. പക്ഷേ പലയിടത്തും അത് ബാധകമാകുന്നില്ല. ഓവർടൈം ജോലി ചെയ്യിക്കുമ്പോൾ സ്ത്രീകൾക്ക് അതിൽ പരിഗണന കൊടുക്കണം. രാത്രി സമയങ്ങളിൽ അവരെ ജോലി ചെയ്യാൻ നിർബന്ധിക്കരുത്. ഇതൊക്കെ നമ്മുടെ തൊഴിൽ നിയമങ്ങളിലുണ്ടെങ്കിലും ഇന്ന് അതൊന്നും കണിശമായി പാലിക്കപ്പെടുന്നില്ല.

അതുപോലെ ബാലവേല നിരോധന നിയമം നമ്മുടെ രാജ്യത്തുണ്ട്. പക്ഷേ നമുക്ക് നെഞ്ചത്ത് കൈവച്ച് പറയാൻ കഴിയുമോ? കേരളത്തിൽ 14 വയസ്സിനു താഴെയുള്ള എത്രയോ കുട്ടികൾ പണിയെടുക്കുന്നു. പാലക്കാട് ജില്ലയിൽ പോലും ഇഷ്ടിക കളങ്ങളിൽ അമ്മമാർക്കൊപ്പം ജോലിചെയ്യുന്ന, സ്കൂളുകളിൽ പോയിട്ടില്ലാത്ത, എത്രയോ ബാല്യങ്ങളുണ്ട് എന്നുള്ളത് ഈ സന്ദർഭത്തിൽ പറയുകയാണ്. നമ്മൾ ഒരു വെൽഫെയർ സ്റ്റേറ്റിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്. നിയമനിർമ്മാണ സഭയിൽ നമ്മുടെ ഉത്തരവാദിത്വം അതിനുവേണ്ടി വിനിയോഗിക്കുമ്പോൾ, ഇത്തരം

കാര്യങ്ങളൊക്കെ ഈ ചർച്ചയുടെ ഭാഗമായി വരണമെന്നുള്ളതുകൊണ്ടു മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. ഇഷ്ടിക കളങ്ങളിൽ ഹോമിക്കപ്പെടുന്ന, അച്ഛനമ്മമാർ ക്കൊപ്പമുള്ള കുട്ടികളുടെ ബാല്യ-കൗമാരങ്ങളുടെ കഥയെക്കുറിച്ച് ഒരു വാരികയിൽ ഫീച്ചർ വന്നിരുന്നു. ഇത്തരം കാഴ്ച അധികവും കാണാൻ കഴിയുന്നത് തമിഴ്നാടിനോട് ചേർന്ന ബോർഡർ പ്രദേശങ്ങളിലാണ്. ഇഷ്ടിക കളങ്ങളിലും ചുടുകട്ടകൾ ഉണ്ടാക്കുന്നിടത്തുമൊക്കെ 14 വയസ്സിൽ താഴെയുള്ള കുട്ടികൾ അതികഠിനമായ ജോലികൾ ചെയ്യുന്നത് കാണാൻ സാധിക്കും. മുതിർന്ന തൊഴിലാളിക്കുപോലും അത്തരം സാഹചര്യങ്ങൾ ഉണ്ടാകരുത്. അതിനുള്ള പരിരക്ഷയാണ് ഇത്തരം നിയമനിർമ്മാണത്തിലൂടെ കൊടുക്കുന്നത്. പക്ഷേ ഈ ബാല്യങ്ങളാണ് ചൂടും പുകയുമേറ്റ് കരിഞ്ഞുപോകുന്നത് എന്നുള്ളത് നമ്മൾ കാണേണ്ടതുണ്ട്. അവർക്ക് അവിടെ ഫ്രീ എഡ്യൂക്കേഷൻ കൊടുക്കാൻ ഈ രാഷ്ട്രം ബാദ്ധ്യസ്ഥമാണ്, എന്നിട്ടു പോലും അത് ലഭിക്കുന്നില്ല.

മറ്റൊരു പ്രശ്നം വ്യവസായങ്ങൾ ഒരു സുപ്രഭാതത്തിൽ പൂട്ടി പോകുന്നു എന്നുള്ളതാണ്. അവിടെ ജോലി ചെയ്യുന്നവർക്ക് എന്തു പരിരക്ഷയാണ് ഉള്ളത്? അടുത്ത കാലത്ത് തമിഴ്നാട്ടിൽ മൊബൈൽ ഫോണുകളുടെ വർക്ക് ചെയ്തിരുന്ന ഒരു മേഖലയിൽനിന്ന് യാതൊരു വിധത്തിലുള്ള സൂചനയുമില്ലാതെ ഒരു സുപ്രഭാതത്തിൽ ഇതെല്ലാം ഇൻഡോനേഷ്യയിലേയ്ക്ക് മാറ്റി സ്ഥാപിക്കപ്പെടുന്നു എന്നറിയിച്ചു. ആ മേഖലയിൽ ജോലി ചെയ്ത ആളുകൾ തൊഴിൽരഹിതരായി എന്നുമാത്രമല്ല അവർക്ക് ചിലപ്പോൾ ശമ്പളക്കുടിശ്ശിക ഉണ്ടാകും, അതുപോലെ മറ്റ് നിലയ്ക്കുള്ള പരിരക്ഷകൾ കിട്ടണം, അവരും തൊഴിലാളികളാണ്. അപ്പോൾ അതൊക്കെ ആവർത്തിക്കപ്പെടുന്ന ഒരു കാലത്ത് കോർപ്പറേറ്റുകളും തൊഴിൽ സംരംഭങ്ങൾ നടത്തുന്നവരും രക്ഷപ്പെടാതിരിക്കാനുള്ള സംവിധാനങ്ങൾ നമ്മുടെ നിയമനിർമ്മാണങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, പ്ലാന്റേഷൻ രംഗത്ത് തൊഴിലാളികൾ വർഷങ്ങളായി നേടിയെടുത്ത ഒരു അവകാശമാണ് ഒരു ദിവസം ഒരു തൊഴിലാളി 300 റബ്ബർ മരം ടാപ്പിംഗ് ചെയ്യണം എന്നത്. അത് പിന്നീട് വന്ന ഒരു സർക്കുലറിന്റെ അടിസ്ഥാനത്തിൽ 400 മരമാക്കി മാറ്റിയിട്ടുണ്ട്. ആയിരക്കണക്കിന് ഏക്കറിൽ പ്രവർത്തിക്കുന്ന പുല്ലങ്കോട് പോലെയുള്ള വൻകിട എസ്റ്റേറ്റുകളിൽപോലും വർഷങ്ങളായി അവർ വെട്ടിക്കൊണ്ടിരിക്കുന്നത് 100 മരമാണ്. ഇത് തൊഴിലാളികൾക്ക് ഭാരം ലഘൂകരിക്കേണ്ട കാലഘട്ടമാണ്. അപ്പോൾ അവിടെയടക്കമുള്ള തോട്ടങ്ങളിൽ 300 മരത്തിനപ്പുറമായി 400 മരം ടാപ്പിംഗ് ചെയ്യണം എന്ന രീതി ഒരു സർക്കുലറിന്റെ മറപിടിച്ച് ഇപ്പോൾ നടക്കുന്നുണ്ട്. അങ്ങനെയുള്ള തൊഴിലാളികളെ ആ തോട്ടം മേഖലയിൽനിന്ന് ഒഴിവാക്കുന്നതിനുവേണ്ടി ഡൊമസ്റ്റിക് എൻക്വയറി ഉൾപ്പെടെ

നടത്തി പുല്ലങ്കോട് എസ്റ്റേറ്റ്, കേരള എസ്റ്റേറ്റിൽ വരുന്ന സുൽത്താന എസ്റ്റേറ്റ് തുടങ്ങിയ വലിയ തോട്ടങ്ങളിൽ തൊഴിലാളികളെ പുറത്താക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നുണ്ട് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇങ്ങനെ തൊഴിലാളികളെ നിർബന്ധിച്ച് 400 മരങ്ങളുടെ ടാപ്പിംഗ് നടത്തുന്ന നടപടി ഈ രംഗത്ത് തൊഴിലാളികളോടുള്ള ക്രൂരതയായി അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, നിരവധി തവണ ഈ വിഷയത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി മീറ്റിംഗ് കൂടി ഒരു സമവായത്തിൽ എത്താൻ കഴിയാതെ, ട്രേഡ് യൂണിയൻ നേതാക്കൻമാരുടെ അഭിപ്രായ ഏകീകരണം ഉണ്ടാക്കാൻ കഴിയാതെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ പിറ്റേദിവസം, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഈ വിഷയം ഗവൺമെന്റ് ഒരു നോട്ടിഫിക്കേഷനായി ഇറക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കേ, അങ്ങനെയൊരു നോട്ടിഫിക്കേഷൻ ഇറക്കാൻ ഗവൺമെന്റിന് യാതൊരു അവകാശവുമില്ല. എന്നാൽപ്പോലും മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടി തോട്ടത്തിലെ റബ്ബറിന്റെ എണ്ണം മാത്രമല്ല, തേയിലച്ചെടികളുടെ സ്റ്റാൻഡേർഡ് കിലോ അടക്കമുള്ള കാര്യങ്ങളിൽ വർദ്ധനവുണ്ടാക്കി ഗവൺമെന്റ് ഉണ്ടാക്കിയ നോട്ടിഫിക്കേഷൻ ഇപ്പോൾ തെറ്റാണെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞുവച്ചത്. ഇനി അത് പരിഹരിക്കാൻ കഴിയാത്തവിധം മുന്നോട്ടുപോയി എന്നുള്ളതാണ്. പലപ്പോഴും മാനേജ്മെന്റിന്റെ താൽപ്പര്യങ്ങൾക്ക് വഴങ്ങി കാലാകാലങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കുന്ന ഇത്തരം നോട്ടിഫിക്കേഷനുകളാണ് യഥാർത്ഥത്തിൽ തൊഴിലാളി വർഗ്ഗത്തിന് വിനയായി മാറുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാന്യരായ രണ്ട് അംഗങ്ങളും പറഞ്ഞ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. തോട്ടം, തൊഴിൽ മേഖലകളിൽ ധാരാളം ചൂഷണങ്ങൾ നടക്കുന്നുണ്ട്, പക്ഷേ അതൊന്നും പുറത്തുവരാറില്ല. പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥാപനങ്ങളിൽപ്പോലും അത് നടക്കുന്നുണ്ട്. നാളെ തൊഴിലുടമ അല്ലെങ്കിൽ അവിടത്തെ ഉദ്യോഗസ്ഥർ പറയുന്ന കാര്യങ്ങൾ അനുസരിച്ചില്ലെങ്കിൽ അവർക്ക് തൊഴിൽ നഷ്ടമാകുമെന്ന് മാത്രമല്ല പലവിധത്തിലുള്ള വിവേചനങ്ങൾക്കും അവഗണനകൾക്കും അവർ വിധേയമാകും എന്നുള്ളതുകൊണ്ട് ഇതൊക്കെ പുറത്ത് പറയാതിരിക്കുകയാണ്. എന്റെ മണ്ഡലത്തിലും ഇതുപോലെ ധാരാളം തൊഴിലാളികളും വളരെ പ്രസിദ്ധമായ പല തോട്ടങ്ങളുമൊക്കെ ഉള്ളതാണ്. അവിടെയൊക്കെ പല കാര്യങ്ങൾക്ക് പോകുമ്പോഴും അവിടത്തെ തൊഴിലാളികൾക്ക് ഉണ്ടാകുന്ന ഒരുപാട് ദൈന്യതയാർന്ന അനുഭവങ്ങളും പ്രയാസങ്ങളുമൊക്കെ ഞങ്ങളുടെ മുൻപിൽ പറയാറുണ്ട്. ഇവിടെ ഉമ്മർ സാഹിബ് ചൂണ്ടിക്കാണിച്ചതുപോലെ 300 മരം ടാപ്പിംഗ് നടത്തി

കൊണ്ടിരുന്ന സ്ഥാനത്ത് പെട്ടെന്ന് 400 മരം വെട്ടേണ്ട സ്ഥിതിയാണ്. ഇന്നത്തെ കാലത്ത് തൊഴിലാളികൾക്ക് കുറേക്കൂടി സൗകര്യവും ക്ഷേമവുമൊക്കെ ചെയ്തു കൊടുക്കേണ്ടവരാണ് നമ്മൾ. അവരുടെ ജോലിയുടെ കാഠിന്യം വർദ്ധിപ്പിച്ചിട്ട് അതൊന്നും ആരും ശ്രദ്ധിക്കുന്നില്ല എന്നുവരുമ്പോൾ ഈ വെൽഫെയർ ലെജിസ്ലേഷന് പേരുകേട്ട കേരളത്തിൽ ഇത്തരത്തിൽ സംഭവിക്കുന്നത് വളരെ ഖേദകരമാണ്. ശ്രീമതി ബിജിമോൾ ചൂണ്ടിക്കാണിച്ചതും ഇതാണ്. യു.ഡി.എഫ്., എൽ.ഡി.എഫ്. സർക്കാരുകൾ മാറി മാറി ഭരിക്കുമെങ്കിലും ഉദ്യോഗസ്ഥ രംഗങ്ങളിൽനിന്നും ഇപ്പോഴും പല തരത്തിലുള്ള അവഗണനകൾ മാനേജ്മെന്റുകൾക്ക് പ്രോൽസാഹനമായി വരാറുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ല, ഉണ്ടായിരുന്നെങ്കിൽ ഇക്കാര്യങ്ങളൊക്കെ ശ്രദ്ധയിൽപ്പെടുമായിരുന്നു. പ്രതിപക്ഷത്തും, ഭരണപക്ഷത്തും ഇരിക്കുന്ന മെമ്പർമാർ ഒന്നിച്ചിരുന്നു ചെയ്യേണ്ട കുറേ കാര്യങ്ങൾ ഉണ്ട്. ഭരണം കേരളത്തിൽ മാറിയും മറിഞ്ഞും വരും. അതല്ല വിഷയം, ഇത് തൊഴിലാളികളുടെ വിഷയമാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ബഹുമാനപ്പെട്ട ഇ.എസ്. ബിജിമോളും ഞാനും പറഞ്ഞത് ഒരു കാര്യം തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് സുഖമില്ലാത്തതു കൊണ്ടാണ്, അദ്ദേഹം ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഇതിന് കുറേക്കൂടി പ്രസക്തി യുണ്ടാകുമായിരുന്നു. എങ്കിലും ഈ ബിൽ കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ ഈ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കുമെന്ന് കരുതുന്നു. ഞാൻ ഒരു ഗവൺമെന്റിനെ കുറ്റപ്പെടുത്താനല്ല, ഏത് ഗവൺമെന്റിന്റെ ഭാഗത്തു നിന്നായാലും തൊഴിലാളികൾക്ക് വിരുദ്ധമായ ഒരു സമീപനം ഉണ്ടാകരുത്. തൊഴിലെടുക്കുന്ന ആളിന് ജോലി ഭാരം 8 മണിക്കൂർ എന്നത് 9 മണിക്കൂർ ആക്കാൻ പാടില്ല. അത് 7 മണിക്കൂർ ആക്കാൻ പറ്റുമോ എന്നാണ് നോക്കേണ്ടത്. നിരപ്പായ സ്ഥലങ്ങളിൽ 300 മരമെന്നത് വേണമെങ്കിൽ 400 മരം എന്നാക്കാം. പക്ഷേ വലിയ മലമടക്കുകൾ ഉള്ള സ്ഥലങ്ങളിൽ, പ്രത്യേകിച്ച് തോട്ടം മേഖലകളിൽ വന്യമൃഗങ്ങൾ കടന്നുകൊണ്ടിരിക്കുകയാണ്. അവിടെ 400 റബ്ബർ മരം ടാപ്പ് ചെയ്യുന്നതിനായി പോകുക എന്നത് വർഷങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ആനുകൂല്യത്തിൽ നിന്ന് അവരെ പുറകോട്ട് കൊണ്ടുപോകുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം കൂടി ശ്രദ്ധിക്കേണ്ടതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ബഹുമാനപ്പെട്ട മന്ത്രി റ്റി. പി. രാമകൃഷ്ണന് പകരം ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ ബിൽ അവതരിപ്പിച്ചു, അദ്ദേഹം ഇവിടെ ഇരിക്കുന്നുണ്ട്, ഞങ്ങൾ പറയുന്നത് കേൾക്കുന്നുമുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷന്റെ വിഷയം പറയുമ്പോൾ അതുമായി ബന്ധപ്പെട്ട മന്ത്രിമാരൊക്കെയുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു എന്നാണ് ഞാൻ ഉദ്ദേശിച്ചത്. ഞങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട വിഷയം ഇവിടെ പറയുമോ ഇല്ലയോ എന്ന് അവർക്കറിയില്ലല്ലോ.

അവർ മറ്റെന്തെങ്കിലും പരിപാടികളുമായി ബന്ധപ്പെട്ട് പോയതായിരിക്കാം. പക്ഷെ ഞങ്ങൾ സൂചിപ്പിച്ചു എന്നുമാത്രമേയുള്ളൂ. ബന്ധപ്പെട്ട വകുപ്പുകളുടെ മന്ത്രിമാരായ കൃഷി വകുപ്പുമന്ത്രി, പ്ലാന്റേഷൻ കോർപ്പറേഷൻ ഫോറസ്റ്റുമായി ബന്ധപ്പെട്ടതാണെങ്കിൽ അതിന്റെ ആളുകളൊക്കെയുണ്ടായിരുന്നെങ്കിൽ ഇത്തരത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്ന സ്ഥിതിവിശേഷമുണ്ട് എന്ന് പറയുമ്പോൾ അത് അവർ കേൾക്കുകയാണെങ്കിൽ അവർക്ക് അതിൽ ഇടപെടാൻ സാധിക്കും. അവരുടെ ഇടപെടൽ കൊണ്ട് ഒരു തൊഴിലാളിക്ക് ആശ്വാസം കിട്ടിയാൽ അത്രയുമായി.

ശ്രീ. എ. എൻ. ഷംസീർ: സർ,........(മൈക്ക് ഓഫ്)...........

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശ്രീ. ഷംസീർ, ശ്രീ. എം. എം. മണിയെ കുറിച്ചൊന്നും ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല. മറ്റ് ചിലരാണ് അഭിപ്രായ വ്യത്യാസം പറഞ്ഞത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയെ 'ആശാൻ' എന്ന് വിളിക്കാൻ സാധിക്കുമോ?

മി. ചെയർമാൻ: സർ, തൊഴിലാളി പ്രവർത്തന രംഗത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഗുരു എന്ന നിലയ്ക്കാണ് ആശാൻ എന്ന പ്രയോഗം വന്നത്. അതിൽ തെറ്റില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: ബഹുമാനപ്പെട്ട ചെയർ എനിക്ക് തന്ന കോംപ്ലിമെന്റ് ഞാൻ നഷ്ടപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ മാറ്റം വരുത്തുന്നത്. തൊഴിലാളിക്ഷേമത്തിന്റെ ഭാഗമായി ഇന്ന് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട പ്രശ്നങ്ങളെല്ലാം വച്ചുകൊണ്ട് Industrial Disputes Act-ലും Workmen Compensation Act-ലും സംസ്ഥാന ഗവൺമെന്റുകൾക്ക് മാറ്റം വരുത്താനാവുന്ന ഒരുപാട് മേഖലകളുണ്ട്. ആ മേഖലകളിലിടപെട്ട് ഒരു മാറ്റം വരുത്താൻ കൂടി ഇതൊരു നിമിത്തമാകണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ പറഞ്ഞ ഭേദഗതിയിൽ സെയിൽസിന്റെ കൂടെ, സെയിൽസിന്റെ പ്രൊമോഷന് പ്രവർത്തിക്കുന്ന ജീവനക്കാരെ ഉൾപ്പെടുത്തുന്നതുപോലെ, സെയിൽസ് ആന്റ് സർവ്വീസ്, ഒറ്റവാക്കാണ്; ഇതൊന്നിച്ച് വരേണ്ടതാണ്. ഒന്നിച്ച് പറയുന്ന കുറെ വാക്കുകളുണ്ടല്ലോ. പണ്ട് അച്ചുകൂടം പത്രമുണ്ടായിരുന്ന സമയത്ത്, ചില വാക്കുകളുടെ കൂട്ടത്തിൽ ഒന്നിച്ച് ഒറ്റ അച്ചായിരിക്കുമെന്ന് പറയാറുണ്ട്. മുൻപ് ദേശാഭിമാനിയും ചന്ദ്രികയും തമ്മിലുള്ള ഒരു തമാശ പറയാറുണ്ട്. ദേശാഭിമാനിയിൽനിന്ന് ചന്ദ്രികയിലേയ്ക്ക് വിളിച്ച്, " സർ, ഇവിടെ 'സഖാവ് ' 'സഖാവ് 'എന്ന് എഴുതി 'സ' എന്ന അക്ഷരം കുറഞ്ഞിട്ടുണ്ട്, കുറച്ച് 'സ' ചന്ദ്രികയിൽ നിന്ന് ഇങ്ങോട്ട് കൊടുത്തയയ്ക്കണമെന്നും ചന്ദ്രികയിൽ 'ജനാബ്' 'ജനാബ്'എന്ന് എഴുതി 'ജ' എന്ന

അക്ഷരം കുറഞ്ഞിട്ടുണ്ട്, കുറച്ച് 'ജ' ദേശാഭിമാനിയിൽനിന്ന് ചന്ദ്രികയിലേയ്ക്ക് കൊടുത്തയയ്ക്കണം" എന്ന് മുൻപ് ദേശാഭിമാനിയുടേയും ചന്ദ്രികയുടേയും രണ്ട് പത്രപ്രവർത്തകർ പറഞ്ഞിരുന്ന ഒരു തമാശ കേട്ടിട്ടുണ്ട്. ഇന്ന് അച്ചുകൂടങ്ങളില്ല, അങ്ങനെയുള്ള പത്രപ്രവർത്തനവുമില്ല, എന്ന് പറഞ്ഞതുപോലെ ഇത്തരം വിഷയങ്ങളിലൊക്കെ ഒരു സമവായമുണ്ടാകേണ്ടതുണ്ട്. ഇന്ന് പണം കൊടുത്ത് വാങ്ങുന്നത് സാധനങ്ങൾ മാത്രമല്ല സേവനങ്ങൾക്കും കൂടിയാണ്. അതുകൊണ്ട് 'സെയിൽസ് ആന്റ് സർവ്വീസ്' എന്നാക്കി മാറ്റിയാൽ നന്നായിരിക്കും. അതോടൊപ്പം ഈ വകുപ്പിൽ തൊഴിലാളി ക്ഷേമത്തിനുതകുന്ന കാലോചിതമായ പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകാൻ സർക്കാരും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റവും കാലോചിതമായ ഒരു ഭേദഗതിയാണ് 1947-ലെ വ്യവസായ തർക്കങ്ങൾ ആക്ടിൽ വരുത്തിയിരിക്കുന്നത്. തൊഴിൽ സംരക്ഷണം ലഭ്യമല്ലാത്ത, കൂട്ടായ വിലപേശലിന് അവസരം ലഭിക്കാത്ത പതിനായിരക്കണക്കിന് ആളുകൾ ഈ പറയപ്പെടുന്ന നിർവ്വചനത്തിൽപ്പെടുന്നവരാണ്. 2001-ലെ Indian Bank Associates Vs. Workmen of Syndicate Bank Deposit Collectors എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഡെപ്പോസിറ്റ് കളക്ടേഴ്സിനേയും തൊഴിലാളികളുടെ നിർവ്വചനത്തിൽ പെടുത്തണമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ വിധി കേരളത്തിലെ പതിനായിരക്കണക്കിന് ചെറുപ്പക്കാരുൾപ്പെടെയുള്ള ഈ നിർവ്വചനത്തിൽപ്പെടുന്ന ആളുകൾക്ക് സംരക്ഷണം നൽകുന്നതിനിടയാക്കും. 1947-ലെ വ്യവസായ തർക്കങ്ങൾ ആക്ട് സ്വാഭാവികമായും സാർവ്വദേശീയാടിസ്ഥാനത്തിൽ രൂപപ്പെട്ടുവന്ന ഒരു തൊഴിലാളിക്ഷേമ കാഴ്ചപ്പാടിന്റെ സൃഷ്ടിയാണ്. കൊളോണിയൽ കാലത്തുപോലും അന്നത്തെ ഭരണകൂടങ്ങൾ തൊഴിലാളിക്ഷേമ നിയമങ്ങൾ രൂപീകരിക്കാൻ നിർബന്ധിതമാക്കപ്പെട്ടിരുന്നുവെങ്കിൽ ഇന്ന് ഇന്ത്യയിൽ കാണുന്ന കാഴ്ച പല സംസ്ഥാനങ്ങളിലും തൊഴിലാളി വിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു എന്നതാണ്. നമുക്ക് അറിയാവുന്നതു പോലെ ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ലോകമെമ്പാടും രൂപപ്പെട്ടുവന്ന തൊഴിലാളികളുടെ അസംതൃപ്തിയുടേതായ ഒരന്തരീക്ഷമുണ്ട്. ആ അന്തരീക്ഷത്തിൽ നിന്ന് വിടുതൽ നേടാൻ ലോകത്തെമ്പാടുമുള്ള തൊഴിലാളികൾ നടത്തിയിട്ടുള്ള അതിശക്തമായ മുന്നേറ്റങ്ങളുടെ ചരിത്രം നമുക്ക് മനസ്സിലാക്കാൻ കഴിയും. മഹത്തായ ഒക്ടോബർ വിപ്ലവം പകർന്നു നൽകുന്ന ഊർജ്ജവും പട്ടിണിയുടെ തത്വശാസ്ത്രത്തിലൂടെ മഹാനായ കാറൽ മാർക്സ് അവതരിപ്പിച്ച ചിന്താ പദ്ധതികളും ലോകത്തെമ്പാടുമുള്ള തൊഴിലാളി മുന്നേറ്റങ്ങൾക്ക് കരുത്തു പകർന്നിട്ടുണ്ട്. അതിന്റെ ഭാഗമായി

ഇന്ത്യയിൽ രൂപപ്പെട്ടുവന്ന മദ്രാസിലെ സ്പിന്നേഴ്സ് യൂണിയനും അഹമ്മദാബാദിലെ വീവേഴ്സ് യൂണിയനും 1926-ലെ ട്രേഡ് യൂണിയൻ ആക്റ്റിലേയ്ക്ക് നയിച്ചിട്ടുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇന്ത്യയിൽ അങ്ങനെ ഉയർന്നുവന്ന തൊഴിലാളിവർഗ്ഗ മുന്നേറ്റങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും അതിന്റെ നേതാക്കളും നേതൃത്വം നൽകിയതുവഴിയുണ്ടായ അസംതൃപ്തിയിൽ നിന്നാണ് 1930-ലെ മീററ്റ് ഗൂഢാലോചന രൂപപ്പെട്ടത് എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. അങ്ങനെ കൊളോണിയൽ ഭരണാധികാരികൾക്കുപോലും 1947 ഏപ്രിലിൽ നിലവിൽ വന്ന ഒരു നിയമം നടപ്പാക്കേണ്ടിവന്നുവെങ്കിൽ ഇന്ന് ബി.ജെ.പി. ഇന്ത്യാ രാജ്യത്ത് ഭരണം കയ്യാളുമ്പോൾ ഈ രാജ്യത്തെ തൊഴിൽ നിയമങ്ങളെയെല്ലാം തകിടം മറിക്കാനുള്ള ആസൂത്രിതമായ ശ്രമമാണ് നടത്തുന്നത്. ഇന്ത്യയുടെ പ്രധാനമന്ത്രി പറയുന്നത് ഇന്ത്യയിലെ തൊഴിൽ നിയമങ്ങളെ സമഗ്രമായി മാറ്റിമറിക്കാൻ പോകുന്നു എന്നാണ്. അതിന്റെ ടെസ്റ്റ് ഡോസാണ് നമ്മൾ രാജസ്ഥാനിൽ കണ്ടത്. രാജസ്ഥാനിൽ തൊഴിലാളികൾക്ക് ബാധകമായിട്ടുള്ള 14 നിയമങ്ങളാണ് അവിടത്തെ ഗവൺമെന്റ് ഭേദഗതിയിലൂടെ മാറ്റിയിരിക്കുന്നത്. ഇവിടെ ചർച്ച ചെയ്യുന്ന ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിലെ സെക്ഷൻ 2(എ) അവിടെ ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 9 (ഡി) ഭേദഗതി ചെയ്തിരിക്കുന്നു. 15 ശതമാനം തൊഴിലാളികളുണ്ടെങ്കിൽ ഒരു സംഘടന അവകാശം ലഭ്യമാകുമെന്ന അവസ്ഥ, അത് 30 ശതമാനം തൊഴിലാളികളുണ്ടെങ്കിലേ സാധ്യമാകൂ എന്ന ഭേദഗതിയാണ് അവിടെ വന്നിരിക്കുന്നത്. അതുപോലെതന്നെ സെക്ഷൻ 25 (കെ)-ൽ മാറ്റം വന്നിരിക്കുകയാണ്. ഇതുപോലെ ഫാക്ടറീസ് ആക്ട്, കോൺട്രാക്ട് ലേബർ ആക്ട്, അപ്രന്റീസ്ഷിപ്പ് ആക്ട് എന്നിവയിലും ഭേദഗതി വരികയാണ്. ഈ ഭേദഗതികളെല്ലാം തൊഴിലാളി വിരുദ്ധമാണ്. സംതൃപ്തമായ തൊഴിലാളി-ഉടമ ബന്ധമുള്ളയിടത്തു മാത്രമേ ലാഭം സാധ്യമാകൂ എന്നത് തെളിയിക്കപ്പെട്ടിട്ടുള്ള സത്യമാണ്. മൂലധനത്തിന് മാത്രമായി വളരാനും ലാഭത്തിലേയ്ക്ക് കുതിക്കാനും കഴിയില്ലായെന്നത് തെളിയിക്കപ്പെട്ട ശാസ്ത്ര സത്യമാണ്. ഇവിടെ ഏകപക്ഷീയമായി കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി മാത്രം തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യുക, തൊഴിൽ നിയമങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുക; ഈ ഒരു കാലഘട്ടത്തിലാണ് കേരളത്തിലെ ഗവൺമെന്റ് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിൽ ഭേദഗതി കൊണ്ടുവരുന്നത് എന്നത് വളരെ പ്രസ്താവ്യമാണ്. സംതൃപ്തമായ തൊഴിലാളികളുടെ ശേഷിയും സേവനവും ഉപയോഗിച്ചാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നതിന്റെ ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും.

12.00 Noon]

സംതൃപ്തരായ തൊഴിലാളികളുടെ ശേഷിയും സേവനവും ഉപയോഗിച്ചാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ പറ്റും എന്നുള്ളതിന്റെ ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. രണ്ടു ദിവസംമുമ്പ് തിരുവനന്തപുരത്ത് ആറ്റുകാൽ പൊങ്കാലയായിരുന്നു. ആറ്റുകാൽ പൊങ്കാല കഴിഞ്ഞ് രണ്ടു മണിക്കൂറിനകം തിരുവനന്തപുരം നഗരത്തെ മനോഹരമായ നഗരമാക്കി പുനഃസ്ഥാപിക്കാൻ, മാലിന്യങ്ങൾ നീക്കാൻ ഇവിടത്തെ

തൊഴിലാളികൾ പ്രകടമാക്കിയ മനോഭാവം, അവരുടെ കഴിവ് ദേശീയ മാധ്യമങ്ങൾ പോലും പ്രകീർത്തിച്ചതാണ്. സംതൃപ്തമായ ഒരു മാനസികാവസ്ഥ തൊഴിലാളികൾക്ക് സംഭാവന ചെയ്യാൻ കഴിഞ്ഞാൽ അവരുടെ ശേഷി ഉപയോഗപ്പെടുത്താൻ പറ്റും എന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ ആറ് മാസമായി എടുത്തിട്ടുള്ള സമീപനങ്ങൾ വളരെ പ്രതീക്ഷാനിർഭരവും ആവേശഭരിതവുമാണ്. ഇവിടെ സംതൃപ്തമായ പൊതുജന-തൊഴിലാളി ബന്ധം ഉറപ്പുവരുത്തുന്നതിന് പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ എന്ന് തെളിയിച്ചിട്ടുണ്ട്.

കേരളത്തിൽ തൊഴിലാളികളെ പ്രതിനായകന്മാരായി ചിത്രീകരിച്ചുകൊണ്ട് ജനങ്ങളുടെ ശത്രുഭാഗത്ത് നിൽക്കുന്നവരാണ് എന്ന് വ്യാഖ്യാനിക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങൾ പലപ്പോഴുമുണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരം അസംതൃപ്തികളും സംശയങ്ങളും നിവാരണം ചെയ്യാൻ വേണ്ടി ഗവൺമെന്റ് ആരംഭിച്ച കോൾ സെന്ററുകളുടെ പ്രവർത്തനം ഉദ്ദേശിച്ച ഫലം ചെയ്യുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത്തരം സെന്ററുകൾ മുഖാന്തരം 905 പരാതികളാണ് സ്വീകരിക്കാൻ കഴിഞ്ഞത്. അതിൽ 75 ശതമാനം പരാതികൾക്കും തീർപ്പുകൽപ്പിക്കാനും 4516 അന്വേഷണങ്ങൾക്ക് സംശയനിവാരണമുണ്ടാക്കാനും കഴിഞ്ഞു എന്നത് കേരളത്തിലെ തൊഴിൽ രംഗത്തെ ഒരു പുരോഗമനപരമായ ചുവടുവയ്പാണ്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പുകൾ ആരംഭിക്കാൻ 50 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവയ്ക്കാൻ കഴിഞ്ഞത് ഒരു പുതിയ തുടക്കംതന്നെയാണ്. അങ്ങനെ 44 മെഡിക്കൽ ക്യാമ്പുകൾ കഴിഞ്ഞ ആറ് മാസക്കാലത്തിനിടയിൽ കേരളത്തിൽ നടപ്പാക്കാൻ കഴിഞ്ഞു എന്നതും ഓർമ്മിക്കപ്പെടേണ്ടതുണ്ട്. വേതന സുരക്ഷാ പദ്ധതി വഴി 544 സ്ഥാപനങ്ങളിൽ നിന്നും 30,000 തൊഴിലാളികൾക്കായി 180.24 കോടി രൂപ വിതരണം ചെയ്യാൻ കഴിഞ്ഞു. 1947-ലെ Industrial Disputes Act അനിവാര്യമായ അർത്ഥത്തിൽ, കാലോചിതമായി, ഒരുപാട് ചെറുപ്പക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി ചെയ്യാനുള്ള ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞു. സഭയിൽ ചില മിനിസ്റ്റേഴ്സ് ഇല്ല എന്ന പരാതി വന്നു. ആ പ്രശ്നങ്ങളെല്ലാം ബഡ്ജറ്റ് ചർച്ചയിൽ സജീവമായി ഉന്നയിക്കാവുന്നതാണ്. 14 വർഷം കേന്ദ്രം ആവശ്യപ്പെട്ടിട്ടും ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നില്ല എന്നതാണ് എടുത്തുപറയാനുള്ള ഒരു കാര്യം. 2003 നവംബറിൽ കേന്ദ്രം ആവശ്യപ്പെട്ടതിനെ തുടർന്ന് 2007-ലും 2012-ലും ബിൽ കൊണ്ടുവന്നെങ്കിലും ലാപ്സായി പോകുകയാണ് ചെയ്തത്. ഇത്രയും പ്രധാനപ്പെട്ട കാര്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ പറയുമ്പോൾ 14 വർഷമായി ഇത് കൊണ്ടുവന്നില്ല. 2016-ൽ ഇത് പ്രസിദ്ധീകരിച്ചു, 2017-ൽ ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. ഈ സഭയിൽ തന്നെ ചർച്ച ചെയ്ത് പാസ്സാക്കാൻ കഴിയും.

തൊഴിലാളി എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്തവരെപ്പറ്റി ഈ നിയമത്തിൽ പ്രത്യേകം പറയുന്നുണ്ട്. കരസേന, വ്യോമസേന, നാവികസേന, പോലീസ്, ജയിൽ, മാനേജീരിയൽ പോസ്റ്റിലുള്ളവർ, അഡ്മിനിസ്ട്രേറ്റേഴ്സ് മുതലായവരൊക്കെയുണ്ട്. മേൽനോട്ടക്കാരനെന്ന നിലയിൽ 10000 രൂപയിൽ കവിഞ്ഞ കൂലി വാങ്ങുന്നവരാരും ഇതിൽ ഉൾപ്പെടില്ല. അതിൽപ്പെടാത്തവരെല്ലാം ഇപ്പോൾ വർക്ക്മെൻ ആണ്. ശ്രീ. എം. ഉമ്മർ സംസാരിച്ചതുമെല്ലാം വർക്ക്മെൻ എന്നതിൽ ഉൾപ്പെടുന്നതാണ്. എന്നാൽ മിനിമം വേജസ് ഇല്ലാത്ത കാര്യത്തെക്കുറിച്ചാണ് പറയുന്നത്. അത് വേറെ ചർച്ച ചെയ്യും. പക്ഷേ മാനേജീരിയൽ കേഡറാണെന്ന് തെറ്റിദ്ധരിച്ച് സെയിൽ പ്രൊമോട്ടേഴ്സിനെ ഒഴിവാക്കിയിരുന്നു. അതാണ് കേന്ദ്രഗവൺമെന്റ് 2003-ൽ ഇവരെ ഉൾപ്പെടുത്തുന്ന കാര്യം അറിയിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോട് പറഞ്ഞത്. എന്നാൽ നമ്മൾ അറിയിച്ചില്ല. പക്ഷേ, അതിനുമുമ്പുതന്നെ 1989-ൽ പശ്ചിമ ബംഗാൾ ഗവൺമെന്റ് ഇത് പാസ്സാക്കി. അതായത് തൊഴിലാളികളായി ഉൾപ്പെടുത്തണമെന്ന് പറഞ്ഞവരുടെ കൂട്ടത്തിൽ 'അല്ലെങ്കിൽ വില്പനയെ പ്രോത്സാഹിപ്പിക്കുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നവരോ' എന്നു കൂടി ചേർക്കണം. അപ്പോൾ അവർ കൂടി തൊഴിലാളി ആകും, ഈ പറയുന്ന വർക്ക്മെൻ വേജസും കോമ്പൻസേഷനുമൊക്കെ കിട്ടുന്നവരുടെ കൂട്ടത്തിൽ അവരും ഉൾപ്പെടും. ഇതാണ് ഇതിന്റെ ഉദ്ദേശ്യം. മറ്റ് കാര്യങ്ങളൊന്നും ഇതിലില്ല. കേന്ദ്രം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ മാറ്റങ്ങൾ വന്നത്. കൺകറന്റ് ലിസ്റ്റായതിനാൽ കേന്ദ്രത്തിനും സംസ്ഥാനത്തിനും നിയമം കൊണ്ടുവരാനാകും. കേന്ദ്രം ഈ നിയമം കൊണ്ടുവന്നാൽ പിന്നെ അതാണ് പ്രിൻസിപ്പൽ നിയമം. അത് എല്ലാവർക്കും അറിവുള്ളതാണ്. ഇതുമാത്രമേ നമുക്ക് ചെയ്യാൻ കഴിയുകയുള്ളൂ. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞ കാര്യങ്ങളെല്ലാം പുതിയ നിയമമായി കൊണ്ടുവരാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. അതെല്ലാം ആ തരത്തിൽ കാണണമെന്ന് പറയുകയാണ്. സ്ത്രീകളുടെ തൊഴിൽ സുരക്ഷ, ബാലവേല, ഇവയൊന്നും ഈ ഭേദഗതിയിൽ വരില്ല. ഇതെല്ലാം വിപുലമായ തൊഴിൽ സദാചാരത്തിന്റെ പ്രശ്നമാണ്. അതേക്കുറിച്ച് ബഡ്ജറ്റിൽ ചർച്ച ചെയ്യാം, ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാം. അക്കാര്യത്തിൽ കേരളത്തിന് മുൻകയ്യെടുക്കാൻ സാധിക്കും. പ്ലാന്റേഷൻ കോർപ്പറേഷന്റെ കാര്യം പിന്നീട് ചർച്ച ചെയ്യാം. ഇത്രയും കാര്യമാണ് പറയാനുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. എൻ. ഷംസുദ്ദീൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ചെയർമാൻ</u> : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഐ.ബി. സതീഷ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ചെയർമാൻ</u> : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) <u>2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി സുധാകരൻ</u>): സർ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി സുധാകരൻ</u>): സർ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഇത് ബ്രിട്ടീഷ് ഇൻഡ്യയിൽ തന്നെ 1928-ലെ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ നിർദ്ദേശ പ്രകാരം ജനീവയിൽ നടന്ന കോൺഫറൻസിലെ അജണ്ടയിൽ ഉൾപ്പെടുത്തിയാണ് ഇക്കാര്യങ്ങൾ അംഗരാജ്യങ്ങൾ നടപ്പാക്കിയത്. 1947-ൽ ഡൽഹിയിൽ ചേർന്ന ഏഷ്യൻ കോൺഫറൻസിൽ ഇത് പ്രാബല്യത്തിൽ വരുത്താൻ ആവശ്യപ്പെട്ടു. അതനുസരിച്ച് സ്വതന്ത്ര ഇൻഡ്യ 1948-ൽ മിനിമം വേജസ് ആക്ട് പാസ്സാക്കുകയും 15-3-1948-ൽ ഗവർണർ അസന്റ് കൊടുക്കുകയും ചെയ്തു.

ഇതിൽ അമെന്റ്മെന്റ് വരുന്നത് കേന്ദ്ര നിയമത്തിന്റെ സെക്ഷൻ 20(1)-ലാണ്. അവിടെയാണ് റീ-ഇമ്പേഴ്സ്മെന്റിനുള്ള ക്ലെയിംസ് വരുന്നത്. അത് പ്രകാരം സംസ്ഥാനത്ത് ഇത് സെറ്റിൽ ചെയ്യേണ്ട ഉന്നതാധികാരി ലേബർ കമ്മീഷണറാണ്. അദ്ദേഹത്തിന് ഇതെല്ലാം സെറ്റിൽ ചെയ്യാൻ കഴിയുന്നില്ല. പരാതികളുടെ പ്രളയമാണ്.

അതുകൊണ്ട് ജോയിന്റ് ലേബർ കമ്മീഷണർമാർക്ക് അതിനുള്ള അധികാരം കൊടുക്കുകയാണ്. ഏഴ് ജോയിന്റ് ലേബർ കമ്മീഷണർമാരുണ്ട്. ചില ജോയിന്റ് ലേബർ കമ്മീഷണർമാർക്ക് നാല് ജില്ലകളും ചിലർക്ക് രണ്ടും ചിലർക്ക് ഒരു ജില്ലയുമൊക്കെയായി അധികാരം നൽകിയിരിക്കുകയാണ്. ജോയിന്റ് ലേബർ കമ്മീഷണർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥർക്കുകൂടി ഇതുസംബന്ധിച്ചുള്ള തർക്കങ്ങൾ തീർപ്പാക്കാനുള്ള അധികാരം കൊടുക്കുകയാണ്.

സെക്ഷൻ 20 (4)-ൽ (4)-ാം ഉപവകുപ്പിൽ, അമ്പത് രൂപയാണ് ഫൈൻ. തൊഴിലാളികൾ ആരെങ്കിലും തെറ്റായി റീ-ഇമ്പേഴ്സ്മെന്റിനുള്ള ക്ലെയിം ഉന്നയിച്ച് കബളിപ്പിക്കുകയാണെങ്കിൽ " 50" രൂപ ഫൈനുണ്ട്. അത് "ആയിരം രൂപ" യാക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി.

(5)-ാം ഉപവകുപ്പിലെ (ബി)-യിൽ മജിസ്ട്രേറ്റാണ് ഇതെല്ലാം കേട്ട് തീരുമാനിക്കേണ്ടത്. മജിസ്ട്രേറ്റിന് കോടതിയിലെ തിരക്ക് കാരണം ഇതിനെല്ലാം കാലതാമസം വരുന്നു. അതുകൊണ്ട് മജിസ്ട്രേറ്റിനോ റവന്യൂ റിക്കവറി അധികാരിക്കോ തീർപ്പ് കല്പിക്കാം. അതായത് ഭൂനികുതി പോലെ കുടിശ്ശിക ഈടാക്കാം എന്നുള്ളതാണ് ഭേദഗതി. നേരത്തെ ഒരു മജിസ്ട്രേറ്റിന് കിട്ടുന്ന പരാതി അദ്ദേഹത്തിന്റെ പരിധിയിലല്ലെങ്കിൽ അടുത്ത മജിസ്ട്രേറ്റിന് അയയ്ക്കാനേ പറ്റുകയുള്ളൂ. ഇപ്പോൾ മജിസ്ട്രേറ്റിനും റവന്യൂ അധികാരിക്കും കേൾക്കാമെന്നുള്ളതുകൊണ്ട് വളരെ വേഗത്തിൽ ഇത് സെറ്റിൽ ചെയ്യാൻ കഴിയും എന്നതാണ് നേട്ടം.

സെക്ഷൻ 22-ലാണ് മൂന്നാമത്തെ ഭേദഗതി. അതിൽ ഉടമ മിനിമം വേജസ് കൊടുക്കുന്നില്ലെങ്കിൽ " 500" രൂപ ഫൈൻ ആയിരുന്നത് " 5000" രൂപയാക്കി മാറ്റി. സെക്ഷൻ 22 (എ)-യിൽ ഇതിലൊന്നും പറയാത്ത ഏതെങ്കിലും തരത്തിലുള്ള മിനിമം വേജസ് കൊടുക്കുന്നില്ലെങ്കിൽ ഇപ്പോൾ ഫൈൻ " 500" രൂപയായിരുന്നത് " 5000" രൂപയാക്കി മാറ്റി എന്നുള്ളതാണ്. 2015-ൽ ഗവൺമെന്റ് ഈ ബിൽ പ്രസിദ്ധീകരിച്ചിരുന്നു. അതാണ് ഇപ്പോൾ പുതുക്കി വീണ്ടും പ്രഖ്യാപിച്ചിരിക്കുന്നത്. ബില്ലിന്റെ ഘടനയിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. അതുകൊണ്ട് അത് വിശദമായി ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഞാൻ പൊതുവേ മിതത്വം പാലിക്കുന്ന ആളാണ്. അങ്ങയുടെ നിർദ്ദേശപ്രകാരം നിശ്ചിത സമയത്തിനകത്ത് തന്നെ ഇത് പൂർത്തിയാക്കുന്നതാണ്. സഭയിലുള്ള പല ആളുകളേയുംപോലെ ഞാൻ ലേബർ മേഖലയിൽ പ്രവർത്തിച്ചോ, ട്രേഡ് യൂണിയൻ രംഗത്ത് നിന്നോ വന്നതല്ല. എനിക്ക് ലേബറുമായിട്ടുള്ള ബന്ധം എം.ബി.എ. ചെയ്യുമ്പോൾ സ്പെഷ്യലൈസ് ചെയ്തത് എച്ച്.ആർ. (ഹ്യൂമൻ റിസോഴ്സ്) ആയിരുന്നു

എന്നതാണ്. എച്ച്.ആർ. സ്പെഷ്യലൈസ് ചെയ്തതുകൊണ്ട് ഇന്ന് ചർച്ച ചെയ്യപ്പെടുന്ന ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടും മിനിമം വേജസ് ആക്ടും വർക്ക്മെൻ കോമ്പൻസേഷൻ ആക്ടുമെല്ലാം പഠിക്കാനും, അതോടൊപ്പം എം.എൽ.എ. ആവുന്നതിന് മുമ്പ് ജോലിയുടെ ഭാഗമായി ഇന്ത്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഖനി മേഖലകളായ ധൻബാദ്, ജംഷഡ്പൂർ ഇവിടങ്ങളിലൊക്കെ പോകാനും മൈനിൽ പോയി ഒരു ദിവസം പണി ചെയ്യുന്നവരെ കണ്ടുപഠിക്കാനും 'ഐ.ടി.' മേഖലയിൽ ജോലിചെയ്യാനുമുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. ആ എക്സ്പീരിയൻസിൽ നിന്ന് ഈ ചർച്ചയെ പരിപോഷിപ്പിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. നേരത്തെ പറഞ്ഞതുപോലെ നമ്മൾ ചർച്ച ചെയ്യുന്നത് കാലിക പ്രസക്തിയുള്ള ബില്ലുകളാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടും മിനിമം വേജസ് ആക്ടും എല്ലാം തന്നെ ബ്രിട്ടീഷ് ഭരണകാലത്തോ, അതല്ലെങ്കിൽ അതിന്റെ അവസാന പാദത്തിലോ ആയിരിക്കും വന്നിട്ടുള്ളത്. അതിനുശേഷം സത്വരമായ അമെന്റ്മെന്റ്സ് വന്നിട്ടുണ്ടെങ്കിലും ഏതൊരു മൈൻഡ്സെറ്റിലാണ് ഈ നിയമങ്ങൾ എഴുതിയിരിക്കുന്നത് എന്നുള്ളതാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഒരുപക്ഷേ കൊളോണിയൽ മൈൻഡ്സെറ്റ് അല്ലെങ്കിൽ മാനുഫാക്ചറിംഗ് രംഗത്ത് ഏറ്റവും കൂടുതൽ ആളുകൾ ജോലി ചെയ്തിരുന്ന സമയത്ത് എഴുതിയ ബില്ലുകളാണ് ഇത് ഓരോന്നും. ഇന്നത്തെ ട്രേഡ് യൂണിയൻ സംസ്കാരം കാണുകയാണെങ്കിലോ ഇൻഡസ്ട്രിയൽ മേഖല നോക്കുകയാണെങ്കിലോ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ജോലിചെയ്യുന്നത് സർവ്വീസ് മേഖലയിലാണ്. 60 ശതമാനം ജി.ഡി.പി. വരുന്നത് സർവ്വീസ് മേഖലയിൽ നിന്നാണ്. മാനുഫാക്ചറിംഗ് സെക്ടറിൽ നിന്നുള്ള വരുമാനം 20 ശതമാനത്തിൽ താഴെയാണ്. അങ്ങനെയുള്ള സമയത്ത് കാലത്തിനനുസൃതമായി ഈ നിയമങ്ങളും മാറണം എന്ന അഭിപ്രായക്കാരനാണ് ഞാൻ. മിനിമം വേജസ് ആക്ടിനെക്കുറിച്ച് പറയുമ്പോൾ നമ്മുടെ നാട്ടിലെ ലേബർ പ്രൊഫൈൽ പരിശോധിച്ചാൽ 90 ശതമാനം ആളുകളും അസംഘടിത മേഖലയിലാണ് ജോലി ചെയ്യുന്നതെന്ന് കാണാൻ സാധിക്കും. പത്ത് ശതമാനം ആളുകൾ മാത്രമാണ് സംഘടിത മേഖലയിൽ അല്ലെങ്കിൽ ഓർഗനൈസ്ഡ് സെക്ടറിൽ ജോലി ചെയ്യുന്നത്. ഇന്നുള്ള നിയമങ്ങൾ, ട്രേഡ് യൂണിയൻ ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്, വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് ഇതൊക്കെയും ആപ്ളിക്കബിൾ ആവുന്നത് കേവലം പത്ത് ശതമാനം സംഘടിത മേഖലയിലെ ആളുകൾക്കാണ്. നമ്മുടെ ചുറ്റും നോക്കിയാൽ വലിയ മാളുകളിലും ചെറിയ കടകളിലും കൺസ്ട്രക്ഷൻ സൈറ്റിലുമൊക്കെയുള്ള ആളുകളെപ്പോലെ ഇന്ത്യയിലെ 90 ശതമാനം ആളുകൾക്കും ആപ്ളിക്കബിളാകുന്ന ചില നിയമങ്ങളിലൊന്നാണ് മിനിമം വേജസ് ആക്ട്. ആക്ടിന്റെ ഡീറ്റെയിൽസ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കഴിഞ്ഞു. കേരളത്തിൽ പലയിടത്തും, മിനിമം കൂലി കൊടുക്കുന്നുണ്ടെന്ന വിശ്വാസം നമുക്കുണ്ടെങ്കിലും അതിനുള്ള രേഖകളുണ്ടെങ്കിലും പലയിടത്തും തൊഴിൽ ധ്വംസനങ്ങൾ നടക്കുന്നുണ്ടെന്നത് ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ തന്നെ ചർച്ചയിൽ പറഞ്ഞിട്ടുള്ളതാണ്. ഞാൻ എന്റെയൊരു പേഴ്സണൽ ഉദാഹരണം പറയാം. തടികുറയ്ക്കാനായി അടുത്ത കാലത്ത് എന്റെ വീടിനടുത്തുള്ള ഒരു ജിംനേഷ്യത്തിൽ ഞാൻ പോകാറുണ്ടായിരുന്നു.

അവിടത്തെ ട്രെയിനർമാരിൽ എന്റെ മണ്ഡലത്തിൽ നിന്നുള്ളവരുമുണ്ട്. അവരോട് ഓഫ്ഹാൻഡായി സംസാരിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, രാവിലെ 6.00 മണിക്ക് മുമ്പ് വന്ന് പാട്ടിന്റെ താളത്തിനൊത്ത് പരിശീലിപ്പിക്കുന്ന തിരുവനന്തപുരത്തെ വൻകിട ജിമ്മുകളിലെ മിടുക്കൻമാരായ ട്രെയിനർമാർക്ക് കിട്ടുന്ന ശമ്പളം അറിഞ്ഞാൽ നമ്മൾ ഞെട്ടും. പല ആളുകൾക്കും 5000 രൂപയിൽ താഴെയാണ് വരുമാനം. ആഴ്ചയിൽ ഒരു ദിവസം പോലും വിശ്രമമില്ലാതെ ഒമ്പത് മണിക്കൂറോളം വർക്ക് ചെയ്യുന്നവർക്കാണ് ഈ ശമ്പളം. അതുപോലെ തുണിക്കടയിലും മറ്റുമുള്ള തൊഴിൽ ധ്വംസനങ്ങൾ ഇവിടെ നേരത്തേ ചർച്ച ചെയ്തിട്ടുള്ളതാണ്. മിനിമം വേജസ് ആക്ട് ഇവിടങ്ങളിലൊക്കെ എത്രമാത്രം പ്രായോഗികമാണെന്ന് പൊതുസമൂഹം ചർച്ച ചെയ്യേണ്ടതാണ്. അതോടൊപ്പം ഈ ആക്ട് ആപ്ളിക്കബിളല്ലാത്ത ഒരു പ്രധാനപ്പെട്ട മേഖല അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സുമായി ബന്ധപ്പെട്ടതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അൺഎയ്ഡഡ് മേഖലയിലുള്ള തൊഴിൽ ധ്വംസനങ്ങളിൽ ഇടപെടുമ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്, ടി മേഖലയിൽ ജോലി ചെയ്യുന്നവർ മിനിമം വേജസ് ആക്ടിന്റെ പർവ്യൂവിൽ വരുന്നില്ല എന്നകാരണം പറഞ്ഞാണ് അവർക്ക് നീതി ലഭിക്കാതെ പോയിട്ടുള്ളത് എന്നാണ്. അതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സേവന-വേതന അവകാശ ബില്ലിലേയ്ക്കുള്ള ചർച്ചകളും നടന്നിരുന്നു. അതുസംബന്ധിച്ചും കൂടുതൽ ഊർജ്ജിതമായ ചർച്ചകൾ വരേണ്ടിയിരിക്കുന്നു. ഇവിടെ പറഞ്ഞ അമെന്റ്മെന്റുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയും സംസാരിച്ചതാണ്. അദ്ദേഹം പറഞ്ഞതുപോലെ ഇത് അൽപ്പംമുമ്പ് വരേണ്ട കാര്യങ്ങളായിരുന്നു. മിനിമം വേജസ് സംബന്ധിച്ച 10000 – ഓളം കേസുകൾ പെൻഡിംഗായി കിടക്കുന്നുണ്ട്. അതിൽ തൊണ്ണൂറു ശതമാനം കേസ്സുകളും മിനിമം വേജിന്റെ കണക്കുകൾ സംബന്ധിച്ചുള്ളതാണ്. തൊഴിൽ കമ്മീഷണറുടെ പദവിയിലുള്ള ഒരാൾക്ക് മാത്രമേ ക്ലെയിമിനുള്ള ഡിസ്പ്യൂട്ടിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ എന്നതാണ് ഇതിലെ പ്രധാന പ്രശ്നമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിലവിൽ ഒരു ലേബർ കമ്മീഷണർ മാത്രമാണുള്ളത്. 2010-ൽ കേന്ദ്ര നിയമങ്ങളിൽ വന്ന ചില മാറ്റങ്ങളുടെ ഭാഗമായാണ് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് കഴിഞ്ഞ കുറച്ചുകാലമായി ഇതിൽ പങ്കെടുക്കാൻ കഴിയാത്തത്. ഇപ്പോൾ എട്ടോളം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഈ അമെന്റ്മെന്റ് വരുന്നതോടെ കെട്ടിക്കിടക്കുന്ന പതിനായിരത്തോളം കേസ്സുകൾ പെട്ടെന്ന് തീർപ്പാക്കാൻ കഴിയുമെന്ന വിശ്വാസമുണ്ട്.

രണ്ടാമത്തെ കാര്യം, നാലാം ഉപ വകുപ്പിൽ പറയുന്നത്, ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും അപേക്ഷ കേൾക്കുന്ന അധികാരസ്ഥാനത്തിന്, ആ അപേക്ഷ ദുരുദ്ദേശ്യപരമായതോ ശല്യമുണ്ടാക്കുന്നതോ ആണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അധികാരസ്ഥാനത്തിന്, അപേക്ഷ ബോധിപ്പിക്കുന്ന ആൾ നിയോജകന് 50 രൂപയിൽ കവിയാത്ത ഒരു ദണ്ഡനത്തുക കൊടുക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ് എന്നാണ്. ആ 50 രൂപ ഇപ്പോൾ 1000 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. അതിലുള്ള ഒരു പ്രശ്നം, തൊഴിൽ നിയമങ്ങൾ മനസ്സിലാക്കാതെ നല്ല ഉദ്ദേശത്തോടെ ഒരു തൊഴിലാളിയോ,

തൊഴിൽ സംഘടനയോ കേസ് കൊടുക്കുകയാണെങ്കിൽ, അത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ, സാധാരണക്കാരായ കശുവണ്ടിത്തൊഴിലാളികളോ, തുണിക്കടയിലുള്ള കുട്ടികളോ, കയർ മേഖലയിലുള്ളവരോ ആരെങ്കിലുമാകട്ടെ നിയമത്തിലുള്ള അജ്ഞതമൂലം കേസുകൊടുക്കുകയാണെങ്കിൽ അവരുടെ പക്കൽനിന്നും 1000 രൂപ ഈടാക്കുന്നത് സ്വല്പം കടുത്ത നടപടിയല്ലേ എന്ന ചോദ്യം എനിക്കുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോൾ ഇക്കാര്യങ്ങൾകൂടി പരിഗണിച്ചാൽ നല്ലതായിരുന്നു എന്ന അഭിപ്രായം അറിയിക്കുകയാണ്.

മിനിമം വേജസ് ആക്ടിൽ 22-ാം വകുപ്പിൽ പറയുന്ന ഒരു കാര്യം, 'ഏതെങ്കിലും ജോലിക്കാരന് ആ ജോലിക്കാരന്റെ പ്രവൃത്തിയുടെ തരം പ്രവൃത്തിക്ക് നിജപ്പെടുത്തിയിട്ടുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്കുകളിലും കുറവായോ, അല്ലെങ്കിൽ തെറ്റായോ കൊടുക്കുകയാണെങ്കിൽ, ഇത്രയും കാലം 500 രൂപയായിരുന്നു പിഴശിക്ഷ ഈടാക്കിയിരുന്നത്, അത് ഇപ്പോൾ പത്തിരട്ടിയാക്കി, 5000 രൂപയായി വർദ്ധിപ്പിച്ച് തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ 500 രൂപ എന്നത് ഈ നിയമം ഫ്രെയിം ചെയ്ത സമയത്ത് ഒരു വലിയ എമൗണ്ട് ആയിരുന്നിരിക്കാം. എന്നാൽ ഇന്ന് ഒരു തൊഴിൽ സ്ഥാപനത്തിന് 5000 രൂപ എന്നത് ഒരു ചെറിയ തുകയാണ്. ഇങ്ങനെയൊരു തെറ്റ് ചെയ്താലും ആ തൊഴിൽ സ്ഥാപനയുടമയ്ക്ക് ഇതിൽ നിന്നും skulk ചെയ്തു പോകാം എന്നുള്ളതിൽ തെറ്റില്ലേ എന്ന അഭിപ്രായം എനിക്കുണ്ട്. ഒരു സ്ഥലത്ത് 50 രൂപ എന്നത് ഇരുപതിരട്ടിയാക്കി 1000 രൂപ സാധാരണക്കാരനിൽ നിന്ന് വാങ്ങിക്കാൻ പറയുന്നു. അതേ സമയത്ത് 500 രൂപ എന്നത് പത്തിരട്ടിയാക്കി 5000 രൂപ ആക്കുകയാണ് ചെയ്തിട്ടുള്ളത്. എന്റെ അഭിപ്രായം 5000 രൂപ എന്നത് കാലത്തിന് ആനുപാതികമായി പതിനായിരമോ പതിനയ്യായിരമോ അതിൽ കൂടുതലോ ആയി വർദ്ധിപ്പിക്കണമെന്നുള്ളതാണ്. ഇത് കാലാനുസൃതമായ രീതിയിൽ വർദ്ധിപ്പിക്കണം. വേജ് പ്രൊഡക്ഷൻ സിസ്റ്റവും മറ്റും ഓൺലൈനായതുകൊണ്ട് കാര്യങ്ങളൊക്കെ പെട്ടെന്ന് നടത്തുവാനുള്ള ശ്രമം നടക്കുന്നുണ്ട്. 5000 രൂപ എന്നത് ചെറിയ തുകയാണ്, അതിന്റെ പീനലൈസേഷൻ തുക അതിൽ കൂടുതലാക്കണമെന്ന ഒരഭിപ്രായം മുന്നോട്ടുവയ്ക്കുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ജിംനേഷ്യം മുതൽ ടെക്സ്റ്റൈൽ ഷോപ്പ് വരെയുള്ള തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവർക്കുള്ള വേതനം വളരെ കുറവാണെന്നും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേരളത്തിൽ പഞ്ചനക്ഷത്ര സൗകര്യങ്ങളുള്ള ആശുപത്രികളും സാധാരണ ആശുപത്രികളും താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ആശുപത്രികളും ഉണ്ട്. ഈ ആക്ട് നിലവിൽ വരുമ്പോൾ പഞ്ചനക്ഷത്ര ഹോസ്പിറ്റലുകളിൽ ഈടാക്കുന്ന വലിയ ബില്ലുകൾ അവർ രോഗികളോടാണ് വാങ്ങുന്നത്. വലിയ ബില്ലുകൾ വാങ്ങുന്നവരെ സംബന്ധിച്ച് ബുദ്ധിമുട്ട് ഉണ്ടാകില്ല. പക്ഷേ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അപ്രോച്ച്

ചെയ്യാൻ പറ്റുന്ന മീഡിയം ടൈപ്പിലും താഴെത്തട്ടിലുമുള്ള ആശുപത്രികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ നിയമം ബാധകമാകുന്നതോടുകൂടി ഇവരെല്ലാം ഒരേ സ്കെയിലിൽ വേതനം കൊടുക്കേണ്ടതായി വരും. അപ്പോൾ അതിന്റെ സ്ഥിതി എന്താകും? ഈ തുക അവിടെ പോകുന്ന രോഗികളിൽനിന്നും ഈടാക്കുകയാണ് ഉടമകൾ ചെയ്യുന്നത്. ഈ പണം ആ ആശുപത്രി മുതലാളിയുടെ കയ്യിൽനിന്നും കൊടുക്കില്ല. ഈ പണം രോഗികളിൽനിന്നും പിഴിഞ്ഞ്, ബില്ല് കൂട്ടി ആശുപത്രി ഉടമ ജോലിക്കാർക്ക് കൊടുക്കേണ്ടതായി വരും. സാധാരണക്കാരനായ ഒരാൾ അയാളുടെ ജീവൻ രക്ഷിക്കാൻവേണ്ടി കിട്ടുന്ന ആശുപത്രികളിലേയ്ക്ക് പോകുകയാണ് ചെയ്യാറുള്ളത്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അപ്രോച്ച് ചെയ്യാൻ പറ്റുന്ന പല ആശുപത്രികളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, അത്യാധുനിക സൗകര്യങ്ങളോടെ, വളരെ ലക്ഷ്വറിയോടുകൂടി പ്രവർത്തിക്കുന്ന ആശുപത്രികളുമുണ്ട്. മീഡിയം ആശുപത്രികളിലും താഴെത്തട്ടിലുള്ള ആശുപത്രികളിലും സാധാരണക്കാർക്ക് അപ്രോച്ച് ചെയ്യാൻ പറ്റുന്ന ഏത് രീതിയിലുള്ള ഭേദഗതിയാണ് കൊണ്ടുവരാൻ കഴിയുന്നതെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, വളരെ പ്രസക്തമായൊരു പോയിന്റാണ് അദ്ദേഹം സൂചിപ്പിച്ചത്. ആശുപത്രികളുടെ കാര്യം ഞാൻ വിട്ടുപോയതാണ്. പതിനായിരത്തോളം കേസ്സുകൾ കെട്ടിക്കിടക്കുന്ന കാര്യം ഞാൻ പറയുകയുണ്ടായി. അതിൽ ഭൂരിഭാഗം പങ്കും ചെറുകിട ആശുപത്രികൾക്കും നേരത്തെ പറഞ്ഞതുപോലുള്ള ആശുപത്രികളുടെ നേർക്കുതന്നെയാണ് വിരൽ ചൂണ്ടുന്നത്. എത്ര ചാർജ്ജും ഫീസും കൂട്ടിയാലും അത് എത്രമാത്രം താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലെ സാധാരണക്കാരായ നഴ്സുമാർക്കോ, അവിടത്തെ ജീവനക്കാർക്കോ കിട്ടുന്നുണ്ട് എന്നുള്ള കാര്യത്തിൽ പല സ്ഥാപനങ്ങളും വ്യക്തത നൽകാറില്ല. വസ്ത്രസമുച്ചയങ്ങൾ, ജിംനേഷ്യം, ചെറുകിട/വൻകിട ആശുപത്രികൾ, അൺ-എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഉൾപ്പെടെയുള്ളവയെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി.

മറ്റൊരു പ്രധാന മേഖല കലാകാരന്മാരുടേതാണ്. അത് സ്പർശിക്കാതെ പോകുന്നത് ശരിയല്ല. നാടകം, സിനിമ തുടങ്ങിയ രംഗത്ത് പ്രവർത്തിക്കുന്നവർക്കും ഇതുപോലുള്ള മിനിമം വേതനത്തിന്റെ പ്രശ്നങ്ങളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കലാകാരന്മാരെക്കുറിച്ചൊക്കെ എപ്പോഴും സംസാരിക്കുന്ന ഒരാളാണ് ബഹുമാനപ്പെട്ട മന്ത്രി. ഇക്കാര്യത്തിൽ അങ്ങയുടെ താൽപ്പര്യംകൂടി കേൾക്കാൻ എനിക്ക് ആഗ്രഹമുണ്ട്.

അവസാനമായി പറയാനുള്ളത് ലേബർ ബില്ലുകൾ സംബന്ധിച്ചാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്, മിനിമം വേജസ് ആക്ട് ഇവയൊക്കെ ചർച്ച ചെയ്യുന്നതിന്റെ കാരണം ഇത് കൺകറന്റ് ലിസ്റ്റിലുള്ളതുകൊണ്ടാണ്. കേന്ദ്രസർക്കാർ ചില നിയമങ്ങൾ കാലാകാലങ്ങളിൽ മാറ്റിക്കൊണ്ടിരിക്കും. ഇവ കൺകറന്റ് ലിസ്റ്റിൽ പെട്ടതായതുകൊണ്ട് ഓരോ സ്റ്റേറ്റുകൾക്കും അതിന്റെ മാറ്റങ്ങൾ വരുത്താൻ കഴിയും. ഒരേ കാര്യത്തിൽ ഒന്നിലധികം അധികാരികളുടെ നിയന്ത്രണം വരുന്നതുകൊണ്ട് കൺകറന്റ് ലിസ്റ്റിലുള്ള തൊഴിൽ നിയമം സംബന്ധിച്ച് വലിയ കൺഫ്യൂഷനുണ്ട്

എന്ന കാര്യം നാം മനസ്സിലാക്കണം. നമ്മുടെ കയ്യിലുള്ളതല്ലെങ്കിലും ഇതുപോലുള്ള കാര്യങ്ങൾ കൺകറന്റ് ലിസ്റ്റിൽനിന്നും മാറ്റി സംസ്ഥാന ലിസ്റ്റിലേയ്ക്ക് കൊണ്ടുവരികയാണെങ്കിൽ കൂടുതൽ എളുപ്പത്തിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടാകുമെന്നുള്ളതാണ് എന്റെ വിശ്വാസം. ഈ ബിൽ പാസ്സാകുന്നതോടുകൂടി കൂടുതൽ കർക്കശമായി എല്ലാ തലത്തിലും എല്ലാ തരത്തിലുമുള്ള തൊഴിൽ സ്ഥാപനങ്ങളിലും ഇതിന്റെ മോണിറ്ററിംഗും ഇംപ്ലിമെന്റേഷനും നടക്കാൻ കഴിയട്ടേ എന്നുപറഞ്ഞുകൊണ്ട് ഞാൻ ചർച്ച അവസാനിപ്പിക്കുകയാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഏറ്റവും കാലിക പ്രാധാന്യമുള്ള ഈ വിഷയത്തിൽ സംസാരിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം ഞാൻ ആദ്യം രേഖപ്പെടുത്തുകയാണ്. ഇന്ന് എനിക്ക് മുമ്പ് സംസാരിച്ച അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ, 1948-ൽ ഇതുപോലൊരു കേന്ദ്രനിയമം വന്നിട്ടുണ്ടെങ്കിലും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളേയും എടുത്തുനോക്കിയാൽ, ഏറ്റവും കുറഞ്ഞ കൂലി കൊടുക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഒരുപാട് മുന്നിലാണ്. എന്നാൽ ഈ കേന്ദ്രനിയമത്തെ കാറ്റിൽപ്പറത്തിക്കൊണ്ട് ഇന്ന് നമ്മുടെ നാട്ടിലെ തൊഴിലാളികൾ, വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ വിവരണാതീതമാണെന്ന് കാണാൻ സാധിക്കും. കേരളത്തിലെ തൊഴിൽ നിയമങ്ങളിൽ നിർദ്ദിഷ്ട സേവന-വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നുള്ള ആശങ്ക ഈ അവസരത്തിൽ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മിനിമം വേജ് കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നന്നായി നടപ്പാക്കുന്നുണ്ടെങ്കിൽപ്പോലും എല്ലാ മേഖലകളും എടുത്തുനോക്കുമ്പോൾ കേരളത്തിന്റെ സ്ഥിതി ഒരുപാട് വ്യത്യസ്തമല്ല. നിയമപരിഷ്കാര കമ്മീഷനെപോലെ ഒരുപാട് കമ്മീഷനുകൾ നമുക്കുണ്ട്. ഏത് മേഖലയിലെ പ്രശ്നങ്ങളെടുത്ത് ചർച്ച ചെയ്താലും നിയമങ്ങളുടെ കുറവുകൊണ്ടല്ല ഇത്തരത്തിലുള്ള അസമത്വം ഉണ്ടാകുന്നത്. നിയമങ്ങളുടെ ഇംപ്ലിമെന്റേഷൻ സ്റ്റേജിലുള്ള പ്രശ്നങ്ങളാണ് പലപ്പോഴും ഇതുപോലുള്ള അടിസ്ഥാനപരമായ കാര്യങ്ങൾക്ക് കാരണമാകുന്നത്. 1948-ൽ കേന്ദ്രത്തിൽ ഇതുപോലൊരു നിയമം പാസ്സാക്കുമ്പോൾ, 1957-ലും പിന്നീട് 1960-ലും കേരളത്തിൽ അതിന്റെ അമെന്റ്മെന്റ് വരുമ്പോഴൊക്കെ ഉണ്ടായിരുന്ന സാമൂഹ്യപശ്ചാത്തലത്തിൽ നിന്നും വളരെ വ്യത്യസ്തമാണ് നമ്മുടെ നാട് ഇന്നനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ. ഇപ്പോൾ തൊഴിലുമായി ബന്ധപ്പെട്ട് മൈഗ്രേറ്റ് ചെയ്യപ്പെടുന്നവരുടെ എണ്ണം വളരെയധികം വർദ്ധിച്ചിരിക്കുന്ന കാലഘട്ടത്തിലാണ് മിനിമം വേജസിനെപ്പറ്റി ചർച്ച ചെയ്യുന്നത്. പുതിയ തൊഴിൽ തേടി ആളുകൾ വിദേശത്ത് പോകുകയും തിരിച്ച് കേരളത്തിലേയ്ക്ക് തൊഴിൽതേടി വരികയും ചെയ്യുന്നുണ്ട്. തൊഴിൽ തേടി വിദേശത്ത് പോകുന്നവർക്ക് ഏറ്റവും

മെച്ചപ്പെട്ട വേതനം കിട്ടുന്നതും അല്ലെങ്കിൽ കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്നതുമൊക്കെയാകാം ആളുകൾ കൂടുതലായി അവിടേയ്ക്ക് പോകുന്നത്. എന്നാൽ ഇന്ന് നമ്മൾ ഈ ഭേദഗതി ചർച്ച ചെയ്യുമ്പോൾ മനസ്സിലാക്കേണ്ടത് വിദേശരാജ്യങ്ങളിലെ ചില തൊഴിൽ നിയമങ്ങളിൽ വരുന്ന വലിയ മാറ്റങ്ങളെ കുറിച്ചാണ്. ഉദാഹരണമായി, നിതാഖാത്ത് പോലുള്ള പ്രശ്നങ്ങളിലൂടെ നിരവധി ആളുകൾ കേരളത്തിലേയ്ക്ക് തിരിച്ചുവരുന്നുണ്ട്. അവർക്കുകൂടി തൊഴിൽ ഉറപ്പാക്കി, അവരുടെകൂടി സുരക്ഷിതത്വം ഉറപ്പാക്കണമെന്നുള്ള ഘട്ടത്തിലാണ് ഈ ബില്ലിന്റെ ഭേദഗതി ചർച്ച ചെയ്യുന്നത്. പണ്ടൊക്കെ തൊഴിൽ നിയമങ്ങളും അതിലെ വ്യവസ്ഥകളും തൊഴിലാളികളെ മാത്രമായിരുന്നു ബാധിക്കുന്നതെങ്കിൽ ഇന്ന് അത് വലിയ സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. അമേരിക്കയിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പു പോലും ലോകത്താകെ വലിയ ചർച്ച നടന്നതാണ്. റൊണാൾഡ് ട്രംപ് അധികാരത്തിൽ വന്നശേഷം അദ്ദേഹം ഭയങ്കരമായി പ്രാദേശിക വാദമുന്നയിച്ചുകൊണ്ട്, അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ വേണ്ടിയുള്ള തീരുമാനങ്ങൾ, ഔട്ട്സോഴ്സിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ, അമേരിക്കയുടെ പുറത്തുള്ള അമേരിക്കൻ കമ്പനികളുടെ പ്രവർത്തനത്തിന് നിയന്ത്രണം കൊണ്ടുവരാൻ ശ്രമിക്കുന്നതടക്കമുള്ള കാര്യങ്ങൾ, ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മുടെ നാടിനെയും ബാധിക്കുന്നുണ്ട്. അത്തരം വിഷയങ്ങൾകൂടി ചർച്ച ചെയ്തുപോകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അടുത്ത കാലത്തിറങ്ങിയ ചില കണക്കുകൾ സൂചിപ്പിക്കുന്നത്, 36,52,845 പേരാണ് കേരളത്തിൽനിന്നുള്ള വിദേശ കുടിയേറ്റക്കാർ എന്നാണ്. ഏഴ് ലക്ഷത്തിലധികം പേർ ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. തിരികെ വരുന്നവരും ഒട്ടും കുറവല്ല. ഇപ്പോൾ 12.5 ലക്ഷത്തിലധികം ആളുകൾ നമ്മുടെ നാട്ടിലേയ്ക്ക് വിദേശങ്ങളിൽ നിന്നും തിരിച്ചുവരുന്നു. ഇതരസംസ്ഥാനങ്ങളിൽപ്പോയി തിരിച്ചുവന്ന ഏകദേശം 4 ലക്ഷത്തോളം ആളുകളുണ്ട്. അടുത്ത കാലത്ത് സി.ഡി.എസ്.-ന്റെ ആഭിമുഖ്യത്തിൽ കെ.എം.എസ്. (കേരള മൈഗ്രേഷൻ സർവ്വേ)-യിൽ വന്നിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട വിവരങ്ങളാണിത്.

മി. സ്പീക്കർ: കാര്യവിവരപ്പട്ടികയിലെ നടപടിക്രമം അനുസരിച്ച് ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2017-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളുമാണ്. ആയതിനാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചർച്ച ധനവിനിയോഗ ബിൽ ചർച്ചയ്ക്കുശേഷം തുടരാവുന്നതാണ്.

## (2) 2017-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. എം. നൗഷാദ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. പുതിയ കാലത്തിന്റെ വെല്ലുവിളികളെ വിജയകരമായി നേരിടാൻ കേരളത്തെ പ്രാപ്തമാക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. പ്രതിഭാധനനായ ധനകാര്യ മന്ത്രിയുടെ, ഭാവനാസമ്പന്നനായ ധനകാര്യ വിദഗ്ദ്ധന്റെ, ജനപക്ഷ സാമ്പത്തിക ശാസ്ത്രത്തിന്റെ കൊടിപ്പട ഉയർത്തിപ്പിടിക്കാൻ ഉൾക്കണ്ണുള്ള ഒരു കമ്മ്യൂണിസ്റ്റിന്റെ ധീരവും സാഹസികവും അസാധാരണവുമായ കാഴ്ചപ്പാടുകളുടെ സമന്വയമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ്. ഈ ബഡ്ജറ്റ് കേരളത്തിന് പുതിയ ആകാശവും പുതിയ ഭൂമിയും സമ്മാനിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ബഡ്ജറ്റ് നമ്മുടെ സംസ്ഥാനത്തെ പുതിയ വികസനങ്ങളിലേയ്ക്കുയർത്തും, കുതിപ്പിന് പുതിയ കുതിരശക്തി പകരും, പ്രകാശനിർഭരമായ ഒരു ഭാവിയിലേയ്ക്ക് കേരളത്തെ നയിക്കും. അങ്ങനെയൊരു നവകേരള സൃഷ്ടിക്കായി നായകത്വം വഹിക്കുന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിലെ പ്രതിഭയുടെ പ്രകാശ ഗോപുരമായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ എതിർക്കുക എന്നുപറഞ്ഞാൽ പ്രതിപക്ഷം സത്യത്തെ മൂടിവയ്ക്കുകയാണ് ചെയ്യുന്നത്. അവരോട് എനിക്ക് പറയാനുള്ളത്, യോഹന്നാന്റെ സുവിശേഷത്തിലെ 7-ാം അദ്ധ്യായത്തിലെ 34-ാം വാക്യത്തിൽ പറയുന്നതുപോലെ "പാപം ചെയ്യുന്നവർ പാപത്തിന്റെ അടിമകളാണ്" എന്നാണ്. ഈ ബഡ്ജറ്റിനെ എതിർക്കുക എന്നുപറഞ്ഞാൽ അത് പാപം ചെയ്യുന്നതിന് തുല്യമാണ്. ബഡ്ജറ്റിനെ എതിർക്കുന്നവർ പാപത്തിന്റെ അടിമകളാണ്. ഇവിടെ ബഡ്ജറ്റിനെ എതിർക്കുന്നവർ മറുഭാഗത്ത് നിൽക്കുന്നവരാണെന്ന് സൂചിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് നിലവിൽ ഒരു സാമ്പ്രദായിക രീതിയുണ്ട്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പലപ്പോഴും എം.ടി.-യെ ഉദ്ധരിച്ചു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സണ്ണി ജോസഫ്)

എം.ടി.-യുടെ രീതിയും ഇതും തമ്മിൽ വളരെ സാമ്യമുണ്ട്. സാമ്പ്രദായിക രീതിയിൽനിന്നും വ്യത്യസ്തമായി മലയാള കഥയെ പുതിയ വിഹായസ്സുകളിലേയ്ക്ക് മാറ്റിയ, പുതിയൊരു കഥാരൂപം നമുക്ക് നൽകിയ മഹാനാണ് എം.ടി. അതുപോലെ സാമ്പ്രദായികമായ ബഡ്ജറ്റ് അവതരണ രീതിയിൽനിന്നും വ്യത്യസ്തമായി ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന പുതിയൊരു അവതരണ രീതിയാണ് ഈ ബഡ്ജറ്റിലുള്ളത്. നിലവിലുള്ളത് ചെലവഴിക്കലല്ല ബഡ്ജറ്റ്, ഉണ്ടാക്കി ചെലവഴിക്കലാണ്. ആ രീതിയിൽ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വിഭവസമാഹരണം എങ്ങനെ നടത്തണമെന്ന് വളരെ കൃത്യമായി ഹോംവർക്ക് ചെയ്ത് മനസ്സിലാക്കി ജനക്ഷേമകരമായ ബഡ്ജറ്റാണ് അവതരിപ്പിക്കപ്പെട്ടത്. ആ ബഡ്ജറ്റിനെ ഇവിടെ ചിലർ കിഫ്ബി ബഡ്ജറ്റെന്ന് ആക്ഷേപിച്ചു. ആക്ഷേപിച്ചവരെല്ലാംതന്നെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ വർക്കിന്റെ പേരുംപറഞ്ഞ് നാട്ടിൽ ഫ്ലക്സ് വച്ചവരാണ്. ഇവർക്ക് ഇരട്ട മുഖമാണ്. നാട്ടിലൊരു മുഖം, സഭയ്ക്കകത്ത് മറ്റൊരു മുഖം. അവർ എന്നും സത്യത്തിനെതിരെ മുഖം തിരിച്ചുനിൽക്കുന്നവരാണ്. നമുക്ക് കടമെടുക്കുന്നതിനും റവന്യൂ കമ്മിക്കും പരിധിയുണ്ട്. അതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിലൊരു ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴെല്ലാം എടുത്തുപറയത്തക്കവിധത്തിലുള്ള നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം, സാക്ഷരത, കുടുംബശ്രീ, ജനകീയാസൂത്രണം തുടങ്ങി ജനങ്ങളുടെ മനസ്സിൽ പതിഞ്ഞ ആശയങ്ങൾ നടപ്പിലാക്കിയ ഗവൺമെന്റാണിത്. ഇപ്പോൾ കിഫ്ബി എന്ന പുതിയൊരാശയം നടപ്പാക്കുന്നു. ജനകീയാസൂത്രണത്തെക്കുറിച്ചും കുടുംബശ്രീയെ കുറിച്ചും ഭൂപരിഷ്കരണ നിയമത്തെക്കുറിച്ചും പഠിക്കാൻ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടേയ്ക്ക് ആളുകൾ വന്നതുപോലെ കിഫ്ബിയെക്കുറിച്ച് പഠിക്കാനും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടേയ്ക്ക് ആളുകൾ വരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നിർഭാഗ്യവശാൽ അങ്ങനെ പഠിക്കാൻ വരുന്നവരുടെ കൂട്ടത്തിൽ കോൺഗ്രസ്സ് ഉണ്ടാകില്ല എന്നോർക്കുമ്പോൾ വിഷമമുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൽ നിന്നും രാഹുൽ ഗാന്ധിയിലേയ്ക്ക് എത്തുമ്പോൾ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സത്യത്തിനോട് എന്നും മുഖം തിരിച്ചേ നിന്നിട്ടുള്ളൂ. ഇന്ത്യയുടെ ഹൃദയഭൂമിയായ യു.പി.-യിൽ 366 സീറ്റിലുണ്ടായിരുന്നവർ 7 സീറ്റിലേയ്ക്ക് ഒതുങ്ങി. ഇത് മുങ്ങുന്ന കപ്പലാണെന്ന സത്യം

മനസ്സിലാക്കി ഇപ്പോൾ പലരും ഈ കപ്പലിൽനിന്ന് ചാടി രക്ഷപ്പെടാൻ തുടങ്ങി. അതിൽ ഒന്നാമനാണ് കേരളത്തിലെ കെ.പി.സി.സി. പ്രസിഡന്റായിരുന്ന ശ്രീ. വി. എം. സുധീരൻ, അദ്ദേഹം ചാടി. അതോടൊപ്പം കൂടെ നിൽക്കുന്ന ഒരാൾ കൂടി ചാടാൻ പോകുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. ഇനി കേരളത്തിൽ യു.ഡി.എഫ്. എന്ന സംവിധാനത്തിൽ തുടർന്നിട്ട് യാതൊരു രക്ഷയുമില്ലെന്ന് മനസ്സിലാക്കിയിട്ടാണ് ഇവർ പുതിയ മേഖലകൾ കണ്ടെത്താൻ പരിശ്രമിക്കുന്നത്. അതും ഒരു ഭാഗ്യപരീക്ഷണ ത്തിലേയ്ക്കാണ് പോകുന്നത്. ഭാഗ്യപരീക്ഷണമായാലും വേണ്ടില്ല ഇതിൽ നിന്നിട്ട് ഒരു രക്ഷയുമില്ലെന്ന് അവർക്ക് ഉറപ്പായിക്കഴിഞ്ഞു. അതുപോലെ ഈ ബഡ്ജറ്റിനെ എതിർക്കുമ്പോൾ, ഇതിലെ യഥാർത്ഥ വസ്തുത എന്താണ്? സാമൂഹ്യമായ മാറ്റങ്ങൾക്കു വേണ്ടി വാദിക്കുന്നവർ സാമൂഹിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട്, വിശിഷ്യാ പത്തര ശതമാനം ജനസംഖ്യയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി ബഡ്ജറ്റ് വിഹിതത്തിന്റെ 12 ശതമാനമാണ് മാറ്റിവച്ചിട്ടുള്ളത്. ഇവിടെ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, ഇന്ത്യയിലൊട്ടാകെ 25.2 ശതമാനം ജനസംഖ്യയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി 11 ശതമാനമാണ് മാറ്റിവച്ചത്. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ബി.ജെ.പിയും കോൺഗ്രസ്സും തമ്മിലുള്ള വ്യത്യാസം. ബി.ജെ.പി.യും കോൺഗ്രസ്സും ഇരുമെയ്യാണെങ്കിലും മനമൊന്നായി മരണം വരെയും പോകണമെന്നാണ് വിചാരിക്കുന്നത്. അവർ അങ്ങനെതന്നെ തുടരുകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ ദിവസം തെരഞ്ഞെടുപ്പുഫലം വന്നപ്പോൾ ഇന്നലെ ബി.ജെ.പി.-യിൽ ചേർന്നത്. എന്തൊരു തൊലിക്കട്ടിയാണ്, അത് അങ്ങനെയാണ്. അമ്മ മനസ്സ് എന്ന് നമ്മൾ കേട്ടിട്ടുണ്ട്, എന്നാൽ ഇവരുടെ മനസ്സ് സംഘി മനസ്സാണ്. ആ സംഘി മനസ്സിന്റെ തെളിവാണ് കഴിഞ്ഞ ദിവസം ശ്രീ. കെ. വി. അബ്ദുൾ ഖാദറിനെതിരായി ഇവിടെ നടത്തപ്പെട്ട പരാമർശം. ഉള്ളിലുള്ളതല്ലേ പുറത്ത് വരികയുള്ളൂ. അതിന്റെ ഭാഗമായാണ് അങ്ങനെ വന്നുപോയത്. അതുപോലെ തന്നെയാണ് മുഖ്യമന്ത്രിക്കെതിരെ ആക്രോശിക്കാൻ പ്രേരിപ്പിക്കുന്നതും. തെരഞ്ഞെടുപ്പ് സമയത്ത് സഹായിച്ചതിന്റെ പ്രതിഫലം തിരിച്ചു നൽകണ്ടേ? അതിന്റെ ഭാഗമായാണ് അത്തരത്തിൽ മുഖ്യമന്ത്രിയോടുപോലും വിരൽ ചൂണ്ടി ആക്രോശിക്കുന്ന രീതിയിൽ വിധേയത്വം പ്രകടിപ്പിക്കുന്ന തരത്തിലേയ്ക്ക് അവർ മാറിയത്. കഴിഞ്ഞ അഞ്ച് വർഷം ഇവിടെ എന്താണ് നടന്നുകൊണ്ടിരുന്നത്? ബോബനും മോളിയും കളിക്കുന്നതുപോലെ സരിതയും ശാലുവും കളിച്ചു. നിയമന നിരോധനം നടപ്പിലാക്കി.

സംസ്ഥാനത്ത് ബഡ്ജറ്റ് അവതരിപ്പിച്ച് 1200 കോടി രൂപ കൃഷിക്ക് മാറ്റി വച്ചു. മുൻകാലങ്ങളിലുണ്ടായിരുന്നവർ ബഡ്ജറ്റിനെത്തന്നെ കൃഷിയാക്കിയവരാണ്. അവർക്ക് ബഡ്ജറ്റ് ഒരു കൃഷിയായിരുന്നു. 'ലൈഫ്' പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നു.

അവർ നടപ്പിലാക്കിയത് സീറോ ലാൻഡ് എന്ന പദ്ധതിയാണ്. വന്നവരോടെല്ലാം പറഞ്ഞത് "അന്നേ പറഞ്ഞില്ലേ സീറോ ആണെന്ന്" എന്നാണ്. ഞങ്ങളുടെ നാട്ടിലൊരു ചൊല്ലുണ്ട്. വിവാഹാലോനയുമായി പെൺവീട്ടിൽ ചെന്ന് സ്ത്രീധനവുമായി ബന്ധപ്പെട്ട് പറയുമ്പോൾ " 15 പവനും ഒരു ലക്ഷം രൂപയും, ഈ പറഞ്ഞതേ ഉള്ളൂ" എന്നുപറയും. പിന്നെ ചോദിക്കുമ്പോൾ പറയും "അന്നേ പറഞ്ഞതല്ലേ, പറഞ്ഞതേ ഉള്ളൂ" എന്ന്. അതുപോലെ വന്നവരെ വലിയൊരു സീറോ കാണിച്ച് വട്ടപൂജ്യമാക്കി വിട്ടതിൽനിന്ന് വ്യത്യസ്തമായി ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന, പറഞ്ഞത് നടപ്പിലാക്കുന്ന ഗവൺമെന്റാണിത്. സംസ്ഥാനത്ത് നിയമന നിരോധനമായിരുന്നു നിലനിന്നിരുന്നതെങ്കിൽ ഈ ഗവൺമെന്റ് പതിനായിരക്കണക്കിന് ആളുകൾക്കാണ് നിയമനം നൽകിയത്.

മുൻകാലങ്ങളിൽ ഇത്തരത്തിൽ യുവാക്കളെ വഞ്ചിക്കുകയായിരുന്നുവെങ്കിൽ ഇന്ന് ആ യുവജനതയെ മുന്നിൽക്കണ്ട്, അവരെ നാടിന്റെ വികസനത്തിന്റെ പങ്കാളികളാക്കാനും ഈ ഗവൺമെന്റിന്റെ ഭാഗമാക്കാനും ഉണ്ടായിരുന്ന തസ്തികകളിൽ മാത്രം നിയമനം നടത്താതെ പുതിയ തസ്തികകൾ സൃഷ്ടിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്. ഈ ഗവൺമെന്റ് ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തി. ഗവൺമെന്റിന്റെ മനസ്സ് ഭിന്നശേഷിക്കാരോടും യുവാക്കളോടും പെൻഷൻ വാങ്ങുന്നവരോടുമാണെങ്കിൽ യു.ഡി.എഫ്.-ന് സംഘി മനസ്സാണ്. അതാണ് വ്യത്യാസം. ആ വ്യത്യാസം ഇവിടത്തെ ജനങ്ങൾ കാണുന്നുണ്ട്, അതവർ തിരിച്ചറിയുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഈ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന ഹരിത കേരളം പദ്ധതിയും ദീർഘവീക്ഷണത്തോടെയുള്ള വിദ്യാഭ്യാസ മേഖലയുമുണ്ട്. ചരിത്രത്തിലാദ്യമായി സ്കൂളുകളിൽ അദ്ധ്യയന ആരംഭത്തിൽത്തന്നെ പുസ്തകമെത്തിയെന്നത് ആരും പരാമർശിക്കാത്ത കാര്യമാണ്. ഇപ്പോൾ ആരും "എന്റെ റബ്ബേ" എന്ന് വിളിക്കുന്നില്ല. അത്തരത്തിൽ നെഞ്ചത്ത് കൈവച്ച് രക്ഷിതാക്കൾ വിളിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തി പുതിയ മേഖല തുറന്നിരിക്കുകയാണ്. കോട്ടയത്തുവച്ച് എസ്.എഫ്.ഐ.-യുടെ ജില്ലാ പ്രസിഡന്റ് അരുണിനെയും സച്ചി സദാനന്ദനെയും മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ച യൂത്ത് കോൺഗ്രസ്സുകാരാണ് സദാചാരത്തെയും അക്രമത്തെയുംക്കുറിച്ച് പറയുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....സമയം പാലിക്കണം.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ അവസാനിപ്പിക്കാം. സ്ത്രീവിരുദ്ധതയെ കുറിച്ച് പറയുമ്പോൾ വിദ്യാർത്ഥി സംഘടനാ പ്രവർത്തകനായിരുന്ന കാലത്തെ കെ.എസ്.യു.-വിന്റെ ഒരു സമ്മേളനത്തെക്കുറിച്ചാണ് എനിക്ക് ഓർമ്മ വരുന്നത്.

മി. ചെയർമാൻ: പ്ലീസ്... സമയം കൃത്യമായി പാലിക്കണം.

ശ്രീ. എം. നൗഷാദ്: ഞാൻ ഈ പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കെ.എസ്.യു.-വിന്റെ നേതാവും ശ്രീ. പി. ടി. തോമസ് സംസ്ഥാന നേതാവുമായിരുന്ന കാലത്ത് നാഗ്പൂരിൽ ഒരു സമ്മേളനം നടത്തിയിരുന്നു. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. പി. ടി. തോമസുമൊക്കെ നേതൃത്വം നൽകിയ സമ്മേളനം അന്നത്തെ ജനങ്ങൾ മറന്നിട്ടില്ല. അന്നത്തെ വിദ്യാർത്ഥികളും അവരുടെ മക്കളുമൊക്കെ ഇന്ന് ഈ സമൂഹത്തിലുണ്ട്. അവിടെ നിന്നും കൊട്ടുത്തുവിട്ടതാണ് സ്ത്രീകളോടുള്ള അക്രമം. അവിടെ പരസ്യമായി സ്ത്രീകളെ ആക്രമിച്ചു തുടങ്ങിയതാണ്. അതിന്റെ സന്തതികൾ ഇന്നും കേരളത്തിലുണ്ട്. സ്ത്രീകളെ സംരക്ഷിക്കുന്നതിനുവേണ്ടി കൃത്യമായ നടപടി സ്വീകരിക്കുന്ന ഗവൺമെന്റാണ് ഇവിടെയുള്ളത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...ധനവിനിയോഗ ബില്ലിന്റെ ചർച്ച 1.30-ന് അവസാനിപ്പിക്കേണ്ടതാണ്.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് അവതരിപ്പിക്കപ്പെട്ട ധനവിനിയോഗ ബില്ലിനെ സർവ്വാത്മനാ പിന്തുണച്ചു കൊണ്ട് നിർത്തുന്നു.

ശ്രീ. അനിൽ അക്കര: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. നമ്മുടെ നാട്ടിൽ കുറച്ചുനാൾ മുമ്പ് കിണറ്റിലൊരു കുട്ടി വീണത് കാണാൻ കുറച്ചാളുകൾ കൂടുകയും അതിൽനിന്ന് ഒരാൾ പെട്ടെന്ന് അഞ്ചടി വെള്ളമുള്ള ആ കിണറ്റിലേയ്ക്ക് എടുത്തുചാടുകയും ചെയ്തു. ചാടിയ ആൾ കുട്ടിയെ എടുത്തുപൊക്കുകയും എല്ലാവരുംചേർന്ന് രണ്ടാളെയും കിണറ്റിന് പുറത്തുകൊണ്ടുവരികയും ചെയ്തു. നാട്ടുകാർ മുഴുവൻ അയാൾക്ക് സ്വീകരണം കൊടുക്കുമ്പോൾ ആരാണ് തന്നെ കിണറ്റിലേയ്ക്ക് തള്ളിയിട്ടതെന്ന് അയാൾ നോക്കുകയായിരുന്നു. അതുപോലെ, മണിപ്പൂരിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇറോം ശർമ്മിളയ്ക്ക് 90 വോട്ട് കിട്ടി. തന്നെ ആരാണ് പിന്തുണച്ചതെന്ന് അന്വേഷിച്ച് അവർ കേരളത്തിലേയ്ക്ക് വരികയാണ്.

അപ്പുറത്തുള്ള ആളുകളെല്ലാം അവിടെയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ നിയമസഭയിൽ ആദ്യമായി വന്ന ആളാണ്. എനിക്ക് 4 മിനിട്ട് തന്നാൽ പോരാ; കുറച്ച് സമയം കൂട്ടിത്തരണം. ഈ ഗവൺമെന്റ് വന്നതിനുശേഷം നാട്ടിൽ എന്താണ് നടക്കുന്നത്? അധികാരത്തിൽ വരുന്നതിനുമുമ്പ് നിങ്ങൾ ഉയർത്തിയ മുദ്രാവാക്യം സ്ത്രീ സുരക്ഷയെന്നാണ്. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പോയാൽ രാത്രി ആയാലും തീരില്ല. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് അത്രയേറെ പ്രശ്നങ്ങളാണ്. പോലീസിന് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. പണ്ട് സിനിമാനടൻ പപ്പു പറഞ്ഞതുപോലെ, പോലീസ് 'ഇപ്പൊ പിടിക്കും' എന്ന് പറയുകയാണ്. എന്റെ നാട്ടിൽ നടന്ന പീഡന കേസിലെ പ്രതി സി.പി.ഐ. (എം). നേതാവായതുകൊണ്ട് പിടിക്കുന്നില്ല. എന്റെ നാട്ടിൽ നിന്നുള്ള മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ വീട്ടിൽ കയറിയ കള്ളനെ പിടിക്കാത്തത് സി.പി.ഐ. (എം). ആയതുകൊണ്ടാണോയെന്ന് സംശയമുണ്ട്. ഇവിടെ പോലീസിനെയും ഭരണത്തെയും ഉപയോഗിച്ച് ഫോണുകൾ

ചോർത്തുകയാണ്. എന്റെ ഫോണും അത്തരത്തിൽ ചോർത്തി. ഈ നിയമസഭയിലെ മുതിർന്ന അംഗങ്ങളുടെ ഫോൺ വരെ ചോർത്തുകയാണ്. കോട്ടയം ജില്ലയിൽ വ്യാപകമായി ഫോൺ ചോർത്തൽ നടക്കുന്നു. മുഖ്യമന്ത്രിയുടെ ഫോണും ചോർത്തി. 27 സി.പി.ഐ. (എം). നേതാക്കളുടെ ഫോണും ചോർത്തുകയാണ്. ഇതു സംബന്ധിച്ച് ബി.എസ്.എൻ.എൽ.-ൽ പരാതിയുണ്ടെങ്കിലും ഒരന്വേഷണവും നടക്കുന്നില്ല. ഇവിടെ പോലീസിന്റെ നേതൃത്വത്തിൽ ചില കാര്യങ്ങൾ നടക്കുകയാണ്. പുതിയ ആകാശവും പുതിയ ഭൂമിയുമെന്ന് ശ്രീ. എം. നൗഷാദ് സൂചിപ്പിച്ചു. അതിനുമുമ്പ് ശ്രീ. വി. ഡി. സതീശൻ തത്തയെന്നും പശുവെന്നും സൂചിപ്പിച്ചു. കഴിഞ്ഞ തവണ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 15,000 കോടി രൂപയുടെ പദ്ധതികൾ പരിശോധിക്കാൻ കിട്ടി. പുതിയ ആകാശം വീണ്ടുമുണ്ടായി. 40,000 കോടി രൂപയുടെ പദ്ധതികൾ അന്വേഷിക്കാൻ അദ്ദേഹത്തിന് സമയം ലഭിച്ചു. ഈ ഗവൺമെന്റ് യു.ഡി.എഫ്. വിരുദ്ധ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം കൊടുക്കുകയാണ്. അവരൊക്കെ ഈ ഗവൺമെന്റിനെ സഹായിക്കുമെന്നാണ് നമ്മൾ ധരിക്കുന്നത്. ഡി.ജി.പി. ഉൾപ്പെടെ ഇവരെല്ലാം സർക്കാരിനെതിരാണ്. ശ്രീ. ഇ. പി. ജയരാജൻ ഇവിടെയിരിക്കുകയല്ലേ? സർക്കാർ ശ്രീ. ഇ. പി. ജയരാജന് അനുകൂലമായി സ്റ്റേറ്റ്മെന്റ് കൊടുത്തപ്പോൾ ഡി.ജി.പി. എതിരായിട്ടാണ് കോടതിയിൽ സ്റ്റേറ്റ്മെന്റ് കൊടുത്തത്. സർക്കാർ ആരുടെ ഭാഗത്താണെന്നോ, ഡി.ജി.പി. ആരുടെ ഭാഗത്താണെന്നോ മനസ്സിലാകുന്നില്ല. പൊട്ടൻ ചന്തയ്ക്ക് പോയതുപോലെ വന്നിരിക്കുകയാണ്......(ബഹളം)....ഞാൻ എന്റെ കാര്യമാണ് പറഞ്ഞത്. നിങ്ങൾ അതിൽ വിഷമിക്കേണ്ട കാര്യമില്ല. ഇവിടത്തെ പ്രശ്നം ആർക്കും ഒന്നും മനസ്സിലാകുന്നില്ലെന്നുള്ളതാണ്. കിഫ്ബിയെ സംബന്ധിച്ച്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....1.30-ന് ചർച്ച അവസാനിപ്പിക്കേണ്ടതാണ്.

ശ്രീ. അനിൽ അക്കര: സർ, രണ്ട് മിനിട്ട് അവിടെ കൊടുത്തു.*** ഈ നാട്ടിൽ പീഡനങ്ങൾ നടക്കുകയാണ്. ......(ബഹളം)...... എനിക്ക് സംശയമുണ്ടെന്നാണ് പറഞ്ഞത്; നിങ്ങൾക്കെന്താ ഇത്ര ഉറപ്പ്. സംശയം മാറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ തോന്നലാകാം. ഈ ഗവൺമെന്റ് സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമല്ല, സുനാമിയെക്കാൾ സർവ്വനാശം കേരള സമൂഹത്തിൽ വിതച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ പൂർണ്ണമായി എതിർക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, സംസ്ഥാനത്തെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെ ഉത്തരവാദപ്പെട്ട ജനപ്രതിനിധി*** എന്ന് വിളിച്ചത് സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

*** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു
(ഫയർ നമ്പർ 1125/ ഇ.ബി. 2017 നി.സെ തീയതി 14-3-2017)

ശ്രീ. എൽദോ എബ്രഹാം: സർ, 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാന സഞ്ചിത നിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും സർക്കാർ ചെലവിനായി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നൽകുന്നതിനായി സംസ്ഥാന സഞ്ചിത നിധിയിൽനിന്നുള്ള 8618,43,34,000 (എണ്ണായിരത്തി അറുന്നൂറ്റി പതിനെട്ട് കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം) ലഭ്യമാകുന്നതിനുള്ള 2017-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

എനിക്ക് തൊട്ടുമുമ്പ് ശ്രീ. അനിൽ അക്കര സംസാരിച്ചപ്പോൾ കിഫ്ബിയെ സംബന്ധിച്ച് ഒരു പരാമർശം നടത്തുകയുണ്ടായി. കേരളത്തിന്റെ ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ധനസമാഹരണവുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച രണ്ട് പ്രധാനപ്പെട്ട വിഷയങ്ങളാണ് കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും എന്നാണ് എനിക്ക് സഭ മുമ്പാകെ പറയാനുള്ളത്. ലോകത്തിലെ മികച്ച അത്‌ലറ്റുകളാണ് കാൾ ലൂയിസും ഉസൈൻ ബോൾട്ടും. ഇവരുടെ വേഗതയെ കുറിച്ച് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ വേഗതയേറിയ കാലുകളാണ് യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലെ കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും. കിഫ്ബിയിലൂടെയും കെ.എസ്.എഫ്.ഇ.-യിലൂടെയും കേരളത്തിന് പുത്തൻ പ്രതീക്ഷ നൽകുന്ന സൂചനകളാണ് കേരളത്തിന്റെ ആരാധ്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെടെ ഇവിടെ പരാമർശിച്ചത്. സംസ്ഥാനത്ത് ദീർഘകാലം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി ഇപ്പോൾ കസേരയിലില്ല. അദ്ദേഹം 12 ബഡ്ജറ്റുകൾ അവതരിപ്പിച്ചു. 13-ാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സന്ദർഭത്തിലാണ് കേരള നിയമസഭയിൽ ആ ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലെന്ന ശക്തമായ നിലപാട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചത്. നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കില്ലെന്ന പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി.

മുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി, അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കേരളത്തിലെ 100 സർക്കാർ സ്കൂളുകളെ നടക്കാവ് മോഡലിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുമെന്ന് പറഞ്ഞു. എന്നാൽ 'നടവരമ്പെങ്കിലും' ഏതെങ്കിലും സർക്കാർ സ്കൂളിനുമുമ്പിൽ കെട്ടാൻ കഴിയാത്ത ഭരണസമിതിയായിരുന്നു യഥാർത്ഥത്തിൽ കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണ സമിതി. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വിശിഷ്യാ സർക്കാർ മേഖലയിൽ വലിയ കുതിച്ചുചാട്ടം ഉണ്ടാകുമെന്ന് ഉറപ്പുവരുത്തുന്ന പ്രഖ്യാപനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. 16-3-2017-ന് കേരളത്തിലെ ഭൗതികസൗകര്യങ്ങൾ ഉയർത്തുന്ന സ്കൂളുകളുടെയും മികവിന്റെ കേന്ദ്രമാക്കാനുദ്ദേശിക്കുന്ന

സ്കൂളുകളുടെയും ലിസ്റ്റിൽ യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലെ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കണം. നിങ്ങളുടെ മണ്ഡലങ്ങളിലെ സ്കൂളുകളിൽ നിന്നും ഹെഡ്മാസ്റ്റർമാരെയും പി.ടി.എ. പ്രസിഡന്റുമാരെയും ഈ 16-ാം തീയതി വൈകുന്നേരം 3 മണിക്ക് നിയമസഭയുടെ അങ്കണത്തിലേയ്ക്ക് ഞങ്ങൾ ക്ഷണിച്ചിരിക്കുകയാണ്. കേരളത്തിലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പൊതുവിദ്യാഭ്യാസ മേഖലയിൽ വൻ കുതിച്ചുചാട്ടം നടത്താനുമുള്ള പരിശ്രമത്തിലാണ്. കഴിഞ്ഞ 9 മാസക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തെ കേരളത്തിലെ സുമനസ്സുകൾ ഏറെ ശ്രദ്ധയോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ എല്ലാം ശരിയാകുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ ഞങ്ങൾ പറഞ്ഞത് വെറുതെയല്ല. കഴിഞ്ഞ അഞ്ചു വർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണ കാലയളവിൽ ഈ കൊച്ചു കേരളം അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും കേന്ദ്രമായി മാറിയെങ്കിൽ അവ ശരിയാക്കുമെന്നാണ് ഞങ്ങൾ പറഞ്ഞത്. കഴിഞ്ഞ 9 മാസക്കാലത്തിനിടയിൽ അഴിമതിരഹിത സംശുദ്ധ ഭരണത്തിന് നേതൃത്വം നൽകാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റിന്, കേരളത്തിലെ മുഖ്യമന്ത്രിക്ക് കഴിയുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. കേരളത്തിന്റെ ഏറ്റവും പ്രിയങ്കരനായ മുഖ്യമന്ത്രിയെക്കുറിച്ച് ആർ.എസ്.എസ്.-ന്റെ ഒരു നേതാവ് പ്രസംഗിച്ചതിനെതിരെ കേരളത്തിന്റെ കമ്മ്യൂണിസ്റ്റ് ചൈതന്യമായ സഖാവ് പിണറായി വിജയൻ നടത്തിയ പരാമർശം നിങ്ങൾ ശ്രദ്ധിക്കണം. ഫാസിസ്റ്റുകൾക്കും ആർ.എസ്.എസ്.-നും സംഘ്പരിവാറിനുമെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കുന്ന അദ്ദേഹത്തിന്റെ വർത്തമാനമിതായിരുന്നു. കേരളവും രാജ്യവും ലോകവും ശ്രദ്ധിച്ച വർത്തമാനമായിരുന്നു. ഫാസിസ്റ്റുകളോടായി അദ്ദേഹം പറഞ്ഞത്, "ഒരു ദിവസം പെട്ടെന്ന് ആകാശത്തുനിന്ന് പൊട്ടി വീണ് മുഖ്യമന്ത്രിക്കസേരയിലെത്തിയ ആളല്ല ഞാൻ. നിങ്ങളെ കണ്ടും കേട്ടും അറിഞ്ഞുമാണ് ഞാൻ വളർന്നത്. പോലീസ് ബലത്തിൽ ഞാൻ സഞ്ചരിക്കുന്നുവെന്ന് പറയുന്നവരോട് ബ്രണ്ണൻ കോളേജിലെ പഠനശേഷമുള്ള കാലം, നിങ്ങൾ ഫാസിസ്റ്റുകളുടെ കയ്യിലുള്ള കത്തിക്കും ഉയർത്തിയ വടിവാളുകൾക്കുമിടയിലൂടെ നടന്നുനീങ്ങിയവനാണ് താനെന്ന്" കേരളത്തിന്റെ മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഒരു മുഖ്യമന്ത്രി സ്വീകരിക്കേണ്ട പക്വതയും സാമാന്യ മര്യാദയും മധ്യപ്രദേശിലെ ഭോപ്പാലിൽ അദ്ദേഹം സ്വീകരിച്ചു. "അതൊരു ദൗർബല്യമായി നിങ്ങൾ കാണേണ്ടതില്ല. മുഖ്യമന്ത്രിയല്ലാത്ത പിണറായി വിജയനായിരുന്നുവെങ്കിൽ ഒരു ഇന്ദ്രചന്ദ്രനുമെന്നെ തടയാനാകില്ലെന്നും അത്തരം വിരട്ടലുകൾ വേണ്ടായെന്നും" പറഞ്ഞത് കേരളത്തിന്റെ കമ്മ്യൂണിസ്റ്റ് ചൈതന്യമാണ്. ഇങ്ങനെയൊരു വിവരം ലഭ്യമാകുമ്പോൾ മുഖ്യമന്ത്രിയുടെ സ്പൊണ്ടേനിയസ്സായ പ്രതികരണം സൂചിപ്പിക്കുന്നത് ആർ.എസ്.എസ്.-നും സംഘ്പരിവാറിനും ബി.ജെ.പി.-ക്കും കേരളത്തിന്റെ മണ്ണിൽ സ്ഥാനമില്ല എന്നതാണ്. ഞാനെന്റെ പ്രസംഗം നീട്ടുകയല്ല. ശ്രീ. കെ. എം. മാണിയെന്ന കേരളത്തിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രി

അഴിമതിയുടെ ഭാഗമായി ആരോപണവിധേയനായ മനുഷ്യനാണ്. ബാറുകൾ അടയ്ക്കുന്നതിനും തുറക്കുന്നതിനും വീണ്ടും തുറക്കുന്നതിനും കൈക്കൂലി വാങ്ങിക്കുന്നു എന്ന നിലയിൽ വലിയ വാർത്തകൾ കേരളത്തിന്റെ മണ്ണിൽ വന്നു. ഓരോ കൊച്ചു മനസ്സുകൾക്കിടയിലും യു.ഡി.എഫ്. ഭരണത്തിന്റെ അഴിമതിയേയും കെ. എം. മാണിയേയും കുറിച്ച് കേരളത്തിലങ്ങോളമിങ്ങോളം വർത്തമാനമുണ്ടായിരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

2012 മാർച്ച് 29-ാം തീയതി കൊച്ചി സർവ്വകലാശാലയുടെ 581-ാമത് സിൻഡിക്കേറ്റ് യോഗം ഐറ്റം നമ്പർ 31-ൽ ശ്രീ. കെ. എം. മാണിയുടെ ഏറ്റവും അടുത്ത ആളായ പ്രൊഫ. ലോപ്പസ് മാത്യു കൊച്ചി സർവ്വകലാശാലയുടെ ബഡ്ജറ്റ് സ്റ്റഡി സെന്ററിന് കെ. എം. മാണിയുടെ പേര് നിർദ്ദേശിച്ചു. യു.ഡി.എഫ്-ന് മേൽകയ്യുള്ള സിൻഡിക്കേറ്റിൽ ശ്രീ. കെ. എം. മാണിയുടെ പേരാണ് 2012 മാർച്ച് 29-ാം തീയതിയിലെ യോഗത്തിൽ നിർദ്ദേശിച്ചത്. കൊച്ചി സർവ്വകലാശാല അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുന്ന സർവ്വകലാശാല കൂടിയാണ്. പഠനത്തിന്റെയും ഗവേഷണത്തിന്റെയും കാര്യത്തിൽ ഏറെ മുന്നോട്ടുപോകുന്ന ഒരു സർവ്വകലാശാലയുടെ നാമധേയമായി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ പേര് നിർദ്ദേശിച്ചുവെന്ന് പറയുന്നത് യഥാർത്ഥത്തിൽ ചിന്തിക്കുന്നവർക്ക്, പഠനവുമായി ബന്ധപ്പെടുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം ശിരസ്സ് കുനിയുന്ന കാര്യമാണ്. ശ്രീ. കെ. എം. മാണിയുടെ പേരാണ് കൊച്ചിൻ സർവ്വകലാശാലയിലെ ഒരു ബഡ്ജറ്റ് സ്റ്റഡി സെന്ററിന് നിശ്ചയിച്ചത്. യഥാർത്ഥത്തിൽ അന്തസ്സുള്ളവർക്ക് ചേരാത്ത പണി ചെയ്തവരാണ് നിങ്ങൾ. കേരളത്തിലെ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിലുൾപ്പെടെ എത്രയോ ജനകീയ പ്രഖ്യാപനങ്ങൾ നടത്തി. പ്രഖ്യാപനം കേരളത്തിന്റെ മണ്ണിൽ പാഴ്വാക്കാകാനുള്ളതല്ല. അത്തരം വാഗ്ദാനങ്ങൾ വരുന്ന അഞ്ചുവർഷംകൊണ്ട് നടപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്വം ഇച്ഛാശക്തിയോടുകൂടി കേരളത്തിലെ ഗവൺമെന്റ് തീർച്ചയായും ഏറ്റെടുക്കും. അങ്ങനെ ഏറ്റെടുക്കുമ്പോൾ കേരളത്തിലെ ജനങ്ങളാഗ്രഹിക്കുന്ന വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടും.

ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസത്തിന് 5 ശതമാനവും ജോലിക്ക് 4 ശതമാനവും സംവരണം, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് മരുന്നിന് 10 ശതമാനം തുക മാത്രം നൽകിയാൽ മതി. അവർക്ക് 3000 രൂപയെങ്കിലും പ്രതിമാസം പെൻഷൻ നൽകേണ്ടത് ആവശ്യമാണെന്നും ഈ സന്ദർഭത്തിൽ ലഭ്യമായ സമയത്തിനിടയിൽ പറഞ്ഞുകൊള്ളട്ടെ. വിദ്യാഭ്യാസ വായ്പ എടുത്ത് ജപ്തി ഭീഷണി നേരിടുന്നവർക്ക് നിഷ്ക്രിയ ആസ്തിയായി മാറിയ വായ്പയുടെ 60 ശതമാനം ഗവൺമെന്റ് നൽകുമെന്ന പ്രഖ്യാപനം തീർച്ചയായും വിദ്യാഭ്യാസമാഗ്രഹിക്കുന്ന സാധാരണക്കാരന്റെ മക്കൾക്ക്, പാവപ്പെട്ട മനുഷ്യരെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസകരമായിട്ടുള്ള കാര്യമാണ്. ഒട്ടേറെ വിഷയങ്ങളുണ്ട്. കേരളത്തിൽ 3 കോടി 35 ലക്ഷം വരുന്ന ജനതയ്ക്ക്

അത്രയും മരങ്ങൾ വച്ചുപിടിപ്പിക്കുമെന്ന് വനം വകുപ്പ് പ്രഖ്യാപിച്ചു, ബഡ്ജറ്റിലും പ്രഖ്യാപിച്ചു. ഇതുപോലെ നിരവധി കാര്യങ്ങളുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം. നമ്മുടെ സംസ്ഥാനത്ത് സമ്പന്നർ യഥാർത്ഥത്തിൽ കൂടുതൽ സമ്പന്നരാകുകയും ദരിദ്രർ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്കും പോകുന്ന സ്ഥിതി വിശേഷം കുറയ്ക്കാനുള്ള സമീപനം തീർച്ചയായും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പഞ്ചനക്ഷത്ര ആശുപത്രികൾ സംസ്ഥാനത്ത് ധാരാളമുണ്ട്. അത്തരം ആശുപത്രികൾക്ക് അവരുടെ മെഷിനറികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഇളവുകൾ നൽകുന്നു. നിരവധി ടാക്സ് ഇളവ് ചെയ്യുന്നു. പാവപ്പെട്ടവർക്കായി പഞ്ചനക്ഷത്ര ആശുപത്രികളെ പിടിച്ചുനിർത്താൻ കേരളത്തിലെ ഗവൺമെന്റിന് കഴിയണം. സാധാരണക്കാർക്ക് ആശ്വാസം പകരുന്ന നിലയിൽ ജനറൽ ആശുപത്രികളുടെയും താലൂക്ക് ആശുപത്രികളുടെയും മെഡിക്കൽ കോളേജ് ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽനിന്നുള്ള നികുതി ശേഖരിക്കാൻ നമുക്ക് സാധിക്കണം. പൈനാപ്പിളിന്റെയും മാമ്പഴത്തിന്റെയുമൊക്കെ ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ് ഇപ്പോഴും നമ്മുടെ കൊച്ചു കേരളം. ഒരു കിലോഗ്രാം മാമ്പഴത്തിനും പൈനാപ്പിളിനും 20 രൂപയോ 30 രൂപയോ വിലയുള്ളപ്പോൾ അവയിൽനിന്ന് ജ്യൂസ് ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ 600 രൂപയോളം ലാഭമുണ്ടാകുമ്പോൾ ഇത്തരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽനിന്ന് പരമാവധി നികുതി ശേഖരിക്കുന്നതിനാവശ്യമായ ഇടപെടൽകൂടി തീർച്ചയായും കേരളത്തിന്റെ ധനകാര്യ വകുപ്പ് നടത്തണമെന്നുകൂടി സൂചിപ്പിക്കുന്നു. ഏകദേശം 90,000 കോടി രൂപയുടെ സ്വർണ്ണം 2016 കാലയളവിൽ കേരളത്തിൽ വിറ്റഴിക്കപ്പെട്ടുവെന്ന് കണക്കുകൾ പറയുമ്പോൾ നികുതിയുടെ കാര്യത്തിൽ കുറേക്കൂടി ഭേദപ്പെട്ട ഇടപെടൽ നടത്തണമെന്നുകൂടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. പ്രശസ്തനായ ഇടതുപക്ഷ നാടകകൃത്തും കവിയുമായ ബ്രെക്തിന്റെ 'വരുംതലമുറയോട്' എന്ന കവിത തുടങ്ങുന്നത് 'സത്യമായും ഞാൻ ജീവിക്കുന്ന യുഗം ഭീകരമാണ്' എന്ന വരിയോടെയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഈ ചുരുങ്ങിയ ഭരണകാലഘട്ടത്തിനിടയ്ക്ക് കേരളീയ സമൂഹം വല്ലാത്ത, പരിതാപകരമായ ഒരവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. സ്ത്രീ പീഡനങ്ങളും സദാചാര ഗുണ്ടായിസവും ബാലപീഡനങ്ങളും പോലീസിന്റെ നിഷ്ക്രിയത്വവും കൊണ്ട് കേരളം പൊറുതിമുട്ടുകയാണ്. ഈ സഭയിൽത്തന്നെ ഒട്ടനവധി ദിവസങ്ങളായി ഇതേ കാര്യങ്ങൾ ചർച്ച ചെയ്തിട്ടും അടിയന്തര

പ്രമേയങ്ങളവതരിപ്പിച്ചിട്ടും ഇന്ന് വീണ്ടും അതേ കാര്യങ്ങളെക്കുറിച്ച് പറയേണ്ടി വരുന്നു. എൽ.ഡി.എഫ്.-ന്റെ ഈ ഭരണകാലത്ത് കേരളീയ സമൂഹം മാനാഭിമാനത്തോടെ ജീവിക്കാനാവശ്യമായ സാഹചര്യവും സൗകര്യവും തേടുകയാണ്. നമ്മുടെ നാടിനെ ഇത്തരമൊരവസ്ഥയിലേയ്ക്ക് നയിക്കുന്ന ഗവൺമെന്റ് കൊണ്ടുവരുന്ന ഏത് രേഖയേയും എങ്ങനെയാണ് നമുക്ക് അനുകൂലിക്കാൻ കഴിയുന്നത്? വീണ്ടും അതേ ബ്രെക്ത് തന്നെ പറയുകയാണ് 'ഈ കാലം ഇതെന്തൊരു കാലം. അത് അനേകം ദുഷ്കൃത്യങ്ങളെക്കുറിച്ചുള്ള മൗനവും ഉൾക്കൊള്ളുന്നുവല്ലോ' എന്ന്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വല്ലാത്തൊരു മൗനത്തെ കുറിച്ചാണ് എല്ലാ അംഗങ്ങളും അവരുടെ പ്രസംഗങ്ങളിൽ സൂചിപ്പിച്ചത്. അത്തരം കാര്യങ്ങൾക്കനുസരിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ കേരളീയ സമൂഹം അവരുടെ പ്രയാസങ്ങളെ അതിജീവിക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്, ഈ സർക്കാർ കേരളീയ സമൂഹത്തെ പരിതാപകരമായ അവസ്ഥയിലേയ്ക്ക് കൊണ്ടുപോവുകയാണ്.

1.00 PM]

ഉപധനാഭ്യർത്ഥനയിൽ പോലീസ് വിഭാഗത്തെക്കുറിച്ച് പറഞ്ഞിടത്ത് അങ്ങ് സൂചിപ്പിച്ച ഒരു കാര്യമുണ്ട്. വിസിൽ ബ്ലോവേഴ്സ് അവാർഡ് ഏർപ്പെടുത്തുന്നതിനായി ന്യൂ സർവ്വീസ് പ്രൊസീജ്യറിൽ ഉൾപ്പെടുത്തി ടോക്കൺ പ്രൊവിഷൻവച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നുവെന്ന സമീപനം സപ്ലിമെന്ററി ഡിമാന്റിൽ പറഞ്ഞിരുന്നു. മഞ്ഞ കാർഡും ചുവപ്പുകാർഡുമൊക്കെയായി വന്ന വിജിലൻസിന്റെ ഉത്തരവാദപ്പെട്ട ആളുകൾക്ക് കേരള ഹൈക്കോടതിയിൽ വന്ന് നിശിതമായ വിമർശനങ്ങളും പരാമർശങ്ങളും ഏൽക്കേണ്ടിവരുന്നു എന്ന ദുരവസ്ഥ കഴിഞ്ഞ ദിവസങ്ങളിൽ കേരളീയ സമൂഹം കണ്ടതാണ്. വിജിലൻസിന്റെ നിലപാട് അതിരുകവിഞ്ഞുവെന്ന് മുഖ്യമന്ത്രിക്കുതന്നെ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പ്രസ്താവന കഴിഞ്ഞ ദിവസങ്ങളിൽ പത്രങ്ങളിലൂടെ വന്നതും നമ്മൾ കണ്ടതാണ്. ഇന്നലെ വീണ്ടും വിജിലൻസിന്റെ നിയമസാധുതയും അധികാരവും വരെ പരിശോധിക്കണമെന്ന് കോടതി പറയുന്ന ഒരവസ്ഥയുണ്ടായി. ഈ നിയമസഭയിൽത്തന്നെ 2016-ൽ 'നിലവിൽ എത്രമാത്രം വിജിലൻസിന്റെ കേസ്സുകൾ പൂർത്തിയാകാത്തതുണ്ട് ' എന്ന ശ്രീ. എ. എം. ആരിഫിന്റെ ചോദ്യത്തിന് ഏകദേശം 526 കേസ്സുകളുണ്ടെന്ന് അന്ന് മറുപടി നൽകിയിട്ടുണ്ട്. ഏറെ പ്രഗത്ഭരായ ആളുകൾ അത്തരം വിജിലൻസ് കേസ്സുകളിൽനിന്ന് രക്ഷപ്പെട്ട് പോരുമെങ്കിലും കേരളത്തിലെ ഒട്ടനവധി ഉദ്യോഗസ്ഥർ, ആ കേസ്സുകളുമായി സമരസപ്പെട്ട് പോകാൻ കഴിയാതെ,

പ്രയാസമനുഭവിക്കുന്ന, ഒട്ടനവധി കേസ്സുകൾ ഇനിയും ബാക്കി നിൽക്കെ, പീഡിപ്പിക്കപ്പെടുന്ന ഒരു അവസ്ഥാവിശേഷം കേരളത്തിൽ നിലവിലുണ്ട്. ഒരു ജുഡീഷ്യൽ കമ്മീഷനെ വച്ച് അത്തരം കേസ്സുകൾ പരിശോധിച്ച് അവ പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

സംസ്ഥാനത്ത് ടൂറിസം വകുപ്പിനായി വീണ്ടും ഈ ധനകാര്യ ബില്ലിലൂടെ തുക നീക്കിവച്ചിട്ടുണ്ട്. 215 കോടി രൂപ ക്യാപ്പിറ്റലായി വകകൊള്ളിച്ചിട്ടുള്ളതിൽ നിന്ന് ഏകദേശം 65 കോടി രൂപ മാത്രമേ ഈ സമയംവരെ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക കേരളത്തിലെ ടൂറിസം മേഖലകളിൽ നിലവിലുള്ള പരിതാപകരമായ അവസ്ഥ പരിഹരിക്കാനായി ഉപയോഗിക്കണമെന്ന് ഗവൺമെന്റിനോടും ബഹുമാന്യനായ മന്ത്രിയോടും ആവശ്യപ്പെടുകയാണ്. 1954-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കോവളത്ത് വന്ന് കേരളത്തിലേയ്ക്കുള്ള ഒരു പ്രോജക്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഐ.റ്റി.ഡി.സി. പ്രോജക്ട് സമർപ്പിക്കപ്പെട്ടതും അത് കേരളത്തിൽ നിലവിൽ വന്നതും. ആ കോവളത്തിന്റെ പരിതാപകരമായ അവസ്ഥാവിശേഷം ഇന്ന് കേരളീയ സമൂഹം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ അനുവദിച്ചതിനെക്കുറിച്ച് ഇവിടെ എല്ലാവരും പറയുമ്പോൾ എന്റെ കയ്യിലിരിക്കുന്ന കേരള കൗമുദി പത്രത്തിൽ പറയുന്നത് "പിന്നോക്കക്കാരനല്ലെ, പുറമ്പോക്ക് മതി എന്നാണ്." പിന്നോക്ക വിഭാഗത്തിന് മത്സര പരീക്ഷാ ധനസഹായത്തിന് നീക്കിവച്ച അഞ്ചുകോടി രൂപയിൽ ഒരു പൈസപോലും ഇതുവരെ ചെലവഴിച്ചിട്ടില്ല. മൺപാത്ര തൊഴിലാളി ധനസഹായമായി 6.72 കോടി രൂപയും ബാർബർ തൊഴിലാളികൾക്ക് 2.65 കോടി രൂപയും അഭിഭാഷക ഗ്രാന്റായി 12 ലക്ഷം രൂപയും വിശ്വകർമ്മ പെൻഷനുവേണ്ടി ഒരു കോടി രൂപയും നീക്കിവച്ചിട്ട് അതിൽനിന്ന് ഒരു രൂപപോലും ഇതുവരെ ചെലവഴിച്ചിട്ടില്ല. ന്യൂനപക്ഷ വിഭാഗത്തിന്റെ ആവശ്യങ്ങളെ അംഗീകരിക്കുമെന്നു പറഞ്ഞ് മുന്നോട്ടുപോകുന്ന ഗവൺമെന്റ് ആ വിഭാഗങ്ങൾക്കുവേണ്ടി അനുവദിച്ച തുക പോലും ചെലവഴിക്കുന്നില്ല. അതുപോലെയാണ് എസ്.സി./എസ്.ടി. വിഭാഗത്തിന്റെ കാര്യവും. ഈ വിഭാഗത്തെ കൂടെ നിർത്താനായി മത്സരിച്ചുകൊണ്ട് സി.പി.ഐ. (എം.)-ഉം ബി.ജെ.പി.-യും മുന്നോട്ടുപോകുമ്പോൾ, തിരുവനന്തപുരത്തു തന്നെ കിള്ളിയിലും മറ്റുമൊക്കെ ഉണ്ടായ അക്രമ സംഭവങ്ങളിൽ രണ്ട് വിഭാഗങ്ങളും പരസ്പരം മത്സരിക്കുമ്പോൾ, എസ്.സി./എസ്.ടി. വിഭാഗത്തിനെ പരിഗണിക്കാതെ പോകുന്ന അവസ്ഥാവിശേഷവും കേരളത്തിൽ സംജാതമായിരിക്കുകയാണെന്ന് കാണാൻ കഴിയും. ഇവിടെ എല്ലാവരും സൂചിപ്പിച്ചതു പോലെ സ്വപ്നം മാത്രം നൽകിയാണ് ബഡ്ജറ്റിന്റെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നത്. പണമില്ലാതെ, വെള്ളമില്ലാതെ, പണിയില്ലാതെ, വികസനമില്ലാതെ ജനങ്ങൾക്ക് സ്വപ്നങ്ങൾ മാത്രം നൽകിയാൽ മുന്നോട്ടുപോകാൻ

സാധിക്കുമോ? ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ട സമാപന ചടങ്ങിൽ വച്ച് അങ്ങ് പറഞ്ഞത്, കേരളത്തിലെ ജനങ്ങൾക്ക് ഞാനിതാ ഒരു സ്വപ്നം നൽകാൻ പോകുന്നുവെന്നാണ്. "സ്വർഗ്ഗത്തിൽനിന്ന് വന്നവയാകില്ല, സ്വപ്നങ്ങളൊക്കെ പറന്നു പോകും, അന്നേരം യാഥാർത്ഥ്യങ്ങൾ നമ്മൾ അഭിമുഖീകരിക്കേണ്ടി വരും" എന്നു പറയുന്ന ടാഗോറിന്റെ വരികൾ പോലെ നാളെ ഈ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ പോകുന്നില്ല എന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ ജനം നാളെ ചോദിക്കും "മനസ്സിലെ ചെപ്പിൽ സ്വപ്നമെന്നൊരു കള്ളനാണയമിട്ടതാരോ, വ്യാമോഹങ്ങൾ വിതറിയ ഐസക്കോ, അതിന് കൂട്ടുനിന്ന പിണറായിയോ" എന്ന്. ജനം നാളെ ഇവരെ വെറുതെവിടാത്ത ഒരു അവസ്ഥാവിശേഷമുണ്ടാകും. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ഡോ. എൻ. ജയരാജ് : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വളരെ പ്രതീക്ഷയോടു കൂടിയാണ് ഇവിടെ ധനവിനിയോഗ ബിൽ അവതരിപ്പിച്ചത്. പ്രത്യേകിച്ച് എം.ടി.-യെ ഉൾപ്പെടെ പലതവണ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചത്. എം.ടി.-യുടെ നാലുകെട്ടിലെ കഥാപാത്രമായ അപ്പുണ്ണിക്ക് പഴയ നാലുകെട്ട് പൊളിച്ച് കൂടുതൽ വെളിച്ചവും കാറ്റുമൊക്കെയുള്ള പുതിയ വീട് അമ്മയ്ക്കുവേണ്ടി നിർമ്മിക്കാൻ കഴിഞ്ഞു. പക്ഷേ അദ്ദേഹത്തിന്റെ സ്വപ്നംപോലെ ഇതുമുഴുവൻ പ്രാവർത്തികമാക്കാൻ കഴിയുമോ എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഏതായാലും ആ ഒരു ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്. എനിക്ക് രണ്ട് മിനിട്ട് സമയമാണ് അനുവദിച്ചിട്ടുള്ളത്.

ബഡ്ജറ്റുമായി ബന്ധപ്പെട്ട് കൂടുതൽ പറയാനുള്ള സമയമില്ലെങ്കിലും ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുയാണ്. ബഹുമാന്യനായ അംഗം ശ്രീ. എൽദോ എബ്രഹാം ഇവിടെ കുസാറ്റിലെ കെ. എം. മാണി ചെയറിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 2017 മാർച്ച് 15, അതായത് വരുന്ന ബുധനാഴ്ച ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടൊരു ദിവസമാണ്. 1967 മാർച്ച് 15-നാണ് ആദരണീയനായ കെ. എം. മാണി ആദ്യമായി കേരള നിയമസഭയിൽ അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നത്. 50 വർഷം തുടർച്ചയായി കേരള നിയമസഭയിൽ ഒരു നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കാനും പതിമൂന്ന് ബഡ്ജറ്റുകൾ അവതരിപ്പിക്കാനും കഴിഞ്ഞ ഒരാളാണ് ബഹുമാന്യനായ കെ. എം. മാണി. ഈ വരുന്ന ബുധനാഴ്ച അദ്ദേഹം എം.എൽ.എ.യായി സത്യപ്രതിജ്ഞ ചെയ്തിട്ട് 50 വർഷം പൂർത്തീകരിക്കുകയാണ്. അങ്ങനെ വളരെ പ്രാധാന്യമുള്ള, ഒരുപക്ഷേ കേരള രാഷ്ട്രീയത്തിൽ ദീർഘമായി 13 ബഡ്ജറ്റുകൾ അവതരിപ്പിച്ച ഒരു വ്യക്തിയെന്ന നിലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുസാറ്റിലെ ബഡ്ജറ്റ് സ്റ്റഡീസിനു വേണ്ടിയുള്ള പുതിയ ചെയർ തീരുമാനിച്ചപ്പോൾ അദ്ദേഹത്തിന്റെ പേരിന്റെ അടിസ്ഥാനത്തിലാണ് നാമനിർദ്ദേശം

ചെയ്തത്. 46 ലക്ഷം രൂപയാണ് അതിനുവേണ്ടി മാറ്റിവച്ചിരുന്നത്. പക്ഷേ വളരെ നിർഭാഗ്യമെന്ന് പറയട്ടെ, സപ്ലിമെന്ററി ബഡ്ജറ്റിൽ ഉൾപ്പെടെ ഈ വർഷം ഒരു രൂപ പോലും കുസാറ്റിലെ ചെയറിനുവേണ്ടി മാറ്റിവച്ചിട്ടില്ല. ഏതായാലും അദ്ദേഹത്തെക്കുറിച്ചുള്ള പരാമർശം നിർഭാഗ്യകരമായി. ലോകത്തിലെ പല രാജ്യങ്ങളിലെ പല യൂണിവേഴ്സിറ്റികളിലും വളരെ പ്രഗത്ഭരായ ആളുകളുടെ പേരിൽ, അവർ ആ മേഖലയിൽ നടത്തിയിട്ടുള്ള ധീരമായ പ്രവർത്തനങ്ങൾക്ക് സാധാരണ ഗതിയിൽ ചെയറുകൾ സ്ഥാപിക്കാറുണ്ട്. കെ. എം. മാണി സാറിന് ഒരുപക്ഷേ ഡോക്ടറേറ്റ് ഇല്ലെങ്കിൽപ്പോലും ഡോക്ടറേറ്റിനപ്പുറത്ത് എത്രയോ വലിയ സമാനമായ ചിന്താഗതികൾ, സാമൂഹികമായ ചിന്തകൾ തന്റെ ബഡ്ജറ്റിലൂടെ കേരളത്തിൽ അവതരിപ്പിച്ച ഒരു വ്യക്തിത്വമാണ് എന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പുനഃപരി ശോധിക്കണമെന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ സെന്റർ ഓഫ് സോഷ്യോ എക്കണോമിക് എൻവയോൺമെന്റ്- അതൊരു ഗവൺമെന്റ് സ്ഥാപനമല്ലെങ്കിൽപ്പോലും അതിന് പണം മാറ്റിവയ്ക്കാൻ തയ്യാറായ സാഹചര്യത്തിൽ കുസാറ്റിലെ ബഡ്ജറ്റ് സ്റ്റഡീസിനുവേണ്ടിയുള്ള ഫണ്ട് പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഒട്ടനവധി നിർദ്ദേശങ്ങൾ ഇതിൽ പറയുന്നുണ്ട്. കിഫ്ബിയിൽ പറയുന്ന പല പ്രോജക്ടുകൾക്കും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു അനുധാവനം കാണിക്കുന്നുവെന്ന് പറയാതിരിക്കാൻ കഴിയില്ല. കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ സോഷ്യൽ ഇംപാക്ട് സ്റ്റഡിക്കുവേണ്ടി 8-7-2016-ന് കോട്ടയം കളക്ടറേറ്റിൽ നിന്ന് സെക്രട്ടേറിയറ്റിലേയ്ക്ക് ഫയൽ കൊടുത്തതാണ്. മൂന്ന് ഓർമ്മക്കുറിപ്പുകൾ അയച്ചെങ്കിലും ഫയൽ ഇപ്പോഴും സെക്രട്ടേറിയറ്റിൽത്തന്നെ ഉറങ്ങുകയാണ്. ഇത്തരത്തിലാണ് നമ്മുടെ സംവിധാനം പോകുന്നതെങ്കിൽ 20000 അല്ല 40000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചാലും പ്രായോഗിക തലത്തിൽ ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരും. ഇവിടെ യഥാർത്ഥത്തിൽ നിർദ്ദേശങ്ങളോ മറ്റു കാര്യങ്ങളോ അല്ല ആവശ്യം. നമ്മുടെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ആളുകളുടെ മൈൻഡ്സെറ്റ് മാറണം. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് അല്ല ഏത് സർവ്വീസ് വന്നാലും അടിസ്ഥാനപരമായി നമ്മുടെ മൈൻഡ്സെറ്റിൽ മാറ്റമുണ്ടാകാതെ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ വിചാരിക്കുന്ന തരത്തിൽ; അത് ആരു ഭരിച്ചാലും ആ പ്രവർത്തനങ്ങൾ സമയബന്ധിതമായി കൊണ്ടുപോകാൻ കഴിയില്ല എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. അതിനൊക്കെയുള്ള ശ്രമങ്ങൾ തീർച്ചയാ യിട്ടുമുണ്ടാകണം. കേരളത്തിലെ സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന് തുച്ഛമായ വേതനമാണ് ലഭിക്കുന്നത്-12500 രൂപ. സ്പെഷ്യൽ എം.എഡും. എം.എസ്.ഡബ്ല്യൂ.-വും

പാസ്സായ പെൺകുട്ടികളാണ് കൂടുതലും. സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന് കുറച്ചുകൂടി ന്യായമായ വേതനം ഉറപ്പാക്കണമെന്ന ആവശ്യം ഞാൻ ഈ സഭയിൽ പല തവണ ആവശ്യപ്പെട്ട ഒരു കാര്യമാണ്. കൃത്യമായി കുട്ടികൾക്കെതിരെയുള്ള പീഡനത്തിന്റെ പുറത്ത് വരാത്ത കഥകൾ അവരാണ് കണ്ടെത്തി കൊടുക്കുന്നത്. അവർ ചെയ്യുന്ന നല്ല സേവനത്തെ അംഗീകരിച്ചുകൊണ്ട് അവരുടെ സേവന വേതന വ്യവസ്ഥകൾ കുറേക്കൂടി ശക്തമാക്കാനുള്ള നടപടികളുണ്ടാകണം എന്ന് സൂചിപ്പിച്ചു കൊണ്ട് ഒരിക്കൽ കൂടി ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, 2017-ലെ കേരള ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കാൻ 50 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചത് ഏറ്റവും അഭിനന്ദനാർഹമായ കാര്യമാണ്. എന്നാൽ അതിന്റെ ആവശ്യവുമായി തുലനം ചെയ്യുമ്പോൾ തുക തുലോം അപര്യാപ്തമാണ്. മുമ്പ് അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 114 കോടി രൂപയാണ് കർഷകത്തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നൽകിയത് എന്ന് ഞാൻ ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയാണ്. ഇനി ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെങ്കിൽ ഏതാണ്ട് 300 കോടിയോളം രൂപ വേണ്ടിവരും. കഴിഞ്ഞ അഞ്ച് വർഷക്കാലം പാവപ്പെട്ടവരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കാൻ ഒരു പൈസ പോലും യു.ഡി.എഫ്. സർക്കാർ നൽകിയില്ല എന്നതും ശ്രദ്ധേയമാണ്. അതുകൊണ്ട് ഈ ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കാനുള്ള തുക വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മൾ നടപ്പാക്കുന്ന നല്ല കാര്യങ്ങൾ നടപ്പാക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരുടെ തലതിരിഞ്ഞ നിലപാടുകൾ തിരുത്തേണ്ടതാണ്. ബഡ്ജറ്റിൽ ഉന്നയിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നടത്താൻ ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. അതുപോലെ വിവിധ കമ്മിറ്റികളുടെ രൂപീകരണം നീണ്ടുപോകുന്നത് പല ബുദ്ധിമുട്ടുകൾക്കിടയാക്കുന്നുണ്ട്. പട്ടയം നൽകുന്നതിനുള്ള പതിവ് കമ്മിറ്റി ഇനിയും രൂപീകരിക്കപ്പെട്ടിട്ടില്ല. റിവർ മാനേജ്മെന്റ് ഫണ്ട് നടപ്പാക്കണമെങ്കിൽ സംസ്ഥാനതല കമ്മിറ്റി ചേരണം. അത് കൂടുന്നത് നീണ്ടുപോകുകയാണ്, അത് കൂടാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റേഷൻ കാർഡിലെ ബി.പി.എൽ./എ.പി.എൽ. പ്രശ്നത്തിന് ഉത്തരവാദി സംസ്ഥാന ഗവൺമെന്റ് അല്ലെങ്കിലും കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമവും കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് ബി.പി.എൽ.-ന്റെ എണ്ണം പരിമിതപ്പെട്ടുത്താനിടയായത്. അതുകൊണ്ട് അർഹതപ്പെട്ട ബി.പി.എൽ.-കാരെ ഈ എണ്ണത്തിൽ ഉൾപ്പെടുത്താനും അനർഹരായവരെ ഒഴിവാക്കാനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആധാർ കാർഡുമായി ബന്ധപ്പെട്ട് ഇപ്പോഴും ചില പ്രശ്നങ്ങൾ

നിലനിൽക്കുന്നുണ്ട്. അവശരായവർ, രോഗികൾ, വികലാംഗരായ ആളുകൾ തുടങ്ങിയവർക്ക് ആധാർ കാർഡ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ആവശ്യപ്പെടുക യാണ്. ഭക്ഷ്യസുരക്ഷാ നിയമത്തിനും കസ്തൂരിരംഗൻ റിപ്പോർട്ടിനും ഉത്തരവാദി കളായവർ ആ പ്രശ്നം ഇപ്പോൾ എൽ.ഡി.എഫ്. സർക്കാരിനെതിരെ തിരിച്ചുവിടാൻ ശ്രമിക്കുകയാണ്. ഭക്ഷ്യസുരക്ഷാ നിയമം കൊണ്ടുവന്നത് കോൺഗ്രസ് നേതൃത്വം നൽകിയ യു.പി.എ. സർക്കാരാണ്. അവർ ചെയ്തുവച്ച വിനയുടെ കെടുതികളാണ് ഇപ്പോൾ അനുഭവിക്കുന്നത്. യു.ഡി.എഫ്. ഈ കുറ്റം എൽ.ഡി.എഫ്.-ന്റെ മേൽ ആരോപിച്ച് സമരാഭാസങ്ങൾ നടത്തുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് വരുമ്പോൾ കേന്ദ്രം ഭരിച്ചിരുന്നത് യു.പി.എ. സർക്കാരും കേരളം ഭരിച്ചിരുന്നത് യു.ഡി.എഫ്. സർക്കാരുമാണ്. അന്ന് 8 മന്ത്രിമാരും 16 എം.പി.-മാരും കോൺഗ്രസ്സിന് കേന്ദ്രത്തിലുണ്ടായിരുന്നു. ഈ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തി അതിന് പരിഹാരം കാണാൻ കഴിയാത്തതിന്റെ ബുദ്ധിമുട്ടുകളാണ് നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും വെടിക്കെട്ട് നടത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ എക്സ്പ്ലോസീവ് വിഭാഗം ഒരു ഉത്തരവിലൂടെ നിയന്ത്രണം കൊണ്ടുവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബി.ജെ.പി.-യും കോൺഗ്രസും ഒരുമിച്ച് കേന്ദ്ര നിലപാടിനെതിരായി സമരം ചെയ്യുന്നതിനുപകരം എൽ.ഡി.എഫ്. സർക്കാരിനെതിരായി സമരം ചെയ്യുന്ന വിരോധാഭാസമായ കാഴ്ചയാണ് തൃശ്ശൂർ ജില്ലയിൽ കാണാൻ കഴിഞ്ഞത്. ബി.ജെ.പി.-യും കോൺഗ്രസും ഒരുമിച്ച് സമരം ചെയ്തു. ***(ബഹളം)......

ബഹുമാന്യനായ കെ. വി. അബ്ദുൾ ഖാദർ കഴിഞ്ഞ ദിവസം പ്രസാദ ഊട്ടിന് പങ്കെടുക്കാൻ വേണ്ടി ഗുരുവായൂർ ക്ഷേത്രനടയിൽ ചെന്നപ്പോൾ അവിടെ ദേവസ്വം ഭാരവാഹികളും ഭക്തജനങ്ങളും വലിയ വരവേൽപ്പും സ്വീകരണവുമാണ് നൽകിയത്. അത് കേരളത്തിന്റെ മതേതര മനസ്സാണ്.*** കോൺഗ്രസ് ഇവിടെ രക്ഷപ്പെട ണമെങ്കിൽ.....,

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ... ഇവിടെ നേരത്തെ ചർച്ച ചെയ്തിരുന്ന വിഷയം അവിടെ വച്ച് ക്ലോസ് ചെയ്തതാണ്. ആ വിഷയം തന്നെ വേറൊരു രൂപത്തിൽ ഇവിടെ കൊണ്ടുവരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പേരിൽ ദുരാരോപണം നടത്തിക്കൊണ്ടാണ് അതിപ്പോൾ കൊണ്ടുവരാൻ ശ്രമിക്കുന്നത്. പ്രതിപക്ഷ നേതാവ് അങ്ങനെ പറഞ്ഞിട്ടില്ല, പ്രതിപക്ഷ നേതാവിന്റെ പേരിൽ ആരോപണമുന്നയിച്ചുകൊണ്ട് ശ്രീ. ബി. ഡി. ദേവസ്സി വീണ്ടും ഈ പ്രശ്നം ഈ സഭയിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. യാതൊരു കാരണവശാലും നേരത്തെ പറഞ്ഞതുപോലെ ഇതും രേഖയിലുണ്ടാകരുത്, നേരത്തെ ഇങ്ങനെ സംസാരിച്ചിരുന്നില്ല എന്നുള്ള വിവരം അങ്ങ് റൂൾ ചെയ്യുക കൂടി

*** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു
(ഫയൽ നമ്പർ 1126 ഇ.ബി./2017/നി.സെ. തീയതി 14-03-2017)

വേണം. അങ്ങ് ഇത് റൂൾ ചെയ്യുന്നില്ലെങ്കിൽ, സത്യസ്ഥിതി ഈ സഭയെ അറിയിക്കുന്നില്ലെങ്കിൽ ഈ പ്രശ്നം ഓരോ രൂപത്തിൽ വന്നുകൊണ്ടേയിരിക്കും. വളരെയധികം ദുരാരോപണമുണ്ടാകും. അത് വരാതിരിക്കുന്നതിനുവേണ്ടി ഇപ്പോഴിത് എക്സ്പഞ്ച് ചെയ്യണം. അതോടൊപ്പം തന്നെ നേരത്തെ അങ്ങനെ സംഭവിച്ചിരുന്നില്ല എന്നുള്ള സത്യം അങ്ങ് ഈ സഭയെ അറിയിക്കുക കൂടി ചെയ്യണം.......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്..........(ബഹളം).....ഈ വിഷയം സംബന്ധിച്ച് ചർച്ച നടക്കുന്ന സന്ദർഭത്തിൽ രേഖയിൽ നിന്ന് നീക്കം ചെയ്യുന്നുവെന്ന് പറഞ്ഞുകഴിഞ്ഞ കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രേഖയിൽ നിന്ന് നീക്കം ചെയ്ത ഒരു കാര്യം വീണ്ടും ഇവിടെ കൊണ്ടുവരാൻ കഴിയുമോ? സ്പീക്കറുടെ റൂളിംഗിനെ ലംഘിക്കുകയല്ലേ ചെയ്യുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.***

ശ്രീ. ബി. ഡി. ദേവസ്സി: സർ, പ്രതിപക്ഷനേതാവ് പറഞ്ഞത് ഈ സഭ ഒന്നടങ്കം കേട്ടതാണ്. കേരളം ഇന്ന് അത് ചർച്ച ചെയ്യുകയാണ്. ഇത് പറയുമ്പോൾ ആലോചിക്കേണ്ടതായിരുന്നു. കോൺഗ്രസ് ഇന്നത്തെ പതനത്തിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ അവർക്ക് പറ്റിയ തെറ്റുകൾ ജനങ്ങളോട് ഏറ്റ് പറയാൻ തയ്യാറാകണം. കേന്ദ്ര ഭരണത്തിലിരുന്നപ്പോൾ അവർ നടത്തിയ 2 ജി സ്പെക്ട്രം ഇടപാട്, കോമൺവെൽത്ത് ഗെയിംസിലെ അഴിമതി, ഫ്ലാറ്റ് ഇടപാട്, കൽക്കരി ഇടപാട് എന്നീ അഴിമതികൾ നടത്തിയത് തെറ്റായിരുന്നുവെന്ന് ജനങ്ങളോട് പറയാനുള്ള ആർജ്ജവമാണ് കോൺഗ്രസ് കാണിക്കേണ്ടത്. അതുപോലെ അവർ നടപ്പാക്കിയ സാമ്പത്തിക, ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ നയങ്ങൾ തെറ്റായിരുന്നുവെന്ന് ജനങ്ങളോട് ഏറ്റുപറയാനുള്ള ആർജ്ജവം കാണിക്കണം. കേരളത്തിലെ കോൺഗ്രസ് സ്വീകരിച്ച വർഗ്ഗീയ പ്രീണന നയങ്ങൾ, വർഗ്ഗീയ ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനങ്ങൾ, ഞങ്ങൾ എടുത്ത നിലപാടുകൾ തെറ്റായിരുന്നുവെന്ന് തുറന്ന് പറയാനുള്ള ആർജ്ജവം കോൺഗ്രസ് കാണിക്കണം. അഴിമതിയും വർഗ്ഗീയ പ്രീണന നയങ്ങളും ന്യായീകരിച്ച് കോൺഗ്രസിന് മുന്നോട്ട് പോകാൻ കഴിയില്ല. അവർ തെറ്റ് തിരുത്താൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കേരളത്തിന്റെ ഹൃദയം തൊട്ടറിഞ്ഞ, സാമൂഹിക നീതിയിൽ അധിഷ്ഠിതമായ, സമഗ്ര വികസനം ലക്ഷ്യമിടുന്നതാണ് ഈ ബഡ്ജറ്റ്. ഇടതുപക്ഷം ഹൃദയപക്ഷമാണെന്നും ജനപക്ഷമാണെന്നും പാവപ്പെട്ടവന്റെ പക്ഷമാണെന്നും ഉറക്കെ പ്രഖ്യാപിക്കുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള ഇച്ഛാശക്തിയാണ് ബഡ്ജറ്റിലൂടെ പ്രകടിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനും ജില്ലകളുടെയും നിയോജകമണ്ഡലങ്ങളുടെയും പ്രത്യേക വികസനത്തിനും തുക വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയ്ക്കും എന്റെ മണ്ഡലത്തിനും നൽകിയ പരിഗണനയ്ക്ക് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു
(ഫയൽ നമ്പർ 1126 ഇ.ബി./2017/നി.സെ. തീയതി 14-03-2017)

പത്ത് മാസങ്ങൾക്ക് മുമ്പ് അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ ഇടക്കാല ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഖജനാവ് കാലിയായിരുന്നു. കരാറുകാർക്ക് കൊടുക്കാൻ കോടിക്കണക്കിന് രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. ക്ഷേമപെൻഷനുകളും കുടിശ്ശികയായിരുന്നു. ഇപ്പോൾ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ നോട്ട് പിൻവലിച്ചതിന്റെ പ്രതിസന്ധിയും കടുത്ത വരൾച്ചയും കേരളം നേരിടുകയാണ്. സംസ്ഥാന ബഡ്ജറ്റ് കേന്ദ്ര ബഡ്ജറ്റിൽ നിന്നും ഇതര സംസ്ഥാന ബഡ്ജറ്റുകളിൽ നിന്നും വ്യത്യസ്തമാണ്. നികുതിഭാരം കൊണ്ട് ജനങ്ങളുടെ നട്ടവൊടിക്കലല്ല, ജനങ്ങൾക്ക് ആശ്വാസം പകരാനുള്ളതാണ് എന്നതാണ് ബഡ്ജറ്റിന്റെ പ്രത്യേകത. നോട്ട് നിരോധനവും കൊടും വരൾച്ചയും സമ്പദ് വ്യവസ്ഥയെ പ്രതിസന്ധിയിലാക്കിയ സാഹചര്യത്തിൽ നിസ്സഹായത നടിച്ച് കൈ മലർത്തുകയല്ല, മറിച്ച് ജനങ്ങൾക്ക് ആത്മവിശ്വാസവും സുരക്ഷാബോധവും പ്രതീക്ഷയും നൽകുന്നു. സാമാന്യേന ദരിദ്രമായ സംസ്ഥാനത്തിന് വൻതോതിൽ മൂലധന നിക്ഷേപം കണ്ടെത്താൻ മാർഗ്ഗം എന്തെന്ന് കാണിക്കുകയാണ് ഈ ബഡ്ജറ്റ് ചെയ്യുന്നത്. പണമില്ലാത്ത സാഹചര്യത്തിൽ പണമുണ്ടാക്കി വികസനം നടത്തുകയും നാളെ പണമുണ്ടാക്കാനുള്ള ദീർഘവീക്ഷണ മുണ്ടാകുകയും ചെയ്യുന്നത് എങ്ങനെയെന്ന് രാജ്യത്തെ മുഴുവൻ പഠിപ്പിക്കുന്ന ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ്. കമ്മിയും കടവും കൂടിയിരിക്കുന്ന കാലത്ത് രാജ്യത്തിന്റെ പുറത്തുനിന്ന് കടം വാങ്ങാതെ അകത്തുനിന്നുതന്നെ വിഭവ സമാഹരണം നടത്തുന്ന സാമ്പത്തിക കലയാണ് കിഫ്ബി (Kerala Infrastructure Investment Fund Board)യിലൂടെ ഡോ. ടി. എം. തോമസ് ഐസക് നടത്തുന്നത്. കിഫ്ബി മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര സർക്കാരിനും മാതൃകയാണ്. നമ്മുടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ആവശ്യത്തിന് പണമുണ്ട്. ഇന്ത്യയിൽ 250 ലക്ഷം കോടി രൂപയും കേരളത്തിൽ 5 ലക്ഷം കോടി രൂപയും പണമായി തന്നെയുണ്ട്. ഇത് ഉപയോഗിക്കാൻ ഒരു ധനകാര്യ വകുപ്പുമന്ത്രിയും ഇതുവരെ ശ്രമിച്ചിട്ടില്ല. ഡോ.ടി.എം.തോമസ് ഐസക്കാണ് ആദ്യമായി ഈ സംരംഭത്തിന് ശ്രമിക്കുന്നത്. നാം ഇതിൽ അഭിമാനിക്കേണ്ടവരാണ്. ആരുമറിയാത്ത ഒരു ലോകത്തെ കാണിച്ചുതരുമ്പോൾ പ്രതിപക്ഷം പരിഹസിക്കുകയല്ല വേണ്ടത് അഭിനന്ദിക്കുകയും പകർത്തുകയുമാണ് വേണ്ടത്. കിഫ്ബി വഴി ഉണ്ടാകുന്ന വികസനത്തിലൂടെ രണ്ട് വർഷത്തിനുള്ളിൽ വൻ വരുമാന വർദ്ധനവുണ്ടാകും. അപ്പോൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താം. ഈ ബഡ്ജറ്റിൽ വിദ്യാഭ്യാസ ആരോഗ്യ മേഖലകൾക്കാണ് കൂടുതൽ ശ്രദ്ധ നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്. കാരണം, പുതിയ തലമുറയെ വാർത്തെടുക്കുന്നതിനാണ് ബഡ്ജറ്റിൽ ശ്രദ്ധിക്കേണ്ടത്. വിവരവും ആരോഗ്യവുമുള്ള പുതിയ തലമുറയാണ് ഏറ്റവും വലിയ ആസ്തി. അത് വികസിപ്പിച്ചെടുത്താൽ മറ്റ് മേഖലകളുടെ വികസനം എളുപ്പമാകും. പശ്ചാത്തല വികസനത്തിന് നൽകിയിരിക്കുന്ന വലിയ ഊന്നൽ ഭാവി വികസനത്തിന്റെ ചവിട്ടുപടികളാണ്. ലോകത്തിന്റെ നെറുകയിലേയ്ക്ക് എത്തിക്കുന്ന സാമ്പത്തിക ശാസ്ത്രമാണ് കേരളം അത്ഭുതത്തോടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽ കൂടി അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, 2017-ലെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. എട്ട് മാസങ്ങൾക്കുമുമ്പ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഈ സർക്കാരിന്റെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കേരളം കണ്ട ഏറ്റവും വലിയ സാമൂഹിക പരിഷ്കർത്താവായ ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങളും ആദർശങ്ങളും നെഞ്ചിലേറ്റിയാണ് പ്രസംഗിച്ചത്. ഒരു നൂറ്റാണ്ട് പഴക്കമുള്ള "നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല" എന്ന ശ്രീനാരായണ ഗുരുദേവന്റെ വിളംബരവും അതിനോടൊപ്പം ഗുരുദേവൻ തന്നെ രചിച്ച അതിവിശിഷ്ടമായ പ്രാർത്ഥന ദൈവദശകത്തിലെ 'അന്നവസ്ത്രാദി മുട്ടാതെ തന്നു രക്ഷിച്ചു ഞങ്ങളെ' എന്ന് ചൊല്ലിയപ്പോൾ ആവേശത്തോടുകൂടിയാണ് ട്രഷറി ബെഞ്ചിലുള്ള എന്റെ സുഹൃത്തുക്കൾ അവിടെയിരുന്ന് കയ്യടിച്ചത്. ശ്രീനാരായണ ഗുരുദേവൻ ആഗ്രഹിച്ചതിൽ നിന്ന് വ്യത്യസ്തമായി ഈ നാട്ടിലെ ആർക്കും അന്നം കൊടുക്കാതെയും ധാന്യം കൊടുക്കാതെയും വസ്ത്രം നൽകാതെയും കുടിവെള്ളം മുട്ടിച്ചും സ്ത്രീ സുരക്ഷ പ്രഹസനമാക്കിയും നിയമവ്യവസ്ഥകൾ ഇല്ലാതാക്കിയും ശ്രീനാരായണ ഗുരുദേവൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ച സമത്വം ഇല്ലാതാക്കിയും കേരള കൗമുദി പത്രത്തിൽ കാണുന്നതുപോലെ ദളിത് മേഖലയിലുള്ള ഡെപ്യൂട്ടി കളക്ടർക്കുള്ള പ്രൊമോഷൻ പോലും നിഷേധിച്ച് (കേരള കൗമുദി പത്രം ഉയർത്തി കാണിച്ചുകൊണ്ട്) ഈ സർക്കാർ മുന്നോട്ട് പോകുമ്പോൾ കഴിഞ്ഞ എട്ട് മാസത്തിനുള്ളിൽ എന്തുമാത്രം ഈ സർക്കാർ അധഃപതിച്ചു എന്നുള്ളതിന് ഉദാഹരണമാണ്. ശ്രീനാരായണ ഗുരുദേവന്റെ പേരിൽ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, ഈ ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ പരാമർശിച്ച് കണ്ടത് എനിക്ക് ഏറ്റവും ഇഷ്ടമുള്ള എഴുത്തുകാരനായ ശ്രീ. എം. ടി. വാസുദേവൻ നായരെയാണ്. ഏകദേശം 40 തവണ ആ പേര് ഇവിടെ പരാമർശിച്ചു. അടുത്ത തവണത്തെ ബഡ്ജറ്റിൽ അദ്ദേഹത്തിന്റെ പേരിൽ പരാമർശിച്ച ഒരു കാര്യവും നടക്കാത്തപ്പോൾ പാവപ്പെട്ട എം. ടി. മാനനഷ്ടകേസ് കൊടുക്കുകയാണെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല എന്നാണ് എന്റെ അഭിപ്രായം.

എല്ലാവരും കിഫ്ബിയെക്കുറിച്ച് സംസാരിച്ചു. ആനുവൽ ഫിനാൻസ് സ്റ്റേറ്റ്മെന്റിനെ പറ്റി അംഗങ്ങൾ സംസാരിച്ചില്ലെന്ന പരാതി ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞു. ആനുവൽ ഫിനാൻസ് സ്റ്റേറ്റ്മെന്റ് പരിശോധിക്കുകയാണെങ്കിൽ, കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെ ഏകദേശം 34,600 കോടി രൂപയാണ് ഈ വർഷത്തെ ആകെ പ്ലാൻ. അതിനോട് താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ വർഷത്തെ 15,000 കോടി രൂപയും ഈ വർഷത്തെ 25,000 കോടി രൂപയും ചേർത്ത് 40,000 കോടി രൂപയാണ് കിഫ്ബിയുടെ ഔട്ട് ലേ ആയി വച്ചിരിക്കുന്നത്. ഇതിൽ ഒളിഞ്ഞിരിക്കുന്ന അപകടമുണ്ട്. സ്റ്റേറ്റ് പ്ലാൻ വന്നത് എങ്ങനെയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇന്ത്യയുടെ

ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ, നെഹ്റുവിയൻ ഐഡിയോളജിയിൽ പ്ലാനിംഗ് കമ്മീഷൻ വന്നതിനുശേഷം, സ്റ്റേറ്റ് പ്ലാനുകളും വിഹിതങ്ങളും വന്നതിനുശേഷം ഒരുപക്ഷേ, ആദ്യമായി ആ തീരുമാനത്തിൽ നിന്ന് വിഭിന്നമായി പോയത് ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രി ആയപ്പോഴാണ്. അദ്ദേഹം പ്രധാനമന്ത്രി ആയപ്പോൾ പ്ലാനിംഗ് കമ്മീഷനെ ഇല്ലാതാക്കി നീതി ആയോഗിനെ കൊണ്ടുവന്നു. ഓരോ സംസ്ഥാനത്തുള്ള പ്ലാൻ ഫോക്കസിൽ നിന്ന് പ്രോജക്ട് ഫോക്കസിലേയ്ക്ക് കൊണ്ടുപോയി. ശ്രീ. നരേന്ദ്ര മോദി ചെയ്യുന്ന അതേ പ്രോജക്ട് ഫോക്കസ് അല്ലേ, നീതി ആയോഗിന് മലയാളത്തിലുള്ള ഓമന പേരല്ലേ കിഫ്ബി എന്ന് ചോദിക്കുകയാണെങ്കിൽ അതിന് മറുപടി പറയാൻ അങ്ങ് ബാധ്യസ്ഥനാണ്. പുതിയ കിഫ്ബി മോഡൽ യാഥാർത്ഥ്യമാക്കണമെങ്കിൽ, കേരളം കണ്ട ഏറ്റവും വലിയ കടക്കെണിയിലേയ്ക്ക് പോവുകയാണ്. നമ്മുടെ റവന്യൂ ഡെഫിസിറ്റ് 16,000 കോടി രൂപയും ധനകമ്മി 25,000 കോടി രൂപയും പബ്ലിക് ഡെബ്റ്റ് ഏകദേശം 21,000 കോടി രൂപയുമാണ്. ആനുവൽ ഫിനാൻസ് സ്റ്റേറ്റ്മെന്റ് നോക്കുകയാണെങ്കിൽ വായ്പ എടുക്കുന്ന പണം കമ്മി കുറയ്ക്കാനും ദൈനംദിന ചെലവുകൾ നടത്താനും മാത്രമേ കഴിയുകയുള്ളൂ. വികസന പ്രവർത്തനങ്ങൾക്കുപോലും എടുക്കുന്ന പണം ഉപയോഗിക്കാൻ കഴിയാത്തപ്പോൾ എങ്ങനെയാണ് കിഫ്ബിയിലെ പണം repay ചെയ്യാൻ പോകുന്നത്. കിഫ്ബിയിൽ പണം എടുക്കുകയാണെങ്കിൽ സ്റ്റേറ്റിന്റെ പ്ലാനിനെയോ സ്റ്റേറ്റിന്റെ ഫിനാൻഷ്യൽ സ്റ്റെബിലിറ്റിയെയോ ബാധിക്കില്ലെന്ന് പറഞ്ഞിട്ടുണ്ട്. 13-ാമത് ഫിനാൻസ് കമ്മീഷനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും പറഞ്ഞ ഒരു പരാമർശമുണ്ട്. കിഫ്ബി പോലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഉപയോഗിച്ചുകൊണ്ട് സർക്കാർ ഗ്യാരന്റിയോടുകൂടി പവർ ഡിസ്ട്രിബ്യൂഷൻ കമ്പനികൾ ധാരാളം ലോൺ ഓപ്പൺ മാർക്കറ്റിൽ നിന്ന് എടുത്തിട്ടുണ്ട്. അതുപോലുള്ള ലോണുകൾക്ക് എതിരെ 13th Finance Commission പറഞ്ഞ പരാമർശം ഇതാണ്, If the Special Purpose Vehicle failed to generate adequate resources to service these debts, such guarantees pose a risk to the finance of the states.... ഇതുപോലുള്ള വൻകിട പ്രോജക്ടുകൾ, വൻകിട എസ്.പി.വി.-കൾ എടുക്കുന്ന കടം തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരുപക്ഷേ, സംസ്ഥാനങ്ങളെ ഫിനാൻഷ്യൽ റിസ്കിലേയ്ക്ക് എത്തിക്കുന്ന അവസ്ഥയുണ്ടാകുമെന്ന് 13-ാം ധനകാര്യ കമ്മീഷനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും പറഞ്ഞിട്ടുപോലും എന്തുകൊണ്ടാണ് കിഫ്ബിയുമായി നമ്മൾ മുന്നോട്ട് പോകുന്നത്? ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ അതേ കാര്യമാണ് ഇപ്പോഴും പറയുന്നത് അങ്ങയുടെ വിശ്വാസം അങ്ങയെ രക്ഷിക്കട്ടേ എന്ന്. അങ്ങ് പറയുന്നതുപോലെ പണം വന്നാലും പദ്ധതിയുടെ കൃത്യനിർവ്വഹണം എപ്രകാരമെന്ന് പരിശോധിക്കണം. പദ്ധതി ആണെങ്കിൽ 50 ശതമാനമാണ്, തദ്ദേശഭരണ സ്ഥാപനങ്ങൾ 40 ശതമാനത്തിൽ താഴെയും വൻകിട പദ്ധതികൾ 2500 കോടി രൂപ പറഞ്ഞതിൽ പത്ത് ശതമാനവും മാത്രമാണ് കൃത്യനിർവ്വഹണം നടത്തിയിട്ടുള്ളത്. ഒരു എം.എൽ.എ. ഫണ്ടിനു

പോലും സെക്രട്ടേറിയറ്റിൽ ഓടിനടക്കേണ്ട അവസ്ഥയുള്ളപ്പോൾ എങ്ങനെയാണ് അടുത്ത വർഷം കൊണ്ട് 40,000 കോടി രൂപയുടെ പദ്ധതികൾ ചെയ്യാൻ കഴിയുന്നത്? അതിനുള്ള എഫിഷ്യൻസി, ഒരു നിർവ്വഹണ സംവിധാനം നമ്മുടെ നാട്ടിലുണ്ടോ? ഞാൻ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിന്റെ പേപ്പർ വായിക്കുകയാണ്. Information and Publicity supplementary grants- ഏകദേശം 15 കോടി രൂപയാണ് - to meet the expense towards campaigning of 100 days action plan. 100 ദിവസ ആക്ഷൻ പ്ലാനിനുവേണ്ടി 15 കോടി രൂപ എടുക്കാൻ പറ്റുന്ന ആ ഒരു എഫിഷ്യൻസി ഉണ്ടെങ്കിൽ തീർച്ചയായും കിഫ്ബി നടത്താൻ പറ്റുമെന്നുള്ള വിശ്വാസം എനിക്കുണ്ട്.

അങ്ങ് വളരെയധികം റൊമാന്റിക്കായി സംസാരിക്കുന്ന ആളും സാത്വികനുമാണ്. അങ്ങ് എം.ടി.-യെക്കുറിച്ച് സംസാരിച്ചു. കഴിഞ്ഞ പ്രാവശ്യം അങ്ങ് സംസാരിച്ചത് ശ്രീനാരായണ ഗുരുദേവന്റെ പേരിലാണ്. അടുത്ത ബഡ്ജറ്റിൽ പ്രസംഗിക്കാൻ അങ്ങേയ്ക്ക് ഇപ്പോഴേ രണ്ട് വാക്കുകൾ തരാം. എനിക്ക് ഏറ്റവും ഇഷ്ടമുള്ള കവിയാണ്, നമ്മുടെയൊക്കെ മാഷായിരുന്ന ഒ.എൻ.വി. സാർ. അദ്ദേഹത്തിന്റെ എല്ലാവർക്കു മറിയാവുന്ന, ഏറ്റവും ലളിതമായ പക്ഷേ, ഏറ്റവും ശക്തമായ ഒരു കവിതയുണ്ട് 'മോഹം'. ആ 'മോഹം' എന്ന കവിതയിലെ അവസാനം ഒ.എൻ.വി. പറയുന്നുണ്ട് 'വെറുതെയീ മോഹങ്ങളെന്നറിയുമ്പോഴും വെറുതെ മോഹിക്കുവാൻ മോഹം, വെറുതെ മോഹിക്കുവാൻ മോഹം'. ആ മോഹത്തിൽ അങ്ങയുടെ അടുത്ത ബഡ്ജറ്റ് പ്രസംഗം തുടങ്ങട്ടേയെന്ന് മാത്രം ആശംസിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സപ്ലിമെന്ററി ഡിമാന്റ്സ് സംബന്ധിച്ചുള്ളതാണ് ഈ ധനവിനിയോഗ ബിൽ. അതുകൊണ്ട് 8,000 (എണ്ണായിരം) കോടി രൂപയിൽ ഏതാണ്ട് 80 ശതമാനവും ചെലവാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. ബാക്കി നല്ലൊരുപങ്കും കൂടിയേ തീരൂ എന്നുള്ള തുകകളാണ്. അതുകൊണ്ട് ഈ ധനവിനിയോഗ ബിൽ നടപ്പാകുമോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് ആരും ആശങ്കപ്പെടേണ്ടതില്ല. അത് പൂർണ്ണമായും വിനിയോഗിക്കപ്പെടും.

രണ്ടുമൂന്ന് കാര്യങ്ങളാണ് ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിലൊന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞ കിഫ്ബിയെക്കുറിച്ചുള്ളതാണ്. വളരെ ശരിയായ നിരീക്ഷണമാണ് പതിമൂന്നാം ധനകാര്യ കമ്മീഷനൊക്കെ നൽകിയിട്ടുള്ളത്. നിയമംമൂലം നിയമസഭ അംഗീകരിച്ചിട്ടുള്ള വരുമാനം മാത്രംമതി ഇപ്പോൾ എടുക്കുന്ന വായ്പ തിരിച്ചടയ്ക്കാൻ. തിരിച്ചടവിന് വരുമാനമില്ലാതെയുള്ള കടമെടുപ്പൊന്നുമല്ല ഇത്. ഞാൻ നിയമസഭയിൽ പറഞ്ഞപ്പോൾ ആ കണക്ക് പൂർണ്ണമായും ബോദ്ധ്യപ്പെട്ടില്ലെങ്കിലോ എന്നുകരുതി അത് കൃത്യമായി ഒരു പത്രത്തിൽ ലേഖനമായി എഴുതി. ആർക്കും അതെടുത്ത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥനോട് എനിക്ക് പറയാനുള്ളത്, അത് വായിച്ചുനോക്കി അതിന്റെ യുക്തിയിൽ എവിടെയാണ് തെറ്റെന്ന് പറഞ്ഞ് മനസ്സിലാക്കിത്തരണം. അത് വളരെ കോൺക്രീറ്റാണ്. ഈ നിയമസഭ അംഗീകരിച്ചിട്ടുള്ള വിഹിതം വർഷംതോറും കൊടുക്കാമെന്നുള്ളത് നിയമത്തിൽ അംഗീകരിച്ചിട്ടുള്ളതല്ലേ? അതുണ്ടെങ്കിൽ ഈ എടുത്ത വായ്പ അടയ്ക്കേണ്ട അവസാന വർഷമാകുമ്പോഴേയ്ക്കും അതിനുള്ള തുകയേക്കാൾ കൂടുതലുണ്ടാകും. അതുതന്നെ 9.5 ശതമാനം പലിശ, മൂന്ന് വർഷത്തെ മാത്രം മൊറട്ടോറിയം, ഏഴ് വർഷംകൊണ്ട് തിരിച്ചടയ്ക്കണമെന്ന് അനുമാനിച്ചാൽപ്പോലും അവിടെ എത്തിച്ചേരുന്നതാണ്. അതുകൊണ്ട് എത്രയാണ് സസ്റ്റെയിനബിൾ ആയിട്ടുള്ള തുകയെന്ന് വളരെ ഗൗരവത്തോടെ നോക്കിത്തന്നെയാണ് വായ്പ എടുത്തിട്ടുള്ളത്. അല്ലാതെ നിരുത്തരവാദപരമായി വായ്പയെടുത്ത് ചെലവാക്കാനൊന്നുമല്ല തീരുമാനിച്ചിട്ടുള്ളത്. ഇത് മാറ്റി നിർത്തിയാലും ഈ വർഷം ഇരുപത്തിയാറായിരം കോടി രൂപയുടെ പ്ലാൻ ഫണ്ട് ഇല്ലേ? അതിന് പുറമേയാണിത്. ഒരൊറ്റ കാര്യം ആലോചിച്ചാൽ മതി. ഇന്ന് നിങ്ങൾ വായ്പയെടുത്ത് റോഡും പാലവും പണിയുന്നു. പതിനഞ്ചോളം വർഷം കഴിഞ്ഞ് ഇത് പണിയുകയാണെങ്കിൽ ഇന്ന് ഇതിനുവേണ്ടി കൊടുക്കേണ്ടിവരുന്ന പലിശയേക്കാൾ എത്രയോ കൂടുതൽ തുക മുടക്കിയാൽ മാത്രമേ അത് നിർമ്മിക്കാൻ കഴിയുകയുള്ളൂ. അത്രയും ചെലവ് വർദ്ധിക്കുകയല്ലേ? 15 വർഷം കഴിഞ്ഞാണ് ഇത് ചെയ്യുന്നതെങ്കിൽ ഇതിന്റെ മൂന്നുമടങ്ങ് എസ്റ്റിമേറ്റ് വരും. അതുകൊണ്ട് ഈയൊരു പലിശ നൽകിയാലും ഇന്ന് പണിയുന്നതുതന്നെയാണ് നാടിന് ലാഭകരം. അതിന്റെ വലിയ നേട്ടവുമുണ്ട്. പത്ത് വർഷക്കാലം നമുക്കെല്ലാവർക്കും ഇത് ഉപയോഗിക്കാമല്ലോ? അതെന്തിനാണ് കുറച്ച് കാണുന്നത്. അതുകൊണ്ട് ഇതിന്റെ പ്രയാസങ്ങളും കാര്യങ്ങളും ഉണ്ട്, നൂതനമായി ചെയ്യുമ്പോൾ പ്രതിബന്ധങ്ങൾ വരും. അങ്ങനെ വരുമ്പോൾ എന്താണ് ചെയ്യേണ്ടത്, കൂടുതൽ ലളിതമായി ഇതിന് അംഗീകാരം കൊടുക്കുന്നതിനുള്ള രീതിയെന്ത് തുടങ്ങിയ പ്രായോഗിക പ്രശ്നങ്ങൾ കൂട്ടായി ആലോചിച്ച് ചർച്ചചെയ്ത് പരിഹരിച്ച് പോകാവുന്നതേയുള്ളൂ. പ്ലാൻ ഫണ്ട് ഇല്ലാതാകുന്നില്ല. ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് പറയാനുള്ളത്, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുണ്ടല്ലോ? ഇപ്പോൾ പഞ്ചാബും കോൺഗ്രസ്സിന് കിട്ടി. അതിൽ സന്തോഷമേയുള്ളൂ. ഏതെങ്കിലും കോൺഗ്രസ് ഭരിക്കുന്ന ഒരു സംസ്ഥാനത്തെ ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ഫണ്ടുണ്ടോ? ഏതെങ്കിലും ഒരു സംസ്ഥാനത്തിന്റെ പേര് പറയാമോ? നെഹ്റുവിന്റെ പൈതൃകത്തെ സംരക്ഷിക്കാൻവേണ്ടി നിലപാടെടുക്കുന്നവരല്ലേ? കേരള സംസ്ഥാനത്തിന് പുറത്ത് ഏതെങ്കിലുമൊരു സംസ്ഥാനത്തെ ബഡ്ജറ്റിൽ വാർഷിക പദ്ധതിയുണ്ടോ? അതുകൊണ്ട് നീതി ആയോഗ് ഒന്നുമല്ല ഞങ്ങളുടെ മാതൃക. ഞങ്ങൾ പുരോഗമനപരമായ പാരമ്പര്യങ്ങളെ, ബി.ജെ.പി.-യുടെ നിലപാടിനെതിരായി, ഉയർത്തിപ്പിടിച്ച തന്നെ മുന്നോട്ടു പോകും. അതിനെ പ്രശംസിച്ചില്ലെങ്കിലും ഇങ്ങനെ പരിഹസിക്കരുത്.

ഇവിടെ സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന്റെ കാര്യം പറഞ്ഞു. അക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. ഇതുപോലെയുള്ള പല വിഭാഗങ്ങളുണ്ട്. ഇതൊക്കെ പരസ്പരം ബന്ധപ്പെടുത്താതെ വർദ്ധനവ് നടത്തിക്കഴിഞ്ഞാൽ റവന്യൂ ഡെഫിസിറ്റ് ഇനിയും വർദ്ധിക്കും. അത് നൽകേണ്ടതാണെന്നുള്ളതിനെ കുറിച്ചൊന്നും യാതൊരു തർക്കവുമുള്ള കാര്യമല്ല. നമ്മുടെ ധനപരമായ പരിമിതികൾ പരിശോധിച്ച് പൊതുവായ തീരുമാനമെടുക്കുന്നതാണ്.

കുസാറ്റിലെ ബഡ്ജറ്റ് സ്റ്റഡീസ് ചെയറിനെക്കുറിച്ച് ഡോ. എൻ. ജയരാജ് പറയുകയുണ്ടായി. ഈ ധനവിനിയോഗ ബില്ലുമായി അതിന് ബന്ധമില്ല. കാരണം ഈ വർഷത്തെ ബഡ്ജറ്റിലുണ്ടായിരുന്ന പണം കൈമാറിയിട്ടുണ്ട്. ഭാവിയെ കുറിച്ചുള്ളതാണെങ്കിൽ ഡോ. എൻ. ജയരാജുമായി സംസാരിക്കാം. അത് പൊതുവായി ചർച്ച ചെയ്യുന്നതിനോട് എനിക്ക് താല്പര്യമില്ല. അത് ചർച്ച ചെയ്ത് നിങ്ങളുടെ വികാരമെന്താണെന്ന് മനസ്സിലാക്കിയ ശേഷം ഒരു ധാരണയിലെത്താവുന്നതാണ്. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. അങ്ങനെ പ്രതികരിക്കേണ്ടതായിട്ടുള്ള വലിയ രീതിയിലുള്ള അഭിപ്രായങ്ങളൊന്നും വന്നിട്ടില്ല. സമയവും അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ നീട്ടുന്നില്ല. ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2017-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2017-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2017-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 2017-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. എ. എം. ആരിഫ്
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ

7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ

31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. കാരാട്ട് റസാഖ്

56. ശ്രീ. എസ്. ശർമ്മ

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

66. ശ്രീ. കെ. സുരേഷ് കുറുപ്പ്

67. ശ്രീ. എം. സ്വരാജ്

68. ശ്രീ. പി. തിലോത്തമൻ

69. ശ്രീ. തോമസ് ചാണ്ടി

70. ഡോ. ടി. എം. തോമസ് ഐസക്

71. ശ്രീ. പി. ഉണ്ണി

72. ശ്രീ. കെ. വി. വിജയദാസ്

73. ശ്രീ. ഇ. കെ. വിജയൻ

74. ശ്രീ. പിണറായി വിജയൻ

75. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. എൽദോസ് കുന്നപ്പിള്ളി
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ഡോ. എൻ. ജയരാജ്
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. സി. മമ്മൂട്ടി
20. ഡോ. എം. കെ. മുനീർ
21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. റോഷി അഗസ്റ്റിൻ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ

29. ശ്രീ. എൻ. ഷംസുദ്ദീൻ

30 ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. ഷാഫി പറമ്പിൽ

32. ശ്രീ. കെ. എം. ഷാജി

33. ശ്രീ. സണ്ണി ജോസഫ്

34. ശ്രീ. സി. എഫ്. തോമസ്

35. ശ്രീ. പി. ടി. തോമസ്

36. ശ്രീ. പി. ഉബൈദുള്ള

37. ശ്രീ. എം. ഉമ്മർ

38. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ -75

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ ഹരിക്ക് 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ടുള്ള പ്രസംഗം തുടരാവുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി : സർ, മിനിമം വേജസിനെ സംബന്ധിച്ച് പറയുമ്പോൾ, ആ മേഖലയിൽ ഒരു തരത്തിലും നീതി ലഭിക്കാത്തത് സ്ത്രീകൾക്കാണ്. തൊഴിൽ മേഖലയുമായി ബന്ധപ്പെടുമ്പോൾ ആർട്ടിസ്റ്റുകളുൾപ്പെടെയുള്ള ഏത് മേഖലയിലും സിനിമാ മേഖലയിലടക്കം അഭിനേതാവായിട്ടുള്ള പുരുഷനും സ്ത്രീക്കും ഇപ്പോഴും രണ്ട് തരത്തിലുള്ള വേതനമാണ്. സ്ത്രീകൾ ഏറ്റവും കൂടുതൽ അനീതി അനുഭവിക്കുന്ന മേഖലയാണ് ടെക്സ്റ്റൈൽ മേഖല. അതുപോലെ ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ഒരു ദിവസം അഞ്ചും ആറും പിരീഡുകൾ ക്ലാസ്സെടുക്കേണ്ടി വരുന്നവർ, ഒരാഴ്ച 36 പിരീഡോളം ക്ലാസ്സെടുക്കേണ്ടിവരുന്നവർ, ഹൈലി ക്വാളിഫൈഡായിട്ടുള്ളവർ, ഹൈലി പ്രൊഫഷണലായിട്ടുള്ളവർ ഇവരൊക്കെ ഇപ്പോഴും മിനിമം വേജസില്ലാതെ ചൂഷണത്തിന് വിധേയരാകുന്ന റിപ്പോർട്ടുകൾ വരുന്നുണ്ട്. ഈ നിയമം വളരെ ശക്തമായി നമ്മുടെ രാജ്യത്തുള്ളപ്പോൾ ഇതുപോലെയുള്ള വലിയ ചൂഷണങ്ങൾ നടക്കുന്നതായിട്ടുള്ള റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്.

പുതിയ ഒരു തൊഴിൽ സംസ്കാരമാണ് ഇന്ന് നമ്മുടെ നാട്ടിലുള്ളത്. ആ പുതിയ തൊഴിൽ സംസ്കാരം വരുമ്പോൾ ധാരാളം പുതിയ വെല്ലുവിളികളും വരുന്നുണ്ട്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഐ.ടി. മേഖല. ഒരുപക്ഷേ, നേരത്തെ ഇതുസംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടാകും. 30 വയസ്സിന് താഴെയുള്ള ലക്ഷക്കണക്കിന് യുവതീയുവാക്കൾ ജോലി ചെയ്യുന്ന ഐ.ടി. മേഖലയുടെ കാര്യത്തിൽ ഒരു ഗവൺമെന്റിന് കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നൊരു തോന്നൽ ഉള്ളതുകൊണ്ടല്ല ഇതുപറയുന്നത്; കമ്പനികളോടൊപ്പം നിന്നുകൊണ്ട് ഗവൺമെന്റിന് ചില സുരക്ഷിതത്വങ്ങൾ ഉറപ്പാക്കാൻ കഴിയും. 2013-ലെ കേന്ദ്ര നിയമത്തിൽ പറയുന്നത്, പത്തിൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകമായിട്ടുള്ള സുരക്ഷിതത്വം ഉറപ്പാക്കണം; അവർക്ക് ലൈംഗിക അതിക്രമങ്ങളിൽ നിന്നും സംരക്ഷണം കൊടുക്കണം. ഇതൊക്കെയുള്ളപ്പോൾ തന്നെയാണ് പൂനയിലും ചെന്നൈയിലുമെല്ലാം ഐ. ടി. മേഖലയിൽ ജോലിചെയ്യുന്ന പെൺകുട്ടികൾ അതിക്രൂരമായി കൊല ചെയ്യപ്പെടുന്നതായ വാർത്തകൾ പുറത്തുവരുന്നത്. ഐ.ടി. പാർക്കുകളിൽ തൊഴിൽ നിയമം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തുമെന്ന് കഴിഞ്ഞ ദിവസം നിയമ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവന വളരെ ആവേശത്തോടു കൂടിയാണ് ഞങ്ങളൊക്കെ കേട്ടത്. അതുകൊണ്ടാണ് കേരളം പലപ്പോഴും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണെന്ന അഭിമാനബോധം ഉയർത്തിപ്പിടിക്കാൻ നമുക്ക് കഴിയുന്നത്. ഐ.ടി. പാർക്കുകളും അവിടത്തെ കമ്പനികളും തമ്മിൽ ഏർപ്പെടുന്ന കരാറിൽ തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കുമെന്ന് കഴിഞ്ഞ ദിവസം ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി നിയമ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. കിടമത്സരങ്ങളും വലിയ സംഘർഷങ്ങളുമാണ് ഐ.ടി. മേഖലയിലെ ജീവനക്കാർ അനുഭവിക്കുന്നത്. അവിടെ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നത് സ്ത്രീകളാണ്. ഇപ്പോൾ അവിടെ സ്ത്രീ സാന്നിദ്ധ്യം കുറഞ്ഞുവരുന്നതായിട്ടുള്ള റിപ്പോർട്ടുകളാണ് കാണുന്നത്. ഈ അവസരത്തിൽ അതും വളരെ ഗൗരവമായി കാണേണ്ടതാണ്.

ആൾ ഇന്ത്യാ ലെവൽ നോക്കുമ്പോൾ തൊഴിൽ മേഖലയിലെ സ്ത്രീ സാന്നിദ്ധ്യം വളരെയധികം കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. വലിയ രീതിയിൽ ചർച്ച ചെയ്യുന്നില്ലെങ്കിൽപ്പോലും കേരളത്തിലെ തൊഴിൽ മേഖലയിലും സ്ത്രീ സാന്നിദ്ധ്യം കുറയുന്നതായിട്ടാണ് പുതിയ റിപ്പോർട്ടുകൾ വരുന്നത്. അതിന് കാരണമാകുന്നത് പുതിയ ഘടകങ്ങളാണ്. കൂട്ടുകുടുംബങ്ങളായിരുന്നപ്പോൾ ഒരു സ്ത്രീക്ക് പുറത്തേയ്ക്ക് പോകണമെങ്കിൽ ആ സ്ത്രീയെ സഹായിക്കാൻ കൂട്ടുകുടുംബത്തിൽ ഒരുപാട് അംഗങ്ങളുണ്ടായിരുന്നു. ഇന്ന് ന്യൂക്ലിയർ ഫാമിലിയിൽ കഴിയുമ്പോൾ അവർക്ക് കുട്ടികളുടെ വിദ്യാഭ്യാസം, കുടുംബത്തിലെ മറ്റ് കാര്യങ്ങൾ തുടങ്ങിയവയെല്ലാം നോക്കേണ്ടി വരുന്നു; പുറത്തേയ്ക്ക് തൊഴിൽ അന്വേഷിച്ചു പോകാൻ കഴിയുന്നില്ല. ഇത്തരം വ്യത്യസ്തമായ സാഹചര്യങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. തൊഴിൽ മേഖലയെപ്പറ്റി കൂടുതൽ പഠിക്കുന്നവർ 'പാസ്സീവ് ലേബർ' എന്നുള്ള ഒരു പ്രതിഭാസം മുന്നോട്ടു വയ്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ തൊഴിൽ നിയമങ്ങളിൽ കാലോചിതമായിട്ടുള്ള മാറ്റം വരുത്തുന്നതിനും കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും ഭേദഗതി കൊണ്ടുവരണം.

ഇവിടെ നടത്തുന്ന ഈ ഭേദഗതി ബിൽ പ്രതീക്ഷാനിർഭരമായി എടുക്കുകയാണ്. ഇതുപോലുള്ള ഭേദഗതികൾ കൊണ്ടുവരുമ്പോൾ കുറെയധികം ചർച്ചകൾ നടത്താൻ കഴിയുമെന്നുള്ളതാണ് ഏറ്റവും ഗുണപരമായിട്ടുള്ള കാര്യം. ശമ്പളവർദ്ധനവ് മാത്രമല്ല, മിനിമം വേജസും ചർച്ച ചെയ്യുമ്പോൾ ഞങ്ങളെപ്പോലുള്ള പൊതുപ്രവർത്തകർ പ്രത്യേകിച്ച് സ്ത്രീകൾ ശമ്പളവർദ്ധനവ് കൊണ്ടുമാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ലായെന്നാണ് പറയുന്നത്.

'സ്ത്രീ സുരക്ഷിതത്വം' ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ഇടപെടലിനെപ്പറ്റി ഇത്തരം നിയമങ്ങളിൽ കൂട്ടിച്ചേർക്കലുകൾ ആവശ്യമാണെങ്കിൽ അതുംകൂടി കൂട്ടിച്ചേർക്കേണ്ടതായിട്ടുണ്ട്.

<u>മി. സ്പീക്കർ:</u> .....പ്ലീസ്......പ്ലീസ്...... ബഹുമാനപ്പെട്ട അംഗം പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരുള്ള നമ്മുടെ നാട്ടിൽ എല്ലാ മേഖലയിലും കുടുംബശ്രീ പോലെ തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം കൂടുതലാണ്. ഈയവസരത്തിൽ 'ബലരാമൻ കമ്മീഷൻ റിപ്പോർട്ട്' ചൂണ്ടിക്കാണിക്കാതെ പോകാൻ കഴിയില്ല. പ്രസ്തുത റിപ്പോർട്ടിൽ നഴ്സുമാരുടെ മിനിമം വേതനം 20,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നമുക്കറിയാൻ കഴിയുന്നത്, ആശുപത്രികളിൽപ്പോലും RSBY പദ്ധതികളിലെ നഴ്സുമാരെ റിക്രൂട്ട് ചെയ്യുമ്പോൾ ഇപ്പോഴും അവർക്ക് കിട്ടുന്നത് 13,900 രൂപ മാത്രമാണ്. അവരോടുപോലും ആ നിയമത്തിലെ കൃത്യമായ നീതി നടപ്പിലാക്കാൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ നാട്ടിൽ 100 പേഷ്യന്റ്സിന് രണ്ട് നഴ്സുമാർ എന്ന അനുപാതമാണ് തുടർന്നുവരുന്നത്. ആളുകൾ ഡോക്ടറെക്കാൾ കൂടുതൽ ആശ്രയിക്കുന്നത് നഴ്സുമാരെയാണ്. ഈ മേഖലയിൽ മിനിമം വേതന നിയമമുള്ളപ്പോൾത്തന്നെ അത് ഉറപ്പാക്കുന്നതിനുവേണ്ടി ശക്തമായ ഇടപെടൽ ഉണ്ടാവണമെന്ന് ആഗ്രഹിക്കുകയാണ്. പലപ്പോഴും മധ്യവർഗ്ഗത്തിൽപ്പെടുന്ന സ്ത്രീകൾ സമരവുമായി വരാറില്ല. അതിനൊരു ആക്ഷേപമായി വന്നിട്ടുള്ളത് രണ്ട് സമരങ്ങൾ മാത്രമാണ്. ഒരു പ്രൈവറ്റ് സ്ഥാപനത്തിലെ (മുത്തൂറ്റ് ബാങ്ക്) സ്ത്രീകൾ അടക്കം സമരരംഗത്തേയ്ക്ക് വന്നതായി കണ്ടിട്ടുണ്ട്. അതുപോലെതന്നെ ആലപ്പുഴയിലെ ടെക്സ്റ്റൈൽസിലെ സ്ത്രീകൾ ആ മേഖലയിൽ അവർ അനുഭവിച്ച എല്ലാ ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും തരണം ചെയ്തുകൊണ്ട് സമരരംഗത്തേയ്ക്ക് വന്നിട്ടുണ്ട്. ഈ നിയമങ്ങളൊക്കെ ഉള്ളപ്പോൾത്തന്നെ പലപ്പോഴും മധ്യവർഗ്ഗത്തിലെ സ്ത്രീകൾ ഇതുപോലുള്ള കാര്യങ്ങൾക്ക് സമരരംഗത്തേയ്ക്ക് വരുന്നില്ല എന്നത് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

ശുചീകരണമേഖലയിൽ ധാരാളം ആളുകൾ ഇപ്പോഴും തുച്ഛമായ വേതനമാണ് കൈപ്പറ്റുന്നത്. അത് ഏറ്റവും ക്ലേശകരമായിട്ടുള്ള ജോലിയാണ്. ആറ്റുകാൽ പൊങ്കാല കഴിഞ്ഞ് പിറ്റേന്ന് ഈ പട്ടണം, ഇതുപോലൊരു പരിപാടി നടന്നതാണെന്നു പോലും തോന്നാത്ത തരത്തിലേയ്ക്ക് മനോഹരമായി ക്ലീൻ ചെയ്തു. അവരൊക്കെ എടുക്കുന്ന ഒരു എഫർട്ടുണ്ട്; അവർക്കൊന്നും കൃത്യമായിട്ടുള്ള കൂലി ഉറപ്പാക്കാൻ നമുക്ക് കഴിയുന്നില്ല.

ഞാൻ പ്രതിനിധീകരിക്കുന്ന കായംകുളത്തും ആലപ്പുഴ ജില്ലയിലെ പല പ്രദേശങ്ങളിലും കയർ മേഖല, കശുവണ്ടിമേഖല, മത്സ്യമേഖല, പീലിംഗ് ഷെഡ്ഡിൽ ജോലി ചെയ്യുന്ന ആളുകൾ ഇവരൊക്കെ വളരെ തുച്ഛമായ കൂലിക്കാണ് ജോലി ചെയ്യുന്നത്. കേരളത്തിൽ കാലാനുസൃതമായ മാറ്റം വരുന്നുണ്ടെങ്കിൽപ്പോലും അവരുടെ ഇപ്പോഴത്തെ അവസ്ഥയ്ക്കനുസരിച്ചുള്ള വേതന വർദ്ധനവ് വരുത്താൻ ഇനിയും കുറച്ചുകൂടി മുന്നോട്ടു പോകേണ്ടതുണ്ട്. അത്തരം കാര്യങ്ങൾ കൂടി മുന്നോട്ടുവയ്ക്കുകയാണ്; തീർച്ചയായും അതിൽ വലിയ പ്രതീക്ഷയുണ്ട്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, കുടുംബശ്രീക്കാരാണ് മാലിന്യ സംസ്കരണം കൂടുതലായി ഏറ്റെടുക്കുന്നത്. അവരുടെ ഇന്നത്തെ നിലയെപ്പറ്റി മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ? വളരെ ദയനീയമായ അവസ്ഥയാണ്. തകഴി ശിവശങ്കരപിള്ള 'തോട്ടിയുടെ മകൻ' എന്ന നോവലെഴുതിയിരുന്നു. ഇന്ന് അദ്ദേഹം ജീവിച്ചിരിപ്പുണ്ടെങ്കിൽ കുടുംബശ്രീയിലെ തൊഴിലാളികൾ മാലിന്യസംസ്കരണം നടത്തുന്നതിനെപ്പറ്റി തീർച്ചയായും എഴുതുമായിരുന്നു. അക്കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ ഹരി:</u> സർ, തീർച്ചയായും. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ മുന്നിലാണ്. എങ്കിൽപ്പോലും ഇവിടെയും വലിയ തരത്തിലുള്ള വിവേചനങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അത്തരം കാര്യങ്ങൾക്കുവേണ്ടിയുള്ള ചർച്ചകളും ആലോചനകളുമൊക്കെ ഇവിടെ നടത്തേണ്ടതായിട്ടുണ്ട്. ഞാൻ വരുന്നത് കുട്ടനാട്ടിൽ നിന്നാണ്. ഇവിടെയിരിക്കുന്ന എല്ലാവർക്കുമറിയാം, 1970-ൽ കൂലിക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ചിട്ടുള്ളത് അവിടെയാണ്. തകഴിയുടെ 'രണ്ടിടങ്ങഴി'-യിലൊക്കെ കൂലിക്കുവേണ്ടി നടത്തിയിട്ടുള്ള അവകാശ പോരാട്ടങ്ങളെ സംബന്ധിച്ച് വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. 1948-ൽ ഈ നിയമം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുപോലും 1970-ൽ 'ഏഴിൽ പതിവും പതത്തിന്റെ നാലിലൊന്ന് തീർപ്പുമെന്ന്' കൊയ്ത്തു സമയത്തുള്ള തൊഴിലാളികളുടെ അവകാശത്തിനുവേണ്ടി കൈനകരിയിലെ ചെറുകാലിക്കായലിൽ നടന്ന വലിയ സമരം, അതിൽ സഖാവ് സഹദേവന്റെ രക്തസാക്ഷിത്വം, അതെല്ലാം മിനിമം വേജസുമായി ബന്ധപ്പെട്ട് പറയുമ്പോൾ എത്രയധികം ആളുകളാണ് ജീവത്യാഗം ചെയ്യേണ്ടി വന്നിട്ടുള്ളതെന്ന കാര്യം നമുക്കറിയാം. ജനങ്ങളുടെ ജീവിത ക്രമമനുസരിച്ച് തന്നെയാണ് വേതനം കാലാകാലങ്ങളിൽ പുതുക്കി കൊടുക്കേണ്ടതെന്ന് നിയമത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇന്ത്യാ ഗവൺമെന്റ് അത്തരം കാര്യങ്ങളിൽ ഇന്ന് ഒരുപാട് പിന്നോട്ട് പോയിരിക്കുകയാണ്. 1958-ൽ കേരള ഗവൺമെന്റ് മിനിമം കൂലി പ്രഖ്യാപിച്ചുകൊണ്ട് സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ വലിയൊരു ഇടപെടൽ അന്നത്തെ കാലത്ത് നടത്തി. അതിനു ശേഷം കുട്ടനാട്ടിൽ ഐ.ആർ.സി.-യും കൊയ്ത്തുവകാശവും വരികയും ചെയ്തു. ഇപ്പോൾ പുരുഷത്തൊഴിലാളിക്ക് 700 രൂപയാണ് കൂലി കൊടുക്കുന്നത്. എന്നാൽ സ്ത്രീകൾക്ക്

400 രൂപയേയുള്ളൂ എന്നുള്ളതുകൂടി ചൂണ്ടിക്കാണിക്കുകയാണ്. 2005-ൽ തൊഴിലുറപ്പ് നിയമം പാർലമെന്റിൽ പാസ്സാക്കുമ്പോഴും അതിൽ 192 രൂപയാണ് കൂലിയായി നിശ്ചയിച്ചിട്ടുള്ളത്. അതിലെ അന്തരമെന്നു പറയുന്നത്, പുരുഷത്തൊഴിലാളികൾ ആ മേഖലയിലേയ്ക്ക് വരുന്നതേയില്ല എന്നതാണ്. കൂലിയിലെ ഏകീകരണം ഉള്ളതുകൊണ്ടുതന്നെ പുരുഷത്തൊഴിലാളികൾ അതിലേയ്ക്ക് വരുന്നില്ല. പുരുഷൻ ചെയ്യുന്നതിന് സമാനമായ ജോലി സ്ത്രീകൾ ചെയ്യുമ്പോഴും അവിടെ മിനിമം വേജസ് ഉറപ്പാക്കാനോ സുരക്ഷിതത്വം ഉറപ്പാക്കാനോ പലപ്പോഴും കഴിയുന്നില്ല. കേരളം അതിൽ ഒരുപാട് വ്യത്യസ്തമാണെന്ന് കണ്ടുകൊണ്ടുതന്നെയാണ് പറയുന്നത്. ഇനിയും നമുക്ക് ഏറെ മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, ബഹുമാനപ്പെട്ട അംഗം വേതന വർദ്ധനവിനെ സംബന്ധിച്ചാണ് പ്രധാനമായും പറഞ്ഞുകൊണ്ടിരിക്കുന്നത്, അത് ശരിയുമാണ്. എന്നാൽ സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ട ജോലിസമയം പരിപാലിക്കപ്പെടാതെ രാവിലെ മുതൽ രാത്രിവരെ സ്ത്രീകളെക്കൊണ്ട് പണിയെടുപ്പിക്കുന്ന സമ്പ്രദായം ഐ. ടി. കമ്പനികളിലും പ്രൈവറ്റ് മേഖലയിലുമുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുസംബന്ധിച്ച് എന്താണ് അഭിപ്രായം?

<u>ശ്രീമതി യു. പ്രതിഭ ഹരി:</u> സർ, നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചു, ടെക്സ്റ്റൈൽ മേഖലയിലടക്കം എട്ടും പത്തും മണിക്കൂറുകൾ വരെ സ്ത്രീകൾ ജോലി ചെയ്യേണ്ടതായി വരുന്നുണ്ട്. പലപ്പോഴും മധ്യവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ ഇതുപോലുള്ള സമരങ്ങളുടെ നേതൃത്വത്തിലേയ്ക്ക് വരാൻ മടിക്കുന്നു. ഉള്ള ജോലി കൂടി നഷ്ടപ്പെടുമെന്ന ഭയം കൊണ്ട് പലരും സമരരംഗത്തേയ്ക്ക് വരുന്നില്ലെന്നുള്ളതാണ് വാസ്തവം. പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന അൺഎയ്ഡഡ് മേഖലയിലുണ്ടാകുന്ന വലിയ ചൂഷണം, എനിക്ക് തോന്നുന്നത് ഈ നിയമസഭ തന്നെ പലപ്പോഴും ഇതുസംബന്ധിച്ച് ചർച്ചയ്ക്ക് വേദിയായിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ചുരുങ്ങിയ കാലംകൊണ്ട് ഈ ഗവൺമെന്റ് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനെയൊക്കെ അങ്ങേയറ്റം അഭിനന്ദനാർഹമായി കണ്ടുകൊണ്ടു പറയുകയാണ്, 'demonetisation' എന്ന വലിയ പ്രത്യാഘാതം നമ്മുടെ സമൂഹത്തിനെ ബാധിച്ചിട്ടുണ്ട്. 'Demonetisation' വന്നപ്പോൾ സ്വാഭാവികമായും കർഷകത്തൊഴിലാളികൾ പ്രത്യേകിച്ചും ഇന്ത്യാ മഹാരാജ്യത്ത് അവരുടെ തൊഴിലിടങ്ങൾ ഉപേക്ഷിച്ച് നഗരങ്ങളിലേയ്ക്ക് ചേക്കേറി വന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. കൂടുതൽ ജീവിത സാഹചര്യങ്ങൾ സങ്കീർണ്ണമാക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് അടിച്ചേല്പിക്കുന്നത്. എന്നാൽ കാലാനുസൃതമായി ആളുകളുടെ വരുമാനമാർഗ്ഗത്തിലെ വർദ്ധനവിനെപ്പറ്റിയൊന്നും ചിന്തിക്കുന്നില്ല. നിയമങ്ങൾ കുറച്ചുകൂടി ബുദ്ധിമുട്ടുള്ളതാക്കി അടിച്ചേല്പിക്കാനാണ് ഇന്ത്യാ ഗവൺമെന്റ് ശ്രമിക്കുന്നത്.

എന്തുകൊണ്ടാണ് വഴിയോര കച്ചവടക്കാർപോലും അടുത്തകാലത്ത് സമര ത്തിനിറങ്ങേണ്ടി വന്നത്? വഴിയോര കച്ചവടക്കാർക്കുപോലും ജീവിക്കാൻ കഴിയാത്ത ഒരു അവസ്ഥയിലേയ്ക്ക് നമ്മുടെ നാട് എത്തി. ബഡ്ജറ്റിൽപോലും 'നോട്ട് ബന്ദി' എന്ന അവസ്ഥയെക്കുറിച്ച് പറയുന്നുണ്ട്. ആ സാമ്പത്തിക അവസ്ഥയിൽ നിന്നുകൊണ്ടു തന്നെയാണ് ഇത്തരത്തിലുള്ള പുതിയ പ്രതീക്ഷകൾ വയ്ക്കുന്നതും ആ ബോധത്തോടു കൂടിത്തന്നെയാണ് ചർച്ച ചെയ്യുന്നതും. കാലാനുസൃതമായി ഇത്തരം നിയമങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ പുതിയ കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയായി നിയമസഭ മാറുന്നുവെന്നുള്ളതും കൂടുതൽ പ്രതീക്ഷയോടെ കണ്ടുകൊണ്ട്, നമ്മുടെ നാട്ടിൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി മിനിമം വേജസ് ഏറ്റവും ഭംഗിയായി നടപ്പാക്കാൻ ഗവൺമെന്റിന്റെ വലിയ ഇടപെടൽ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുകയാണ്. അതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട് എന്ന സന്തോഷവും പ്രതീക്ഷയുമൊക്കെ ഈയവസരത്തിൽ മുന്നോട്ടുവച്ചുകൊണ്ട് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് നിർത്തുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബിൽ അവതരിപ്പിച്ചുകൊണ്ട് ഞാൻ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഏറ്റവും പ്രധാനപ്പെട്ട ഭേദഗതിയെക്കുറിച്ച് അംഗങ്ങൾ പൊതുവെയൊന്നും പരാമർശിച്ചിട്ടില്ല. മിനിമം വേജസ് കൊടുക്കാതിരിക്കുക, അത് നിഷേധിക്കുക തുടങ്ങിയ കാര്യങ്ങളിൽ ആയിരക്കണക്കിന് പരാതികളാണ് ലേബർ ഡിപ്പാർട്ടുമെന്റിൽ വരുന്നത്. നിലവിലുള്ള നിയമമനുസരിച്ച് ലേബർ കമ്മീഷണറാണ് അതിന് തീർപ്പുകൽപ്പിക്കേണ്ടത്. ആ തിരക്ക് ഒഴിവാക്കി വികേന്ദ്രീകരിച്ച് നീതി ഉറപ്പാക്കാനാണ് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ നേതൃത്വത്തിലും അതിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥരെയും നിയോഗിച്ച് അവകാശത്തർക്കം പരിഹരിക്കാൻ തീരുമാനിച്ചത്. ഇതിനുവേണ്ടി 14 ജില്ലകളിലായി ഏഴ് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. കാസർഗോഡ്, കണ്ണൂർ, വയനാട് - കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോഴിക്കോട്, മലപ്പുറം - കോഴിക്കോട് ഡെപ്യൂട്ടി ലേബർ കമ്മീഷണർ, പാലക്കാട്, തൃശ്ശൂർ-തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ, എറണാകുളം- എറണാകുളം ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയം, ഇടുക്കി-കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കൊല്ലം, ആലപ്പുഴ-കൊല്ലം ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തിരുവനന്തപുരം - തിരുവനന്തപുരം ഡെപ്യൂട്ടി ലേബർ കമ്മീഷണർ എന്നിങ്ങനെയാണ് നിയോഗിച്ചിരിക്കുന്നത്. കുറേക്കൂടി വേഗത്തിൽ നീതി ഉറപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെയും നമ്മളെല്ലാവരും ധരിച്ചിരിക്കുന്നതുപോലെയും മിനിമം കൂലി കൊടുക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ മറ്റു സ്റ്റേറ്റുകളെക്കാൾ വളരെ മുൻപിലാണ് കേരളമെന്നത് ശരിയാണ്.

കേരളത്തിൽ തൊഴിലെടുക്കുന്നവരിൽ, മിനിമം വേതനത്തിന് അർഹരായവരിൽ 60 ശതമാനം പേർക്കെങ്കിലും മിനിമം വേതനം കിട്ടുന്നില്ലെന്നതാണ് യാഥാർത്ഥ്യം. കയർ, സ്വകാര്യ കശുവണ്ടി ഫാക്ടറി, മത്സ്യമേഖല, കയറ്റിറക്കുമേഖല തുടങ്ങി എല്ലാ മേഖലയിലും മിനിമം വേതനം കിട്ടാത്തവരാണ് ഭൂരിപക്ഷവും വരുന്നത്. അവരെ അസംഘടിതമേഖലയെന്ന് പറഞ്ഞ് തള്ളിയിരിക്കുകയാണ്. അവിടെ പ്രവർത്തിക്കാനും പൊതുവെ താൽപ്പര്യമില്ല. ഇതെല്ലാം ട്രേഡ് യൂണിയനുകളുടെ സമ്മേളനങ്ങളിലും രാഷ്ട്രീയ സമ്മേളനങ്ങളിലുമെല്ലാം എപ്പോഴും ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും അത് ശരിയല്ലെന്ന് പറയുന്നുണ്ടെങ്കിലും ഇതുവരെ പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള സ്ഥിതി നിലനിൽക്കുമ്പോഴും മിനിമം വേതനം നിഷേധിച്ചുവെന്ന് പറഞ്ഞാൽ നിഷേധിക്കുന്നയാളെ പ്രോസിക്യൂട്ട് ചെയ്യാനുള്ള മുൻപ് ഉണ്ടായിരുന്നതിനേക്കാൾ കുറെക്കൂടി മെച്ചപ്പെട്ടൊരു നിയമമാണ് ഇവിടെ കൊണ്ടുവരുന്നത്. മിനിമം വേതനം കൊടുക്കുന്നതിൽ രണ്ട് വ്യതിയാനങ്ങൾ കണ്ടുവരുന്നുണ്ട്. ഒന്ന്, സ്ഥാപനത്തിന്റെ കഴിവ് നോക്കാതെ കൊടുക്കാൻ കഴിവില്ലാത്ത മിനിമം വേതനം നിശ്ചയിക്കുകയാണ്. എന്നിട്ട് സ്ഥാപനം പൂട്ടുകയും ചെയ്യുന്നു. തൊഴിലുമില്ല, ഒന്നുമില്ല. രണ്ടാമതായി, കൊടുക്കാൻ കഴിവുണ്ടെങ്കിലും വേണ്ടത്ര വേതനം കൊടുക്കാതിരിക്കുകയാണ്. ഈ രണ്ട് വ്യതിയാനവും ഇവിടെ സംഭവിച്ചിട്ടുണ്ട്. ഏതായാലും മിനിമം വേതനം നിശ്ചയിച്ചത് കൊടുക്കാതിരിക്കാൻ കഴിയില്ല. ഇവിടെ ആശുപത്രികളുടെ കാര്യം സൂചിപ്പിച്ചു. സമരമൊക്കെ നടത്തി കുറെ മാറ്റങ്ങൾ വന്നുവെങ്കിലും നിശ്ചയിച്ച മിനിമം വേതനമൊന്നും ഇപ്പോഴും ഭൂരിപക്ഷം സ്ഥാപനങ്ങളും കൊടുക്കുന്നില്ല.

കലാകാരന്മാരുടെ കാര്യത്തിലാണെങ്കിൽ പലതരം കലാകാരന്മാരുണ്ട്. നാടക കലാകാരന്മാർക്ക് വളരെ കുറഞ്ഞ വേതനം മാത്രമേയുള്ളൂ. ഒരു നാടകത്തിന് ഇരുപത്തയ്യായിരം രൂപ കിട്ടിയാൽ ആയിരം രൂപയാണ് ഒരു കലാകാരന് കിട്ടുന്നത്. രണ്ട് നാടകമുണ്ടെങ്കിൽ രണ്ടായിരം രൂപ കിട്ടും. സിനിമയിലാണെങ്കിൽ ഭൂരിപക്ഷം സിനിമാ ജീവനക്കാർക്കും കാര്യമായ വേതനം ലഭിക്കുന്നില്ല. സൂപ്പർ സ്റ്റാറുകൾക്ക് കോടികളാണ് കിട്ടുന്നത്. നമുക്കൊന്നും ചെയ്യാൻ കഴിയുന്നതല്ലെങ്കിലും സാമൂഹ്യനീതിയിൽനിന്നും എത്രയോ അകലെയാണ് കലാകായിക രംഗങ്ങളിലെ വേതന സമ്പ്രദായം എന്നത് വിമർശനപരമായി നാം എല്ലാവരും മനസ്സിലാക്കണം. ഐ.റ്റി. മേഖലയിൽ അർഹതയുള്ള വേതനമൊന്നും കിട്ടുകയില്ല. ന്യൂ ജനറേഷൻ ബാങ്കിൽ ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻപോലും സമയമില്ല. വേണമെങ്കിൽ കഴിച്ചു കൊള്ളണം. അവിടെയൊന്നും ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ കൺട്രോളിലായിരിക്കാം. ശരിയായ ശമ്പളം ഇല്ല. അങ്ങനെ ഒരുപാട് കാര്യങ്ങൾ ഇനി നമുക്ക് നിർവ്വഹിക്കാനുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അധികാരങ്ങൾ നമ്മൾ മാറ്റുന്നത് ശരിയാണോയെന്ന കാര്യത്തിൽ സംശയമുണ്ട്. കാരണം ഭരണഘടന നിർമ്മാതാക്കൾ വളരെയധികം ആലോചിച്ചാണ് അത് ചെയ്തിരിക്കുന്നത്. സെൻട്രൽ ലിസ്റ്റിലുള്ള കുറെ അധികാരങ്ങൾ സംസ്ഥാനത്തിന് നൽകണമെന്ന് നമ്മൾ ആവശ്യപ്പെട്ടെങ്കിലും നൽകുന്നില്ല. സെൻട്രൽ ഗവൺമെന്റിന് സെൻട്രൽ ഗവൺമെന്റ് ജീവനക്കാരും കോൺട്രാക്ട് ലേബറേഴ്സും ഉണ്ട്. അവരുടെ മിനിമം വേതനം നമുക്ക് നിർണ്ണയിക്കാനാകില്ല. അതിന് സെൻട്രൽ ഗവൺമെന്റ് തന്നെ നിയമം പാസ്സാക്കണം. സെൻട്രൽ ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു അധികാരമുള്ളത് നല്ലതാണ്. സംസ്ഥാനത്തിന്റെ അധികാരം നമുക്ക് പൂർണ്ണമായിട്ടും വിനിയോഗിക്കാം. അതിന് യാതൊരുവിധ തടസ്സങ്ങളുമില്ല. കൺകറന്റ് ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, സെൻട്രൽ ലിസ്റ്റ് എന്നീ മൂന്ന് ലിസ്റ്റുകളുള്ളത് ഭരണഘടനാ നിർമ്മാതാക്കൾ വളരെ ആലോചിച്ച് ചെയ്തതാണ്. അതിൽ കേന്ദ്രത്തിന് ഇത്രയധികം അധികാരം വേണ്ടായെന്ന അഭിപ്രായം ദീർഘകാലമായി ശക്തിപ്പെട്ടിട്ടുണ്ട്. കമ്മീഷനും അതേ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഒരു ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റ് യാതൊരു അധികാരവും വിട്ടുതരാൻ ഇതുവരെ തയ്യാറായിട്ടില്ല. പക്ഷേ ഒരു ആശയം മുന്നോട്ട് വന്നിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റുതന്നെ സെക്രട്ടേറിയറ്റിലുള്ള എത്രയോ അധികാരം താഴെത്തട്ടിൽ കൊടുക്കണമെന്ന് പറഞ്ഞിട്ട് ഇതുവരെ കൊടുത്തിട്ടില്ലല്ലോ. ആ കാലം മുതൽ മാതൃകയാണെന്ന് പറയുമ്പോഴും സെക്രട്ടേറിയറ്റിലുള്ള പല അധികാരങ്ങളും കൊടുത്തിട്ടില്ല, പല വകുപ്പുകളും അധികാരം കൈകളിൽ വച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ നമ്മളും കുറെക്കൂടി മാറേണ്ടതായിട്ടുണ്ട്. അക്കാഡമിക്കായാലും സാമ്പത്തികമായും വേതനപരമായും കേരളം ഇന്ന് ഏറെ പ്രതിഷേധിക്കുന്ന മേഖലയാണ് സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ, അൺ എയ്ഡഡ് സ്കൂളുകൾ എന്നിവ. തികച്ചും അപരിഷ്കൃതമാണത്. ഇത് നിയമനിർമ്മാണം മുഖേന നിയന്ത്രിക്കേണ്ട കാലം കഴിഞ്ഞു. അവിടെ യാതൊരു മിനിമം വേജസുമില്ല. മലയാള ഭാഷ സംസാരിക്കാൻ സമ്മതിക്കുകയില്ല. മലയാളം സംസാരിച്ചുകഴിഞ്ഞാൽ വെയിലത്ത് നിർത്തും. കഴിഞ്ഞമാസം എറണാകുളത്തുനിന്നും ഒരു പത്രവാർത്തയുണ്ടായിരുന്നു. ഒരു കുട്ടി വീഴാൻ നേരത്ത് 'എന്റെ അമ്മേ' എന്ന് വിളിച്ചു. അമ്മേയെന്ന് മലയാളത്തിൽ വിളിച്ചതിന് ആ കുട്ടിയെ രണ്ടുദിവസം ക്ലാസിൽ കയറ്റിയില്ല. പത്ര വാർത്തയാണ്. നാം എല്ലാത്തിനും മുൻപിലാണെന്ന് പറയുമ്പോഴും എല്ലാത്തിനും മുൻപിലല്ലെന്ന് അംഗീകരിക്കണം. മാതൃഭാഷയുടെ കാര്യത്തിൽ നമ്മൾ ലോകത്തിന്റെ ഏറ്റവും പിന്നിലാണ്. ഇന്ത്യയിലെ ഏത് സംസ്ഥാനമെടുത്താലും ഇംഗ്ലീഷിന്റെ മേധാവിത്വമൊന്നും ജർമ്മൻകാരോ ഫ്രഞ്ചുകാരോ ജപ്പാൻകാരോ ചൈനക്കാരോ സോവിയറ്റ് യൂണിയനോ ഇതുവരെ അംഗീകരിച്ചിട്ടില്ല. നമ്മൾ ആ കൊളോണിയൽ സംസ്കാരവുമായി നടക്കുകയാണ്. ഇംഗ്ലീഷ് മോശമാണെന്നല്ല. നമ്മളൊക്കെ ഇംഗ്ലീഷ് പഠിച്ചവരാണ്. ഇംഗ്ലീഷിനോട് ബഹുമാനമുണ്ട്. ലോകത്തിലെ ആദ്യത്തെ ഏറ്റവും വലിയ ശാസ്ത്രീയ നേട്ടമാണ് 1958-ൽ ശൂന്യാകാശത്ത് പോയത്. ആദ്യം ഒരു പട്ടിയാണ് പോയത്. പട്ടി തിരിച്ചുവന്നപ്പോൾ അവിടെ ജീവൻ നിലനിൽക്കുന്നുവെന്ന് മനസ്സിലായി. പിന്നെ

യൂറി ഗഗാറിനെ അയച്ചു. ജീവശാസ്ത്രപരമായ കാര്യങ്ങളൊഴിച്ച് ബാക്കി പുരുഷന് ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം ചെയ്യാമോ അതെല്ലാം സ്ത്രീകൾക്കും ചെയ്യാം. അതാണ് സോവിയറ്റ് ഭരണഘടന. സ്ത്രീ-പുരുഷ സമത്വം, അവർ സ്ത്രീയെ (വാലിന്റീനാ തെരഷ്കോവ) അയച്ചു. പട്ടി അവിടെ ചെന്ന് കുരച്ചു. ഏത് ഭാഷയിൽ കുരച്ചുവെന്നാണ് ചോദ്യം. പട്ടിയുടെ ഭാഷ അറിയാവുന്നവർക്കറിയാം പട്ടി പ്രാദേശിക ഭാഷയിലേ കുരയ്ക്കുകയുള്ളൂ. ഇന്റർനാഷണൽ ഭാഷ ഒരു മൃഗങ്ങൾക്കുമില്ല. രണ്ടുതരം ഭാഷയാണ് മൃഗങ്ങൾക്കുള്ളത്. സാർവ്വദേശീയ ഭാഷയും ഓരോ സ്ഥലത്തെയും കാടും മേടും അനുസരിച്ചും ഉണ്ട്. സായിപ്പിന്റെ ഭാഷയിലല്ല പട്ടി കുരച്ചത്. റഷ്യൻ ഭാഷയിലാണ്, ടോൾസ്റ്റോയിയുടെ ഭാഷയിലാണ് അലക്സാണ്ടർ പുഷ്കിൻ-ന്റെ (Alexander Pushkin) ഭാഷയിലാണ് ഡോസ്റ്റോയെവ്സ്കി (Dostoyevsky) യുടെ ഭാഷയിലാണ്, മൈക്കിൾ വിസ്റ്റേയുടെ (Michael Viste) ഭാഷയിലാണ് എന്താ അവരുടെയൊക്കെ ഭാഷ മോശപ്പെട്ടതാണോ?

2.00 PM]

ഇവിടെ ഇംഗ്ലീഷ് അറിയാവുന്നവർ ആരുണ്ട്; യൂണിവേഴ്സിറ്റി കോളേജിലെ പ്രൊഫസർമാർക്ക് സായിപ്പിന്റെ ഇംഗ്ലീഷ് പറയാൻ സാധിക്കുമോ; സാധിക്കില്ല. ഒറ്റ ഇംഗ്ലീഷ് പ്രൊഫസർമാർക്കും ശരിയായി ഇംഗ്ലീഷ് സംസാരിക്കാനറിയില്ല. എഴുതാൻ സാധിക്കും. ഞാൻ അഞ്ചുവർഷം പഠിച്ചതാണ്; പക്ഷേ എനിക്കറിയില്ല. എനിക്ക് സായിപ്പ് പറഞ്ഞാൽ മനസ്സിലാകില്ല. നായനാരുടേതാണ് ഏറ്റവും നല്ല ഇംഗ്ലീഷ്. നമുക്ക് കാര്യം മനസ്സിലായാൽ പോരേ; ഇതൊക്കെയാണ് പാണ്ഡിത്യം എന്ന് പറയുന്നത്. അൺ-എയ്ഡഡ് സ്കൂളുകളും സെൽഫ് ഫിനാൻസ് കോളേജുകളും നമ്മുടെ സംസ്കാരത്തിനും ഭരണഘടനാരീതിക്കും സാമ്പത്തിക നീതിക്കുമെതിരാണ്. അതുകൊണ്ട് അവിടങ്ങളിൽ മിനിമം വേതനം ഉറപ്പാക്കണം. അല്ലാത്തവയെല്ലാം അടച്ചുപൂട്ടാനുള്ള നിയമനിർമ്മാണം കേരളത്തിൽ കൊണ്ടുവരാൻ കഴിയുമോയെന്ന് സഭ ചർച്ച ചെയ്യണം. എന്റെ അഭിപ്രായമാണ് പറയുന്നത്. അല്ലാതെ ഞാനൊരു തീരുമാനം പറയുകയല്ല. ഒരു നിയമം കൊണ്ടുവന്ന് സഭയിൽ ചർച്ച ചെയ്യാം. ഇത് നിയന്ത്രിക്കാൻ നിയമം കൊണ്ടുവരുമെന്ന് ഒരിക്കൽ ശ്രീ. റ്റി. പി. രാമകൃഷ്ണൻ പറഞ്ഞിരുന്നു. അദ്ദേഹം അസുഖം ഭേദമായി വേഗം വരും. നമുക്ക് അപ്പോൾ ചർച്ച ചെയ്യാം. അങ്ങ് അതിന് അനുകൂലമാണെന്ന് നന്നായി അറിയാം. മലയാളഭാഷയെ വളരെയധികം സ്നേഹിക്കുന്നയാളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. സഭയിൽ അങ്ങ് സംസാരിക്കുമ്പോൾ ഇംഗ്ലീഷ് അധികം പറയാറുമില്ല. നമ്മളൊക്കെ ഇംഗ്ലീഷ് ഭാഷ അധികം ഉപയോഗിക്കാറില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ വിദ്യാഭ്യാസം സംബന്ധിച്ച് പരസ്യ അഭിപ്രായപ്രകടനം നടത്തിയിരുന്നു. അങ്ങ് പറഞ്ഞത്, നമ്മൾ ഒന്നിച്ച് പഠിച്ച കാലത്ത് മൂട്ട് കോർട്ടിൽ അങ്ങേയ്ക്ക് ഫസ്റ്റും എനിക്ക് ഏതാണ്ട് കുറച്ച് മാർക്കും കിട്ടിയെന്നാണ്. അത് ശരിയല്ല. സത്യം അങ്ങ് പരിശോധിച്ചുനോക്കണം. രണ്ടുപേരും നൂറ് ശതമാനം മാർക്ക് നേടി.

ശ്രീ. ജി. സുധാകരൻ: സർ, അത് എനിക്ക് നാവ് പിഴച്ചുപോയതാണ്. വേറൊരാളിനെപ്പറ്റി പറയാൻ വന്നപ്പോൾ തെറ്റിയതാണ്. ഇവിടെ വച്ച് തിരുത്തുന്നു. അത് സഭയിലെ റിക്കാർഡിൽ വന്നല്ലോ. ഞാൻ അത് നിഷേധിക്കുന്നില്ല. വേറൊരാളിനെപ്പറ്റി പറയാൻ ഉദ്ദേശിച്ചത് പെട്ടെന്ന് തെറ്റിപ്പോയതാണ്. അദ്ദേഹം ഇടയ്ക്കുവച്ച് എന്നോട് പറഞ്ഞിരുന്നു. അങ്ങ് പറഞ്ഞത് ശരിയാണ്. അങ്ങേയ്ക്ക് നല്ല മാർക്കുണ്ടായിരുന്നു. ഞങ്ങൾ ഒരേ ബഞ്ചിലിരുന്ന് പഠിച്ചതാണ്. ഞാൻ ഇവിടെ ഉന്നയിച്ച പ്രശ്നം, ഇവിടെ ഈ നിയമം നടപ്പിലാക്കണം. അതുപോലെ തന്നെ കുട്ടികളിൽ നിന്ന് വലിയ ഫീസാണ് പിരിച്ചെടുക്കുന്നത്. 14 വയസ്സുവരെ നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസമാണ് ഭരണഘടന പറഞ്ഞിരിക്കുന്നത്. ആ സമയത്ത് ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയിൽ നിന്ന് ഒരു മാസം 5000 രൂപ ഫീസ് വാങ്ങുന്നത് എങ്ങനെയാണ്? അൺഎയ്ഡഡ് സ്കൂളുകളിലെ എസ്.എസ്.എൽ.സി./സ്കൂൾ ഫൈനൽ വരുമ്പോൾ എന്തിനാണ് 10,000 രൂപ വാങ്ങുന്നത്? ബ്ലാക്ക് ബെൽറ്റ്, വൈറ്റ് ബെൽറ്റ്, യെല്ലോ ബെൽറ്റ് അങ്ങനെ ഓരോ ബെൽറ്റ് കൊടുക്കുക, ഫീസ് വാങ്ങുക. എസ്കർഷന് കൊണ്ടുപോകുമ്പോൾ ഫീസ് വാങ്ങുകയാണ്. എല്ലാം പിഴിഞ്ഞൂറ്റിയെടുക്കുകയാണ്. ഈ പൈസ അദ്ധ്യാപകർക്ക് കൊടുക്കേണ്ടതല്ലേ; അദ്ധ്യാപകർക്ക് മാന്യമായ ശമ്പളമുണ്ടോ; ഇല്ല. കാരൂർ നീലകണ്ഠൻ പിള്ള സാറിന്റെ കഥകളിൽ അദ്ധ്യാപകരെപ്പറ്റി ഒരുപാട് പറയുന്നുണ്ട്. ഭാര്യയ്ക്കും ഭർത്താവിനുംകൂടി ഒറ്റമുണ്ടുള്ള ഒരദ്ധ്യാപകന്റെ കഥ അദ്ദേഹം എഴുതിയിട്ടുണ്ട്.

മി. സ്പീക്കർ: പൊതിച്ചോറ് എന്ന കഥയാണോ?

ശ്രീ. ജി. സുധാകരൻ: സർ, പൊതിച്ചോറ് വേറെ കഥയാണ്. അദ്ധ്യാപകൻ കുട്ടികളുടെ പൊതിച്ചോറെടുത്ത് ഉച്ചയ്ക്ക് കഴിച്ചതിനുശേഷം ക്ലാസ് നേരത്തേ വിടുമായിരുന്നു. അങ്ങനെ എന്തെല്ലാം കഷ്ടപ്പാടുകൾ ഈ നാട്ടിലെ അദ്ധ്യാപകർ അനുഭവിച്ചിരുന്നു. 5 രൂപയാണ് ശമ്പളം. മാനേജർമാർ പോക്കറ്റിൽ നിന്നും പൈസ എടുത്ത് കാണിച്ച് ഒപ്പിടാൻ പറയും. അതിനുശേഷം മാനേജരുടെ പോക്കറ്റിൽ പൈസ തിരികെ വയ്ക്കും. കോട്ടയത്തുള്ള ആളാണല്ലോ നീലകണ്ഠൻ കാരൂർ, ഇതെല്ലാം കാരൂർ സാറിന്റെ കഥകളിലുള്ളതാണ്. അങ്ങനെ അല്ലെങ്കിലും അൺഎയ്ഡഡ് സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ ഭൂരിപക്ഷവും അതിന്റെ ഏറ്റവും ആധുനികമായ വൈകൃതമാണ്. അതെല്ലാം പരിശോധിക്കപ്പെടണം. മിനിമം വേജസും അടിസ്ഥാന ശമ്പളവും നിഷേധിക്കപ്പെട്ടിരിക്കുന്ന ഏറ്റവും വലിയ രംഗമാണിത്. അതുപോലെയാണ് ഐ.ടി. മേഖല, കലാമേഖല എന്നിവ. ഇതെല്ലാം തന്നെ നമുക്ക് ചർച്ച ചെയ്യാനുള്ള അവസരമാണ്. പക്ഷേ ഇവിടെ നമ്മുടെ ഭേദഗതികളൊന്നും അതിനെപ്പറ്റിയല്ല. പക്ഷേ ഇതെല്ലാം ഇവിടെ ചർച്ച ചെയ്യുമെന്നാണ് കരുതപ്പെടുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ആരോഗ്യ മേഖലയിൽ തുച്ഛമായ ശമ്പളത്തിൽ സേവനം ചെയ്യുന്ന നഴ്സുമാർ ഉൾപ്പെടെയുള്ള നിരവധി പേർക്ക് മിനിമം വേതനം എന്ന ആനുകൂല്യം നിഷേധിക്കപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, അത് സത്യമാണ്. പലയിടങ്ങളിലും വലിയ വരുമാനമാണുള്ളത്. ആരോഗ്യ കച്ചവടമല്ലേ നടക്കുന്നത്; ഒരു രോഗമായി ചെന്നാൽ പത്ത് രോഗമായി തിരിച്ചയയ്ക്കും. കാരണം അവിടെയുള്ള 10 ഡോക്ടർമാരെയും അടുത്ത ദിവസം ഈ രോഗി കാണണം. എന്ത് വൃത്തികേടാണ് കേരളത്തിൽ നടക്കുന്നത്? ഇതിനെല്ലാം ശക്തമായ നിയമങ്ങളും നിയമങ്ങൾ നടപ്പിലാക്കാനുള്ള ധൈര്യവും ആത്മാർത്ഥതയും സംവിധാനങ്ങളും ഈ നാട്ടിലുണ്ടാകണം.

ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിയ്ക്ക് പോകുമ്പോൾ, ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും സാമാന്യം നല്ല മിനിമം വേതനം ലഭിക്കുന്നുണ്ട്. ചിലയാളുകൾക്ക് ലഭിക്കുന്നില്ല. 60 ശതമാനം കൂലിവേലക്കാരും മിനിമം വേതനം ലഭിക്കാത്തവരാണ്. അംഗീകരിക്കപ്പെടുന്നവർക്കും ലഭിക്കുന്നില്ല. ചിലർക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടേയില്ല. ആ അവസരത്തിൽ മിനിമം വേതനത്തിനുള്ള പോരാട്ടം ശക്തിപ്പെടുത്താൻ ഈ നിയമഭേദഗതി ഒരളവോളം സഹായിക്കുമെന്ന് കരുതുന്നു. ശിക്ഷ 5000 രൂപ പറഞ്ഞത് ശരിയാണ്. അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്താൽ മതി. 500 രൂപയാണ് മിനിമം വേതനം. ഉടമ 300 രൂപയേ കൊടുക്കുന്നുള്ളൂ. ഓരോ തൊഴിലാളിയിൽ നിന്നും 200 രൂപ ദിവസം ഈടാക്കുകയാണ്. 25 ദിവസമാകുമ്പോൾ 5000 രൂപ ഈടാക്കുന്നു. അവിടെ 100 തൊഴിലാളികളുണ്ടെങ്കിൽ 5000 x100= 5,00,000 രൂപ ശമ്പളത്തിൽ നിന്നും ഒരു മാസം ഈടാക്കുകയാണ്. മത്സ്യമേഖലയിലൊക്കെ 1000 തൊഴിലാളികളുള്ളവരുണ്ട്. ശമ്പളം കൊടുക്കുകയില്ല. ലക്ഷക്കണക്കിന് രൂപ പിരിച്ചെടുക്കുന്നു. പക്ഷേ അയാൾക്ക് ശിക്ഷ വെറും 5000 രൂപയാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോൾ ഇങ്ങനെയുള്ള പലകാര്യങ്ങളും ചർച്ച ചെയ്യാം. എത്ര രൂപയാണ് കട്ട് ചെയ്തത് അത്രയും തുക അയാളിൽ നിന്നും ഫൈനായി ഈടാക്കാൻ കഴിയുമോ; അടിസ്ഥാനപരമായി ശമ്പളം കൊടുക്കാതെ ജനങ്ങളെ ചൂഷണം ചെയ്യുന്നവർക്ക് അങ്ങനെയുള്ള കഠിനമായ ശിക്ഷ കൊടുക്കാനുള്ള കാര്യം സബ്ജക്ട് കമ്മിറ്റി വിശദമായി ചർച്ച ചെയ്യട്ടെ. ഒരു പക്ഷേ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് ഈ ഭേദഗതി വന്നില്ലെങ്കിൽ ഭാവിയിൽ ചർച്ച ചെയ്യാം. ഇക്കാര്യങ്ങളൊക്കെ നമ്മൾ വളരെ ഭംഗിയായി ചർച്ച ചെയ്ത് എല്ലാക്കാര്യത്തിലും കേരളം മുൻപന്തിയിലാണ് എന്നത് ഉറപ്പിക്കാനുള്ള അവസരമാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ.എസ്. ശബരീനാഥൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ.എസ്. ശബരീനാഥൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ ഹരി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iii) 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമനിധി നിയമം ഭേദഗതി ചെയ്യുന്ന 2016-ലെ 35-ാം നമ്പർ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 26-10-2016-ൽ ശ്രീ. പിണറായി വിജയൻ ഗവൺമെന്റ്

പ്രസിദ്ധീകരിച്ച ബില്ലാണിത്. 2006-ലെ നായനാർ ഗവൺമെന്റിന്റെ കാലത്ത് 24-ാം നമ്പർ ബില്ലായി, അതായത് അസ്സൽ ബിൽ അന്നാണ് അവതരിപ്പിച്ചത്. ഇതിലെ ആദ്യത്തെ ഭേദഗതി എന്നുപറയുന്നത് 3-ാം വകുപ്പിലാണ് വന്നിരിക്കുന്നത്. 3-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിൽ (എഫ്) ഖണ്ഡത്തിനുശേഷം "(ജി)" എന്ന ഖണ്ഡം ചേർക്കണം. അത് മറ്റൊന്നുമല്ല. രണ്ടുവർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗം, സർക്കാർ-അർദ്ധസർക്കാർ ജോലി ലഭിച്ച് പോയാൽ അടച്ച തുക മുൻകൂർ കൈപ്പറ്റിയിട്ടില്ലെങ്കിൽ അവർക്ക് ലഭിക്കും, അല്ലെങ്കിൽ മുൻകൂർ കൈപ്പറ്റിയതിന്റെ ബാക്കി ലഭിക്കും എന്നുള്ളതാണ്. ഒരു അനുകൂല നടപടിയാണ്. അവർക്ക് അർഹതപ്പെട്ട ആനുകൂല്യം തിരിച്ചുകൊടുക്കുന്ന കാര്യമാണ്. നേരത്തേ അതില്ലായിരുന്നു.

3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ ഇപ്പോൾ ചേർത്ത (ജി) ഖണ്ഡം കഴിഞ്ഞാൽ (എച്ച്) എന്ന ഖണ്ഡം ചേർക്കണം. തൊഴിൽ ചെയ്യുന്നതിനിടയിൽ മരിച്ചുപോയാൽ കുടുംബത്തിന് ആനുകൂല്യമൊന്നും ലഭിക്കുമായിരുന്നില്ല. മരണാനന്തര ആനുകൂല്യം ലഭിക്കാൻ ആശ്രിതർക്ക് അർഹത നൽകുന്നതാണ് '(എച്ച്)' ഭേദഗതി. ഈ രണ്ട് ഭേദഗതികളുമാണ് ഇവിടെ സമർപ്പിക്കുന്നത്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u> സർ, 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ വ്യത്യസ്ത ഗവൺമെന്റുകൾ വിവിധ മേഖലകളിലെ തൊഴിലാളികളുമായി ബന്ധപ്പെട്ടുകൊണ്ട് അവർക്ക് ക്ഷേമനിധി ഉറപ്പുവരുത്തുന്ന നിരവധി നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ ഫലമായി അസംഘടിത മേഖലയിലടക്കം പണിയെടുക്കുന്ന നിരവധി തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ ആനുകൂല്യത്തിന്റെ ഫലമായി അവരുടെ സാമൂഹിക ജീവിതത്തിൽത്തന്നെ മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. അത്തരത്തിൽ കൊണ്ടുവന്ന ഒന്നാണ് കമേഴ്സ്യൽ സ്ഥാപനങ്ങളിലും വീടുകളിലും മറ്റും പണിയെടുക്കുന്ന തൊഴിലാളികൾക്കുള്ള ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ. അല്പംമുമ്പ് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച ബില്ലിൽ സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞ നിരവധി കാര്യങ്ങൾ ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിലും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് ആ നിലയ്ക്ക് പറയാനല്ല ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് നിരവധി ക്ഷേമനിധി ബോർഡുകളുണ്ട്. ആ ക്ഷേമനിധിയിൽ അംശദായമടച്ച് തങ്ങൾ ജോലിയെടുക്കുന്ന സന്ദർഭത്തിൽത്തന്നെ അവർക്ക് അതിന്റേതായ നിരവധി ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. ജോലിയിൽ നിന്നും പിരിഞ്ഞശേഷം പെൻഷനടക്കമുള്ള ആനുകൂല്യങ്ങളും കിട്ടുന്നുണ്ട്. അത് പൂർണ്ണമായും അവരുടെ ജീവിതത്തിന് ഉതകുന്നതാണോയെന്ന് ചോദിച്ചാൽ അല്ലെന്ന്

കാണാൻ കഴിയും. പക്ഷേ, ഒരു സാമൂഹിക സുരക്ഷിതത്വത്തിന്റെ ഭാഗമെന്ന നിലയ്ക്ക് അതിനെ കാണേണ്ടതാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ പണിയെടുത്ത് ശിഷ്ടകാലം ജീവിതത്തിൽ ഒന്നുമില്ലാതിരിക്കുന്ന അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സമൂഹത്തിനുള്ളതുകൊണ്ടുതന്നെ പലപ്പോഴും ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം തൊഴിലാളികളും തൊഴിലുടമയും അടയ്ക്കുന്നതോടൊപ്പം ചില മേഖലയിൽ സർക്കാരും അടയ്ക്കുന്നുണ്ട്.

ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികളെ സംബന്ധിച്ച് പറയുമ്പോൾ, ബഹുമാനപ്പെട്ട അംഗം യു. പ്രതിഭ ഹരി നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു, നമ്മുടെ നാട്ടിലെ കടകളിലും അതുപോലുള്ള സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതം വലിയൊരളവോളം പ്രതിസന്ധി നിറഞ്ഞതാണ്. അവിടെ പണിയെടുക്കുന്നത് സ്ത്രീ തൊഴിലാളികളാണ്. അവർ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾ ഒരു ഭാഗത്ത് നിറഞ്ഞുനിൽക്കുന്നുണ്ട്. സാമൂഹ്യമാധ്യമങ്ങളുൾപ്പെടെ ഇന്ന് ഗൗരവമായി ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. ജോലി ചെയ്യുന്ന സ്ഥാപനം നഗരത്തിലാണെങ്കിൽ നഗരപ്രാന്തങ്ങളിലായിരിക്കും തൊഴിലാളികൾ ജീവിക്കുന്നത്. നഗരപ്രാന്തങ്ങളിൽനിന്നും അതിരാവിലെ വാഹനങ്ങളിൽ കയറി നഗരത്തിലെത്തി രാവിലെ സ്ഥാപനം തുറക്കുന്നതു മുതൽ രാത്രി അടയ്ക്കുന്നതുവരെ ജോലി ചെയ്ത് തിരിച്ച് നഗരപ്രാന്തങ്ങളിലെ വീട്ടിൽ ചെന്ന് വീട്ടിലെ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്നതടക്കമുള്ള ജോലികളും ചെയ്യേണ്ടിവരുന്നു. ഇങ്ങനെ ഇരട്ടച്ചൂഷണമാണ് അവർക്ക് നേരിടേണ്ടിവരുന്നത്. ഇവിടെ ഇതിനുമുമ്പ് ഈ സഭ തന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്.....

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, പെൺകുട്ടികളടക്കം ജോലി ചെയ്യുന്ന തുണിക്കടകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ പ്രയാസങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. പല തുണിക്കടകളിലും രാവിലെ 8 മണി മുതൽ രാത്രി വരെ ഒന്ന് ഇരിക്കാൻപോലും സാധിക്കാതെ പെൺകുട്ടികൾ ജോലി ചെയ്യുന്ന ശോചനീയമായ സ്ഥിതിയാണ് കാണാൻ സാധിക്കുന്നത്. അതൊക്കെയൊന്ന് ക്രമീകരിക്കേണ്ടതല്ലേ ?

<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u> സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. രാവിലെ സ്ഥാപനം തുറക്കുന്നതിനുമുമ്പ് അവിടെ എത്തുകയും സാധനങ്ങളെല്ലാം അടുക്കിവയ്ക്കുന്ന പണി ആദ്യം ചെയ്യുക, പ്രദർശനത്തിനുള്ള പാവകൾ ഒരുക്കുന്ന കാര്യങ്ങൾ ചെയ്യുക മുതലായ പണികളൊക്കെ ചെയ്തതിനുശേഷം അകത്തുകയറിയാൽ ഇരിക്കാനുള്ള അവകാശം ഇവർക്ക് ലഭിക്കാറില്ല. ഇരിക്കാൻ പാടില്ലെന്ന് മാത്രമല്ല, സ്ത്രീകളാകുമ്പോൾ പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. കസ്റ്റമേഴ്സിനോട് അടുത്ത് സംസാരിക്കാൻ പാടില്ല. ഇങ്ങനെയുള്ള നിരവധി ശാസനകൾ ഇവർ നേരിടേണ്ടി വരുന്നുണ്ട്. കൂടാതെ മാനേജർ തലത്തിൽ

പലവിധത്തിലുള്ള ചൂഷണങ്ങൾക്കും ഇവർ വിധേയരാകുന്നുണ്ട്. ബഹുഭൂരിപക്ഷം വരുന്ന സ്ഥാപനങ്ങളിലും എറണാകുളം പോലുള്ള നഗരത്തിനകത്ത് ഇത്തരത്തിലുള്ള നിരവധി സ്ഥാപനങ്ങളുണ്ട്. പക്ഷേ അവിടെയുള്ള തൊഴിലാളികളെ തൊഴിലുടമകൾ ക്ഷേമനിധിയിൽ അംഗങ്ങളാക്കില്ല. തങ്ങളുടെ സ്ഥാപനത്തിൽ എത്ര തൊഴിലാളികളുണ്ടെന്ന സത്യസന്ധമായ കണക്ക് കൊടുക്കാത്തവരാണ് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം സ്ഥാപന ഉടമകളും. സാമൂഹികമായി ഒട്ടേറെ പിന്നാക്കം നിൽക്കുന്ന ഈ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് കിട്ടേണ്ട പരിരക്ഷ കിട്ടാതെയും നിയമം ഉണ്ടായിട്ടുപോലും അത് ലഭിക്കാതെ വരികയും ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ.വി.അബ്ദുൾ ഖാദർ)

തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇടയ്ക്കൊക്കെ ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ടെങ്കിലും പലപ്പോഴും കണ്ണടച്ച് തൊഴിലാളി താൽപ്പര്യത്തിന് പകരം മുതലാളി താൽപ്പര്യം സംരക്ഷിക്കുന്നവരായി മാറുന്നുണ്ട്. അതിന്റെ ഫലമായി യഥാർത്ഥത്തിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറച്ചു കാണിക്കുക, ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട വിഹിതം മുതലാളിമാർ അടയ്ക്കാതിരിക്കുക തുടങ്ങിയവയെല്ലാം ഈ രംഗത്ത് നിലനിൽക്കുന്നതാണ്. അതിനേക്കാൾ അപകടകരമായ ഒരു വിഷയം 20-21 വയസ്സുള്ള സ്ത്രീകളായിരിക്കും ഈ ജോലിക്കൊക്കെ പോകുന്നത്, അവർക്ക് ഒരു പ്രായമെത്തിക്കഴിഞ്ഞാൽ, ശരീരത്തിൽ പ്രായത്തിന്റേതായ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ അത്തരത്തിലുള്ള ആളുകളെ നിഷ്കരുണം തൊഴിലിൽ നിന്നും പറഞ്ഞുവിടുന്ന വളരെ അപകടകരമായ സ്ഥിതിയും ഈ രംഗത്തുണ്ട്. ഇതുപോലൊരു പ്രവണത എയർ ഹോസ്റ്റസുമാരുടെ ഇടയിൽ നേരത്തെയുണ്ടായിരുന്നു. ഇപ്പോൾ ഉണ്ടോയെന്ന് എനിക്കറിയില്ല. വിവാഹിതരാകാൻ പാടില്ല എന്നതുപോലെ വിവാഹിതരായാൽ ചില സ്ഥാപനങ്ങളിൽ സ്ത്രീകളെ തൊഴിലിൽനിന്നും പറഞ്ഞയയ്ക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇത്തരത്തിലുള്ള ഒട്ടേറെ മേഖലകൾ നമ്മുടെ സംസ്ഥാനത്തുണ്ട്.

ഡോർ ഡെലിവറിയെന്ന നിലയ്ക്ക് വീടുകളിൽ കൊണ്ടുപോയി സാധനങ്ങൾ വിൽക്കുന്ന അനേകായിരം പെൺകുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. ജീവിതം വല്ലാത്ത പ്രതിസന്ധിയിലാകുന്ന സന്ദർഭത്തിലാണ് അത്തരത്തിൽ തൊഴിലെടുക്കാൻ അവർ നിർബന്ധിതരാകുന്നത്. 18-19 വയസ്സുള്ളപ്പോൾ 3-4 മാസം അത്തരത്തിൽ തൊഴിലെടുത്തിട്ടുള്ളയാളാണ് ഞാൻ. പെൺകുട്ടികൾ അടങ്ങുന്ന വലിയ ഗ്രൂപ്പിന് ടാർജറ്റ് കൊടുക്കുകയാണ്. ടാർജറ്റ് കൊടുത്താൽ അതനുസരിച്ച് വിൽപ്പന നടത്താൻ വേണ്ടി രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ വീടുകൾ കയറിയിറങ്ങുകയാണ്. അവർക്ക് ഒരു പരിരക്ഷയും ഇല്ലെന്ന് മാത്രമല്ല പലവിധത്തിലാണ് അവർ ചൂഷണത്തിന് വിധേയരാകുന്നത്. അങ്ങനെയുള്ളവരെ കണ്ടെത്തി നിയമത്തിന്റെ പരിധിക്കകത്ത്

കൊണ്ടുവന്ന് ആവശ്യമായ സംരക്ഷണം കൊടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് നിരവധി ക്ഷേമനിധികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഈ രംഗത്ത് തൊഴിലെടുക്കുന്നവരുടെ തൊഴിലും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്തുകയും അവരുടെ ജീവന്റെ പരിരക്ഷയ്ക്കാവശ്യമായ ഒട്ടേറെ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. അത് തീർച്ചയായും വളരെ ഗുണകരമാണ്. കേന്ദ്ര സർക്കാർ നിലവിലുള്ള പല തൊഴിൽ നിയമങ്ങളും മാറ്റിമറിക്കുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്കകത്ത് തൊഴിലാളികൾക്കനുകൂലമായി കുറെയേറെ നിയമങ്ങൾ ഉണ്ടായിട്ടുണ്ട്. ആ നിയമങ്ങളിലൊക്കെ തൊഴിലാളികൾക്കനുകൂലമായ ഭാഗങ്ങൾ മാറ്റി തൊഴിലുടമയ്ക്കനുകൂലമായ തൊഴിലാളി ദ്രോഹ നടപടികൾ നടപ്പിലാക്കാനുള്ള നിയമങ്ങൾ കൊണ്ടുവരികയാണ്. തൊഴിലുടമയ്ക്ക്, വലിയ കോർപ്പറേറ്റുകൾക്ക് സഹായകരമായി, അവർക്ക് എപ്പോൾ വേണമെങ്കിലും സ്ഥാപനം അടച്ചുപൂട്ടാം, തൊഴിൽ നിയമത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കാം എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് സഹായകരമായ നിയമങ്ങൾ കേന്ദ്ര സർക്കാർ കൊണ്ടുവരുമ്പോഴാണ് തൊഴിലാളി ക്ഷേമത്തെ ലക്ഷ്യംവച്ചുകൊണ്ടും അവരുടെ ജീവിതത്തിൽ മെച്ചപ്പെട്ട സാഹചര്യം ഉണ്ടാക്കിയെടുത്തും കേരളത്തിലെ ഗവൺമെന്റ് നിരവധി പദ്ധതികൾ കൊണ്ടുവന്നിരിക്കുന്നത്. ഇതിലൂടെ വിവിധ മേഖലകളിൽ പണിയെടുക്കുന്നവർക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാകും.

നിലവിൽ മത്സ്യത്തൊഴിലാളി മേഖലയിൽ ഒരു ക്ഷേമനിധിയുണ്ട്. അത് തൊഴിൽ വകുപ്പിന് കീഴിലല്ല. അവിടെ കണ്ടുവരുന്ന പ്രത്യേകതയെന്ന് പറയുന്നത് കയറ്റുമതിക്കാരായിട്ടുള്ള ആളുകൾ, അവർ കൊടുക്കേണ്ട ഒരു ശതമാനം ക്ഷേമനിധി വിഹിതം കൊടുക്കാതെ വൻകിട കച്ചവടക്കാർ കോടതികൾ കയറിയിറങ്ങി അതിൽ നിന്നും രക്ഷപ്പെടുന്ന ഒരു ശ്രമം നടക്കുന്നുണ്ട്. അതിന്റെ ഫലമായി മത്സ്യത്തൊഴിലാളി മേഖലയിൽ തൊഴിലാളിക്ക് കിട്ടേണ്ട നിരവധി ആനുകൂല്യങ്ങൾ കൊടുക്കാനുള്ള പണം ക്ഷേമനിധി ബോർഡിൽ ഇല്ലാതെവരുന്ന ഒരു സാഹചര്യമുണ്ടാകുന്നു. ഇത് അവിടെ മാത്രമല്ല നിരവധി ക്ഷേമനിധികളിൽ ഇത്തരത്തിൽ ഉടമ നൽകേണ്ടതായ വിഹിതം കൊടുക്കാതിരിക്കുകയും യഥാർത്ഥ തൊഴിലാളിയെ ചേർക്കാതിരിക്കുകയും ചെയ്യുന്നു. മോട്ടോർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു വാഹനം രജിസ്റ്റർ ചെയ്യണമെങ്കിൽ ഉടമ തൊഴിലാളിയേയുംകൂടി ക്ഷേമനിധിയിൽ ചേർക്കണം. യഥാർത്ഥ തൊഴിലാളിക്ക് പകരം ഉടമയുടെ ഏതെങ്കിലും അകന്ന ബന്ധുവിനേയോ അല്ലെങ്കിൽ അടുത്ത ബന്ധുവിനേയോ തൊഴിലാളിയായി ചിത്രീകരിച്ച് ക്ഷേമനിധി ബോർഡിൽ ചേർക്കുകയാണ് പതിവ്. ചിലർ തൊഴിലാളിയെ ചേർത്ത കാര്യം തൊഴിലാളിയോട് പറയില്ല. അപ്പോൾ തൊഴിലാളിക്ക് ക്ഷേമനിധിയിൽ വിഹിതം അടയ്ക്കാൻ കഴിയാതെ വരികയും അങ്ങനെ വരുന്നതിന്റെ ഫലമായി മുതലാളിമാർ

മാത്രം അവരുടെ വിഹിതം ക്ഷേമനിധിയിൽ അടയ്ക്കുകയും ചെയ്യുന്നു. യഥാർത്ഥ തൊഴിലാളിയെ ചേർക്കാതിരിക്കുന്ന പ്രവണത മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലും മറ്റും കണ്ടുവരുന്നുണ്ട്. ഇത്തരത്തിൽ ഓരോ ക്ഷേമനിധിക്കകത്തും കണ്ടുവരുന്ന ഈ കുറവുകൾ പരിഹരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഈ വാണിജ്യ സ്ഥാപനങ്ങളിലെല്ലാം പണിയെടുക്കുന്നവരുടെ യഥാർത്ഥ വിവരം നമുക്ക് ശേഖരിക്കാൻ കഴിയണം. തൊഴിൽ വകുപ്പ് അക്കാര്യത്തിൽ മുൻകയ്യെടുത്തുകൊണ്ട് ആരാണോ ചൂഷണത്തിന് ഇരയാകുന്നത് അവരെ സംരക്ഷിക്കാൻ കഴിയേണ്ടതുണ്ട്.

മുത്തൂറ്റ് സമരം ഒരു വലിയ വിജയമായിരുന്നു. അതിനുശേഷം ആ സ്ഥാപനത്തിന്റെ മുതലാളി തൊഴിലാളികൾക്കെതിരായ ദ്രോഹനടപടികളുമായി മുമ്പോട്ടുപോയി. ഉണ്ടാക്കിയ കരാറിൽനിന്നും പിന്നോട്ട് പോയപ്പോൾ വീണ്ടും അവർക്ക് സമരം നടത്തേണ്ടിവന്നു. ആ സമരത്തിനുമുന്നിൽ വീണ്ടും മുത്തൂറ്റ് മുതലാളി മുട്ടുമടക്കി തൊഴിലാളികൾക്ക് അനുകൂലമായ കരാറിൽ വീണ്ടും ഒപ്പ് വച്ചിരിക്കുകയാണ്. ചിലപ്പോൾ ഒരു തീരുമാനം ഉണ്ടായാൽപ്പോലും ആ തീരുമാനം പ്രാവർത്തികമാക്കാതെ അതിൽ നിന്നും വഴുതിമാറുന്ന സമീപനം കേരളത്തിലെ മുതലാളിമാർ സ്വീകരിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളിലെ വിഹിതങ്ങളുടേയും തൊഴിലാളികളെ ചേർക്കുന്ന കാര്യത്തിലുമൊക്കെ ഇത്തരത്തിൽ ചില സ്ഥാപനങ്ങളും ഉടമകളും സ്വീകരിക്കുന്ന നിലപാടിനെതിരായി നിയമനിർമ്മാണം കൊണ്ടുവരേണ്ടതുണ്ട് എന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ടിൽ പ്രത്യേകമായി പറയാത്ത രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് ചേർത്തിരിക്കുന്നത്. തൊഴിലാളി ക്ഷേമനിധിയിലെ അംശദായം തിരിച്ച് നൽകുന്നത് സംബന്ധിച്ച ഒരു വ്യവസ്ഥ നേരത്തെ ചെയ്തിട്ടുണ്ടായിരുന്നു. അതനുസരിച്ച് ശാരീരിക അവശതമൂലം രണ്ടുവർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുക അല്ലെങ്കിൽ അറുപത് വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് അവർ അടച്ച അംശദായ തുക തിരികെ നൽകുന്നതിന് വ്യവസ്ഥ കൊണ്ടുവന്നിരുന്നു. എന്നാൽ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലും അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളിലും ജോലി ലഭിച്ച് പോകുന്നവരുടെ കാര്യത്തിലും കാലാവധിക്ക് മുമ്പ് മരിച്ചുപോകുന്നവർക്കും

അതുവരെ അടച്ച തുക തിരിച്ച് കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടായിരുന്നില്ല. ആ രണ്ട് സംവിധാനങ്ങളാണ് ഇവിടെ ഭേദഗതിയിലൂടെ നിർദ്ദേശിച്ചിരിക്കുന്നത്. അത് വളരെ നല്ല ഭേദഗതിയാണ്, അതിനെ തീർച്ചയായും സ്വാഗതം ചെയ്യുന്നു. വളരെ സാധാരണക്കാരായ ആളുകളുടെ തൊഴിലിടമാണ് എല്ലാ സ്ഥലങ്ങളിലുമുള്ള കടകൾ. അവരെ സംബന്ധിച്ചിടത്തോളം ഒരു ക്ഷേമനിധി ഭംഗിയായി പ്രവർത്തിക്കുകയും അവരുടെ തുച്ഛമായ വരുമാനത്തിൽ നിന്നും അവർ കൊടുക്കുന്ന കോൺട്രിബ്യൂഷൻ പോലും അവർക്ക് കിട്ടാത്ത സാഹചര്യവും ഉണ്ടായിരുന്നു. ഈ നിയമങ്ങൾ സഭയിൽ കൊണ്ടുവരുന്ന സമയത്ത് നമ്മൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നതുകൊണ്ടും ഇതുസംബന്ധിച്ച ഭേദഗതികൾ കൊടുക്കുമ്പോൾ ആ ഭേദഗതികൾ സ്വീകരിക്കപ്പെടാതെ പോകുന്നതു കൊണ്ടുമാണ് ഇത് സംഭവിക്കുന്നത്. ഏത് ഗവൺമെന്റ് അധികാരത്തിലിരുന്നാലും ഈ കാര്യത്തിലൊന്നും വലിയ വ്യത്യാസമില്ല. ചില പ്രധാനപ്പെട്ട ബില്ലുകൾ വരുമ്പോൾ ആ ബില്ലിൽ ആരാണ് നമ്മുടെ ടാർജറ്റ് ഗ്രൂപ്പ് അല്ലെങ്കിൽ ആരുടെ ക്ഷേമത്തിനു വേണ്ടിയാണ് നമ്മൾ ആ നിയമനിർമ്മാണം നടത്തുന്നത്, യഥാർത്ഥത്തിൽ നമ്മൾ ആ ടാർജറ്റ് ഗ്രൂപ്പിൽപ്പെട്ടവരായിരിക്കും. ചിലപ്പോൾ കടയിലെ തൊഴിലാളിയായിരിക്കാം അല്ലെങ്കിൽ കശുവണ്ടി തൊഴിലാളിയാകാം കയർ തൊഴിലാളിയാകാം. അവരുടെ സ്ഥാനത്തുനിന്നും നമ്മൾ ചിന്തിക്കുകയും അവരുടെ സ്ഥാനത്തുനിന്നും നമ്മൾ ഈ നിയമനിർമ്മാണത്തെ നോക്കിക്കാണുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിയമസഭയ്ക്കുണ്ട്. പലപ്പോഴും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന അശ്രദ്ധയും പാളിച്ചയും നിയമനിർമ്മാണത്തെ അപൂർണ്ണമാക്കി മാറ്റുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഇവിടെ 2(ജി)-യിൽ രണ്ട് വർഷമെങ്കിലും ഫണ്ടിൽ തുടർച്ചയായി അംശദായം അടച്ച ഒരംഗം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ സ്ഥിരമായി ജോലി ലഭിച്ച് പോകുന്ന അവസരത്തിൽ ലിമിറ്റ് ചെയ്യുകയാണ്. അതെന്തിനാണ് ലിമിറ്റ് ചെയ്യുന്നത്? എന്ത് കാരണത്തിന്റെ പേരിലാണെങ്കിലും രണ്ട് കൊല്ലം അംശദായം അടച്ചാൽ അവർ പിരിഞ്ഞുപോകുമ്പോൾ കൊടുക്കേണ്ടതല്ലേ? ഇവിടെ ലിമിറ്റേഷനുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനതിലേയ്ക്ക് വരികയാണ്. ഇതിൽ ഒരവ്യക്തതയുണ്ട്. അതാണ് മുമ്പ് ഞാൻ ആമുഖമായി പറഞ്ഞത്. പലപ്പോഴും നിയമനിർമ്മാണങ്ങൾ നടക്കുമ്പോൾ നിയമനിർമ്മാണ സഭയ്ക്കാണ് അതിന്റെ ഉത്തരവാദിത്വം. കാരണം നിയമവകുപ്പ് വെറ്റ് ചെയ്ത ബില്ലാണ് നമ്മുടെ മുന്നിൽ വരുന്നത്. ആ ബില്ലിനകത്തുണ്ടാകുന്ന പാളിച്ചകളെല്ലാം സാധാരണക്കാരന്റെയും ആ ബില്ലിന്റെ ഗുണഭോക്താവിന്റെയും (ആ ബില്ലിന്റെ ടാർജറ്റ് ഗ്രൂപ്പ്) സ്റ്റെപ്പിൽ നിന്നുകൊണ്ട് നോക്കിക്കാണുകയും അത് ഏതെല്ലാം തരത്തിൽ നമ്മളെ ബാധിക്കും, ഏതെല്ലാം കാര്യങ്ങളിലാണ് അവസരം നിഷേധിക്കപ്പെടുന്നത്, ശരിയായ തരത്തിൽ

വ്യക്തമായി ചെയ്തിട്ടുണ്ടോ എന്നൊക്കെ നോക്കണം. ഈ ബില്ലിന്റെ പ്രൊവിഷനു കളിലുണ്ടാകുന്ന അവ്യക്തതകൾ പലപ്പോഴും വ്യവഹാരങ്ങൾക്ക് വഴിതെളിയി ക്കുകയാണ്. ഏത് നിയമമായാലും ധാരാളം വ്യവഹാരങ്ങൾ അതിലേയ്ക്ക് വരുമ്പോൾ അതിൽ തർക്കമുണ്ടാവുകയാണ്. ബില്ലിൽ ഒരു പ്രൊവിഷനിൽ ഉണ്ടാകുന്ന ക്ലാരിറ്റി/ വ്യക്തതയെന്ന് പറയുന്നത് വ്യവഹാരങ്ങളെ തന്നെ കുറച്ചുകൊണ്ടുവരാൻ കഴിയും. പലപ്പോഴും നമ്മൾ അത്ഭുതപ്പെടാറുണ്ട്. നമ്മുടെ പൂർവ്വികരായിട്ടുള്ള നിയമസഭാംഗങ്ങളെല്ലാം നടത്തിയ നിയമനിർമ്മാണങ്ങളിലെ അവ്യക്തതകൾ, പലപ്പോഴും ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ നീണ്ടുനിൽക്കുന്ന സ്ഥിതിവിശേഷമുണ്ട്. ധാരാളം വ്യവഹാരങ്ങൾ, വാദിയെ/പ്രതിയെ സംബന്ധിച്ചായാലും അല്ലെങ്കിൽ എതിർകക്ഷിയെ സംബന്ധി ച്ചാണെങ്കിലും സുപ്രീം കോടതിവരെ പോയി നടത്തിക്കൊണ്ട് പോകുന്നതിനുള്ള ബുദ്ധിമുട്ടുണ്ടാകും. മാത്രമല്ല ചില കോടതികളിൽ അവർ പ്രത്യേകിച്ച് കമന്റുകൾ പറയില്ലെന്ന് മാത്രമേയുള്ളൂ. നിയമനിർമ്മാണത്തിലെ പാളിച്ചകൾ കാണുമ്പോൾ ന്യായാധിപന്മാർക്ക് ഈ സഭയെക്കുറിച്ചുപോലും അവരുടെ മനസ്സിൽ അവജ്ഞ യുണ്ടാക്കുന്നതിനും അശ്രദ്ധയോടുകൂടി പാസ്സാക്കിയ ഒരു നിയമനിർമ്മാണമാണെന്ന് അവരുടെ മനസ്സിൽപ്പോലും തോന്നുന്ന ഒരവസ്ഥ വരും. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് നിയമനിർമ്മാണങ്ങൾ കുറെക്കൂടി ദീർഘവീക്ഷണത്തോടെയും ക്രാന്തദർശിത്വത്തോടുകൂടിയും സൂക്ഷ്മതയോടുംകൂടി അതിന്റെ എല്ലാ തലങ്ങളേയും സ്പർശിക്കുന്ന തരത്തിൽ നടത്തണം. കൂടുതൽ നിയമസഭാംഗങ്ങൾ നിയമനിർമ്മാണത്തിൽ പങ്കാളിയാകുകയും വേണം. കൂടുതൽ ആളുകൾ വരുമ്പോൾ കൂടുതൽ ഭേദഗതികൾ വരും. ആ ഭേദഗതികൾ പരിശോധിക്കാൻ മന്ത്രിതലത്തിലാണെങ്കിലും ഉദ്യോഗസ്ഥ തലത്തിലാണെങ്കിലും കുറെക്കൂടി സൂക്ഷ്മമായ പരിശോധനകൾ ഭേദഗതികളെ സംബന്ധിച്ചുണ്ടാകണം. ചിലപ്പോൾ വളരെ കഷ്ടപ്പെട്ട് ഭേദഗതികൾ കൊടുക്കുമ്പോൾ അതിലെ വളരെ പ്രധാനപ്പെട്ട ഭേദഗതികൾപോലും നിഷ്കരുണം തള്ളിക്കളയുകയും ആ ഭേദഗതി എത്രമാത്രം ഗുണകരമാകുമെന്ന് ചിന്തിക്കാത്ത തലത്തിൽപ്പോലും പോകുന്നു. കുറെക്കൂടി സൂക്ഷ്മത നിയമനിർമ്മാണത്തിലുണ്ടാകേണ്ടതുണ്ട്. ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ ഈ ഭേദഗതിയുടെ ഇന്റൻഷനെന്താണ്? ഇന്റൻഷനെന്ന് പറയുന്നത് കാലാവധി പൂർത്തിയാക്കി പോകാതിരിക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ജോലികിട്ടി പോകുകയോ ചെയ്ത ആളുകൾ അവരുടെ വരുമാനത്തിൽനിന്നാണ് കോൺട്രിബ്യൂഷൻ അടച്ചിരിക്കുന്നത്. കടകളിലെ ജീവനക്കാർക്ക് കിട്ടുന്നത് തുച്ഛമായ വരുമാനമാണ്. ആ വരുമാനത്തിൽനിന്നും വെൽഫെയർ ഫണ്ടിലേയ്ക്ക് കോൺട്രിബ്യൂഷൻ കൊടുത്തിരിക്കുകയാണ്. അവർക്ക് വേറൊരു ജോലികിട്ടി പോയാലും അവർ അടച്ച തുക കിട്ടുകയെന്നത് അവരുടെ അവകാശമാണ്. എവിടെ തുക അടച്ചാലും പലിശ കിട്ടിയില്ലെങ്കിൽപ്പോലും അടച്ച പ്രിൻസിപ്പൽ എമൗണ്ടെങ്കിലും കിട്ടാനുള്ള അർഹത നമുക്കുണ്ട്. അതാണ് ഉദ്ദേശം. അങ്ങനെ പണം അടച്ചിട്ട് ഇടയ്ക്ക് ഏതെങ്കിലും ജോലി കിട്ടി പോകുന്ന ആളുകൾക്ക് ആ പണം തിരിച്ചുകൊടുക്കണം.

ഇവിടെ എന്താണ് പറഞ്ഞിരിക്കുന്നത്? രണ്ടുവർഷമെങ്കിലും ഫണ്ടിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച ഒരംഗം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ സ്ഥിരമായോ തൊഴിൽ ലഭിച്ച് പോകുന്ന അവസരത്തിൽ ക്ഷേമനിധിയിൽനിന്നും ഒരു ആനുകൂല്യവും കൈപ്പറ്റിയിട്ടില്ലാത്തപക്ഷം തൊഴിലാളിവിഹിതമായി അടച്ച തുക മാത്രം നൽകുന്നതാണ്. ഇതിൽ രണ്ട് പ്രശ്നമുണ്ട്. ഒന്നുരണ്ട് വർഷമെങ്കിലും ഫണ്ടിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച ഒരംഗം എന്നാണ്. ഒരു വർഷം അടച്ച ഒരംഗത്തിന്റെ തുക തിരിച്ച് കൊടുക്കില്ല. അല്ലെങ്കിൽ 23 മാസം പണം അടച്ച ഒരാൾക്ക് തുക തിരിച്ച് കൊടുക്കില്ല. അത് ശരിയല്ല. പണം ഒരുമാസമേ അടച്ചിട്ടുള്ളൂവെങ്കിലും അയാൾ ആ കടയിൽ കഠിനാദ്ധ്വാനം ചെയ്ത് കിട്ടിയ തുച്ഛമായ വരുമാനത്തിന്റെ ഒരംശമാണ് അടച്ചത്. അത് തിരികെ ലഭിക്കാൻ അയാൾക്ക് പൂർണ്ണമായ അർഹതയുണ്ട്. അപ്പോൾ രണ്ട് വർഷം തുടർച്ചയായി അടയ്ക്കാതെ 23 മാസം മാത്രമേ അടച്ചിട്ടുള്ളൂവെന്ന കാരണത്താൽ അയാൾ അടച്ച പണം തിരികെ കൊടുക്കാതിരിക്കുന്നത് അനീതിയാണ്. അത് നിയമപരമായി ശരിയല്ല. ആ നിബന്ധനയിൽ 'രണ്ട് വർഷമെങ്കിലും' എന്നത് മാറ്റണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

രണ്ടാമത്തെ പോയിന്റ്, "സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ സ്ഥിരമായോ തൊഴിൽ ലഭിച്ച് പോകുന്ന അവസരത്തിൽ നിധിയിൽനിന്നും ഒരാനുകൂല്യവും കൈപ്പറ്റിയിട്ടില്ലാത്തപക്ഷം തൊഴിലാളി വിഹിതമായി അടച്ച തുക മാത്രം നൽകുന്നതിന്" എന്നാണ് പറയുന്നത്. സർക്കാരിലോ അർദ്ധ സർക്കാരിലോ ജോലി കിട്ടണം. അപ്പോൾ സ്വകാര്യ സ്ഥാപനത്തിലാണ് കിട്ടുന്നതെങ്കിലോ; വേറൊരു സ്വകാര്യ സ്ഥാപനത്തിൽ ജോലി കിട്ടിപ്പോയാൽ അയാൾക്ക് ഈ പണം തിരിച്ച് കിട്ടില്ലേ. അവിടെ ഒരു അവ്യക്തതയുണ്ട്. ഒന്നുകൂടി ശ്രദ്ധിക്കണം, "സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ സ്ഥിരമായോ" എന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ഒരു കടയിലെ ജോലിക്കാരനാണ്. കുറച്ചുകൂടി മെച്ചപ്പെട്ട ജോലി കിട്ടിയപ്പോൾ ഞാൻ ആ കടയിൽനിന്ന് പോയി. അത് സ്ഥിരമായ ജോലിയല്ല. സ്ഥിരമായിട്ടുള്ള ജോലിയല്ലാതെ വേറൊരു ജോലിക്ക് പോയാൽ ഞാൻ അടച്ച പണം തരില്ലെന്നു പറയുന്നത് എന്ത് മര്യാദയാണ്? അത് ശരിയല്ലല്ലോ. എനിക്ക് സർക്കാർ ജോലിയാകാം. അർദ്ധ സർക്കാർ ജോലിയാകാം. ഒരു ഷോപ്പിൽ ഞാൻ സെയിൽസ്മാൻ ആയി നിൽക്കുകയായിരുന്നു. എനിക്കിനി ആ ഷോപ്പിൽ നിൽക്കാൻ താൽപര്യമില്ല. ചിലപ്പോൾ അവിടത്തെ ഉടമയുടെ പീഡനംകൊണ്ടോ ശല്യംകൊണ്ടോ ആകാം. അമിതമായ ജോലിഭാരം കൊണ്ടാകാം. ആരോഗ്യ പ്രശ്നങ്ങൾ കൊണ്ടാകാം. ഏത് കാരണംകൊണ്ടും എനിക്ക് അവിടെനിന്ന് വിട്ടുപോകാനുള്ള അധികാരമുണ്ട്. ഞാൻ വിട്ടുപോയിക്കഴിഞ്ഞാൽ എനിക്ക് പണം തരില്ലെന്നു പറയുന്നതിൽ എന്ത്

ന്യായമാണുള്ളത്? ഏത് സാഹചര്യത്തിലാണെങ്കിലും അംശദായം അടച്ച ക്ഷേമനിധിയിലെ അംഗം ഞാനിത് തുടരാൻ ആഗ്രഹിക്കുന്നില്ല എന്ന് അറിയിച്ചു കഴിഞ്ഞാൽ അയാൾക്ക് പണം തിരിച്ചു കൊടുക്കണം. അല്ലാതെ സർക്കാർ - അർദ്ധ സർക്കാർ ജോലി കിട്ടിപ്പോയാൽ മാത്രമേ പണം തിരിച്ചു കൊടുക്കുകയുള്ളൂ എന്നു പറയുന്നത് പൂർണ്ണമായ അനീതിയാണ്. ദയവുചെയ്ത് ഇതൊന്ന് റീ-ഡ്രാഫ്റ്റ് ചെയ്യണം. സബ്ജക്ട് കമ്മിറ്റിയിൽ വച്ചോ അല്ലെങ്കിൽ തിരിച്ചുവരുമ്പോൾ ഭേദഗതിയായോ ഇത് മാറ്റിയാൽ മാത്രമേ ഈ ഭേദഗതി കൊണ്ടുവരുന്നതിന്റെ ലെജിസ്ലേറ്റീവ് ഇന്റൻഷൻ യഥാർത്ഥത്തിൽ നടക്കുകയുള്ളൂ എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. ജോൺ ഫെർണാണ്ടസ് എന്നിവർ ഇവിടെ പറഞ്ഞ നിയമപരമായി നിലനിൽക്കാൻ കഴിയുന്ന നൂതന ആശയങ്ങളൊക്കെ സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് കൊണ്ടുവരാൻ സാഹചര്യമുണ്ട്. അല്ലെങ്കിൽ ക്ഷേമനിധികൾ ആകെ പരിശോധിക്കുമ്പോൾ അതിന്റെ അംശദായം സംബന്ധിച്ച നിയമങ്ങളൊക്കെ നോക്കണം. അടച്ചത് മുഴുവൻ കൊടുക്കുമോ എന്നുള്ളതൊക്കെ നോക്കണം. ഏതായാലും ധാർമ്മികമായി പറഞ്ഞാൽ അടച്ച പണം മുഴുവൻ കൊടുക്കേണ്ടതാണ്. അതിന് ലീഗലായി തടസ്സമൊന്നുമില്ല. പക്ഷേ ക്ഷേമനിധികളൊക്കെ രൂപീകരിക്കുമ്പോൾ ഇങ്ങനെ ചില നടപടിക്രമങ്ങൾ മുമ്പും കണ്ടിട്ടുണ്ട്. അതായിരിക്കും ഇവിടെയുമുള്ളത്. ഈ ഭേദഗതി എങ്ങനെ വേണമെന്നുള്ളത് സംബന്ധിച്ച്, എല്ലാം തിരിച്ചുകൊടുക്കാം എന്ന ഭേദഗതി സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവരുന്നുണ്ടെങ്കിൽ അവിടെ ചർച്ച ചെയ്യേണ്ടതാണ്. എന്നിട്ട് സഭയിൽ ചർച്ച ചെയ്യണം.

പലതരം തൊഴിലാളികളെക്കുറിച്ച് പറഞ്ഞു. 60 ശതമാനത്തോളം മിനിമം വേജസിന്റെ നിയമപരിധിയിൽ വരേണ്ടവരെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞുവല്ലോ. കേരളത്തിൽ അത് വന്നിട്ടില്ല. വീടുകളിൽ ജോലിക്ക് നിൽക്കുന്നവരെ സംബന്ധിച്ച്, അവർക്ക് ആര് മിനിമം വേജസ് നടപ്പാക്കിയിട്ടുണ്ട്; 75 ലക്ഷത്തോളം വരുന്ന കുടുംബങ്ങളിൽ ഒരു പത്ത് ലക്ഷം വീടുകളിലെങ്കിലും ജോലിക്കാർ കാണും. ചില വീടുകളിൽ ഒരു ജോലിക്കാർ മാത്രമാകില്ല. എങ്ങനെ നോക്കിയാലും ഏറ്റവും ചുരുങ്ങിയത് 10 ലക്ഷം വീടുകളിലെങ്കിലും തൊഴിലെടുക്കുന്നവർ കേരളത്തിലുണ്ടാകും. ചിലർക്ക് മിനിമം വേജസ് കിട്ടുന്നുണ്ടാകും. എന്നാൽ ഭൂരിപക്ഷത്തിനും കിട്ടുന്നുണ്ടാവില്ല. മത്സ്യത്തൊഴിലാളികളിൽ കടൽത്തീരത്ത് ചെമ്മീൻ ഷെഡ്ഡുകളിൽ പീലിംഗ് നടത്തുന്നവരില്ലേ. അവർക്കൊരു ചെറിയ ശമ്പള വർദ്ധനവിന് സമരം ചെയ്യാൻ പോലും കഴിയുന്നില്ല. കയർ തൊഴിലാളികളിൽ 80 ശതമാനവും ഇന്ന് മിനിമം വേതനത്തിന് വെളിയിലാണ്. കാർത്തികപ്പള്ളി, ചവറ, വൈക്കം, ചേർത്തല. ഇതിൽ ചേർത്തല, കാർത്തികപ്പള്ളി എന്നിവിടങ്ങളിലാണ് കയർപിരി കൂടുതലുള്ളത്.

കയർ ഫാക്ടറി തൊഴിലാളിക്ക് എന്തെങ്കിലും വ്യക്തമായിട്ടുള്ള നിബന്ധനയുണ്ടോ? അങ്ങനെ ഒരുപാട് പേരുണ്ട്. അതാണ് കേരളത്തിലെ സ്ഥിതി. അൺഓർഗനൈസ്ഡ് ആണ് എന്ന് പറഞ്ഞ് അങ്ങോട്ട് പ്രവർത്തിക്കാനും ആരും പോകില്ല. കാരണം അവിടെനിന്ന് വരുമാനമൊന്നും കിട്ടില്ല. ഇത്തരം കാര്യങ്ങൾ മൊത്തത്തിൽ ചർച്ച ചെയ്യുന്നതാണെങ്കിലും മിനിമം വേതനം കിട്ടേണ്ടിവരും. എന്നാൽ കിട്ടാത്തവരായ ലക്ഷക്കണക്കിന് ജനസഞ്ചയമുള്ള ഒരു നാടാണ് ഇത്. മിനിമം വേതനം പരിഷ്കരിക്കണമെന്നാണ് ഇത് കാണിക്കുന്നത്. അവശ്യാധിഷ്ഠിതമായി പരിഷ്കരിക്കണം. പക്ഷേ ഈ നിയമത്തിന്റെ പരിധിയിലോ ഭേദഗതിയിലോ അത് വരുന്നില്ല.

കോടതിയുടെ കാര്യം പറഞ്ഞത് വളരെ ശരിയാണ്. എല്ലാ നിയമങ്ങളെയും തടയുകയാണോ കോടതി ചെയ്യേണ്ടത്. കഴിഞ്ഞ വി.എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് കയർ ക്ഷേമനിധി ബിൽ ആദ്യമായി ഇവിടെ പാസ്സാക്കി. എന്നാൽ കയറ്റുമതിക്കാർ പോയി അത് സ്റ്റേ ചെയ്യിച്ചു. ഇന്നുവരെ ആ സ്റ്റേ പിൻവലിച്ചിട്ടില്ല. മുതലാളിമാർ പാവപ്പെട്ട തൊഴിലാളിക്ക് പൈസ കൊടുക്കുന്നതിന് ബഹുമാനപ്പെട്ട ജഡ്ജിക്ക് എന്താണ് വേണ്ടത്. ഞാൻ ഈ നിയമസഭയിൽ ചോദിക്കുകയാണ്. അപ്പോൾ അദ്ദേഹം അത് കണക്കിലെടുക്കണ്ടേ. ഇന്നും ആ സ്റ്റേ പിൻവലിച്ചിട്ടില്ല. പല ക്ഷേമനിധികളും സ്റ്റേ ചെയ്തിരിക്കുകയാണ്. ആർക്കുവേണ്ടി; മുതലാളിമാർക്കുവേണ്ടി. ഇതിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധികളെപ്പറ്റിയും അത് കൂടുതൽ ജനങ്ങളിലേയ്ക്ക് എത്താനുള്ള മാർഗ്ഗങ്ങൾ എന്താണ് എന്നത് സംബന്ധിച്ചും എത്തിയതുതന്നെ കൂടുതൽ മെച്ചപ്പെടുത്താനുള്ള മാർഗ്ഗമെന്താണെന്നും സംബന്ധിച്ചുള്ള വിശദമായ ചർച്ചകൾ ആവശ്യമാണ്. ആ ചർച്ചകളിൽ ചിലതിലേയ്ക്ക് പോയി എന്നതിൽ സന്തോഷമുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iv) 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 1951-ലാണ് ശമ്പളവും ബത്തകളും നൽകൽ ആക്ട് ആദ്യമായി പാസ്സാക്കിയത്. അതിൽ എം.എൽ.എ.മാരുടെ വാഹന വായ്പയും ഭവന നിർമ്മാണവായ്പയും സ്റ്റാഫിന്റെ അലവൻസും നൽകുന്നതിന് ഒറിജിനൽ ആക്ടിൽ വ്യവസ്ഥയില്ലായിരുന്നു. പിന്നീട് 1-4-2012-ലെ ഭേദഗതി നിയമം അനുസരിച്ചാണ് എം.എൽ.എ.-മാരുടെ ഭവനനിർമ്മാണ വായ്പയും വാഹന വായ്പയും സ്റ്റാഫ് അലവൻസും നിർണ്ണയിച്ചുകൊണ്ട് ആക്ടിൽ ഭേദഗതി വരുത്തിയത്. ഈ ഭേദഗതി പ്രകാരം 8-ാം വകുപ്പ് (5 ബി) ഉപവകുപ്പ് ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റാഫ് അലവൻസ് 7,500 രൂപയായി നിശ്ചയിച്ചു. അതുപോലെ 8 (ബി) വകുപ്പ് ചേർത്തുകൊണ്ട് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവർ ഒഴികെയുള്ള നിയമസഭാ സാമാജികർക്ക് വാഹന വായ്പയായി 5 ലക്ഷം രൂപയും ഭവനനിർമ്മാണ വായ്പയായി 10 ലക്ഷം രൂപയും അനുവദിക്കാൻ വ്യവസ്ഥ കൊണ്ടുവന്നു. ആക്ട് വീണ്ടും ഭേദഗതി

ചെയ്തുകൊണ്ട് 13-2-2014 മുതൽ സ്റ്റാഫ് അലവൻസ് 7,500 രൂപ എന്നത് 12,500 രൂപയായി വർദ്ധനവ് വരുത്തി. ഇതിന്റെ ഭാഗമായി ഇപ്പോൾ വരുന്ന ഭേദഗതി, എം.എൽ.എ.മാരുടെ സ്റ്റാഫിൽ നിയമിതരായ ജീവനക്കാരുടെ അലവൻസും എം.എൽ.എ.മാരുടെ വാഹന വായ്പയും ഭവന വായ്പയും വർദ്ധിപ്പിക്കുന്നതിനാണ് ഈ നിർദ്ദിഷ്ട ഭേദഗതി. അതിൽ 8 (എ), 5 (ബി) വകുപ്പിന്റെ ഭേദഗതി പ്രകാരം നിലവിൽ എം.എൽ.എ. മാരുടെ സ്റ്റാഫിൽ നിയമിതരാകുന്ന രണ്ട് ജീവനക്കാർക്ക് പ്രതിമാസം 12,500 രൂപയാണ് നൽകുന്നത്. ഈ തുക 20,000 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി. യഥാർത്ഥത്തിൽ മിനിമം വേതനം ഉറപ്പുവരുത്താൻ ബാധ്യതപ്പെട്ടവരാണ് നമ്മൾ. ഇവിടെ മിനിമം വേതനവുമായി ബന്ധപ്പെട്ടുകൊണ്ട് സെക്ഷൻ 22 ഭേദഗതി ചെയ്തു. അത് ഉറപ്പുവരുത്തുന്നില്ലെങ്കിൽ 500 രൂപ പിഴ എന്നുള്ളത് 5000 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇത് പുറത്ത് പറയാൻ പറ്റാത്തതാണ്. ഇപ്പോൾ ഏറ്റവും മിനിമം തുകയെങ്കിലും നമ്മൾ ഉറപ്പുവരുത്തണം. അതിന്റെ ഭാഗമായിട്ടാണ് 12500 രൂപ 20,000 രൂപയാക്കി വർദ്ധിപ്പിക്കുന്നത്. 8 (ബി) വകുപ്പിന്റെ ഭേദഗതി നിലവിൽ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവർ ഒഴികെയുള്ള നിയമസഭാ സാമാജികൻമാർക്ക് 5 ലക്ഷം രൂപ വാഹന വായ്പയായും, 10 ലക്ഷം രൂപ കുറഞ്ഞ പലിശ നിരക്കിൽ ഭവനവായ്പയായും നൽകി വരുന്നു. ഇത് നമ്മൾ 10 ലക്ഷം രൂപയും 20 ലക്ഷം രൂപയുമായി വർദ്ധിപ്പിക്കുകയാണ്. ഇത് ലോൺ ആണ്, തിരിച്ചു കിട്ടുന്നതാണ്. ഈ രണ്ടു ഭേദഗതികളാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇതിൽ എം.എൽ.എ.-മാരുടെ വാഹനവും, ഭവനവും, സ്റ്റാഫിന്റെ അലവൻസ് വർദ്ധിപ്പിക്കലും മാത്രമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

<u>മി. സ്പീക്കർ</u>: പൊതുസമവായത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയത്തിന് ആരും ഭേദഗതി നോട്ടീസ് നൽകിയിട്ടില്ല. ചർച്ചയും ഒഴിവായിട്ടുണ്ട്.

2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.......ഓർഡർ....... 2017 മാർച്ച് 9-ാം തീയതി അടിയന്തരപ്രമേയ അവതരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശം നീക്കം ചെയ്യേണ്ടത് സംബന്ധിച്ച റൂളിംഗ്.

# VIII റൂളിംഗ്

## 9-3-2017-ന് മുഖ്യമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: 2017 മാർച്ച് 9-ാം തീയതി അടിയന്തരപ്രമേയ അവതരണവുമായി ബന്ധപ്പെട്ട മറുപടി പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ ചട്ടം 307 പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശം പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് 9-3-2017, 10-3-2017 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം സഭ ബഹിഷ്കരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നടത്തിയ വിശദീകരണവും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളും ചെയർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചെയറിനു ബോധ്യപ്പെട്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അദ്ദേഹത്തിനുണ്ടായ രാഷ്ട്രീയമായ അഭിപ്രായം സംശയരൂപേണ പ്രകടിപ്പിക്കുക മാത്രമാണ് ചെയ്തത് എന്നാണ്. തുടർന്ന് പ്രസ്തുത പ്രസ്താവനയുടെ നിജസ്ഥിതി സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് വിശദീകരിക്കാൻ അവസരം ലഭ്യമായിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് തന്റെ ഭാഗം ഭംഗിയായി വിശദീകരിച്ചു കഴിഞ്ഞതായും ചെയർ മനസ്സിലാക്കുന്നു. മാത്രവുമല്ല കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 307 പ്രകാരം അപകീർത്തികരമായിട്ടുള്ളതോ, അൺപാർലമെന്ററിയായിട്ടുള്ളതോ ആയ പരാമർശങ്ങൾ എന്ന ഗണത്തിൽ പെടുത്താവുന്നവയല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്നാണ് ചെയറിന് കാണാൻ കഴിഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാചകം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഇതിനെ താരതമ്യം ചെയ്യുന്നതിൽ യുക്തിരാഹിത്യമുണ്ട്. ഈ സഭാ തലത്തിൽനിന്നും പുറത്തേയ്ക്ക് വമിക്കുന്ന ആശയങ്ങളോ, വാദമുഖങ്ങളോ, പൊതുസമൂഹത്തിൽ തെറ്റിദ്ധാരണയോ, കുപ്രചരണത്തിന് സാധ്യതയുണ്ടാക്കുന്നതോ, അതുവഴി സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കാൻ കഴിയുന്നതോ ആകരുതെന്ന് ചെയറിന് നിർബന്ധമുണ്ട്. ഒരുപക്ഷേ പ്രതിപക്ഷനേതാവ് ഉദ്ദേശിക്കാത്ത അർത്ഥം പോലും വ്യാഖ്യാനിക്കപ്പെടാനുള്ള ഒരു സാഹചര്യം ഒഴിവാക്കേണ്ട ചുമതല ചെയറിനുണ്ട്, അത് ചെയറിന്റെ ബാധ്യതയാണ്. ചെയർ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് വീണ്ടും വിശദീകരണം നൽകാറില്ലെങ്കിലും ആവർത്തിച്ച് ഇക്കാര്യം ഉന്നയിക്കപ്പെട്ടതിനാലാണ് ചെയർ ഇതുസംബന്ധിച്ച് ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചത്. രാഷ്ട്രീയമായ വിമർശനങ്ങളും ആരോപണങ്ങളും സഭയിൽ പതിവുള്ളതാണ്. അതിന് രാഷ്ട്രീയമായി മറുപടി പറയാൻ അവർക്ക് അവസരമൊരുക്കുക എന്ന ദൗത്യമാണ് ചെയറിന് സ്വീകരിക്കാൻ കഴിയുക. രാഷ്ട്രീയ അഭിപ്രായങ്ങളെയെല്ലാം സഭാരേഖയിൽ നിന്ന് നീക്കം ചെയ്യുക എന്ന കീഴ്വഴക്കം ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.44-ന് പിരിഞ്ഞു.)

**അനുബന്ധം**

ചട്ടം 62 പ്രകാരം 13-3-2017-ന് അനുവദിച്ച 'അതിരൂക്ഷമായ വരൾച്ചമൂലം സംസ്ഥാനത്തൊട്ടാകെ ജനങ്ങൾ നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടേയും അനുബന്ധ വിഭാഗങ്ങളുടേയും പ്രവർത്തനങ്ങൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കേണ്ടതിന്റെ ആവശ്യകത' സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.യുടെ ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജല ലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുകളുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനുദ്ദേശിക്കുന്നു.

9. ജല ശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിനാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിനുമുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താത്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കാൻ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.